N

ഇന്ത്യ

1-7(6)
ഇന്ത്യാസ്റ്റഡി
ഇന്ത്യാസ്റ്റഡി സിരീസ്

Digitized By Kerala Sahitya Akademi

സിഗ്രിഡ് ഉൺഡ്സെറ്

പ്രതികാരദുർഗ്ഗ

[ഒരു നോർവീജിയൻ നോവൽ]

Digitized By Kerala Sahitya Akademi

പ്രതികാരദുർഗ്ഗ

[ഒരു നോർവീജിയൻ നോവൽ]

മൂലഗ്രന്ഥകർത്രി:

സിഗ്രിഡ് ഉൺഡ്സെറ്റ്.

പരിഭാഷകൻ:

ചങ്ങമ്പുഴ കൃഷ്ണപിള്ള എം. എ.

ഇടപ്പള്ളി

PUBLISHERS:

THE MANGALODAYAM LTD.,

TRICHUR.

Digitized By Kerala Sahitya Akademi

First Impression in Thulam, 1123—1000 Copies.
Second Impression in Makaram, 1130—1000 Copies.

All rights reserved by
MRS. SREEDEVI CHANGAMPUZHA
"SREEDEVI MANDIRAM"
EDAPPALLY
(N. Travancore)

Price
Rupees 2—8—0

Printed at
The Geetha Press,
Trichur.

Digitized By Kerala Sahitya Akademi

ഒന്നു്

'വെററർലൈഡ് ഗ്ലംസ്സൺ' എന്നാതു് ഐസ്ലാണ്ടിലെ പൂവ്വതീരപ്രദേശങ്ങളിലുള്ള ഒരാളുടെ പേരാണു്. ഗ്രീഷ്മകാലത്തു് അയാൾ കൂടെക്കൂടെ വ്യാപാരസംബന്ധമായ കടൽയാത്രകൾ ചെയ്യാറുണ്ടായിരുന്നു.

അയാളുടെ ഭാഗിനേയന്റെ പേർ യോട്ടു് എന്നായിരുന്നു. സ്കാമെഡാലിലെ ഗിസ്സർ ഹൗകുസ്സൺന്റെ പുത്രനായിരുന്നു അയാൾ; യോട്ടു് കുഞ്ഞായിരുന്നപ്പോൾത്തന്നെ ആ മനുഷ്യൻ കൊല്ലപ്പെട്ടിരുന്നു. ഗിസ്സറിന്റെ വധത്തെസ്സംബന്ധിച്ചുള്ള നിയമപരമായ പരാതി വെററർലൈഡ് ഏറ്റെടുക്കുകയും, തൽസംബന്ധമായ നടപടികൾ സബ്ഹ്രമാനം നിർവ്വഹിക്കുകയുമുണ്ടായി. പക്ഷേ നമ്മുടെ കഥയ്ക്കുമായി വലിയ ബന്ധമൊന്നുമില്ല. സ്റ്റീൻവർ എന്നായിരുന്നു യോട്ടിന്റെ അമ്മയുടെ പേർ. അവൾ ചെറുപ്പത്തിൽത്തന്നെ മരിച്ചുപോയി. ഐറേയിലെ ടോർബ്ജോൺ ഹാലെഗ്രു് ആണു് യോട്ടിനെ വളർത്തിക്കൊണ്ടുവന്നതു്. പിൻകാലങ്ങളിൽ യോട്ടു് വെററർലൈഡിനോടൊന്നിച്ചു താമസിക്കുകയും, അയാൾ അവനെ സ്വന്തം പുത്രനെപ്പോലെ സ്നേഹിക്കുകയും ചെയ്തു.

കാലേക്കൂട്ടിത്തന്നെ യോട്ടിനു പുരുഷപ്രാപ്തി കരഗതമായി. പതിനാറു വയസ്സുമുതൽ അയാൾ ടോർബ്

Digitized By Kerala Sahitya Akademi

ജോണിന്റെ പുത്രന്മാരൊന്നിച്ചു കൊള്ളപ്പണി തുടങ്ങി. അതിവേഗത്തിൽ അയാഥം ധൈര്യത്തിലും ആയുധവൈദഗ്ദ്ധ്യത്തിലും അത്ഭുതാവഹമായ കീർത്തി സമ്പാദിച്ചു. ശോഭനമായ ഒരു ഭാവിയുള്ളവനും നേതാവായിത്തീരുവാനുള്ള യോഗ്യനുമായ ഒരു ബാലനായി ജനങ്ങഥം അയാളെ പരിഗണിച്ചുവന്നു. വിശ്വസ്തനും വിധേയനുമാണെങ്കിലും, മിതഭാഷണക്കാരനും സുഹൃത്തുക്കളെ സമാജ്ജിക്കുന്നതിൽ സാവധാനിയുമായിരുന്ന അയാഥം! മിക്കവാറും അയാഥം ഏകാന്തതയിലാണു് സമയം കഴിക്കുക പതിവു്. അയാളുടെ ഏതാനും ചില പ്രവൃത്തികഥമൂലം—അവയ്ക്കും നമ്മുടെ കഥയുമായി വലിയ ബന്ധമൊന്നുമില്ല—അയാളെ 'വൈഗ-യോട്ടു്' * എന്നാണു് ജനങ്ങഥം വിളിച്ചുപോന്നതു്.

യോട്ടിനു് ഇരുപതു വയസ്സു പ്രായമുള്ളപ്പോഥം, ഒരു ഗ്രീഷ്മകാലത്തു്, അയാഥം വെറർലൈഡുമൊന്നിച്ചു നോർവേയിലേയ്ക്കു കപ്പലോടിച്ചു പോയി. അവക്കിരുവക്കുംകൂടി ഒരു കച്ചവടക്കപ്പലുണ്ടായിരുന്നു; പുറംകടലുകളിൽ സുഖമായി സഞ്ചരിക്കാവുന്ന ഒരു രസികൻ കപ്പൽ. അയാഥം അതിന്റെ മൂന്നിൽ ഒരു ഭാഗത്തിനവകാശിയായിരുന്നു.

രണ്ടു്

റോമെറിക്കിൽ വെറർലൈഡിനു ബന്ധുക്കളുണ്ടായിരുന്നു. അവരെച്ചെന്നു സന്ദർശിക്കുവാൻ അയാഥം മന

* കൊലയാളിയായ (കൊല്ലുന്നവനായ) യോട്ടു്.

Digitized By Kerala Sahitya Akademi

സ്സുകൊണ്ടുറച്ചു. പോരെങ്കിൽ അയാൾക്കു നോർവേയിൽ നിന്നു പണിത്തരണമെന്നുപറഞ്ഞിരുന്ന മരത്തടികളും വാങ്ങിക്കേണ്ടതായിട്ടുണ്ടായിരുന്നു. അവർ ഫോൾഡെനിൽ * കപ്പലോടിച്ചെത്തിയപ്പോഴേയ്ക്കും ഗ്രീഷ്മകാലം ഏതാണ്ടവസാനിക്കാറായിരുന്നു.

ഫ്രൈസ്ജാനദി കടലിൽച്ചെന്നു വീഴുന്ന ഭാഗത്തു്, ദ്വീപുകൾക്കിടയിൽക്കൂടി അവർക്കു കപ്പൽ തുഴഞ്ഞു കൊണ്ടുപോകേണ്ടതായി വന്നുകൂടി. എന്തുകൊണ്ടെന്നാൽ, കാറ്റു തീരെ ഉണ്ടായിരുന്നില്ല; പകൽ മുഴുവൻ മഴയുമായിരുന്നു. പക്ഷേ സായാഹ്നത്തോടു സമീപിച്ചു മൂടൽമഞ്ഞു് ഒഴിഞ്ഞുമാറി കുന്നിൻപുറങ്ങളിലേയ്ക്കു നീങ്ങിത്തുടങ്ങി. കരയിലേയ്ക്കു കണ്ണോടിച്ചുകൊണ്ടു വെറർലൈഡും യോട്ടും കപ്പലിന്റെ പുരോഭാഗത്തായി നിലകൊണ്ടു. കരയാകമാനം കാനനാച്ഛാദിതമായിരുന്നു. നദിയുടെ തീരപ്രദേശങ്ങളിൽ കർഷകന്മാരുടെ വസതികൾ കാണാം. പക്ഷേ അവ അധികമില്ല; ഉള്ളവയിൽത്തന്നെ മിക്കതും തീരെ ചെറുതുമാണു്.

നദീമുഖത്തു് അവിടവിടെയായി മീൻപിടിക്കുന്ന ഏതാനും മൊറുവഞ്ചികൾ പൂട്ടിയിട്ടിട്ടുള്ളതു കല്ലോലങ്ങളിൽ കിടന്നു തത്തിക്കളിക്കുന്നു. ദ്വീപുകൾക്കിടയിൽ മൂടൽമഞ്ഞിൽക്കൂടി ഇഴഞ്ഞുവന്ന ആ വലിയ കപ്പലിൽ ജനങ്ങളുടെ ദൃഷ്ടി പതിഞ്ഞിരുന്നു. വെറർലൈഡ് അവരെ അഭിവാദ്യംചെയ്തിട്ടു് അവർ ഏവിടെയുള്ളതാണെന്നു ചോദിച്ചു. അവർ ശാന്തശീലരായ വ്യാപാരിക

---

*. കാസ്സോവിനു തൊട്ടുള്ള കടൽപ്രദേശം.

Digitized By Kerala Sahitya Akademi

ളാണെന്നുകണ്ടു * നദിയുടെ തീരത്തുള്ള ആ പ്രദേശത്തിലെ ഒന്നാമത്തെ കഷ്കകുടുംബമായ 'വാഡിനി'ലെ 'ഗ്രന്നാർ' എന്ന ഗൃഹാധിപന്റെ കുടിയാനവന്മാരാണു് തങ്ങളെന്നു് ആ മുക്കുവന്മാർ മറുപടി പറഞ്ഞു. അന്നു രാത്രി കഴിച്ചുകൂട്ടേണ്ടതിലേയ്ക്കായി തങ്ങളെ അങ്ങോട്ടു കൂട്ടിക്കൊണ്ടുപോകാമോ എന്നു വെറർലൈഡ് മുക്കുവന്മാരോടു ചോദിക്കുകയും അങ്ങനെ ചെയ്യാമെന്നവർ സമ്മതിക്കുകയും ചെയ്തു. അനന്തരം ഐസ്‌ലാൻഡുകാർ അവരുടെ കപ്പൽ, നദിയിലേയ്ക്കുത്രത്തോളം കൊണ്ടുപോകുവാനൊക്കുമോ അത്രത്തോളം തുഴഞ്ഞുകൊണ്ടുപോയി. മുക്കുവന്മാരിലൊരാൾ അവരോടൊന്നിച്ചു വാഡിനിലേയ്ക്കു പുറപ്പെട്ടു.

അവർ അവിടെ എത്തിയപ്പോൾ നേരം നല്ലപോലെ ഇരുട്ടായിരുന്നു. ഗ്രന്നാർ തന്റെ സപീകരണശാലയിൽ ഒരുയന്ന പീഠത്തിൽ ഇരിക്കുന്നതായിട്ടവർ കണ്ടു. നീളമുള്ള ചാരത്തലമുടിയോടും, മാറിടമാകെ മറച്ചുകിടന്ന ശ്മശ്രുക്കളോടുംകൂടി സ്ഥൂലകായനും സുമുഖനുമായ ഒരു മനുഷ്യനായിരുന്നു ഗ്രന്നാർ. 'എരിക്കിനി'ക്കരികിലായി (Hearth) രണ്ടു സ്ത്രീകൾ ഇരിപ്പുണ്ടു്; അവരിൽ ഒരുവൾ തീയിന്റെ വെളിച്ചത്തിൽ തുന്നിക്കൊണ്ടിരിക്കയാണു്. അവൾക്കു തീരെ പ്രായമില്ല. മുഷിഞ്ഞ വസ്ത്രങ്ങളാണവൾ ധരിച്ചിട്ടുള്ളതു്. പക്ഷേ സുന്ദരവും സുപ്രസന്നവുമാണവളുടെ മുഖം. മറവൾ ഒരു കൊച്ചു പെൺകിടാ

* ആക്കേസ്-എൽവ് എന്ന പേരിൽ അറിയപ്പെടുന്ന ആ കൊച്ചു നദി, ഓസ്ലോ എന്ന ആധുനികനഗരത്തിന്റെ ഏതാനും ഭാഗങ്ങളിൽക്കൂടി പ്രവഹിക്കുന്നു.

Digitized By Kerala Sahitya Akademi

വാണു്. കൈ മടിയിൽവെച്ചുകൊണ്ടു്, യാതൊന്നും ചെയ്യാതെ, ചുമ്മാതങ്ങനെയിരിക്കുകയാണവൾ.

വെറർലൈഡ് മുന്നോട്ടുചെന്നു ഗൃഹനായകനെ അഭിവാദനം ചെയ്തു. അയാൾ അവിടെ വന്നിരിക്കുന്ന കാര്യം പകുതി പറഞ്ഞുതീരുന്നതിന്നുമുമ്പുതന്നെ, ഗ്രന്നാർ എഴുന്നേറ്റു് അയാൾക്കും കൂടെ വന്നിട്ടുള്ളവർക്കും സ്വാഗതമരുളിയശേഷം, തിന്നാനും കുടിക്കാനും കൊണ്ടുവരുവാനായി സ്ത്രീകളോടാജ്ഞാപിച്ചു.

അതു കേട്ടയുടൻതന്നെ സ്ത്രീകൾ എഴുന്നേറ്റു. പ്രായക്കൂടുതലുള്ളവർക്കു് എല്ലാം ഒരുക്കുന്നതിലേയ്ക്കുള്ള ബദ്ധപ്പാടായി. അവൾ പരിചാരികയെ വിളിച്ചു, അങ്ങോട്ടു പാഞ്ഞു, ഇങ്ങോട്ടു പാഞ്ഞു—ബഹളംതന്നെ! പക്ഷേ പെൺകിടാവനങ്ങിയില്ല. അപരിചിതന്മാരെ നോക്കിക്കൊണ്ടു് അവൾ തീയിനരികെ അങ്ങനെ നിന്നതേയുള്ളു. അഗ്നിജ്വാലകളുടെ വെളിച്ചത്തിൽ അവൾവളെ നല്ലപോലെ കാണാൻ കഴിഞ്ഞു. അവൾ വളരെ സുന്ദരിയാണെന്നാവർ കണ്ടു. നല്ല ഉയരവും അംഗങ്ങൾക്കന്യോന്യം യോജിപ്പുമുണ്ടു്. ഉദരം സമീപിക്കുംതോറും ശരീരം തീരെ കൃശമായിച്ചമഞ്ഞു വക്ഷപ്രദേശം ഉയർന്നിണങ്ങിയ ഒരു കൊച്ചു വിലാസിനിയായിരുന്നു അവൾ. ആയതങ്ങളും പാണ്ഡുരങ്ങളുമായ കൗതുകമുള്ള കണ്ണുകൾ അവൾക്കുണ്ടായിരുന്നു. അവളുടെ തലമുടി കാൽമുട്ടുകളെ കവിഞ്ഞുകിടന്നിരുന്നു; അതു സ്വർണ്ണവർണ്ണത്തിൽ ഇടതൂർന്നും വളർന്നും മുടുവായിട്ടുള്ളതായിരുന്നെങ്കിലും വളരെ തിളക്കമുള്ളതായിരുന്നില്ല. അവളുടെ കരതലങ്ങൾക്കു നല്ല വി

Digitized By Kerala Sahitya Akademi

സ്സാരമുണ്ട്; പക്ഷേ അവ വെളുത്തുകൊഴുത്തു മുഴുവായിട്ടുള്ളതാണു്. മഞ്ഞിയ ചുവപ്പുവർണ്ണത്തിലുള്ളതും, പട്ടുനൂൽകൊണ്ടു വിചിത്രലതാവിതാനങ്ങൾ തുന്നിച്ചേർത്തു മോടിപിടിപ്പിച്ചിട്ടുള്ളതുമായ രോമംകൊണ്ടുള്ള ഒരു വസ്ത്രമാണവൾ ധരിച്ചിരുന്നതു്. അവളുടെ കേശഭാരം കനകനിർമ്മിതമായ ഒരു 'കേശബന്ധിനി'യാൽ ബന്ധിക്കപ്പെട്ടിരുന്നു. നിത്യജീവിതത്തിൽ സാധാരണയായി സ്ത്രീജനങ്ങൾ ധരിക്കാറുള്ളതിലേറെ അംഗുലീയങ്ങളും ആഭരണങ്ങളും അവൾ അണിഞ്ഞിട്ടുണ്ടു്.

മറേറ സ്ത്രീ അപ്പോഴേയ്ക്കും കൈയിൽ ഒരു വലിയ പാനപാത്രത്തോടുകൂടി അവിടെ പ്രത്യക്ഷയായി. അതു പെറുപ്പക്കാരിയുടെ കൈയിൽ കൊടുത്തിട്ടവൾ പറഞ്ഞു:

"വിഗ്ഡിസ്, നമ്മുടെ വീട്ടിൽ അതിഥികൾക്കു സ്വാഗതം പറയേണ്ടുന്ന ചുമതല നിൻേറതാണു്."

വിഗ്ഡിസ് എന്നു വിളിക്കപ്പെട്ട പെൺകൊടി പാത്രവുമായി മുന്നോട്ടുവന്നു. ബഞ്ചിൽ ഇരിപ്പുറപ്പിച്ചിട്ടുള്ളവരിൽ, ആദ്യമായി വെററർലൈഡിൻെറ കൈയിൽ അവൾ പാത്രം കൊടുത്തു. അതിന്നുശേഷം മറെറല്ലാവർക്കും. ഒടുവിലായി അവൾ കണ്ടതു യോട്ടിനെയാണു്.

ആദ്യം, വാതിലിനേറവുമടുത്തുള്ള ബഞ്ചിനാറത്താണു് യോട്ട് ഇരുന്നിരുന്നതു്. പക്ഷേ പിന്നീടു്, നനഞ്ഞിരുന്നതിനാൽ അയാൾ അഗ്നിക്കടുത്തേയ്ക്കു് എഴുനേറുപോയി. ഒരു കൈകൊണ്ടു് അയാൾ തൻെറ വസ്ത്രം മേൽത്തുപിടിച്ചു; പക്ഷേ പുരികക്കൊടികൾക്കു മീതേക്കൂടി

Digitized By Kerala Sahitya Akademi

അയാളുടെ ഇരുണ്ട തലമുടി കീഴോട്ടുലഞ്ഞു വീണു; അതിനാൽ കണ്ണുകളൊഴിച്ചു അവന്റെ മുഖത്തെ ബാക്കി ഭാഗം അത്ര നന്നായിട്ടവർക്കു കാണുവാനൊത്തില്ല—അഗാധതയിൽ അധിഷ്ഠിതങ്ങളും, തീക്ഷ്ണനീലങ്ങളുമായിരു അയാളുടെ കണ്ണുകൾ.

പെൺകിടാവു പാനപാത്രം അയാളുടെ കൈയിലേയ്ക്കു കൊടുത്തപ്പോൾ അയാൾ വസ്ത്രം താഴെ ഇട്ടു. കുടിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ പാത്രത്തിന്റെ വക്കിനുമീതെക്കൂടി അയാൾ അവളുടെ നേർക്കു കണ്ണോടിച്ചു. അയാളുടെ ആ തുറിച്ചുനോട്ടം അവൾക്കത്ര പിടുത്തമായില്ലെന്നു തോന്നി. എന്തുകൊണ്ടെന്നാൽ അവളൊരക്ഷരം മിണ്ടിയില്ല. അയാൾ തിരികെക്കൊടുത്ത പാത്രം കൈയിൽവാങ്ങി തിരിഞ്ഞുനടന്നു് ഉയരത്തിലിട്ടിരുന്ന ബഞ്ചിൽ അവൾ ചെന്നിരിപ്പുറപ്പിച്ചു.

വിഗ്ഡിസ്സിനെ നല്ലപോലെ കാണാനൊക്കുന്ന ഒരു സ്ഥാനത്തുചെന്നു യോട്ട് ഇരിപ്പായി. അല്പനേരം കഴിഞ്ഞു് അവളുടെ കൺമുനകൾ ആ വഴി സഞ്ചരിക്കയും അവ യോട്ടിന്റെ കണ്ണുകളുമായി കൂട്ടിമുട്ടുകയും ചെയ്തു. പെട്ടെന്നവൾ ദൃഷ്ടി പിൻവലിച്ചു മറെറാരു വശത്തേയ്ക്കു പായിച്ചു. പക്ഷേ ആ നിമിഷത്തിൽ അവളുടെ കവിൾത്തടങ്ങൾ ചുവന്നു തുടുത്തുപോയിരുന്നു. അടുത്ത മാത്രയിൽ അവൾ വീണ്ടും അയാളെ നോക്കി. എന്നാൽ ഇക്കുറി അവൾ ദൃഷ്ടി പിൻവലിച്ചില്ല. അവന്റെ ആ തുറിച്ചുനോട്ടംതന്നെ അവൾ അവനു മടക്കിക്കൊടുത്തു. കട്ട

Digitized By Kerala Sahitya Akademi

വിൽ അവളിൽനിന്നു് അയാഥംക്കു കണ്ണുകഥം പിൻവലി ക്കേണ്ടതായി വന്നുകൂടി.

അനന്തരം, ഭക്ഷണം സജ്ജമാക്കപ്പെട്ടു—വിഭവസ മൃദ്ധമായ സല്ക്കാരസ്സദ്യപോലെ അത്ര ആസ്വാദ്യമായ ഒന്നു്. കപ്പലിലുള്ള മറ്റാളുകളെ കൂട്ടിക്കൊണ്ടുവരുവാൻ ഗ്രന്നാർ തന്റെ വീട്ടുവേലക്കാരെ കടൽക്കരയിലേയ്ക്കു് അ യയ്ക്കുമായിരുന്നു; അയാഥം പറഞ്ഞു, തന്റെ ആളുകഥം അ ന്നരാത്രി കപ്പലിൽ കാവൽനിന്നുകൊള്ളുമെന്നു്.

വെറർലൈഡ് അയാളോടു നന്ദിപറഞ്ഞു; പക്ഷേ അയാഥം പറഞ്ഞു തീരുന്നതിനുമുമ്പു യോട്ട് തന്റെ മാ ഷ്ക്കാരനോടിങ്ങനെ പ്രസ്താവിച്ചു:

"നേരം ഏതായാലും വളരെ ഇരുട്ടി. തീപ്പ്യായും നമ്മുടെ ആളുകഥംക്കു് ഇന്നു രാത്രി കപ്പലിൽത്തന്നെ കഴി ച്ചുകൂട്ടുവാൻ സാധിക്കും. അതുകൊണ്ടു നാം ഈ നല്ല മനു ഷ്യന്റെ ആളുകളെ ഉപദ്രവിക്കണമെന്നില്ല."

ഇതു കേട്ടു വിഗ്ഡിസ് പൊട്ടിച്ചിരിച്ചുകൊണ്ടു പറ ഞ്ഞു:—"തന്റെ സാധനങ്ങഥം വല്ലതും പോയെങ്കിലോ എന്ന പേടിയാണീ ഐസ്ലാണ്ടുകാരനു്."

ഗ്രന്നാർ അവളെ, കോപത്തോടുകൂടിയല്ലെങ്കിലും, ശാസിച്ചു; അയാഥം പറഞ്ഞു:

"നമ്മുടെ വീട്ടിലുള്ള ആളുകളെ വെറുതേ ബുദ്ധിമു ട്ടിക്കേണ്ടെന്നുള്ള സൽബുദ്ധികൊണ്ടാണു് ഐസ്ലാണ്ടു കാരൻ അങ്ങനെ പറഞ്ഞതു്; പക്ഷേ അവക്കതു തീരെ ബുദ്ധിമുട്ടായിരിക്കയില്ല. ഈ മീതെ കാലാവസ്ഥയിൽ

Digitized By Kerala Sahitya Akademi

പകൽ മുഴുവൻ ഇഴഞ്ഞു തുഴഞ്ഞു തളർന്നിട്ടുള്ള ആ മനുഷ്യക്കു വിശ്രമവും ചൂടുള്ള ആഹാരവും തീർച്ചയായും ആവശ്യമാണു്. വീട്ടിൽ വന്നിരിക്കുന്ന ഒരതിഥിയോടു, പക്ഷേ അത്തരത്തിൽ നീ സംസാരിക്കുന്നതു് ഒട്ടും നന്നാണെന്നു തോന്നുന്നില്ല, മകളേ!"

യോട്ടു് ചിരിച്ചുകൊണ്ടു പറഞ്ഞു:

"ആ പറഞ്ഞതിൽ ഒരു ദുരുദ്ദേശവുമില്ല. ഞാൻ തീർത്തുപറയാം—പോരെങ്കിൽ ഇത്ര ചെറുപ്പക്കാരിയായ ഒരു കൊച്ചുപെൺകുട്ടിയുടെ വാക്കുകൾ അത്ര കണിശമായിത്തുക്കിനോക്കുവാനും പാടില്ല."

മറേസ്യൂയും വിഗ്ഡിസ്സിനോടു സംസാരിച്ചു—പക്ഷേ വളരെ ശാന്തമായിട്ടാണു്. വിഗ്ഡിസ്സാകട്ടെ, അവൾ പറഞ്ഞതു കേട്ടതായേ ഭാവിച്ചില്ല. അവൾ അവിടെത്തന്നെ ഇരിപ്പുറപ്പിച്ചു നേരിയ പുഞ്ചിരിതൂകിക്കൊണ്ടിരുന്നു. അനന്തരം ഗ്രന്നാർ, തന്റെ പരിചാരകന്മാരെ കടൽക്കരയിലേയ്ക്കു പറഞ്ഞയച്ചു. മറ്റുള്ളവർ കൂടിയും തീരുമായിട്ടങ്ങനെ സോല്ലാസം കഴിച്ചുകൂട്ടി.

അടുത്ത ഏതാനും ദിവസങ്ങളായി അവർ അഭിമുഖീകരിച്ചിരിക്കുന്ന ആ കനത്ത പാണ്ഡുരമായ കാലാവസ്ഥയെക്കുറിച്ചായിരുന്നു സംസാരം. അതു കടലിലും കരയിലും ഒന്നുപോലെ മഹാ അനർത്ഥകാരിയായിപ്പരിണമിച്ചിരിക്കുന്നു; എന്തുകൊണ്ടെന്നാൽ, ധാന്യം കൊയ്തെടുക്കാറായിക്കിടന്ന അവസരമാണതു്.

ഗ്രന്നാർ പറഞ്ഞു:—"എന്റെ മൊറുപ്പകാലത്തു ഗ്രീഷ്മകാലത്തിൽ ഞാനും ദൂരദേശങ്ങളിൽ കടലിൽ ചുറ്റി

Digitized By Kerala Sahitya Akademi

സ്സഞ്ചരിച്ചിട്ടുണ്ട്. എല്ലാകാലങ്ങളിലുംവെച്ചു ഞാൻ ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ടിരുന്നതു് ഇതാണു്—മഴയും മൂടൽമഞ്ഞും ശാന്തതകളും ഒത്തൊരുമിച്ചിട്ടുള്ള ഈ കാലം.”

അനന്തരം മറുപടി പറഞ്ഞുകൊണ്ടു യോട്ടു് ഇങ്ങനെ പാടി:—

(1)

അതിഥിപ്രിയനാം ഗ്രന്നാരേ നീ—
യരുളിയതഖിലം പരമാത്ഥം
വാനം മുകളിലിരുണ്ടു കിടപ്പൂ
‘റാനി’ൻ പുത്രികഥം നിദ്രയിലും. *

(2)

അണുപോലും രസമിയലുകയി—
ല്ലുവരോടൊത്തിഹ മേളിയ്ക്കിൽ.
അതിനേക്കാളെന്താഹ്ളാദപ്രദ—
മാത്മാത്ഥതയെഴുമീ നിലയം!

(3)

മിന്നീയണിയായ്ക്കപ്പൽത്തട്ടിൽ
സപ്ണ്ണമയാംഗികഥം ഭേതകഥം
ഇവനൊരുനാളും കണ്ടിട്ടി—
ല്ലുവരേക്കാളുഴകുള്ളവരെ.

---

* റാനിന്റെ (Ran) പുത്രികഥം കൊടുങ്കാറ്റിന്റെ ഭേതകളാണു്.

Digitized By Kerala Sahitya Akademi

(4)

ഇരവതിൽ വൈകിച്ചുററിപ്പുററി–
പ്പുരുകുതുകത്തൊടു നില്പേൻ ഞാൻ
ആ നില്പും കനകാംഗിയൊടൊ–
ത്താനന്ദോക്തികഥം പെഴിവേൻ ഞാൻ!

കടുവിലത്തെ വരികഥം ഒരു താഴ്ന്നാസ്വരത്തിലാണു് അയാഥം പാടിയതു്. കുടി കുറച്ചു കടന്നുപോയിക്കഴിഞ്ഞിരുന്ന ഗ്രന്ഥകാർ അതിലൊന്നുമത്ര ശ്രദ്ധ പതിപ്പിച്ചില്ല. പക്ഷേ വെറർലൈഡ് അതു നല്ലപോലെ മനസ്സിലാക്കി, തന്റെ കടൽയാത്രയിലെ ഓരോ സംഭവങ്ങളെക്കുറിച്ചു പെട്ടെന്നു ഗ്രന്ഥകാരോടു സംസാരിക്കാൻ തുടങ്ങി. താമസിയാതെ വിഗ്ഡിസ്സും, മറേറ സ്ത്രീയും അവളുടെ അറയിലേയ്ക്കു് എഴുന്നേറുപോയി.

ഏറെനേരത്തിനുശേഷം, ആളുകളെല്ലാം വിശ്രമിക്കുവാനായി പോയിക്കഴിഞ്ഞപ്പോഥം കരേ കിടയ്ക്കയിൽത്തന്നെ തന്നോടു തൊട്ടുകിടന്നിരുന്ന യോട്ടിനോടു വെറർലൈഡ് പറഞ്ഞു: "തന്റെ സ്വഭാവത്തിൽ എനിക്കതിശയം തോന്നുന്നു, യോട്ട്; ഇതു നന്നല്ല. ഗ്രന്ഥകാർ നമ്മെ ഉപചാരപൂർവ്വം സ്വീകരിച്ചു; അങ്ങിനെയിരിക്കെ ആദ്യത്തെ രാത്രിതന്നെ ആ മനുഷ്യന്റെ മകളെപ്പററി താനിങ്ങനെ കുവിതകെട്ടിപ്പാടുന്നതു് എന്തൊരു മര്യാദകേടാണു്!"

യോട്ട് കുന്നും മറുപടി പറയാത്തതുകണ്ടു വെറർലൈഡ് തുടർന്നു:

Digitized By Kerala Sahitya Akademi

"മുൻപൊരിക്കലും ഞാൻ മനസ്സിലാക്കിയിരുന്നില്ല, താനൊരു മഹാ പെൺകൊതിയനാണെന്ന്. പക്ഷേ ഈ രാത്രി ഡിഗ്ഡിസ്സിൽനിന്നു താൻ കണ്ണെടുത്തു കാണാനെനിയ്ക്കാത്തിട്ടില്ല. ഒരു പെണ്ണിനെയെങ്ങാനൊന്നു കാണുമ്പോഴേയ്ക്കും ഇങ്ങനെ തലതിരിഞ്ഞുപോകാൻ നാം അത്ര നീണ്ട കാലമൊന്നും കടലിൽ കഴിച്ചുകൂട്ടിയില്ലല്ലോ."

എന്നിട്ടും യോട്ട് ഒന്നും ഉത്തരം പറഞ്ഞില്ല; പക്ഷേ അയാളുടെ നേർക്കു പുറംതിരിഞ്ഞു ഉറക്കംനടിച്ചു കിടന്നു.

മൂന്ന്

പിറേറദിവസം 'നൊയമ്പിറക്കിയ'ശേഷം, ഗ്രന്നാറും വെറർലൈഡും കുതിരപ്പുറത്തു കയറി കടൽത്തീരത്തേയ്ക്കു പോയി; യോട്ടാകട്ടെ, ക്ഷീണമുണ്ടെന്നുപറഞ്ഞു ബഞ്ചിന്മേൽത്തന്നെ കിടന്നതേയുള്ളൂ. അങ്ങിനെയെല്ലാമാണെങ്കിലും, മറ്റുള്ളവർ പോയി എന്നു കണ്ട ഉടൻതന്നെ അയാൾ എഴുന്നേറ്റു. ഡിഗ്ഡിസ്സിനെ അന്വേഷിച്ചുപിടിച്ച് അവളുമായി സംസാരിക്കണമെന്ന് അയാൾ മനസ്സിലുറച്ചിരുന്നു.

യാത്രയ്ക്കുപയോഗിക്കുന്ന വസ്ത്രങ്ങൾതന്നെയാണ് അപ്പോഴും യോട്ട് ധരിച്ചിരുന്നത്. അയാളുടെ വസ്ത്രങ്ങളെല്ലാം കപ്പലിലായിരുന്നു. അയാൾ ധരിച്ചിരുന്നത് ഒരു നീളമുള്ള, ഇരുണ്ട, സപ്പ്രഫണാകൃതിയായ ഉടുപ്പാണ്. ഇടുപ്പിനുചുറ്റും നിറംകാച്ചിയതുമായ ഒരു ബന്ധസൂത്രം കൊണ്ടു മാറിടത്തിലായി അതു ബന്ധിക്കപ്പെട്ടിരുന്നു. ആ മേലുടുപ്പിനുകീഴിൽ പട്ടകളിൽ വെള്ളിക്കിന്നരികളും നീ

Digitized By Kerala Sahitya Akademi

ലച്ചിത്രവേലകളും തുന്നിപ്പിടിപ്പിച്ച അസിതവർണ്ണത്തിലു ള്ള പട്ടുകുപ്പായം അയാൾ ധരിച്ചിരുന്നു. എന്തുകൊണ്ടെ ന്നാൽ, വേഷഭ്രമം കലശലായിട്ടുണ്ടായിരുന്ന ഒരാളായിരു ന്നു യോട്ട്. ഇക്കാരണത്താൽ അയാൾ കൈകളിലും തോളുകളിലും വളകൾ ധരിച്ചിരുന്നു. ആകപ്പാടെ കാ ണാൻ നല്ല ചന്തമുള്ള ഒരാൾ; നല്ല ഉയരം, വിസ്താരമു ള്ള മാറിടം, ഒരു സ്ത്രീയുടേതുപോലെ ഇടുങ്ങിയ പാർശ്വപ്ര ദേശം, കടഞ്ഞെടുത്തപോലെ ആകൃതിയൊത്ത കൈകാ ലുകൾ! അയാളുടെ ശരീരം അഴകുള്ളതും മുടുപുമായിരുന്നു. നിറം മാത്രം അല്പം ഇരുണ്ടതാണു'; തടിച്ചുവിളറിയ വലി യ ചുണ്ടുകളുമുണ്ട്. അയാൾക്കു നീലച്ച കണ്ണുകളും, ഒരു പട്ടുനാടകൊണ്ടു കൂട്ടിക്കെട്ടിയതും ഇരുണ്ട തവിട്ടുവർണ്ണത്തി ലുള്ളതുമായ നീണ്ട തലമുടിയുമുണ്ടായിരുന്നു.

സുന്ദരവും സൂര്യപ്രഭാപരിപൂരിതവുമായ ഒരു ദിവസ മായിരുന്നു അത്. ഭവനങ്ങളുടെ ഉത്തരഭാഗത്തുള്ള പുൽ ത്തകിടിയിൽ വിഗ്ഡിസ് നടക്കുന്നതായി, പുറത്തിറങ്ങി മുറത്തു വന്നപ്പോൾ, യോട്ടിന്റെ ദൃഷ്ടിയിൽപ്പെട്ടു. അ യാൾ വേഗത്തിൽ അവളുടെ പുറകെ തിരിച്ചു. കാടിന്റെ വക്കിൽവെച്ച് അയാൾ അവളുടെ സമീപം എത്തിച്ചേ ന്നു. അവിടെവെച്ച് അയാൾ അവളെ അഭിവാദ്യംചെ യ്തുകൊണ്ട് അവൾ എന്തെങ്കിലും കൃത്യനിർവ്വഹണത്തിനാ യി ഇറങ്ങിത്തിരിച്ചിരിക്കയാണോ എന്നു ചോദിച്ചു. കാ ടുകളിൽ ചുറ്റിത്തിരിയുകയും പഴങ്ങൾ പറിച്ചുതിന്നുകയുമ ല്ലാതെ തനിക്കു വിശേഷിച്ചു യാതൊരു കൃത്യവും നിർവ്വഹി ക്കേണ്ടതായിട്ടില്ലെന്നു വിഗ്ഡിസ് മറുപടി പറഞ്ഞു.

Digitized By Kerala Sahitya Akademi

"എന്നാൽ ഞാനും നിന്നോടൊന്നിച്ചു വരാം" യോട്ട് പറഞ്ഞു: "കാറ്റ് നടക്കുന്നത് ആപത്താണ്. ഈ വനപ്പടർപ്പുകളിൽ സാധാരണയായി കരടിയുടെ ശല്യമുണ്ടാകാറുണ്ടെന്നു ഞാൻ കേട്ടിട്ടുണ്ട്."

"എനിക്കു ഭയമുണ്ടായിരുന്നെങ്കിൽ ഞാനെന്റെ അംഗരക്ഷകനായ ഭൃത്യനെ കൂടെ കൊണ്ടുപോന്നേനേ!" വിഗ്ഡിസ് പ്രതിവചിച്ചു: "ഏതുതരത്തിലായാലും ശരി, ആയുധമൊന്നുമെടുക്കാതല്ല ഞാൻ പോന്നിട്ടുള്ളത്." ഇങ്ങനെ പറഞ്ഞുകൊണ്ട് അവൾ തന്റെ അരപ്പട്ടയിൽ തിരുകിയിരുന്ന ഒരു വലിയ കത്തിയെടുത്ത് അയാളെ കാണിച്ചു. നിറംകാച്ചിയ കമ്പിച്ചരുളുകൾ ചുറ്റിക്കെട്ടിയിട്ടുള്ളതായിരുന്നു അതിന്റെ പിടി.

യോട്ട് അതു കൈയിൽ വാങ്ങി സൂക്ഷിച്ചുനോക്കി. അയാൾ പറഞ്ഞു: "ഇതൊരു വിചിത്രമായ കത്തിതന്നെ; സംശയമില്ല. ഇതു വളരെക്കാലത്തെ പഴക്കമുള്ളതുമാണ്. നിനക്കിതെവിടെനിന്നു കിട്ടി?"

"ഇതെപ്പോഴും എന്റെ കുടുംബത്തിലുണ്ടായിരുന്നു", വിഗ്ഡിസ് പറഞ്ഞു: "ഇവിടെയുള്ള ബലിക്കാവിൽ പുരോഹിതകളായിരുന്ന എന്റെ മാച്ചിക്കാരികളെന്നു പറയപ്പെടുന്നു. വളരെവളരെക്കാലത്തിനു മുൻപാണത്. ആക്കാം അതിനെക്കുറിച്ച് അധികമൊന്നും അറിഞ്ഞുകൂടാ. ഞങ്ങളുടെ ദാസന്മാർ കോഴികളേയും ആടുകളേയും അവിടെ കൊണ്ടുപോയി ബലികഴിക്കാറുണ്ട്; പക്ഷേ എന്റെ അച്ഛനു് അദ്ദേഹത്തിന്റെ സ്വന്തം ശ

Digitized By Kerala Sahitya Akademi

ക്തിയിലും മെയ്ക്കരുത്തിലുമല്ലാതെ മറൊന്നിലും വിശ്വാസമില്ല; ഞാൻ കേട്ടിടത്തോളം എന്റെ മുത്തച്ഛനും അങ്ങനെതന്നെയായിരുന്നു.”

“അതുതന്നെയാണെന്റേയും കഥ,” ചിരിച്ചുകൊണ്ടു യോട്ട് പറഞ്ഞു: “പക്ഷേ, അക്കാരണത്താൽ എന്നെ കരിക്കൽ ജ്ഞാനസ്നാനകർമ്മം നിർവ്വഹിപ്പിച്ച് ഒരു ക്രിസ്ത്യാനിയാക്കിയിട്ടുണ്ട്.”

“അതൊരു വിചിത്രമായ മതമാണ്,” വിഗ്ഡിസ് പ്രസ്താവിച്ചു: “വെളുത്ത ക്രിസ്തുവിനെക്കൊണ്ടു വലിയ പ്രയോജനമൊന്നുമുണ്ടാകാൻ നിവൃത്തിയില്ല; എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിനു സ്വയം മോചനം നേടാൻ സാധിച്ചില്ലെന്നും * ബ്ലാലാൻഡിൽ തന്റെ ശത്രുക്കളാൽ അദ്ദേഹം വധിക്കപ്പെട്ടു എന്നും ഞാൻ പറഞ്ഞുകേട്ടിട്ടുണ്ട്.”

“ഈ ജ്ഞാനസ്നാനകർമ്മംകൊണ്ട് എന്തു സാധിക്കാമെന്നെനിക്കറിഞ്ഞുകൂടാ,” യോട്ട് പറഞ്ഞു: “അതുപോലെതന്നെ അദ്ദേഹത്തിനധികമൊന്നും ചെയ്യാൻ സാധിക്കുമെന്നും ഞാൻ വിചാരിക്കുന്നില്ല. പക്ഷേ, കായ്യം സംഭവിച്ചതിങ്ങനെയാണ്: ഡെൻമാർക്കിന്റെ തെക്കുഭാഗത്തായി പരിശുദ്ധമായ ജീവിതം നയിച്ചുവരുന്ന ഒരു മനുഷ്യനുണ്ടായിരുന്നു. എന്റെ കാലിന്മേലുണ്ടായിരുന്ന വൃത്തികെട്ടളിഞ്ഞിഴുകിയ ഒരു വ്രണം ആ മനുഷ്യൻ ചിക

* Blaaland. നീലനാട്—നീലവർണ്ണമുള്ള, അഥവാ കറുത്ത, മനുഷ്യരുടെ നാട്. മദ്ധ്യധരണ്യാഴിക്കിപ്പുറമുള്ള ഏതു നാടും Blaaland ആയി പരിഗണിക്കാവുന്നതാണ്.

Digitized By Kerala Sahitya Akademi

ത്സിച്ച് ഉണക്കിസ്സുഖപ്പെടുത്തിത്തന്നു. അങ്ങനെ എനിക്കു വലിയ ഒരുപകാരം ചെയ്തായുണ്ടായി. അദ്ദേഹം മറ്റു യാതൊരു പ്രതിഫലവും വാങ്ങുകയില്ല. അതിനാൽ അദ്ദേഹത്തെ മുഷിപ്പിക്കേണ്ടെന്നു കരുതി എന്നെ ജ്ഞാനസ്നാനം കഴിപ്പിക്കുവാൻ ഞാനദ്ദേഹത്തെ അനുവദിച്ചു."

"ഹായ്—നിങ്ങളപ്പോൾ പല രാജ്യങ്ങളിലും ചുറ്റിസ്സഞ്ചരിച്ചിരിക്കണമല്ലോ" വിഗ്ഡിസ് പറഞ്ഞു: "—പക്ഷേ, നിങ്ങളുടെ സാമാനങ്ങൾ കപ്പലിൽനിന്നു കരയ്ക്കിറക്കുന്നതു നോക്കുവാൻ നിങ്ങൾ എന്തുകൊണ്ടു നിങ്ങളുടെ ചാവ്വക്കാരനുമൊന്നിച്ചു പോയില്ല? കപ്പലിൽ നിങ്ങൾ നേടിയതെന്തെങ്കിലും കാണാതിരിക്കില്ല; അല്ലെങ്കിൽ പിന്നെ എന്തിനാണു് നിങ്ങളെ വൈഗ—യോട്ട് (കൊലയാളിയായ യോട്ട്) എന്നു വിളിക്കുന്നതു്?"

"കാ, അതെ, തീച്ചയായും. ഞാൻ ഒരു സാധനം നേടിയിട്ടുണ്ടു്. അതു തികച്ചും നല്ല ഒരു വസ്തുവുമാണു്." അയാൾ പറഞ്ഞു: "പക്ഷേ, ഞാൻ എപ്പോഴും വിചാരിച്ചിട്ടുണ്ടു്, ഞാൻ നേടുവാനുദ്ദേശിച്ചതു് അതിനേക്കാൾ നന്മയുള്ളതാണെന്നു്. എനിക്കതു നല്ലപോലെ വിശ്വസിക്കാൻ കഴിയും." വിഗ്ഡിസ് മറുപടി പറഞ്ഞു: "ഐസ്ലാൻഡുകാർ ഭൂരാഗ്രഹികളും വായാടികളുമാണെന്നു് ആളുകൾ പറയാറുണ്ടു്."

യോട്ട് പറഞ്ഞു:

"തന്റെ സാധനങ്ങൾ സൂക്ഷിക്കാത്ത ഒരാറ മനുഷ്യനെക്കുറിച്ചു് ഒരിക്കലും ഞാൻ കേട്ടിട്ടില്ല. പക്ഷേ,

Digitized By Kerala Sahitya Akademi

ഞാൻ ഒരു പിശുക്കനാണെന്ന് ആദ്യമായി പറഞ്ഞതു നീയാണു്.”

ഇതു കേട്ടു വിഗ്ഡിസ് പൊട്ടിച്ചിരിച്ചു. അവൾ പറഞ്ഞു:

“ഇത്ര ചെറുപ്പക്കാരിയായ ഒരു പെൺകുട്ടിയുടെ വാക്കുകൾ അത്ര കണിശമായി തൂക്കിനോക്കുവാൻ പാടില്ല.”

“എനിക്കു മിക്കവാറും തോന്നിപ്പോകുന്നു, എന്നോടു നീയെന്തോ പക കരുതിയിട്ടുണ്ടെന്നു്, വിഗ്ഡിസ്” യോട്ട് പ്രതിവചിച്ചു: “ഇപ്പോൾ നാം കണ്ടുമുട്ടിയ അവസരത്തിൽ ഭയാമയമായ ഒരു നോട്ടം നീയെനിക്കു തന്നില്ല.”

“ഈ ഭാഗങ്ങളിൽ കരിടത്തും തന്നെ അങ്ങനെയൊരാചാരം ഞങ്ങളുടെ ഇടയിലില്ല,” അവൾ മറുപടി പറഞ്ഞു: “അപരിചിതന്മാരിൽ ഏറെനേരം താവളമടിക്കുവാൻ ഞങ്ങളുടെ കണ്ണുകളെ അനുവദിക്കയെന്നതു്.”

യോട്ട് ചിരിച്ചുകൊണ്ടിങ്ങനെ പ്രസ്താവിച്ചു:

“നീ നിന്റെ തലമുടി സ്വർണ്ണംകൊണ്ടിങ്ങനെ ബന്ധിച്ചാൽ വിഗ്ഡിസ്, നിനക്കു നിന്റെ ദാസികളുടെ പിന്നിൽ അതൊളിപ്പിക്കാൻ സാധിക്കുമെന്നു് എനിക്കു വിചാരിക്കാൻ സാദ്ധ്യമല്ല.”

“എന്തുകൊണ്ടു ഞാൻ സ്വർണ്ണം ധരിച്ചുകൂടാ, എന്റെ അച്ഛൻ എനിക്കതു തന്നാൽ?” വിഗ്ഡിസ് ചോദിച്ചു.

Digitized By Kerala Sahitya Akademi

അപ്പോഴേയ്ക്കും അവർ ബലിക്കാവിലെത്തിക്കഴിഞ്ഞിരുന്നു. ഒരു തുറസ്സായ ദിക്കിലാണതു്. ചുറ്റും ഇടതൂർന്നു തഴച്ച കാടുകൾ. പീഠത്തോടു സമീപിച്ചു വലയാകൃതിയിൽ കല്ലുകൾ പടുത്തു കെട്ടിയിട്ടുണ്ടു്. നടുവിലായിട്ടാണു് ബലിക്കല്ലു്. പല കല്ലുകളും ഇടിഞ്ഞു വീണുപോയിട്ടുണ്ടു്. ആ സ്ഥലത്താകമാനം ഓക്കു്, ബർചു്, റോവൻ എന്നീ വൃക്ഷങ്ങളുടെ തയ്യുകളും തഴച്ചു വളർന്നിരുന്നു. പാറകൾക്കിടയിൽ ചുവന്ന പുഷ്പങ്ങൾ നിറഞ്ഞ ഉയരമുള്ള പുൽപ്പൊന്തകൾ അനവധിയുണ്ടു്. അവയിൽ ചിലതു വിത്തിടാറായിക്കഴിഞ്ഞതിനാൽ അവയുടെ വെളുത്ത പൂടകാറിലങ്ങനെ തത്തിപ്പറന്നിരുന്നു. അതവരുടെ വസ്ത്രങ്ങളിലും മുടിയിലും വന്നു തങ്ങിനിന്നു. അവർ നടന്നു പൊയ്ക്കൊണ്ടിരിക്കെ വിഗ്ഡിസ് അതു കുടഞ്ഞുകളഞ്ഞുകൊണ്ടിരുന്നു.

അവൾ പഴങ്ങൾ പറിച്ചു തിന്നുകൊണ്ടിരിക്കുമ്പോൾ യോട്ട് വിഗ്ഡിസ്സിനോടു പറഞ്ഞു:

"ഞങ്ങൾക്കു് ഇവിടെ തടിയനേഷിച്ചു പലയിടങ്ങളിലും ചുറ്റിക്കറങ്ങേണ്ടതായിട്ടുണ്ടു്. അതുകൊണ്ടു് ഇവിടെത്തന്നെ താമസിക്കുവാനുള്ള അനുവാദം ഗ്രന്നാറോടു ചോദിക്കുവാനായി എന്റെ അമ്മാവൻ വിചാരിക്കുന്നു. പക്ഷേ, ഞങ്ങൾ വന്നപോലെതന്നെ പെട്ടെന്നങ്ങു പിരിഞ്ഞുപോകണമെന്നായിരിക്കാം നിന്റെ ആഗ്രഹം. എന്തുകൊണ്ടെന്നാൽ, നീ ഞങ്ങളെ ഇഷ്ടപ്പെടുന്നില്ലെന്നു തോന്നുന്നു."

Digitized By Kerala Sahitya Akademi

"ഏതു തരക്കാരെയാണു് തന്റെ ഭവനത്തിൽ സ്വീകരിക്കേണ്ടതെന്നു കായ്യം എന്റെ അച്ഛനു സ്വന്തമായിത്തന്നെ തീരുമാനിക്കാനുള്ളതാണു്." വിഗ്ഡിസ് മറുപടി പറഞ്ഞു: "കരിക്കലും അദ്ദേഹം അതിനെക്കുറിച്ചു് എന്നോടു ചോദിക്കുക പതിവില്ല. പക്ഷേ, എന്റെ സ്വന്തം പ്രവൃത്തികാര്യങ്ങളിൽ ഞാൻതന്നെ അധികാരിയായിരിക്കുവാൻ അദ്ദേഹം എന്നെ അനുവദിക്കുന്നു."

"അങ്ങനെ ഞാൻ വിചാരിക്കയുണ്ടായി," കരുണിയോടുകൂടി യോട്ടു് പറഞ്ഞു: "ദുർവ്യാശിക്കാരിയും കുറുമ്പുള്ളവളുമായ കരുണപെൺകിടാവായിട്ടാണു് ഞാൻ നിന്നെ പരിഗണിക്കുന്നതു്."

"എന്നു മറ്റുള്ളവർ പറയുന്നു," അവാം പ്രതിവചിച്ചു: "ധീരനും മുന്നിട്ടിറങ്ങുന്ന സ്വഭാവക്കാരനുമായ ഒരു യുവാവാണു് നിങ്ങളെന്നു് എനിക്കും തോന്നുന്നു."

"അതെ, അത്തരത്തിലാണെന്റെ പ്രശസ്തി," യോട്ടു് പറഞ്ഞു: "പക്ഷേ നീയും ഞാനും ശത്രുക്കളല്ലെന്നു് ഇപ്പോൾ നമുക്കു പറയാമോ?"

"ശത്രുക്കളാണു് നാം, എന്നു തോന്നുന്നില്ല" - വിഗ്ഡിസ് മറുപടി പറഞ്ഞു. അനന്തരം കരുണ ശിലാതലത്തിലിരുന്നുകൊണ്ടു, വിഗ്ഡിസ് കഴിച്ചെടുത്ത ചില കാട്ടുകിഴങ്ങുകൾ അവർ ഭക്ഷിക്കാൻ തുടങ്ങി. പക്ഷേ, അവിടെനിന്നും അവർ എഴുനേറ്റ അവസരത്തിൽ വിഗ്ഡിസ് അവളുടെ ആ പുരോഹിതയുടെ കത്തി മറന്നുപോയി. അവാം കാണാതെ യോട്ടു് അതു കൈയിലെടുത്തു് അയാളു

Digitized By Kerala Sahitya Akademi

ടെ മാത്തടത്തിൽ കളിച്ചുവെച്ചു. അനന്തരം, നല്ല ചങ്ങാതികളായിത്തീർന്നിരുന്ന അവർ ഒത്തു ചേർന്നു കാരോ നേരമ്പോക്കുകഥ പറഞ്ഞുകൊണ്ടു ഭവനത്തിലേയ്ക്കു പോയി.

നാലു്

വെറർലൈഡ് ഗ്രന്നാറുടെ പക്കൽനിന്നും തടികഥ വിലയ്ക്കുവാങ്ങി. ഐസ്ലാണ്ടുകാരുടെ അവിടത്തെ താമസത്തിനുള്ള ചിലവു ഗ്രന്നാർ സ്വീകരിച്ചില്ല. നേരേമറിച്ചു് അവക്കിഷ്ടമുള്ളിടത്തോളം കാലം അവിടെ താമസിച്ചുകൊള്ളുവാനായി ഹൃദയപൂർവ്വം സമ്മതിച്ചു. വെറർലൈഡ് പോകേണ്ട കാര്യം പറയുമ്പോഴെല്ലാം ധൃതിക്കൂട്ടിയിട്ടു യാതൊരാവശ്യവുമില്ലെന്നു പ്രഖ്യാപിക്കുകയാണു് ഗ്രന്നാറുടെ പതിവു്. യോട്ടു് അവന്റെ ഹൃദയത്തിൽ ചിന്തിച്ചിരുന്നതും അതുതന്നെയായിരുന്നു. സൌകര്യം കിട്ടുമ്പോഴെല്ലാം അവളുമായി കണ്ടുമുട്ടി സംഭാഷണത്തിലേർപ്പെടാനായിരുന്നു അവന്റെ ചിന്ത മുഴുവൻ.

വെറർലൈഡ് അയാളോടതിനേക്കുറിച്ചു്, അവൻ തനിച്ചിരിക്കുന്ന കരവസരത്തിൽ, സംസാരിച്ചു. അതുകഴിഞ്ഞു യോട്ടു് തന്റെ ഹൃദയം ഈ വിധത്തിൽ പ്രകടമാക്കി:—

"ഡിഗ്ഡിസ്സിനെ എന്റെ പത്നിയാക്കുവാൻ എനിക്കു് അതിയായ ആശയുണ്ടു്. ഒന്നിച്ചു ജീവിക്കുവാൻ ഇതിലധികം എനിക്കിഷ്ടം തോന്നുന്ന ആരേയും ഞാൻ കണ്ടിട്ടില്ല. ഞാൻ കണ്ടിട്ടുള്ള സ്ത്രീകളിൽ മിക്കവരേക്കാളും സുന്ദരിയാണവൾ. വിശാലമായ ഹൃദയം. സംസ്കാ

Digitized By Kerala Sahitya Akademi

രമാണെങ്കിൽ ഫലിതസംസൂണ്ണം— ഗ്രന്ഥകാരന്റെ ഏക പുത്രിയായതുകൊണ്ട് അവളേക്കാൾ ധനവതിയായ ഒരു വധുവിനെ ഞാൻ കണ്ടെത്തുന്നകാര്യം കുറെ പരുങ്ങലിലാണ്. ഗ്രന്ഥകാരൻ എന്നെ ഇഷ്ടപ്പെടുന്നുണ്ടെന്നും ഞാൻ വിശ്വസിക്കുന്നു."

"പക്ഷേ അവളെ വീട്ടിൽനിന്നും ഇത്രയകലെ കൊണ്ടുപോകുന്ന കാര്യത്തിൽ ഗ്രന്ഥകാരനു സമ്മതമുണ്ടാകുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു," വൈറ്റർലൈഡ് പറഞ്ഞു: "എന്നാൽ വിഗ്ഡിസ്സിന്റെ ഹൃദയം തന്നിൽ അധിഷ്ഠിതമായിട്ടുണ്ടെങ്കിൽ, അതു കുറച്ചു ഘനംതൂങ്ങുമെന്നെനിക്കു തോന്നുണ്ട്. എന്തുകൊണ്ടെന്നാൽ, വിവാഹകാര്യത്തിൽ തീച്ചയായും ആ പെൺകുട്ടിതന്നെയായിരിക്കും കരവസാനത്തീരുമാനം ഉണ്ടാക്കുക, സംശയമില്ല. അവൾക്കു തന്നോടു പ്രത്യേകമൊരു പ്രതിപത്തി തോന്നിയിട്ടുണ്ട്. എപ്പോഴും താൻ അവളോടൊന്നിച്ചുതന്നെയാണല്ലോ."

ഇതു കേട്ടയോട്ട് ചിന്താമഗ്നനായിത്തീർന്നു; അല്പ നേരം കഴിഞ്ഞ് അയാൾ പറഞ്ഞു:

"അത്ര നിഷ്പ്രയാസം ഇഴയഴിച്ചു വേർതിരിച്ചെടുക്കാവുന്ന ഒന്നല്ല സ്ത്രീഹൃദയം. അവൾ എന്നെ നന്നായിഷ്ടപ്പെടുന്നുണ്ടെന്നു പലപ്പോഴും എനിക്കു തോന്നിയിട്ടുണ്ട്; പക്ഷേ പെട്ടെന്നു ശ്രദ്ധിപിടിക്കുന്ന ഒരു പ്രകൃതമാണവളുടേത്— അത്രം പോരെങ്കിൽ, മധുരമായ സംസാരം കപടതയെ മൂടിയേയ്ക്കാവുന്നതുമാണ്."

Digitized By Kerala Sahitya Akademi

"വിഗ്ഡിസ്സിൽ അത്ര കപടതയുണ്ടെന്ന് എനിക്ക തോന്നുന്നില്ല." വെറർലൈഡ് മറുപടി പറഞ്ഞു: "പക്ഷേ ആ പെൺകുട്ടിക്ക തീരെ ചെറുപ്പമാണ്. ഒരു ഭത്താവിനെ വിധേയയായിത്തീരേണ്ടുന്ന കായ്യത്തിൽ ഒരു സമയം അവൾക്ക വൈമനസ്യം തോന്നിയേയ്ക്കാനും മതി. എന്തുകൊണ്ടെന്നാൽ, അവൾ അല്പമൊരു തന്നിഷ്ടക്കാരിയാണെന്ന് എനിക്ക തോന്നുന്നുണ്ട്. എന്റെ ഉപദേശം, താൻ ഈ കായ്യത്തോടു വേവലാതിക്കൂടാതെ, വളരെ സാവധാനത്തിലങ്ങനെ പിൻതുടരുന്നതായിരിക്കും ഉത്തമമെന്നാണ്. നമുക്കിപ്പോൾ വടക്കൻടിക്കുകളിലേയ്ക്ക യാത്രതുടരുന്നു, നമ്മുടെ ചാച്ച്ക്കാരെ നോക്കാണാം. മടക്കത്തിൽ നമുക്കിവിടെ കയറാം. അപ്പോൾ നമുക്കവളുടെ മനസ്സറിയാൻ സാധിക്കും. നിന്റെ ഭാവം അവളുടെ ഹൃദയത്തെ സ്പർശിച്ചിട്ടുണ്ടോ എന്നപ്പോൾ തനിക്ക മനസ്സിലാക്കാം."

"ഞാൻ ഇവിടെനിന്ന പോവുകയില്ല," യോട്ട് പറഞ്ഞു: "ഈ കായ്യത്തിൽനിന്ന പൊട്ടിപ്പുറപ്പെടുന്ന വെടിയുണ്ട എന്താണെന്നറിയുന്നതുവരെ."

അഞ്ച്

അതേ സായാഹ്നത്തിൽത്തന്നെ, ബഞ്ചിൽ തുന്നിക്കൊണ്ടിരിക്കുന്ന അവസരത്തിൽ, വിഗ്ഡിസ്സിനെ, അവളുടെ മുറിക്കുള്ളിൽ, യോട്ട് കണ്ടുപിടിച്ചു. പട്ടുനൂൽകൊണ്ടു ചിത്രവേലകഠ സമൃദ്ധമായി ചെയ്യപ്പെട്ടിട്ടുള്ള ഒരു നീലക്കുപ്പായമാണവൾ ധരിച്ചിരുന്നത്. അഗ്നിക്കുടത്തിൽ

Digitized By Kerala Sahitya Akademi

എരിഞ്ഞുകത്തിക്കൊണ്ടിരുന്ന തീയിന്റെ വെളിച്ചത്തിൽ മഞ്ഞവർണ്ണത്തിലുള്ള അവളുടെ തലമുടി ഉജ്ജ്വലപ്രഭയോടെ അവളുടെ പുറത്തും തോളുകളിലുമായി ഉയർന്നലഞ്ഞു കിടന്നിരുന്നു. അയാളെ കണ്ട ഉടൻതന്നെ തുന്നൽപ്പണി ഒരു വശത്തിട്ട് അയാളെ സ്വീകരിക്കുവാനായി അവൾ എഴുന്നേറ്റു; എന്നാൽ യോട്ടാകട്ടെ ധൃതഗതിയിൽ മുന്നോട്ടുവന്നു മെത്തപ്പുറത്ത് അവളുടെ പാർശ്വത്തിലായി ഇരിപ്പുറപ്പിക്കയാണ് ചെയ്തത്. അനന്തരം വിഗ് ഡിസ് പറഞ്ഞു:—

"എന്റെ അച്ഛൻ വീട്ടിലില്ലാത്ത അവസരത്തിൽ, ഈ നേരംകെട്ടനേരത്തു നിങ്ങൾ ഇവിടെവന്നെന്നെക്കാണാനൊരുങ്ങിയതിന്റെ കാര്യമെന്താണ്?

"കുറച്ചുദിവസമായി നിന്നെയങ്ങനെ കാണാറില്ലല്ലോ." യോട്ട് മറുപടി പറഞ്ഞു: "പല കാര്യങ്ങളേക്കുറിച്ചും നീയുമായി സംസാരിക്കുവാൻ ഞാനിഷ്ടപ്പെടുന്നു."

"പക്ഷേ നിത്യവും നാം ഒന്നിച്ചു വർത്തമാനം പറയാറുണ്ടല്ലോ." വിഗ്ഡിസ് വീണ്ടും ഉത്തരം പറഞ്ഞു.

"ഞാൻ പറയാത്തതായി കുറെധികം ഇനിയുമുണ്ട്, വിഗ്ഡിസ്. അതിനേക്കുറിച്ചു നീ തനിച്ചിരിക്കുമ്പോഴേ എനിക്കു സംസാരിക്കുവാൻ സാധിക്കൂ. തീർച്ചയായും ഞാൻ നിന്റെ മനസ്സറിയണമെന്നു—നീയെന്നെ ഇഷ്ടപ്പെടുന്നുണ്ടോ ഇല്ലയോ എന്നറിയണമെന്നു—വെറർ ലൈഡ് ഇന്നൊന്നോടു പറകയുണ്ടായി. നിനക്കെന്നോടല്പം താൽപര്യമുണ്ടെന്നു പലപ്പോഴും എനിക്കു തോന്നിയിട്ടുണ്ട്;

Digitized By Kerala Sahitya Akademi

എന്നാൽ മറ്റുചില അവസരങ്ങളിൽ, നിന്റെ വാക്കു കഠം അത്രമാത്രം വിചിത്രമാകയാലും, നിന്റെ ദ്വേഷ്യം അത്രപെട്ടെന്നു് ഉദ്ദീപ്തമാകുന്നതുകൊണ്ടും, എനിക്കു തോന്നിയിട്ടുണ്ടു്, നിഗൂഢമായ ഒരു പക നിനക്കെന്നോടുണ്ടെന്നും."

"എന്താണു് ഞാൻ നിങ്ങളോടു പകകരുതുന്നതു്?" വിഗ്ഡിസ് ചോദിച്ചു. അവഠം അല്പനേരം യോട്ടിന്റെ മുഖത്തു നോക്കാതെ മൗനമായിരുന്നു. അനന്തരം അവഠം വീണ്ടും പറഞ്ഞു:

"വിചിത്രംതന്നെ—നിങ്ങളെന്നോടീപ്പറഞ്ഞതു്. നാം ഒന്നിച്ചിരിക്കുമ്പോഠം, പെട്ടെന്നു ശ്രുണ്ടിപിടിക്കുന്ന പ്രകൃതക്കാരനാണു് നിങ്ങളെന്നു പലപ്പോഴും എനിക്കു തോന്നിയിട്ടുണ്ടു്. അതുപോലെതന്നെ എന്തിനാണു് നാം കലഹിച്ചിട്ടുള്ളതെന്നോ, . നിങ്ങളെന്നെപ്പരിഹസിച്ചിട്ടുണ്ടോ എന്നോ, എനിക്കു പറയാൻ കഴിഞ്ഞിരുന്നില്ല. ഇവിടെ, ഈ വനാന്തരത്തിലാണു് ഇത്രയും കാലം ഞാൻ കഴിച്ചുകൂട്ടിയിട്ടുള്ളതു്. ഈ വഴി വളരെച്ചുരുക്കമാളുകളേ വരാറുള്ളു; പക്ഷേ നിങ്ങളാകട്ടെ ദൂരദേശങ്ങളിൽ പലയിടത്തും ചുറ്റിസ്സഞ്ചരിച്ചിട്ടുണ്ടു്; പലതും കണ്ടിട്ടുമുണ്ടു്. ഞാൻ പലപ്പോഴും നിങ്ങളോടു ശ്രുണ്ടിപിടിച്ചിരുന്നുവെന്നതു് അവാസ്തവമല്ല."

"എനിക്കു സ്ത്രീകളുമായുള്ള സംസാരത്തിൽ തീരെ സാമർത്ഥ്യമില്ല," യോട്ടു് സാവധാനത്തിൽ പറഞ്ഞു.

"പക്ഷേ നിന്റേതുപോലുള്ള സാഹചര്യം സ്വാഭാവികമായി എനിക്കു സ്വീകരിക്കുവാൻ സാധിച്ചിട്ടുള്ളതാ

Digitized By Kerala Sahitya Akademi

യി ആരേയും ഞാൻ കണ്ടുമുട്ടിയിട്ടില്ല. അതുപോലെത ന്നെ ഒന്നിച്ചു താമസിക്കേണമെന്ന അഭിനിവേശവും എ നിക്കു മറ്റാരോടും തോന്നിയിട്ടില്ല."

വിഗ്ഡിസ് ഇതിനൊന്നും മറുപടി പറഞ്ഞില്ല. അ യാഥം വേഗത്തിൽ തുടർന്നു:

"നീ സമ്മതിക്കുന്നെങ്കിൽ, നിന്നെ എനിക്കു വിവാ ഹം കഴിച്ചുതരേണമെന്നു ഞാൻ ഗ്രന്നാറോടപേക്ഷിക്കാം; എന്റെ പതിയായി ഞാൻ നിന്നെ കൈക്കൊള്ളുകയും ചെയ്യാം."

എന്നിട്ടും വിഗ്ഡിസ് ഒന്നും പറഞ്ഞില്ല; പൂക്ഷേ യോട്ട് അവളുടെ കഴുത്തിൽക്കൂടി കൈയിട്ട് അവളുടെ അ ധരങ്ങളിൽ ചുംബിച്ചു. അവഥം കുതറിമാറിയില്ലെന്നു കണ്ടപ്പോഥം അവളെ അരികിലേയ്ക്കു ചേർത്തുപിടിച്ചു് അ യാഥം മടിയിലെടുത്തിരുത്തി. അനന്തരം അവഥം പെ ട്ടെന്നു പൊട്ടിക്കരഞ്ഞുകൊണ്ടു്, ചാടിയെഴുന്നേറ്റു് അ ഗ്നികുടത്തിനടുത്തേയ്ക്കുപോയി. അവഥം അവിടെച്ചെന്നു് ഒരു സ്റ്റൂളിന്റെ പുറത്തിരുന്നു. ഒരു മൂടുപടംപോ ലെ അവളുടെ കബരീഭാരമാകമാനം ഉലഞ്ഞുതിന്നു് അ വളുടെ ശരീരത്തെ ആവരണംചെയ്തു. അഗ്നിജ്വാലകളു ടെ പ്രഭാപൂരത്തിൽ അതു മിന്നിത്തിളങ്ങി. അതിനേ ക്കാഥം അഭിരാമമായ ഒരു കാഴ്ച മറ്റൊരു പുരുഷനേറയും ദൃഷ്ടിയിൽ പെട്ടിരിക്കയില്ലെന്നു യോട്ടിനു തോന്നി. അ യാഥം അവളെ പിൻതുടർന്നുചെന്നു്, ധൂമവാഹിനിയുടെ തണ്ടിന്മേൽ കൈവെച്ചു്, അവളെ അങ്ങനെ നോക്കി ക്കൊണ്ടുനില്പായി. അനന്തരം അയാഥം പറഞ്ഞു:

Digitized By Kerala Sahitya Akademi

"സുന്ദരിയായ വിഗ്ഡിസ്, ഞാൻ നിന്നെക്കരയിപ്പിക്കാനിടവരുത്തി. അതു നന്നായില്ല....ആട്ടെ, ഇനിയെങ്കിലും എനിക്കൊരു മറുപടി തരൂ."

"എനിക്കു കുറച്ചു സമയം തരൂ," വിഗ്ഡിസ് യാചിച്ചു. "നിങ്ങൾ ആദ്യമേ ഉദ്ദേശിച്ചിരുന്നപോലെ, നിങ്ങളുടെ പാവ്വക്കാരെ പോയി കണ്ടിട്ടു വരൂ. ഇവിടെക്കിടക്കുന്ന കപ്പലിൽ നിങ്ങൾ മടങ്ങിയെത്തുന്ന അവസരത്തിൽ, ഞാൻ നിങ്ങൾക്കെന്റെ മറുപടിതരാം. നിങ്ങൾ ഇച്ഛിക്കുന്നപോലെത്തന്നെയായിരിക്കും മിക്കവാറും അതുണ്ടാകുന്നതെന്നു ഞാൻ കരുതുന്നു. പക്ഷേ എനിക്കെന്റെ അച്ഛന്റെ സമീപത്തുനിന്ന് അത്രയേറെ ദൂരത്തു പോകേണ്ടതായും അദ്ദേഹത്തെ ഇവിടെ തനിച്ചു വിടേണ്ടതായും വന്നുകൂടും. എല്ലാറ്റിലുമുപരിയായി, ഈ സംഗതി പൊടുന്നനേയങ്ങ് എത്തിച്ചേർന്നതുമാണ്."

"നീ കരുതുന്നതുപോലെ അത്ര പൊടുന്നനെയൊന്നുമല്ല," യോട്ട് പറഞ്ഞു: "ഞാൻ ഇവിടെ വന്നിട്ടു മൂന്നാഴ്ച കഴിഞ്ഞിരിക്കുന്നു. മനുഷ്യരുടെ വിധിയെ ഭരിച്ചുകൊണ്ടിരിക്കുന്ന ശക്തികൾ എന്തെല്ലാമായിരിക്കാമെന്നു ഞാൻ അറിയുന്നില്ല; പക്ഷേ 'നോൺഡ്' * നമ്മുടെ വിധികളെ അന്യോന്യം ദൃഢമായി കൂട്ടിച്ചേർത്തുകഴിഞ്ഞു; നാം ഇരുവരുമൊന്നിച്ചു ബലിക്കാവലിരുന്നു സംസാരിച്ച ദിവസംമുതൽ ഞാനതറിഞ്ഞിട്ടുണ്ട്."

---

* സ്കാൻഡിനേവിയൻ പുരാണകഥകളിലെ വിധിദേവതകളിൽ ഒന്ന്. മറ്റു രണ്ടുപേർ 'ഉർഡ്' 'വെർഡാൻഡേ' എന്നിവരാണ്.

Digitized By Kerala Sahitya Akademi

"ഇതാ നിങ്ങൾക്കു ഭോഷ്യം വന്നുകഴിഞ്ഞുവെന്നു നിങ്ങളുടെ മുഖത്തുനിന്നു ഞാൻ മനസ്സിലാക്കുന്നു," വിഗ്ഡിസ് പറഞ്ഞു: "എനിക്കു ചെറുപ്പമാണു്; വിവാഹത്തെക്കുറിച്ചു ചിന്തിക്കാൻ ഇനിയും എനിക്കു കാലമായിട്ടില്ല."

ഇതുകേട്ടു യോട്ട് അവിടെനിന്നു പോകുവാനായി തിരിഞ്ഞു. "ഞാൻ ഇതാ ഊന്നിപ്പറയുന്നു—നമുക്കതിനുള്ള പ്രായം തികച്ചുമായിട്ടുണ്ടു്— പക്ഷേ നീ നിന്റെ സ്വന്തം ഹൃദയംതന്നെ അറിയുന്നില്ലെന്നു് എനിക്കു കാണാൻ കഴിയും."

വിഗ്ഡിസ് എഴുന്നേറ്റു് അയാളുടെ പിന്നാലെ വന്നു് ഇങ്ങനെ പറഞ്ഞു:

"അങ്ങിനെയെല്ലാമാണെങ്കിലും, ഞാൻ പറയുന്നതു പോലെ കേൾക്കൂ. കാച്ചുകാലം മതിയല്ലോ; അതുവരെ ക്ഷമിച്ചിരിക്കു. നിങ്ങളുടെ വിവാഹാഭ്യർത്ഥന ഒരിക്കലും പാഴായിപ്പോവുകയില്ല. പക്ഷേ ഇനിയും എനിക്കു നിങ്ങളെപ്പറ്റി അല്പമേ അറിയാൻ സാധിച്ചിട്ടുള്ളൂ. അതുമല്ല, എന്റേതായി എനിക്കുള്ളതെല്ലാറ്റിൽനിന്നും വളരേയകലെ നിങ്ങളെന്നെ കൊണ്ടുപോവുകയും ചെയ്യും."

അവൾ അയാളുടെ കണ്ണത്തിൽ കൈകോത്തിട്ടു് അയാളെ ചുംബിച്ചു. പക്ഷേ, അതു കഴിഞ്ഞു്, അവൾ അയാളെ വാതിൽക്കൽനിന്നും പുറത്തേയ്ക്കു പിടിച്ചു തള്ളിയിട്ടു്, പോകുവാനായി അയാളോടപേക്ഷിച്ചു.

Digitized By Kerala Sahitya Akademi

ആറ്

ഇതു കഴിഞ്ഞു രണ്ടുദിവസം വിഗ്ഡിസ് അവളുടെ മുറിക്കുള്ളിൽത്തന്നെ കഴിച്ചുകൂട്ടി. അപ്പോഴേയ്ക്കും ഭവനത്തിൽ കരതിഥിയുടെ ആവിർഭാവത്തിനിടയായി _ഗ്രെഫ് സിനിലെ കാറെ.

ഈ കാറെ, ട്രോൺഡ്ഹേമിൽനിന്നു് ആയിടയ്ക്കു സചുഗ്രഹത്തിൽ എത്തിയതേയുള്ളു. അടുത്ത കാലത്തു തന്നെ കുടിയാനവനായ കാക്കിനാൽ നിഗ്രഹിക്കപ്പെട്ട ലേഡിലെ ഹാക്കൺപ്രഭുവിനെക്കുറിച്ചും ഒളാവുരാജാവിനെക്കുറിച്ചും പലേ വൃത്താന്തങ്ങളും അയാൾക്കു പറയുവാനുണ്ടായിരുന്നു. സായാഹ്നത്തിൽ വിഗ്ഡിസ് സൽക്കാരശാലയിലെത്തി. കാറെയുടെ സമീപത്താണവൾ ഇരിപ്പുറപ്പിച്ചതു്. അവരിരുവരും സുഹൃത്തുക്കളെപ്പോലെ സംഭാഷണം ചെയ്തു.

കാറെയ്ക്കു വളരെ പൊരുപ്പമാണു്. ഉയർന്ന നല്ല നിറപ്പകിട്ടുള്ള ശരീരം. ആൾ ബഹുസുന്ദരൻ. വിഗ്ഡിസ് അന്യാളുമൊന്നിച്ചിരുന്നു കുടിച്ചുകൊണ്ടിരുന്നതു യോട്ടിനു തീരെ രസിച്ചില്ല. അവളുടെ സമീപത്തെത്താൻ തരംകിട്ടിയ അവസരത്തിൽ അയാളതു വിഗ്ഡിസ്സിനോടു പറഞ്ഞു.

"ഗ്രെഫ്സിനിലെ കാറെയോടു നിനക്കുള്ള മനോഭാവമെന്താണെന്നു നിനക്കുതന്നെ നല്ലപോലെ അറിയാവുന്നതാണല്ലോ."

Digitized By Kerala Sahitya Akademi

"അതൊരു പരമാത്മാമായ പറച്ചിലാണു്" വിഗ് ഡിസ് ഉത്തരം പറഞ്ഞു: "കാറെയും ഞാനും കനിച്ചു കളിച്ചു വളന്നവരാണു്. അയാളെ വീണ്ടും കാണുന്നതു് എനിക്കെവാറ സന്തോഷം ഉണ്ടാക്കുന്നു."

എന്നാൽ ഇതിനുശേഷം, കോപാകുലമായ കണ്ണോടുകൂടിയാണു് യോട്ട് കാറെയെ നോക്കിയിരുന്നതു്. ആ സായാഹ്നത്തിൽ കാറെ എന്തെങ്കിലുമൊരു സംഗതിയെപ്പറ്റി അല്പം നന്മയായി സംസാരിച്ചില്ല; ഉടൻതന്നെ അതിനേക്കാൾ പ്രശംസാർഹമായ മറെറന്തെങ്കിലുമൊരു സംഗതിയെടുത്തിട്ടു്, യോട്ട് അതു അടച്ചുമൂടിക്കളയും. ഒടുവിൽ സംഭാഷണം അശ്വങ്ങളിൽ എത്തിച്ചേന്നു. സ്ലോൻഗ്വെ എന്ന തന്റെ കുതിരയെക്കുറിച്ചു കാറെ പുകഴ്ത്തിപ്പറയുകയുണ്ടായി. അതിനെ പോറ്റി വളർത്തിക്കൊണ്ടുവന്നതു ഗ്രന്നാറാണു്. സൌഹാർദ്ദത്തിന്റെ ഒരു ചിഹ്നമായി അദ്ദേഹം അതു കാറെയ്ക്കു സമ്മാനിച്ചു.

വിളവെടുപ്പുജോലിക്കായി അടുത്ത ദിവസങ്ങളിൽ കാട്ടിൽനിന്നും അവർ കുതിരകളെ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. അതിനാൽ താൻ അവനെ കണ്ടിട്ടുണ്ടെന്നു യോട്ട് പ്രസ്താവിച്ചു. ഗ്രൈം ലുൺഡാറിലെ ആർനേയുടെ പുത്രന്മാരോടു താൻ വിലയ്ക്കു വാങ്ങിയിട്ടുള്ള കുതിരയാണു് അവനേക്കാൾ നല്ലതെന്നു് അയാൾ വീരവാദം മുഴക്കി. ആർവക് എന്നാണവന്റെ പേർ. യോട്ട് പറഞ്ഞു, അവനേക്കാൾ നല്ല ഒരു മൃഗത്തെ ആ ഭാഗങ്ങളിലെങ്ങുംതന്നെ താൻ കണ്ടിട്ടുള്ളതായി വിശ്വസിക്കുന്നില്ലെന്നു്.

Digitized By Kerala Sahitya Akademi

"കാണാൻ നല്ല ചന്തമുള്ളതാ," യോട്ടിനോടു തൊട്ടിരുന്നിരുന്ന ഒരു വൃദ്ധൻ അഭിപ്രായപ്പെട്ടു: "പക്ഷേ കാറെയുടെ കുതിര ഇക്കൊല്ലവും കഴിഞ്ഞ കൊല്ലവും കണ്ടപോലെ അവനെ കളത്തിൽനിന്നു തുരത്തിപ്പായിച്ചുകളഞ്ഞു. പക്ഷേ നിങ്ങൾക്കാരോ ഒരുപദേശം തന്നിരിക്കുന്നു," അയാൾ യോട്ടിനോടു പറഞ്ഞു: "ആർനേയുടെ പുത്രന്മാരിൽനിന്നുമുള്ള എന്തിനേയെങ്കിലും കുറിച്ച് ഈ വീട്ടിൽവെച്ചു നന്മയായിപ്പറയുവാൻ, അല്ലെങ്കിൽ, നിങ്ങൾ ഒരുമ്പെടുമായിരുന്നില്ല."

"എന്താണതങ്ങനെ?" യോട്ട് വൃദ്ധനോടു ചോദിച്ചു.

"ഫിഗ്ഡിസ്സിനെ തനിക്കു വിവാഹം കഴിച്ചുകിട്ടിയാൽ കൊള്ളാമെന്ന അഭ്യർത്ഥനയുമായി എയോൾവ് ആർനെസൺ ഇവിടെ സമീപിക്കയുണ്ടായി. പക്ഷേ അതു സാദ്ധ്യമല്ലെന്നു പറഞ്ഞ് ഇവിടെ കൈയൊഴിഞ്ഞുകളഞ്ഞു. അതുമുതൽ വാഡിനും ഗ്രൈം ലുൺഡാറും വലിയ ശത്രുതയിലാണ് കഴിഞ്ഞുകൂടുന്നത്"—എന്നായിരുന്നു മറുപടി.

"ഓ, അക്കായ്യത്തെക്കുറിച്ച് ഒരു സൂചനപോലും ഞാൻ കേട്ടിട്ടില്ല" യോട്ട് പറഞ്ഞു. വൃദ്ധൻ സംസാരം തുടർന്നു:

"തന്റെ ജാമാതാവായി എയോൾവിനെ കിട്ടുന്നതിൽ ഗ്രന്നാറിനു തികച്ചും സമ്മതമുണ്ടാകുമായിരുന്നു; വിഗ്ഡിസ്സാണയാളെ നിരസിച്ചതെന്നാണ് ആളുകൾ പറയുന്നത്. ആക്കും അക്കായ്യത്തിൽ അത്ഭുതത്തിനവകാ

Digitized By Kerala Sahitya Akademi

ശമില്ല; എന്തുകൊണ്ടെന്നാൽ വൃത്തികെട്ട പലേ പ്രവൃത്തികളുടേയും കർത്തൃത്വം ആർനേയുടെ മക്കളിൽ ആരോപിക്കപ്പെട്ടിട്ടുണ്ട്; ജനങ്ങൾ അവരെക്കുറിച്ചു പലതും പറഞ്ഞുവരുന്നു; കുട്ടിക്കാലംമുതൽക്കുതന്നെ അവളും കാറെയും വലിയ 'ലോഹ്യ'ത്തിലാണെന്നും മറ്റും അവരും പറഞ്ഞുപരത്തിയിട്ടുണ്ട്. ആർനേയുടെ മക്കൾ അതിന്നുശേഷം പലപ്പോഴും ഗ്രന്നാറെ ഭീഷണിപ്പെടുത്തിനോക്കി; പക്ഷേ അവരാണ് സൂക്ഷിച്ചിരിക്കേണ്ടതെന്നോയുള്ളൂ; ഗ്രന്നാറിന്നു പ്രായം ചെന്നിട്ടുണ്ടായിരിക്കാം; പക്ഷേ ഇനിയും പല്ലുപോയിക്കഴിഞ്ഞിട്ടില്ല."

യോട്ട് പിന്നീടൊന്നും പറഞ്ഞില്ല. വിഗ്ഡിസ്സിന്റെയും കാറെയുടേയുംനേർക്കു ശ്രദ്ധാപൂർവ്വകമായി കണ്ണയച്ചുകൊണ്ട് അയാൾ ചിന്തയിൽ മുഴുകി ഇരിപ്പായി. കുറച്ചുനേരം കഴിഞ്ഞ് അയാൾ എഴുന്നേറ്റു കാറെയുടെ അടുത്തുചെന്നു പറഞ്ഞു:

"ഈ സായാഹ്നത്തിൽ കുറെയേറെ സംസാരം നടന്നല്ലോ; ഏതായാലും നമുക്കൊന്നു പരീക്ഷിച്ചുകളയാം; അതൊരു നേരംപോക്കായിരിക്കും. നമ്മുടെ രണ്ടുപേരുടേയും കുതിരകളെ കൊണ്ടുവന്ന് കുന്നു മത്സരിപ്പിച്ചുനോക്കാം; ഏതാണ് ജയിക്കുന്നതെന്ന് എല്ലാവർക്കുമപ്പോൾ കണ്ടറിയാമല്ലോ. എന്താ, നിങ്ങൾക്കെന്തെതോന്നുന്നു?"

"സന്തോഷത്തോടുകൂടി," കാറെ ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു: "പക്ഷേ അതിന്റെ ആവശ്യം അത്രയുണ്ടെന്നു തോന്നുന്നില്ല. ഇവിടങ്ങളിലുള്ള എല്ലാവർക്കും ഏറെക്കുറെ അറിയാവുന്ന കുതിരകൾതന്നെയാണത്."

Digitized By Kerala Sahitya Akademi

അനന്തരം വിഗ്ഡിസ് ഒരു വാക്കൊന്നു സംസാരിച്ചു:

"നിങ്ങടെ അത്രമാത്രം കായ്മയായി വിലകൊടുത്തു വാങ്ങിയ ആ കുതിരയെ നിങ്ങടെ കൊള്ളരുതാതാക്കരുത്; അവൻ തിക്കും നല്ല ഒരു കുതിരയായിരിയ്ക്കാം; പക്ഷേ വേറൊന്നവനേക്കാടെ നന്നായിട്ടുണ്ടായിക്കൂടെന്നില്ലല്ലോ."

ഇതിനു വല്ലാത്ത കോപത്തോടുകൂടിയാണ് യോട്ട് മറുപടി പറഞ്ഞത്:

"നീ വിചാരിക്കുംപോലെ എന്റെ എന്തെങ്കിലുമൊരു മുതൽ തൊന്തരവാക്കുന്ന കായ്മത്തിൽ അത്ര പേടിയൊന്നുമുള്ളവനല്ലാ ഞാൻ—കാറെ നമുക്കു കാണിച്ചുതരട്ടെ, ഒരിടിപ്പോരിൽ അയാളുടെ കുതിരയ്ക്ക് എന്തു ചെയ്വാൻ കഴിയുമെന്ന്. നമുക്കു നാളെ നമ്മുടെ കുതിരകളെ പിടിച്ചു കൊണ്ടുവരാം. ആർവക അല്ലാ വിജയിയെങ്കിൽ ഞാനവനെ ഐസ്ലാൻഡിലേയ്ക്കു കൊണ്ടുപോകുന്നതല്ല."

"എയോഠംവ് അവനെ തിരിച്ചെടുക്കുന്ന കായ്മം കുറച്ചു പരുങ്ങലിലാണ്," ചിരിച്ചുകൊണ്ടു വിഗ്ഡിസ് പറഞ്ഞു.

"ഞാനയാളോടാവശ്യപ്പെട്ടുകയില്ല," യോട്ട് പ്രതിവചിച്ചു: "അവൻ തോൽക്കുന്നപക്ഷം ഞാനാ കുതിരയെ കൊന്നുകളയും."

ഇങ്ങനെ പറഞ്ഞുകൊണ്ട് അയാഠം തന്റെ തോളിൽനിന്ന് ഒരു വള വലിച്ചൂരിയെടുത്തു, തറയുടെ നടു

Digitized By Kerala Sahitya Akademi

വിൽ എരിഞ്ഞുകത്തുന്ന തീയിലേയ്ക്ക് കരേറുകൊടുത്തിട്ട് ഉൽഘോഷിച്ചു:

"എന്റെ സാധനങ്ങൾ ആരുവളരെ കായ്മയിസൂക്ഷിക്കുന്നവനാണ് ഞാനെന്നു്, വിഗ്ഡിസ്, മുഖത്തടിച്ചപോലെ നീയങ്ങനെ പറയാൻ പാടില്ല."

പക്ഷേ, വിഗ്ഡിസ് മുന്നോട്ടു കുനിഞ്ഞു. തീയിനുള്ളിൽനിന്നു വള തോണ്ടിയെടുത്തു യോട്ടിന്റെ കൈയിലേയ്ക്കു കൊടുത്തു; അവൾ പറഞ്ഞു:

"ബുദ്ധിയില്ലാത്ത വെറുമൊരു മരമണ്ടനെപ്പോലെ പെരുമാറുന്നതു മഹാമീത്തയാണു്."

യോട്ടാകട്ടെ വളയെടുത്തു്, ആരു പിടിക്കുന്നുവോ അവനെടുക്കാമെന്നു പറഞ്ഞുകൊണ്ടു്, വാതിൽക്കൽ കൂടിനിന്നിരുന്ന പരിചാരകന്മാരുടെ മദ്ധ്യത്തിലേയ്ക്കു വലിച്ചെറിയുകയാണുണ്ടായതു്. ആ അടിമകളുടെയിടയിൽ വലിയൊരു കോലാഹലമുണ്ടായി. വള ആദ്യമായെത്തിപ്പിടിച്ചവൻ അടിച്ചുവീഴ്ത്തപ്പെട്ടു. വിരുന്നു വലിയ ഒരുപവാരത്തിൽ കലാശിയ്ക്കുമെന്ന മട്ടായി. വെറർലൈഡ് തന്റെ ചാവ്ക്കാരന്റെ സമീപത്തേയ്ക്കിരച്ചുചെന്നു് അയാളെ തോളിൽ പിടിച്ചു കൂടിക്കൊണ്ടുപോയി കഠിനമായി ഭർത്സിച്ചു. പക്ഷേ, യോട്ടു് പൊട്ടിച്ചിരിച്ചതേയുള്ളു. പിന്നീടു നടന്ന വാഗ്കോലാഹലങ്ങൾക്കിടയിൽ അവസാനമേതായാലും ഇങ്ങനെ തീരുമാനിക്കപ്പെട്ടു—കാറെയും യോട്ടും പിറ്റെദിവസം അവരുടെ കുതിരകളെ മത്സരിപ്പിക്കണമെന്നു്.

Digitized By Kerala Sahitya Akademi

ഏഴ്

നാട്ടിൽ പുറപാടുമുള്ള സ്ഥലത്തുനിന്നെല്ലാം കുതിരപ്പോര കാണുവാനായി ജനങ്ങൾ തിങ്ങിക്കൂടി; ഏതാനും ചില സ്ത്രീകളും സന്നിഹിതരായിരുന്നു. വാഡിനു സമീപത്തുള്ള ഒരു മൈതാനമായിരുന്നു കുതിരകൾക്കു മത്സരിക്കുവാനുള്ള അങ്കം.

കുതിരയെ നയിച്ചുകൊണ്ട് ഇടതുകൈയിൽ ഒരു വടിയുമായി, ആട്ട്യം തന്നെ യോട്ട് അവിടെ എത്തിച്ചേർന്നു. ചെറിയ വാളും, ലോഹനിർമ്മിതമായ ഒരു തടത്തൊപ്പിയും രക്ഷയ്ക്കായി അയാൾ ധരിച്ചിരുന്നു; തോളിൽ സ്വർണ്ണം കൊണ്ടു ചിത്രവേലകൾ ചെയ്തിട്ടുള്ള തീക്ഷ്ണാരുണവർണ്ണമായ കന്നാന്തരം ഒരു കുപ്പായമാണ് അയാൾ അണിഞ്ഞിരുന്നത്. അയാൾ അതു് ഊരിയെടുത്തു് ഒരു കല്ലിന്മേലിട്ടു. അതിനടിയിൽ അയാൾ പുകപ്പുനിറത്തിലുള്ള ഒരു കൊച്ചുപടക്കുപ്പായം ധരിച്ചിരുന്നു. ആർണെയുടെ പുത്രന്മാർ അവിടെ എത്തിയിട്ടുണ്ട്. അവർ യോട്ടിനെ അഭിവാദ്യം ചെയ്തുകൊണ്ട് അയാളുടെ കൈപിടിച്ചു കുലുക്കി.

കാണാൻ കൗതുകമുള്ള ഒരു വലിയ മൃഗമായിരുന്നു ആ കുതിര; തെളിഞ്ഞു വരാനുള്ള ഒരു മുഖം, ജനങ്ങൾ അവനെക്കുറിച്ചു വിചാരിച്ചു. കളത്തിനു പുറത്തുമായി ബന്ധിച്ചു നിർത്തിയിരുന്ന കുതിരകളുടെ നേർക്ക് അവൻ ഉച്ചത്തിൽ ചിനച്ചു.

കാറെ വന്നുചേരുവാൻ അല്പം വൈകി. അതിനിടയിൽ ആർണെയുടെ പുത്രന്മാർ, മത്സരിക്കാമെന്നു സമ്മ

Digitized By Kerala Sahitya Akademi

തിച്ചതിൽ കാറെയ്ക്കിപ്പോഠം വലിയ കുണ്ഠിതമുണ്ടായിരിക്കണമെന്നും മറും പരിഹാസഗർഭമായി ഉൽഘോഷിച്ചുകൊണ്ട് 'ഊശിയടിക്കാൻ' തുടങ്ങി. യോട്ട് അവരുടെ ആഹ്ളാദകോലാഹലത്തിൽ കൂടിച്ചേർന്നു.

അപ്പോഴേയ്ക്കും കാറെയുടെ ആവിർഭാവമായി; ഗ്രന്ഥാരും വിഗ്ഡിസ്സും അയാളോടൊന്നിച്ചു വന്നിരുന്നു. കാറെ പരിപൂർണ്ണമായ രീതിയിൽ പരിധ്വതശസ്ത്രനായിത്തന്നെയാണു് വന്നിരുന്നതു്; അയാൾ കന്നാംതരം ഒരു കവചം ധരിച്ചിട്ടുണ്ടു്; അയാളുടെ സ്കന്ധങ്ങളിൽ ഒരു കരടിത്തോലും കൈയിൽ വടിയോടൊപ്പം ഒരു കുന്തവും അയാൾ വഹിച്ചിരുന്നു. ആർവകു മറേറ കുതിരയെക്കണ്ടമാത്രയിൽ, വനത്തിൽവെച്ചു് അവർ തമ്മിലുണ്ടായ ആ സംഘട്ടനസംരംഭംഅനുസ്മരിച്ചിട്ടുണ്ടാകണം; എന്തുകൊണ്ടെന്നാൽ, യോട്ടിന്റെ സമീപത്തുനിന്നു് അവൻ തെറിമാറുകയും, വാൽതിരിച്ചുപിടിച്ചു വലയത്തിനു വെളിയിൽച്ചാടി രക്ഷപ്പെടുവാൻ ഉദ്യമിക്കുകയും ചെയ്തു. ചുറും നിൽക്കുന്ന ജനസമൂഹത്തിന്റെ ഇടയിൽ അതൊരു ചിരിയിളക്കിവിട്ടു. പക്ഷേ, യോട്ട് അതിവേഗത്തിൽ തന്റെ അശ്വത്തെ പിൻതുടർന്നു്, ഇടതുകൈകൊണ്ടു് അതിന്റെ കുഞ്ചിരോമത്തിൽ കടന്നു പിടിക്കുടിയിട്ടു്, വടികൊണ്ടു് അവന്റെ തോളുകളിലും പള്ളകളിലും നല്ല കണക്കിനു നാലു കൊടുത്തു; അയാളുടെ മുഖം രക്തംപോലെ അരുണവർണ്ണമായിരുന്നു. അനന്തരം അയാൾ യാതൊരു കനിവും കൂടാതെ കുതിരയെ മുന്നോട്ടു വലിച്ചുകൊണ്ടുപോയി.

Digitized By Kerala Sahitya Akademi

സ്ലോൻഗ്വെ ഉടൻതന്നെ മറേറ കുതിരയെ നിലം പതിപ്പിച്ചു. അവൻ മുൻകാലുകഠം ഉയത്തി കുളമ്പു കൊണ്ടു ചവിട്ടുവാനും കടിക്കുവാനും തുടങ്ങി. ആർവക്ക ഉറക്കെക്കിടന്നു കരഞ്ഞു. വീണ്ടും അതു രക്ഷപ്പെടാൻ ശ്രമിച്ചുനോക്കി. അനന്തരം അരപ്പട്ടയിൽനിന്നും തൻെറ വാഠം വലിച്ചുരിയെടുത്തു യോട്ട് ആർവക്കിനെ കുത്തുവെട്ടുവെട്ടി. പക്ഷേ, പുൽപ്പുറത്തു കാലല്പം വഴുതിപ്പോകയാൽ അയാഠം നിലംപതിക്കുകയും അയാളുടെ വാളിൻെറ മുന സ്ലോൻഗ്വെയുടെ പള്ളയ്ക്കു കൊണ്ടു, തൊലിയല്പം ചീന്തിപ്പോവുകയും ചെയ്തു. പക്ഷേ, ഈ വീഴ്ച അയാളെ കുതിരകഠംക്കടിയിലാക്കി; ഒരു വ്യത്തികെട്ട നിമിഷമായിരുന്നു അതു്. കുതിരകളെ പിടിച്ചുമാറുവാനായി വിഗ്ഡിസ് ഉച്ചത്തിൽക്കിടന്നു വിളിക്കൂട്ടി. ഉടൻതന്നെ കാറെ മുനോട്ടോടിച്ചെന്നു തൻെറ കുന്തത്തിൻെറ മൊട്ടുകൊണ്ടു സ്ലാൻഗ്വെയ്ക്കു ഒരടികൊടുത്തു. ഒരു നിമിഷനേരം ആ ജന്തു ഒന്നു പമ്പരം കറങ്ങിയിട്ടു് ആർവക്കിനു മോചനം നൽകി. യോട്ടിൻെറ കുതിര അനന്തരം പിടച്ചുഴഞ്ഞു നിറുവു്, രക്തമൊഴുക്കിക്കൊണ്ടു്, നിശിതമായ വിധത്തിൽ ശിക്ഷിക്കപ്പെട്ടവനായി കാട്ടിനുള്ളിലേയ്ക്കു കുതിച്ചുപാഞ്ഞു. എന്നാൽ അതേ സമയം, സ്ലോൻഗ്വെയുടെ പള്ളയ്ക്കു യോട്ടിൽനിന്നുകിട്ടിയ മുറിവിൽക്കൂടി അവനനുഭവിക്കുന്ന പ്രാണഭണ്ഡം രക്തപ്രവാഹത്തിലങ്ങനെ ധാരധാരയായി കലിക്കുന്നുണ്ടായിരുന്നു.

പിടിച്ചുഴഞ്ഞുനേൽക്കുവാനായി യോട്ടിൻെറ നേക്കു കാറെ തൻെറ കൈ നീട്ടിക്കാണിച്ചു—എന്തുകൊണ്ടെ

Digitized By Kerala Sahitya Akademi

ന്നാൽ യോട്ടിന്റെ തലയ്ക്കു കളന്പുകൊണ്ട നല്ല ഒരു ചവിട്ടേറിരുന്നു. അതിൽനിന്നും കടുംചോര അവന്റെ കണ്ണുകളിലേയ്ക്കു് ഇരച്ചൊഴുകുന്നുണ്ടായിരുന്നു. കാറെ പറഞ്ഞു:—

"ഒരു കുതിരപ്പോരിൽ, സ്വയം ഇത്തരത്തിൽ ക്ലേശമനുഭവിക്കുന്ന ഒരു മനുഷ്യനെ ഒരിക്കലും ഞാൻ കണ്ടിട്ടില്ല. എന്റെ കുതിരയെ മുറിപ്പെടുത്തിയതു നിങ്ങൾ നേരെയാക്കിത്തരേണ്ടതായിട്ടുണ്ടു്."

"ഇതാ നിങ്ങൾക്കതിനുള്ള തുക," എന്നു പറഞ്ഞുകൊണ്ടു യോട്ടു് ഒരു പെളിക്കട്ട അയാളുടെ മുൻപിലേയ്ക്കു കാലുകൊണ്ടു തട്ടിനീക്കിയിട്ടുകൊടുത്തു. "നിങ്ങളിട്ടിരിക്കുന്ന ആ കരടിരോമംകൊണ്ടു്, കാടുകളിലെ ഒരു ക്രൂരിപ്പിശാചിനെപ്പോലെ, നിങ്ങൾ എന്റെ കുതിരയെ വിരട്ടിയോടിച്ചു."

"നിങ്ങൾ ഞങ്ങളെ വിരട്ടിയോടിക്കുകയില്ല, വൈഗ_യോട്ടേ," കാറെ പറഞ്ഞു :"ഐസ്ലാൻഡിൽ നിങ്ങളുടെ ആൾക്കാരെ നിങ്ങൾ കൊന്നിട്ടുണ്ടായിരിക്കാമെങ്കിലും"—എന്നു പറഞ്ഞുകൊണ്ടു് തന്റെ കൈയിലിരുന്നിരുന്ന കുന്തം അയാൾ തിരിച്ചുപിടിച്ചു; ഇപ്പോൾ അതിന്റെ കൂർത്ത മുന യോട്ടിന്റെ മാറിടത്തിനു നേക്കായി.

യോട്ടു് അപ്പോഴും തന്റെ വാൾ കൈയിൽ മുറുക്കിപ്പിടിച്ചിരുന്നു. അയാൾ ആ കുന്തത്തണ്ടിനിട്ടു് ഒരു വെട്ടു കൊടുത്തു. അതു രണ്ടു തുണ്ടായി. വാൾമുന കാറെയുടെ തോളിൽ ഒരു മുറിവേൽപ്പിച്ചു—പക്ഷേ അതത്ര സാരമായില്ല. കാറെ തന്റെ കൈയിലവശേഷിച്ച കുന്തത്ത

Digitized By Kerala Sahitya Akademi

ണ്ടിന്റെ തുണ്ടം ദൂരെ വലിച്ചെറിഞ്ഞിട്ട്, വാതിൽ വലിച്ചടച്ചു പുറത്തേയ്ക്കു കുതിച്ചു ചാടി. പക്ഷേ, ആ നിമിഷത്തിൽത്തന്നെ യോട്ട് ബോധംകെട്ടു പിന്നോട്ടു മലച്ചുവീണു. അയാളുടെ വായിൽനിന്നും രക്തം പുറത്തേയ്ക്കു ചാടി. കുതിരകൾ അയാളെ വല്ലാതെ ചവിട്ടിയിരുന്നു.

വെറർലൈഡ് അപ്പോൾ മുന്നോട്ടു വരികയും, കാറെയെ തോളത്തുപിടിച്ചു കൂട്ടിക്കൊണ്ടുപോയി സംസാരിക്കയും ചെയ്തു. കുതിരയ്ക്കു പറ്റിയ കേടു താൻ തീർത്തുകൊടുക്കാമെന്നും അതിനുവേണ്ടിവരുന്ന തുക, കാറെ നിശ്ചയിക്കുന്നതു്, തന്നുകൊള്ളാമെന്നും അയാൾ പറഞ്ഞു.

"ഞാൻ നിങ്ങളിൽനിന്നു് ഒരു നഷ്ടപരിഹാരവും സ്വീകരിക്കുകയില്ല, ഐസ്‌ലാൻഡുകാരാ," കാറെ മറുപടി പറഞ്ഞു: "ഞാൻ തികച്ചും മനസ്സിലാക്കുന്നുണ്ടു്, നിങ്ങളുടെ ചാച്ചിക്കാരൻ മനഃപൂർവ്വം എന്നോടു ശണ്ഠയ്ക്കാരുങ്ങിയിരിക്കയാണെന്നു്."

"ഗ്രന്നാറിന്റെ സുഹൃത്തുക്കളുമായി ഒരു സംഘട്ടനത്തിൽ പതിക്കുവാൻ ഞാനിഷ്ടപ്പെടുന്നില്ല," വെറർലൈഡ് മറുപടി പറഞ്ഞു: "അദ്ദേഹം നമ്മിൽനിന്നും നന്മയാണഹിക്കുന്നതു്." അനന്തരം അയാൾ കാറെയെ ഒഴിഞ്ഞ ഒരു ഭാഗത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി അയാളുമായി സംസാരിച്ചു.

പക്ഷേ, ഗ്രന്നാർ തന്റെ കുന്തമെടുത്തു സ്ലോൻഗ്വെയുടെ പള്ളയിൽ കുത്തിയിറക്കിക്കഴിഞ്ഞിരുന്നു.

ആർണെയുടെ പുത്രന്മാരായ കോളും എയോഥവും കൂടി യോട്ടിനെ പിടിച്ചെഴുന്നേല്പിച്ചു. അല്പംനേരം കു

Digitized By Kerala Sahitya Akademi

ഴിഞ്ഞപ്പോൾ അയാളുടെ ബോധക്ഷയമെല്ലാം നീങ്ങിപ്പോയി. അതിനുള്ളിൽ കാറെ വെറർലൈഡിനോടൊന്നിച്ചു കളംവിട്ടുകഴിഞ്ഞിരുന്നു. യോട്ട് തന്റെ മുഖത്തുനിന്നു രക്തം വടിച്ചുകളഞ്ഞിട്ടു വിഗ്ഡിസ്സിനെക്കാണുവാനായി ചുറ്റുപാടുമൊന്നു കണ്ണോടിച്ചുനോക്കി. ചത്തുകിടന്ന കുതിരയുടെ മീതെ കമിഴ്ന്നടിച്ചുകിടന്ന് അതിനെ തലോടിക്കൊണ്ട് അവശം ഏങ്ങലടിച്ചു കരയുകയാണു്.

യോട്ട് അവളുടെ സമീപത്തേയ്ക്കു മെല്ലെ ചിരിച്ചുകൊണ്ടു മോഡിച്ചു:

"ഇപ്പോൾ നീയിക്കുതിരപ്പോരിനെക്കുറിച്ചെന്തു പറയുന്നു, വിഗ്ഡിസ്?"

വിഗ്ഡിസ് കൂടുതൽ ശക്തിയായി തേങ്ങിക്കരഞ്ഞുകൊണ്ടു പറഞ്ഞു:

"ഞാൻ നിങ്ങളോടു സംസാരിക്കുകയില്ല."

"ഗ്രെഫ്സിനിലെ കാറെ, അയാളുടെ കുതിര പെരുമാറിയതുപോലെത്തന്നെ പെരുമാറുമെന്നാണോ നിന്റെ ഭയം?" യോട്ട് ചോദിച്ചു.

"ഗ്രെഫ്സിനിലെ കാറെ അല്ല ഇന്നു തന്നിൽത്തന്നെ അപമാനം വരുത്തിക്കൂട്ടിയതു്," വിഗ്ഡിസ് പറഞ്ഞു: അവശം കുതിരയുടെ ശിരസ്സിൽനിന്നു കുഞ്ചിരോമം പിടുങ്ങിയിട്ടിട്ട് അതിന്റെ വായ്പ്പൂട്ടിൽ മന്ദംമന്ദം തലോടി. "പക്ഷേ, എനിക്കിനിയൊന്നുംതന്നെ നിങ്ങളോടു പറയാനില്ല." അവശം എഴുന്നേറ്റു കരഞ്ഞുകൊ...

Digitized By Kerala Sahitya Akademi

ണ്ടുതന്നെ പിതാവിന്റെ സമീപത്തേയ്ക്കു പോവുകയും അദ്ദേഹത്തോടൊന്നിച്ചു കളം വിടുകയും ചെയ്തു.

ആർണെയുടെ പുത്രന്മാർ യോട്ടിന്റെ സമീപമെത്തി തങ്ങളോടൊന്നിച്ചു പോരുവാനായി അയാളെ ക്ഷണിച്ചു.

"അതെനിക്കു നിവൃത്തിയില്ല," യോട്ട് മറുപടി പറഞ്ഞു: "ഗ്രന്നാറുമായുള്ള സൗഹാർദ്ദം അത്തരത്തിൽ ഞാൻ ഭഞ്ജിക്കുന്നതു ഭംഗിയല്ല."

"എനിക്കാശ്ചര്യം തോന്നുന്നതു്," എയോഥംവ് പറഞ്ഞു: "ഗ്രന്നാർ, അയാളുടെ ജാമാതാവുമായുള്ള സൗഹാർദ്ദം നഷ്ടപ്പെടുന്നതിലായിരിക്കാം ഭയപ്പെടുന്നതെന്നുള്ളതിലാണു്."

"നിങ്ങഠം പറഞ്ഞതാരേയാണു്?" യോട്ട് ചോദിച്ചു. "സംശയമുണ്ടോ, കാറെ." കോഠം കൂടിച്ചേർന്നു പറഞ്ഞു: "പക്ഷേ അവഠം അർഹിക്കുന്ന വില അയാഠം കൊടുക്കുമോ എന്നു കായ്യം അല്പം സംശയത്തിലാണു്—കാരണം, അയാളുടെ ഇച്ഛാനുസാരമുള്ള പ്രവൃത്തിക്കു് അവഠം പണ്ടേതന്നെ വഴിപ്പെട്ടുകഴിഞ്ഞിരിക്കുന്നു."

"അതൊരു പച്ചക്കള്ളമാണു്—തീച്ചയായും," യോട്ട് പറഞ്ഞു. "അങ്ങനെതന്നെ ഞാനും പറകയുണ്ടായി," എയോഥംവ് പ്രസ്താവിച്ചു: "ഞങ്ങളുടെ കന്നുകാലികളെ മേയ്ക്കുന്ന വേലക്കാരൻ, കഴിഞ്ഞ വസന്തകാലത്തു കാറെനദികടന്നു കുതിരപ്പുറത്തു കയറിപ്പോയി ബലിക്കാവിൽ വെച്ചു വിഗ്ഡിസ്സിനെ കണ്ടുമുട്ടിയിരുന്നു എന്നു ഞങ്ങ

Digitized By Kerala Sahitya Akademi

ളോടു വന്നു പറഞ്ഞപ്പോൾ. അവൻ പറകയുണ്ടായി, കാറെ അവളോടൊന്നിച്ചു കിടക്കുന്നതു കണ്ടിട്ടുണ്ടെന്നു്."

"അവൻ തിച്ചയായും കളവു പറഞ്ഞതാണു്, നിങ്ങളുടെ കന്നുകാലികളെ മേയ്ക്കുന്നവൻ," പോകുവാനായിത്തിരിഞ്ഞുകൊണ്ടു യോട്ടു് വീണ്ടും മറുപടി പറഞ്ഞു. എന്നാൽ ഉടൻതന്നെ അല്പം ദൂരെ മാറിനിന്നിരുന്ന മിലരോടു് എയോമവു് ഇങ്ങനെ ചോദിച്ചു: "ഗ്രെഫ്സിനിലെ കാറെ ഏതുവഴിക്കാണു് പോയതു്? വൈഗ_യോട്ടിനു് അയാളുമായി സംസാരിക്കേണ്ടിയിരിക്കും"

"ഓ, അയാൾ മറേറ ഐസ്ലാൻഡുകാരനുമൊന്നിച്ചു വാഡിന്തിലേയ്ക്കു പോയിക്കഴിഞ്ഞു" എന്നായിരുന്നു മറുപടി.

ആ കഷ്ടകാലയത്തിനു നേരെ കണ്ണോടിച്ചുകൊണ്ടു് അല്പനേരം യോട്ടു് നിശ്ചലനായി നിന്നു. കരു വൃത്തികെട്ട കുഴിയായിരുന്നു അയാൾ—കരു പ്രേതത്തെപ്പോലെ വിളറി രക്തത്തിൽ കുതിന്നങ്ങനെ.....അനന്തരം അയാൾ തിരിഞ്ഞു. അപ്പോൾ അയാൾ വേച്ചുവിഴാൻ പോയി. ആർണേയുടെ പുത്രന്മാർ അയാളെ തോളിൽ താങ്ങിപ്പിടിച്ചു് കരു കുതിരപ്പുറത്തു കയറിയിരുത്തി—അയാളിപ്പോൾ അവരോടൊന്നിച്ചു കുതിരയോടിച്ചു പോവുകയാണു്....ഗ്രൈംലുൺഡാറിലേയ്ക്കു്!

എട്ടു്

യോട്ടു് ഗ്രൈംലുൺഡാറിൽ താമസമാക്കിയതു വെറർലൈഡിനു് അത്ര രസമായില്ല. ഏതാനും ദിവസം

Digitized By Kerala Sahitya Akademi

കഴിഞ്ഞു് അയാഠം ഒരു ദിവസം അവിടെ ചെന്നു. അയാളുടെ ചാച്ചുക്കാരൻ മുകളിലത്തെ നിലയിലുള്ള ഒരു മുറിയിൽ കിടക്കുന്നതായിക്കണ്ടു. "ഞാൻ കാറെയുമായി കായ്മമെല്ലാം പറഞ്ഞു പൊരുത്തപ്പെടുത്തിയിട്ടുണ്ടു്. അയാളുമായി ഇനി വഴക്കൊന്നും കൂട്ടരുതെന്നു ഞാൻ തന്നോടു യാചിക്കുന്നു."

യോട്ടു് ഇതിനൊന്നും സമാധാനം പറഞ്ഞില്ല; പക്ഷേ, അല്പനേരംകഴിഞ്ഞു് അയാഠം ഇങ്ങനെ ചോദിച്ചു:

"ഇക്കായ്മത്തെ സംബന്ധിച്ചു വാഡിനിൽ അവർ എന്തു പറയുന്നു?"

"കാ, അത്രയധികമൊന്നുമില്ല," വൊറർലൈഡു് മറുപടി പറഞ്ഞു: "ഗ്രന്നാറിൽനിന്നതു പ്രതീക്ഷിച്ചിരുന്നതാണു്. അയാഠം ഉദാരമനസ്കനായ ഒരു മനുഷ്യനാണു്. നിന്റെ പെരുമാറ്റത്തെക്കുറിച്ചു് അയാഠം എന്താണു് വിചാരിക്കുന്നതെന്നു പറഞ്ഞുകേഠംക്കുവാൻ എനിക്കിഷ്ടം തോന്നുന്നില്ല."

യോട്ടു് അയാളുടെ പുതപ്പിൽനിന്നു രോമങ്ങഠം പിഴുതെടുത്തുകൊണ്ടു് ഏതാനും നിമിഷങ്ങഠം ഒന്നും മിണ്ടാതെ കിടന്നു. പിന്നിട്ടു്, തങ്ങളുടെ മേച്ചിൽക്കാരൻ കണ്ടതായി പ്രസ്താവിച്ച ആ കായ്മം ആർണെയുടെ പുത്രന്മാർ തന്നോടു പറഞ്ഞതു്, അയാഠം വൊറർലൈഡിനോടു പറഞ്ഞു.

"ഓഹോ, വലിയ ഘനം തുങ്ങുന്നതുതന്നെ എയോഠം വിന്റെ ഇടയന്റെ വൃത്തമാനം—അവന്റെ ആടുകളും

Digitized By Kerala Sahitya Akademi

അതുതന്നെയായിരിക്കും സംസാരം.” പുച്ഛസ്വരത്തിൽ വെറർലൈഡ് ഉപന്യസിച്ചു: “അസൂയാലുക്കളായ പ്രായംചെന്ന പെണ്ണുങ്ങളുടെ സമ്പ്രദായമാണിത്—ഇത്തരം കഥകൾ പറഞ്ഞു പരത്തുന്നത്; ഇത്തരത്തിലുള്ള ഏഭ്യരാശികളുമൊത്തു സഹവസിക്കുന്നതു തീഷ്ണയായും തനിക്കു ചീത്തയാണു്, യോട്ട്.”

“നിങ്ങൾക്കറിവുള്ള ആ സംഗതികളുണ്ടല്ലോ—അതിൽ എങ്ങനെയാണു് ഗ്രന്നാറിന്റെ മനസ്സിനു നിങ്ങൾ എന്നെങ്കിലും ചോദിച്ചറിയുകയുണ്ടായോ?” അല്പനേരം കഴിഞ്ഞു യോട്ട് ചോദിച്ചു. “അത്തരത്തിലുള്ള ചോദ്യങ്ങൾ ചോദിക്കുവാൻ പറ്റിയ ഒരവസരമല്ലിതു്—താനിവിടെ കിടക്കുമ്പോൾ.” വെറർലൈഡ് മറുപടി പറഞ്ഞു: “താനിപ്പോൾ എന്നോടൊന്നിച്ചു വാഡിനിലേയ്ക്കു പോരിക. അതാണു് നല്ലതു്.”

“എന്റെ നടുവിലൊരു വേദനയുണ്ടു്,” യോട്ട് പറഞ്ഞു: “എനിക്കു കുതിരപ്പുറത്തു കയറാൻ നിവൃത്തിയില്ല.”

“ഇങ്ങോട്ടു കുതിരപ്പുറത്തു തനിക്കു പോരാമെങ്കിൽ തീഷ്ണയായും മടങ്ങിപ്പോകുവാനും തനിക്കു സാധിക്കും,” വെറർലൈഡ് പറഞ്ഞു: “അതെ, വാഡിനിലേയ്ക്കു തിരിച്ചുപോകാൻ തനിക്കിഷ്ടം തോന്നാത്തതിലത്ഭുതമില്ല. എന്തുകൊണ്ടെന്നാൽ, ഇക്കായ്മത്തിൽ താൻ വലിയ ബഹുമതിയൊന്നും നേടിയിട്ടില്ല. പക്ഷേ അതു കണക്കാക്കേണ്ട. താനങ്ങോട്ടുതന്നെ തിരിച്ചു പോകണം. അതാണെന്റെ ഉപദേശം. തനിക്കും ഗ്രന്നാറിനും തമ്മിൽ ഒരു

Digitized By Kerala Sahitya Akademi

ശത്രുതയുണ്ടാക്കുവാൻ ആർണോയുടെ പുത്രന്മാർ ഉപായമാലോചിച്ചുകൊണ്ടിരിക്കുകയാണു്. അയാളോടു തനിച്ചെതിരിടുവാൻ അവക്കു ഭയമുണ്ടു്. അവർ തന്നെ അവരുടെ മുമ്പിൽ പിടിച്ചിടും—പക്ഷേ, അവർ അവരുടെ സ്വന്തം അഗ്നികുടത്തിനടുത്തിരുന്നു് അവരുടെ ചെമ്മരിയാടിന്റെ രോമം തുന്നിക്കൊള്ളട്ടെ. അവരുടെ ഉപായാലോചനകളെല്ലാം അവക്കുതന്നെ താൻ വിട്ടുകൊടുത്തേയ്ക്കുക.....എണീക്കു നമുക്കു പോകാം."

പക്ഷേ, കുതിരപ്പുറത്തു കയറാൻ തനിക്കു നിവൃത്തിയില്ലെന്നതന്നെ യോട്ടു് ശാഠ്യംപിടിച്ചു. ഭക്ഷണവും കുടിയും കഴിഞ്ഞു പോയാൽ മതിയെന്നു് ആർണോയുടെ പുത്രന്മാർ വെറാർലൈഡിനെ ക്ഷണിച്ചു. പക്ഷേ, അയാൾ അതിനു നില്ക്കാതെ ഉടൻതന്നെ കുതിരപ്പുറത്തു കയറി വാഡിനിലയ്ക്കു മടങ്ങിപ്പോയി.

വെറാർലൈഡു് പറഞ്ഞതുപോലെതന്നെ കായ്മം കലാശിച്ചു. യോട്ടിനു്, അദ്ദേഹത്തിന്റെ മകളെ വിവാഹം കഴിച്ചുകിട്ടിയാൽ കൊള്ളാമെന്നാശയുണ്ടെന്നു വെറാർലൈഡു് ഗ്രന്നാറെ അറിയിച്ചു. അതു കേട്ടു ഗ്രന്നാർ പറഞ്ഞു:

"ഹേ, ഐസ്‌ലാൻഡുകാരൻ, നാം തമ്മിൽ കുറെ സ്വരച്ചേർച്ചയില്ലാതായിത്തീരുന്ന കായ്മത്തിൽ എനിക്കു വലിയ വൈമനസ്യമുണ്ടു്. ഞാൻ നിങ്ങളെ അത്ര കായ്മമായിക്കരുതുകയും ബഹുമാനിക്കുകയും ചെയ്യുന്നു. പക്ഷേ, യോട്ടു് ഗിസ്സുഴ്സണിന്റെ ഇവിടത്തെ പെരുമാറ്റം കുറ

Digitized By Kerala Sahitya Akademi

ച്ചുകൂടി ഭേദപ്പെട്ട തരത്തിലാണു് വേണ്ടിയിരുന്നാതെന്നു് എനിക്കു പറയാതെ നിവൃത്തിയില്ല. അതു പോകട്ടെ. ഏതായാലും അയാളോടൊന്നിച്ചു കടലിനപ്പുറത്തു് എന്റെ മകളെ അയയ്ക്കുവാൻ ഞാനിഷ്ടപ്പെടുന്നില്ല. അതുപോലെതന്നെ ഗ്രൈംലുൺഡാറിൽനിന്നു് എന്റെ ജാമാതാവിനെ തേടിപ്പിടിക്കുവാനും ഞാൻ ആശിക്കുന്നില്ല."

"അതിൽ ആക്ഷേപം അത്ഭുതത്തിനവകാശമില്ല," വെറർലൈഡ് മറുപടി പറഞ്ഞു. ആ സംഗതിയെപ്പറ്റി പിന്നീടൊന്നുംതന്നെ സംസാരിക്കയുണ്ടായില്ല. അതുപോലെതന്നെ അവരുടെ സംസാരത്തിൽ ഒരു വാക്കുപോലും വിഗ്ഡിസ്സിന്റെ ചെവിയിൽ എത്തിയതുമില്ല.

ഒൻപതു്

ഗ്രൈംലുൺഡാറിൽനിന്നു യോട്ടിനെ തിരിച്ചുവിളിച്ചുകൊണ്ടുവരാൻ വെറർലൈഡ് പലതും പരിശ്രമിച്ചുനോക്കി. അനവധി പ്രാവശ്യം അയാൾ അതിനെക്കുറിച്ചു സംസാരിച്ചു. പക്ഷേ, ഓരോ ഘട്ടത്തിലും തനിക്കു തീരെ സുഖമില്ലെന്നു പറഞ്ഞു യോട്ടു് കഴിഞ്ഞുകളഞ്ഞതേയുള്ളൂ. അയാളുടെ തലയ്ക്കു വല്ലാത്ത വേദനയുണ്ടായിരുന്നു; അയാൾ ഛർദ്ദിക്കുകയും ചെയ്തിരുന്നു. വെറർലൈഡിന്റെ റോമെറിക്കിലേയ്ക്കുള്ള യാത്രയിൽ തനിക്കയാളോടൊന്നിച്ചു പോരുവാൻ തരപ്പെടുകയില്ലെന്നു യോട്ടു് പ്രസ്താവിച്ചു. വെറർലൈഡ് അവിടെ പോയി മടങ്ങിയെത്തി, തന്റെ കപ്പലിൽ, ഐസ്ലാൻഡിലേയ്ക്കു തിരിച്ചുപോകുവാൻ തയ്യാറായപ്പോൾ താൻ നോർവേയിൽത്ത

Digitized By Kerala Sahitya Akademi

ന്നെ തങ്ങിനില്ക്കുവാനാണാശിക്കുന്നതെന്നു യോട്ട് അയാളോടു പറഞ്ഞു. അതു കേട്ടപ്പോൾ അയാൾക്കും അവിടം വിടാൻ മൈമനസ്യംതോന്നി. "എന്തുകൊണ്ടെന്നാൽ," അയാൾ പറഞ്ഞു: "താനിവിടെ ആർണോയുടെ പുത്രന്മാരുമൊന്നിച്ചു താമസിച്ചാൽ, തനിക്കപമാനം വരുത്തിക്കൂട്ടുന്ന എന്തെങ്കിലും പ്രവൃത്തിയിലേയ്ക്കു തീവ്രയായും അവർ തന്നെ പ്രേരിപ്പിക്കും."

"നിങ്ങളതൊന്നും ഭയപ്പെടേണ്ട. യാതൊരു മനോവിചാരവുംകൂടാതെ നിങ്ങൾ പൊയ്ക്കോളൂ. എന്റെ ശരീരക്ലേശമെല്ലാം മാറിയിരിക്കുന്നു. എനിക്കിനി വടക്കോട്ട്, റോമെറിക്കിലേയ്ക്ക്, യാത്ര തിരിക്കാൻ ഒരു വിഷമവുമില്ല. അതുകഴിഞ്ഞു് 'കളാവു'രാജാവിനെയും, അദ്ദേഹത്തിന്റെ കൊട്ടാരത്തിലുള്ള എന്റെ വീട്ടുകാരേയും ചെന്നു കാണണമെന്നു ഞാൻ ഉറച്ചിട്ടുണ്ടു്. ആർണോയുടെ പുത്രന്മാർ എന്നിൽനിന്നു് ഒരു സഹായവും ആവശ്യപ്പെട്ടിട്ടില്ല; എന്നോടു സ്നേഹംകാണിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ."

"വടക്കോട്ടു പോകാമെന്നു തനിക്കെന്നോടു വാക്കുപറയാമോ?" വെറർലൈഡ് ചോദിച്ചു. യോട്ട് അങ്ങനെ വാക്കുകൊടുത്തു. അയാൾ സമീപപ്രദേശങ്ങൾ വിട്ടുപോയതിനോടുകൂടി വെറർലൈഡ് അയാളുടെ കപ്പലിൽ ഐസ്ലാൻഡിലേയ്ക്കു തിരിച്ചു. ഏറ്റവും സൗഹാർദ്ദത്തോടുകൂടിയാണു് അയാൾ ഗ്രന്നാറുടെ അടുത്തുനിന്നും വേർപെട്ടതു്. അവർ അന്യോന്യം വിലപിടിച്ച പല സമ്മാനങ്ങളും കൊടുക്കുകയുണ്ടായി. തെക്കൻദിക്കുകളിൽ പണിചെയ്യിച്ചെടുത്ത ഒരു കണ്ണാടിയും, സ്വർണ്ണം

Digitized By Kerala Sahitya Akademi

കൊണ്ടുള്ള ഒരു വസ്ത്രബന്ധിനിയും അയാൾ വിഗ്ഡിസ്സിനു സമ്മാനിച്ചു. യാത്രപറഞ്ഞു പിരിഞ്ഞ അവസരത്തിൽ ചിത്രവേലകാൾ തുന്നിപ്പിടിപ്പിച്ചിട്ടുള്ള ഒരു പുവന്ന പട്ടുമേലങ്കി അവൾ അയാൾക്കും സംഭാവനചെയ്തു.

പത്തു്

ഇല പൊഴിയുന്ന കാലം കഴിഞ്ഞിരിക്കുന്നു. വൈഗ_യോട്ട് മടങ്ങിയെത്തിയതായി ഒരു പ്രസ്താവം ആയിടയ്ക്കു നാട്ടിൽ പരന്നു. ഗ്രൈംലുൺഡാറിനും വാഡിനും മദ്ധ്യേയുള്ള കാട്ടിൽ, ഹെസ്റ്റ്ലോക്കെന്നിൽ, ടോർബ്ജോൽ എന്ന പേരോടുകൂടിയ ഒരാളോടൊന്നിച്ചാണു് അയാൾ താമസിച്ചതു്. പക്ഷേ, മിക്കപ്പോഴും അയാളെ കണ്ടിരുന്നതു് ആർണേയുടെ പുത്രന്മാരൊന്നിച്ചാണു്.

ഒരു ദിവസം സായാഹ്നത്തിൽ ഒരു ബാലൻ വാഡിനിലെത്തി. തനിക്കു വിഗ്ഡിസ്സിനെ ഒന്നു കണ്ടാൽ കൊള്ളാമായിരുന്നുവെന്നു് അവൻ അറിയിച്ചു. ഹെൽജെ എന്നായിരുന്നു അവന്റെ പേർ. ആ കഷ്ടകഭവനത്തിൽ നിന്നു് അധികം ദൂരത്തല്ലാത്ത കാട്ടിൽ താമസിക്കുന്ന ഒരു സാധുസ്ത്രീയുടെ മകനാണവൻ. അവന്റെ അമ്മ ദീനം പിടിച്ചു കിടപ്പാണു്. തനോടൊന്നിച്ചുവന്ന ഭയവുചെയ്തു് അവൾക്കെന്തെങ്കിലും ഒരു സഹായം ചെയ്യാമോ എന്നവൻ വിഗ്ഡിസ്സിനോടു ചോദിച്ചു. അക്കായ്ത്തിനും ഈ ശയാണു്—വാഡിനിലെ ഗൃഹഭരണം കയ്യേറിരുന്ന, അവളുടെ പോറ്റമ്മയുടെ പേർ അങ്ങനെയായിരുന്നു—കുറച്ചുകൂടിപ്പറിയതെന്നും, അവൾ അവനോടൊന്നിച്ചു

Digitized By Kerala Sahitya Akademi

പോകുന്നതാണു് കൂടുതൽ പ്രയോജനപ്രദമെന്നും വിഗ്ഡിസ് മറുപടി പറഞ്ഞു. പക്ഷേ, തന്റെ മാതാവു വിഗ്ഡിസ്സിനെത്തന്നെ കാണുവാനാണാഗ്രഹിക്കുന്നതെന്നു പറഞ്ഞു് അവൻ ശാഠ്യംപിടിച്ചു; അവൾക്കു് അച്ഛനോടു് എന്തോ ചിലതു പറയുവാനുണ്ടത്രേ. അനന്തരം വിഗ്ഡിസ് ഒരു മേലുടുപ്പും ധരിച്ചു ഹെൽജേയോടൊന്നിച്ചു പുറപ്പെട്ടു.

അവർ വെളിയിലെത്തിയപ്പോൾ ഇരുട്ടായിരുന്നു. ആദ്യം അവർ റോഡിൽക്കൂടി നടന്നുപോയി. പക്ഷേ പിന്നീടു് ആ ബാലൻ കാടുകളുടെ വക്കിലേയ്ക്കു തിരിഞ്ഞു. അവൻ പറഞ്ഞു: അന്നു് ഒക്ടോബർ അവസാനത്തെ ദിവസമായതിനാൽ വയലുകൾ ഈറ്റുപിടിച്ചു കിടക്കുകയാണെന്നു്—കടന്നുപോകാൻ വലിയ പ്രയാസമാണെന്നു്. കന്നുകാലികൾ നടന്നുപോകുന്ന ഒരു വഴിച്ചാലോടുകൂടിയ ആ വനത്തിൽ അവർ എത്തിയപ്പോഴേയ്ക്കും ഒരു മനുഷ്യൻ അവരുടെ അടുത്തേയ്ക്കു നടന്നുവന്നു. ആരാണെന്നു വിഗ്ഡിസ് ചോദിച്ചു.

"ഞാൻതന്നെ," മനുഷ്യൻ മറുപടി പറഞ്ഞു: "യോട്ടു്."

അപ്പോൾ തന്റെ കൈ പിൻവലിച്ചു് അപ്പനെന്നും കാടിക്കളയുവാനായി ബാലൻ ശ്രമിച്ചുനോക്കി; പക്ഷേ വിഗ്ഡിസ് അവനെ മുറുക്കിപ്പിടിച്ചുകൊണ്ടു് ചോദിച്ചു:

"ഈ മനുഷ്യനാണോ എന്നെ വിളിച്ചുകൊണ്ടുവരുവാൻ നിന്നെ അയച്ചതു്?"

Digitized By Kerala Sahitya Akademi

ബാലൻ ഒന്നും മറുപടി പറഞ്ഞില്ല; പക്ഷേ, യോട്ട് പറഞ്ഞു:

"ഞാനങ്ങനെ ചെയ്തു; അവൻ ഈശായെ കൂട്ടിക്കൊണ്ടുവരാനാണു് അങ്ങോട്ടു പുറപ്പെട്ടതു്; പക്ഷേ നീയുമായി അല്പം സംസാരിക്കാമല്ലോ എന്നു കരുതി ഞാനതു് ഇത്തരത്തിലാക്കിത്തീർക്കാൻ അവനെ നിർബ്ബന്ധിച്ചു. എന്തുകൊണ്ടെന്നാൽ, തനിച്ചു നീയുമായി എന്തെങ്കിലും എനിക്കു സംസാരിക്കണമെങ്കിൽ വാഡിനിൽ നിന്നെ അന്വേഷിച്ചുവന്നിട്ടു വലിയ പ്രയോജനമൊന്നുമുണ്ടാവുകയില്ലെന്നു ഞാൻ ഊഹിച്ചു."

"എന്നെ അന്വേഷിച്ചുപിടിക്കുവാൻ ബഹു വിചിത്രമായ ഒരു മാർഗ്ഗംതന്നെ നിങ്ങൾ തെരഞ്ഞെടുത്തതു്" വിഗ്ഡിസ് പ്രതിഷേധം പ്രകടമാക്കി.

"അതെ,....പക്ഷേ, മറെറാരു പോംവഴിയും ഞാൻ കണ്ടില്ല" യോട്ട് പറഞ്ഞു: "നിന്നെയൊന്നു കണ്ടുമുട്ടുവാനുള്ള തക്കം നോക്കിക്കൊണ്ടു ഞാൻ നിൻെറ വീടിനു ചുറും ഏറെച്ചുറിക്കറങ്ങിയിട്ടുണ്ടു്."

ബാലൻ വീണ്ടും അവരുടെ അടുത്തുനിന്നും കാടിപ്പോകാൻ ശ്രമിച്ചു; പക്ഷേ വിഗ്ഡിസ് അവൻെറ കയ്യിലുള്ള പിടുത്തം ഒന്നുകൂടി മുറുക്കി; അനന്തരം യോട്ട് അവളോടു യാചിച്ചു:

"വിട്ടു, പാവം പയ്യൻ! അവൻ പോകട്ടെ. ഇവിടെ എന്നോടൊന്നിച്ചു നില്ക്കുന്നതിൽ നിനക്കു ഭയമില്ലെന്നു

Digitized By Kerala Sahitya Akademi

ഞാൻ വിചാരിക്കുന്നു. ഞാൻ യിന്നെ വീട്ടിൽ കൊണ്ടു വന്നാക്കാം.”

“എന്നാൽ പോ,” വിഗ്ഡിസ് ഫെൽജേയോടു പറഞ്ഞിട്ടു യോട്ടിന്റെ നേക്കു തിരിഞ്ഞു്, “ഇപ്രകാരം സൂത്രപ്പണിയെടുത്തു നിങ്ങൾക്കെന്നെ കാട്ടിനുള്ളിൽ കൊണ്ടുവരേണ്ടതായിവന്നു. ആട്ടെ, എന്താണു് നിങ്ങൾക്കെന്നോടു പറയുവാനുള്ളതു്?”

“നിനക്കു നല്ലപോലറിയാമല്ലോ, എന്താണു് നിന്നോടെനിക്കു പറയാനുള്ളതെന്നു്”—ഇതായിരുന്നു യോട്ടിന്റെ മറുപടി.

വിഗ്ഡിസ് ഒന്നും മറുപടി പറഞ്ഞില്ല; യോട്ടു് തുടർന്നു:—“എനിക്കിതറിയാം, നിന്നിൽനിന്നു് അധികമധികം അകന്നിരിക്കുംതോറും ഞാൻ അധികമധികം തീവ്രയോടെ നിന്നെ കാണുവാനാശിക്കുന്നു. നീ എന്റെ ഹൃദയത്തിൽനിന്നും വിട്ടുപോകുന്ന ദിവസം ഒരു കാലത്തും എത്തിച്ചേരുകയില്ല.”

മറുപടി പറഞ്ഞപ്പോൾ വിഗ്ഡിസ് കരയാൻ തുടങ്ങി. “പിന്നെന്തിനാണു് നിങ്ങൾ എന്റെ അച്ഛനമായി അകന്നുമാറിയതു്?”

“വിധി അങ്ങനെ നിശ്ചയിച്ചു,” യോട്ടു് പറഞ്ഞു: “ഗ്രെഫ്സിനിലെ കാരെ നിന്നെ വിവാഹം കഴിക്കുവാൻ പൊകുന്നുവെന്നു് ഇവിടങ്ങളിൽ ഒരു കോലാഹലമുണ്ടല്ലോ.”

“എന്നാൽ പിന്നെ, അന്നാ സായാഹ്നത്തിൽ എന്റെ മുറിയിൽവെച്ചു നിങ്ങളെന്നോടു സംസാരിച്ച അവ

Digitized By Kerala Sahitya Akademi

സരത്തിൽ അങ്ങനെ. നിങ്ങളെ ഞാൻ സ്വീകരിക്കുമായിരുന്നു എന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?" വിഗ്ഡിസ് പറഞ്ഞു: "പക്ഷേ നിങ്ങൾ ആദ്യമായിച്ചെയ്ത പ്രവൃത്തി നമുക്കുണ്ടായിട്ടുള്ളതെല്ലാം നശിപ്പിച്ചുകളയുകയായിരുന്നു."

"അതേ, അതു തീരെ നന്നായില്ല," യോട്ട് മറുപടി പറഞ്ഞു: "പക്ഷേ, കാറെയുടെ ഈ കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കേണ്ടതു നിന്റെ പിതാവല്ലേ എന്നാണ് ഞാൻ ആലോചിക്കുന്നത്."

"ഞാൻ സ്വയം തെരഞ്ഞെടുക്കുന്ന ആളെയല്ലാതെ മറാരേയും ഞാൻ വിവാഹം കഴിച്ചുകൊള്ളണമെന്നു ഗ്രന്നാർ നിർബ്ബന്ധിക്കുകയില്ല."—വിഗ്ഡിസ് പറഞ്ഞു.

"എന്നാൽ എന്നെ നീ സ്വീകരിക്കുമോ?" യോട്ട് ചോദിച്ചു.

വിഗ്ഡിസ് മറുപടി പറഞ്ഞു: "ഉവ്വ്, തീർച്ചയായും. അതു നടപ്പുള്ള കാര്യമാണെങ്കിൽ."

"ഹാ, എന്നാൽ പിന്നെ അതു നടപ്പില്ലാത്ത കാര്യമായിത്തീരുന്നെങ്കിൽ, അതു ബഹു വിചിത്രംതന്നെയാണ്," അവളുടെ കൈപിടിച്ചുയത്തിക്കൊണ്ട് അത്യാഹ്ലാദത്തോടെ യോട്ട് പ്രസ്താവിച്ചു. അയാൾ കരുവൃക്ഷത്തിന്റെ ചേരിന്മേൽ ഇരുന്നിട്ട് അവളെ പിടിച്ചു മടിയിലിരുത്തി. അവൾ അയാളുടെ കണ്ണത്തിൽ കൈകോർത്തു അയാളെ ചുംബിച്ചു. യോട്ട് അവളെ വിടുകയില്ല. അയാൾ അവളെ തുരുതുരെ ചുംബിക്കാൻ തുടങ്ങി. അയാളുടെ ചുംബനങ്ങൾക്കു മൂടൽ കൂടിക്കൂടിവന്നു.

Digitized By Kerala Sahitya Akademi

അവർക്കു ഭയംതോന്നി. തനിക്കു വീട്ടിലേയ്ക്കു പോകണമെന്നവർ പറഞ്ഞു.

"ഞാൻ നിന്നോടൊന്നിച്ചു വരുന്നതായിരിക്കും അധികം നല്ലതു്. എന്നാൽ ഈ സായാഹ്നത്തിൽത്തന്നെ എനിക്കു നിന്റെ പിതാവിനെക്കാണാൻ സാധിക്കും. കഴിയുന്നതും വേഗത്തിൽ നല്ല മനുഷ്യനായ ഗ്രന്നാറുമായി ഇക്കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കുവാൻ ഞാൻ ഉറച്ചിരിക്കുന്നു."

"അങ്ങനെ ചെയ്യരുതു്," വിഗ്ഡിസ് അയാളോടു യാചിച്ചു: "നിങ്ങൾ തനിച്ചേ ഉള്ളൂ. ആ കുന്തമല്ലാതെ നിങ്ങളുടെ കയ്യിൽ മറെറാരായുധവുമില്ല."

യോട്ട് പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു: "കൊള്ളാം, അതു പോരെന്നാണോ നിന്റെ വിചാരം? പക്ഷേ, ഗ്രന്നാറും ഞാനും തമ്മിൽ കൈവെയ്ക്കേണ്ടതായിട്ടാണു് വന്നുകൂടുന്നതെങ്കിൽ, അതു് ആകപ്പാടെ അനർത്ഥത്തിലേ അവസാനിക്കൂ."

വിഗ്ഡിസ് ഒരു നിമിഷനേരം ആലോചിച്ചിട്ടു പറഞ്ഞു:

"വടക്കൻപ്രദേശത്തു രാജാവിനോടൊന്നിച്ചു ധാരാളം ഐസ്ലാൻഡുകാരുണ്ടെന്നു ഞാൻ പറഞ്ഞുകേട്ടിട്ടുണ്ടു്; അവരിൽ ആരേയെങ്കിലും നിങ്ങൾക്കറിയാമോ?"

"തീച്ചയായും— എനിക്കറിയാം," യോട്ട് മറുപടി പറഞ്ഞു: "ടോർളാവും ഗിസ്സുർടോർബ് ജോൺസ്സുണുമുണ്ടു്; അവർ എന്റെ പോറച്ഛന്റെ മക്കളാണു്."

Digitized By Kerala Sahitya Akademi

"നിങ്ങൾക്കു പോയി അവരുമായിട്ടൊന്നു സംസാരിക്കരുതോ?" വിഗ്ഡിസ് ചോദിച്ചു. "നിങ്ങളുടെ കാര്യത്തിൽ അവർ മദ്ധ്യസ്ഥരായി വന്നു് അച്ഛനുമായി് സംസാരിക്കുന്നപക്ഷം, സംഗതി വലിയ പ്രയാസംകൂടാതെ സാധിക്കും."

"ഈ ഭാഗങ്ങളിൽനിന്നെന്നെ കാടിക്കുവാൻ നിനക്കല്പം ധൃതിയുണ്ടു്," യോട്ടു് പറഞ്ഞു. അയാൾ വീണ്ടും അവളെ പിടിച്ചു മടിയിലിരുത്തി. അവൾ കരയാൻ തുടങ്ങി. വിഗ്ഡിസ് പറഞ്ഞു:

"ആർക്കും നിയന്ത്രിക്കാൻ കഴിയാത്ത ഒരു പ്രകൃതക്കാരനാണു് നിങ്ങൾ. അങ്ങനെയുള്ള നിങ്ങൾ തനിയേ ഈ വിവാഹാലോചനയുമായി ചെന്നാൽ കാര്യമെല്ലാം കുഴപ്പമായേയ്ക്കുമെന്നു് എനിക്കു ഭയമുണ്ടു്. ഗ്രന്നാറാണെങ്കിൽ ഇപ്പോൾ നിങ്ങളോടു കോപിച്ചിരിക്കുകയുമാണു്. നിങ്ങൾക്കു പിൻബലവും ഉപദേശവും തരാൻ പ്രാപ്തിയുള്ള ആരെങ്കിലും ഒരാൾ നിങ്ങളുടെകൂടെ ഉണ്ടായിരിക്കുന്നതു വളരെ നന്നായിരിക്കുമെന്നു് എനിക്കു തോന്നുന്നു."

യോട്ടു് അവളെ അങ്കതലത്തിൽനിന്നു് ഉന്തിനീക്കി. അവൾ കരഞ്ഞുകൊണ്ടു വീട്ടിലേയ്ക്കു പുറപ്പെട്ടു. യോട്ടു് ഒരടി പിന്നിലായിട്ടവളെ അനുഗമിച്ചു. അല്പനേരം കഴിഞ്ഞു് അയാൾ പറഞ്ഞു:

"നിനക്കറിയാമല്ലോ, വലിയ ഒരു ദൂരയാത്രയാണു് ഇതിൽ വേണ്ടിവരുന്നതെന്നു്. പോരെങ്കിൽ ശീതകാലം വരാറുമായി; എങ്കിലും, വിഗ്ഡിസ്, നീ പറയുംപോലെ

Digitized By Kerala Sahitya Akademi

ഞാൻ ചെയ്യാം. പക്ഷേ, ഈ തെക്കൻദിക്കിലേയ്ക്കു ടോർബ് ജോൺസ്സുണ്ടും മറ്റും എന്നോടൊന്നിച്ചു പുറപ്പെടുന്ന കാര്യം ഉറപ്പു കരുതിക്കൂടാ. അങ്ങനെ വന്നാൽ പിന്നെ ഞാനെന്തു ചെയ്യും?"

"ശരി, അപ്പോഠം നിങ്ങഠം തനിച്ചുതന്നെ പ്രയത്നിക്കണം," വിഗ്ഡിസ് പറഞ്ഞു. അവഠം തിരിഞ്ഞു് അയാളുടെ കൈ കടന്നുപിടിച്ചു. അവർ വാഡിന്നഭിമുഖമായി നടന്നുപോയി. താൻ വടക്കൻദിക്കിലേയ്ക്കു പോകാമെന്നും പിറേറ ദിവസംതന്നെ പുറപ്പെടുന്നതാണെന്നും അവഠംക്കു വാക്കുകൊടുത്തു. പടിവാതിൽക്കൽവെച്ചു് അവർ വേർപിരിഞ്ഞു. പക്ഷേ, പോകുന്നതിനുമുമ്പു്, തനിക്കു് ഒരിക്കൽക്കൂടി അവളെ കണ്ടാൽ കൊള്ളാമെന്നു യോട്ടു് പറഞ്ഞു. അയാഠം അവളുടെ തലമുടിയാകമാനം രണ്ടു കൈകളിലും എടുത്തു തന്റെറ കഴുത്തിന്നും കൈകഠംക്കും ചുറ്റുമായി ചുറ്റിപ്പിണച്ചിട്ടു.

"നാളെ നീ ബലിക്കാവിൽ വരണം. എത്രകാലമായി ഞാൻ നിന്നെ ഒരു നോക്കൊന്നു കണ്ടിട്ടു'! ഇന്നാണെങ്കിൽ, നല്ല ഇരുട്ടു്!—പക്ഷേ, നാളെ ഞാനിവിടെ സൂര്യൻ അസ്തമിക്കുന്നതിനു മുൻപു വരാം. കഴിഞ്ഞ പ്രാവശ്യം ആ സ്ഥലത്തുവെച്ചുണ്ടായ നമ്മുടെ സന്ദർശനാവസരത്തിൽ നീ ഒരു സാധനം അവിടെ ഇട്ടിട്ടു പോയി. അതു ഞാൻ നിനക്കു മടക്കിത്തരാം. ഞാനതു ഭദ്രമായി സൂക്ഷിച്ചിട്ടുണ്ടു്. വേണ്ടിവന്നാൽ, അതു മടക്കിത്തരുവാനാണെന്നെങ്കിലും പറഞ്ഞുകൊണ്ടു്, നിന്നെ വന്നു കാണാമല്ലോ എന്നു ഞാൻ ഉദ്ദേശിച്ചു."

Digitized By Kerala Sahitya Akademi

"എന്തായിരിക്കുമത്? എനിക്കു മനസ്സിലാകുന്നില്ല." വിഗ്ഡിസ് പറഞ്ഞു. കാണുമ്പോൾ മനസ്സിലാകുമെന്നു യോട്ട് ചിരിച്ചുകൊണ്ടു പ്രസ്താവിച്ചു.

അങ്ങനെ പറഞ്ഞു് അവർ അങ്ങിങ്ങു പിരിഞ്ഞു പോയി.

പതിനൊന്നു്

വിഗ്ഡിസ് ഭവനത്തിൽ എത്തിയപ്പോൾ നേരം വളരെ വൈകിയിരുന്നതിനാൽ എല്ലാവരും കിടക്കാൻ പോയിക്കഴിഞ്ഞിരുന്നു. അവൾ നേരെ അവളുടെ മുറിയിലേയ്ക്കു പോയി. ഈസാ അവൾക്കു പാലും റൊട്ടിയും കൊണ്ടുവന്നു കൊടുത്തു. അവൾ ഭക്ഷണം കഴിക്കുകയും കുടിക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ ആസ്റ്റ്റിഡിനു് എങ്ങനെയിരിക്കുന്നുവെന്നു് ഈസാ ചോദിച്ചു:

"നാളെ നിങ്ങൾ അവളെ പോയിക്കാണണം," വിഗ്ഡിസ് പറഞ്ഞു. അല്പനേരം കഴിഞ്ഞവൾ തുടർന്നു: "ഇന്നു വൈകുന്നേരം അതുവരെ ഞാൻ ചെന്നൊത്തിയില്ല."

"എങ്ങനെയാണു് നിനക്കു വഴിതെറ്റിപ്പോയതു്?" ഈസാ ചോദിച്ചു.

"അതൊന്നുമല്ല," വിഗ്ഡിസ് മറുപടി പറഞ്ഞു ഏതാനും നിമിഷങ്ങൾ അവൾ മൌനം ഭജിച്ചു; പക്ഷേ, പിന്നീടവൾ പറഞ്ഞു: "ഇവിടെയുള്ള ആ വയലുകളിൽ

Digitized By Kerala Sahitya Akademi

വെച്ചു ഞാൻ യോട്ടിനെ കണ്ടുമുട്ടി; വർത്തമാനം പറഞ്ഞു കൊണ്ടു നിന്നു.''

ഇതു കേട്ട് അവിടെ പാത്രങ്ങളും ചട്ടികളും കഴുകി ക്കൊണ്ടു നിന്നിരുന്ന ഒരു സ്ത്രീ പറയാൻ തുടങ്ങി—അവളുടെ പേർ ടോർബ്'ജോർഗ് എന്നായിരുന്നു; അവിടത്തെ പ്രധാനവേലക്കാരനാണ് അവളെ വിവാഹം കഴിച്ചിരുന്നതു്.

''ഇങ്ങനെയൊന്നു ഞാൻ ഒരിക്കലും കേട്ടിട്ടില്ല; ആ യോട്ട് ഈ സ്ഥലത്തു തുങ്ങിപ്പിടിച്ചുകൂടിയിട്ടുണ്ടോ? എന്നാൽ മുന്നറിയിപ്പു തരുന്നു, അയാൾ എന്തോ കുസൃതി കരുതിയിട്ടുണ്ടു്.''

''ഓ, അങ്ങനെ പീഞ്ഞത്തം കരുതാനൊന്നുമില്ല, തീച്ചയാണു്, എനിക്കറിയാം,'' ഒരു പിരിയോട്ടുകൂടി വിഗ്ഡിസ് പറഞ്ഞു.

''അയാളെ സൂക്ഷിച്ചുകൊള്ളു, വിഗ്ഡിസ്'' ആ സ്ത്രീ തുടർന്നു. അവൾ പതുക്കെ ബെഞ്ചിനടുത്തേയ്ക്കു വന്നു. ''കുറച്ചു നാളുകഴിയട്ടെ, അയാൾ—അയാളും പറയും അയാൾ നിന്നെ ഭോഗിച്ചിട്ടുണ്ടെന്നു്—''

ഈസാ അവളോടു മിണ്ടാതിരിക്കാൻ പറഞ്ഞു; ''വൈഗ_യോട്ടിനെക്കുറിച്ചുള്ള വർത്തമാനമൊന്നും ഇവിടെ കേൾക്കണ്ട. നമുക്കിവിടെ അയാളുമായിട്ട് ഇനി യാതൊരു കാര്യവുമില്ല. അങ്ങനെയുള്ള സംഗതികളിൽനിന്നു് എന്തെല്ലാമാണുണ്ടാകുന്നതെന്നു് ആർക്കും പറയാൻ കഴിയുകയില്ല.''

Digitized By Kerala Sahitya Akademi

"എന്തിനു്, വിഗ്ഡിസ് ഇനിയൊരു കൊച്ചുകുഞ്ഞൊന്നുമല്ല, വയസ്സു പതിനെട്ടു കഴിഞ്ഞു," ടോർബ് ജോർഗ് പറഞ്ഞു: "അവഠം കേഠംക്കുന്നതാണു് നല്ലതു്— എന്നാലവഠംക്കു കരുതിയിരിക്കാം. അതൊക്കെയങ്ങു വിശ്വസിക്കാൻ ആളുകളെത്ര പൊങ്ങച്ചക്കാരാകുന്നതു മഹാകഷ്ടമാണു്—അയാഠം ഈ പ്രദേശങ്ങളിൽ കിടന്ന കാലത്തു കുറെ പാട്ടുകഠം ഉണ്ടാക്കിയിട്ടുണ്ടു്; അവയെല്ലാം വിഗ്ഡിസ്സിനെക്കുറിച്ചാണു്—കാരെ വിഗ്ഡിസ്സിനെ കൊള്ളചെയ്തിട്ടുണ്ടെന്നു കഥ പാത്തിയതും മറാരുമല്ല, യോട്ടാണു്. പക്ഷേ, തങ്ങളുടെ പിടിയിൽനിന്നകന്നു നില്ക്കുന്ന വസ്തുക്കളെ കൊച്ചുകുഞ്ഞുങ്ങഠം, കൊഞ്ഞനംകുത്തിപ്പരിഹസിക്കുന്നതുപോലെയാണു് അയാളുടെ പെരുമാറ്റമെന്നുള്ളതു് എല്ലാവക്കും നന്നായറിയാം."

"യോട്ടു് ഒരിക്കലും അതു പറഞ്ഞിട്ടില്ല," ഈസാ പറഞ്ഞു: "ആർണേയുടെ മക്കളാണു് ആ കഥ കെട്ടിപ്പുറപ്പെടുവിച്ചതു്; നാടൊട്ടുക്കു ദുഷ്പ്രവാദവും ചുമന്നുകൊണ്ടു നടക്കുന്നതു് അവന്മാരാണു്."

വിഗ്ഡിസ് ബെഞ്ചിന്റെ പുറത്തു് ഇരുന്നു. അവർ സംസാരിക്കുമ്പോഠം അവളുടെ മുഖം മാറിമാറി ചുവക്കുകയും വെളുക്കുകയും ചെയ്തു. "യോട്ടു് എന്നെക്കുറിച്ചു് കാരൊറ വാക്കു പറഞ്ഞിട്ടുണ്ടെന്നു ഞാൻ ഒരിക്കലും വിശ്വസിക്കുകയില്ല," അവഠം പറഞ്ഞു:

അനന്തരം ടോർബ് ജോർഗ് പാടി:—

"കൺമണിയവഠംതൻ പിതാവിന്റെ
കമ്രസൽക്കാരശാലയിൽ,

Digitized By Kerala Sahitya Akademi

ആ നതാംഗിതന്നന്തികത്തന്നു
ഞാനിരിക്കുന്ന വേളയിൽ,

മന്ദമന്ദം പുളകപൂർവ്വകം
മന്ദഹാസസമന്വിതം,

മോടിവാച്ചൊരാച്ചൂണ്ണകേശങ്ങളാം
മാടിമാടിയൊതുക്കി ഞാൻ!

നിശ്ചലം, നിദ്രാലോലുപം, ഗേഹം,
നിർജ്ജനം, നിശീഥാന്തരം—

ഞാനും,മെൻ ചാരെപ്പുഞ്ചിരി പെയ്യുന്ന
പ്രാണനായീട്ടുമോമലും;

ആ നിശീഥാന്തരംഗകം, ഹാ, ഹാ
മാനസോത്സവദായകം!

തങ്ങിനില്ക്കുമാ രാത്രിയെൻമനോ-
രംഗവീഥിയിലെന്നുമേ!

പക്ഷേ, ഞാനൊരിക്കലും കേട്ടിട്ടില്ല എയോഥംവ് ആർണെസൺ കരു പാട്ടെഴുത്തുകാരനാണ് എന്നു്."

വിഗ്ഡിസ് കന്നും മറുപടി പറഞ്ഞില്ല. ടോർ ബ്ജോർഗ് തുടർന്നു:—

"പ്രണയാർദ്രർ, മൗനമായവ-
രിരുന്നു—അവർ

വനവീഥിയിൽ വാഴുമാ-
പ്പൈങ്കിളികഥ!—

Digitized By Kerala Sahitya Akademi

ദിവസങ്ങൾ വളരെ..
കൊടുന്നിരുന്നു
സഖിലാസശ്രീഷ്മം
പറന്നിരുന്നു.

അഴകിയനാടവിയിൽ നിള്ള
മാത്തേനൊലി–
പ്പുഴമേറെയെനിയ്ക്കോമൽ–
പരിചൃതന്നു.

അമൃതസമാനങ്ങൾ മധുരങ്ങൾ,–
ളവ ഞങ്ങ–
ളുമിതകൃതകത്തോ–
ടെടുത്തു തിന്നു.

കിളിവേട്ടയിലിയലുന്നതിലധികം
രസകരമാണ–
ക്കളമൊഴിയുമൊന്നി–
ച്ചെഴും വിനോദം!"

"ഇന്നു സായാഹ്നത്തിലേയ്ക്കുവേണ്ടിടത്തോളം പാട്ടു കഥ ഇപ്പോഥം ഞാൻ കേട്ടുകഴിഞ്ഞു." വിഗ്ഡിസ് പ്രസ്താവിച്ചു. അവഥം പോയിക്കിടക്കമേൽ കിടപ്പായി. ഈസാ അവളോടൊന്നിച്ചു ചെന്നു കിടന്നു; അന്നു രാത്രി വിഗ്ഡിസ്സിനു് അത്രയധികം ഉറക്കമൊന്നുമുണ്ടായില്ലെന്നു് അവഥംക്കു നല്ലപോലെ മനസ്സിലായി; പക്ഷേ, വിഗ്ഡിസ് അനങ്ങാതെ കിടന്നുതയുള്ളു; ഒന്നും മിണ്ടിയില്ല.

Digitized By Kerala Sahitya Akademi

പിറേദിവസം വിഗ്ഡിസ് ഗ്രന്നാറുടെ സമീപം ചെന്നു്, തൊട്ടടുത്തുള്ള കരിരിപ്പിടത്തിൽ ആസനസ്ഥ യായി. അവർ ചോദിച്ചു:

"ചെറർലൈഡിന്റെ ചാച്ചക്കാരനായ യോട്ട് ഗിസ്സേഴ്സൺ ഇവിടെ വന്നു്, അച്ഛന്റെ മകളെ വിവാഹം കഴിച്ചു തരേണമെന്നപേക്ഷിച്ചാൽ അച്ഛൻ എന്തു മറുപടി കൊടുക്കും?"

"അവൻ ആദ്യംതന്നെ ഇവിടെ, എന്റെ വീട്ടിൽ, കന്നു വരട്ടെ," ഗ്രന്നാർ മറുപടി ചോദിച്ചു: "അപ്പോഠം അവൻ എന്നും കാക്കുന്ന മട്ടിലൊരു മറുപടി ഞാൻ കൊടുക്കാം. പക്ഷേ, ഇപ്പോഠം എന്റെ മുമ്പിൽ അവന്റെ മുഞ്ഞി കാണിക്കാൻ അവനത്ര ധൈര്യം കാണുമെന്നു് എനിക്കു തോന്നുന്നില്ല."

"പക്ഷേ, കാറെയും യോട്ടും തമ്മിലുള്ള ആ കായ്മ അവർ തമ്മിൽത്തന്നെ പറഞ്ഞൊതുക്കിക്കഴിഞ്ഞല്ലോ."

"ചെറർലൈഡാണു് കാറെയെപ്പറഞ്ഞു സമാധാനിപ്പിച്ചു് കരുതരത്തിൽ കായ്മ കലാശിപ്പിച്ചതു്," ഗ്രന്നാർ മറുപടി പറഞ്ഞു: "അല്ലാതെ യോട്ടല്ല. എന്റെ സൗഹാർദ്ദത്തിനു് ഇത്രയും നീചമായ വിധത്തിൽ ഇതുവരെ മറാരും പ്രതിഫലം തന്നിട്ടില്ല."

"എയോഠവും നമ്മളും തമ്മിൽ നടന്നിട്ടുള്ളതൊന്നും അയാഠം അറിഞ്ഞിരിക്കാൻ തരമില്ല," വിഗ്ഡിസ് പറഞ്ഞു.

Digitized By Kerala Sahitya Akademi

"ശരി നടന്നിട്ടുള്ളതെന്തല്ലാമാണെന്നു് ഇന്നി പ്പോൾ അവനു നല്ലപോലെയറിയാം," ഗ്രന്നാർ പ്രതി വചിച്ചു: "അതുപോലെതന്നെ നടക്കാത്തതും കുറെയേറെ. പക്ഷേ, ഞങ്ങളിപ്പോൾ—കാറെയും ഞാനും—ആലോ ചിച്ചുറച്ചിട്ടുള്ളതു ഹെസ്റ്റർലോക്കെന്നിൽപ്പെന്നു് അ വനെ അന്വേഷിച്ചു പിടിക്കുവാനാണു്. അവന്റെ വാ യിലുള്ള പല്ലു മുഴുവൻ ഞാൻ തുപ്പിക്കും; അപ്പോൾ നമു ക്കു കാണാം എന്തുകവിതകളാണു് അവനിനി ഉണ്ടാക്കാൻ പോകുന്നതെന്നു്."

"അതൊരിക്കലും പാടില്ല," വലിയ ഭയത്തോടുകൂ ടി വിഗ്ഡിസ് പറഞ്ഞു. പക്ഷേ, ഗ്രന്നാർ ആജ്ഞാ പിച്ചു:

"ഇനിമേൽ നീ അവനുമായി മിണ്ടിക്കൂടാ; നിന്നിൽ നിന്നു് അവനെക്കുറിച്ചു് ഒന്നുംതന്നെ ഞാനിനി കേൾ ക്കുകയില്ല."

വിഗ്ഡിസ് ഒന്നും മിണ്ടിയില്ല. അവൾ ഇറങ്ങി വെളിയിലേയ്ക്കു പോയി.

പന്ത്രണ്ടു്

പിറേറന്നു പകൽ മുഴുവനും അവൾ ചിന്താമഗ്നയാ യി തന്റെ മുറിക്കുള്ളിൽത്തന്നെ കഴിച്ചുകൂട്ടി. അവൾക്കു് എന്തെന്നില്ലാത്ത ഭയവും സംഭ്രമവും തോന്നി. യോട്ടി നെ പ്പെന്നു കാണണമോ വേണ്ടയോ എന്നവൾ അറി ഞ്ഞില്ല. എന്നാൽ സൂയ്ൻ എത്രാണ്ടസ്സമനത്തോടടുത്ത

Digitized By Kerala Sahitya Akademi

പ്പോഠം ഒരു മേലുടുപ്പുമെടുത്തിട്ടു വെളിയിൽ മുറ്റത്തേയ്ക്കിറങ്ങി.

തലേനാഠം രാത്രി അതികഠിനമായ ഹിമപാതമുണ്ടായിരുന്നതിനാൽ കടൽത്തീരത്തു ധവളവർണ്ണമായ മൂടൽമഞ്ഞു തങ്ങിനിൽക്കുന്നുണ്ടായിരുന്നു. കുന്നുകഠംക്കു മുകളിൽ, അല്പം തെക്കുഭാഗത്തേയ്ക്കു നീങ്ങി, സൂര്യൻ അത്യുജ്ജ്വലമായ പ്രഭാപൂരം വഷ്ടിച്ചുകൊണ്ടു നിന്നിരുന്നു. മുറ്റത്താരും ഉണ്ടായിരുന്നില്ല. വിഗ്ഡിസ് ഒരു നിമിഷം എന്തു ചെയ്യേണമെന്നറിയാതെ അമ്പരന്നുനിന്നുപോയി; പക്ഷേ, അനന്തരം ഭരവഠം ആ കഷ്ടകഭവനം വിട്ടു ദ്രുതഗതിയിൽ വടക്കുഭാഗത്തുള്ള വനമേഖലയിലേയ്ക്കു നടകൊണ്ടു. അവഠം പോകുന്നതു് ആരും കണ്ടില്ല.

അവഠം ബലിക്കാവിലെത്തിയപ്പോഠം യോട്ട് അവിടെ വന്നു് അവളെ കാത്തുനിൽക്കുന്നുണ്ടായിരുന്നു. അയാഠം യാത്രയ്ക്കു യോജിച്ച രീതിയിലാണു് വസ്ത്രധാരണം ചെയ്തിരുന്നതു്. പക്ഷേ, അയാളുടെ മേലുടുപ്പും ആയുധങ്ങളുമെല്ലാം അഴിച്ചുമാറ്റി അയാഠം കുതിരയെ ഒരു മരത്തിൽ ബന്ധിച്ചു നിത്തിയിരുന്നു. പോക്കുവെയിൽ കണ്ണിൽത്തട്ടാതെ കൈയുയത്തിത്തടുത്തുപിടിച്ചുകൊണ്ടു വിഗ്ഡിസ്സിനെ സ്വീകരിക്കുവാനായി അയാഠം മുന്നോട്ടോടി. അയാഠം പറഞ്ഞു:

"നിന്റെ സൗന്ദര്യം കണ്ടു കൺകുളിക്കുന്നതിൽ സൂര്യനു് എന്നോടു പകയുള്ളതുപോലെ തോന്നുന്നു. ഇങ്ങോട്ടു വരൂ, വിഗ്ഡിസ്; സ്വാഗതം."

Digitized By Kerala Sahitya Akademi

അയാൾ കൈയുയർത്തി അവളുടെ ചുണ്ടടച്ചുപിടിച്ച് അവളെ വെളിച്ചത്തുനിന്നു നീക്കിനിർത്തി; പക്ഷേ, അവൾ കുതറിമാറിയിട്ട് അവളുടെ കൈ പുറകിൽ കെട്ടിക്കൊണ്ടു പറഞ്ഞു: "ഇവിടെ ഞാനിതാ വന്നിരിക്കുന്നു; പക്ഷേ, എനിക്കു വിചിത്രമായ ചില ചോദ്യങ്ങൾ നിങ്ങളോടു ചോദിക്കുവാനുണ്ട്. എന്നോടു പറയൂ; കാറെയും എനോയും സംബന്ധിച്ചു സമീപപ്രദേശങ്ങളിൽ സംസാരമുണ്ടെന്നു കേൾക്കുന്നു; അതു വാസ്തവമാണോ?"

യോട്ട് മറുപടി പറഞ്ഞു. അങ്ങനെ ചെയ്തപ്പോൾ അയാളുടെ മുഖം ചുവന്നു പോയി.

"അതാണ് ഞാൻ ഇന്നാലെ നിന്നോടു ചോദിച്ചത്; അതു ശരിയാണെങ്കിൽ അയാൾ നിന്നെ വിവാഹം കഴിക്കുമല്ലോ."

"ഇപ്പോൾ എനിക്കു തോന്നുന്നു ഇങ്ങോട്ടു വരേണ്ടിയിരുന്നില്ലെന്ന്," വിഗ്ഡിസ് പറഞ്ഞു: "എന്തുകൊണ്ടെന്നാൽ അവരൊക്കെ പറഞ്ഞതു കളവാണെന്നാണ് ഞാൻ വിചാരിച്ചത്; ഇപ്പോൾ അതു സത്യമാണെന്നു ഞാൻ ഭയപ്പെടുന്നു."

"എന്താണ് നീ അർത്ഥമാക്കുന്നതെന്നു ഞാൻ അറിയുന്നില്ല," യോട്ട് പറഞ്ഞു.

അനന്തരം വിഗ്ഡിസ് പ്രസ്താവിച്ചു.

"കണ്ണുകിൽ, നാം തമ്മിൽ നടന്ന സംഗതികൾ പറഞ്ഞു നടന്നിട്ടുണ്ട് — അമ്മപെറ ഒരുത്തനോട് അതി

Digitized By Kerala Sahitya Akademi

നെക്കുറിച്ച് ഒരു വാക്കു നിങ്ങാം ശബ്ദിക്കുമെന്നു് ഒരിക്കലും ഞാൻ വിചാരിച്ചിട്ടില്ല—അല്ലാത്തപക്ഷം, നാടൊട്ടുക്കു പ്രചരിച്ചിട്ടുള്ള ആ ശൃംഗാരപ്പാട്ടുകളൊക്കെ എഴുതിക്കൂട്ടിയതു നിങ്ങളാണു്.”

യോട്ട് മൗനം ഭജിച്ചു. ഇതു കണ്ടു വിഗ്ഡിസ് തിരിഞ്ഞു നടന്നു കളഞ്ഞു. അയാം അവളെ പിൻതുടർന്നു.

“സത്യം പറയാമല്ലോ വിഗ്ഡിസ്—ഇപ്പോാം എനിക്കു തോന്നുന്നു ആ പാട്ടുകളൊന്നും കുത്തിക്കുറിക്കേണ്ടിയിരുന്നില്ലെന്നു്. പക്ഷേ, കുറച്ചാലോചിച്ചുനോക്കൂ: നീ എനിക്കു നഷ്ടപ്പെട്ടു എന്നാ ചിന്ത എന്നിൽ കടന്നുകൂടി; അക്കാലത്തെല്ലാം ഞാൻ അനുഭവിച്ച ഹൃദയയാതന എത്ര കഠിനമായിരുന്നുവെന്നു നിനക്കറിയാമോ? അങ്ങനെയുള്ള അവസരങ്ങളിൽ പലരും പിന്നീടു പശ്ചാത്തപിക്കാനിടയാക്കുന്ന പലതും, പറഞ്ഞുപോയി എന്നു വരും.”

“ഹാ നിങ്ങളോടു പറഞ്ഞിട്ടുള്ളതിൽ മിക്കതിനേക്കുറിച്ചും ഞാനിപ്പോാം പശ്ചാത്തപിക്കുന്നു,” വിഗ്ഡിസ് മറുപടി പറഞ്ഞു.

“അങ്ങനെ പറയല്ലേ,” യോട്ട് അഭ്യർത്ഥിച്ചു: “ഇനിയെന്നെ കുറ്റപ്പെടുത്തുവാൻ നിനക്കൊരിക്കലും ഞാൻ കാരണമുണ്ടാക്കുകയില്ല.”

“അതെനിക്കറിയാം,” വിഗ്ഡിസ് പ്രതിവചിച്ചു.

“എന്തുകൊണ്ടെന്നാൽ, ഞാനും നിങ്ങളും തമ്മിൽ സംസാരിക്കുന്ന അവസാനത്തെ സന്ദർഭമാണിതു്.”

Digitized By Kerala Sahitya Akademi

യോട്ട് അവളുടെ ചുമലിൽക്കൂടി കൈയിട്ടു; അവൾ അയാളെ തള്ളിമാറ്റുവാൻ ശ്രമിച്ചു; എന്നാലപ്പോഴേയ്ക്കും അയാൾ അവളുടെ രണ്ടു കൈത്തണ്ടുകളിലും മുറുക്കെ പിടികൂടിക്കഴിഞ്ഞു. അയാൾ പരാതിപ്പെട്ടു:

"ഓ, അക്കാര്യത്തിൽ ഇത്രയളരെ കാച്ചിലൊന്നും വരാനില്ല—ഞാൻ നിന്നോടുറിച്ചു് ഒന്നോ രണ്ടോ പാട്ടെഴുതി എന്നാ കാരണത്തിന്മേൽ നീയെന്നെ ഉപേക്ഷിക്കാനാണു് ഭാവമെങ്കിൽ അതിൽനിന്നു മനസ്സിലാക്കേണ്ടതു നിനക്കെന്നോടു ഗാഢമായ സ്നേഹമൊന്നും ഉണ്ടായിരുന്നില്ലെന്നാണു്."

"നിങ്ങളും അങ്ങനെതന്നെയാണു്—ഗാഢമായി നിങ്ങളും എന്നെ സ്നേഹിച്ചിട്ടില്ല," ത്രുക്ഷമായ കോപത്തോടുകൂടി വിഗ്ഡിസ് എതിർത്തു: "എന്നോടുറിച്ചെന്തോ ചീത്തയായിപ്പറഞ്ഞുകേട്ട ഉടൻതന്നെ നിങ്ങളതു കണ്ണുമടച്ചു വിശ്വസിച്ചു; എന്നിട്ടതു നാടൊട്ടുക്കു പറഞ്ഞു പരത്തുകയും ചെയ്തു."

"ഒരു കഥയും ഞാൻ പറഞ്ഞു പരത്തിയിട്ടില്ല," യോട്ട് മറുപടി പറഞ്ഞു: "ഒരിക്കലും ഞാനതൊന്നും വിശ്വസിച്ചിട്ടുമില്ല."

"എന്നാലിനിയങ്ങനെ ചെയ്യാൻ, അതു പരമാർത്ഥമായിത്തന്നെ വന്നോയ്ക്കാം," അയാളുടെ ആശ്ലേഷത്തിൽ നിന്നു തട്ടിപ്പിടഞ്ഞൊഴിയുവാൻ ഉദ്യമിച്ചുകൊണ്ടു് അവൾ പറഞ്ഞു.

"നീയങ്ങനെയുള്ള സംഗതികൾ സംസാരിക്കുന്നതു ഞാൻ കേൾക്കുകയില്ല," യോട്ട് പ്രലപിച്ചു. അയാൾ

Digitized By Kerala Sahitya Akademi

അവളെ ചുംബനംകൊണ്ടു. "ഇന്നാലെ എന്റെ മടിയിലിരിക്കുമ്പോഠം വാക്കു പറഞ്ഞതെല്ലാം നീ മറന്നുപോയിരിക്കും."

അതു കേട്ടു് അവഠം അവന്റെ കഴുത്തിൽ കരു കടികടിച്ചു; അതിനാൽ ക്ഷണനേരത്തേയ്ക്കു് അവളുടെ മുഖം അവനിൽനിന്നും മറയ്ക്കപ്പെട്ടിരുന്നു.

"ഇപ്പോഠം എന്റെ മനസ്സു മാറിയിരിക്കുന്നു," അവഠം പറഞ്ഞു.

"കാറെ കരിക്കലും നിന്റെ മനസ്സലച്ചുകൂടാ," യോട്ടു് പല്ലുകടിച്ചുകൊണ്ടു പറഞ്ഞു: "നീയെനിക്കു നഷ്ടപ്പെട്ടുന്നെങ്കിൽ ഞാൻ പിന്നെ ജീവിക്കണമെന്നു് ഉദ്ദേശിക്കുന്നില്ല."

അനന്തരം അയാഠം, എത്ര കുതറിയിട്ടും, അവളെ ഇരുകൈകളിലുമായി വാരിക്കോരിയെടുത്തു. അയാഠം അവളെ കരു മരപ്പടപ്പിലേയ്ക്കു കൊണ്ടുപോയി. ഏറെ നേരം അവഠം അയാളുടെ ആക്രമണത്തെ പ്രതിരോധിച്ചുനോക്കി. പക്ഷേ ഫലമുണ്ടായില്ല. അവിടെ ആ തരുപ്പടപ്പിനുള്ളിൽവെച്ചു്, അയാഠം അയാളുടെ കാര്യം നേടി. അവഠം കനും മിണ്ടിയില്ല. അവഠം കരഞ്ഞതുമില്ല. യോട്ടു് അവളുടെ കയ്യും കവിളും തൊട്ടുനോക്കി. അവഠം വളരെ തണുത്തിരുന്നു.

യോട്ടു് എഴുനേറ്റു തന്റെ മേലുടുപ്പെടുത്തു. അതു കൊണ്ടവളെ പുതപ്പിച്ചു; അയാഠം അവളെ ചുംബനം ചെയ്തു. വല്ലാത്ത തണുപ്പുണ്ടായിരുന്നു. അയാളുടെ ശ്വാ

Digitized By Kerala Sahitya Akademi

സം വെള്ളത്ത നീരാവിപോലെ വായുവിലങ്ങനെ തത്തിത്തു ങ്ങിനിന്നു; സൂര്യൻ അസ്തമിച്ചുകഴിഞ്ഞിരുന്നു, പക്ഷേ തെ ക്കുഭാഗത്തു മരപ്പടപ്പുകൾക്കു പിന്നിൽ രക്തംപോലെ തുടു ത്തു ചുവന്നിരുന്നു ആകാശം.

"ഇവിടെനിന്നും പോകാൻ സമയമായി;" യോട്ട് പറഞ്ഞു. അയാൾ അവളെ പിടിച്ചു് എഴുനേല്പിക്കാനൊ രുങ്ങി. "ഇന്നു രാത്രി 'പെരിയ തടാക'ത്തിനപ്പുറം നമു ക്കു ചെന്നൊത്താൻ സാധിക്കുകയില്ല; അവിടെ നമുക്കേ തെങ്കിലും സ്ഥലം കണ്ടുപിടിച്ചു രാത്രി കഴിച്ചുകൂട്ടാം."

വിഗ്ഡിസ് അതു കേട്ട് ഇങ്ങനെ പറഞ്ഞു:

"എന്റെ അച്ഛൻ തന്റെ പിന്നാലെ പാഞ്ഞെ ത്തി തന്നെ തുണ്ടംതുണ്ടമാക്കി വെട്ടിവീഴ്ത്തുന്നെങ്കിൽ തനി ക്കതു താനഹിക്കുന്നതിനേക്കാൾ വളരെ കാമ്യമായ ഒരു മരണമായിത്തീരും; അതു പേടിച്ചൊണ്ടനാണ് താൻ; —ഭീരു!"

അവൾ എഴുനേറ്റു വീട്ടിലേയ്ക്കു തിരിച്ചു; യോട്ട് അ വളുടെ പുറകേ കൂടി. അയാൾ പറഞ്ഞു: "നിയെന്റെ കൂടെ പോരുന്നതാണു് നമുക്കിരുകൂട്ടർക്കും നല്ലതു്. നിന്നെ ഞാൻ കഠിനമായി നീരസപ്പെടുത്തിയെന്നു് എനിക്കറി യാം. പക്ഷേ നമുക്കു വന്നുകൂടാവുന്ന ഏറ്റവും വലിയ നി ർഭാഗ്യം നാം പരസ്പരം നഷ്ടപ്പെടുകയെന്നുള്ളതാണു്."

ഒരു പ്രാവശ്യമെങ്കിലും വിഗ്ഡിസ് തലയൊന്നു പിൻതിരിച്ചില്ല. അവൾ സംസാരിക്കുകയോ കരയുകയോ ചെയ്യാതിരിക്കുന്നതു് ഏറ്റവും മീത്തയായ ഒരു ലക്ഷണ

Digitized By Kerala Sahitya Akademi

മാണെന്നു യോട്ടിനു തോന്നി. വാഡിനിലേയ്ക്കുള്ള വഴി മുഴുവൻ അയാൾ അവളെ പിൻതുടർന്നു.

അവർ വേലിക്കരികിലെത്തിയപ്പോൾ വിഗ്ഡിസ് കുനിഞ്ഞു ഒരു കല്ലെടുത്തു യോട്ടിനെ ഒരേറു കൊടുത്തു.

"കടക്കെടാ, പട്ടീ," അവൾ ഗർജ്ജിച്ചു.

യോട്ടിന്റെ ചുണ്ടത്താണ് ഏറു കൊണ്ടതു്; വലിയ ഊക്കോടുകൂടിയൊന്നുമല്ല, പക്ഷേ രക്തംപൊടിക്കുവാൻ തികച്ചും മതിയായിരുന്നു.

അനന്തരം അയാൾ പറഞ്ഞു: —

"ഒരിക്കൽക്കൂടി ഞാൻ വിവാഹാഭ്യർത്ഥനയുമായി എന്റെ കളിത്തോഴിയായ നിന്നെ സമീപിക്കും. പക്ഷേ ആദ്യമായി, നിനക്കു ചിന്തിക്കുവാനുള്ള സമയം വേണം. ഗ്രീഷ്മകാലം വരുമ്പോൾ വീണ്ടും ഞാൻ നിന്നോടു ചോദിക്കും, നിനക്കെന്നെ സ്വീകരിക്കാമോ എന്നു്."

"എന്റെ തന്നിഷ്ടം തന്റേതുപോലെത്തന്നെ കരുത്തുള്ളതാണെന്നു് അപ്പോൾ തെളിക്കു കാണാം, വൈഗ-യോട്ട്."

അതിനുശേഷം അവൾ അകത്തേയ്ക്കു കയറിപ്പോയി. അവൾ നേരെ തന്റെ മുറിയിൽച്ചെന്നു കിടക്കപ്പുറത്തു വീണു; അന്നു രാത്രി അവൾക്കു വലിയ ഉറക്കമൊന്നുമുണ്ടായില്ലെന്നും, ഉറക്കത്തിൽത്തന്നെ അവൾ കരഞ്ഞിരുന്നുവെന്നും, ഈസായ്ക്കു നല്ല നിശ്ചയമുണ്ടായിരുന്നു; പക്ഷേ അവൾക്കു പറ്റിയ അമളിയെക്കുറിച്ചു് ഒരക്ഷരമെങ്കിലും അവൾ ശബ്ദിക്കുകയുണ്ടായില്ല.

Digitized By Kerala Sahitya Akademi

യോട്ട് ബലിക്കാവിലേയ്ക്കു മടങ്ങിച്ചെന്നു്, കുതിരയെ അഴിച്ചു് അതിന്റെ പുറത്തുകയറി ഓടിച്ചുപോയി. രാത്രിമുഴുവൻ യാത്രചെയ്ത പ്രഭാതത്തോടുകൂടി അയാൾ ഫാക്കെഡാലിൽ എത്തിച്ചേർന്നു; അവിടെനിന്നും റോമെറിക്കിലേയ്ക്കും പിന്നീടു നേരേ ടോൺഡ്ഹീമിലേയ്ക്കും, ആരംഭിച്ചിരുന്ന ചീത്തക്കാലാവസ്ഥയെ വകവെയ്ക്കാതെ, അയാൾ കുതിരയോടിച്ചുപോയി. പർവ്വതങ്ങൾ കടക്കുന്നതിൽ അയാൾ വലിയ ക്ലേശങ്ങൾ അനുഭവിക്കുകയുണ്ടായി. ടോർബ്ജോണിന്റെ പുത്രന്മാർ—അയാളുടെ പോരാച്ഛന്റെ പുത്രന്മാർ—അയാൾ ജീവനോടെ വന്നുചേർന്നതു് കരുതൽതസംഭവമായിക്കരുതി.

പതിമൂന്നു്

വിഗ്ഡിസ് വാഗ്ഡിനിൽനിന്നു വെളിയിലിറങ്ങിയില്ല. അവൾ വീട്ടിനുള്ളിൽത്തന്നെ കഴിച്ചുകൂട്ടി. അവളുടെ ഹൃദയം വിഷാദമഗ്നമായിരുന്നു. ഒന്നിനും അവളിൽ ഉല്ലാസം കൊളുത്തുവാൻ സാധിച്ചില്ല. ഭക്ഷണം കഴിക്കുന്നതിനോ, കുളിക്കുന്നതിനോ, വസ്ത്രധാരണം ചെയ്യുന്നതിനോ മുടി ചീകുന്നതിനോ—ഒന്നിനും അവൾ ഒരുങ്ങിയില്ല. വൈഗ—യോട്ട് അവളോടുചെയ്ത തെറ്റിനെക്കുറിച്ചു മാത്രമായിരുന്നു സദാ അവളുടെ ചിന്ത. അതുസംബന്ധിച്ചുള്ള ചിന്തകളുമായി കിടക്കാൻപോകുമ്പോൾ നിത്യവും രാത്രി അവൾ കിടുകിടുത്തിരുന്നു. പക്ഷേ ജോലിചെയ്തുകൊണ്ടും മറ്റുള്ളവരുമായി സംസാരിച്ചുകൊണ്ടും സമയം കഴിച്ചുകൂട്ടേണ്ട ആ നീണ്ട പകലിനെ അഭിമുഖീകരിക്കുന്നതിലേയ്ക്കു

Digitized By Kerala Sahitya Akademi

വേണ്ടി, കിടക്കപ്പുറത്തുനിന്നെഴുനേല്ക്കുവാൻ പ്രഭാതത്തിൽ അവഠം ഭയപ്പെട്ടു. അവഠം തന്നത്താൻ പറഞ്ഞു:

"കടിഞ്ഞ ചിറകുകഠം അവശമായി നിലത്തടിച്ചു കിടന്നു പിടക്കുന്ന ഒരു പക്ഷിയെപ്പോലാണു് ഞാൻ; താഴെപ്പതിച്ച ആ സ്ഥാനത്തുനിന്നു നീങ്ങുവാൻ അതിനു സാദ്ധ്യമല്ല; അതിന്റെ സ്വന്തം രക്തത്തിന്റെ ചോലയ്ക്കപ്പുറം കാണുവാനും അതിനു സാദ്ധ്യമല്ല. പണ്ടത്തെ എന്റെ നിലയെപ്പറ്റി ഞാൻ ചിന്തിക്കുവാനൊരുങ്ങുമ്പോഠം ഇപ്പോഴത്തെ എന്റെ നിലമാത്രമേ എനിക്കോർക്കുവാൻ സാധിക്കുന്നുള്ളു. ചിന്താരഹിതയായി, സന്തുഷ്ടഹൃദയായി ഞാനിവിടെക്കഴിഞ്ഞുകൂടിയിരുന്ന ആ സുവർണ്ണകാലങ്ങളെ അനുസ്മരിക്കുമ്പോഠം, ഇതെനിക്കു വന്നുകൂടുവാൻ മാത്രമായിരുന്ന മറ്റുള്ളതെല്ലാം എനിക്കുണ്ടായിരുന്നതെന്നു തോന്നിപ്പോകുന്നു."

പലപ്പോഴും അവഠംക്കു തോന്നാറുണ്ടു് ചെന്നു നദിയിൽ ചാടിമരിക്കുന്നതാണു് നല്ലതെന്നു്. ശീതകാലം അവസാനിക്കാറായി. അപ്പോഠം താൻ ഗർഭവതിയാണെന്നു് അവഠം മനസ്സിലാക്കി.

ഒരു രാത്രിയിൽ, ഈസായും മറ്റുസ്ത്രീക്കളും ഉറങ്ങിക്കിടക്കുമ്പോഠം, ഉണർന്നുകിടന്ന അവഠം എഴുനേറ്റു് ഒരു മേലുടുപ്പും ധരിച്ചു മുറ്റത്തേയ്ക്കിറങ്ങി; അവിടെനിന്നും കീഴെ നദിയിലേയ്ക്കുള്ള വഴിയേ അവഠം നടന്നുപോയി.

രാത്രിയിൽ മുമ്പൊരിക്കലും അവഠം തനിയെ വെളിയിലിറങ്ങിയിട്ടില്ല. അവഠം വിചാരിച്ചിരുന്നതിലും ത

Digitized By Kerala Sahitya Akademi

മോജടിലമായിരുന്നു ആ നിശാരംഗം. അതു വിഷുവത് ക്കാലമായിരുന്നു. ശക്തിയായ കാറും മഴയുമുണ്ടായിരുന്നു. ഇരുട്ടിന്റെ കട്ടിമൂലം ആകാശവും ഭൂമിയും വേർതിരിച്ചറിയുവാൻപോലും കഴിഞ്ഞിരുന്നില്ല; പക്ഷേ ഇടക്കിടയ്ക്കു കാർമേഘപടലങ്ങൾക്കിടയിൽ ചില വിടവുകളുണ്ടായിക്കൊണ്ടിരുന്നതുവയിൽനിന്നു നക്ഷത്രങ്ങൾ വെളിക്കുവന്നു. അധികം ചെല്ലുന്നതിനുമുമ്പുതന്നെ, താൻ നേർവഴിപിഴച്ചു വയലുകളിലെത്തിയിരിക്കുന്നുവെന്നു് അവൾക്കു മനസ്സിലായി. പക്ഷേ എവിടെയാണു് താൻ കാൽകുത്തുന്നതെന്നു കാണുവാൻ അവൾക്കു കഴിഞ്ഞില്ല. ഇടയ്ക്കിടയ്ക്കു ഹിമപടലങ്ങൾ തട്ടിനീക്കിക്കൊണ്ടു് അവൾക്കു ഗതി തുടരേണ്ടിവന്നു. മറുചിലപ്പോൾ അവളുടെ കരു പാദം പെറുക്കണ്ടിലേയ്ക്കു വഴുതിപ്പോകും. മിക്കവാറും വഴുവഴുപ്പുള്ള കരുനനഞ്ഞ ഭൂവിഭാഗത്താണു് അവൾ ചെന്നെത്തിയിരുന്നതു്. കുറച്ചുകൂടി മുന്നോട്ടു ചെന്നപ്പോൾ അവൾക്കു് ഒരെത്തുംപിടിയും കിട്ടാതായി. അവൾ എവിടെയെത്തി? നദിയെവിടെ? വീടെവിടെ?__ആഹാ! നദിയോടുതൊട്ടുതൊട്ടുത്തായിരുന്ന വാഡിൻ. പക്ഷേ ഇരുട്ടിൽ അവസാനിക്കാത്ത ഒരു യാത്രയാണതെന്നു തോന്നപ്പെട്ടു. 'കടുവിൽ അവളുടെ കാൽ വഴുതി ആ വഴുവഴുത്ത തറയിൽ പതിച്ചു്, അവൾ കീഴോട്ടിഴുകിപ്പോയി. കടുവിൽ എന്തിന്നോലോ അവൾ കടന്നുപിടിക്കുടി. അതൊരു 'ഫർ'മരമാണെന്നു് അവൾ ഊഹിച്ചു. രണ്ടു കൈകൊണ്ടും അവളതിനെ മുറുകെക്കെട്ടിപ്പിടിച്ചു. അതിന്റെ ശിഖരങ്ങൾ അവളുടെ മുഖത്തു പോറലുകൾ ഉണ്ടാക്കി. കീഴോട്ടിഴുകിവീണുകൊണ്ടിരുന്ന അവസരത്തിൽ, അവളുടെ ഉദരത്തിൽ കുഞ്ഞു

Digitized By Kerala Sahitya Akademi

കിടന്നനങ്ങുന്നതു് അവഠംക്കു് അനുഭവിച്ചറിയുവാൻ കഴിഞ്ഞിരുന്നു.

അവഠം വൃക്ഷത്തിനടിയിൽ നിരങ്ങിക്കൂടി. മഞ്ഞിൽ ഏറെ നേരമായിക്കിടന്നിരുന്നാപോലെ അവഠം നനഞ്ഞു മരവിച്ചിരുന്നു. മഴയെല്ക്കാതിരിക്കുവാനായി അവഠം വൃക്ഷമൂലത്തോടു് അധികമധികം പറ്റിച്ചേർന്നു് ഇരിപ്പുറപ്പിച്ചു. അവളുടെ ചുറ്റും വൃക്ഷശിഖരങ്ങഠം പിടിച്ചുലച്ചു ഞെരിച്ചുകൊണ്ടു കാറ്റു കൂക്കിവിളിച്ചുകൊണ്ടിരുന്നു. വൃത്തികെട്ട പല കുച്ചപ്പാടുകളും നിറഞ്ഞതായിരുന്നു അന്ധകാരം. തനിക്കു ചുറ്റും എന്തെല്ലാമാണു് പതുങ്ങിനടക്കുകയും കരയുകയും ചെയ്തുകൊണ്ടിരിക്കുന്നതെന്നവഠംക്കു മനസ്സിലായില്ല.

പ്രഭാതത്തിന്റെ പ്രഥമരശ്മികഠം പതിയുന്നതുവരെ അവഠം അവിടെ കിടന്നു. താൻ കിടന്നിരുന്നതിനടിയിൽ കീഴ്ക്കാംതൂക്കായ കരു നീർച്ചാട്ടം നദിയിൽച്ചെന്നു വീഴുന്നുണ്ടെന്നവഠം കണ്ടു. ജലം ഇരുണ്ടു മഞ്ഞുകട്ടകഠം നിറഞ്ഞതായിരുന്നു. അവളുടെ ധൈര്യം മുഴുവൻ ക്ഷയിച്ചുപോയി. അവഠം ഭവനത്തിലേയ്ക്കു തിരിച്ചുനടന്നു. നേരം പ്രകാശമായിത്തുടങ്ങിയിരുന്നതിനാൽ, അത്ര ദൂരത്തായിരുന്നില്ല, അതു്. അവഠം വസ്ത്രമെല്ലാം അഴിച്ചുമാറ്റി കിടക്കയിൽ കയറി കിടന്നു. അവളുടെ അപ്പോഴത്തെ അവസ്ഥ എത്രയും ദയനീയമായിരുന്നു. രാത്രിയിലത്തെ അലച്ചിലിൽനിന്നു സാരമായ എന്തെങ്കിലും രോഗം തനിക്കുണ്ടായേയ്ക്കുമെന്നവഠംക്കു തോന്നി—എങ്കിൽ, ഏറ്റവും നന്നായിരിക്കും!

Digitized By Kerala Sahitya Akademi

രാവിലെ ഈസാ ചോദിച്ചു:

"എങ്ങനെയാണു് നിന്റെ വസ്ത്രങ്ങളെല്ലാം ഇത്രമാത്രം നനഞ്ഞതു്, പോറുമകളേ?"

രാത്രി താൻ വെളിയിൽ ഗോശാലവരെ പോയിരുന്നുവെന്നു വിഗ്ഡിസ് മറുപടി പറഞ്ഞു—അരക്കൊല്ലം കാലികഠക്കിടയിൽ രോഗം ഉണ്ടായിരുന്നു. "ഇരുട്ടിന്റെ കട്ടികൊണ്ടു തിരിച്ചു വീട്ടിലേയ്ക്കു വരുവാനുള്ള വഴി കണ്ടു പിടിക്കുക വലിയ വിഷമമായിരുന്നു."

ഈസാ പിന്നൊന്നും ചോദിച്ചില്ല. വിഗ്ഡിസ് തന്നോടു പറയേണ്ടതായിരുന്നു എന്നുമാത്രം സൂചിപ്പിച്ചതേയുള്ളൂ.

അവളുടെ പ്രകൃതംതന്നെ ആകപ്പാടെ മാറിയിരിക്കുന്നുവെന്നും, അവൾ ബെഞ്ചിന്മേലിരുന്നു് ഉറക്കംതൂങ്ങിപ്പോകുന്നുവെന്നും, അവൾക്കു് എന്തെങ്കിലും സുഖക്കേടു് ഉണ്ടായിരിക്കണമെന്നും ഒരു ദിവസം ഈസാ വിഗ്ഡിസ്സിനോടു പറഞ്ഞു. അവളുടെ പോറമ്മയെ വിശ്വസിച്ചു് എല്ലാം തുറന്നുപറയുവാനായി അവൾ വിഗ്ഡിസ്സിനോടപേക്ഷിച്ചു. പക്ഷേ അതു സംബന്ധിച്ചു് അവൾ വിഷമിക്കേണ്ടതായിട്ടില്ലെന്നു മാത്രമേ വിഗ്ഡിസ് മറുപടി പറഞ്ഞുള്ളൂ.

ആ ശീതകാലത്തു ഗ്രന്നാർ കിടപ്പായിരുന്നതിനാൽ അധികമായി ആളുകൾ വീട്ടിൽ വന്നിരുന്നില്ല. ശീതകാലം ഏതാണ്ടു കഴിയാറായപ്പോൾ ഈസാ ഒരുപായം എടുത്തു. വേലക്കാരികളെയെല്ലാം പിരിച്ചുവിട്ടു. വാഡിയിൽ,

Digitized By Kerala Sahitya Akademi

വിഗ്ഡിസ്സും ഈസായുമൊഴികെ മറെറാരു സ്ത്രീയും ഇല്ലാതായി. വിഗ്ഡിസ് സ്വന്തമായി തുവാലയുടെ രീതിയിലുള്ള ഒരു വസ്ത്രവിശേഷം തുന്നിയുണ്ടാക്കി അവളുടെ ഉടുപ്പിനടിയിൽ ധരിച്ചുകൊണ്ടിരുന്നു. അവൾ മിക്ക സമയവും മുറിക്കുള്ളിൽത്തന്നെ കഴിച്ചുകൂട്ടി; അങ്ങനെ ഈസാ ഒഴികെ അവളുടെ ഇപ്പോഴത്തെ സ്ഥിതി മാറാരുടേയും ദൃഷ്ടിയിൽ പെട്ടില്ല. പക്ഷേ അതിനെക്കുറിച്ച് ഒരക്ഷരം ശബ്ദിക്കുവാൻ വിഗ്ഡിസ് ധൈര്യപ്പെട്ടില്ല.

പതിനാലു്

വസന്തകാലം സമാഗതമായപ്പോൾ, ഈ വരുന്ന ഗ്രീഷ്മകാലം താൻ ഈസായുമൊന്നിച്ച് അവരുടെവക മറെറാരു ഭവനത്തിൽ താമസിക്കുവാനാണുദ്ദേശിക്കുന്നതെന്നു വിഗ്ഡിസ് പറഞ്ഞു. ഗ്രന്നാർ അതിനു വിരോധിയായിരുന്നുവെങ്കിലും ഒടുവിൽ അങ്ങനെതന്നെയാകട്ടെ എന്നു സമ്മതിക്കുകയുണ്ടായി. ഈസായാണ് ഗ്രന്നാരോടു പറഞ്ഞുപറഞ്ഞ് ഒരുവിധം സമ്മതം മൂളിപ്പിച്ചതു്. സ്ക്കാഫ്ടേ എന്ന വേലക്കാരനുമൊന്നിച്ച് അവർ വസന്തകാലാവസാനത്തിൽ അങ്ങോട്ടു മാറിത്താമസിച്ചു. അയാൾ ഈസായുടെ പുത്രനും ഗ്രന്നാരുടെ 'സിൽബന്ധികളിൽ' ഒരുവനുമായിരുന്നു. കുതിരകളെപ്പോറ്റുകയും, കന്നുകാലികളെ വന്യമൃഗങ്ങളുടെ ആക്രമണമേല്ക്കാതെ പരിപാലിക്കുകയുമായിരുന്നു അയാളുടെ ജോലി.

ഒരു ദിവസം സായാഹ്നത്തിൽ ഈസാ കന്നുകാലികളെ ഗോശാലയ്ക്കകത്തേയ്ക്കു കയറ്റി വിട്ടുകൊണ്ടു പടിവാ

Digitized By Kerala Sahitya Akademi

തില്ലൂൽ നില്ക്കുകയായിരുന്നു. ആ അവസരത്തിൽ വലിയ വിഷാദപാരവശ്യത്തോടെ വിഗ്ഡിസ് അവളെ സമീപിച്ചു് ഇപ്രകാരം പറഞ്ഞു:—

"ഇതാ ഗ്രന്നാർ വരുന്നുണ്ടു്. കുന്നിൻചെരുവിൽ എത്തിക്കഴിഞ്ഞു. എന്തു സംഭവിക്കുമെന്നു് എനിക്കറിഞ്ഞുകൂടാ. ഞാൻ ഇപ്പോഠം ഏതുനിലയിലാണെന്നു കണ്ടുകഴിഞ്ഞതാൽ അദ്ദേഹം എന്നെ കൊന്നുകളയും."

"നീ കിടക്കയിൽപ്പോയി കിടക്കു്," ഈസാ മറുപടി പറഞ്ഞു: "നീ സുഖമില്ലാതെ കിടപ്പാണെന്നു ഞാൻ പറഞ്ഞുകൊള്ളാം. അദ്ദേഹം അധികനേരം ഇവിടെ തങ്ങിനില്ക്കുകയില്ല."

വിഗ്ഡിസ് അപ്രകാരം ചെയ്തു. ഗ്രന്നാർ രണ്ടു ദിവസം അവിടെ താമസിച്ചു. ആ ദിവസങ്ങളിൽ അവഠം മറിവിട്ടു വെളിയിൽ ഇറങ്ങിയില്ല. അവർ വളരെ കാലെക്കൂട്ടിയാണു് കുന്നിൻപുറങ്ങളിലേയ്ക്കു പോന്നിട്ടുള്ളതെന്നും അതിനാൽ വിഗ്ഡിസ് രോഗിണിയായിത്തീർന്നതിലോ അവക്കു പാൽ കിട്ടുവാൻ ഞെരുക്കമുണ്ടായതിലോ അത്ഭുതത്തിന്നവകാശമില്ലെന്നും ഗ്രന്നാർ പ്രസ്താവിച്ചു—അപ്പോഠം രാത്രികാലങ്ങളിൽ കഠിനമായ ഹിമപാതമുണ്ടായിരുന്നു. കാടുകളിൽ കന്നുകാലികഠംക്കാവശ്യമുള്ള പുല്ലും സുലഭമായിട്ടുണ്ടായിരുന്നില്ല.

ഇതിനുശേഷം വിഗ്ഡിസ്സുമായി സംസാരിച്ചു് അവഠംക്കു കുറച്ചുപദേശങ്ങഠം കൊടുക്കണമെന്നു് ഈസാ തീരുമാനിച്ചു. പാൽപ്പാത്രം നിറച്ചുകൊണ്ടു് ഒരു ദിവസം

Digitized By Kerala Sahitya Akademi

അവർ ബെഞ്ചിനരികെ നില്ക്കുമ്പോൾ ഈസാ ഇങ്ങനെ പറഞ്ഞു: "ഞാൻ അതു ചെയ്തുകൊള്ളാം; ഇപ്പോൾ നീയങ്ങനെ ക്ലേശിച്ചു പണിയെടുക്കാൻ പാടില്ല."

വിഗ്ഡിസ് പാത്രം നിലത്തിട്ടു; അവളുടെ നേത്രങ്ങൾ ഭയചകിതങ്ങളായിരുന്നു. അവ അവളുടെ പോറ മ്മയെ കിടുകിടുപ്പിച്ചു. അവർ ഇങ്ങനെ അത്യുച്ചത്തിൽ ആക്രോശിക്കയുണ്ടായി:—

"അങ്ങനെ ഒരു വാക്കെന്നോടു പറയരുതു്; അല്ലാത്തപക്ഷം ഞാൻ നിങ്ങളോടു് എന്താണു് ചെയ്യുകയെന്നു് എനിക്കുതന്നെ നിശ്ചയമില്ല."

അതിനുശേഷം അതിനെസ്സംബന്ധിച്ചു് ഒരക്ഷരമെങ്കിലും വിഗ്ഡിസ്സിനോടു സംസാരിക്കാൻ ഈസാ ധൈര്യപ്പെട്ടില്ല. ഗ്രീഷ്മകാലം ഇപ്പോൾ ഏതാണ്ടവസാനിക്കാറായി.

ഒരു രാത്രി വിഗ്ഡിസ് എഴുന്നേറ്റു വീടുവിട്ടു വെളിയിലേയ്ക്കിറങ്ങി. മദ്ധ്യാഹ്നമായിരുന്നു. അന്തരീക്ഷം ശാന്തവും മേഘാവൃതവുമായിരുന്നു. പുല്ലുപിടിച്ച വയലിൽക്കൂടി കുറച്ചൂരം അവർ നടന്നുപോയി. വേലിക്കരികിലെത്തിയപ്പോൾ അവർക്കു് കരടിപോലും മുന്നോട്ടു നീങ്ങാൻ സാധിക്കാതായി. അവർക്കവിടെ കിടക്കേണ്ടതായി വന്നുകൂടി. കാടിന്റെ വക്കത്തു കപിശവർണ്ണമായ ഒരശ്വം നിന്നു പുല്ലുമേയുന്നുണ്ടായിരുന്നു. അവൻ അവന്റെ കൂട്ടരോടു കൂടാതെ ഭവനങ്ങളുടെ പാർശ്വത്തിൽത്തന്നെ തങ്ങിനില്ക്കുകയായിരുന്നു ചെയ്തതു്. വള

Digitized By Kerala Sahitya Akademi

രെ താലോലിക്കപ്പെട്ടിരുന്ന ഒരുവനാണവൻ. അവനു വിഗ്‌ഡിസ്സിനെ വലിയ ഇഷ്ടമായിരുന്നു. അവൻ അവളുടെ സമീപത്തുവന്ന് അവളുടെ നേർക്കു മുഖം കൂപ്പിച്ചു നിലവായി. അവർ അവിടെ കിടന്ന അവസരത്തിൽ അവൻ അവളുടെ സമീപംതന്നെ തങ്ങിനിന്നു. വേദന അല്പമൊന്നു ശമിച്ചപ്പോൾ അവർ എഴുന്നേറ്റു കന്നുകാലികളുടെ വഴിച്ചാലിലൂടെ പതുക്കെ നടകൊള്ളാൻ തുടങ്ങി. ആ സമയമെല്ലാം അശ്വം അവളെ അനുഗമിച്ചു. വേദന വരുമ്പോൾ കാരോ പ്രാവശ്യവും അവർ അവന്റെ കഴുത്തിനു കെട്ടിപ്പിടിക്കുകയും അവന്റെമേൽ ചാരുകയും ചെയ്തു. ആ അവസരങ്ങളിലെല്ലാം അവൻ അവളുടെ തോളുത്തും പുറത്തും ചുരുണ്ടുരുമി അനങ്ങാതെ നിലകൊണ്ടു.

ഒടുവിൽ അവർ ഒരു വലിയ വെള്ളക്കെട്ടിന്റെ സമീപത്തെത്തിച്ചേർന്നു. മുകളിൽ തിങ്ങിക്കൂടിയ മേഘമാലകർക്കിടയ്ക്കു ചില വിടവുകളുണ്ടായിരുന്നു അവ ആ ജലപ്പരപ്പിൽ പ്രതിഫലിച്ചു കാണപ്പെട്ടു. ബാക്കിയെല്ലാം ഇരുണ്ടു ശോകാത്മകമായിരുന്നു. കരിക്കൽ അവർ ഉച്ചത്തിൽ വിലപിക്കുകയുണ്ടായി. എന്നാൽ മറുവശത്തെ പാറപ്പടപ്പിൽനിന്നുമുള്ള അതിന്റെ മാറ്റൊലി അത്യന്തം ഭീകരമായിരുന്നു. അതിനാൽ അവർ തന്റെ വസ്ത്രത്തിന്റെ ഒരു മൂല ചുരുട്ടി വായിൽ കുത്തിത്തിരുകി. അവർ അതു തുണ്ടുതുണ്ടായി വലിച്ചുകീറി. അവർ രോമക്കെട്ടുകളുടെ ഖണ്ഡങ്ങൾ എടുത്ത് അവളുടെ വായിൽ കുത്തിനിറച്ചു. അവ അവളെ ശ്വാസംമുട്ടിക്കുമെന്ന് അവർ ക

Digitized By Kerala Sahitya Akademi

രുതി. അരികെക്കൂടി ഒരു അരുവി പുളഞ്ഞൊഴുകുന്ന ശബ്ദം അവളുടെ കണ്ണുങ്ങളിൽ പതിച്ചു. ഉടൻതന്നെ അവൾ കണ്ണുതുറന്നു. നേരം പ്രഭാതമാകുന്നതു് അവൾ സൂക്ഷിച്ചു. വെറിയ ഇരുണ്ട തിരത്തെല്ലുകൾ ആ ജലവിഭാഗത്തെ സഞ്ചലിപ്പിച്ചുകൊണ്ടിരുന്നു. പക്ഷേ അവയ്ക്കുള്ളിലേയ്ക്കു നിരങ്ങിയിറങ്ങുവാൻ അവൾക്കു സാധിച്ചില്ല. അസഹനീയമായ വേദന അവളെ അനുഭവിപ്പിച്ചുകൊണ്ടു സമയം കടന്നു പോയ്ക്കൊണ്ടിരുന്നു.

സൂര്യൻ ഉദിച്ചുപൊന്തി അവളുടെ നേത്രങ്ങളെ പീഡിപ്പിച്ചു. അധികം താമസിയാതെ വിഗ്ഡിസ്സിന്റെ പ്രസവം നടന്നു. അവൾ ഏറെനേരത്തേയ്ക്കു ബോധരഹിതയായിക്കിടന്നുപോയി. പക്ഷേ ഒടുവിൽ സൂര്യരശ്മികൾ അവളുടെ പുറം ചൂടുപിടിപ്പിച്ചപ്പോൾ അവൾ കണ്ണുതുറന്നു. കുഞ്ഞിന്റെ കരച്ചിൽ അവളുടെ കണ്ണുങ്ങളിൽ വന്നു പതിച്ചു. അവൾ അതിനെ നോക്കി. അതൊരാൺകുട്ടിയായിരുന്നു. അതിനെ അവൾ തൊടാതെ പിന്നോട്ടു നടുങ്ങിവാങ്ങി. ശിരസ്സിലിട്ടിരുന്ന തൂവാല അവൾ അഴിച്ചെടുത്തു. പച്ചപ്പുല്ലുകളോടുകൂടിയ കരു വെള്ളത്തുണിയായിരുന്നു അതു്. വിയർപ്പു്, മഞ്ഞു്, രക്തം ഇവയാൽ അതു നിഃശ്ലേഷം കുതിർന്നിരുന്നു. അവൾ കുഞ്ഞിനെ അതിനുള്ളിൽ പൊതിഞ്ഞു. രണ്ടു പാറക്കല്ലുകൾക്കിടയ്ക്കു് അവൾ അതു നിക്ഷേപിച്ചു. അതിനു മീതെ അവൾ പായലും വിറകുപുല്ലുകളും എടുത്തു പാകിനിരത്തി. അനന്തരം അവൾ അരുവിയിലേയ്ക്കു നടന്നുചെന്നു. അതിനുള്ളിൽനിന്നു കുറെ വെള്ളം കോരിക്കുടിച്ചു.

Digitized By Kerala Sahitya Akademi

ജലത്തിനു സമീപം ഒരു വലിയ മൊട്ടപ്പാറക്കല്ലുണ്ടായിരുന്നു. സൂര്യരശ്മി തട്ടി അതു വെള്ളം വറിയുണങ്ങിയിരുന്നു. വിഗ്ഡിസ് അല്പനേരം അതിന്മേൽ മെയ്ചാരി വിശ്രമിച്ചു. അനന്തരം അവൾ എഴുന്നേറ്റ് ഒരുപ്രകാരത്തിൽ ഭവനത്തിലേയ്ക്കു പയ്യെപ്പയ്യെ ഇഴഞ്ഞുപോയി.

അവിടെ ഈസാ വലിയ കണ്ണിതത്തിൽ ആമഗ്നയായിരിക്കുന്നതവൾ കണ്ടു. സ്ക്കാഫ്ടേ അവളെ അന്വേഷിക്കുവാനായി പുറത്തേയ്ക്കു പോയിട്ടുണ്ടായിരുന്നു. വിഗ്ഡിസ് നേരെ അകത്തു ചെന്ന് അവളുടെ കിടക്കയിൽ കയറി കിടപ്പായി. കുറച്ചു ദിവസമായി അവൾക്കു തീരെ സുഖമില്ലായിരുന്നു. ഇപ്പോഴാകട്ടെ നല്ല പനിയുമുണ്ട്. ഈസാ അവളെ ശുശ്രൂഷിച്ചു. ചൂടുള്ള വെണ്ണപുരട്ടി അവൾ അവളുടെ മുലത്തടങ്ങൾ നല്ലപോലെ തിരുമ്മിക്കൊടുത്തു. പക്ഷേ എന്തു സംഭവിച്ചുവെന്ന് അവർ ഇരുവരും മിണ്ടിയില്ല.

വിഗ്ഡിസ് പിന്നീടൊരിക്കലും കാട്ടിൽ പോവുകയുണ്ടായില്ല; അവൾ വീട്ടിനുള്ളിൽത്തന്നെ കഴിച്ചുകൂട്ടി. അവളുടെ കുണ്ഠിതത്തിനു പണ്ടത്തേക്കാൾ അണുമാത്രമെങ്കിലും കുറവുണ്ടായിട്ടുള്ളതായി ഈസായ്ക്കു കാണുവാൻ സാധിച്ചില്ല.

പതിനഞ്ച്

ഗ്രീഷ്മകാലം കൊടുമ്പെന്നപ്പോൾ കാലാവസ്ഥ വളരെ മന്ദോഷ്ണമായിത്തീർന്നു. പകൽക്കാൽ സായാഹ്നത്തിൽ വീട്ടിലേയ്ക്കു പോന്നില്ല; അവ കാട്ടിൽത്തന്നെ കിടന്നു. അ

Digitized By Kerala Sahitya Akademi

വയെ കണ്ടുപിടിച്ചു കൊണ്ടുവരുവാൻ കുന്നുകളിലും കല്ലു ഭൂമികളിലും ഈസായ്ക്കും സ്കോഫ്ടേയ്ക്കും ഏറെനേരം തെരഞ്ഞുനടക്കേണ്ടതായിവന്നു. വിഗ്ഡിസ്സിനു വീട്ടിൽ തനിച്ചിരിക്കാൻ ഇഷ്ടമുണ്ടായിരുന്നില്ല; കാടിനെ അവൾക്കു ഭയംതോന്നി. വീട്ടിലേയ്ക്കുപോകുവാൻ അവൾ അക്ഷമയായി. പകൽ മിക്കവാറും അവൾ വെളിയിലേയ്ക്കു നോക്കിക്കൊണ്ടു് ഇറയത്തു നിൽക്കും. ആ വീടു വളരെ ഉയരത്തിലാണു് സ്ഥിതിചെയ്തിരുന്നതു്. അതിനു ചുറ്റും പാടുമായി കുന്നുകളും കാടുകളും ഉണ്ടായിരുന്നു. പക്ഷേ അവയ്ക്കിടയിൽക്കൂടി തെക്കുഭാഗത്തു കൃഷിസ്ഥലങ്ങളും സമുദ്രതീരവും അല്പാല്പമായി അവൾക്കു കാണാമായിരുന്നു. ഒരു സായാഹ്നത്തിൽ അവൾ അവിടെയങ്ങനെ നിരൽസുകയായിരിക്കുകയായിരുന്നു. അവളുടെ മടിയിൽ മുക്കുവൻ കിടന്നിരുന്ന നായ അല്പമൊരു വേവലാതി കാണിക്കാൻ തുടങ്ങി; പെട്ടെന്നവൻ പിടച്ചെഴുനേറ്റു കുരച്ചുകൊണ്ടു പുൽത്തകിടിയിൽക്കൂടി ഇരച്ചുപാഞ്ഞു. ഒരാൾ വന്നു കുതിരപ്പുറത്തു നിന്നിറങ്ങുന്നതും കുതിരയെ വേലിയിന്മേൽ കെട്ടുന്നതും വിഗ്ഡിസ്സിന്റെ ദൃഷ്ടിയിൽപ്പെട്ടു; അവൾ പരിഭ്രമത്തോടെ പിടച്ചെഴുനേറ്റു. കാട്ടിൽപ്പോയി ഒളിച്ചിരിക്കാമെന്നാണവളുദ്ദേശിച്ചതു്; പക്ഷേ ആ നിമിഷംതന്നെ ആ മനുഷ്യൻ തലതിരിച്ചു. വിഗ്ഡിസ് അയാളെ കണ്ടു. അവൾക്കാൾ മനസ്സിലായി—യോട്ടു്! ഭയപ്പെടേണ്ടെന്നു് അയാൾ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

വിഗ്ഡിസ് വാതിൽക്കൽ നിശ്ചലയായിനിന്നുകൊണ്ടു മറുപടി പറഞ്ഞു:

Digitized By Kerala Sahitya Akademi

"തന്നെ എനിക്കു ഭയപ്പെടേണ്ട ആവശ്യമില്ലെന്നു് എനിക്കു നല്ലപോലറിയാം."

യോട്ടു് പെട്ടെന്നു നിന്നു് ഒരു നിമിഷനേരം അവളുടെ മുഖത്തേയ്ക്കാന്നു നോക്കി; അനന്തരം അയാൾ സാവധാനത്തിൽ ചോദിച്ചു:

"എന്താണു് നീ പറയുന്നതിന്റെ അർത്ഥം?"

അതു കേട്ടു വിഗ്ഡിസ് വിദ്രുപമായ ഒരു ചിരി ചിരിച്ചതല്ലാതെ ഒന്നും മറുപടി പറഞ്ഞില്ല.

വാതിൽക്കട്ടിലമേൽ ചാരിക്കൊണ്ടു യോട്ടു് നിന്നു. അയാൾ നിലത്തു നോക്കിക്കൊണ്ടും, തന്റെ കുന്തത്തിന്റെ മുനയാൽ മൺകട്ടകൾ മറിച്ചിട്ടുകൊണ്ടും, അവളോടിങ്ങനെ പറഞ്ഞു:

"ഞാനിപ്പോൾ വീട്ടിലേയ്ക്കു തിരിച്ചിരിക്കയാണു്; എന്റെ ചാച്ചക്കാരുടെ ഒരു കപ്പൽ ടേൺസ്ബർഗിൽ കിടപ്പുണ്ടു്. ഞാൻ ഒരു വലിയ അനുഗ്രഹമാണീനിന്നോടു ചോദിക്കുന്നതെന്നു് എനിക്കറിയാം. പക്ഷേ ഞാൻ നിന്നോടു ചെയ്തിട്ടുള്ള സകല തെറ്റിനും നീയെനിക്കു മാപ്പു തരണം. സംഗതികൾ ഇങ്ങനെയെല്ലാമാണെങ്കിലും, ഇപ്പോൾ നീയെന്നോടൊന്നിച്ചു പോരുന്നപക്ഷം, മുൻപു മറെറാരു സ്ത്രീക്കും സിദ്ധിച്ചിട്ടില്ലാത്തവിധം അത്ര ബഹുമാനവും സ്നേഹവും നിനക്കു ലഭിക്കുന്നതാണു്." വിഗ്ഡിസ് വീണ്ടും ചിരിച്ചു; അവൾ മറുപടിപറഞ്ഞു: "ഹേ യോട്ടു്, തന്റെ വാഗ്ദാനങ്ങൾക്കൊന്നും ഒരു വിലയുമില്ല; താനാദ്യമെല്ലാം ചില 'പഞ്ചാരവാക്കുകൾ' പറഞ്ഞു് എ

Digitized By Kerala Sahitya Akademi

ന്നൊ മയക്കി; അതിനുശേഷം സഹിക്കാൻ സാധിക്കാത്ത കുറച്ചിലും ദുഃഖവും താനെനിക്കു വരുത്തിവെച്ചു—മറൊരു സ്ത്രീയും ഇതിനേക്കാൾ കഷ്ടമായ ഒരു തരത്തിൽ ദുരിതം അനുഭവിച്ചിരിക്കയില്ല. തന്റെ ഭാര്യയായിരിയ്ക്കുന്ന വാൾക്കുണ്ടാകുന്ന ബഹുമതി വളരെ കെങ്കേമമായിരിക്കും—കലശൽകൂട്ടുക, മനുഷ്യരുടെ കുതിരകളെ കൊല്ലുക, പെൺകിടാങ്ങളെ കാമാവേശംകൊണ്ടു കെടുത്തിക്കളയുക, കളവുകഥ പറഞ്ഞു പരത്തുക, പാട്ടുകളെഴുതി വിടുക—ഇവയെല്ലാം വളരെ ബഹുമതി നേടുന്ന പ്രവൃത്തികളാണു്. ഇതൊക്കെയാണു് തന്റെ ധീരപ്രവൃത്തി. മറെറാന്നിനും തന്നെ കൊണ്ടു കൊള്ളുകയില്ല. പിശാചതുല്യനായ ഭയങ്കരനാണു് താൻ.”

യോട്ടു് മറെറാരിടത്തേയ്ക്കു നോക്കിക്കൊണ്ടു പ്രതിവചിച്ചു:

“ഇതെന്നോടു പറയാൻ മതിയായ കാരണം നിനക്കുണ്ടെന്നെനിക്കറിയാം. എന്നാൽ പണ്ടു നല്ലനല്ല കാര്യങ്ങൾ പലതും ഞാൻ പ്രവർത്തിച്ചിട്ടുണ്ടു്—അവയെക്കുറിച്ചു കേൾക്കുവാൻ ഒരു കാലത്തു നീ സന്നദ്ധയുമായിരുന്നു. അന്നു ഞാൻ ഇതുപോലെ വിരൂപനായി നിനക്കു തോന്നിയില്ല. അതുകൊണ്ടന്നു നീയെന്നെ വീണ്ടും വീണ്ടും ചുംബിക്കാൻ മടികാണിച്ചുമില്ല. എന്നാൽ കഴിഞ്ഞപ്രാവശ്യം നാം തമ്മിൽ സംസാരിച്ചശേഷം എനിക്കു് എന്റെ ഹൃദയത്തിൽ തീരെ സന്തോഷമുണ്ടായിട്ടില്ല. നിന്നെ വീണ്ടും വന്നു കാണുവാനായി ഞാൻ കൊതിച്ചുകൊതിച്ചിരിക്കുകയായിരുന്നു.”

Digitized By Kerala Sahitya Akademi



"ഞാൻ വീണ്ടും തന്നെ കാണാനായി ഇവിടെ കാത്തിരിക്കയാണെന്നു താൻ വിചാരിച്ചു, ഇല്ലേ?" വിഗ്ഡിസ് ചോദിച്ചു.

അതുകേട്ടു യോട്ട് അവളുടെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടു പറഞ്ഞു:

"അതെ."

അല്പനേരത്തേയ്ക്കതിനുശേഷം അവരിരുവരും ഒന്നും മിണ്ടിയില്ല. അനന്തരം അയാൾ വീണ്ടും ചോദിച്ചു:

"എന്നോടു പറയൂ, വിഗ്ഡിസ്, ഈ ഭാഗങ്ങളിൽ എനിക്കൊരു കുട്ടിയുണ്ടെന്നുള്ളതു സത്യമാണോ അല്ലയോ?"

വിഗ്ഡിസ് വീണ്ടും ചിരിച്ചു; അവൾ മറുപടി പറഞ്ഞു:

"ഉണ്ടായിരിക്കാം. പക്ഷേ എനിക്കതിനെക്കുറിച്ച് ഒന്നും അറിഞ്ഞുകൂടാ. തന്റെ ഇടപാടുകളെക്കുറിച്ചു ഞാൻ അന്വേഷിച്ചിട്ടില്ല."

യോട്ടിന്റെ മുഖം അഗ്നിപോലെ അരുണമായി. അയാൾ ക്ഷമയോടുകൂടിത്തന്നെ നിന്നു. വിഗ്ഡിസ് പറഞ്ഞു:

"ഉം, പൊയ്ക്കോള്ളൂ. പോയി തന്റെ ചെറുപ്പകാലത്തെക്കുറിച്ചു വർണ്ണിച്ചുകൊണ്ടുള്ള പാട്ടുകഥ എഴുതിച്ചിട്ടു; ഒരു സ്ത്രീയുമൊന്നിച്ചു തനിച്ചിരിക്കുമ്പോൾ താനെത്ര ധീരനായ ഒരു പരാക്രമിയാണെന്നു തന്നെത്താൻ പുകഴ്ത്തുകയും

Digitized By Kerala Sahitya Akademi

ചെയ്യു. എന്നാൽ ഇവിടങ്ങളിലുള്ളവർ തന്നെ വിശ്വസിക്കുമെന്നു താൻ പ്രതീക്ഷിക്കേണ്ട; അസൂയാലുവായ കരുവിവാഹാർത്ഥിയുടെ വിടുവാക്കുകളെ ഇവിടെയാരും അത്ര കാര്യമായി കണക്കാക്കാറില്ല."

യോട്ട് നിശ്ചലനായി നിന്നുപോയി. ഇനി എന്താണു് പറയേണ്ടതെന്നയാൾ അറിഞ്ഞില്ല. അവളെ ഉപേക്ഷിച്ചിട്ടു പോകുവാനും അയാൾക്കു മനസ്സുവന്നില്ല. അവളുടെ മനസ്സു മാറുകയില്ലെന്നു് അയാൾ സ്പഷ്ടമായിക്കണ്ടു. വീണ്ടും എപ്പോഴെങ്കിലും അവളെ ഒന്നു കണ്ടുകിട്ടുന്ന കാര്യം വലിയ വിഷമമാണു്. അവൾ നഷ്ടപ്പെടുന്നകാര്യം അയാൾക്കസഹ്യമായിത്തോന്നി. പെട്ടെന്നയാൾക്കു് ആ പുരോഹിതയുടെ കത്തിയെക്കുറിച്ചോർമ്മവന്നു. അയാൾ തന്റെ മാറിൽനിന്നു് അതെടുത്തു് അവൾക്കു കൊടുത്തുകൊണ്ടു പറഞ്ഞു:

"കഴിഞ്ഞകൊല്ലം നാം ഒരുമിച്ചു് ആദ്യമായി ബലിക്കാവിൽ ചെന്ന ദിവസം, നീയിതു് അവിടെ ഇട്ടിട്ടു പോന്നതോർക്കുന്നുവോ?"

വിഗ്ഡിസ് കത്തി കൈയിൽവാങ്ങി. പെട്ടെന്നു മുന്നോട്ടു കുനിഞ്ഞിട്ടു് അയാളുടെ കണ്ണത്തെ ലക്ഷ്യമാക്കി അവൾ ഒരു കുത്തുകൊടുത്തു. കത്തിയുടെ മുന അയാളുടെ വസ്ത്രങ്ങൾ കീറിപ്പിളർന്നു്, തൊലി മുറിച്ചു തോളെല്ലിന്മേൽ ചെന്നുകൊണ്ടു. രക്തം പ്രവഹിക്കാൻ തുടങ്ങി. യോട്ട് അവളെ കടന്നുപിടിച്ചു് ഒരു നിമിഷനേരം തന്നോടു ചേർത്തുനിർത്തി. അയാൾ പറഞ്ഞു:

Digitized By Kerala Sahitya Akademi

"ഇപ്പോൾ വിഗ്ഡിസ്, എനിക്കു നിന്നെ എന്നോടൊന്നിച്ചു കൊണ്ടുപോകാൻ കഴിയും. പക്ഷേ നിന്റെ ഹിതത്തിനു വിരുദ്ധമായി ഞാൻ പ്രവർത്തിക്കുകയില്ല. പക്ഷേ നീയെന്നോടൊന്നിച്ചു പോരുക. നീ എനിക്ക് എന്തെല്ലാം ദ്രോഹം ചെയ്താലും അതിനെല്ലാം ഞാൻ നിനക്കു നന്മ പകരമായിത്തരാം."

അയാളുടെ കരവലയത്തിൽനിന്നുകൊണ്ടുതന്നെ വിഗ്ഡിസ് മറുപടി പറഞ്ഞു:

"എന്നെ ജീവനോടുകൂടി കടലിന്നപ്പുറം കൊണ്ടുപോകാൻ നിങ്ങൾക്കു സാധിക്കുകയില്ല."

അയാൾ അവളെ ചുംബിച്ചുകൊണ്ടു പറഞ്ഞു: "എങ്കിൽ നീ സന്തോഷമായിട്ടിവിടെ താമസിച്ചുകൊള്ളുക. പക്ഷേ എന്റെ ദുഃഖം ഒരുകാലത്തും ഞാൻ മറക്കുകയില്ല."

വിഗ്ഡിസ് പറഞ്ഞു: "താൻ നരകിച്ചു മരിക്കാനിടയാകട്ടെ—ഏറെക്കാലം താൻ ജീവിച്ചു ദുരിതമനുഭവിക്കട്ടെ—താനും തനിക്കു പ്രിയകരമായിട്ടുള്ളതു മുഴുവനും! തന്റെ കുഞ്ഞുങ്ങൾ തന്റെ കണ്ണിനുമുമ്പിൽ ഏറ്റവും ഭീരുണമായ രീതിയിൽ മരിക്കുന്നതു കാണുവാനും തനിക്കു സംഗതിയാകട്ടെ!"

യോട്ട് അവളെ വിട്ടു. അനന്തരം അവൾ പുൽത്തകിടിക്കുനിലങ്ങനെ നടന്നുപോയി. അയാൾ കുതിരയെ അഴിച്ചു നീക്കിനിർത്തി. പക്ഷേ അനന്തരം അല്പനേരം അയാൾ ആ ഭവനത്തിലേയ്ക്ക് ഉറുനോക്കി നിലകൊണ്ടു. അതു കഴിഞ്ഞു് അയാൾ കുതിരയെ കാട്ടിലേയ്ക്കു നടത്തി

Digitized By Kerala Sahitya Akademi

ക്കൊണ്ടു പോവുകയും അവിടെനിന്നു പുറത്തുകയറി ഓടി ച്ചുപോവുകയും ചെയ്തു. പിന്നീടയാൾ വിഗ്ഡിസ്സിനെ കണ്ടുമുട്ടിയതിനിടയിൽ സംവത്സരങ്ങൾ അനേകം കടന്നു പോയി.

പതിനാറു്

ഇല പൊഴിയുന്ന കാലം ഏതാണ്ടവസാനിക്കാറായ പ്പോഴാണു് അവർ വാഡിനിലേയ്ക്കു മടങ്ങിപ്പോന്നതു്. അക്കൊല്ലത്തെ ശീതകാലത്തും വിഗ്ഡിസ്സിനു് അത്ര വലിയ ക്ലേശസൌഖ്യമൊന്നും ഉണ്ടായിരുന്നില്ല. ഗ്രഫ്സിനിലെ കാരാളെയും അയാളുടെ ബന്ധുക്കളും വിഗ്ഡിസ്സിനെ അയാളെക്കൊണ്ടു വിവാഹം കഴിപ്പിക്കേണ്ട കാര്യം ഗ്രന്നാറുമായി ആലോചന തുടങ്ങി. അതറിഞ്ഞപ്പോൾ അവൾക്കു വല്ലാത്ത മനഃശല്യം തോന്നി. കുറച്ചുകാലം കഴിഞ്ഞിട്ടു് അതാലോചിച്ചാൽ മതിയെന്നും ഇത്ര പെട്ടെന്നു തന്നെ വിവാഹബന്ധത്തിലേപ്പെട്ടുവാൻ തനിക്കിഷ്ടമല്ലെന്നും പറഞ്ഞു് അവൾ കേണപേക്ഷിച്ചു. അടുത്ത ഇലപൊഴിയുംകാലത്തു താൻ നിശ്ചിതമായ മറുപടി തരുന്നതാണെന്നു ഗ്രന്നാർ കാരാളയോടു വാക്കുപറഞ്ഞു. എന്തായാലും ഈ വിവാഹകാര്യം തന്റെ പിതാവു മനസ്സുകൊണ്ടു നിശ്ചയിച്ചുകഴിഞ്ഞുവെന്നു വിഗ്ഡിസ്സിനു മനസ്സിലായി.

അക്കൊല്ലം ഗ്രീഷ്മകാലത്തിൽ താൻ കാട്ടിലുള്ള കെട്ടിടത്തിൽപ്പോയി താമസിക്കുന്നില്ലെന്നു വിഗ്ഡിസ് പറഞ്ഞു. വസന്തകാലത്തു് ഒരു സായാഹ്നത്തിൽ അവൾ

Digitized By Kerala Sahitya Akademi

പുൽത്തകിടികളിലേയ്ക്കു നടന്നുപോയി. നല്ല കാലാവസ്ഥയായിരുന്നു. സൂര്യൻ ഏതാണ്ടസ്തമിക്കാറായി. ബർഫുമരങ്ങൾ തളിരിടാൻ തുടങ്ങുകയും പക്ഷികൾ പാട്ടു പാടുകയും ചെയ്തിരുന്ന കാലമായിരുന്നു അത്. ഇലകളുടേയും പുല്ലിന്റേയും ഉല്ലാസകരമായ ഒരു ഗന്ധം അന്തരീക്ഷത്തിൽ തങ്ങിനിന്നിരുന്നു. കുറച്നേരമങ്ങനെ പുറത്തിനടന്നു തന്റെ മനോവ്യഥയെല്ലാം മറന്നുകളയാമെന്നാവാം കരുതി.

ഭവനത്തിന്റെ തെക്കുഭാഗത്തായി ഒരു ചെറിയ കുടിലിൽ ഒരു സ്ത്രീ താമസിച്ചിരുന്നു. ഗ്രന്നാറുടെ വീട്ടുവേലക്കാരിലൊരുവനാണ് അവളെ വിവാഹം കഴിച്ചിരുന്നത്. വിഗ്ഡിസ് അതിലെ കടന്നുപോയ അവസരത്തിൽ അവൾ നൂൽ നൂറുകൊണ്ടു തിണ്ണയിലിരിക്കയായിരുന്നു. അവൾ അവിടെ നിന്ന് അവളുമായി സംസാരിച്ചു. കുടിലിനുള്ളിൽ ഒരു കുഞ്ഞു കിടന്നു കരയുന്നുണ്ടായിരുന്നു. വിഗ്ഡിസ് പറഞ്ഞു:

"വളരെ സങ്കടപ്പെട്ടാണാ കുഞ്ഞു കരയുന്നതെന്നു തോന്നുന്നു. തീരെ കൊച്ചുകുഞ്ഞായിരിക്കയില്ലാ അത്. എന്തുകൊണ്ടെന്നാൽ, പെറുവീണ കുഞ്ഞുങ്ങളാണെങ്കിൽ അവരുടെ കരച്ചിൽ ഭയങ്കരമാണ്; ഞാനതു ശ്രദ്ധിച്ചിട്ടുണ്ട്—മനുഷ്യരുടേതിനേക്കാൾ ഒരു പൂച്ചയുടേയോ മൂങ്ങയുടേയോ പോലിരിക്കും ആ സ്വരം."

സ്ത്രീ അകത്തുചെന്നു കുഞ്ഞിനെ കയ്യിലെടുത്തു; ഏതാണ്ടു രണ്ടുവയസ്സു പ്രായമുള്ള ഒരു പെൺകുഞ്ഞായിരുന്നു അത്. അമ്മ അവളെ കയ്യിലെടുത്ത ഉടൻതന്നെ അവ

Digitized By Kerala Sahitya Akademi

ളുടെ കരച്ചിലെല്ലാം അവസാനിച്ചു. അല്പനേരം കഴിഞ്ഞു് അവൾ ഒക്കത്തുനിന്നു് ഊർന്നിറങ്ങി പുഷ്പങ്ങൾ പറിച്ചെടുത്തുകൊണ്ടു് അങ്ങുമിങ്ങും ഓട്ടംതുടങ്ങി. അവൾ അപ്പോഴും തീരെ കുഞ്ഞായിരുന്നതിനാൽ കീഴോട്ടു കുനിഞ്ഞ അവസരത്തിൽ ഫ്രോക്കിന്മേൽ കാൽ കുരുങ്ങി നിലത്തു വീണുപോയി. വിഗ്ഡിസ് അവളെ എടുക്കുകയും ഉടൻ കുഞ്ഞു തന്റെ കയ്യിലുണ്ടായിരുന്ന പുഷ്പങ്ങൾ അവൾക്കു കൊടുക്കുകയും ചെയ്തു. പക്ഷേ ഞെട്ടിടയോടുകൂടിയായിരുന്നില്ല അവൾ അവ പറിച്ചെടുത്തതു്. അതിനാൽ വിഗ്ഡിസ് ഉടൻതന്നെ അവ വിലത്തെറിഞ്ഞുകളഞ്ഞു. അനന്തരം അവളുടെ അമ്മ പറയാൻ തുടങ്ങി:

"ഈ പുഷ്പങ്ങളുടെ പേർ 'രാപ്പകൽപ്പൂക്കൾ' എന്നാണു്; വിഗ്ഡിസ് അതിൽ ഒരെണ്ണമിങ്ങെടുക്കു. എന്നാൽ ഞാൻ നിങ്ങളുടെ ഭാഗ്യം പറയാം."

വിഗ്ഡിസ് അങ്ങനെ ചെയ്തു. മറോ സ്ത്രീ സംസാരം തുടർന്നു:

"ഇതിനു് ആദ്യം രണ്ടു് ഇരുണ്ട ഇതളുകളുണ്ടു്; പിന്നെ രണ്ടു തെളിച്ചമുള്ള ഇതളുകളും. പക്ഷേ ഇതാ നോക്കൂ, ഉള്ളതിൽ ഏറ്റവും അടിയിലത്തെ ഇതൾ നടുഭാഗംകൊണ്ടു തെളിച്ചമുള്ളതും വക്കു് ഇരുണ്ടതുമാണു്. അതുകൊണ്ടു് ആദ്യം നിങ്ങൾക്കു വലിയ സങ്കടങ്ങളും പിന്നീടു് കട്ടധികം സന്തോഷവും ഉണ്ടാകുമെന്നാണു് അതിന്റെ അർത്ഥം. കടുവിലത്തെ ഇതളിന്റെ ആ വക്കു് ഇരുണ്ടിരിക്കുന്നതു് ഒരു ദുർല്ലക്ഷണമാണു്. നിങ്ങളുടെ വാർദ്ധ

Digitized By Kerala Sahitya Akademi

ക്യകാലത്തു നിങ്ങൾക്കു യാതൊരുവിധനന്മയും ഉണ്ടാകുന്നതായി അതു സൂചിപ്പിക്കുന്നില്ല."

വിഗ്ഡിസ് പ്രതിവചിച്ചു:

"അതൊരു ചീത്ത ദീർഘദർശനമാണു് എന്നു് എനിക്കു തോന്നുന്നു. ഞാനാകട്ടെ എന്റെ ഭാഗ്യം പറയാൻ നിന്നോടാവശ്യപ്പെട്ടുമില്ല. എന്നിരുന്നാലും ഞാൻ നിനക്കു പ്രതിഫലം തരണം:" ഇങ്ങനെ പറഞ്ഞുകൊണ്ടു് അവൾ മാറിടത്തിൽനിന്നു് ഒരു പൊൻപൂശിയ ബ്രൂച്ചെടുത്തു് ആ സ്ത്രീക്കു കൊടുത്തു. അനന്തരം അവൾ അവിടെനിന്നു പുറപ്പെട്ടു.

മൈതാനത്തിൽ ഒരു പാറക്കെട്ടുണ്ടായിരുന്നു;" അതിനു ചുറ്റും ചില ,ചെറുമരങ്ങളും മുൾച്ചെടികളും വളർന്നു നിന്നിരുന്നു. ചുവട്ടിലുള്ള പുൽപ്പരപ്പു മുഴുവൻ 'രാപ്പകൽപ്പൂക്കളാൽ' നിറയപ്പെട്ടിരുന്നു. അതിനു സമീപം എത്തിയപ്പോൾ വിഗ്ഡിസ് അവിടെ ഇരിപ്പുറപ്പിച്ചു. കാൽമുട്ടുകൾ കൈകൊണ്ടടുക്കിപ്പിടിച്ചുകൊണ്ടു തെക്കുഭാഗത്തു മനോഹരമായി മിനുത്തിളങ്ങുന്ന കടൽക്കരയിലേയ്ക്കു് അവൾ കണ്ണോടിച്ചു. അപ്പോഴാകട്ടെ സൂര്യൻ കുന്നുകൾക്കു പിന്നിൽ താണുകഴിഞ്ഞിരുന്നു. അങ്ങനെ ഏറെ നേരത്തേയ്ക്കു് അവളവിടെ ഇരുന്നുപോയി. അവളുടെ ചിന്തകളിൽ ആനന്ദത്തിന്റെ സ്പർശംപോലും ഉണ്ടായിരുന്നില്ല. അവൾ യോട്ടിനെ അനുസ്മരിക്കട്ടെ; കാട്ടിനുള്ളിൽ കളിച്ചുവെച്ച ആ അതിനെക്കുറിച്ചു് ഓർക്കട്ടെ—എന്തായാലും ശരി അവൾ അസ്വസ്ഥയായി. അതു് അവിടെത്തന്നെ കിടക്കുന്നുണ്ടായിരിക്കുമോ? അതോ വല്ല ജന്തുക്കളും അപ്പാ

Digitized By Kerala Sahitya Akademi

ടേയങ്ങു വിഴുങ്ങിക്കാണുമോ?—ഈ ചിന്ത എപ്പോഴും അവളെ അത്ഭുതപ്പെടുത്തി. അന്നു രാത്രി താനതു നിക്ഷേപിച്ച ആ സ്ഥലം മുഴുവൻ എറുമ്പുകളേക്കൊണ്ടും ക്ഷുദ്രങ്ങളായ മറ്റിഴജന്തുക്കളേക്കൊണ്ടും നിറയപ്പെട്ടിരുന്നുവെന്ന കഥ അവൾ സ്പഷ്ടമായി കാത്തു; താൻ പ്രസവിച്ച കുഞ്ഞിന്റെ പേരിൽ അവൾക്ക് അത്രവലിയ മമതയൊന്നും ഇല്ലായിരുന്നുവെങ്കിലും, അതു മരിക്കുന്നതിനു മുൻപ് അതിന്റെ മീതേ ഉറുമ്പുകൾ അങ്ങനെ അരിച്ചരിച്ചു കൂടുകയെന്നതു ഭയങ്കരവും അസഹ്യവുമായ ഒരു കാഴ്ചയായിട്ടവൾക്കു തോന്നി. ആ ചിന്തതന്നെ അവളെ കിടുകിടുപ്പിച്ചു.

ഇരുട്ടുവരാൻ തുടങ്ങിയതോടുകൂടി അവൾ എഴുന്നേറ്റ് ഏതാണ്ട് ഓടിച്ചെന്നു പറയത്തക്കവിധത്തിൽ ധൃതഗതിയായി വീട്ടിലേയ്ക്കു നടന്നുപോയി. ഗൃഹം സമീപിച്ചപ്പോൾ അവൾ ഈസായെ കണ്ടുമുട്ടി.

ഈസാ പറഞ്ഞു:

"എന്റെ മോളേ, നീയെന്നെ വല്ലാതെ പേടിപ്പിച്ചുകളഞ്ഞു കെട്ടോ; ഇരുട്ടത്ത് അത്ര വലിയ പേടിയുള്ള നീ ഏറെനേരം വെളിയിലങ്ങനെ തങ്ങിനിന്നപ്പോൾ എന്തു വിചാരിക്കണമെന്ന് എനിക്കറിഞ്ഞുകൂടാതായി."

വിഗ്ഡിസ് പ്രതിവചിച്ചു:

"ഇരുട്ട്, ഈ കാടും, എന്നെ ഭയപ്പെടുത്തുന്നു; എന്തിനു്, വീട്ടിൽ എന്റെ സ്വന്തം മുറിപോലും എന്നെ കിടുകിടുപ്പിക്കുന്നു. എന്റെ ജീവിതം മഹാ ദുരിതമാണ്.

Digitized By Kerala Sahitya Akademi

ഇതങ്ങവസാനിപ്പിച്ചുകളയുന്നതാണു് ഉത്തമമെന്നു് എനിക്കു തോന്നിപ്പോകുന്നു.”

“അത്തരം ഭയങ്കരമായ കാര്യങ്ങളൊന്നും പറയാതിരിക്കൂ,” ഈസാ പറഞ്ഞു: “നിനക്കെല്ലാം ഇനിയും നന്മയായിത്തന്നെ വരും. നിനക്കു ചെറുപ്പമാണു്. നീ ചെയ്ത തെറ്റുകൾ നിനക്കു മറക്കുവാൻ സാധിക്കും. നീ പരിശുദ്ധയായ ഒരു കന്യകയാണെന്നു് ആക്കും അറിയാം.”

“അതാണു് ഏറ്റവും വഷളായ സംഗതി എന്നെനിക്കു തോന്നുന്നു.” വിഗ്ഡിസ് മറുപടി പറഞ്ഞു: “എന്റെ അച്ഛൻ എന്നെ വീട്ടിൽനിന്നു് ആട്ടിയോടിച്ചാലും വേണ്ടില്ല, എന്റെ ലജ്ജാകരമായ കാര്യം വെട്ടിവെളിച്ചത്തു പറയുകയായിരുന്നു ഭേദം. നേരംപോക്കു പറയുവാനും പുറമേ പണ്ടത്തേപ്പോലെ സന്തോഷഭാവം പ്രകടിപ്പിക്കുവാനും നിർബ്ബന്ധിതയായിത്തീരുക; എനിക്കാകട്ടെ, വന്നുകൂടിയ ദുരിതത്തെക്കുറിച്ചുള്ള ചിന്തയിൽനിന്നു നിമിഷനേരത്തേയ്ക്കെങ്കിലും മനസ്സിനെ പിൻതിരിക്കാൻ കഴിയാതേയുമിരിക്കുക; ഇതിനേക്കാൾ വിഷമകരമായിട്ടൊന്നുമില്ല. അങ്ങനെയല്ലെന്നുള്ളതു നമുക്കു മുന്നുപേക്കിയാവുന്ന സ്ഥിതിക്കു്, ഇവിടുത്തുകാർ ഞാൻ നിർമ്മലയായ ഒരു കന്യകയാണെന്നു വിശ്വസിക്കുന്നതു് എനിക്കത്ര വലിയ സഹായമായി തോന്നുന്നില്ല; ഞാൻ അതിന്റെ ഗൂഢമായ മുദ്ര എന്റെ ശരീരത്തിൽ വഹിക്കുന്നു. കാരെ ഈയിടെ വിവാഹാലോചന മുറുകിപ്പിടിച്ചിരിക്കുന്ന സ്ഥിതിക്കു് എങ്ങനെയാണു് സ്വയം രക്ഷനേടേണ്ടതെന്നു് എനിക്കു മനസ്സിലാകുന്നില്ല.”

Digitized By Kerala Sahitya Akademi

അന്നു വൈകിട്ട്, അവർ ഉറക്കറയിൽ തനിച്ചായ അവസരത്തിൽ, വിഗ്ഡിസ് ഇക്കാര്യം വീണ്ടും എടുത്തിട്ടു. അവർ ഈസായോടു പറഞ്ഞു:

"തെക്കുസൌണ്ടുകാരുടെ ഇടയിലുള്ള നിങ്ങളുടെ മാച്ചുക്കാരുടെ അടുത്തു നിങ്ങൾക്കൊന്നു പോയാലെന്താ അമ്മേ? അവർ നമ്മുടെ ബന്ധുക്കളേക്കാൾ കട്ടും താഴ്ന്നവരും ശക്കാരല്ലെന്നു നിങ്ങൾ പലപ്പോഴും പറഞ്ഞിട്ടുണ്ട്."

ഈസാ മറുപടി പറഞ്ഞു:

"എന്റെ മാച്ചുക്കാർ ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ അതോ മരിച്ചുപോയിരിക്കുമോ എന്നൊന്നും എനിക്കറിഞ്ഞുകൂടാ. അവരെ അന്വേഷിക്കുവാനോ എന്റെ നിലമാറുവാനോ എനിക്കിപ്പോൾ കാലം വളരെ അതിക്രമിച്ചിരിക്കുന്നു. പക്ഷേ എന്തിനാണ് നീയിതാവശ്യപ്പെട്ടന്നത്?"

ഏറെനേരത്തേയ്ക്കു വിഗ്ഡിസ് മൌനം ദീക്ഷിച്ചു; പക്ഷേ ഒടുവിൽ അവൾ പറഞ്ഞു: "പണ്ട് എനിക്കു മനസ്സിനു കുണ്ഠിതം തോന്നുന്ന അവസരങ്ങളിലെല്ലാം ഞാൻ നിങ്ങളുടെ അടുത്തു വന്നു നിങ്ങളുടെ മടിയിൽ കയറി ഇരിക്കുകയായിരുന്നു പതിവു്. പക്ഷേ ഇപ്പോഴാകട്ടെ ഞാൻ നിങ്ങളുമായിട്ടാണ് മറെല്ലാവരോടുമുള്ളതിനേക്കാൾ ഗൂഢമായ ഒരു രീതിയിൽ അനുവർത്തിക്കുന്നതു്."

ഈസാ ഒന്നും മറുപടി പറഞ്ഞില്ല. അവൾ സംസാരം തുടർന്നു:

Digitized By Kerala Sahitya Akademi

"കഷ്ടം! എനിക്കിപ്പോൾ വലിയ കുറ്റിതം തോന്നുന്നു—ഞാൻ ആ കുഞ്ഞിനെ ഉപേക്ഷിച്ചുകളഞ്ഞതിൽ. എന്നും രാത്രി അതു് അതിന്റെ ഭയങ്കരമായ ആ കരച്ചിൽകൊണ്ടു് എന്നെ ഉറക്കത്തിൽനിന്നും തട്ടിയുണർത്തുന്നു. പക്ഷേ ആ കുഞ്ഞു് എനിക്കുണ്ടായിരുന്നെങ്കിൽ നിർഭാഗ്യം എന്റെ ഹൃദയത്തിനു കട്ടിവെപ്പിക്കുമായിരുന്നു."

"എന്താണു് നീയിപ്പറയുന്നതിന്റെ സാരം?" ഈസാ ചോദിച്ചു.

"യോട്ടിന്റെ പുത്രൻ യോട്ടിന്റെ കൊലയാളിയായിത്തീരുക— അതായിരുന്നേനേ എന്റെ ഏറ്റവും നല്ല പ്രതികാരം. വെറുപ്പോടുകൂടി ഞാൻ അടിച്ചു വളർത്തുന്ന ആ നായിന്റെ കൈയിൽനിന്നു് അതിന്റെ പല്ലുകൾ കഴുത്തിൽത്താണിറങ്ങുന്നതുവരെ ഞാനും യോട്ടിനു് അത്ര എളുപ്പത്തിലൊന്നും രക്ഷപ്രാപിക്കാൻ തരപ്പെടുകയില്ലായിരുന്നു."

ഈസാ വളരെ താണസ്വരത്തിൽ പറഞ്ഞു:

"നീയിപ്പറഞ്ഞതു കായ്മമായിട്ടാണോ എന്നറിയാൻ എനിക്കു താല്പര്യമുണ്ടു്."

"അതെ; അങ്ങനെയൊരു പ്രതികാരം ആ മനുഷ്യനോടു ചെയ്താൽക്കൊള്ളാമെന്നു് എനിക്കു് അതിയായ ആഗ്രഹമുണ്ടു്."

"ശരി; എന്നാൽ നീ വിഷമിക്കേണ്ട. കഴിഞ്ഞ വേനൽക്കാലത്തു നീ പ്രസവിച്ച ആ കുഞ്ഞു് എന്റെ മകൻ സ്കാഫ്ടേയോടുകൂടിയുണ്ടു്."

Digitized By Kerala Sahitya Akademi

താൻ ഇരുന്നിരുന്ന ബെഞ്ചിന്റെ പുറത്തുനിന്നു വിഗ്ഡിസ് ചാടി എഴുന്നേറ്റു. ഒരു പ്രേതംപോലെ വിളറി ഒരക്ഷരമെങ്കിലും ഉച്ചരിക്കാൻ സാധിക്കാതെ അല്പനേരം അവളങ്ങനെ നിശ്ചലയായി നിന്നുപോയി. അനന്തരം അവൾ മേശപ്പുറത്തേയ്ക്കു ചാഞ്ഞ് അതിന്മേൽ തലവെച്ചുകൊണ്ട് ഏങ്ങലടിച്ചു കരയാൻ തുടങ്ങി.

ഈസാ പറഞ്ഞു:

"ആരും ഈ സംഗതി അറിയേണ്ടതായിട്ടില്ല. മുൻപിലത്തെപ്പോലെത്തന്നെ ഇതു് ഇനിയും രഹസ്യമായി വെച്ചുകൊണ്ടിരിക്കണമെന്നാണു് എന്റെ ഉപദേശം. നിന്റെ പുത്രനെ നിനക്കു കാണണമെന്നാശയുണ്ടെങ്കിൽ അങ്ങനെ ചെയ്യാമെന്നു കരുതി മാത്രമാണു് ഞാനിതിപ്പോൾ നിന്നോടു പറഞ്ഞതു്." വിഗ്ഡിസ് തേങ്ങിത്തേങ്ങി കരഞ്ഞുകൊണ്ടു പറഞ്ഞു:

"ഇതിനേക്കാൾ ഇനി ചീത്തയാകാൻ സാധിക്കാത്തവിധം അത്ര ദുരിതം പിടിച്ച ഒന്നാണു് എന്റെ ജീവിതമെന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നതു്. പക്ഷേ ഇപ്പോൾ—അതെ, എന്റെ കുട്ടി ഇവിടെയുണ്ടെന്നു് എനിക്കറിയാവുന്നതിനാലും എപ്പോഴെങ്കിലും അവൻ എന്റെ കണ്ണിൽ പെട്ടേയ്ക്കാമെന്നതിനാലും ഇനി എനിക്കു് ഈ നാട്ടിൽ താമസിക്കുക സാദ്ധ്യമല്ല. കഷ്ടമായിപ്പോയി! എനിക്കവനെ എടുത്തു് ആ തടാകത്തിലേയ്ക്കു എറിഞ്ഞുകളയാമായിരുന്നു. പക്ഷേ എന്തുചെയ്യട്ടെ. എനിക്കപ്പോൾ ഒന്നും വയ്യാതായി. ഞാനത്രമേൽ തളർന്നിരുന്നു. എനി

Digitized By Kerala Sahitya Akademi

ക്ക തോന്നുന്നില്ല, നിങ്ങൾ എന്നോടു പറഞ്ഞതു പരമാത്മാണെന്നു്."

ഇതു കേട്ടു് ഈസാ അവളുടെ അലമാറ തുറന്നു് ഒരു വസ്ത്രമെടുത്തുകൊണ്ടുവന്നു വിഗ്ഡിസ്സിന്റെ കൈയിൽ കൊടുത്തു. അവൾ അതു പരിശോധിച്ചുനോക്കി. അന്നു രാത്രി അവളുടെ ശരീരത്തിലുണ്ടായിരുന്ന വസ്ത്രംതന്നെ ആയിരുന്നു അതു്. രക്തത്തിന്റെ പാടുകളും പായലും ഉഴുചാലുകളിലെ കളിമണ്ണും അതിന്മേൽ അപ്പോഴും പറ്റിപ്പിടിച്ചിട്ടുണ്ടായിരുന്നു. അതു നിലത്തു വലിച്ചെറിഞ്ഞിട്ടു് അവൾ കരഞ്ഞുകൊണ്ടു പറഞ്ഞു:

"അച്ഛൻ ഇപ്പോൾ എല്ലാം അറിയും. എന്റെ രഹസ്യം പുറത്താകാതെ സൂക്ഷിക്കണമെന്നു സ്കാഫ്ടേയോടോ മറ്റാരോടെങ്കിലുമോ കിഴിഞ്ഞപേക്ഷിക്കേണ്ടിവരുന്നതിൽ ഭേദം എനിക്കു മരണമാണു്. ഇങ്ങനെ നിങ്ങളെന്നെ അടിപ്പെടുത്തുമെന്നു് ഒരിക്കലും ഞാൻ കരുതിയിരുന്നില്ല."

ഈസാ മറുപടി പറഞ്ഞു:

"അന്നു രാവിലെ ഞാൻ ഉണർന്നപ്പോൾ കിടക്കയുടെ മേൽ നിന്നെക്കണ്ടില്ല. ഞാൻ ഭയപ്പെട്ടുപോയി. നിന്നെ അന്വേഷിക്കുവാനായി ഞാൻ സ്കാഫ്ടേയെ പറഞ്ഞയച്ചു. അവൻ കുഞ്ഞിനെ കണ്ടെത്തി കൈയിലെടുത്തു! അവൻ അത്രമാത്രം അഴകുള്ള കോമനക്കുഞ്ഞായിരുന്നതിനാൽ അവനെ വളർത്തുവാൻ സ്കാഫ്ടേയ്ക്കു് ആശതോന്നി. ഏറ്റവും സുന്ദരനായ നിന്റെ കാമനക്കുഞ്ഞു

Digitized By Kerala Sahitya Akademi

ജീവനോടുകൂടിയിരിപ്പുണ്ടെന്നറിയുന്നതു നിനക്കു് ആശ്വാസകരമായിരിക്കുമെന്നു കരുതി മാത്രമാണു് ഞാനിപ്പോൾ നിന്നോടിതു പറഞ്ഞതു്.”

“കൊള്ളാം. അതെ, വരുന്നതെല്ലാം വന്നതന്നെ തീരണം” വിഗ്ഡ്സ് പറഞ്ഞു:

“എനിക്കു് ഈ ജീവിതം മുഷിഞ്ഞു. അതു് എങ്ങനെയെങ്കിലും തുലച്ചേ ഒക്കൂ.”

ഈസാ മറുപടി പറഞ്ഞു:

“നീയതു ചെയ്യരുതു്. മാന്യമായ ജനനം അത്രവലിയ ഒരു കായ്മൊന്നുമല്ല. ഒരു പേരു കേടുവന്നുപോയ സ്ത്രീ, അവൾ എത്ര ഉയർന്നനിലയിലുള്ളവളായാലുംശരി, തരം താഴ്ത്തപ്പെട്ടവളായിത്തീരുന്നു. എനിക്കു വന്നുചേർന്ന വിധിയും അതാണു്; ഇപ്പോൾ തന്നെ അതെല്ലാം ഞാൻ നിന്നോടുപറയാം. അതു കേട്ടിട്ടു നിനക്കു എന്തു തോന്നുന്നുവോ അതുപോലെ പ്രവർത്തിച്ചുകൊള്ളൂ.”

പതിനേഴു്

അനന്തരം ഈസാ അവളുടെ കഥ പറയാൻ തുടങ്ങി:

“എന്റെ അച്ഛന്റെ പേർ ഹരാൾഡ് ഗോൾഡ് ബിയേർഡ് (സ്വർണ്ണശ്മശ്രു) എന്നായിരുന്നു; തെക്കു സീലാൻഡിലാണു് അദ്ദേഹം താമസിച്ചിരുന്നതു്. ഞങ്ങൾ —ഞാനും എന്റെ സഹോദരികളും—എത്ര സുന്ദരവും സുഖപൂർണ്ണവുമായ ഒരു ജീവിതമാണു് നയിച്ചിരുന്നതെന്നോ! എന്റെ ശൈശവം എത്രമാത്രം സൗഭാഗ്യപൂർണ്ണമാ

Digitized By Kerala Sahitya Akademi

യിരുന്നൊന്നു നിന്നോടു ഞാൻ മുൻപുതന്നെ പറഞ്ഞിട്ടുണ്ടല്ലോ! അവർ—ഇൻഗ്രീസും. ആസ്റ്റിഡും—പൂണ്ണവളച്ചു യെത്തിയവരായിരുന്നു. പക്ഷേ എനിക്കാകട്ടെ പതിമൂന്നു വയസ്സേ പ്രായമായിരുന്നുള്ളൂ. ഞങ്ങളുടെ വേലക്കാരികളുമൊന്നിച്ച് ഒരു ദിവസം സായാഹ്നത്തിൽ ഞങ്ങൾ കടലിടുക്കിൽ കുളിക്കാൻ പോയി. ഏതാനും കപ്പലുകൾ ആ വഴി വരുന്നുണ്ടായിരുന്നു. ഓലാൻഡിൽനിന്നുള്ള 'വൈക്കിംഗ്' വഴുക്കാരായിരുന്നു അവർ. കപ്പൽ നിർത്തി അവർ ഞങ്ങളെ അതിനകത്തു പിടിച്ചിട്ടു. ഞങ്ങളിൽ കുറച്ചെങ്കിലും രക്ഷപ്രാപിക്കാൻ കഴിഞ്ഞില്ല. മൂന്നു സഹോദരന്മാരായിരുന്നു ആ കപ്പലിനുടമസ്ഥർ; ഞങ്ങൾ മൂന്നു സഹോദരിമാർ; അവർ അവക്കായി ഞങ്ങളെ എടുത്തു. ജന്മനാ ശാന്തസ്വഭാവം ആക്കാണെന്നു് ഉടൻതന്നെ അവക്കു കാണാൻ കഴിഞ്ഞു. അവരിൽ മൂത്തയാളുടെ പേർ ആൻഗ്രിം എന്നായിരുന്നു. ആദ്യത്തെ രാത്രി ഞാൻ ആ മനുഷ്യന്റെകൂടെ കിടന്നു; അതിനുശേഷം രണ്ടുകൊല്ലം എന്നെ അയാൾ വെച്ചുകൊണ്ടിരുന്നു. ആ സഹോദരന്മാർ വേഗത്തിൽ വേർപെട്ടുപോയി; മറ്റുള്ളവർ വീട്ടിലേയ്ക്കു തിരിച്ചു; പക്ഷേ ആൻഗ്രിം ആകട്ടെ ശീതകാലത്തും ഉഷ്ണകാലത്തും കുന്നുപോലെ കടലിൽ അങ്ങിങ്ങു ചുറ്റിത്തിരിയുകയാണു് ചെയ്തതു്. അയാൾ വളരെ ധീരനും ശക്തിമാനും ചന്തമുള്ളവനുമായിരുന്നു. എന്നാൽ ഞാൻ അയാളോടു സ്നേഹം പ്രകടിപ്പിക്കായ്കയാൽ അയാൾ എന്നോടു് എന്തെന്നില്ലാതെ പരുഷമായി പെരുമാറി. അതിനുശേഷം ഒരിക്കലും ഞാനെന്റെ സഹോദരിമാരെ കണ്ടിട്ടില്ല; അവക്കെന്തു സംഭവിച്ചുവെന്നും എനി

Digitized By Kerala Sahitya Akademi

ക്ക കേൾക്കാൻ സാധിച്ചില്ല. അവരുടെ വർത്തമാനങ്ങൾ എന്തെങ്കിലും ചോദിച്ചാൽ ആൻഗ്രിം മൗനം ദീക്ഷിക്കയായിരുന്നു പതിവു്.

"അയാൾ വിദൂരസ്ഥലങ്ങളിൽ അങ്ങുമിങ്ങും കപ്പലോടിച്ചു പോയി; അനേകം വിജയങ്ങൾ അയാൾ നേടുകയും ചെയ്തു. കപ്പലിന്റെ മുകൾത്തട്ടിനു കീഴിലുള്ള ഒരു മുറിയിൽ അയാൾ എന്നെ ഭദ്രമായി സൂക്ഷിച്ചു. ഞാൻ കളിച്ചാടിപ്പായെങ്കിലോ എന്ന ഭയത്താൽ അയാൾ എന്റെ വസ്ത്രങ്ങളെല്ലാം എടുത്തുകൊണ്ടുപോയി. അതിനു പകരം വിലപിടിച്ച തോലുകളും പുതപ്പുകളും ആഭരണങ്ങളും എനിക്കു തന്നു. ആസ്ബ്ജോൺ എന്നു പേരോടുകൂടി ഒരു ഡെൻമാർക്കുകാരൻ പയ്യൻ കപ്പലിലുണ്ടായിരുന്നു; എല്ലാ സ്വർണ്ണാഭരണങ്ങളും എടുത്തുകൊണ്ടു് എന്നോടൊന്നിച്ചു് ഒളിച്ചുപോകുവാൻ ഞാൻ അവനെ പ്രലോഭിപ്പിച്ചു. പക്ഷേ എങ്ങനെയോ എന്തോ ആൻഗ്രിമിനു അതറിവു കിട്ടി; അയാൾ ആസ്ബ്ജോണിനെ വെട്ടിക്കൊന്നു; അതിനുശേഷം അയാൾ എന്നോടു് അധികം ശ്രദ്ധയായിപ്പെരുമാറി.

"ഒരിക്കൽ * ദക്ഷിണദ്വീപങ്ങൾക്കു സമീപം ഞങ്ങൾ നങ്കൂരമിട്ടു കിടക്കുമ്പോൾ നോർവേയിൽനിന്നും ഏതാനും പൈക്കിംഗ്കാർ അവരുടെ കപ്പൽ ഞങ്ങളുടെ സമീപത്തു കൊണ്ടുവന്നു. തുടർന്നുണ്ടായ പോരിൽ ആൻഗ്രിം പരാജിതനായി. നിന്റെ അച്ഛൻ ഗ്രന്നാറായിരുന്നു അവരുടെ തലവൻ. അദ്ദേഹം എന്നെ മുറിയിൽനിന്നു

* ഹെബ്രൈഡ്സ്.

Digitized By Kerala Sahitya Akademi

വെളിയിൽ കൊണ്ടുവന്നായുടൻ കപ്പലിന്റെ മുകൾത്തട്ടിൽ ആൻഗ്രിം മരിച്ചുകിടക്കുന്നിടത്തേയ്ക്കു ഞാൻ ചെന്നു. രാത്രി എന്റെ തലമുടി ആൻഗ്രിം അയാളുടെ കഴുത്തിൽ കെട്ടിക്കൊണ്ടു കിടക്കാവുള്ള പതിവോർത്തു നിലത്തു മുട്ടുകുത്തിനിന്നുകൊണ്ട് അയാളുടെ ദേഹത്തിലെ മുറിവുകളിൽക്കൂടി ധാരധാരയായിത്തള്ളിപ്പുറപ്പെട്ട ചോരയിൽ ഞാനെന്റെ തലമുടി അലമ്പിനനച്ചു. അതിനേക്കാൾ കൃതജ്ഞതാപൂർണ്ണമായ കരുപ്രക്ഷാളനം കരിക്കലും എനിക്കുണ്ടായിട്ടില്ല.

"അനന്തരം ഗ്രന്നാർ എന്റെ പേരെന്തെന്നും കുടുംബമേതെന്നും ചോദിച്ചു. ഞാൻ എത്രത്തോളം സുന്ദരിയാണോ അത്രത്തോളംതന്നെ കുലീനയുമാണെന്നു തനിക്കു കാണാൻ കഴിയുമെന്നു് അദ്ദേഹം എന്നോടു പറഞ്ഞു. അതു കഴിഞ്ഞു് അന്നു പകലും അന്നു രാത്രിയും മുഴുവൻ ഞങ്ങൾ ഒന്നിച്ചു് കാരോന്നു സംസാരിച്ചുകൊണ്ടിരുന്നു. ഡെൻമാർക്കിൽ എന്റെ വീട്ടിലേയ്ക്കു് എന്നെ കൊണ്ടുപോകാമെന്നു് അദ്ദേഹം എന്നോടു വാഗ്ദാനം ചെയ്തു. എന്റെ സ്ഥിതിക്കനുയോജ്യമായ രീതിയിൽ ഏറ്റവും മികച്ച വസ്ത്രങ്ങൾ അദ്ദേഹം എനിക്കു നൽകി. അദ്ദേഹം എന്നോടതിരറ്റ കാരുണ്യം കാണിച്ചതിനാൽ, അദ്ദേഹത്തിനെന്റെ ഹൃദയം സ്വായത്തമാക്കാൻ സാധിച്ചു. ത്തന്റെ പത്നിയുമായി ചേർപ്പെട്ടിരുന്നെങ്കിൽ എന്നു തനിക്കാശയുണ്ടെന്നും, എങ്കിൽ എന്റെ ബന്ധുക്കളുടെ അനുമതിയോടുകൂടി എന്നെ സ്വീകരിക്കാമായിരുന്നുവെന്നും അദ്ദേഹം എന്നോടു പറഞ്ഞു. പക്ഷേ വീട്ടിലേയ്ക്കു തിരിച്ചു

Digitized By Kerala Sahitya Akademi

പോകുന്നതിനേക്കാൾ അദ്ദേഹത്തോടൊന്നിച്ചു താമസിക്കുന്നതായിരുന്നു എനിക്കിഷ്ടം. ഞാൻ ഗർഭിണിയായിരുന്നതുവരെ അദ്ദേഹത്തോടൊന്നിച്ചു കപ്പലിൽത്തന്നെ കഴിച്ചുകൂട്ടി. പിന്നീടദ്ദേഹം എന്നെ പൂർവ്വാധികം സ്നേഹിക്കാൻ തുടങ്ങി; എന്തുകൊണ്ടെന്നാൽ, ആൽവ്സോളിനു കുഞ്ഞുങ്ങൾ ഉണ്ടായിരുന്നില്ല.

"അദ്ദേഹം എന്നെ ഇങ്ങോട്ട്—വാഡിനിലേയ്ക്കു കൊണ്ടുപോന്നു; പക്ഷേ ആയിടയ്ക്കു തെയിൻകാർ സായുധരായി സമരസന്നദ്ധരാകുവാനുള്ള പ്രഭുവിന്റെ കല്പനനിമിത്തം ഗ്രനാറിനു് എന്നെ വിട്ടുപിരിയേണ്ടതായി വന്നുകൂടി. തന്റെ സ്വന്തം കുഞ്ഞിനെയെന്നപോലെ എന്റെ കുഞ്ഞിനേയും എന്നേയും നല്ലപോലെ നോക്കിക്കൊള്ളാമെന്നു് അദ്ദേഹം ആൽവ്സോളിനെ വാക്കുകൊടുത്തു. അനന്തരം ഞങ്ങൾ യാത്രപെട്ടു. അവാച്യമായ ദുഃഖത്തോടും ആശയോടുംകൂടി ഞാനിവിടെ താമസിച്ചു. ഞാൻ കുരുപുത്രനെ പ്രസവിച്ച അവസരത്തിൽ ആൽവ്സോളും അവളുടെ പോറമ്മയും എന്നോടൊന്നിച്ചുണ്ടായിരുന്നു. പ്രസവിച്ചു നിമിഷംതന്നെ അവർ കുഞ്ഞിനെ എന്നിൽനിന്നു വാങ്ങുകയും അതിനെ കൊല്ലുവാൻവേണ്ട ഏർപ്പാടുകൾ ചെയ്കയും ചെയ്തു. മരിച്ച കുഞ്ഞിനെയാണു് പ്രസവിച്ചതെന്നു ഗ്രനാറിനോടു പറയുവാൻ അവർ വീട്ടിലുള്ള എല്ലാവരോടും നിർബ്ബന്ധിച്ചു. ഞാൻ എന്തെങ്കിലും പരാതിപ്പെട്ടാൽ ഏറ്റവും പൈശാചികമായ രീതിയിൽ എന്റെ കഥ കഴിക്കുന്നതാണെന്നു് ആൽവ്സോം എന്നെ ഭീഷണിപ്പെടുത്തി. അല്പനാൾക്കുശേഷം ഗ്രനാക്കു

Digitized By Kerala Sahitya Akademi

വല്ലാതെ പരുക്കേറ്റിരിക്കയാണെന്നും ഏറെക്കാലത്തേയ്ക്ക് അദ്ദേഹത്തിനു മടങ്ങിയെത്താൻ താമസിക്കുകയില്ലെന്നുമുള്ള വാർത്ത അറിയാറായി. അനന്തരം ആൽഫ്സോം അവളുടെ അടിമകൾ താമസിച്ചിരുന്ന ഗൃഹത്തിലേയ്ക്ക് എന്നെ പറഞ്ഞയച്ചു. അവരിൽ ഒരാളുടെ പേർ സ്പാർട്ട് എന്നായിരുന്നു. മറ്റുള്ളവരുടെ ആക്രമണത്തിൽനിന്നു് അയാൾ എന്നെ രക്ഷിച്ചു. മറ്റെല്ലാറ്റിലും അയാൾ എന്നോടു വളരെ നല്ലവനായിത്തന്നെ പെരുമാറി; പക്ഷേ അയാളെന്നെ ഭാര്യയാക്കിയെടുത്തു. ഇവിടെ കാട്ടിനുള്ളിൽ ഒരു വീട് ആൽഫ്സോം അയാൾക്കു കൊടുക്കുകയും, ഞാനങ്ങനെ ഒരടിമയുടെ ഭാര്യയായിത്തീർന്നിരിക്കയാണെന്നു് എല്ലാവരോടും വെളിപ്പെടുത്തുകയും ചെയ്തു. ആ വീട്ടിലാണു് ഇപ്പോൾ സ്കാഫ്ടിന്റെ താമസം.

"ഹ്രനാർ മടങ്ങിയെത്തി. ഞാൻ സ്പാർട്ടിന്റെ കൂടെപ്പോയി എന്നു് അവൾ അദ്ദേഹത്തെ ധരിപ്പിച്ചു. അതു കേട്ട് അദ്ദേഹം കലികൊള്ളുകയും ഞങ്ങൾ രണ്ടുപേരേയും കൊല്ലാൻ നിശ്ചയിക്കുകയും ചെയ്തു. അദ്ദേഹം ഞങ്ങളെ വധിച്ചേനെ; പക്ഷേ ഞാൻ അദ്ദേഹത്തോട് എന്റെ പ്രസവത്തേയും ആ ആൺകുഞ്ഞിന്റെ ജനനത്തേയും മറ്റും പറഞ്ഞിട്ടുള്ള എല്ലാ സംഗതികളും വിശദമായി ധരിപ്പിച്ചു. അനന്തരം അദ്ദേഹം ആൽഫ്സോളിനെ വീട്ടിൽനിന്നു് ആട്ടിപ്പുറത്താക്കി. സ്പാർട്ടിനെ ഉപേക്ഷിച്ചു തന്റെ ഗൃഹത്തിൽവന്നു കുടുംബഭരണം കൈയേൽക്കുവാൻ അദ്ദേഹം എന്നെ നിർബ്ബന്ധിച്ചു. പക്ഷേ ഒരു പുതിയ ഭാര്യയെ സ്വീകരിക്കുന്നതാണുത്തമമെന്നു

Digitized By Kerala Sahitya Akademi

ഞാൻ അദ്ദേഹത്തോടുപദേശിച്ചതിനാൽ അദ്ദേഹം നിന്റെ അമ്മയെ—ഹെർഡിസ്സിനെ—വിവാഹം കഴിച്ചുകൊണ്ടുവന്നു. അന്നു് എന്നേക്കാൾ ചെറുപ്പക്കാരിയും സുന്ദരിയുമായിരുന്നു ആ സ്ത്രീ. നിനക്കറിയാമല്ലോ, നിന്നെ പ്രസവിച്ച ഉടൻതന്നെ അവർ മരിച്ചുപോയി. അനന്തരം നിന്നെ പോറ്റിവളർത്തുവാനുള്ള ചുമതല എന്നെ ഏല്പിക്കേണമെന്നു ഞാൻ ഗ്രന്നാറിനോടപേക്ഷിച്ചു; അദ്ദേഹം അതിനു സമ്മതിക്കുകയും ചെയ്തു. അതുമുതൽ ഗൃഹഭരണം മുഴുവൻ എന്റെ ചുമതലയിലായി. നീ കാണുന്നുണ്ടല്ലോ; എന്റെ പുത്രന്മാരെ ഗ്രന്നാർ വളരെ വാത്സല്യത്തോടുകൂടി വളർത്തിക്കൊണ്ടുവന്നു. സ്വതന്ത്രരായി ജീവിക്കുവാൻ അദ്ദേഹം അവർക്കനുമതി കൊടുത്തു—ഏറെ നാളായി ഞാൻ അദ്ദേഹത്തെ അറിഞ്ഞിടത്തോളം എന്റെ ഉപദേശമനുസരിച്ചു് എല്ലാ കാര്യങ്ങളിലും ഏറ്റവുമധികം നന്മയ്ക്കുവേണ്ടിയാണു് അദ്ദേഹം പ്രവർത്തിച്ചിട്ടുള്ളതു്."

പതിനെട്ടു്

വിഗ്ഡിസ് പറഞ്ഞു:

"നിങ്ങൾ എന്നോടു പറഞ്ഞ കാര്യങ്ങളിൽവെച്ചു് എനിക്കേറ്റവും വിചിത്രമായിത്തോന്നുന്നതിതാണു്: നിങ്ങൾ ആ അടിമയെന്നിച്ചു താമസിച്ചു. അവർ നിങ്ങളെ അയാളുടെ അധീനത്തിലേയ്ക്കു് ഉന്തിത്തള്ളിവിട്ടു. ഞാനാണെങ്കിൽ അയാളെ കാട്ടുകുതിരകളെക്കൊണ്ടു് ചവിട്ടി മെതിപ്പിച്ചു തുണ്ടംതുണ്ടമാക്കണമെന്നു ഗ്രന്നാറിനോടു യാചിക്കുമായിരുന്നു."

Digitized By Kerala Sahitya Akademi

ഈസാ പ്രതിവചിച്ചു:

"എന്നെ വീട്ടിൽ താമസിപ്പിക്കുന്നതിനേക്കാൾ, ഉന്നതകുലത്തിൽ ജനിച്ചവളും ധനികയുമായ ഒരു പതിയെ സ്വീകരിക്കുന്നതുതന്നെയായിരുന്നു ഗ്രന്ഥകാരന്റെ യോഗ്യതയ്ക്ക് അധികം യോജിച്ചതു്. എന്നാൽ എന്റെ മനസ്സിട്ട് ഏറ്റവും ആട്ടികൊണ്ടിരുന്നതു് ഈ ഒരു സംഗതിയാണു്: സ്വാർട്ടിൽനിന്നു് എനിക്കൊരു കുട്ടിയുണ്ടു്. എന്റെ പുത്രനെ രണ്ടാമതൊരിക്കൽക്കൂടി അവർ എന്നിൽനിന്നു കവർന്നുകൊണ്ടു പോയാലോ; അതെനിക്കു സമ്മതമല്ല."

"നിങ്ങളുടെ സ്വഭാവം എന്നോടുപോലല്ല, പോറമ്മേ!" വിഗ്ഡിസ് പറഞ്ഞു. ഒരു നിമിഷം കഴിഞ്ഞു് അവൾ തുടർന്നു: "എന്റെ അമ്മയിൽനിന്നാണെങ്കിൽ അദ്ദേഹത്തിനു വലിയ ആനന്ദമൊന്നും കിട്ടാനിടയായിട്ടില്ല; എനിക്കു് ഇങ്ങനെയൊരു കുഞ്ഞുണ്ടെന്നു കേൾക്കുമ്പോൾ എന്തായിരിക്കും അദ്ദേഹത്തിന്റെ മനസ്സിലെ ദുഃഖമെന്നു് ഒന്നാലോചിച്ചുനോക്കൂ!"

"ഗ്രന്നാർ ജീവിച്ചിരിക്കുന്നിടത്തോളംകാലം ആ കുട്ടി ഇപ്പോഴെവിടെയോ അവിടെത്തന്നെ കഴിഞ്ഞുകൂടട്ടെ," ഈസാ പറഞ്ഞു: "അതിനുശേഷം നിനക്കു നിന്നോടൊന്നിച്ചു് അവനെ കൂട്ടിക്കൊണ്ടു പോകാം; അങ്ങനെ അവനിൽ നിനക്കു് ആനന്ദം കണ്ടെത്തുകയും ചെയ്യാം. കാറെയുമായിട്ടുള്ള കാര്യത്തിൽ നമുക്കു എന്തെങ്കിലും പോംവഴി കണ്ടുപിടിക്കാം."

Digitized By Kerala Sahitya Akademi

വിഗ്ഡിസ് അവളുടെ രണ്ടു കൈകളും മടക്കി മടിയിൽ ചേർത്തുകൊണ്ട് അഗ്നികുണ്ഡലത്തിലേയ്ക്കു കുനിഞ്ഞുനോക്കി. "എന്തെങ്കിലും കരുപായം കണ്ടുപിടിക്കാൻ തലകാഞ്ഞുകൊണ്ടു ദുഃഖത്തിലും ഭയത്തിലും അങ്ങനെ കഴിഞ്ഞുകൂടുവാൻ എന്റെ മനസ്സനുവദിക്കുന്നില്ല," അവൾ പറഞ്ഞു: "അതിനേക്കാൾ ഭേദം വരുന്നതുവരട്ടെ എന്നു ധൈര്യപ്പെടുകയാണു്. ഏതായാലും ഇപ്പോൾ ഞാനീ അനുഭവിക്കുന്നതിനേക്കാൾ കഷ്ടമായിട്ടൊന്നുംതന്നെ എനിക്കിനി വരാനില്ല."

അവൾ പുതപ്പും കയ്യിലെടുത്തു വാതിൽക്കലേയ്ക്കു പോയി. മുറത്തു വിറകു കീറിക്കൊണ്ടിരുന്ന കരു മനുഷ്യനെ അവൾ അടുത്തേയ്ക്കു വിളിച്ചു.

"ഈ തുണി സ്കോഫ്ടിന്റെ പക്കൽ കൊണ്ടുചെന്നു കൊടുക്കു്," അവൾ കല്പിച്ചു. "എന്നിട്ടവനോടു പറ, ഇന്നു രാത്രി ഇവിടെ വന്നു്, അവൻ തൂവാലയ്ക്കകത്തു കണ്ടെത്തിയ ആ സാധനം എനിക്കു മടക്കിത്തരണമെന്നു്."

അനന്തരം അവൾ തിരിച്ചുപോയി അഗ്നികുണ്ഡത്തിനരികെ ഇരിപ്പുറപ്പിച്ചു. ഈസാ എതിരേ ഇരുന്നു. എറെനേരത്തേയ്ക്കു് അവരിരുവരും കുനുംതന്നെ ശബ്ദിച്ചില്ല; പിന്നിട്ടു് ഈസാ പറഞ്ഞു:

"സ്കോഫ്ടെ ഇന്നിവിടെ എത്തുമ്പോഴേയ്ക്കു നേരം വളരെ അതിക്രമിക്കും. നാം പോയിക്കിടക്കുകയാണു് ഭേദം."

"എന്നാൽ പോയി കിടന്നോളൂ," വിഗ്ഡിസ് പ്രതിവചിച്ചു.

Digitized By Kerala Sahitya Akademi

ഈസാ എന്തെങ്കിലും പറയുകയാകട്ടെ ഇരുന്നിടത്തു നിന്നു് അനങ്ങുകയാകട്ടെ ചെയ്തില്ല. കുറച്ചു നേരം കഴിഞ്ഞു വിഗ്ഡിസ് വീണ്ടും പറഞ്ഞു:

"എന്നാലിനി പോയി കിടക്കൂ, ഈസേ."

അവളുടെ സ്വരത്തിൽനിന്നും അവളെ ധിക്കരിക്കുന്നതു ബുദ്ധിയുക്തമല്ലെന്നു് അവളുടെ പോറന്മയ്ക്കു തോന്നി. അതിനാൽ അവൾ എഴുന്നേറ്റു പോയി കിടന്നു; പക്ഷേ അവൾ ഉറങ്ങിയില്ല. വിഗ്ഡിസ് കിടക്കാതെ കാത്തിരുന്നു. തീ കെടാറാകുമ്പോൾ അഗ്നികുണ്ഡത്തിൽ വീണ്ടും വിറകു കിട്ടുന്നതിനു മാത്രമല്ലാതെ അവൾ ഇരുന്ന ഇരുപ്പിൽനിന്നു് അനങ്ങിയില്ല. അങ്ങിനെ ആ രാത്രി കടന്നുപോയി. അങ്ങിങ്ങായി കോഴി കൂകിത്തുടങ്ങി.

കുറച്ചുനേരം കഴിഞ്ഞു വാതിൽക്കൽ ഒരു മുട്ടു കേട്ടു.

"ഈസേ, ചെന്നു തുറക്കൂ." വിഗ്ഡിസ് ആജ്ഞാപിച്ചു.

ഈസാ അപ്രകാരം ചെയ്തു. സ്കാഫ്ടെ അകത്തു കടന്നുവന്നു. ഒരു പുതപ്പിനുള്ളിൽ പൊതിഞ്ഞു് അയാൾ കുഞ്ഞിനെ തോളത്തു വഹിച്ചിരുന്നു. വിഗ്ഡിസ് എഴുന്നേറ്റു പയിൻമരത്തിന്റെ ഒരു പന്തമെടുത്തു കൊളുത്തി. സ്കാഫ്ടെ കുഞ്ഞിന്റെ ശരീരത്തിൽനിന്നു പുതപ്പു മാറ്റി അതിനെ വെളിച്ചത്തു കാണിച്ചു. ഉടൻതന്നെ അതു കരയാൻ തുടങ്ങി. എന്തുകൊണ്ടെന്നാൽ, അതു വളരെ സുഖമായി ഉറങ്ങുകയായിരുന്നു.

ഒരു നിമിഷനേരം വിഗ്ഡിസ് പുത്രന്റെ നേരെ കണ്ണയച്ചു. പക്ഷേ അവൾ അവനെ തൊട്ടില്ല. അവൻ

Digitized By Kerala Sahitya Akademi

മെലിഞ്ഞ ഒരു പീക്കിരിക്കുഞ്ഞായിരുന്നു. പ്രായത്തിനടുത്ത വളർച്ച അവനു വന്നിട്ടില്ല. അവനു നീളമുള്ള ഇരുണ്ട തലമുടിയും നേർത്ത നീലവർണ്ണത്തോടുകൂടിയ കണ്ണുകളും ഉണ്ട്. അവൻ യോട്ടിന്റെ നേർപ്പകർപ്പുതന്നെ.

സ്കോഫ്ടെ അവനെ താഴെ നിലത്തു കിടത്തി. ഒരുത്തൻ അവനെ പിടിച്ചാൽ അവനു പിച്ചവച്ചു നില്ക്കാൻ കഴിയുമായിരുന്നുവെന്നു കാണിക്കുവാൻ വേണ്ടിയാണ് അവൻങ്ങനെ ചെയ്തത് — പക്ഷേ കുഞ്ഞിനു നടക്കാൻ കഴിയുമായിരുന്നില്ല. അവൻ അവന്റെ പോറലുകളുടെ വസ്ത്രങ്ങളിൽ അള്ളിപ്പിടിച്ചുകൊണ്ടു ശ്വാസം വിടാതെ ഉറക്കെ നിലവിളിച്ചുകൊണ്ടിരുന്നു.

വിഗ്ഡിസ് പന്തം അഗ്നികുണ്ഡത്തിലിട്ടു യഥാപൂർവ്വം ഇരിപ്പായി. കുഞ്ഞു ശാന്തപ്പെടുന്നില്ലെന്നുകണ്ടു സ്കോഫ്ടെ പറഞ്ഞു:

"ഉറക്കപ്പിച്ചുകൊണ്ടാണ് ഈ കരച്ചിൽ. ഇല്ലെങ്കിൽ കരയുവഴക്കുമില്ല. എപ്പോഴും കളിയും ചിരിയും ഉത്സാഹവുംതന്നെയാ."

"എന്നാലവനെ കിടത്തൂ," വിഗ്ഡിസ് പ്രതിവചിച്ചു.

"അല്ലെങ്കിൽ അവൻ ഈ വീടുമുഴുവൻ കലുക്കിയുണർത്തും."

ഈസാ അവനെ കയ്യിലെടുത്തു താലോലിച്ചാട്ടിക്കൊണ്ടു കിടയ്ക്കയിൽ കിടത്തുവാനായി കൊണ്ടുപോയി. അപ്പോൾ വിഗ്ഡിസ് പറഞ്ഞു:

Digitized By Kerala Sahitya Akademi

"അവിടെ വേണ്ട. അവനെ കിടത്താൻ മറ്റേതെങ്കിലും സ്ഥാനം നിങ്ങൾ കണ്ടുപിടിക്കണം. സ്ക്കോഫ്ടെ, താൻ ഹാളിൽ പോയി കിടന്നുകൊള്ളൂ. ആ കുഞ്ഞ് അഴിക്കുന്നതിനേക്കാൾ അധികമായി ഞാൻ തനിക്കു പ്രതിഫലം തന്നുകൊള്ളാം."

ഈസാ അവനെ ബെഞ്ചിന്മേൽ കിടത്തിയിട്ട് അവന്റെ സമീപംതന്നെ പററിച്ചേന്നു കിടന്നു. വിഗ്ഡിസ് രാത്രിമുഴുവൻ ആ ഇരിപ്പിൽത്തന്നെ ഇരുന്നു കഴിച്ചുകൂട്ടി.

പത്തൊൻപത്

രാവിലെ ഈസാ ഗ്രന്നാറിന്റെ അടുത്തുചെന്നു. അദ്ദേഹം കിടയ്ക്കയിൽനിന്നെഴുനേറ്റിരുന്നില്ല. വീട്ടിലുള്ള ആളുകളോടു വെളിയിൽ പോകാൻ പറഞ്ഞിട്ട് അവൻ അദ്ദേഹത്തിന്റെ കിടയ്ക്കപ്പുറത്തിരുന്നു. അവർ രഹസ്യമായി ഏറെനേരം ഓരോന്നു സംസാരിച്ചു. അനന്തരം അദ്ദേഹം എഴുനേറ്റു വസ്ത്രധാരണം ചെയ്തശേഷം വിഗ്ഡിസ്സിന്റെ മുറിയിലേയ്ക്കു പോയി.

പിതാവ് അകത്തു കടന്നുവന്ന ഉടൻതന്നെ വല്ലാതെ വിളർത്തും പേടിച്ചരണ്ടും വിഗ്ഡിസ് എഴുനേറ്റുനിന്നു. പക്ഷേ ഗ്രന്നാർ അധികമൊന്നും സംസാരിച്ചില്ല. ഈസാ അദ്ദേഹത്തിനടുത്തുതന്നെ നിലയുറപ്പിച്ചു. അദ്ദേഹം കുഞ്ഞിന്റെ അടുത്തുചെന്നു സൂക്ഷിച്ചുനോക്കിയിട്ടു പറഞ്ഞു:

Digitized By Kerala Sahitya Akademi

"അവന്റെ അച്ഛൻ ആരാണെന്നു സ്പഷ്ടമായിക്കാണാം."

വിഗ്ഡിസ് കന്നും മറുപടി പറഞ്ഞില്ല. ഗ്രന്നാർ സംസാരിച്ചു.

"എനിക്കൊരൊറ്റ പൊൺകുഞ്ഞല്ലാതെ, പുത്രന്മാർ കന്നുംതന്നെയില്ലല്ലോ എന്നാ ചിന്ത പലപ്പോഴും എനിക്കു ദുസ്സഹമായി തോന്നിയിട്ടുണ്ട്. എപ്പോഴും ഞാൻ നിന്നോടു അതിരറ്റ വാത്സല്യം കാണിച്ചിട്ടുണ്ടെങ്കിനാണ് എന്റെ വിശ്വാസം. ഒരിക്കലും ഞാൻ നിന്നോടു പരുഷമായി പെരുമാറിയിട്ടില്ല. ഞാൻ മരിക്കുന്നതുവരെ നീ സുഖമായും മാനമായും ജീവിക്കണമെന്ന ഏകചിന്തയേ എനിക്കുണ്ടായിരുന്നുള്ളൂ. നീയൊരു കൊള്ളരുതാത്തവളാണെന്നു കേൾക്കുക; എന്റെ വയസ്സുകാലത്തു നിന്റെ അനാഥശിശുക്കളെ ഈ വീട്ടിൽ കിടന്നു വളരുന്നതു കാണുക;—അതിനേക്കാൾ ഭേദം ഞാൻ സന്താനമില്ലാത്തവനാകുന്നതായിരുന്നു."

വിഗ്ഡിസ് മറുപടി പറഞ്ഞു:

"അതെ, അച്ഛാ, അതു ശരിയാണു്. അങ്ങയ്ക്കു് ഒരു മകളില്ലാതിരിക്കുന്നതുതന്നെയായിരുന്നു ഭേദം."

ഗ്രന്നാർ പിന്നൊന്നും പറഞ്ഞില്ല. അദ്ദേഹം വെളിയിലേയ്ക്കിറങ്ങിപ്പോയി.

ഇരുപതു്

കാലം അങ്ങനെ കടന്നുപോയി. വാഡിനിൽ എല്ലാം പ്രശാന്തമായ ഒരു നിലയെ പ്രാപിച്ചു. കൃഷിസ്ഥല

Digitized By Kerala Sahitya Akademi

ത്തു് അവർ ചുരുക്കം ചില വേലക്കാരെ മാത്രമേ താമസി പ്പിച്ചുള്ളൂ. ഗ്രന്ഥകാരിന്റേയും അദ്ദേഹത്തിന്റെ വീട്ടുകാരു ടേയും പരിചരണത്തിനും അധികമാരേയും അവിടെ നി ത്തിയില്ല. ഗ്രന്ഥകാരിനു് ഈ സംഗതി വല്ലാത്ത ഹൃദയവ്യ ഥയ്ക്കു കാരണമാക്കി; അക്കാരണത്താൽ അദ്ദേഹത്തിനു് അല്പകാലംകൊണ്ടു പ്രായാധിക്യം സംഭവിക്കുകയും അദ്ദേ ഹം ക്ഷീണിച്ചവരുകയും ചെയ്തു.

ആ കുട്ടിയെ അവിടെത്തന്നെയാണു് താമസിപ്പിച്ച തു്; അവന്റെ പരിചര്യകളെല്ലാം നിർവ്വഹിച്ചതു് ഈസാ തന്നെയാണു്; അവഥക്കവനെ വലിയ ഇഷ്ടമായിരുന്നു; പക്ഷേ വിഗ്ഡിസ് അവന്റെ നേർക്കു ലേശംപോലും വാ ത്സല്യം പ്രകടിപ്പിച്ചില്ല; അവഥ അവനു പേരുപോലും ഇട്ടില്ല. അവഥ സദാ ദുഃഖമഗ്നയായി കാണപ്പെട്ടു; വാ ഡിനിലെ മുറിവിട്ടു് അവഥ പുറത്തിറങ്ങിയതേയില്ല.

ഒരു ദിവസം വിഗ്ഡിസ്സും ഈസായും അടുക്കളയിൽ അപ്പം ചുടുകയായിരുന്നു; കുട്ടി അങ്ങിങ്ങായി കാടിനടന്നു; അവനു രണ്ടു വയസ്സു പ്രായമുണ്ടു്. ഈസാ രണ്ടു ചെ റിയ അപ്പമുണ്ടാക്കിയിട്ടു് അവനുവേണ്ടി എങ്ങനെയാണ തു് ചുട്ടെടുക്കുന്നതെന്നു കാണിച്ചുകൊടുത്തു. അതു് അവ നെ സന്തോഷഭരിതനാക്കി. അവനു് ഉള്ളിലുള്ള ആന ന്ദം അടക്കാൻ സാധിക്കാതെ അവൻ നൃത്തം ചെയ്തുകൊ ണ്ടു സ്ത്രീകളുടെ സമീപം വന്നു് അവന്റെ അപ്പം കൊടു ക്കുവാനായി ആവശ്യപ്പെട്ടു. അങ്ങനെ വന്നവഴിയേ മാ വു കുഴച്ചുവെച്ചിരുന്ന പാത്രം അവന്റെ കാൽ തട്ടി മറി

Digitized By Kerala Sahitya Akademi

ഞ്ഞുപോയി. വിഗ്ഡിസ് അവനെ പിടിച്ചുകുലുക്കിക്കൊണ്ടു നല്ല പെട കൊടുത്തു.

"ഈ വികൃതിത്തരമല്ലാതൊന്നും കാട്ടുന്നില്ല." അവൾ പറഞ്ഞു.

കുട്ടി വാവിട്ടു നിലവിളിച്ചു. വിഗ്ഡിസ് അവനെ ബെഞ്ചിലേയ്ക്കെടുത്തുകൊണ്ടുപോയി.

"അവിടിരിക്കൂ!" അവൾ പറഞ്ഞു: "ശബ്ദം കേക്കരുതു്! ഇനി ചുമ്മാതിങ്ങനെ കിടന്നു മോങ്ങിയാൽ നീ നോക്കിക്കോ!"

അവൾ തിരിച്ചുചെന്നു വീണ്ടും അപ്പം ചുടുന്ന ജോലിയിൽ വ്യാപൃതയായി. അനന്തരം അവൾ ഈസായോടു പറഞ്ഞു:

"ഈ ചെക്കനെക്കൊണ്ടു് എനിക്കു വലിയ ആനന്ദമൊന്നും ഉണ്ടാകുമെന്നു തോന്നുന്നില്ല. ആകെയും അവനൊരു നാശമായേ തീരൂ എന്നാ തോന്നുന്നേ. എന്റെ പോലല്ല അവന്റെ പ്രകൃതം; അവനെ പ്രസവിച്ചപ്പോൾ ഞാൻ തീരെ കരഞ്ഞില്ല. പക്ഷേ അവന്റെ അച്ഛന്റെ പ്രകൃതം അതേപടി അവനിലങ്ങു പകർന്നിട്ടുണ്ടായിരിക്കാം."

"നീ അങ്ങനെയൊന്നും പറയരുതു്," ഈസാ മറുപടിയായി പ്രസ്താവിച്ചു.

വിഗ്ഡിസ് പിന്നൊന്നും ശബ്ദിച്ചില്ല. അവൾ വീണ്ടും അവളുടെ ജോലിയിലേപ്പെട്ടു. കുഞ്ഞിനു് അവ

Digitized By Kerala Sahitya Akademi

ന്റെ കണ്ണീരടക്കാൻ കഴിഞ്ഞില്ല. അവൻ ഇരുകൈകളും ഉയത്തി മുഖം പൊത്തി. അവന്റെ അമ്മ അവന്റെ നേക്കു നോക്കിയപ്പോൾ അവൻ അവിടെ കിടക്കുകയും, ആ ബെഞ്ചിന്റെ പുറത്തു വെച്ചിരുന്ന ഏതാനും പാക്കു കഠംകിടയിൽ അവന്റെ മുഖം പൂഴ്ത്തി മറയ്ക്കുകയും ചെയ്തു.

കുറച്ചുനേരം കഴിഞ്ഞു് ഈസാ പുറത്തേയ്ക്കിറങ്ങിപ്പോയി. വിഗ്ഡിസ് അനന്തരം കരണ്ടിയിൽനിന്നു് അപ്പം വാങ്ങിയെടുത്തു് അവന്റെ സമീപം ചെന്നു് അവനു കൊടുത്തു.

"ഇനിയെങ്കിലും കുന്നു മിണ്ടാതിരി. ഇന്നാ ഇതു തിന്നോ!" എന്നു പറഞ്ഞുകൊണ്ടു് അവൾ അതു് അവന്റെ മടിയിൽ വെച്ചുകൊടുത്തു. കുട്ടി കുറച്ചിൽ നിന്ന് അവന്റെ അമ്മയുടെ മുഖത്തേയ്ക്കു നോക്കി; അവൻ അപ്പത്തിനേൽ വിരലോടിച്ചു; വല്ലാത്ത ചൂടുള്ളതായി അവനനുഭവപ്പെട്ടു; അവൻ പേടിച്ചുപോയി. അതു കണ്ടു് അവൾ അവന്റെ തലമുടി രണ്ടുമൂന്നു പ്രാവശ്യം തെരുപ്പിടിച്ചു് അവനെ മെല്ലെമെല്ലെത്തടവി. പക്ഷേ അതു കഴിഞ്ഞു് അവൾ അവനോടു് ഈസായുടെ അടുത്തേയ്ക്കു പോകാൻ പറഞ്ഞു.

ഇരുപത്തിയൊന്നു്

ആ ശീതകാലം അങ്ങനെ കഴിഞ്ഞുപോയി. പ്രസ്താവ്യമായ യാതൊന്നുംതന്നെ സംഭവിച്ചില്ല.

സൂര്യൻ വിഷുവത്ചക്രം കടന്നുകഴിഞ്ഞു. ക്രമേണ ശക്തിപ്രാപിച്ച രവികിരണങ്ങൾ മലഞ്ചെരുവുകളിൽ പ

Digitized By Kerala Sahitya Akademi

തിക്കുകയും മേൽപ്പുരകളിൽ അടിഞ്ഞുകിടന്ന മഞ്ഞ് പകൽസമയം അലിഞ്ഞുതുടങ്ങുകയും ചെയ്തു. ജനങ്ങൾ തങ്ങളുടെ വനങ്ങളിൽ മരംവെട്ടാരംഭിച്ചു. കാട്ടിൽ പടിഞ്ഞാറുഭാഗത്തായി വേലചെയ്തുകൊണ്ടിരുന്ന തന്റെ അടിമകളെ കാണുവാനായി ഒരുദിവസം രാവിലെ ഗ്രനാർ കരനുചരനോടൊന്നിച്ചു കുതിരപ്പുറത്തു യാത്ര തിരിച്ചു.

ഏതാണ്ടു മദ്ധ്യാഹ്നത്തോടടുക്കുടി ഈസായും വിഗ്ഡിസ്സും ഹാളിൽ മേശപ്പുറത്തു ഭക്ഷണം ഒരുക്കിക്കൊണ്ടിരിക്കെ, ഈസാ വാതിൽക്കൽക്കൂടി വെളിയിലേയ്ക്കൊന്നു കണ്ണോടിച്ചു.

"ഗ്രനാർ ഇതാ തിരിച്ചുവന്നുകഴിഞ്ഞു," അവൾ പ്രസ്താവിച്ചു.

"പക്ഷേ കുതിരപ്പുറത്തുള്ള അദ്ദേഹത്തിന്റെ ഇരിപ്പു വല്ലാത്ത ഒരു മട്ടിലാണു്. ഒന്നുകിൽ അദ്ദേഹം മുഴുക്കെ കുടിച്ചിട്ടുണ്ടു്; അല്ലെങ്കിൽ അദ്ദേഹത്തിനു തീരെ സുഖമില്ല." ഇങ്ങനെ പറഞ്ഞിട്ടു് അദ്ദേഹത്തെ സ്വീകരിക്കുവാൻ അവൾ പുറത്തേയ്ക്കിറങ്ങിപ്പായി. വിഗ്ഡിസ് ഇറച്ചിക്കഴമ്പുപാത്രം അടുപ്പത്തുനിന്നു വാങ്ങി കരണ്ടികൊണ്ടു് ഇളക്കുകയാണു്. പെട്ടെന്നു് അവൾ വെളിയിൽ ഈസായുടെ ഉച്ചത്തിലുള്ള ഒരു നിലവിളി കേട്ടു. അടുത്തമാത്രയിൽ സ്കാഫ്ടേയും മറെറാരു മനുഷ്യനുംകൂടി അദ്ദേഹത്തെത്താങ്ങിപ്പിടിച്ചു് അകത്തേയ്ക്കു കൊണ്ടുവന്നു. ഈസാ അവരുടെ പാശ്ചത്തിലായി കൈകഠം തിരുമ്മിക്കൊണ്ടു നടക്കുകയാണു്. തന്റെ പിതാവിന്റെ മുഖം വല്ലാതെ വിളറിയിരിക്കുന്നതും അദ്ദേഹത്തിന്റെ വെള്ള

Digitized By Kerala Sahitya Akademi

ത്താടി മോരപുരണ്ടു നെഞ്ഞിൽ കിടക്കുന്നതും വിഗ്ഡിസ്സിന്റെ ദൃഷ്ടിയിൽ പെട്ടു.

വിഗ്ഡിസ് കൈയിലുള്ളതെല്ലാം താഴത്തിട്ടിട്ട് ഓടിച്ചെന്ന് എന്താണ് സംഭവിച്ചതെന്നു പിതാവിനോടു മോഴിച്ചു.

തന്നെ ബെഞ്ചിന്മേൽ കിടത്തിയാൽ കൊള്ളാമെന്നു ഗ്രന്നാർ ആംഗ്യം കാട്ടി. ഒരു നിമിഷനേരം ചുമരിൽ തലചായ്ച്ചിരുന്നുകൊണ്ട് അദ്ദേഹം പറഞ്ഞു:

"സംഭവിച്ചതിതാണ്, ഫ്രൈംലുൺഡാറിലെ ഏയോഥവുമായി ഞാനിന്നു സംസാരിച്ചു. പറഞ്ഞുപറഞ്ഞു വല്ലാത്ത ഒരു പതനത്തിലെത്തി. ഏതായാലും ഇനി ഞങ്ങൾ തമ്മിൽ ഒന്നും പറയേണ്ടിവരില്ല."

വിഗ്ഡിസ് പെട്ടെന്നു ചോദിച്ചു:

"ഏയോഥംവിനെ കൊന്നോ?"

"ഇല്ല." ഗ്രന്നാർ മറുപടി പറഞ്ഞു, "പക്ഷേ ഏന്റെ അവസാനം ഏതാണ്ടടുത്തുവെന്നു തോന്നുന്നു."

ഈസായും വിഗ്ഡിസ്സുംകൂടി ഗ്രന്നാറിന്റെ വസ്ത്രങ്ങൾ അഴിച്ചുമാറി മുറിവുകൾ പരിശോധിച്ചു. അദ്ദേഹം പറഞ്ഞതു പരമാർത്ഥമാണെന്ന് അപ്പോൾ അവർക്കു ബോധപ്പെട്ടു.

വിഗ്ഡിസ് പറഞ്ഞു: "അച്ഛാ, ഇങ്ങനെയൊക്കെ വന്നുചേർന്നത് എങ്ങനെയാണെന്ന് അച്ഛൻ ഞങ്ങളോടു പറയണം."

Digitized By Kerala Sahitya Akademi

ഗ്രന്നാർ മറുപടി കൊടുത്തു: "ഞങ്ങൾ യാദൃച്ഛികമായി കാട്ടിൽവെച്ചു കണ്ടുമുട്ടി—ഞാനും എയോമറും. അവൻ നിന്നെക്കുറിച്ചു ചില കൊള്ളരുതായ്മകൾ എന്നോടു പറഞ്ഞു. വിഗ്ഡിസ്സേ, നിനക്കുഹിക്കാമല്ലോ—എന്റെ മുഖത്തുനോക്കി എന്റെ മകളെക്കുറിച്ച് അപവാദം പുലമ്പുന്നതു കേട്ടുകൊണ്ടു ക്ഷമിച്ചുനില്ക്കാൻ എനിക്കു കഴിഞ്ഞില്ല."

വിഗ്ഡിസ് ഒന്നും സമാധാനം പറഞ്ഞില്ല. അവർ ഗ്രന്നാറിനെ കിടക്കയിൽ പിടിച്ചുകിടത്തി. ആർനേയുടെ പുത്രന്മാർ ഇനിയെന്തെല്ലാം പ്രവർത്തിക്കുമെന്ന് ഒരു നിശ്ചയവുമില്ല. അതിനാൽ ഉടൻതന്നെ വടക്കോട്ടു പോയി തന്റെ അടിമകളെ കൂട്ടിക്കൊണ്ടുവരാൻ അദ്ദേഹം സ്കാഫ്ടേയെ ചട്ടംകെട്ടി. അദ്ദേഹം പറഞ്ഞു:

"വിഗ്ഡിസ്സിനെ അവന്റെ ദാസിയാക്കുമെന്നു് എയോമറ് ശപഥം ചെയ്തുകയുണ്ടായി."

ഈസാ ഗ്രന്നാറിന്റെ സമീപത്തുതന്നെ ഇരുന്നു. വിഗ്ഡിസ്സാകട്ടെ ഗ്രന്നാറിന്റെ അനുചരനായ ഓളാവിനെ ഒരു ഒഴിഞ്ഞ കോണിലേയ്ക്കു വിളിച്ചുകൊണ്ടുപോയി സൂക്ഷ്മമായി പലതും അയാളോടു ചോദിക്കാൻ തുടങ്ങി.

"നിന്റെ യജമാനനെ രക്ഷിക്കാൻ നീ എങ്ങനെയെല്ലാമാണു് പ്രവർത്തിച്ചതു്, ഓളാവേ?"

"എന്നാൽ കഴിവുള്ളതുപോലെല്ലാം ഞാൻ പ്രവർത്തിച്ചു," അയാൾ മറുപടി പറഞ്ഞു, "ഗ്രന്നാറും അദ്ദേഹത്തിന്റെ ശക്തിക്കൊത്തവണ്ണം ആക്രമണം ചെറുത്തുനി

Digitized By Kerala Sahitya Akademi

ല്ലാൻ ശ്രമിച്ചു. ഞങ്ങൾ ഇരുവരും ഓരോ ആളെ കൊന്നു. പക്ഷേ അവർ ആറു പേരുണ്ടായിരുന്നു. മാരകമായ ഒരു പ്രഹരം ഗ്രന്നാറിനു കിട്ടിയതോടുകൂടി അദ്ദേഹം കുതിരപ്പുറത്തുനിന്നു വീഴാൻ പോയി; ആ നിമിഷം ഞാൻ കാടിച്ചെന്നു നിലത്തു വീഴാത അദ്ദേഹത്തെ താങ്ങി; ബാക്കിയുള്ളവർ ഉടൻതന്നെ അവിടെനിന്നും കുതിരപ്പുറത്തു കയറി പറപറക്കുകയും ചെയ്തു."

"എങ്ങോട്ടാണവർ പോയിട്ടുള്ളതെന്നു നിനക്കറിയാമോ?" വിഗ്ഡിസ് വീണ്ടും ചോദിച്ചു.

"ഗാട്ടെസ്റ്റാഡ് കാടിനു് ഏറ്റവും അടുത്തുള്ളതും, അവർ 'ശിശുവിന്റെ പവ്വതതടാകം' എന്നു വിളിച്ചുവരുന്നതുമായ തടാകത്തിനടുത്താണു് ഫ്രൈംലുൺഡിംഗുകാർ കിടക്കുന്നതെന്നു് എനിക്കറിയാം," അടിമ മറുപടി പറഞ്ഞു.

"അവിടെയുള്ള കുന്നുംപുറത്തു് അവർ മരംചെട്ടിക്കുകയാണു്."

ഒരു നിമിഷനേരത്തേയ്ക്കു വിഗ്ഡിസ് നിശ്ശബ്ദയായി നിലകൊണ്ടു. അനന്തരം അവൾ പറഞ്ഞു:

"ഞാൻ തിരിച്ചുപറയാം; ഏയോൾവിന്റെ വിചാരം, അവന്റെ മുത്താഴത്തിനുമുമ്പു് അവൻ ഒരു നല്ലജോലി ചെയ്തു എന്നാണു്. പള്ള വീഴ്ത്തിക്കഴിഞ്ഞശേഷം ആ പന്നി മിക്കവാറും ഇപ്പോൾ കൂക്കം വലിക്കുകയായിരിക്കും."

ഇത്രയും പറഞ്ഞിട്ടു് അവൾ വെളിയിലേയ്ക്കിറങ്ങി. നേരെ അവളുടെ മുറിയിൽ കടന്നുചെന്നു. അവൾ അ

Digitized By Kerala Sahitya Akademi

വളുടെ പേടകം തുറന്ന പുരോഹിതന്റെ കത്തി പുറത്തെടുത്തു. പിന്നീടവൾ കരിങ്കൽ തൂവാല അവളുടെ തലയിൽ ചുറ്റുകയും കറുത്ത കരു വസ്ത്രം ധരിക്കുകയും ചെയ്തു. മുറത്തേയ്ക്കിറങ്ങിയപ്പോൾ തൊഴുത്തിൽ ഇരിക്കുന്ന സ്കിസ്സും, ഉന്നവടിയും അവളുടെ ദൃഷ്ടിയിൽപ്പെട്ടു. അവൾ വയലുകൾ കടന്ന കാടുവരേയും പിന്നിട്ട ഗാട്ടെസ്റ്റാഡിനെ ലക്ഷ്യമാക്കി കാട്ടിന്റെ അരികിൽക്കൂടെയും സ്കിസ്സിൽക്കയറി യാത്രതിരിച്ചു. വീടുകളുടെ വടക്കുഭാഗത്തു തിരിഞ്ഞു കൃഷിപ്പണിസ്ഥലത്തിന്റെ പുറകിലുള്ള പൊക്കം കുറഞ്ഞ കുന്നിൻചെരുവിൽക്കൂടി മുന്നോട്ടു പോയി. മരങ്ങൾക്കിടയിൽ കട്ടപ്പുള്ള ഹിമപടലം ഉണ്ടായിരുന്നതിനാൽ വളരെ എളുപ്പത്തിൽ അവളുടെ 'സ്കിസ്' കാടിക്കൊണ്ടിരുന്നു. അതിനാൽ ഏറെനേരം കഴിയുന്നതിന്റെ മുൻപുതന്നെ പർവ്വതതടാകത്തിന്റെ പുറമുള്ള ധവളവർണ്ണമായ മൈതാനവും, അവിടെ ഗ്രൈംലുൺഡാറിലെ കൂട്ടക്കുണ്ടായിരുന്ന പലകക്കുശിനിയും അവളുടെ ദൃഷ്ടിപഥത്തിൽപ്പെട്ടു.

നിലത്തുകൂടി അനേകംപേർ കടന്നുപോയതിന്റേയും മരം അങ്ങോട്ടു വലിച്ചുകൊണ്ടുപോയിട്ടുള്ളതിന്റേയും ലക്ഷണങ്ങൾ കാണാമായിരുന്നു. അവിടം മുഴുവൻ പൂളുകളും, മരത്തൊലിയും, വയ്ക്കോലും കൊണ്ടു നിറഞ്ഞിരുന്നു. പക്ഷേ ഒരുത്തനേയും അവിടെയെങ്ങും കണ്ടില്ല. വിഗ് ഡിസ് മരച്ചാത്തിനിടയിൽക്കൂടി പതുങ്ങിപ്പതുങ്ങി കുശിനിവരെ ചെന്നെത്തി.

'സ്കിസ്' അവിടെയിട്ടിട്ട് അവൾ അകത്തേയ്ക്ക് കളിഞ്ഞുനോക്കി.

Digitized By Kerala Sahitya Akademi

ഒരു കോടാലിയും ഒരു പരിചയും വാതിൽക്കലായി കിടക്കുന്നുണ്ട്. അവ എയോഫംവിന്റേതാണെന്നാവാം മനസ്സിലാക്കി. മൂന്നു പലകയുടെ ഉയരമേ ആ കുശിനിക്കുണ്ടായിരുന്നുള്ളൂ; ഉൾഭാഗം തിരെ കുടുസ്സായതുമായിരുന്നു. അവാം പയ്യെ അകത്തു കടന്നു. രണ്ടുപേർ അവിടെ കിടന്നുറങ്ങുന്നുണ്ട്. അവരിൽ ഒരാാം എയോഫംവാണു്.

വിഗ്ഡിസ് ആദ്യംതന്നെ മറേറയാാം കിടന്ന ബെഞ്ചിനടുത്തേയ്ക്കു ചെന്നു. അയാാം ഒരു വസ്ത്രം മീതെയിട്ടു പുതച്ചിട്ടുണ്ടു്. അവാം അതെടുത്തു് അയാളുടെ തലയ്ക്കു പുറവും പൊതിഞ്ഞു. മറേറക്കൈകൊണ്ടു കത്തി വലിച്ചെടുത്തു് അവാം അവന്റെ തൊണ്ടയ്ക്കുകത്തേയ്ക്കു കുത്തിയിറക്കി. ആ മനുഷ്യൻ ആ നിമിഷത്തിൽത്തന്നെ സിദ്ധിക്കുടി. അനന്തരം അവാം എയോഫംവ് കിടന്നിടത്തേയ്ക്കു തിരിഞ്ഞു.

വിഗ്ഡിസ് അയാളുടെ മാറിൽ കൈ തട്ടി അയാളെ ഉണത്തി.

"ഉണരണം, എയോഫംവേ. ഏറെനാളായി താൻ അനേഷിച്ചിരുന്നതു തനിക്കിപ്പോാം കിട്ടാൻപോവുകയാണു്. താനുമായി കുറേ നേരംപോക്കിനു വാഡിഗിൽ നിന്നും വിഗ്ഡിസ് ഇതാ വന്നിരിക്കുന്നു."

എയോഫംവ് ഉറക്കത്തിൽനിന്നു ഞെട്ടിയുണർന്നു. കുശിനി ഇരുളടഞ്ഞിരുന്നതിനാൽ അയാാംക്കു് അവളെ ശരിയായി കാണാൻ കഴിഞ്ഞില്ല. വിഗ്ഡിസ് വീണ്ടും പറഞ്ഞു:

Digitized By Kerala Sahitya Akademi

"ഞാൻ തന്റെ സമീപം, തന്റെ കിടക്കയിൽ വന്നതിനാൽ, പരമാത്മാണ്, എന്റെ മാനമെല്ലാം പോയി."

ഇങ്ങനെ പറഞ്ഞുകൊണ്ട് അവൾ കത്തിയുയർത്തി അയാളെ ഊക്കോടൊരു വെട്ടുവെട്ടി. ഇക്കുറി അവൾക്കു ന്നം പിഴച്ചില്ല. എയോഗവ് പുറകോട്ടു മലച്ചു. അയാളുടെ കഴുത്തിൽനിന്നു ചുടുചോര ചീറിപ്പാഞ്ഞു. രണ്ടു പ്രാവശ്യംകൂടി അവൾ കത്തി അയാളുടെ ശരീരത്തിൽ പൂഴ്ത്തി. രണ്ടാമത്തെ പ്രാവശ്യം അവൾ അതു വലിച്ചൂരിയില്ല. അത് അയാളുടെ ശരീരത്തിൽത്തന്നെ വിട്ടിട്ട് അയാൾ മരിക്കുന്നതു കാണാൻ മുന്നോട്ടു ചാഞ്ഞു. തള്ളിത്തള്ളിപ്പുറപ്പെട്ട മെഞ്ചോരയിൽ ഇരുകൈകളും മുക്കിയെടുത്ത് അവൾ അയാളുടെ തലമുടിയിൽ തേച്ചുണക്കി. എയോഗവിന്റെ അവസാനശ്വാസവും നിലച്ചപ്പോൾ വിഗ്ഡിസ് പുറത്തേയ്ക്കിറങ്ങി. 'സ്കിസ്സി'ൽ വീണ്ടും അവൾ കാട്ടിൽക്കൂടി യാത്രതിരിച്ചു.

തണുപ്പു വർദ്ധിച്ചിരുന്നു. വഴിയിൽ അധികഭാഗവും ഉറക്കമായിരുന്നതിനാൽ വിഗ്ഡിസ് അതിവേഗത്തിൽ മുന്നോട്ടു പോയി. പക്ഷേ ഇടയ്ക്കിടെ അവൾക്കു നിൽക്കേണ്ടതായി വന്നുകൂടി. എന്തുകൊണ്ടെന്നാൽ, അവളുടെ കാലുകൾ വിറച്ചിരുന്നു; അവളുടെ കൈയ്യ്കീഴിൽ എയോഗവ് കിടന്നു മരിക്കുന്നത് എപ്പോഴും അവൾക്കു കാണാമായിരുന്നു. ഗ്രന്നാറിന്റെ മരണത്തിനേക്കാൾ ഭയങ്കരമായ പ്രതികാരം താൻ ചെയ്തതുപോലെ അവൾക്കിപ്പോൾ തോന്നിത്തുടങ്ങി. താൻ ഒരു പുരുഷനെ ഇപ്പോൾ ബ

Digitized By Kerala Sahitya Akademi

ലം പ്രയോഗിച്ചാക്രമിച്ചു; തനിക്കു യോട്ടിനെ പെറുത്തുവിടുവാൻ എങ്ങനെ സാധിക്കാതിരുന്നോ അതുപോലെതന്നെ ഇയാഠംക്കും തന്നോടെതിരിടാൻ കഴിവില്ലാതെപോയി. ഈ ചിന്ത അവളുടെ ഹൃദയത്തെ വല്ലാതെ തട്ടിയിളക്കി; തന്മൂലം താൻ എത്രമാത്രം ദ്രുതഗതിയിലാണു് പായുന്നതെന്നോ എങ്ങോട്ടാണു് താൻ പോകുന്നതെന്നോ അവഠം ശരിയ്ക്കറിഞ്ഞില്ല.

കുന്നിന്റെ ഒരു പെരിവു കയറുമ്പോഠം അവഠം യാദൃച്ഛികമായി മരം വലിച്ചുകൊണ്ടുപോകുന്ന ഒരു ചാലിൽ എത്തിച്ചേർന്നു. അവിടെ കോഠം ആർനേസണേയും അയാളുടെ ഏതാനും ആളുകളേയും അവഠം കണ്ടുമുട്ടി; തടി കയറ്റുന്ന ഒഴിഞ്ഞ 'സ്ലെഡ്ജു്' വണ്ടികഠം കാടിച്ചുപോവുകയായിരുന്ന അവർ: അവളെ കാണുകയാൽ അവർ ഉറക്കെ അവളെ വിളിച്ചു. കോളും പെറൊരാളും മഞ്ഞിൽക്കൂടി അവഠത്തിനു പിറകേ കാടിപ്പോയി. പക്ഷേ മഞ്ഞിൻപാടയ്ക്കു വലിയ കട്ടിയില്ലാതിരുന്നതിനാൽ അതിനവരെ വഹിക്കാൻ സാധിച്ചില്ല; അവർക്കാകട്ടെ സ്കീസ്സ് കെട്ടുണ്ടായിരുന്നുമില്ല. വിഗ്ഡിസ് പുള്ളിക്കാട്ടിൽക്കൂടി ധ്രുതഗതിയിൽ നടന്നു താഴെക്കൂടി ഒഴുകിക്കൊണ്ടിരുന്ന കരുവിയിലേയ്ക്കിറങ്ങി മഞ്ഞുകട്ടയിൽക്കൂടി യാത്ര തുടർന്നു. അതു മുഴുവൻ വെള്ളം നിറഞ്ഞും പാരനിറത്തോടുകൂടിയും ഇരുന്നു—അതിനവളെ താങ്ങാൻ ഞെരുക്കമായിരുന്നു. അവളുടെ സ്കീസ്സിനു പിന്നിൽ അതു ഛിന്നഭിന്നമായിപ്പോയി. പക്ഷേ കരു പ്രകാരത്തിൽ അവഠം മറുകരയിലെത്തിക്കൂടി. അങ്ങനെ അവഠം അവരുടെ പിടിയിൽനിന്നൊഴിഞ്ഞുമാറി.

Digitized By Kerala Sahitya Akademi

ഇതിനുശേഷം സഭാഗൃഹത്തിൽ മുറുത്തു കടക്കുന്നതു വരെ അവർ കരിടത്തും നിന്നില്ല. അനന്തരം അവർ ഹാളിലേയ്ക്കു കടന്നു നേരെ ഗ്രന്നാറിന്റെ സമീപത്തേയ്ക്കു പോയി. അദ്ദേഹം ഉറക്കമാണു്. ഈസാ അരികെ ഇരിക്കുന്നുണ്ടു്. വിഗ്ഡിസ് ഉറക്കെ വിളിച്ചു പറഞ്ഞു.

"അച്ഛാ, ഉണരൂ. ഞാൻ നല്ല വർത്തമാനങ്ങൾ കൊണ്ടുവന്നിട്ടുണ്ടു്. നമ്മുടെ മാനക്കേടു നീക്കാൻ എന്നാൽ കഴിവുള്ളതു ഞാൻ ചെയ്തുകഴിഞ്ഞു. എയോർവ് ആർനേസണെ ഞാൻ കൊന്നു."

തന്നെ കിടക്കയിൽ എഴുനേല്പിച്ചിരുത്തുവാൻ ഗ്രന്നാർ അവരോടു ആവശ്യപ്പെട്ടു. ആ അവസരത്തിൽ വിഗ്ഡിസ് അവളുടെ പ്രവൃത്തികളെക്കുറിച്ചെല്ലാം വിശദമായി വിസ്തരിച്ചു. അനന്തരം തനിക്കൊന്നു ചുംബിക്കുവാനായി കനിയുവാൻ അദ്ദേഹം അവളോടു പറഞ്ഞു. അദ്ദേഹം പ്രസ്താവിച്ചു:

"നീയിപ്പോൾ ധൈര്യവും പൌരുഷവുമുള്ള ഒരു സ്ത്രീയാണെന്നു വെളിപ്പെടുത്തി. നീയങ്ങനെ വെളിപ്പെടുത്തുമെന്നു് ഒരുകാലത്തു ഞാൻ ആശിച്ചിരുന്നു. ആ ഐസ്‌ലാൻഡുകാരൻ നിന്നെ പിഴപ്പിക്കുവാൻ നീയിടകൊടുത്തതിലുള്ള കോപം ഇനിമേൽ ഞാൻ എന്റെ മനസ്സിൽ വെച്ചുകൊണ്ടിരിക്കില്ല. എന്നാൽ നിങ്ങൾക്കെല്ലാവർക്കും ഞാൻ സർവ്വനന്മകളും ആശിക്കുന്നു—നിനക്കും നിന്റെ കുഞ്ഞിനും."

താൻ കോളിനെ കണ്ടുമുട്ടിയ കഥ വിഗ്ഡിസ് പ്രസ്താവിച്ചു. അയാൾ അവളെ തിരിച്ചറിഞ്ഞോ എന്നു ഗ്രന്നാർ തിരക്കി.

Digitized By Kerala Sahitya Akademi

"അതെനിക്കു പറയാൻ കഴിവില്ല" വിഗ്ഡിസ് ഉത്തരം നല്കി. "പക്ഷേ എയോഥംവിന്റെ ദേഹത്തു ഞാൻ വിട്ടിട്ടുപോന്ന പുരോഹിതയുടെ കത്തി അയാൾ തിരിച്ചറിയും."

ഇതുകേട്ടു ഗ്രനാർ പറഞ്ഞു: "നിന്നെ രക്ഷിക്കാൻ എനിക്കു കരുത്തില്ല. ആളുകളുമായി സ്ക്രാഫ്ടെ തിരിച്ചെത്തുമ്പോഴേയ്ക്കും നാളുകഥം കഴിഞ്ഞിരിക്കും. കുഞ്ഞിനേയുംകൊണ്ടു് ഉടൻതന്നെ നീ ഗ്രെഫ്സിനിലേയ്ക്കു പോകുന്നതാണുത്തമം. എനിക്കു കാരെയെ തികച്ചും വിശ്വസിക്കാൻ കഴിയും; ഞാൻ അയാൾക്കു ചെയ്തിട്ടുള്ള നന്മ ഒരിക്കലും അയാൾ മറക്കുകയില്ല. പക്ഷേ കാളാവു് ഇവിടെയുള്ള എന്റെ സകല സാധനസാമഗ്രികളും എടുത്തുകൊണ്ടുപോയി നമ്മുടെ ഏറ്റവും പുറത്തുള്ള ധാന്യപ്പുര നില്ക്കുന്ന കുന്നിന്റെ തെക്കു്, പുഴയിലെ ആ കയത്തിനുള്ളിൽ ഒളിച്ചുവെയ്ക്കണം."

"ഞാനിപ്പോൾ അച്ഛനെ വിട്ടു പോവില്ലാ, അച്ഛാ," വിഗ്ഡിസ് പറഞ്ഞു. പക്ഷേ ഗ്രനാർ പ്രതിഷേധിച്ചു.

"നീയും നിന്റെ കുഞ്ഞും സുരക്ഷിതരായിരിക്കണമെന്നുള്ളതു് എന്റെ ആശയാണു്. നമ്മുടെ വംശം നാമാവശേഷമാകുന്നതു ഞാൻ കാണുകയില്ല. എനിൽ വലിയ കരുത്തൊന്നും ഇന്നിപ്പോൾ അവശേഷിച്ചിട്ടില്ല; ഏറെ കാലമായി ഞാൻ ഇങ്ങനെ ജീവിക്കുന്നു. എനിക്കു മതിയായി. പക്ഷേ നിങ്ങൾ—നീയും ഈസായും—ഉടൻതന്നെ ഗ്രെഫ്സിനിലേയ്ക്കു പോകണം."

Digitized By Kerala Sahitya Akademi

ഈസാ പറഞ്ഞു:

"എനിക്കു സ്ക്കിസ്സിൽ കാടുവാൻ വലിയ വശമില്ല. ഞാൻ ഈ അവസരത്തിൽ അങ്ങയെവിട്ട് കരിടത്തും പോവുകയില്ല. എന്നോടും എന്റെ കുഞ്ഞിനോടും അങ്ങനെയായിരുന്ന അങ്ങയുടെ പെരുമാറാം. പോരെങ്കിൽ കോഠം ഇന്ന രാത്രിതന്നെ നമ്മെത്തിരക്കി ഇവിടെ വരുമോ എന്ന കായ്യം സംശയമാണ്—പക്ഷേ വിഗ്ഡിസ് പോയേ കഴിയൂ. നമുക്കെല്ലാവക്കും തന്നാൽ കഴിവുള്ള സവ്വസഹായവും കാരെ തീച്ചയായും ചെയ്യുതരും."

അങ്ങനെ ഈസാ ഗ്രന്നാറോടൊന്നിച്ച് അവിടെ നില്ക്കണമെന്നതന്നെ തീരുമാനിക്കപ്പെട്ടു. അവക്കാക്കും അവളെ അവളുടെ നിശ്ചയത്തിൽനിന്ന പിൻതിരിക്കാൻ സാധിച്ചില്ല. വിഗ്ഡിസ് തന്റെ മുറിയിൽച്ചെന്ന പുത്രനെ വിളിച്ചുണത്തി അവനെ വസ്ത്രങ്ങാം ധരിപ്പിച്ചു. പോകുന്നതിന മുൻപ് അവന് ആഹാരം കൊടുക്കുവാൻ സൗകയ്യമുണ്ടായിരുന്നില്ല. അതിനാൽ അപ്പവും ഉലത്തിയ ഇറച്ചിയും അവാം പൊതിഞ്ഞെടുത്തു. അവളുടെ ഏറവും വിലപിടിച്ച സന്വാദ്യങ്ങാം, സപ്പണ്ണവും ആഭരണങ്ങളും അവാം ഒരു തോൽസഞ്ചിയിൽ ശേഖരിച്ചു. അനന്തരം കുഞ്ഞിനെ ഒക്കത്തെടുത്തുകൊണ്ട് അവാം പിതാവിന്റെ സമീപം തിരിച്ചുചെന്ന് അദ്ദേഹത്തോടു യാത്ര പറഞ്ഞു. ഗ്രന്നാർ അവർ രണ്ടുപേരേയും ചുംബിച്ചു. അതിനുശേഷം അവാം ഏറവും വാത്സല്യത്തോടുകൂടി ഈസായോടു യാത്രാനുമതി വാങ്ങുകയും വീണ്ടും അവർ ത

Digitized By Kerala Sahitya Akademi

മ്മിൽ ഒത്തുചേരാൻ ഇടവരട്ടേ എന്നു പ്രാർത്ഥിക്കുകയും ചെയ്തു.

ഇരുപത്തിരണ്ട്

അനന്തരം അവൾ വെളിയിലേയ്ക്കിറങ്ങിപ്പോയി. അവൾ തന്റെ സ്കിസ് എടുത്തിടുകയും അവയെ അവളുടെ പാദങ്ങളോടു തോൽവാറുകൊണ്ടു മുറുക്കിക്കെട്ടുകയും ചെയ്തു.

ഇരുമ്പുകൊണ്ടുള്ള ഒരു നീണ്ട കുറിയും, വളയവുമുള്ള ഒരു വടിയാണ് അവൾ തിരഞ്ഞെടുത്തത്. അവൾ ഒരു തൂവാലകൊണ്ടു കുഞ്ഞിനെ അവളുടെ പുറത്തു ദൃഢമായി ബന്ധിച്ചു. അനന്തരം മുറ്റംവിട്ട് അവൾ വടക്കോട്ട് അതിവേഗത്തിൽ യാത്രയായി.

സൂര്യൻ താണതാണു വരികയാണ്. മഞ്ഞിന്റെ മുകൾഭാഗം നല്ല കട്ടപ്പുമുള്ളതായിരുന്നതിനാൽ അവൾ കുഞ്ഞിനെ പുറത്തു വഹിച്ചിരുന്നെങ്കിലും അവളുടെ സ്കിസ് യാതൊരു രേഖയും നിലത്തു പതിയാൻ ഇടയാക്കിയില്ല. അവൾ നേരേ നദീതടത്തിലേയ്ക്കു പോയി. അവിടെനിന്നും അതിന്റെ ഗതിയെ ലക്ഷ്യമാക്കിക്കൊണ്ടു നേരേ മുകളിലേയ്ക്കു കയറി. ഒടുവിൽ അവൾ മഞ്ഞുകട്ടയാൽ ഉപദ്രവകരമല്ലാത്ത ഒരു സ്ഥാനം കണ്ടെത്തി. അനന്തരം അവൾ കുന്നിൻചെരുവുകളിലേയ്ക്കു കയറി. ആ ഗതി വളരെ ക്ലേശകരമായിരുന്നു. മുൻപു പകൽസമയം നടത്തിയ യാത്രകൊണ്ടുതന്നെ അവൾ വല്ലാതെ ക്ഷീണിച്ചിരുന്നു.

Digitized By Kerala Sahitya Akademi

മുകൾപ്പരപ്പിൽ എത്തിയതോടുകൂടി അവൾ അവിടെ നിൽക്കുകയും പുറകിലേയ്ക്കു തിരിഞ്ഞു നോക്കുകയും ചെയ്തു. ഉൾക്കടലിനു മുകളിൽ ആകാശം ഇപ്പോൾ രക്തവർണ്ണമായിരുന്നു. അവളുടെ കണ്ണെത്തുന്നിടത്തോളം ദൂരം ജീവന്റെ യാതൊരു ചിഹ്നവും ഉണ്ടായിരുന്നില്ല—പക്ഷേ ആ അവസരത്തിൽ നാട്ടുംപുറത്തു ധാരാളം കാടുകളും പുല്ലിക്കാടുകളും ഉണ്ടായിരുന്നു.

വിഗ്ഡിസ് ഗ്രെഫ്സിനെ ലക്ഷ്യമാക്കി മേലോട്ടു യാത്ര തുടർന്നു. അവൾ ദ്രുതഗതിയിൽ പോയില്ല. വീടുകൾ ഉള്ള പ്രദേശത്തു് എത്തിച്ചേരുന്നതിനുമുമ്പുതന്നെ നക്ഷത്രങ്ങൾ വെളിയിലേയ്ക്കു വരാൻ തുടങ്ങി. മുറത്തു പ്രവേശിച്ചപ്പോൾ അവൾ വിളക്കൊന്നും കാണുകയുണ്ടായില്ല. എല്ലാ വാതിലുകളും അടച്ചിരിക്കയാണു്. വിഗ്ഡിസ് കടന്നുചെന്നു് അവളുടെ സ്കിസ്സിന്റെ വടികൊണ്ടു വാതിൽക്കൽ മുട്ടി. പക്ഷേ ആരുംതന്നെ പുറത്തേയ്ക്കു വന്നില്ല. തൊഴുത്തിൽ പശുക്കൾ അനങ്ങുന്നതല്ലാതെ അവിടെയെങ്ങും യാതൊരൊച്ചയനക്കവും കേൾക്കാനില്ല. വീട്ടിൽ ആരുംതന്നെ ഇല്ലെന്നവൾക്കപ്പോൾ മനസ്സിലായി.

എന്താണിനി ചെയ്യേണ്ടതെന്നാലോചിച്ചുകൊണ്ടു് അവൾ അവിടെ നിന്നു. കനത്ത ശ്വാസം വിടാനായി അവൾ കുഞ്ഞിനെ താഴെ കിടത്തി. അവൾ അങ്ങനെ ചെയ്ത അവസരത്തിൽ അവൻ അവളുടെ വസ്ത്രത്തിന്മേൽ കടന്നു പിടിക്കുടിയിട്ടു തെക്കോട്ടു ചൂണ്ടിക്കാണിച്ചു. വിഗ്ഡിസ് അങ്ങോട്ടു നോക്കി. വാഡിൻ സ്ഥിതിചെയ്യേണ്ട

Digitized By Kerala Sahitya Akademi

ഭാഗത്തു് ആകാശത്തിൽ ഒരു ചുവന്ന പ്രഭാപൂരം അപ്പോഠം അവളുടെ ദൃഷ്ടിയിൽപ്പെട്ടു. ഓരോ നിമിഷം ചെല്ലുംതോറും ആ പ്രഭ വർദ്ധിച്ചു വർദ്ധിച്ചു വന്നു. അതിനോടൊപ്പം കരിംപുകയുടെ ഒരു മേഘപടലവും അവിടെ കാണാറായി. കുട്ടിക്കു് അതു കണ്ടു ഭയം തോന്നി; അവൻ അവളുടെ മടിയിൽ തല മറച്ചുകിടന്നു മുരങ്ങാൻ തുടങ്ങി. അനന്തരം അവഠം അവനെ പിടിച്ചുയത്തിക്കൊണ്ടിങ്ങനെ പറഞ്ഞു:

"അവരിപ്പോഠം നിന്റെ മുത്തച്ഛനേയും നിന്റെ പോറമ്മയായ ഈസായേയും ചുട്ടെരിക്കയാണു്. . നല്ല പോലെ നോക്കിക്കോ, മോനേ, നീയൊരുകാലത്തും ഇതു മറക്കാതിരിക്കട്ടെ, അതുകൊണ്ടു നോക്കിക്കോ, നല്ലപോലെ നോക്കിക്കോ!"

തീ ആളിപ്പടർന്നുപിടിക്കുന്നതു് അവഠംക്കപ്പോഠം കാണാൻ കഴിഞ്ഞു. പുകപ്പടപ്പിനു് ഒരരുണരേഖ കലർന്ന സുവർണ്ണവർണ്ണം പിടിപ്പിച്ചുകൊണ്ടു് അഗ്നിജ്വാലകഠം മേലോട്ടുമേലോട്ടു പാളിക്കയറി. ധാന്യപ്പുരയ്ക്കു തീ പിടിച്ചുവയ്ക്കോലും നെല്ലും കത്തിക്കാളി തീപ്പൊരിപ്പടപ്പുകളായി ആകാശത്തേയ്ക്കു പറന്നു. വിഗ്ഡിസ് നിന്നിടത്തുപോലും പകലത്തെപ്പോലെ വെളിച്ചം വ്യാപിച്ചു. പിന്നീടു്, പലയാളുകളും വയലുകളിൽക്കൂടി സ്കിസ്സിന്മേൽ നദീതടത്തിലേയ്ക്കു ദ്രുതഗതിയിൽ പായുന്നതു് അവളുടെ കണ്ണിൽപ്പെട്ടു. അവിടെ ഇനി അധികനേരം നില്ക്കുന്നതു ബുദ്ധിഹീനതയാണെന്നവഠത്തിനു തോന്നി. കുട്ടിനുള്ളിലേയ്ക്കു പോകുന്നതാണുത്തമമെന്നവഠം നിശ്ചയിച്ചു.

Digitized By Kerala Sahitya Akademi

വിഗ്ഡിസ് കുഞ്ഞിനെ വീണ്ടും എടുത്തുകൊണ്ടു തന്റെ സ്കിസ്സിനാകുന്നതിലേറെ വേഗത്തിൽ അവിടെനിന്നു പുറപ്പെട്ടു. വീട്ടിൽനിന്നു പുറത്തേയ്ക്കുള്ള നടവഴിത്താരകളിൽക്കൂടി കുറെ ദൂരം പോകുന്നപക്ഷം ആരെങ്കിലും അവളുടെ പുറകേ വന്നാൽത്തന്നെ അവർ പോയ രേഖ അത്ര പെട്ടെന്നൊന്നും കണ്ടുപിടിക്കയില്ലെന്നും അതിനാൽ അതാണ് ഏറ്റവും നല്ല ഉപായമെന്നും അവളുറച്ചു. അവർ നേരേ വടക്കോട്ടാണ് തിരിച്ചതു്. എന്തെന്നാൽ, മലഞ്ചെരിവിനപ്പുറം വലിയ തടാകത്തിനു സമീപമായി ആൾത്താമസമുണ്ടെന്നവർക്കറിയാമായിരുന്നു. അവർ ഏതായാലും അത്രത്തോളം ദൂരെ തന്നെ തിരക്കിവരില്ലെന്ന് അവർക്കു തോന്നി.

അവർ കാട്ടിലെത്തിയപ്പോൾ നല്ലപോലെ ഇരുട്ടടച്ചിരുന്നു. മരങ്ങൾക്കിടയിലുള്ള മഞ്ഞിന്റെ വെളിച്ചത്തിൽക്കൂടി അവർ മുന്നോട്ടുപോയി. വഴി കയറ്റമായിരുന്നു. പോകാൻ വലിയ വിഷമം. പലപ്രാവശ്യവും അവർ മുന്നോട്ടാഞ്ഞു വീണു. അവളുടെ മുഖവും കൈകളും പൊട്ടി മോരയൊഴുകി. രാത്രി വല്ലാത്ത തണുപ്പുള്ളതായിരുന്നു. പക്ഷേ അവർ അതൊന്നും അറിഞ്ഞതേയില്ല. അവളുടെ ശരീരത്തിൽനിന്നും വിയർപ്പുതുള്ളികൾ കൂടുകൂടാ വീണുകൊണ്ടിരുന്നു. അവളുടെ ഹൃദയം ശക്തിയായി മിടിച്ചുകൊണ്ടിരുന്നു. അതു പൊട്ടിപ്പോയേയ്ക്കുമോ എന്നു പോലും അവർക്കു തോന്നിപ്പോയി. എല്ലാറ്റിലും ഉപരിയായി, കുഞ്ഞ് അവളുടെ കഴുത്തിൽ മുറുകെ ചുറ്റിപ്പിടിച്ചു; അവർ കുന്നിൻമുകളിലേയ്ക്കുള്ള കയറ്റം കയറു

Digitized By Kerala Sahitya Akademi

നേരം അവൻ മിക്കവാറും അവളുടെ കഴുത്തു ഞെക്കി ശ്വാസം മുട്ടിക്കുകതന്നെ ചെയ്തു.

ഏറെനേരത്തിനുശേഷം ഒടുവിൽ അവശം കുന്നിൻ നിരകളുടെ മുകൾപ്പരപ്പിൽ കരുവിധത്തിലെത്തിപ്പറ്റി. അവിടെനിന്നും പിന്നീടുള്ള യാത്ര കുറച്ചുകൂടി എളുപ്പമായിരുന്നു—പക്ഷേ ആ വഴിക്ക് ഇതിനുമുമ്പൊരാളും കടന്നുപോയിട്ടില്ലാത്തതുപോലെ കാണപ്പെട്ടു. അവശം കന്നുവട്ടംചുറ്റിയ അവസരത്തിൽ മരച്ചില്ലകൾക്കു മുകളിൽ ആ പ്രഭ അപ്പോഴും അവശം കാണ്മാനുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ അതു കൂടുതൽ വിളറിയിരുന്നു.

കുറച്ചുനേരം കഴിഞ്ഞു കുട്ടി വീണ്ടും മുരണ്ടാൻ തുടങ്ങി. അവനു വല്ലാത്ത വിശപ്പും തണുപ്പും തോന്നിയിരുന്നു.

"കരയാതിരിക്കൂ, കുട്ടാ," അവന്റെ അമ്മ പറഞ്ഞു. "നാം വേഗം ഏതെങ്കിലും വീട്ടിൽ എത്തിച്ചേരും; എന്നിട്ടു നിനക്കു പായസവും തന്നു നിന്നെ കിടത്തിയുറക്കാം."

"നമ്മൾ വേഗം അവിടെ എത്തിച്ചേരേ?" കുട്ടി തിരക്കി.

"ഉവ്വ്; ഇനി നാം വേഗം അങ്ങു ചെല്ലും" വിഗ്ഡിസ് പറഞ്ഞു.

അവശം തന്റെ മേൽമുണ്ടഴിച്ചു കുഞ്ഞിന്റെ ദേഹത്തിൽ ചുറ്റി. അങ്ങനെ അവനു് ഒരു സഞ്ചിയിലെന്നപോലെ കിടക്കാനൊത്തു. അനന്തരം അവശം അവനെ അവളുടെ പുറത്തു മുറുക്കിക്കെട്ടി. കുന്നിനു കീഴ്ഭാഗത്തു് ഒരു നേരിയ ധവളപ്രഭ ഒഴുകിപ്പോകുന്നതു് അവശംക്കിപ്പോൾ

Digitized By Kerala Sahitya Akademi

കാണാറായി. തന്റെ കയ്യിലിരുന്ന വടി ഗതിനിയന്ത്രണത്തിനുള്ള ഒരുന്നാക്കിക്കൊണ്ട് അവൾ കുന്നിൻചെരുവിനടിയിലേയ്ക്ക് തുടച്ചുയായി വക്രഗതിയിൽ തെന്നിനീങ്ങി. പക്ഷേ നിലം വളരെ പരുപരുത്തതായിരുന്നതിനാൽ ഒട്ടുമിക്കപ്പോഴും അവളുടെ സ്കീസ് കാരോ ടിക്കിൽ തടഞ്ഞുനിന്നു. തന്റെ കണങ്കാലുകൾ വിറയ്ക്കുന്നതായി അപ്പോഴെല്ലാം അവൾക്കനുഭവപ്പെട്ടു. അവളുടെ ശരീരം കൂടുകൂടാ വിയത്തെങ്ങലിച്ചു. ഇപ്പോഴാകട്ടെ, രാത്രി നക്ഷത്രനിബിഡമായിരുന്നു. പക്ഷേ കാട്ടിനുള്ളിൽ ഭയങ്കരമായി ഇരുട്ടുമൂടി. ചന്ദ്രനാകട്ടെ ഏതാണ്ടു പ്രഭാതത്തോടടുത്തല്ലാതൊട്ടുദിക്കയുമില്ല.

കുറേയിൽ അവൾ തനിക്കു കീഴ്ഭാഗത്തായി കുറെ വെളുത്ത മൈതാനം കണ്ടു; അതു തടാകമായിരിക്കണമെന്ന് അവൾ ഊഹിച്ചു. കീഴോട്ട് ഒരു വഴിത്താര കാണുകയും അവൾ നേരെ ആവഴി യാത്ര തിരിക്കയും ചെയ്തു. എന്നാൽ അവൾ ഒരു മരത്തിന്മേൽ ചെന്നലച്ചു താഴെ വീഴുകയാണുണ്ടായതു്. അവളുടെ ഇടത്തെ 'സ്കീ'യുടെ കെട്ടു പൊട്ടിപ്പോയി എന്നവൾക്കു മനസ്സിലായി. അവളുടെ കൈവശം ഒരു കത്തിയുണ്ടായിരുന്നു. കുട്ടിയെ മഞ്ഞിൽ കിടത്തിയശേഷം ഏതാനും കാട്ടുവള്ളികൾ മുറിച്ചെടുത്തു തന്നാലാവുന്നവിധം അവൾ അതിന്റെ കേടുപാടുകൾ പോക്കി.

അവൾക്കു വീണ്ടും യാത്ര തുടരാൻ സാധിക്കുന്നതിനു കുറച്ചുനേരം കഴിയേണ്ടിവന്നു. കുഞ്ഞിനെ തറയിൽ നിന്നു പൊക്കിയെടുത്തുകൊണ്ട് അവൾ ചോദിച്ചു:

Digitized By Kerala Sahitya Akademi

"നിനക്കു തണുക്കുന്നുണ്ടോ, മോനേ?"

"ഇല്ല," അവൻ പറഞ്ഞു. അവൾ അവന്റെ കൈ രണ്ടും തൊട്ടുനോക്കി; അവ മഞ്ഞുകട്ടപോലിരുന്നു. അവൾ അതിന്മേൽ വള്ളിയപ്പോൾ അവന് കുറുതന്നെ തോന്നിയില്ല. അതിനാൽ അവന്റെ കൈകൾ മഞ്ഞിന്റെ മറവിച്ചിട്ടുണ്ടെന്ന് അവൾ അഭ്യൂഹിച്ചു. അനന്തരം അവനെ അവൾ മടിയിലിരുത്തി മഞ്ഞുടുത്തു നല്ലപോലെ തിരുമ്മാൻ തുടങ്ങി. കുറെ കഴിഞ്ഞപ്പോൾ അതവനെ വേദനിപ്പിക്കയും അവൻ കരഞ്ഞുതുടങ്ങുകയും ചെയ്തു. അവൾ അവനെ ഏറ്റവും ഭദ്രമായ രീതിയിൽ പുതപ്പിച്ചു. അനന്തരം തടാകത്തിന്റെ കരു വശത്തുച്ചുടി അവൾ നേരേ വടക്കുപടിഞ്ഞാറോട്ടു പുറപ്പെട്ടു. ആ ഭാഗത്താണ് വീടുകൾ സ്ഥിതിചെയ്യുന്നതെന്ന് അവൾക്കറിയാമായിരുന്നു.

കുട്ടിയെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന അവസരത്തിൽ മഞ്ഞുകൊണ്ടു തനിക്കു മരവിപ്പുപിടിച്ചുവെന്ന് ആ സമയത്തു് അവൾക്കനുഭവപ്പെട്ടു. വടക്കുഭാഗത്തുനിന്നു തടാകത്തിന്റെ മീതെ സൂക്ഷ്മമായ കരു കാറും വീശിക്കൊണ്ടിരുന്നു: വിഗ്ഡിസ്സിനെതിരായിട്ടാണ് കാറിന്റെ വരവു്. അവളെ മിക്കവാറും നഗ്നയാക്കിക്കൊണ്ടു്, വിയത്തുനനഞ്ഞ അവളുടെ വസ്ത്രങ്ങൾക്കിടയിൽക്കൂടി അതവളെ കടിച്ചുകാന്നു. എവിടെയെങ്കിലും കരു വീടുകാണുന്നുണ്ടോ എന്നു പരീക്ഷിച്ചുകൊണ്ടു പടിഞ്ഞാറെ കരയിൽ അവൾ നിന്നു. പക്ഷേ ഒന്നുംതന്നെ കാണാനില്ല. കടുവിൽ, വെളുപ്പുനിറമുള്ള കരു കുന്നിൻചെരുവിൽ ഏതാ

Digitized By Kerala Sahitya Akademi

ണ്ടു് ഒരു വീടുപോലെന്തോ ഒന്നു് അവളുടെ കണ്ണിൽ പെട്ടു. അവൾ ഉടൻതന്നെ മേലോട്ടു കയറി. ഏതോ പുരയിടത്തിന്റെ ഇങ്ങേ അറ്റത്തുള്ള ഒരു ധാന്യപ്പുരയാണതെന്നു് അവൾക്കു മനസ്സിലായി. മുന്നോട്ടൊരടിപോലും നീങ്ങാൻ നിവൃത്തിയില്ലാത്തവിധം അവൾ തളർന്നു പരവശയായിരുന്നു. അവൾ വാതിൽ കണ്ടുപിടിച്ചു. അതു തുറന്നുകിടന്നിരുന്നു. അതുകൊണ്ടു് അവൾ തന്റെ സ്ലിസ് ഊരി മാറ്റി അകത്തേയ്ക്കു കടന്നു. ആ ധാന്യപ്പുര മുഴുവൻ ഇരുളടഞ്ഞിരുന്നു. വെളിയിലേക്കാൾ കട്ടം കുറഞ്ഞതായിരുന്നില്ല അതിനുള്ളിലെ തണുപ്പും. അവൾ തപ്പിത്തപ്പി ഒരു മൂലയിൽ കിടന്നിരുന്ന കുറച്ചു വയ്ക്കോൽ കണ്ടുപിടിച്ചു. അവൾ അതിനിടയിൽ ശരീരം പൂഴ്ത്തി കിടപ്പായി. പക്ഷേ അതു മഞ്ഞുകട്ടപോലെ തണുത്തിരുന്നതിനാൽ അവൾക്കു ലേശംപോലും ചൂടേകിയില്ല.

തണ്ടാൻ അവിടെ ചെന്നെത്തിയോ എന്നും തന്നിക്കിപ്പോൾ പായസം കിട്ടുമോ എന്നും കുട്ടി അവളോടു തിരക്കി.

"വീട്ടിലുള്ള ആളുകൾ ഇപ്പോൾ ഇവിടെയില്ല." വിഗ്ഡിസ് പറഞ്ഞു. "നീ തളർന്നിരിക്കയാണു്. എനിക്കറിയാം; പക്ഷേ നമുക്കു കുറച്ചുനേരം ഇവിടെ കിടന്നൊന്നുറങ്ങാം. അപ്പോഴേയ്ക്കും വീട്ടുകാർ വന്നു ചേരും."

"എനിക്കു വല്ലാതെ വിശക്കുന്നു." ആ കൊച്ചുകുട്ടി പറഞ്ഞു. അനന്തരം സഞ്ചിയിൽനിന്നു കുറച്ചു് അപ്പവും മാംസവുമെടുത്തു നല്ലപോലെ ചവച്ചു പാകപ്പെടുത്തിയി

Digitized By Kerala Sahitya Akademi

ട്ടു് അവർ അതു് അവന്റെ വായിൽ വെച്ചുകൊടുത്തു. അതിനുശേഷം അവൻ കൂടുതൽ ശാന്തനായി; പക്ഷേ അവൻ തന്നെത്തു വിറയ്ക്കുന്നുണ്ടായിരുന്നു; അവളും അങ്ങനെതന്നെ. അനന്തരം മുൻവശത്തുള്ള തന്റെ വസ്ത്രങ്ങൾ അഴിച്ചു കുട്ടിയെ തന്റെ നഗ്നശരീരത്തോടടക്കിപ്പിടിച്ചിട്ടു രണ്ടുപേർക്കും തണുപ്പു ശക്തിയായിത്തട്ടാത്തവിധം അവ കൊണ്ടു ഭദ്രമായിപ്പൊതിഞ്ഞു വയ്ക്കാൽ മുഴുവനും തുത്തു കൂട്ടി അതിനുള്ളിൽ പുതഞ്ഞങ്ങനെ ചുരുണ്ടുകൂടി അവർ അവിടെ കിടന്നു. കുട്ടി വേഗത്തിൽ ഉറങ്ങിപ്പോയി. തന്റെ മാത്തട്ടിൽ തട്ടിയ അവന്റെ ശ്വാസോച്ഛ്വാസംമൂലം അവർക്കും അല്പമൊരു ചൂടുകിട്ടി. അല്പനേരം കൊണ്ടു കണ്ണടയ്ക്കുകയുണ്ടായി; പക്ഷേ താൻ ഇരുട്ടത്തു മഞ്ഞിൽക്കൂടി അങ്ങനെ വിഷമിച്ചു മുന്നോട്ടു പോകയാണെന്നു വിചാരത്തിൽ അവർ ഞെട്ടിയുണർന്നു. ഇതു കുട്ടിയെ ഉണർത്തി. ഉടൻതന്നെ അവർ സ്ത്രീകൾ കുഞ്ഞുങ്ങളോടു പെരുമാറുന്ന വിധത്തിൽ, അവനെ 'വാഴ്പോളിച്ചു.'

അതുകഴിഞ്ഞു് ഏറെനേരം അവൻ ആ നിലയിൽത്തന്നെ കിടന്നു. ശക്തിയായ ഹിമപാതത്തിൽ ഭിത്തികൾ പിളരുന്നതു് അവർ കേട്ടു. മന്ദ്രൻ മഞ്ഞിൽ പ്രകാശിക്കുന്നതു ഭിത്തിയുടെ ഒരു വിടവിൽക്കൂടി അവർ കണ്ടു. കുട്ടി വീണ്ടും ഉണർന്നു. അവനു് ദാഹിക്കുന്നു. അവർക്കും വല്ലാത്ത ദാഹമുണ്ടു്. വെളിയിൽ പോയി കുറെ മഞ്ഞുകട്ടകൾ വാരിയെടുത്തുകൊണ്ടുവന്നു കശക്കി ശരിയാക്കാം എന്നവർക്കു തോന്നി. പക്ഷേ കുട്ടി കരയാൻ തുടങ്ങി. അവൻ അവളെ അടുത്തുനിന്നു പോകാൻ സമ്മതിക്കുക

Digitized By Kerala Sahitya Akademi

യില്ല. അവർ അവനേയും കൈത്തണ്ടയിൽ തൂക്കിക്കൊണ്ടു വാതിൽക്കലേയ്ക്കു പോയി.

"ഇപ്പോൾ ഇതാ അവർ വരികയാണു്. ഈ വീട്ടിൽ താമസിക്കുന്നവർ" കുട്ടി പറഞ്ഞു. തടാകത്തിൽ തെക്കു മാറി ചില ആളുകൾ വിഗ്ഡിസ്സിന്റെ ദൃഷ്ടിയിൽപ്പെട്ടു. അവർ പന്തം കൊളുത്തിപ്പിടിച്ചിരുന്നു. അവർ വെളിയിലേയ്ക്കിറങ്ങി വീണ്ടും തന്റെ സ്കിസ് കാലിന്മേൽ ബന്ധിച്ചു; കുറച്ചുവഴിപോയപ്പോൾ ആ ധാന്യപ്പുരയിൽ കിടക്കുന്നതിനേക്കാൾ ഭേദമാണെന്നു് അവർക്കു തോന്നി. പക്ഷേ ഈ യാത്ര എങ്ങനെ പര്യവസാനിക്കുമെന്നു് അവർ അത്ഭുതപ്പെട്ടു. അവളിപ്പോൾ കുറെ നദിക്കരികെ എത്തി അതിന്റെ ഗതിയോടൊപ്പിച്ചു യാത്ര ചെയ്യുകയാണു്. ഹേകുഡാലിൽനിന്നും കുറെ നദി ആ തടാകത്തിൽ വന്നു വീഴുന്നതായി അവർ കേട്ടിട്ടുണ്ടു്. തനിക്കു കുറുത്തുണ്ടെങ്കിൽ അതിന്റെ ഗതിയെ പിൻതുടരണമെന്നും എങ്കിലേ ഏതെങ്കിലും കുടിപാർപ്പുള്ള സ്ഥലത്തു് എത്തിച്ചേരാനൊക്കൂ എന്നും അവർ മനസ്സിലാക്കി. പക്ഷേ അങ്ങനെ ഒരിടത്തു് എത്തിപ്പറ്റാൻ ഇനിയും എത്ര നാഴിക സഞ്ചരിക്കേണമെന്നു് അവർക്കറിഞ്ഞുകൂടാ. മുന്നോട്ടുമുന്നോട്ടു പോകുന്തോറും അവർക്കു ക്ഷീണവും തളർച്ചയും കൂടിക്കൂടിവന്നു. ഒടുവിൽ കുറെ പയിൻമരത്തിന്റെ ചുവട്ടിൽ കുട്ടിയുമൊത്തു് അവർക്കൊന്നു തല ചായ്ക്കാതെ ഗത്യന്തരമില്ലെന്നായി. അവളുടെ കാലുകൾ മുന്നോട്ടു നീങ്ങാൻ മടിച്ചു. ആ സമയവ്യയം അവർക്കൊരു നഷ്ടമായിത്തോന്നിയില്ല. പക്ഷേ എന്നിട്ടും അവർ പണി

Digitized By Kerala Sahitya Akademi

പ്പെട്ട മുന്നോട്ടുമുന്നോട്ട നീങ്ങി. കരു വലിയ നീണ്ട തടാകം അവൾ തരണം ചെയ്തു. കാറ്റ് അവൾക്കെതിരായി ശക്തിയിൽ വീണ്ടും വീശിത്തുടങ്ങി. വിദൂരത്തിൽ ചെന്നായ്ക്കൾ കാരിയിടുന്നത് അവളുടെ ചെവിയിലെത്തി. അതുമാത്രം തണുപ്പുള്ളതിനാൽ ഒരുപക്ഷേ ചെന്നായ്ക്കൾക്ക് തന്റെ മണം പിടിക്കാൻ സാദ്ധ്യമല്ലെന്നവൾക്ക് തോന്നി. അവൾ ഗതിവേഗം ഒന്നുകൂടി വർദ്ധിപ്പിച്ചു.

കുറച്ചിൽ ചെന്നായ്ക്കളുടെ ശബ്ദം ചെവിയിൽ എത്താതായി. താൻ കയറിപ്പോകുന്ന കുന്നിൻപുറത്തിന്റെ മുകളിൽക്കൂടി പുളഞ്ഞൊഴുകുന്ന നദിയുടെ ശബ്ദം മാത്രമേ ഇപ്പോൾ കേൾക്കാനുള്ളൂ. മന്ദ്രൻ ശൈത്യത്താടും ഉജ്ജ്വലതയോടുംകൂടി മിന്നിത്തിളങ്ങി. നിഴലുകൾ നീണ്ടിരുണ്ടു മഞ്ഞിനുമീതെ കെട്ടുപിണഞ്ഞു കിടന്നു. മരങ്ങൾക്കിടയിലായി കരു വലിയ ഇരുണ്ട സ്ഥലവിഭാഗം അവളുടെ കണ്ണിൽ പെട്ടു. അവളുടെ കെല്പു നിശ്ശേഷം അറുപോയിരുന്നു. അവൾ കരുവിധത്തിൽ അവിടെ ഇഴഞ്ഞുപററി. അവിടെ നിന്നിരുന്ന കുറിച്ചെടികളുടെ ചില്ലകൾ കഴിയുന്നിടത്തോളം അവൾ മുറിച്ചു കളഞ്ഞു. എന്നിട്ട് വസ്ത്രം പടിഞ്ഞു കുഞ്ഞിനെ മടിയിൽ ഇരുത്തി അവളുവിടെ ഇരിപ്പായി. തന്റെ വസ്ത്രം, കഴിയുന്നതും അവനെ ചൂടു പിടിപ്പിക്കുവാൻവേണ്ടി, തന്റേയും അവന്റേയും ശരീരത്തിൽ ചുറ്റിച്ചേർത്തു. പിന്നിടൊന്നും അവൾ അറിഞ്ഞില്ല. അവനേയും ചേർത്തുപിടിച്ചുകൊണ്ട് അവൾ അവിടെയിരുന്നങ്ങനെ മയങ്ങിയുറങ്ങിപ്പോയി.

Digitized By Kerala Sahitya Akademi

ഇരുപത്തിമൂന്നു്

നേരം പ്രഭാതമായതോടുകൂടി താൻ പൊക്കത്തുള്ള ഒരു കുന്നിൻപുറത്താണിരിക്കുന്നതെന്നു വിഗ്ഡിസ് കണ്ടു. അവളുടെ ശിരസ്സിനു മുകളിൽ പർവ്വതം ആകാശം മുട്ടുന്ന വിധത്തിൽ ഉയർന്നുനിന്നു. കീഴെ ഒരിടുങ്ങിയ മലഞ്ചെരുവിൽക്കൂടി ദ്രുതഗതിയിൽ ഒരു നദി ഒഴുകിക്കൊണ്ടിരുന്നു. കുട്ടി നല്ല ഉറക്കമാണു്. അവനു് ഒരുപദ്രവവും തട്ടിയിട്ടുള്ളതായി തോന്നിയില്ല. ഏതെങ്കിലും കുടിപാർപ്പുള്ളിടത്തു മെന്നെത്താൻ ഒരു വഴി കണ്ടുപിടിക്കണമെന്നവൾ മനസ്സിലുറച്ചു. പക്ഷേ താൻ എവിടെയാണെന്നവൾക്കു മനസ്സിലായില്ല. തളർച്ചയാലും മാനസികഗ്ലാനിയാലും അവൾ വീണ്ടും ആ ഇരുന്ന ഇരിപ്പിൽത്തന്നെ കഴിച്ചുകൂട്ടി.

കുറെനേരം കഴിഞ്ഞു പതുക്കെ ഒന്നൊഴുന്നേല്ക്കുവാൻ അവൾ ഉദ്യമിച്ചു. എന്നാൽ അവൾ പണിപ്പെട്ടു്, ഒന്നിളകിയപ്പോഴേയ്ക്കും തൊട്ടടുത്തു് ഒരു ശബ്ദം കേട്ടു. ഉത്തരക്ഷണത്തിൽ വൃക്ഷങ്ങൾക്കിടയിലൂടെ ഒരസ്ത്രം പറന്നുവന്നു് അവൾ ഇരുന്ന സ്ഥാനത്തിനു വൃക്ഷത്തിന്റെ തടിയിൽ തറഞ്ഞുനിന്നു. ആ അസ്ത്രത്തിന്റെ വിറയൽ നില്ക്കുന്നതിനു മുൻപുതന്നെ അതു വന്ന സ്ഥാനത്തുനിന്നും ഒരു മനുഷ്യൻ സ്കിസ്സിന്മേൽ അവിടെ പ്രത്യക്ഷപ്പെട്ടു. അവളെ കണ്ടു് അയാൾ പെട്ടെന്നു നിന്നു. അയാൾക്കു് അത്ഭുതംമൂലം ക്ഷണനേരത്തേയ്ക്കു് ഒരക്ഷരം മിണ്ടാൻ സാധിച്ചില്ല. പിന്നീടയാൾ ചോദിച്ചു:

Digitized By Kerala Sahitya Akademi

"ആരെങ്കിലുമുണ്ടോ ഇവിടെ?"

ഉത്തരം പറയുവാനുള്ള കെല്പു വിഗ്ഡിസ്സിനില്ലായിരുന്നു. അനന്തരം അയാഠം അവളുടെ സമീപത്തേയ്ക്കു വന്നു. അവളുടെ കൈയിൽ കുഞ്ഞിനെ കണ്ടപ്പോഠം അയാഠംക്കു് അത്ഭുതം വർദ്ധിച്ചു. നീണ്ടുചുരുണ്ട അഴകുള്ള തലമുടി; മീശ; തോലുകൊണ്ടുള്ള ആവരണങ്ങൾ; അരപ്പട്ടമേൽ ഒരു കൈക്കോടാലി; തോളിനുമീതേ ഒരു വില്ലു്; കൈയിൽ ഒരു കുന്തം—ദീർഘകായനായ ഒരു മനുഷ്യനായിരുന്നു അയാഠം.

അയാഠം അവളുമായി സംഭാഷണത്തിലേർപ്പെട്ടു. അത്രത്തോളം അവഠം എങ്ങനെ വന്നുചേർന്നുവെന്നു അയാഠം അവളോടു ചോദിച്ചു. പക്ഷേ വിഗ്ഡിസ് അയാളുടെ മുഖത്തു ഉറുനോക്കിക്കൊണ്ടു മിണ്ടാതിരുന്നതേയുള്ളു. മറുപടി പറയുവാൻ അവഠംക്കു സാധിച്ചില്ല. അനന്തരം കുട്ടി പറഞ്ഞു:

"അവർ മുത്തച്ഛന്റെ വീടു ചുട്ടെരിച്ചുകളഞ്ഞു."

"എന്താണതു്?" ആ മനുഷ്യൻ ചോദിച്ചു: "എവിടെയായിരുന്നു ആ വീടു്?"

"ഞാൻ വാഡിനിൽനിന്നാണു്," വിഗ്ഡിസ് പറഞ്ഞു.

"ഇന്നലെ രാത്രിയായിരുന്നു ആ സംഭവം."

"ഈ രാത്രി നിങ്ങഠം ഇത്ര ദൂരം വന്നോ?" അയാഠം അത്ഭുതപ്പെട്ടു. "കേട്ടിട്ടുള്ളതിൽ ഏറ്റവും ദീർഘമായ ഒരു യാത്രയാണതു്—ഒരു സ്ത്രീക്കു്!"

Digitized By Kerala Sahitya Akademi

കുറച്ചു കഴിഞ്ഞു് അയാൾ വീണ്ടും പ്രസ്താവിച്ചു.

"നിങ്ങൾ ഒരു വീട്ടിൽ എത്തിപ്പറ്റണം; എനിക്കുള്ളതു് ഒരു പാവപ്പെട്ട വീടാണു്; പക്ഷേ ഇവിടെ ഇരിക്കുന്നതിനേക്കാൾ ഭേദമാണു് അങ്ങോട്ടു പോകുന്നതു്."

അയാൾ അവളെ പിടിച്ചെഴുനേല്പിച്ചു. ഒരു കൈ അവളുടെ പുറത്തുകൂടി ചുറ്റി അവളുടെ തോളിൽ പിടിച്ചിട്ടു് അയാൾ കുഞ്ഞിനെ എടുക്കാൻ ഭാവിച്ചു. പക്ഷേ കുട്ടി അവന്റെ അമ്മയുടെ ദേഹത്തു പറ്റിപ്പിടിക്കുകയും ഒരു അപരിചിതന്റെ അടുത്തു പോകാൻ വൈമുഖ്യം പ്രദർശിപ്പിക്കുകയും ചെയ്തു. അതിനാൽ താൻതന്നെ അവനെ എടുത്തുകൊള്ളാമെന്നു വിഗ്ഡിസ് പറഞ്ഞു. അനന്തരം അയാൾ അവളെത്താങ്ങിപ്പിടിച്ചു കീഴോട്ടു നദിതടത്തിലേയ്ക്കിറങ്ങി. അല്പദൂരം ചെന്നപ്പോൾ നേരേ നിവർന്നുനില്ക്കാൻപോലും സാദ്ധ്യമല്ലെന്നു് അയാൾ കണ്ടു. ഉടൻതന്നെ അയാൾ അവളുടെ സ്കിസ് അഴിച്ചുമാറ്റി, അവളേയും കുട്ടിയേയും ആ സ്കിസ്സിനേയും ഏറെദൂരം ചുമന്നുകൊണ്ടുപോയി. അവൾ ഒന്നുംതന്നെ അറിഞ്ഞില്ല. ഒടുവിൽ അവർ പർവ്വതപ്രദേശത്തു് ഒരിടുങ്ങിയ വഴിച്ചാലിലെത്തി. അതിലൂടെ പോയി അവർ ഒരു കൊച്ചു കുടിലിൽ എത്തിച്ചേർന്നു. അവിടെ അയാൾ അവളെ ഇരുത്തി. അനന്തരം അയാൾ പറഞ്ഞു:

"നിങ്ങളുടെ ആ കൈ വല്ലാതെ നാശപ്പെട്ടിരിക്കുന്നു." അയാൾ അവളുടെ ഇടതുകൈ മെല്ലെപ്പിടിച്ചുയർത്തി. അതു പച്ചനിറം കലർന്ന വെളുപ്പായും മഞ്ഞുകട്ടപോ

Digitized By Kerala Sahitya Akademi

ലെ മരവിച്ചിരിക്കുന്നതായും വിഗ്ഡിസ് കണ്ടു. അനന്തരം അയാൾ അവളുടെ കൈയ്യാകളും പാദാക്ഷകളും ഊരിയെടുത്തിട്ട് ഏറെനേരം മഞ്ഞു പുരട്ടിത്തിരുമ്മി. പക്ഷേ ആ ഇടതുകൈയ്ക്ക് എന്നിട്ടും കുറെ വൈരൂപ്യം ഉണ്ടായിരുന്നു. അങ്ങനെ തിരുമ്മിയതുകൊണ്ടു ഫലമില്ലെന്നു കടുവിൽ അയാൾക്കു ബോധ്യപ്പെട്ടു. അയാൾ ഉടൻതന്നെ അവളെ കുടിലിനുള്ളിലേയ്ക്കു താങ്ങിപ്പിടിച്ചുകൊണ്ടുപോയി കുറു കിടക്കമേൽ കിടത്തി. കുറു പാനപാത്രത്തിൽ നിന്നും കുറെ പാനീയം പകർന്നെടുത്ത് അയാൾ അവൾക്കു കൊടുത്തു. അവൾക്കു കൈയിനു വല്ലാത്ത വേദനയുണ്ടായിരുന്നു എങ്കിലും നിമിഷത്തിനുള്ളിൽ അവൾ ഉറങ്ങിപ്പോയി.

വൈകുന്നേരം വളരെ വൈകിയിട്ടേ അവൾ ഉണർന്നുള്ളു. അഗ്നികുണ്ഡത്തിൽ തീയങ്ങനെ എരിഞ്ഞു ജ്വലിക്കുന്നതവൾ കണ്ടു. അതിനുചുറും മൂന്നുപേർ ഇരിക്കുന്നുണ്ട്. ജീർണ്ണവസ്ത്രങ്ങളാണവർ ധരിച്ചിട്ടുള്ളതു്; പക്ഷേ അവർ നല്ലപോലെ ശസ്ത്രസജ്ജരാണു്, കാട്ടിൽ അവൾ കണ്ട മനുഷ്യരെക്കാൾ വളരെ രണ്ടുപേശലമാണു് അവർ.

അവളുടെ കൈയിലെ വേദന വർദ്ധിച്ചു. അവർ കൊടുത്ത ആഹാരംപോലും എടുത്തു കഴിക്കുവാൻ അവൾക്കു് അത്യധികം ക്ലേശിക്കേണ്ടിവന്നു. സമയം പോകുന്തോറും അവളുടെ വേദന അധികമധികമായി. അവളുടെ കൈ മുഴുവൻ വേദനയാണു്; പതുക്കെപ്പതുക്കെ അതു മാറിലേയ്ക്കു വ്യാപിച്ചു തുടങ്ങുകയും ചെയ്തു.

Digitized By Kerala Sahitya Akademi

അവർ ആദ്യം കണ്ട മനുഷ്യൻ—ഇല്ല്യൂജ് എന്നായിരുന്ന അയാളുടെ പേർ—പിറേന്ന രാവിലെ അവളുടെ സമീപത്തു വന്ന കൈയിൻെറ വേദന എങ്ങനെയിരിക്കുന്നുവെന്ന ചോദിച്ചു. അങ്ങനെയുള്ള ഒരു വേദന താൻ നാളിതുവരെ അറിഞ്ഞിട്ടില്ലെന്ന് അവർ മറുപടി പറഞ്ഞു. ആ കൈത്തണ്ട നേരെയാകുമെന്ന വിചാരമുണ്ടോ എന്നവർ അയാളോടു ചോദിച്ചു.

ആ മനുഷ്യൻ അവളുടെ കൈത്തണ്ട സൂക്ഷ്മമായി പരിശോധിച്ചു. അതിനൊരു വൈരൂപ്യം ബാധിച്ചിട്ടുണ്ടെന്ന് അയാൾക്കു ബോധപ്പെട്ടു.

വിഗ്ഡിസ് പറഞ്ഞു: "എന്നാൽ നിങ്ങൾ എന്നെ കുറച്ചു സഹായിക്കണം. ഈ മൂന്നു വിരലുകളും മുറിച്ചുകളയണം."

ഇല്ല്യൂജ് ഒരു നിമിഷനേരം അവളുടെ മുഖത്തേയ്ക്കു നോക്കി. ഒടുവിൽ അവർ പറഞ്ഞതു ശരിയാണെന്ന് അയാൾക്കു തോന്നി. അതു നിർവ്വഹിക്കപ്പെട്ടു. അയാളുടെ കൂട്ടുകാരിൽ ഒരാൾ അവളെ അനങ്ങാത്തമട്ടിൽ രണ്ടു കൈകൊണ്ടും പുറകിൽപ്പിടിച്ചു. ഇല്ല്യൂജ് അവളുടെ വാമഹസ്തത്തിലെ നടുവിലുള്ള മൂന്നു വിരലുകൾ മുറിച്ചെടുത്തു. വിഗ്ഡിസ് നിലവിളിച്ചതേയില്ല. പക്ഷേ അതു മുറിച്ചുകഴിഞ്ഞപ്പോൾ ഇത്രമാത്രം പറഞ്ഞു:

"നിങ്ങൾ ഒരു കരുത്തുള്ള മനുഷ്യനും ഔചിത്യപൂർവ്വം പ്രവർത്തിക്കുന്നവനുമാണെന്നു ഞാൻ കരുതുന്നു, ഇല്ല്യൂജ്."

Digitized By Kerala Sahitya Akademi

അനന്തരം ഇല്ല്യൂജ് മുറിവു നല്ലപോലെ ചുറ്റിക്കെട്ടി അവളെ കിടക്കയിൽ കൊണ്ടുപൊന്ന കിടത്തി. കുറച്ചുനേരത്തേയ്ക്ക് അവൾക്ക് അസ്വാസ്ഥ്യം തോന്നി; പക്ഷേ അതുകഴിഞ്ഞു് ആശ്വാസമുണ്ടാവുകയും അവരോടു തന്റെ യാത്രയെക്കുറിച്ചുള്ളതെല്ലാം വിസ്തരിക്കുവാൻ അവൾക്കു സാധിക്കുകയും ചെയ്തു.

ഇരുപത്തിനാലു്

കുടിലിൽ താമസിച്ചിരുന്ന ഈ മൂന്നു മനുഷ്യർ നിയമദുഷ്ട്യാ കുറ്റവാളികളായിരുന്നു. അങ്ങനെ നാട്ടിൽനിന്നൊളിച്ചോടി കാട്ടിൽ അജ്ഞാതവാസം നടത്തുന്ന ഇക്കൂട്ടർ ഈ കാടുകഠം യാത്രക്കാക്കു സുരക്ഷിതമല്ലാതാക്കിത്തീർക്കുന്ന കഥകഠം പലതും താൻ കേട്ടിട്ടുള്ളതു് വിഗ്ഡിസ് ഓർത്തു. അവരിൽ രണ്ടുപേർ സഹോദരങ്ങളായിരുന്നു. ഇല്ലെ ഹെർമോഡ് എന്നും എയ്നാർ ഹാഡ ലീൻഡിംഗ് എന്നുമായിരുന്ന അവരുടെ പേർ. മൂന്നാമത്തെയാഠം ഇല്ല്യൂജ് വടക്കൻപ്രദേശത്തുനിന്നു വന്നിട്ടുള്ള ആളാണു്.

നല്ല ഉയരവും, ഉറച്ച ബലിഷ്ഠമായ ശരീരവും, ചെറിയ കൈത്തണ്ടുകളും, പാദങ്ങളും, അഗ്രഭാഗം അല്പം വളഞ്ഞ നാസികയും, അന്യോന്യം യോജിപ്പുള്ള അംഗങ്ങളും, നീലക്കണ്ണുകളും, നീണ്ടു ചുരുഠംചുരുളായിക്കിടക്കുന്ന അഴകുള്ള മുടിയും, മീശയും ഒത്തിണങ്ങി അതികോമളനായ ഒരു മനുഷ്യനായിരുന്നു ഇല്ല്യൂജ്.

വിഗ്ഡിസ്സിന്റെ ശാരീരികാസ്വാസ്ഥ്യം വളരെ ഭേദപ്പെട്ടതിനുശേഷം ഒരുദിവസം രാവിലെ അവൾ കുട്ടിയു

Digitized By Kerala Sahitya Akademi

മൊന്നിച്ചിരിക്കുന്നിടത്തേയ്ക്കു കടന്നുവന്നു. കുറച്ചുനേരം അവർ കാരാന്നു സംസാരിച്ചു. അനന്തരം അയാൾ പറഞ്ഞു:

"ഞങ്ങൾ തമ്മിൽ പറയുകയായിരുന്നു—എന്റെ കൂട്ടുകാരും ഞാനും—ഈ കാട്ടിൽ ഇവിടെ ഞങ്ങൾക്കു് ഒരു സ്ത്രീയെ കിട്ടുക അത്ര എളുപ്പമല്ല. നീയാണെങ്കിൽ മനുഷ്യരുടെ അലട്ടുകളിൽനിന്നും അകലെ പായിക്കപ്പെട്ടവളാകയാൽ നിന്റെ കഥയും ഞങ്ങളുടേതിൽനിന്നു വളരെ മെച്ചപ്പെട്ടതാണെന്നു പറഞ്ഞുകൂടാ. ഇനിയിപ്പോൾ നാം ചെയ്യേണ്ടതു് ഇതാണു്. ഞാനും നീയും ദമ്പതികളായി ജീവിക്കുക; വസന്തകാലം വരുമ്പോൾ വടക്കു് അകലെ തടാകത്തിനു സമീപമായി ഞാൻതന്നെ ഒരു വീടു പണികഴിക്കാം. ഹെർമോണും എയ്ന്നാറും അവർക്കോരോ ഭാര്യമാരെ എങ്ങനെയെങ്കിലും തേടിപ്പിടിച്ചുകൊള്ളും."

കുട്ടിയെ മടിയിലിരുത്തിക്കൊണ്ടായിരുന്നു വിഗ്ഡിസ്സിന്റെ ഇരിപ്പു്. അവൾ മറുപടി പറഞ്ഞു:

"എനിക്കു നിങ്ങളിൽ അതിർക്കവിഞ്ഞ വിശ്വാസമുണ്ടു്, ഇല്ല്യൂജ്. അതിനാൽ നിങ്ങളെന്നെ നിബ്ബന്ധിക്കയില്ലെന്നു ഞാൻ കരുതുന്നു."

ഒരു നിമിഷത്തെ മൌനത്തിനുശേഷം ഇല്ല്യൂജ് പ്രതിവചിച്ചു: "നിബ്ബന്ധിക്കുക—അതു ഞാൻ കരിക്കലും ചെയ്യില്ല. പക്ഷേ നീ എന്തിനാണിനിയും ഇങ്ങനെ അമാന്തിക്കുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഏതായാലും കടുവിൽ ഞങ്ങളിൽ ഒരാളെ നിനക്കു സ്വീകരിക്കേ

Digitized By Kerala Sahitya Akademi

ണ്ടിവരും. ആ നിലയിൽ നിന്നിൽ ഏറെവുമധികം അവകാശം എനിക്കാണെന്നു ഞാൻ വിചാരിക്കുന്നു. 'കരടിത്തടാകം' എന്നു ഞങ്ങൾ വിളിച്ചുവരുന്ന ആ തടാകപ്രദേശത്തു മത്സ്യം പിടിക്കുവാനും നായാട്ടിനും ധാരാളം സൌകര്യമുണ്ട്. ഞാൻ നിന്നെ കണ്ടുമുട്ടിയ ആ അവസരത്തിലെ നിന്റെ അവസ്ഥയേക്കാൾ എത്രയോ നല്ല കരുനില നിനക്കും നിന്റെ കുഞ്ഞിനും ഉണ്ടാകുന്നതാണു്."

വിഗ്ഡിസ് മറുപടി പറഞ്ഞു: "ജനവാസമുള്ള സ്ഥലത്തുനിന്നും വളരെ വളരെ ദൂരത്തിൽ, കൊടുംകാട്ടിൽ, പാപ്പുറപ്പിച്ചിരിക്കുന്ന നിങ്ങളെപ്പോലുള്ള കരാഠർക്കു് ഇതിനേക്കാൾ എത്രയോ തുച്ഛമായ ജീവിതസൌകര്യങ്ങൾകൊണ്ടുപോലും തൃപ്തിപ്പെടേണ്ടതിട്ടുണ്ടു്. നിങ്ങളും നിങ്ങളുടെ കൂട്ടുകാരും എന്തുകൊണ്ടാണു് നാട്ടിൽ വന്നു മറ്റു മനുഷ്യരുമൊന്നിച്ചു കൂടിക്കഴിയാതിരിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. എന്റെ നാട്ടിലെ കഥയാണെങ്കിൽ, നിങ്ങൾ അവിടെവന്നു താമസിക്കുന്നപക്ഷം കരൊറാ ആൾപോലും നിങ്ങളുടെ സമാധാനത്തെ ഭഞ്ജിക്കാൻ ധൈര്യപ്പെടുമെന്നു് എനിക്കു വിശ്വാസമില്ല; എന്തുകൊണ്ടെന്നാൽ, നിങ്ങളിലാരെങ്കിലുമായി താരതമ്യപ്പെടുത്താവുന്ന കരൊറാ ആൾപോലും അവിടെയെങ്ങുമില്ല."

അവൾ വിചാരിക്കുംപോലെ ആ വനമണ്ഡലം വിട്ടുപോകുന്ന കാര്യം എത്ര എളുപ്പമല്ലെന്നു് ഇല്ല ൂജ് അവളോടു പറഞ്ഞു.

വിഗ്ഡിസ് പ്രസ്താവിച്ചു: "കോൾ ആർനോസൺ എന്റെ പിതാവിനേയും അദ്ദേഹത്തിന്റെ ഭവനത്തേയും

Digitized By Kerala Sahitya Akademi

ചുട്ടെരിച്ചു്, ഏകാകിനിയും ചെറുപ്പക്കാരിയുമായ എന്നേയും എന്റെ കുഞ്ഞിനേയും വീട്ടിൽനിന്നോടിക്കാൻ ഇടയാക്കിയെങ്കിലും എന്റെ മനസ്സിനു് അത്രകൊണ്ടു ലേശമെങ്കിലും കുലുക്കമില്ല. എനിക്കു നല്ല നിശ്ചയമുണ്ടു്, മരിക്കുന്നതിനുമുമ്പു് അച്ഛൻ അച്ഛന്റെ സ്വർണ്ണം മുഴുവൻ എവിടെയാണു് ഒളിച്ചുവെച്ചിട്ടുള്ളതെന്നു്; നിങ്ങൾ, നിങ്ങളും നിങ്ങളുടെ സ്നേഹിതന്മാരും, എന്നെ സഹായിക്കുന്നപക്ഷം കൂട്ടുകൂടി നടക്കുന്നവരുടെ ഇടയിലുള്ള സമ്പ്രദായമനുസരിച്ചു്, ഉള്ള സ്വത്തു മുഴുവൻ നമുക്കു തമ്മിൽ പങ്കിട്ടെടുക്കാം. നമ്മുടെ വിധി അങ്ങനെ ഏതാണ്ടു തുല്യനിലയിലായിത്തീരുകയും ചെയ്യും."

"നീ ധൈര്യമുള്ള ഒരു സ്ത്രീതന്നെ." ഇല്ല്യൂജ് പറഞ്ഞു, പക്ഷേ കാസ്ലോവിന്റെ കിടപ്പു നന്നെ അടുത്തായിപ്പോയി. ഞങ്ങളുടെ പ്രവൃത്തികളെല്ലാം അവിടെ പ്രസിദ്ധവുമാണു്. ഇക്കൊല്ലം ശീതകാലത്തു് ഒലാവുരാജാവു ഹെഡ്ലാൻഡിൽ ഉണ്ടാകാതിരിക്കുന്നപക്ഷം നമുക്കു സംഗതി പറഞ്ഞുകൂടാം."

അനന്തരം വിഗ്ഡിസ് പറഞ്ഞു: "ഉണ്ടാകുന്നതാണു് ഏറ്റവും നല്ലതു്. എനിക്കു ശരിയായ കാരണമുണ്ടു് അദ്ദേഹത്തിന്റെ കരുണയ്ക്കുവേണ്ടി അഭ്യർത്ഥിക്കാൻ. പിന്നൊരു സംഗതി ഞാൻ കേട്ടിട്ടുണ്ടു്. പുതിയ മതം പ്രസംഗിക്കുന്ന ആളാണത്രേ, അദ്ദേഹം. ക്രിസ്തുമതം സ്വീകരിക്കുന്നവരോടും അദ്ദേഹത്തിനു വലിയ ഇഷ്ടമാണെന്നു കേൾക്കുന്നു. പക്ഷേ എന്റെ വീട്ടിൽ "തോറി"ന്റെ ക്ഷേത്രത്തിൽ ബലികഴിക്കുന്നതിലും ദേവന്മാരെ പൂ

Digitized By Kerala Sahitya Akademi

ജിക്കുനാതിലും അടിയുറച്ചുനില്ക്കുന്ന പലരുമുണ്ട്. എന്റെ അഭിപ്രായമിതാണു്: ഞാൻ ഒലാവുരാജാവിന്റെ അംടുത്തു പോകാം. നിങ്ങളിലാക്കും എന്നോടൊന്നിച്ചു പോരാൻ ധൈര്യമില്ലെങ്കിൽ, ആരെങ്കിലുമൊരാൾ എനിക്കു കാട്ടിൽ കൂടി വഴികാണിച്ചുതന്നാൽ ധാരാളം മതിയാകും. അങ്ങനെയായാൽ നമ്മുടെ നില വളരെ ഭേദപ്പെട്ടുമെന്നു് എനിക്കു തോന്നുന്നു. എന്റേറയും നിങ്ങളുടേയും സ്ഥിതി ഒരേ രീതിയിലായിരിക്കുമെന്നു ഞാൻ നിങ്ങൾക്കു വാക്കു തരാം.”

തന്റെ ഉപായത്തെക്കുറിച്ചു് ആ കൊള്ളക്കാരുമായി വിഗ്ഡിസ് ഏറെനേരം സംസാരിക്കുകയുണ്ടായി. അവരിൽ ഏറ്റവും ഇളയ ആളായ ഏയ്നാർ ഫാഡലീൻ ഡിൻഗിനു് അയാളുടെ അച്ഛന്റെ വസ്തുവകകളെല്ലാം തിരിച്ചുകിട്ടണമെന്ന മോഹം കലശലായുണ്ടായിരുന്നു. ഈ പരുപരുത്ത ജീവിതം ഏറെനാളായി തനിക്കു മടുത്തിരിക്കയാണെന്നു ഹെർമോഡ് പ്രസ്താവിച്ചു. ഒരു കപ്പൽ സമ്പാദിച്ചു നാടുവിടണമെന്നായിരുന്നു അയാൾക്കാഗ്രഹം. കീഴടങ്ങുനാതിൽ ഏറ്റവും സന്നദ്ധതയില്ലായ്മ ഇല്ലുജിനായിരുന്നു. അയാൾ വിഗ്ഡിസ്സുമായി തനിച്ചിരുന്നു സംസാരിക്കുമ്പോൾ, അവൾ തന്റെ ഭാര്യയായിരിക്കേണമെന്നു് അയാൾ കൂടെക്കൂടെ പറയാറുണ്ടു്. വാഡിൻ തിരിച്ചുകിട്ടിയതിനുമേൽ അതിനെക്കുറിച്ചു സംസാരിക്കാമെന്നായിരുന്നു എപ്പോഴുമുള്ള അവളുടെ മറുപടി. ഒടുവിൽ ഹേഡ്ലാൻഡിൽ രാജാവിന്റെ അടുത്തേയ്ക്കു് അവളുടെ കൂടെ പോരാമെന്നു് ഇല്ലുജ് സമ്മതിച്ചു.

Digitized By Kerala Sahitya Akademi

ഇരുപത്തിയഞ്ച്

കരുത്തോലപ്പെരുനാൾദിവസമാണ് വിഗ്ഡിസ്സും ഇല്ല്യൂജും രാജമന്ദിരത്തിൽ ചെന്നുചേർന്നത്. അദ്ദേഹത്തിനും അദ്ദേഹത്തിന്റെ അംഗരക്ഷകനും അതുസംബന്ധിച്ചുള്ള നൊയന്പായിരുന്നു. അടുത്തുള്ള ഒരു കെട്ടിടത്തിൽ അവർക്കു താമസിക്കുവാൻ സൌകര്യം കിട്ടി.

പ്രാതരനുഷ്ഠാനങ്ങളെല്ലാം കഴിഞ്ഞതിന്റെശേഷം അവർ രാജാവിന്റെ വസതിയിലേയ്ക്കു പോയി. കലാവ് രാജാവ് വിഗ്ഡിസ്സിനെ തന്റെ മുന്പിൽ കൊണ്ടുവരുവാനായി കല്പന കൊടുത്തു. അവൾ ശ്രമിയായി വസ്ത്രധാരണം ചെയ്തിരുന്നു. വിനയസന്പൂർണ്ണവും ഹൃദയാകർഷകവുമായ രീതിയിൽ അവൾ തന്റെ സങ്കടം ബോധിപ്പിച്ചു. അവൾ സംസാരിച്ചുകൊണ്ടിരിക്കുന്പോൾ രാജാവ് അവളുടെമേൽ ദൃഷ്ടിപതിപ്പിച്ചു. അവൾ പറഞ്ഞുതീർന്പോൾ രാജാവ് അരുളിച്ചെയ്തു:

"നീ വളരെ ക്ലേശങ്ങൾ അനുഭവിച്ചിരിക്കുന്നു, വിഗ്ഡിസ്—ഈ സംഗതികളെല്ലാം നീ പറയുന്നതുപോലെതന്നെയാണെങ്കിൽ! ഞാൻ ആർനേയുടെ മക്കളെക്കുറിച്ച് അവർ ഉപദ്രവികളാണെന്നു മുന്പുതന്നെ കേട്ടിട്ടുണ്ട്. പക്ഷേ, ആരാണ് നിന്റെ കൂടെയുള്ള ആൾ?"

ഇല്ല്യൂജ് മുന്നോട്ടു കയറിനിന്നു പറഞ്ഞു: "നല്ലവനായ ഇല്ല്യൂജ് എന്നാണ് എന്നെ വിളിക്കുന്നത്, തന്പുരാനേ! കഴിഞ്ഞ യുദ്ധാനന്തരം കൊല്ലങ്ങളായി ഞാൻ ഇവിടെനിന്നു തെക്കുഭാഗത്തുള്ള കാട്ടിലാണ് താമസം."

Digitized By Kerala Sahitya Akademi

ഇതുകേട്ട രാജാവു മുഖത്തൊരു നീരസത്തോടെ പ്രസ്താവിച്ചു: "നിന്റെ പേരു ഞാൻ മുമ്പുതന്നെ കേട്ടിട്ടുണ്ടു്; അങ്ങനെയല്ലാതിരിക്കുന്നതായിരുന്നു ഭേദം. നിന്റെ കായ്മത്തെക്കുറിച്ചാണെങ്കിൽ, വിഗ്ഡിസ്സേ, നിയമഭ്രഷ്ടരായ കൊള്ളക്കാരും കുത്തിക്കവച്ചുക്കാരുമല്ലാതെ മറുവല്ലവരുമായിരുന്ന നിനക്കുവേണ്ടി സംസാരിക്കാൻ നീ കൊണ്ടുവരേണ്ടിയിരുന്നതു്!"

"എന്റെ പൊന്നുതമ്പുരാനേ, സംഗതി ഇപ്രകാരമാണു്" വിഗ്ഡിസ് പറഞ്ഞു: "ഒരു കൊടിച്ചിപ്പട്ടിയെപ്പോലെ വീട്ടിൽനിന്നും കാടിക്കപ്പെട്ട ഞാൻ കാട്ടിൽ അലഞ്ഞുതിരിയുന്ന അവസരത്തിൽ എന്നെ സഹായിച്ചതും എന്റേറയും എന്റെ കുഞ്ഞിന്റേറയും ജീവനെ രക്ഷിച്ചതും ഈ മനുഷ്യനാണു്. നിയമഭ്രഷ്ടനാണെങ്കിലും, തനിക്കു ജീവാപായംതന്നെ നേരിട്ടേയ്ക്കാമെങ്കിലും, എന്റെ അപേക്ഷയനുസരിച്ചു് ഈ നില്ക്കുന്ന ഇല്ല്യൂജാണു് എനിക്കു വഴികാണിച്ചതന്നു് എന്നെ അവിടുത്തെ തിരുമുമ്പിൽ കൊണ്ടുവന്നാക്കിയതു്. അതുകൊണ്ടു് അവിടുത്തെ തിരുനാവിൽനിന്നു് ഒരു വാഗ്ദാനം കിട്ടാതെ, ഞാൻ അവിടുത്തെ സഹായം സ്വീകരിക്കുന്നതു് ഒരിക്കലും ഉചിതമല്ല. എന്റെ അപേക്ഷ ഇതാണു്, തിരുമനസ്സുമായി ഈ മനുഷ്യൻ പൊരുത്തപ്പെടുന്ന കായ്മത്തിൽ തിരുമേനിക്കു വിരോധമാണെങ്കിൽ, അവിടുത്തെ ഒരു വാഗ്ദാനത്തിനു ശേഷമല്ലാതെ, എന്തെങ്കിലും സഹായം ഞാൻ തിരുമനസ്സിൽനിന്നു സ്വീകരിക്കുന്നതു് ഒരിക്കലും ഉചിതമായിരിക്കയില്ല. കാട്ടിലുള്ള തന്റെ വസതിയിൽ യാതൊരുപദ്രവവും കൂടാതെ

Digitized By Kerala Sahitya Akademi

അദ്ദേഹത്തിനു ചെന്നെത്താൻ സാധിക്കുന്നവിധം തിരു മനസ്സുകൊണ്ടു് അദ്ദേഹത്തിന്റെ രക്ഷാഭാരം കൈയ്യേറു കൊള്ളാമെന്നുള്ള അവിടുത്തെ വാഗ്ദാനമാണു് ഞാൻ തി രുമനസ്സിനോടു യാചിക്കുന്നതു്.

ഈസ്റ്റർ ആഘോഷം കഴിയുന്നതുവരെ ഇല്ല്യൂജിനു സ്വാതന്ത്ര്യം കൊടുക്കാമെന്നും, അതിനുശേഷം ഇക്കാര്യ ങ്ങളെക്കുറിച്ചു വീണ്ടും ആലോചന നടത്താമെന്നും രാജാ വു് അരുളിച്ചെയ്തു.

എല്ലാ കാര്യങ്ങളും ഒരു തീരുമാനത്തിൽ എത്തിച്ചേ രുന്നതുവരെ അവർ തന്റെ അതിഥികളായിരിക്കുവാൻ അദ്ദേഹം പറഞ്ഞു. അതിനുശേഷം പല ദിവസങ്ങളിലും അദ്ദേഹം വിഗ്ഡിസ്സുമായി സംഭാഷണം നടത്തി. എ യോഥംവ് ആർനേസണെ താൻ കൊന്നതും അവളുടെ മ റ്റൊരാ പ്രവൃത്തികളും—എല്ലാം, അവളുടെ കഥ മുഴുവ നും—അവർക്കു രാജാവിനെ പറഞ്ഞു കേൾപ്പിക്കേണ്ടി വന്നു.

ഈസ്റ്ററിന്റെ തലേന്നാൾ വൈകുന്നേരം അദ്ദേഹം അവർക്കാളയച്ചു. ഹാളിൽ അദ്ദേഹം തനിച്ചേ ഉണ്ടാ യിരുന്നുള്ളു. തന്റെ അടുത്തുകിടന്ന ബെഞ്ചിൽ ഇരിക്കു വാനായി അദ്ദേഹം അവളോടു പറഞ്ഞു. സായാഹ്നം വള രെ അതിക്രമിച്ചിരുന്നു. അദ്ദേഹം ഇല്ല്യൂജിനെക്കുറിച്ചു് കാരോന്നവളോടു തിരക്കി. അവളുടെ കുട്ടിയുടെ പിതാ വു് ഇല്ല്യൂജ് ആണോ എന്നദ്ദേഹം അവളോടു ചോദിച്ചു. അല്ലെന്നും, താനും ഇല്ല്യൂജും തമ്മിൽ ആ വഴിക്കു യാ തൊരു ബന്ധവുമില്ലെന്നും അവൾ സമാധാനം പറഞ്ഞു.

Digitized By Kerala Sahitya Akademi

കലാവ്‌രാജാവു് അനന്തരം ആ കുഞ്ഞു് ആരുടേതാണെന്നും, അവഠം എവിടെയാണെന്നും, എന്തുകൊണ്ടാണവഠം വിവാഹം കഴിക്കാഞ്ഞതെന്നും അവളോടന്വേഷിച്ചു.

"ആ മനുഷ്യനെക്കുറിച്ചു് ഒന്നുംതന്നെ എനിക്കറിയില്ലാ തിരുമേനീ," വിഗ്ഡിസ് പറഞ്ഞു: "ഈ രാജ്യത്തുകാരനായിരുന്നില്ല അയാഠം. എനിക്കു ചെറുപ്പമായിരുന്നു. ഞാൻ മഠയത്തിയായിരുന്നു. അതുകൊണ്ടു് എന്റെ ചാരിത്രനാശം വരുത്തുവാൻ ഞാൻ അയാഠംക്കിടകൊടുത്തു. പക്ഷേ ആ മനുഷ്യനെക്കുറിച്ചു സംസാരിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ടു് ഞാൻ അങ്ങയുടെ കാലുപിടിച്ചപേക്ഷിക്കുന്നു, ഇതിനെക്കുറിച്ചു് ഒന്നുംതന്നെ അവിടുന്നിനി എന്നോടു ചോദിക്കരുതു്."

രാജാവു തന്റെ കൈ അവളുടെ കഴുത്തിൽ ചുറ്റിയിട്ടു പറഞ്ഞു:

"എന്നെന്നാഠം ഇനി നീ വിധവയായി ജീവിക്കുമെന്നു തോന്നുന്നില്ല, വിഗ്ഡിസ്, നീ അത്രമാത്രം സുന്ദരിയും ബുദ്ധിശാലിനിയുമാണു്."

വിഗ്ഡിസ് എഴുനേൽക്കാൻ ഉദ്യമിച്ചു. പക്ഷേ കലാവ്‌രാജാവ് അവളെ പിടിച്ചു മടിയിലിരുത്തി. അപ്പോഠം അവഠം പറഞ്ഞു:

"വീണ്ടും സ്നേഹിക്കുവാൻ ഞാൻ ആഗ്രഹിക്കത്തക്കനിലയിലുള്ള ഒന്നല്ല എന്റെ ജീവിതം. ഞാനിപ്പോഠം

Digitized By Kerala Sahitya Akademi

അങ്ങയോട്ട് അപേക്ഷിക്കുന്നു, നേരം അതിക്രമിച്ചു, ഞാൻ പോട്ടെ!"

കലാവ് രാജാവു പൊട്ടിച്ചിരിച്ചു് അവളെ ചുംബിച്ചു കൊണ്ടു പറഞ്ഞു:

"നീ എന്റെകൂടെ ഇവിടെ നിൽക്കാനാണു് എനിക്കിഷ്ടം. നാം ഇരുവരും തമ്മിൽത്തമ്മിൽ വളരെ യോജിച്ചവരാണെന്നു നിനക്കു തോന്നുന്നില്ലേ, വിഗ്ഡിസ്സേ?— നീയും ഞാനും? എന്റെ രഹസ്യക്കാരിയായിരിക്കുന്നതിൽ നിനക്കു കുറുനാണക്കേടും വരാനുമില്ല. നിന്റെ സ്നേഹത്തിനു ഞാൻ നിനക്കു നല്ല പ്രതിഫലം തരാം."

"പൊന്നു തിരുമേനി, ഇതുചിടത്തേയ്ക്കു ചേർന്നതല്ല," വിഗ്ഡിസ് പ്രതിവചിച്ചു. "അങ്ങയ്ക്കു വേണമെന്നു തോന്നുന്ന ഏതു യുവതിയേയും അങ്ങയ്ക്കു കിട്ടും. മറ്റൊരാൾ മുൻപു സമ്മാനിച്ച കോപ്പയിൽനിന്നും പാനം ചെയ്യേണ്ട ആവശ്യം അങ്ങയ്ക്കില്ല."

രാജാവു് കൂടുതൽ ചിരിയോടുകൂടി വീണ്ടും അവളെ ചുംബിച്ചിട്ടു പറഞ്ഞു:

"നിന്റെ ചുണ്ടുകളുടെ മാധുര്യം മറ്റാർക്കും കിട്ടുകയില്ല, വിഗ്ഡിസ്."

അദ്ദേഹം വീണ്ടും അവളെ പൊക്കിയെടുത്തു ബെഞ്ചിന്മേൽ കിടത്തിയിട്ടു് അവളുമായി കാരോ ശൃംഗാരലീലയ്ക്കു തുനിഞ്ഞു.

വിഗ്ഡിസ് അവളുടെ കൈത്തലം അദ്ദേഹത്തിന്റെ മാറത്തമർത്തിപ്പിടിച്ചുകൊണ്ടു പറഞ്ഞു:

Digitized By Kerala Sahitya Akademi

"ഞാൻ എന്റെ പാട്ടിനു പോകുവാൻ അങ്ങനെ അനുവദിക്കുന്നപക്ഷം അങ്ങയ്ക്കുണ്ടാകാവുന്ന ക്ലേശത്തേക്കാൾ എത്രയോ ഉൽക്കടമായ ക്ലേശങ്ങൾ അങ്ങു വിശ്വസിക്കുന്ന ആ പുണ്യവാളൻ അങ്ങയ്ക്കുവേണ്ടി അനുഭവിക്കുകയുണ്ടായി."

കലാവ് രാജാവു് അവളെ വിട്ടു. കുറെ നിമിഷം കഴിഞ്ഞു് അദ്ദേഹം എഴുനേറ്റു് അവിടെക്കു പോകണമെന്നുണ്ടെങ്കിൽ പോകാമെന്നു് അരുളിച്ചെയ്തു. വിഗ്ഡിസ് അവളുടെ പാദങ്ങൾ തറയിലേയ്ക്കിട്ടു. കലാവിനോടൊന്നിച്ചു് അവിടെ തങ്ങിനിൽക്കാൻ മുമ്പിലത്തേതിലും അതൃപ്തി ഇപ്പോൾ അവിടെക്കുണ്ടായില്ല. പക്ഷേ രാജാവാകട്ടെ ആ ബെഞ്ചിന്റെ തലയ്ക്കൽ അവളോടു് ഒന്നും മിണ്ടാതെ ഇരുന്നതേയുള്ളൂ. അതുകൊണ്ടു കുറച്ചു കഴിഞ്ഞു് അവൾ എഴുനേറ്റു വാതിൽക്കൽ സ്ത്രീകൾക്കായിട്ടുള്ള ഭവനത്തിലേയ്ക്കു പോയി.

പ്രസാദപ്പെട്ട ആ രണ്ടു പുണ്യദിനങ്ങൾ സമാഗതമായി. അന്നൊന്നും രാജാവു് വിഗ്ഡിസ്സിനോടു സംസാരിച്ചില്ല. മൂന്നാം ദിവസം അദ്ദേഹം അവിടെക്കാളയച്ചു. അദ്ദേഹത്തിന്റെ അനേകം അനുയായികൾ ആ അവസരത്തിൽ അദ്ദേഹത്തോടൊന്നിച്ചുണ്ടായിരുന്നു.

ഗ്രെഫ്സിനിലേയ്ക്കു് അവളോടൊന്നിച്ചു് ആളുകളെ അയച്ചു തരാമെന്നും ഏതു തരത്തിലും അവളെ ന്യായീകരിക്കത്തക്ക രീതിയിൽ അവിടെക്കു വേണ്ട സർവ്വസഹായങ്ങളും ചെയ്തുതരാമെന്നും അദ്ദേഹം അവളോടു പറഞ്ഞു. ഇ

Digitized By Kerala Sahitya Akademi

ല്ല്യൂജിനും അയാളുടെ അനുചരന്മാർക്കും, സന്ധി ചെയ്ത സമാധാനത്തോടെ ജീവിക്കുവാൻ വേണ്ട സഹായങ്ങളും താൻ ചെയ്തുകൊള്ളാമെന്ന് അദ്ദേഹം പ്രസ്താവിച്ചു. പക്ഷേ അതിനുശേഷം വിഗ്ഡിസ്സിനെ കുറച്ചകലെ ഒരു വശത്തേയ്ക്കു വിളിച്ചു്, അവളുടെ മുഖത്തു ദൃഷ്ടിയുറപ്പിച്ചു കൊണ്ടു് അദ്ദേഹം മോഴിച്ചു.

"എന്നോടു സത്യം പറയണം, വിഗ്ഡിസ്സ്! നിനക്കു നിന്റെ വസ്തുവകകളെല്ലാം തിരിച്ചു കിട്ടുമ്പോൾ നീ ഇല്ല്യൂജിനെ വിവാഹം കഴിക്കുമോ?"

വിഗ്ഡിസ് തലയുയർത്തി. അവൾ പ്രതിവചിച്ചു: "തിരുമേനീ, വളരെവളരെ തരംതാഴ്ന്ന ഒരു നിലയിലാണു് അവിടുന്നു് എന്നെക്കുറിച്ചു വിചാരിക്കുന്നതു്. എന്നെ അങ്ങു വിശ്വസിക്കുകയാണെങ്കിൽ ഒന്നു ഞാൻ പറയാം—സിംഹത്തേക്കാൾ പെന്നായയുമായി കളിക്കുവാനാണു് എനിക്കു താല്പര്യം. പക്ഷേ, ഇപ്പോൾ, തിരുമേനിയെന്നോടു് അത്രമാത്രം അലിവു കാണിക്കുകയും നാടുവാഴികളിൽ അങ്ങയെപ്പോലെ ആരുംതന്നെ ഇല്ലെന്നു് എനിക്കു ബോദ്ധ്യപ്പെടുകയും ചെയ്തിരിക്കുന്ന സ്ഥിതിക്കു് എനിക്കു് അവിടുത്തോടു മറ്റൊരനുഗ്രഹം അർത്ഥിക്കുവാനുണ്ടു്: ഒരു പുരോഹിതൻ എന്നോടൊന്നിച്ചു വാഡിനിലേയ്ക്കു പോരുവാനും, അങ്ങയുടെ മതവിധിയനുസരിച്ചു് എനിക്കുവേണ്ട ഉപദേശങ്ങൾ തന്നു് എന്നെ 'ജ്ഞാനസ്നാനം' ചെയ്യിക്കുവാനും അനുമതി നൽകാൻ അവിടുത്തേയ്ക്കു ദയവുണ്ടാകണം. എന്തുകൊണ്ടെന്നാൽ, ഒരു സംഗതി ദൃഢമായി എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു: എന്റെ പിതാവിനു് അ

Digitized By Kerala Sahitya Akademi

ദ്ദേഹത്തിന്റെ വിശ്വാസം മുഴുവൻ അദ്ദേഹത്തിന്റെ സ്വന്തം മെയ്ക്കരുത്തിലായിരുന്നു; ഒരു കാലത്തു് എനിക്കും അതേ വിശ്വാസംതന്നെയാണുണ്ടായിരുന്നതു്. പക്ഷേ, തിരുമേനിയുടെ വിശ്വാസമാണു് ഏറ്റവും ഉത്തമമെന്നു് എനിക്കിപ്പോൾ ബോദ്ധ്യമായി."

ഒളാവ് രാജാവിനു് ഇതു കേട്ടു വലിയ സന്തോഷം തോന്നി. അദ്ദേഹത്തിന്റെ ഹൃദയം കൃപാർദ്രമായി. ഇല്ലുജ്, എയ്നാർ ഹാഡലിൻഡിംഗ് എന്നിവരും ജ്ഞാനസ്നാനകർമ്മം അനുഷ്ഠിച്ചു, അവരുടെ കായ്ങ്ങളെല്ലാം തീരുമാനിക്കപ്പെട്ടതിന്റെ ശേഷം രാജാവിനോടൊന്നിച്ചു തന്നെ താമസമാക്കി. ഹെർമോഡ് ഒരു കപ്പൽ വിലയ്ക്കു വാങ്ങി നാട്ടിലിട്ടു.

രാജാവു തന്റെ ഏതാനും അനുയായികളേയും അവരോടൊപ്പം ഒരു പുരോഹിതനേയും വിഗ്ഡിസ്സിന്റെ കൂടെ തെക്കോട്ടു വിട്ടു. അവർ ഗ്രെഫ്സിനിലേയ്ക്കു പോയി. കാറെ അവരെ യഥോചിതം സ്വീകരിച്ചു. വാഡിൻ തീവെച്ചെരിക്കപ്പെട്ട രാത്രിയിൽ അവരെല്ലാവരും—ഗ്രെഫ്സിനിൽ ഉള്ളവരെല്ലാവരും—ഒരു വിരുന്നിനു പോയിരിക്കയായിരുന്നു എന്നും അവിടെക്കിടപ്പാടം കേടുകൂടാനിടയായി. തീ കണ്ട ഉടൻതന്നെ കാറെ ആളുകളെ ശേഖരിച്ചു കോടം ആർനേസണെ അന്വേഷിച്ചു പുറപ്പെടുകയും, അവർതമ്മിൽ കണ്ടുമുട്ടിയതോടെ കാറെ കോളിന്റെ കഥ കഴിക്കുകയും ചെയ്തുവത്രേ. അതു കഴിഞ്ഞു് അവർ അവിടെയെല്ലാം ഏറേനേരം വിഗ്ഡിസ്സിനെ തിരഞ്ഞുനടന്നു; പക്ഷേ അവക്കു് ഒരു തുമ്പും കിട്ടിയില്ല അനന്തരം, അവിടം മരിച്ചുപോയി എന്നവർ വിചാരിച്ചു

Digitized By Kerala Sahitya Akademi

അതു സംബന്ധിച്ചുള്ള വിചാരണ കോടതിയിൽ നടക്കുകയുണ്ടായി. ആർനേയുടെ പുത്രന്മാക്ക് ഒരു 'നഷ്ട പരിഹാര'വും ലഭിക്കുകയുണ്ടായില്ല. പക്ഷേ അവരെ പ്രതിനിധീകരിച്ചിരുന്നവക്ക്, ഈശായെ കൊന്നതിനും വാഡിനിലുള്ള വീടുകഠം, കന്നുകാലികഠം മുതലായവയെ നശിപ്പിച്ചു കളഞ്ഞതിനും പരിഹാരമായി വമ്പിച്ച ഒരു പിഴ കൊടുക്കേണ്ടതായി വന്നുകൂടി.

വേനൽക്കാലത്തു വിഗ്ഡിസ് വീടുകഠം രണ്ടാമതു പണികഴിപ്പിച്ചു. നാലുനാഠം അവഠം വലിയ അഭിവൃദ്ധിയുണ്ടായി. അവളുടെ ധൈര്യം, ഗൃഹഭരണജ്ഞാനം, എന്നിവയെക്കുറിച്ച് എവക്കും വലിയ മതിപ്പായിരുന്നു. അവഠം തന്റെ പുത്രനെ 'ജ്ഞാനസ്നാനം' ചെയ്യുകയും അവനു് *'ഉഠവാർ' എന്ന പേരിടുകയും ചെയ്തു; എന്തുകൊണ്ടെന്നാൽ, 'ചെന്നായ്ക്കുട്ടി'ൽക്കൂടിയാണു് ആ രാത്രി അവഠം അവനെ വഹിച്ചുകൊണ്ടുപോയതു്. അതിനുശേഷം തെക്കുമാറി 'ഫ്രൈസ്ജാ' നദിയുടെ തീരത്തുള്ള കുന്നിൽ നല്ലമരംകൊണ്ടു് ഒരു പള്ളിപണിയുവാനുള്ള ഏർപ്പാടുകളെല്ലാം അവഠം ചെയ്തു.

ഓസ്ലോ രാജ്യത്തിലുള്ള ആളുകഠം പുതിയമതം സ്വീകരിച്ചു. തന്റെ വസ്തുവകകഠം നോക്കിയെടുക്കേണ്ട കായ്ത്തിൽ വളരെയധികം വ്യാപൃതയാകേണ്ടിവന്നതിനാൽ ആ മതത്തിൽ വലിയ കൂറുകാണിക്കാൻ കഴിഞ്ഞില്ലെങ്കിലും ജ്ഞാനസ്നാനകർമ്മത്തിൽ വളരെ ദൃഢവ്രതമുള്ളവളായിരുന്നു വിഗ്ഡിസ്.

---

* ഉഠവ് (Ulv—Wolf)—ചെന്നായ്.

Digitized By Kerala Sahitya Akademi

അനവധി വർഷങ്ങൾ അങ്ങനെ കടന്നുപോവുകയും നാട്ടിൽ എല്ലാം ശാന്തമാവുകയും ചെയ്തു.

പക്ഷേ ഇനിയിപ്പോൾ നമ്മുടെ കഥയ്ക്കു യോട്ടിന്റെ അടുത്തേയ്ക്കു മടങ്ങിപ്പോകേണ്ടിയിരിക്കുന്നു.

ഇരുപത്തിയാറു്

ഐറേയിലെ ടോർബ്ജോൺ ഹാലെഗ്ഗിന്റെ പേർ മുൻപുതന്നെ പ്രസ്താവിച്ചിട്ടുണ്ടു്. യോട്ടു് ഗിസ്സുഴ്സണെ പോററിവളർത്തിയതു് അയാളാണു്. സൽപ്പുരുഷനാദരിച്ച സജ്ജനനായ ഒരു പ്രമാണിയായിരുന്നു അയാൾ. ടോർബ്ജോണിനു തന്റെ ഭാര്യയിൽ അനേകം പുത്രന്മാരുണ്ടായിരുന്നു; എന്നാൽ ഈ കഥയുമായി അവർക്കു ബന്ധമൊന്നുമില്ല. എല്ലാവരിലും മൂത്ത ആളുടെ പേർ ലൈട്ടിംഗ് എന്നായിരുന്നു; അയാൾ പരലോകപ്രാപ്തനായി. 'ഗ്രഡ്റൺ' എന്നായിരുന്നു അയാളുടെ വിധവയുടെ പേർ. കിഴക്കൻ സമുദ്രതീരപ്രദേശങ്ങളിലെ സ്ലയ്മൻ എന്ന അഭിജ്ഞയാലാണു് അവൾ അറിയപ്പെട്ടിരുന്നതു്; എന്തുകൊണ്ടെന്നാൽ, ഐസ്ലാൻഡിലെ ഏറ്റവും സുന്ദരികളായ സ്ത്രീകളിൽ ഒരുവൾ എന്ന മതിപ്പിനു് അവൾ പാത്രമായി. വലിയ ധനവതിയും, ബുദ്ധിശാലിനിയും, കായ്പ്രാപ്തിയുള്ളവളും, തന്റെ സുഹൃത്തുക്കളോടു് സ്നേഹവും കൂറും ഉള്ളവളും, വീട്ടിലുള്ള വേലക്കാരോടു കനിവുള്ളവളും ആയിരുന്ന ആ സ്ത്രീ; പക്ഷേ, അവൾ മുൻകോപമുള്ളവളും, തന്നിഷ്ടക്കാരിയും, സാമാന്യത്തിലധികം ഗർവ്വിഷ്ഠയുമായിരുന്നു. ലൈട്ടിംഗിനും ഗ്രഡ്രണും ഒരൊറ്റ

Digitized By Kerala Sahitya Akademi

കുഞ്ഞേ ഉണ്ടായിരുന്നുള്ളൂ—ഒരു മകൾ. ലീകുനി എന്നായിരുന്നു അവളുടെ പേർ. മാതാവിന്റെ പ്രതിരൂപമായിരുന്നെങ്കിലും അവളുടെ സ്വഭാവത്തിലെ സത്തായ അംശങ്ങൾ മാത്രം കുത്തിനിറച്ചിട്ടുള്ളവളാണ് ആ പെൺകിടാവെന്നു ജനങ്ങൾ കീർത്തിച്ചിരുന്നു. അവളെ എല്ലാവരും ഇഷ്ടപ്പെട്ടു.

അവളുടെ പിതാവ് അവർക്കൊരു വാക്കു കൊടുത്തിട്ടുണ്ടായിരുന്നു—അവളുടെ സ്വന്തം മനസ്സൊട്ടുകൂടിയില്ലാതെ ആർക്കുംതന്നെ അവളെ വിവാഹം കഴിച്ചുകൊടുക്കുകയില്ലെന്ന്. പലരും അവളുടെ ഭർത്തൃപദാർത്ഥികളായി വരികയുണ്ടായി; പക്ഷേ, എല്ലാവരും നിരാശരായി മടങ്ങുകയാണുണ്ടായത്.

വിഗ്ഡിസ്സുമായി പറഞ്ഞു പിരിഞ്ഞതിന്റെ ശേഷം അക്കൊല്ലം ഇല പൊഴിയുന്ന കാലത്തു യോട്ട് ഐസ്‌ലാൻഡിൽ വന്നുചേർന്നു. വെറർലൈഡ് ഗ്രുഡ്രുണെ വിവാഹം കഴിക്കാൻ ആലോചനയുണ്ടെന്നും, മദ്ധ്യശീതകാലം കഴിഞ്ഞു് ആറുമാസത്തിനുശേഷം അവരുടെ വിവാഹം നടക്കാൻപോകുന്നുവെന്നുമാണ് അയാൾ ആദ്യം കേട്ട നാട്ടുവാർത്ത. അയാൾ ആരേയും കാണാതെ നേരേ സ്കാമെഡാലിലുള്ള അയാളുടെ വീട്ടിലേയ്ക്കു പോയി. തന്റെ ചാച്ചക്കാരന്റെ വിവാഹത്തിനു് അയാൾ വരികയുണ്ടായില്ല. അതിൽ പലർക്കും അത്ഭുതം തോന്നി.

ഗ്രീഷ്മകാലത്തു് ആളുകളെല്ലാം ആൽത്തിംഗിലേയ്ക്കു പോയിട്ടും അയാൾ വീട്ടിൽത്തന്നെ താമസിച്ചു. വെറർലൈഡും ഗ്രുഡ്രുനും കച്ചേരിയിൽ പോയിട്ടുണ്ടായിരുന്നു;

Digitized By Kerala Sahitya Akademi

മടക്കത്തിൽ അവർ സ്കാമെഡാലിൽക്കൂടിയാണ് പോ
നാതു്. തങ്ങളുടെ വിവാഹത്തിനു വരാഞ്ഞതിൽ അവർ
ആയാളോടു ലേശംപോലും കോപം ഭാവിച്ചില്ല. തങ്ങ
ളോടൊന്നിച്ചു ഹോൾട്ടാറിലേയ്ക്കു പോരണമെന്നു് അയാ
ളെ അവർ വളരെയധികം നിർബ്ബന്ധിച്ചു. ഏറെനേരം
അയാൾ ഒഴിഞ്ഞുമാറിനോക്കി. പക്ഷേ, കടുവിൽ അവ
രൊന്നിച്ചു പോകേണ്ടതായിത്തന്നെ വന്നുകൂടി.

വെറർലൈഡ് കെങ്കേമമായ ഒരു സദ്യ നടത്തി.
അനേകം ജനങ്ങൾ അതിൽ പങ്കുകൊണ്ടു. രുചികരവും
വിഭവസമൃദ്ധവുമായിരുന്നു സദ്യ. എല്ലാം ഭംഗിയായിക്ക
ഴിഞ്ഞുകൂടി. പക്ഷേ, യോട്ട് ദുഃഖിതനും പ്രസാദശൂന്യനു
മായിട്ടാണപ്പെട്ടതെന്നു പലരും പറയുകയുണ്ടായി. കു
റച്ചേ അയാൾ സംസാരിച്ചുള്ളൂ. വിനോദരംഗങ്ങളിലൊ
ന്നുംതന്നെ അയാൾ പങ്കുകൊണ്ടില്ല.

സദ്യ നടന്നതിന്റെ ആദ്യത്തെ ദിവസം വിചിത്ര
രീതിയിലുള്ള തുന്നൽപ്പണികളോടുകൂടിയ അതിമനോഹ
രമായ ഒരു വസ്ത്രമാണ് വെറർലൈഡ് ധരിച്ചിരുന്നതു്;
അതു വിഗ്ഡിസ് അയാൾക്കു സമ്മാനം കൊടുത്ത ഒരു
വസ്ത്രമായിരുന്നു. യോട്ട് ഏറെനേരം ആ വസ്ത്രത്തെത്ത
ന്നെ നോക്കിക്കൊണ്ടിരുന്നു. പകൽ കുറച്ചു വൈകിയതി
ന്റെ ശേഷം വെറർലൈഡ് അതു് ഒരു ബഞ്ചിന്മേൽ
അഴിച്ചിട്ടു. യോട്ട് അതിനുസമീപം ചെന്നു ഇരിപ്പുറപ്പി
ച്ചു. അയാൾ അതെടുത്തു തന്റെ കാൽമുട്ടുകൾക്കു മീതേ
നിവർത്തിയിട്ടു. വെറർലൈഡ് തിരിച്ചുവന്നപ്പോൾ
യോട്ട് പറഞ്ഞു:

Digitized By Kerala Sahitya Akademi

"ഞാനുമായി കരുതിക്കൂട്ടി ഒരു കൈമാറ്റം നടത്തിയാൽ കൊള്ളാം, ബന്ധുക്കാരാ! ഈ വസ്തുവും എനിക്കു തന്നോക്കൂ. അതിന് എന്തു കിട്ടണമെന്നു പറഞ്ഞാൽ മതി."

"ഒരു പാരിതോഷികമെന്ന നിലയിൽ എന്റെ കൈയിൽവന്ന ഒരു സാധനം ഞാൻ വിൽക്കില്ല," വെറർവൈലഡ് പ്രതിവചിച്ചു.

"എന്നാൽ എനിക്കതു വെറുതേ തരൂ," യോട്ട് പറഞ്ഞു: "ഞാൻ ഇതിനു മുൻപൊരിക്കലും നിങ്ങളോട് ഒന്നുംതന്നെ ചോദിച്ചിട്ടില്ല."

ആദ്യം വെറർവൈലഡ് ഒന്നും സമാധാനം പറഞ്ഞില്ല. അപ്പോഴേയ്ക്കും ഗ്രുഡ്രുൺ അവിടെ വന്നെത്തി. അവരുടെ സംസാരം എന്തോ അല്പം അവൾ കേട്ടിരുന്നു. അവൾ പറഞ്ഞു:

"നിങ്ങളുടെ ബന്ധുക്കാരൻ ചോദിക്കുന്നതു കൊടുക്കാതിരിക്കുന്നതു പോരായ്മയാണ്. നാം നമ്മുടെ അതിഥികളെ ബഹുമാനിക്കണം. എത്ര കായ്മയിട്ടാണ് ഞങ്ങൾ നിങ്ങളെ കണക്കാക്കിയിരിക്കുന്നതെന്നോ, യോട്ടേ. ഈ മനുഭാവമെല്ലാം ഒന്നുപേക്ഷിക്കൂ! പുറത്തുപോയി മറ്റു ചെറുപ്പക്കാരുമായി ഓരോ കായികവിനോദങ്ങളിൽ പങ്കുകൊള്ളുന്നതോ? നിങ്ങളുടെ പൗരുഷത്തിന്റെ തെളിവ് അങ്ങനെ ഞങ്ങൾക്കു ലഭിക്കട്ടെ!"

അവൾ യോട്ടിനെ എഴുന്നേല്പിച്ചുനിർത്തി എന്നിട്ട് ആ വസ്തുവും അയാളുടെ ചുമലുകളിൽ തൂക്കിയിട്ടു. അയാൾ

Digitized By Kerala Sahitya Akademi

ക്കുവേണ്ടി ഉണ്ടാക്കിയതാണതെന്നു തോന്നുംവിധം അയാൾക്കു് അതിനു ചേച്ചയുള്ളതായിരുന്നുവെന്നു് അവൾ പ്രസ്താവിച്ചു.

അതുകഴിഞ്ഞു് അവൾ അവിടെനിന്നും പോയി. വസ്ത്രം സ്വശരീരത്തിൽത്തന്നെ ഇട്ടുകൊണ്ടു തോട്ടു് അവിടെ നിലകൊണ്ടു. വെറർലൈഡ് പറഞ്ഞു:

"ഗ്രുഡ്രുൺ കയറിവന്നു് അതു പറഞ്ഞില്ലായിരുന്നെങ്കിൽ ഒരിക്കലും തനിക്കതു കിട്ടുമായിരുന്നില്ല. അതില്ലാത്ത നിലയിലാണു് താൻ കൂടുതൽ പരിശുദ്ധനായിത്തീരുക; തന്റെ മിന്തകളിൽനിന്നും അതു നിർമ്മിച്ച അവളെ താൻ കൈവെടിയുമെങ്കിൽ അതിലും കൂടുതലായും!"

യോട്ടു് മറുപടി പറഞ്ഞു:

"ഞാൻ ആ പെണ്ണിനെ വളരെ ഇഷ്ടപ്പെട്ടിരുന്നു പക്ഷേ, ഈ പ്രാവശ്യം ഈ വസ്ത്രമാണു് എനിക്കിഷ്ടപ്പെട്ടതു്.—എന്തെന്നാൽ എനിക്കിതു ഭംഗിയായി യോജിച്ചിരിക്കുന്നു. അതുകൊണ്ടു മനമില്ലാമനസ്സോടെയുള്ള ഈ സമ്മാനത്തിനു ഞാൻ നിങ്ങളോടു നന്ദി പറയട്ടെ!—എനിക്കു കിട്ടാൻ കിഴിവുള്ളതു കരസ്ഥമാക്കുകയും ചെയ്യട്ടെ!"

അയാൾ ഇതു പറയുന്നതോടൊപ്പം അല്പമൊന്നു പുഞ്ചിരിക്കുകയും ചെയ്തു. അനന്തരം അയാൾ ആ വസ്ത്രം കൊണ്ടുപോയി ഭദ്രമായി കളിച്ചുവെച്ചു. അനന്തരം അയാൾ കാരോ കായികവിനോദങ്ങളിൽ ആകൃഷ്ടനായി കളിച്ചിരുന്ന മുറത്തേക്കു തിരിച്ചുപോയി.

Digitized By Kerala Sahitya Akademi

ഒസ്സ്യൂബീനെസൺ എന്നും, സിഗർസ് ബീനെസൺ എന്നും പോരോട്ടക്കുടി രണ്ട സഹോദരന്മാർ ഉണ്ടായിരുന്നു. പുരുഷോചിതമായ കായികപരിശീലനങ്ങളിൽ ഏറ്റവും മികച്ചവരായിരുന്ന അവർ. ഒപീപിന്റെ ആ ഭാഗത്തുള്ളവരിൽ ഏറ്റവുമധികം മെയ്ക്കരുത്തുള്ള ആൾ ഒസ്സ്വാണ്. ആയുധവിദ്യയിൽ നല്ല നൈപുണ്യമാർജ്ജിച്ചിരുന്ന ആളാണ് യോട്ട്; അയാൾക്കു തന്റെ സ്വന്തമായി ആയുധങ്ങളുമുണ്ട്; പക്ഷേ, കുറച്ചു കാലമായി പ്രയോഗിക്കാത്തതിനാൽ അയാൾക്കു കൈവഴക്കം അല്പം കമ്മിയാണെന്നേയുള്ളൂ. എന്നിരുന്നാലും അയാൾ വേഗത്തിൽ പ്രകടനത്തിനു തികച്ചും പ്രാപ്തനായിത്തീർന്നു. കുട്ടിൽ നോക്കിക്കൊണ്ടുനിന്നവർ വേഗതയും ചുറുചുറുക്കും ആവശ്യമായ അത്തരം അഭ്യാസമുറകളിൽ യോട്ടിനു് ഏറ്റവുമധികം സാമർത്ഥ്യമുണ്ടെന്നും, പക്ഷേ, മെയ്ക്കരുത്തു് ആവശ്യമുള്ളിടത്തു് ഒസ്സ്വാണു് ഏറ്റവും പറ്റിയവനെന്നും പറയുകയുണ്ടായി.

"എന്നാലും എനിക്കൊന്നു കണ്ടാൽക്കൊള്ളാം," യോട്ട് പറഞ്ഞു: "എന്നെ അടിച്ചുമലത്താൻ ഒസ്സിനു സാധിക്കുമോ എന്നു്."

രണ്ടുപേരും തമ്മിൽ പിടിതുടങ്ങി. തന്റെ ദേഹബലം മറ്റുള്ളവരുടേതിനേക്കാൾ തുലോം കുറവാണെന്നു യോട്ടിനു തോന്നി. അതുകാരണം അയാൾ തനിക്കുള്ള കരുത്തു മുഴുവൻ അപ്പോൾ പ്രയോഗിക്കയുണ്ടായി. തന്റെ ശക്തിയിൽ അമിതമായ വിശ്വാസമുണ്ടായിരുന്നതിനാൽ ഒസ്സ് അശ്രദ്ധനായിട്ടാണു് നിന്നതു്. ഏറെനേരം

Digitized By Kerala Sahitya Akademi

അന്യോന്യം ഗ്രസ്തിപിടിച്ചശേഷം ഒടുവിൽ യോട്ട് തന്റെ പ്രതിയോഗിയെ നിലത്തു മലത്തിയിട്ടു. അന്നത്തെയ്ക്കുള്ള വിനോദപ്രകടനങ്ങൾ അങ്ങനെ അവസാനിച്ചു.

രാത്രി വെളിക്കുള്ള ഒരു വീട്ടിലാണ് യോട്ട് ഉറങ്ങിയതു്. അടുത്ത പ്രഭാതത്തിൽ എഴുനേല്ക്കാൻ കൂട്ടാക്കാതെ അയാൾ കിടക്കയിൽ അങ്ങനെ കിടക്കുകയായിരുന്നു. അപ്പോൾ അടുത്ത മുറിയിൽ ഏതാനും സ്ത്രീകൾ സംസാരിക്കുന്നതു് അയാളുടെ ചെവിട്ടിൽ പതിഞ്ഞു. അവരിൽ ഒരുവൾ പറയുകയാണു്:

"ഒസ്സ്യൂബീനെസണ് ഇന്നലെ തോൽവി പറ്റിയതിനെക്കുറിച്ചു നീ എന്തു പറയുന്നു? പാവം, മണ്ണിൽ മലർന്നടിച്ചുവീണു. ആക്കം തന്നെ അടിപെടുത്താൻ സാധിക്കയില്ലെന്നുള്ള അയാളുടെ ആത്മപ്രശംസ ഏതായാലും ഇതോടുകൂടി അവസാനിച്ചു."

വേറൊരുവൾ പൊട്ടിച്ചിരിച്ചുകൊണ്ടു പ്രതിവചിച്ചു: "ഒസ്സ്യൂ തോല്ക്കട്ടെ, ജയിക്കട്ടെ—ഞാനതൊന്നും അത്ര കാര്യമാക്കുന്നില്ല. പക്ഷേ മന്ത്രമുള്ള ആ ചെറുപ്പക്കാരൻ ജയം നേടിയതിൽ എനിക്കു സന്തോഷമുണ്ടു്."

"യോട്ടിനെയാണോ നീ മന്ത്രമുള്ള ചെറുപ്പക്കാരൻ എന്നു പറയുന്നതു്?" ആദ്യത്തെവൾ ചോദിച്ചു: "കൊള്ളാം—ഒരു വേതാളത്തിന്റെ മാതിരി തവിണ്ടു വിളറിയ ഒരു മുഖമാണയാൾക്കുള്ളതു്."

"അങ്ങനെയാണെങ്കിലും ഞാൻ ഉദ്ദേശിച്ചതു് അയാളെത്തന്നെയാണു്. ഒസ്സ്യുമായി മല്ലുപിടിച്ചു ജയിച്ച മറെറാരാളേയും എനിക്കറിവില്ല."

Digitized By Kerala Sahitya Akademi

യോട്ട് എഴുനേറ്റു വസ്ത്രധാരണം ചെയ്തതിന്റെ ശേഷം അടുത്ത മുറിയിലേയ്ക്കു പോയി. അവിടെ അനേകം സ്ത്രീകൾ ഉണ്ടായിരുന്നു. എന്നാൽ അതുവരെ താൻ കാണാതിരുന്ന ഒരുവളെ യോട്ട് പ്രത്യേകം സൂക്ഷിക്കയുണ്ടായി. ഇളംപച്ചനിറത്തിൽ വക്കത്തു വിചിത്രരീതിയിലുള്ള തുന്നൽപ്പണികളോടുകൂടിയ ഒരു മേലങ്കി ധരിച്ചിരുന്ന അവൾ അതിസുന്ദരിയായിരുന്നു; പൊക്കം അധികമില്ല, അല്പം കുറവാണെന്നു വേണം പറയാൻ; പക്ഷേ അവളുടെ അംഗങ്ങൾ വടിവൊത്തതും അന്യോന്യം ഇണക്കമുള്ളതുമായിരുന്നു; ചെറിയ കൈത്തലങ്ങളും പാദങ്ങളും, വെളുത്തുകൊഴുത്തു ചന്തംതുളുമ്പുന്ന ഒരോമനമുഖം, പ്രസാദസാന്ദ്രങ്ങളായ നീലനയനങ്ങൾ—എല്ലാംകൊണ്ടും വിലാസവതിയായ ഒരു യുവതിയായിരുന്നു അവൾ. എന്നാൽ അവളുടെ സൗന്ദര്യമഹിമയ്ക്ക് ഏറ്റവും മാറ്റുകുട്ടിയിരുന്നതു് അവളുടെ തലമുടിയാണു്. അവളുടെ ശരീരം മുഴുവൻ പൊതിഞ്ഞു മൂടത്തക്കവിധം അത്ര നീളമുള്ളതും ഇടതൂർന്ന വളർന്നതുമായിരുന്നു അതു്. ചണത്തിന്റെ വണ്ണവിലാസത്തോടുകൂടി അതു് അങ്ങനെ മിന്നിക്കൊണ്ടിരുന്നു. അയാൾ അരികത്തേയ്ക്കു കടന്നുവന്ന അവസരത്തിൽ അവൾ അതു മീകിക്കൊണ്ടിരിക്കയായിരുന്നു.

യോട്ട് സ്ത്രീകളുമായി സംഭാഷണത്തിൽ ഏർപ്പെട്ടു. എന്നാൽ ആ സമയമെല്ലാം അയാളുടെ കണ്ണുകൾ വിശ്രമിച്ചിരുന്നതു് ആ സുന്ദരിയുടെ മുഖത്താണു്. അവളുടെ ജോലി തീർന്നപ്പോൾ അയാൾ അടുത്തേയ്ക്കു ചെന്നു് കുറച്ചു മീഞ്ചു തരാമോ എന്നവളോടു ചോദിച്ചു. അവൾ അതയാൾക്കു കൊടുത്തു; അനന്തരം അയാൾ പറഞ്ഞു:

Digitized By Kerala Sahitya Akademi

"എന്നെ ചന്തമുള്ള ചെറുപ്പക്കാരൻ എന്നു പറഞ്ഞതു നിയാണോ?"

അവൾ അല്പം കനത്ത ഖിന്നയെങ്കിലും ചിരിച്ചുകൊണ്ടു പറഞ്ഞു:

"നിങ്ങൾ ചെവിയും വട്ടംപിടിച്ചുകൊണ്ടിരിക്കയാണെന്നു ഞാൻ എങ്ങനെ അറിയാനാണ്? പക്ഷേ കനത്ത നിങ്ങൾ മനസ്സിലാക്കണം: കുട്ടിക്കാലം മുതലേ പരിചയമുള്ളവരെപ്പറ്റി കരുതിക്കൂട്ടുന്നതു പ്രാർത്ഥിക്കുവാനും നന്നു പറയുവാനും മാത്രമേ ഒക്കൂ."

യോട്ടിനു് ഇതു കേട്ടു് ആശ്ചര്യം തോന്നി. ഒരു നിമിഷം കഴിഞ്ഞു് അയാൾ ചോദിച്ചു:

"എന്താണു് നിന്റെ പേരെന്നു പറയൂ! നിന്നെ അറിയുമെന്നു പറയാൻ എനിക്കു കഴിയുന്നില്ല."

"കാര്യം അതു സാരമില്ല," അവൾ പറഞ്ഞു. അവൾക്കു പരിഭവം തോന്നിയെന്നു യോട്ടിനു മനസ്സിലായി. അനന്തരം അയാൾ പറഞ്ഞു:

"കഴിഞ്ഞ പ്രാവശ്യം നാം കണ്ട അവസരത്തിൽ നീ ഇതിൽ പകുതി സുന്ദരിയായിരുന്നില്ല—ഇപ്പോൾ എനിക്കു ഹിക്കാൻ കഴിയുന്നു; നീ ലീകനി ലൈട്ടിംഗ്സ് ഡാററാണു്."

"നിങ്ങൾക്കാക്കെന്നെ അന്നു കണ്ണിൽ പിടിച്ചില്ല—നിങ്ങൾക്കു മറ്റു ചെറുപ്പക്കാർക്കു—അന്നു് ചെറോയിസ് മുഞ്ഞുഗ്ഗന്റെ വീട്ടിൽ നമ്മൾ കരുതിച്ചേർന്ന

Digitized By Kerala Sahitya Akademi

സിച്ചിരുന്ന കാലത്തു്,” ലീകുനി മറുപടികൊടുത്തു. ഈ തുകേട്ട മറ്റു സ്ത്രീകളെല്ലാം പൊട്ടിച്ചിരിച്ചു. പക്ഷേ, അവർക്കു കാണാമായിരുന്ന അയാളുടെ മറുപടിയിൽ അവർ അത്യന്തസന്തുഷ്ടയായിരുന്നുവെന്നു്.

കാച്ചുനാഥൻ താൻ ടോർബു് ജോണിന്റെ കൂടെ ആയിരുന്നുവെന്നും തലയ്ക്കുതലേദിവസമാണു് വീട്ടിൽ വന്നതെന്നും അവർ അയാളോടു പറഞ്ഞു. പ്ലൈറേയിലെ വിശേഷങ്ങളൊന്നുമില്ലായെന്നു യോട്ടു് തിരക്കി. എന്നാൽ അയാൾ ലീകുനിയുമായി കാര്യമായ സംസാരിച്ചുകൊണ്ടിരുന്നു. അവർ വിവേകമുള്ള ഒരു സ്ത്രീയായിരുന്നതിനാൽ സരസവും ചാതുര്യമുള്ളതുമായിരുന്ന അവളുടെ സംസാരം. വൈകുന്നേരം അവളുടെ അടുത്തിരുന്നു് അയാൾ അവളോടൊന്നിച്ചു കുടിച്ചു. മറ്റു കായ്ക്കളുടെ കൂട്ടത്തിൽ അയാൾ ഇടയ്ക്കിങ്ങനെ പ്രസ്താവിക്കയുണ്ടായി.

“ലീകുനി, നീ ഇപ്പോഴും അവിവാഹിതയായിത്തന്നെ ഇരിക്കുന്നതു ബഹു വിചിത്രമായിരിക്കുന്നു. എനിക്കു തോന്നുന്നതു് ഒരു പുരുഷനേയും നിനക്കു യോജിച്ചതായി നീ കരുതുന്നില്ലെന്നാണു്.”

“അങ്ങനെയല്ല,” അവർ മറുപടി പറഞ്ഞു: “അത്തരത്തിലുള്ള ഒരാളായക്കൊച്ചുവടത്തിൽ അല്പം കരുതലോടുകൂടിയിരിക്കാൻ ആരുംതന്നെ അത്ര ബുദ്ധിമുട്ടാറില്ല; അത്രേയുള്ളൂ.”

യോട്ടു് ചിരിച്ചുകൊണ്ടു പറഞ്ഞു: “നീ അത്ര എളുപ്പത്തിലൊന്നും പ്രലോഭിതയാവുകയില്ല. അതുകൊണ്ടു ഞാ

Digitized By Kerala Sahitya Akademi

നായിരിക്കയില്ല മുന്നോട്ടുവരാൻ ഇവിടെ കരുണപ്പെടുന്ന ആത്മാവ്.”

ലീകുനി ഇതിനൊന്നും മറുപടി പറഞ്ഞില്ല. അവർ മറ്റൊരോ സംഗതികളെക്കുറിച്ചു സംസാരിച്ചു; പിറ്റേദിവസം യോട്ട് വീട്ടിലേയ്ക്കു മടങ്ങിപ്പോവുകയും ചെയ്തു.

ഇരുപത്തിയേഴ്

ഇല പൊഴിയുന്ന കാലം ഏതാണ്ടവസാനിക്കാറായ തോടുകൂടി ഗ്രുഡ്രുൺ ഒരു പുത്രനെ പ്രസവിച്ചു. വെറാർ ലൈഡ് അവനെറമേൽ വെള്ളം തളിച്ച് ‘ആറ്ലെ’ എന്നവനു പേരിട്ടു. ഒരു ദിവസം രാവിലെ ഗ്രുഡ്രുണും ലീകുനിയും മുറിയിൽ തനിച്ചാകപ്പെട്ടു. ഗ്രുഡ്രുൺ അപ്പോഴും കിടപ്പുതന്നെ ആയിരുന്നു. കുട്ടിയുടെ ശരീരത്തിൽ കരുനീണ്ട പട്ടം ചുറ്റിക്കെട്ടിക്കൊണ്ട് അമ്മയുടെ സമീപം അതേ കട്ടിലിൽത്തന്നെ ഇരിക്കുകയാണ് ലീകുനി. ആ പണി തീർന്നതിനുടനെ അവൾ അവനെ ഇരുകൈകളിലും എടുത്തു ചുംബിക്കുവാനും ആശ്ലേഷിക്കുവാനും തുടങ്ങി. അവൾ പറഞ്ഞു:

“വളരെ നല്ലതും അഴകുള്ളതുമാണ് ഈ കുഞ്ഞ്. ഇവൻ അമ്മയുടേതല്ല എന്നെറയായിരുന്നെങ്കിൽ എന്നുപോലും മിക്കവാറും എനിക്ക് കൊതി തോന്നിപ്പോകുന്നു അമ്മേ.”

കിടയ്ക്കയിൽ കിടന്നുകൊണ്ട് ഗ്രുഡ്രുൺ കോപത്തോടുകൂടി പറഞ്ഞു:

Digitized By Kerala Sahitya Akademi

"അവനെ ഇങ്ങു കൊണ്ടുവരു. ഇങ്ങനെയുള്ള അ സംബന്ധം ഇനി പറയരുതു്! നിനക്കും അവനെപ്പോ ലൊരു കുഞ്ഞുണ്ടാകാൻ പ്രായമാകാറ്റായൊന്നുമില്ലല്ലോ. നിനക്കിപ്പോൾ വയസ്സിരുപതായി. നീയിങ്ങനെ കാത്തു കൊണ്ടിരിക്കുന്നതു് എന്റെനിനവേണ്ടിയാണെന്നോ, മറ്റാളു കളെപ്പോലെ കല്യാണം കഴിച്ചു കഴിഞ്ഞുകൂടാൻ നിന ക്കു മനസ്സില്ലാത്തതു് എന്തുകൊണ്ടാണെന്നോ എനിക്കു മനസ്സിലാകുന്നില്ല. കഡ്ഡുബീനെസണെ നിനക്കു സ്വീ കരിക്കാമായിരുന്നു; എങ്കിൽ എന്തുകൊണ്ടു നോക്കിയാ ലും നിനക്കൊരു നല്ല നിലയിൽ കഴിയാനൊത്തേനെ, എ നിക്കു നിശ്ചയമുണ്ടു്."

ലീകുനി മറുപടി പറഞ്ഞു:

"കരിക്കൽ ഞാൻ തിരുത്തുപറഞ്ഞിട്ടുണ്ടു് ജനങ്ങാം ന ല്ലവനെന്നു പറയുന്ന കരാളിൽ അല്പമെങ്കിലും താണ കരു പുരുഷനേയും ഞാനെന്റെ ഭർത്താവായി സ്വീകരിക്കി ല്ലെന്നു്!"

"എങ്കിൽ നിനക്കു നൂണാങ്ങവ്ഗോപിന്റെ * വി വാഹാലോചനയ്ക്കു മൊവ്വികൊടുക്കാമായിരുന്നല്ലോ!"

അവളുടെ അമ്മ പറഞ്ഞു.

ലീകുനി മിഴിച്ചുകൊണ്ടു പ്രസ്താവിച്ചു:—

"അമ്മേ, അമ്മ അതരു കാര്യമായി പറഞ്ഞതായി രിക്കയില്ല. ആ കിഴവനെ അയാളുടെ വീട്ടിലുള്ള വേല

---

* ഗോദ — ക്രിസ്തുമതാരംഭത്തിനു മുമ്പുള്ള നിഗ്രഹാരാധനകാലത്തു് പുരോഹിതവൃത്തികളടി നടത്തിപ്പോന്ന ഒരു ഭ്രസ്വത്തുടമസ്ഥൻ.

Digitized By Kerala Sahitya Akademi

ക്കാരാണ് കട്ടിലിലെടുത്തു കിടത്തുകയും മുറിയിൽനിന്നു വെളിയിലേയ്ക്കെടുത്തു കൊണ്ടുപോവുകയും ചെയ്യുന്നതു് എന്നു് ആളുകൾ പറയുന്നു.”

“കരിക്കൽ നീയും കിഴവിയായിത്തീരും.” ഗ്രന്ഥൻ പറഞ്ഞു: “വരുന്നവരെയൊക്കെ മണവാന്മാരാക്കി വെറുതേ പറഞ്ഞയച്ചാൽ വേഗത്തിൽ അവർക്കു മുഷിഞ്ഞു തുടങ്ങും.”

“ഓ, ആട്ടെ, ഞാനൊടുവിൽ ആരെയെങ്കിലും കരാളെ കണ്ടുപിടിച്ചുകൊള്ളാം.” ലീകുനി മറുമൊഴി നല്കി. കരു നിമിഷം കഴിഞ്ഞു വീണ്ടും അവൾ പ്രസ്താവിച്ചു:

“സ്കാമെഡാറിൽനിന്നും വൈഗ_യോട്ട് ഇവിടെ വന്നു് എന്നോടു വിവാഹാർത്ഥന ചെയ്യുകയാണെങ്കിൽ, അദ്ദേഹത്തിനു ജനങ്ങളിൽനിന്നു നല്ല പേരൊന്നും കിട്ടിയിട്ടില്ലെങ്കിലും ശരി, അമ്മയ്ക്കു തമാശതോന്നുംവിധം ഞാൻ അദ്ദേഹത്തെ സ്വീകരിക്കും. പിന്നെ കരിക്കലും ഞാനിവിടെ താമസിക്കുന്നതിൽ അമ്മയ്ക്കു ദ്വേഷ്യം തോന്നേണ്ടിവരില്ല.”

അവളുടെ മാതാവു പ്രതിവചിച്ചു:

“ലൈട്ടിംഗിനുണ്ടായിരുന്ന ആ തോന്ന്യവാസത്തരം നിനക്കും എളുപ്പത്തിൽ കിട്ടും. ഞാനൊരു കന്യകയായിരുന്നെങ്കിൽ, പ്ലൂനിക്കു പോകേണ്ടിവന്ന സ്ഥലങ്ങളിൽ കൂടുവിടാത്തതിനു മാത്രമേ ഞാനതു ചെയ്തുകൊള്ളൂ — മനുഷ്യൻ കാലുകുത്താത്ത മൊരുട്ടു കാട്ടിൻപുറം.”

Digitized By Kerala Sahitya Akademi

"എന്നാലും അതൊരു നല്ല ഭാവിഭാഗമാണെന്നു ഞാൻ കേട്ടിട്ടുണ്ട്." ലീകുനി മറുപടി പറഞ്ഞു.

"മുത്തച്ഛനും മറ്റുള്ള എന്റെ എല്ലാ ചാച്ചിക്കാക്കും ബ്രഹ്മസന്തോഷമായിരിക്കും. കരാളുടെ കുടുംബവുമായി നല്ല സ്വരച്ചേർച്ചയോടുകൂടിയിരിക്കുന്നതു് ഏറ്റവും നല്ല ഒരു കാര്യമാണു്."

"അതെ, വെറർലൈഡിനു് ഇതു വലിയ ഇഷ്ടമായിരിക്കും," അവളുടെ അമ്മ പറഞ്ഞു: "തന്റെ മരുമകൻ അത്ര നല്ല ഒരു വിവാഹം കഴിച്ചുകാണുന്നതു് അദ്ദേഹത്തിനു വലിയ സന്തോഷമാകും! പക്ഷേ, ഞാൻ വിചാരിച്ചിരുന്നതു കൂടുതൽ ധനവാനും കൂടുതൽ പ്രബലനുമായ കരാളെ മാത്രമേ നീ സ്വീകരിക്കുള്ളൂ എന്നാണു്."

"ഞങ്ങൾ ഇരുവരുടേയും സ്വത്തു് ഒന്നിച്ചു കൂട്ടിയാൽ അതത്ര നിസ്സാരമായിരിക്കില്ല," ലീകുനി പ്രതിവചിച്ചു: "ഒരു നാട്ടുപ്രമാണിക്കു വേണ്ടതെല്ലാം യോട്ടിനുണ്ടെന്നും ഞാൻ സദാ കേട്ടിട്ടുണ്ടു്." കുറച്ചുനേരത്തേയ്ക്കു് അവൾ മൗനം ഭിക്ഷിച്ചു; അനന്തരം അവൾ പറഞ്ഞു: "ഈ കാര്യത്തെക്കുറിച്ചു വെറർലൈഡുമായി അമ്മയ്ക്കാനും സംസാരിക്കാമായിരുന്നല്ലോ. പക്ഷേ, ഞാൻ അങ്ങനെ ചെയ്യാൻ പറഞ്ഞിട്ടാണെന്നുമാത്രം അമ്മ അദ്ദേഹത്തോടു പറയരുതു്!"

ഇരുപത്തിയെട്ടു്

സ്കാമെഡാലിലുള്ള തന്റെ ഭവനത്തിൽത്തന്നെ യോട്ടു് താമസിച്ചു. മദ്ധ്യശീതകാലത്തിനല്പം മുൻപു്

Digitized By Kerala Sahitya Akademi

ചെറർലൈഡ് അയാളെ സന്ദർശിക്കുവാനായി അവിടെ വന്നു. യോട്ട് അദ്ദേഹത്തെ വേണ്ടവിധം സ്വീകരിച്ചു. രണ്ടു ദിവസക്കാലം ആ സമാഗമം അത്യന്തം ഉല്ലാസപ്രദമായിരുന്നു.

കളം, കളപ്പുര മുതലായതെല്ലാം ഒരു മലയുടെ ചെരുവിലാണ് നിർമ്മിക്കപ്പെട്ടിരുന്നതു്. അതിനും സ്ക്വാമെഡാൽ എന്നുതന്നെയായിരുന്നു പേർ. ഇരുവശത്തും വളരെ പൊക്കമുള്ള പർവ്വതങ്ങളുണ്ടു്. മലഞ്ചെരുവിൽക്കൂടി ഒരു നദി കഴുകിപ്പോകുന്നു. ആ കാലത്തു ദൂരെ മറുകരയിലുള്ള മലഞ്ചെരുവുകളിൽ 'ബർച്ചു്' മരങ്ങളും നിബിഡമായി വളർന്നുനിന്നിരുന്നു. മേച്ചിൽസ്ഥലങ്ങളിൽ പുല്ലു സമൃദ്ധിയായിട്ടുണ്ടു്. മീൻ പിടുത്തത്തിനാണെങ്കിൽ ബഹുസൗകര്യം. യോട്ട് അനവധി കന്നുകാലികളെ വളർത്തിയിരുന്നു. യോട്ട് തന്റെ കളത്തിലെ പണികളും എങ്ങനെയെല്ലാമാണു് നടത്തിച്ചിരുന്നതെന്നു ചെറർലൈഡ് അടുത്തു പരിശോധിച്ചു; തന്റെ പ്രായത്തിൽ കവിഞ്ഞ പ്രാപ്തിയോടുകൂടിയ ഒരു നല്ല കൃഷിക്കാരനാണു് യോട്ട് എന്നു് അയാൾക്കു ബോദ്ധ്യപ്പെട്ടു. അവർ രണ്ടുപേരും ഒന്നിച്ചു വെളിയിലേയ്ക്കിറങ്ങിയ ഒരു ദിവസം അയാൾ ഇക്കാര്യം യോട്ടിനോടു തുറന്നു പറഞ്ഞു:

"എല്ലാം ഭംഗിയായിത്തന്നെ ഇവിടെ നടത്തിയിരിക്കുന്നു. തന്റെ കൃഷിസ്ഥലത്തു് ഒരൊറ്റ കുറവുമാത്രമേ ഞാൻ കാണുന്നുള്ളൂ: തന്റെ വീട്ടുകാര്യങ്ങളെല്ലാം ശരിക്കു നടത്തിക്കൊണ്ടുപോകാൻ തനിക്കൊരു ഭാര്യ—അതിനു തനിക്കു കാലവുമായി. ഒരു ഗൃഹനായികയുള്ളിടത്താണു്

Digitized By Kerala Sahitya Akademi

വീട്ടുകാര്യങ്ങളെല്ലാം ഭംഗിയായി നടക്കുക. തന്റെ വീട്ടു ജോലിക്കാരി തികച്ചും നല്ലവളായിരിക്കാം. പക്ഷേ, അവർക്കു പ്രായാധിക്യമായിത്തുടങ്ങി. ഒരു നല്ല പത്നിയെ തിരഞ്ഞെടുക്കുന്നപക്ഷം തന്റെ വസ്തുവകകൾ ഇതിനെക്കാൾ വളരെ അധികമാക്കുവാനും തനിക്കു സാധിക്കും."

ആ വൃദ്ധസ്ത്രീ വീട്ടുകാര്യങ്ങൾ എത്രയും ഭംഗിയായി നിർവ്വഹിച്ചിരുന്നുവെന്നു യോട്ടിനിധ്യാം സ്റ്റീൻവിന്റെ മരണത്തിനുശേഷം ഇതുവരെ അവർതന്നെയാണ് എല്ലാം നടത്തിക്കൊണ്ടു പോന്നതു്.

"ഇനിയും ധാരാളം സമയമുണ്ടല്ലോ എനിക്കു വിവാഹം കഴിക്കാൻ."

"ഇതാണോ താനിപ്പോൾ പറയുന്നതു്?" വൊറർ ലൈഡ് ചോദിച്ചു. യോട്ട് ഒന്നും മിണ്ടിയില്ല. അനന്തരം വൊറർലൈഡ് തുടർന്നു:

"വിഗ്ഡിസ് ഗ്രന്നാർഡ്വാറർ ഇപ്പോഴും തന്റെ മിന്തകളിൽ തങ്ങിനില്ക്കുന്നുണ്ടെന്നു വിചാരിക്കാൻ എനിക്കു കഴിയുന്നില്ല."

യോട്ടിന്റെ മുഖം രക്തവർണ്ണമായി. അയാൾ പെട്ടെന്നു പറഞ്ഞു:

"എനിക്കു വിവാഹം കഴിക്കാൻ പറ്റിയ ഒരു സ്ഥാനം എനിക്കു് അറിഞ്ഞുകൂടാ. സമ്മതമില്ല എന്ന മറുപടിയോടുകൂടി മടങ്ങിപ്പോരുക എന്റെ ഈ ജന്മത്തിൽ ഉണ്ടാവുകയില്ല."

Digitized By Kerala Sahitya Akademi

"കഴിഞ്ഞ വേനൽക്കാലത്തു താൻ ലീക്കറി ലൈട്ടിംഗ് സ്ഡാറുമായി സംസാരിക്കയുണ്ടായി ഇല്ലേ?" വെറർലൈഡ് ചോദിച്ചു: "അവളെക്കുറിച്ചു് എന്താ തന്റെ അഭിപ്രായം?"

"കൊള്ളാം" യോട്ട് സാവധാനത്തിൽ പറഞ്ഞു: "അവൾ സുന്ദരിയാണു്. തന്റെടത്തോടുകൂടി സംസാരിക്കും. പക്ഷേ അവൾക്കുവേണ്ടി വിവാഹാലോചന നടത്താൻ ഒരിക്കലും ഞാൻ വിചാരിച്ചിരുന്നില്ല."

"അവൾ സുന്ദരിയാണെന്നപോലെതന്നെ ബുദ്ധിശാലിനിയുമാണു്," വെറർലൈഡ് പറഞ്ഞു: "തന്റെ ആളുകളോടു് അലിവുള്ളവളും, നല്ല പഠിപ്പും, പരിശ്രമശീലവും ഉള്ളവളുമായ ഒരു പെണ്ണാണവൾ. ഞാൻ തന്നെക്കുറിച്ചു് അവരോടു സംസാരിച്ചുകഴിഞ്ഞു. സമ്മതമില്ലെന്ന ഒരു വാക്കു തടിക്കുവിടെവിന്നും കേൾക്കേണ്ടിവരുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ടോർബ് ജോൺ, ഹഡ്സൺ ഇവരുടെ കൈയിലും അവളുടെ സ്വന്തം കൈയിലുമാണു് അവളുടെ വിവാഹം. തന്നോടു സത്യം പറയാമല്ലോ, താനും അവളും തമ്മിൽ ബഹു ചേർച്ചയാണെന്നു് എനിക്കു തോന്നിയിട്ടുണ്ടു്. ഈ സംഗതി ശരിപ്പെടുകയാണെങ്കിൽ അനേകം പേർ അതിൽ സന്തോഷിക്കുമണ്ടാകും."

"നിങ്ങളുടെ ഉപദേശം എന്റെ നന്മയെമാത്രമേ ലാക്കാക്കുള്ളു എന്നു് എനിക്കറിയാം," യോട്ട് പറഞ്ഞു: "ഈ നല്ല വിവാഹബന്ധത്തിനു് എന്നെ പാത്രമാക്കുവാൻ സഹായിക്കുന്നതുതന്നെ നിങ്ങൾക്കു് എന്നോടുള്ള സ്നേഹം

Digitized By Kerala Sahitya Akademi

വെളിപ്പെടുത്തുന്നു. പക്ഷേ ഇത്രവേഗത്തിൽ വിവാഹം കഴിക്കാൻ എനിക്കാരാശയുമില്ല.”

വീണ്ടും അതിനെക്കുറിച്ച് കരാലോചന നടത്തുവാൻ വെറർലൈഡ് അയാളോടപേക്ഷിച്ചു. പക്ഷേ പിന്നീടയാൾ അക്കാര്യം എടുത്തിട്ടുകയുണ്ടായില്ല. അയാൾ യോട്ടിനെ പ്രത്യേകമായി സൂക്ഷിച്ചു. രാത്രി അയാൾക്കു ശരിക്കുറക്കം കിട്ടാറില്ലെന്നും, പലതരത്തിലും അയാൾ കനം തുങ്ങുന്ന ചിന്തകളുടെ ഭാരത്താൽ പരവശനായിട്ടുണ്ടെന്നും വെറർലൈഡ് മനസ്സിലാക്കി.

അവിടത്തെ താമസത്തിന്റെ അവസാനദിവസം ലീകുനിയുടെ കാര്യത്തെക്കുറിച്ചു വല്ലതും ആലോചിക്കയുണ്ടായോ എന്നു വെറർലൈഡ് യോട്ടിനോടു ചോദിച്ചു. യോട്ട് അപ്പോൾ മറുപടി പറഞ്ഞു:

“നിങ്ങളുടെ കൗശല്യത്തിനു ഞാൻ നിങ്ങളോടു വളരെ കടപ്പെട്ടിരിക്കുന്നു. നിങ്ങൾ ഇക്കാര്യത്തിൽ എനിക്കു വേണ്ടതൊക്കെ ചെയ്തുതരണം. എന്തുകൊണ്ടെന്നാൽ, നിങ്ങളുടെ ഉപദേശം എപ്പോഴും നല്ലതിനുവേണ്ടിയാണെന്നു സ്പഷ്ടമായി ഞാൻ കാണുന്നു.”

പിന്നീടു യോട്ട് വെറർലൈഡുമൊന്നിച്ച് അയാളുടെ വീട്ടിലേയ്ക്കു പുറപ്പെട്ടു. വളരെ കൗശല്യത്തോടുകൂടി ഗ്രന്ഥകർത്താവും ലീകുനിയും അയാളെ സ്വീകരിച്ചു. വിവാഹത്തിനുവേണ്ട കരുക്കളെല്ലാം കൂട്ടിത്തുടങ്ങി. വസന്തകാലത്താണ് വിവാഹം പ്രഘോഷിക്കപ്പെട്ടത്. വെറർലൈഡ് അടിയന്തിരം എല്ലാംകൊണ്ടും കേമമാ

Digitized By Kerala Sahitya Akademi

ക്കി. യോട്ടം ലീകനിയും സ്കൂളിലേക്കു പോന്നു. അവരുടെ വിവാഹജീവിതം തൃപ്തികരമാംവിധം മുന്നോട്ടു പോയി.

ഇരുപത്തിയൊന്പതു്

വേനൽക്കാലത്തിന്റെ അവസാനത്തിൽ ഒരു ദിവസം മലഞ്ചെരുവിൽ തനിക്കുള്ള പുൽത്തകിടികളിൽനിന്നു യോട്ട് പുല്ലറുത്തുകൊണ്ടിരിക്കയായിരുന്നു. പ്യൂവാവും നല്ല ഒരു കാലാവസ്ഥയായിരുന്നു അപ്പോഴത്തേതു്. നല്ല ചൂടുള്ള വെയിൽ പരത്തിക്കൊണ്ടു് ആദിത്യൻ പ്രശോഭിച്ചു. രണ്ടാളുകൂടി യോട്ടിനാടൊന്നിച്ചുണ്ടായിരുന്നു. അവർ നദിയുടെ ഒരു വശത്തു പുല്ലറുത്തുകൊണ്ടിരിക്കുകയാണു്. യോട്ടാകട്ടെ മറുവശത്തു തന്റെ കുപ്പായവും കാലുറകളും ഊരിക്കളഞ്ഞിട്ടാണു് പണിയെടുത്തിരുന്നതു്. അവർ വീട്ടിൽനിന്നും വളരെ അകലത്തായിരുന്നതിനാൽ എല്ലാ ഭക്ഷണത്തിനും അവക്കു വീട്ടിൽപ്പോകാൻ തരപ്പെട്ടില്ല. അതുകൊണ്ടു നേരം ഏതാണ്ടു് ഉച്ചതിരിഞ്ഞതിനോടുകൂടി, പുഴ കടന്നുമെന്നു തന്റെ ആത്മമിത്രമായി വല്ലതുമല്പം ആഹാരം കഴിക്കാമെന്നു യോട്ട് കരുതി. അപ്പോൾ പുഴവക്കിൽക്കൂടി ലീകനി നടന്നുവരുന്നതു് അയാളുടെ ദൃഷ്ടിയിൽപ്പെട്ടു. ആഹ്ലാദാവസരങ്ങളിൽ ധരിക്കാറുണ്ടായിരുന്ന ആ ഇളംപച്ചനിറമുള്ള മേലങ്കിയാണു് അവൾ ശ്രദ്ധാപൂർവ്വം അണിഞ്ഞിരുന്നതു്. അവളുടെ കൈയിൽ ഒരു വലിയ ഭാണ്ഡമുണ്ടു്. പുല്ലു കൊത്തുന്നവരോടു സംസാരിക്കാൻ അവൾ അവിടെ നിന്നു. ഭാണ്ഡത്തിൽനിന്നു കുറച്ചെന്തോ അവൾ അവക്കു കൊടുക്കു

Digitized By Kerala Sahitya Akademi

കയും ചെയ്തു. അവിടന്നും നടക്കല്ലുകളിറങ്ങി ചവിട്ടി ച്ചവിട്ടി പുഴകടന്നു് അവർ യോട്ടിന്റെ അടുത്തെയ്ത്തു വന്നു.

"അമ്മ എനിക്കു കൊടുത്തയച്ച പാനകമാണിതു" അവർ പറഞ്ഞു: "ഈ വെയിലത്തുനിന്നു പുല്ലറുക്കുന്ന നിങ്ങൾക്കൊക്കെ ഇതു നന്നായിരിക്കുമെന്നു ഞാൻ കരുതി."

"നീതന്നെ ഇങ്ങോട്ടിതു പുമന്നുകൊണ്ടുവരാൻ ബുദ്ധിമുട്ടുണ്ടതില്ലായിരുന്നു" അയാൾ എതിർത്തു.

"കാ, അതു സാരമില്ല" ലീക്കുനി പറഞ്ഞു: "കൂടെക്കൂടെ നമുക്കിതു നല്ല കരു കാലാവസ്ഥ ഉണ്ടാകാറില്ലല്ലോ. ഇവിടെ എന്തു ജാതി വൈക്കോലാണു് നമുക്കു കിട്ടുന്നതെന്നു കാണാൻ എനിക്കാശ തോന്നി."

മറുകരയിലുള്ള പല്ലുചെത്തുകാരുടെ പക്കൽ ആഹാരം കാണുമെന്നും അതിനാൽ തങ്ങൾക്കു പുഴകടന്നു മറുകരയിലയ്ക്കു പോകാമെന്നും, പിന്നീടു യോട്ടു് അഭിപ്രായപ്പെട്ടു; പക്ഷേ ലീക്കുനി ചിരിച്ചുകൊണ്ടു് ആ ഭാണ്ഡം മൂണ്ടിക്കാണിച്ചു് ഇങ്ങനെ പറഞ്ഞു:

"കട്ടും സംശയിക്കണ്ട. നിങ്ങളുടെ ഭായ്ക്കു ഈ വഴി മുഴുവൻ നടന്നു് ഇവിടെ വരുന്നെങ്കിൽ നിങ്ങൾക്കു് ആഹാരം കൊണ്ടുവരാൻ മറവി പറ്റില്ല. മലയുടെ ഈ ചെരുവിൽ കാറു തണുപ്പുള്ളതും നേത്തതുമാണു്; നമുക്കു് ഇവിടെ ഇരിക്കാം."

ഇങ്ങനെ പറഞ്ഞിട്ടു് ഇടയ്ക്കിടയ്ക്കു് കരു പിടി വൈക്കോൽ കയ്യിലെടുത്തു മണത്തുനോക്കിക്കൊണ്ടു് അവർ

Digitized By Kerala Sahitya Akademi

നദിതടത്തിൽക്കൂടി മേലോട്ടു കയറി. പുൽത്തകിടിനു മുകളിൽ കരു ചെർച്ചുമരക്കാടാണു്. പുതിയ ഇലകളിൽനിന്നു പുറപ്പെടുന്ന നവപരിമളം മൂക്കിലേയ്ക്കു വലിച്ചുകേറിക്കൊണ്ടു ലീകുനി മേലോട്ടു പോയി. ഒടുവിൽ പാറകഠം കിടയിൽ അവളൊരു പെറിയ ഗുഹ കണ്ടെത്തി. അതു തണലും, പായലും, പച്ചപ്പൊടിപ്പുകളും നിറഞ്ഞതിനാൽ കൂടുർമ നൽകുന്നതായിരുന്നു അവക്കു രണ്ടുപേക്കും അവിടെ കൂടുന്നതിനു തിരുച്ചം ഇടമുണ്ടായിരുന്നതിനാൽ ലീകുനി അയാളെ അരുകോട്ടു വിളിച്ചു.

"ആഹാരംകഴിഞ്ഞു നിങ്ങഠംക്കു വേണമെങ്കിൽ ഇവിടെ കിടന്നുറങ്ങുകകൂടി ചെയ്യാം," അവഠം പറഞ്ഞു.

അവർ തീറയും കുടിയുമായി അവിടെ അങ്ങനെ കൂടി. ലീകുനി ആ സമയം മുഴുവൻ കളിതമാശകഠം പറഞ്ഞു് ഉല്ലാസഭരിതയായി വർത്തിച്ചു. കുക്ഷണംകഴിഞ്ഞു്, വെയിൽ കുല്ലാതെ തന്റെ കൈത്തണ്ട നെറ്റിയിൽ വെച്ചുകൊണ്ടു യോട്ടു് പച്ചപ്പൊടിപ്പുകഠംക്കിടയിൽ ഉറങ്ങാൻ കിടന്നു. അതു കണ്ടു ലീകുനി അവളുടെ തൂവാല അഴിച്ചെടുത്തു് അതുകൊണ്ടു് അയാളുടെ കണ്ണുകഠം മൂടി. കുറച്ചുകഴിഞ്ഞു് അവഠം ചോദിച്ചു: "എന്റെ മടയിൽ തലവെച്ചു കിടക്കരുതോ നിങ്ങഠംക്കു്? എങ്കിൽ കൂടുതൽ സ്ഥലം കിട്ടും."

യോട്ടു് അങ്ങനെ ചെയ്തു. തല മൂടാതെ ലീകുനി വെയിലിലങ്ങനെ ഇരിക്കുമ്പോഠം അയാഠം അവളുടെ മുഖത്തേയ്ക്കു നോക്കി. അയാഠം പറഞ്ഞു:

Digitized By Kerala Sahitya Akademi

"നാം ഹോട്ടലിൽചെന്നു കണ്ടുമുട്ടിയപ്പോൾ എങ്ങനെയോ അങ്ങനെയാണ് നിന്നെ ഇപ്പോഴത്തെ മട്ട്."

ലീകനി പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു: "ആട്ടെ, യോട്ട്, എന്നോടു പറയൂ, അന്നു നാം കണ്ടത് കരു നല്ല കായ്മയായി എന്ന് അങ്ങു വിചാരിക്കുന്നുണ്ടോ? അല്ലെങ്കിൽ എന്നെ ഇങ്ങോട്ടു കൊണ്ടുവന്നതിൽ അങ്ങയ്ക്കു സന്തോഷം തോന്നുന്നുണ്ടോ?"

"നിന്നക്കത് ഉറപ്പു കരുതാം," അയാൾ ഉത്തരം നൽകി.

ലീകനി വീണ്ടും തുടർന്നു: "എങ്ങനെയാ ഞാൻ ഉറപ്പു കരുതുക? എന്തോ കന്ന് അങ്ങയുടെ ഹൃദയത്തിൽ ഭാരമേറുന്നുണ്ടെന്നു ചിലപ്പോൾ എനിക്കു തോന്നിപ്പോകുന്നു. എന്തുകൊണ്ടെന്നാൽ, അങ്ങയുടെ കുട്ടിക്കാലത്തെപ്പോലെയല്ല ഇപ്പോൾ അങ്ങയുടെ സമ്പ്രദായം. അന്നു കാടൻമട്ടിൽ കോലാഹലംകൂട്ടി ആർത്തുപൊട്ടിച്ചിരിക്കാനും തിമർക്കാനും ഭ്രാന്തായിരുന്ന അങ്ങയ്ക്ക്. പക്ഷേ ഇന്ന് ഏറിയകൂറും അങ്ങൊരു മൗനിയായിത്തീർന്നിരിക്കുന്നു."

"കരുവൻ വളർന്നുവരുംതോറും ആദ്യകാലത്തെ അവന്റെ കുട്ടിക്കളിയും ചപലതകളും കുറേശ്ശെ വിട്ടുവിട്ടു വന്നില്ലെങ്കിൽ അതു ഭംഗിയായിരിക്കില്ല," യോട്ട് പറഞ്ഞു.

"അക്കാലത്ത് ആളുകൾ പറയാറുണ്ടായിരുന്നു," അവൾ തുടർന്നു: "പാട്ടുപാടുന്നതിനും ഗാനങ്ങൾ രചിക്കുന്നതിനും അങ്ങു മിടുക്കനായിരുന്നുവെന്ന്. അങ്ങുണ്ടാക്കി

Digitized By Kerala Sahitya Akademi

യിട്ടുള്ള ചില ഗാനങ്ങൾ അങ്ങയ്ക്ക് എന്നെ പാടിക്കേൾപ്പിച്ചുകൂടേ?"

"കാ, അവർ പറഞ്ഞതിൽ കുട്ടുമുക്കാലും വെറും നുണയാണു്," അയാൾ മറുപടി പറഞ്ഞു: "എന്റെ പട്ടണങ്ങൾ കരിക്കലും അത്ര വിലപ്പെട്ടതൊന്നുമായിരുന്നില്ല."

"അങ്ങു് അവ എന്നെ ചൊല്ലി കേൾപ്പിക്കണം" അവൾ അപേക്ഷിച്ചു.

"എനിക്കിപ്പോൾ കുന്നുംതന്നെ കാക്കാൻ കഴിയുന്നില്ല," അയാൾ പറഞ്ഞു: "പണ്ടുപണ്ടെങ്ങോണ്ടോ കഴിഞ്ഞ കരു കായ്മയല്ലേ അതു്!"

ലീകുനി ഇരുകൈകൊണ്ടും അദ്ദേഹത്തിന്റെ മുഖം അടുക്കിപ്പിടിച്ചു് അവളുടെ കാൽമുട്ടുകൾക്കുമീതു് അദ്ദേഹത്തിന്റെ തല അങ്ങോട്ടുമിങ്ങോട്ടും ആട്ടിക്കൊണ്ടു് ഇങ്ങനെ ചൊല്ലാൻ തുടങ്ങി:—

എന്നോമൽക്കന്യേ, നിന്നെ—
ധ്യാനിച്ചും മോഹിച്ചുമി—
ന്നെൻ നിദ്രയെത്രമാത്രം
കുറഞ്ഞുപോയി!

കണ്ണിണ പൂട്ടുവാനൊ—
ന്നൊക്കുന്നിലല്ലോ രാവിൽ
കണ്മണി, നീയിത്രമേൽ
കഠിനയാണോ?

മന്ദോഷ്ണമസ്വണമാം നിൻ
മലർമണിമച്ചിൽ

Digitized By Kerala Sahitya Akademi

സുന്ദരി, സുഷുപ്തിയിൽ
നീ ലയിയ്ക്കൂ;
ചീത്തതിർത്തിയുണ്ടിര-
ച്ചാത്തിടും, കൊടുംതിര-
ച്ചാത്തിനുമീതേ ദൂരെ-
പ്പറ,ന്നൊടുവിൽ,
നിൻതല്പകത്തിലെത്തി-
ച്ചായുന്ന നിശയിലെൻ
ചിന്തകൾ തളർന്നതൽ-
ച്ചിറകൊതുക്കി.
അല്ലിൻെറ ചില്ലകളിൽ
പാറിപ്പോം പക്ഷികളെ-
ത്തെല്ലുമേ ഗൗനിക്കാത്തോ-
ളല്ലോ നീയും!
ശപ്തമീ ദുഃസ്ഥിതിയോ,
ദുസ്സഹം, പകലെൻെറ
ശക്തിയെഴുങ്ങുകൈവി-
ട്ടപഹരിപ്പൂ!!

അങ്ങാണ് ഈ ഗാനം രചിച്ചതെന്നു ഞാൻ കേട്ടിട്ടുണ്ട്."

"ഏതാണ്ടതുപോലെയാണെന്നു തോന്നുന്നു," അയാൾ മറുപടി പറഞ്ഞു: "എനിക്കിപ്പോൾ ഓർമ്മിക്കാൻ സാധിക്കുന്നില്ല."

"ആരാണ് ഈ കന്യക?" ലീകുനി ചോദിച്ചു: "അങ്ങയെ സ്വീകരിക്കാൻ മടിച്ചു ഒരുവളാണോ അവൾ?"

Digitized By Kerala Sahitya Akademi

"ഓ, ഇതൊക്കെ കരുവന്റെ കല്പന മാത്രമാണ്" യോട്ട് പറഞ്ഞു: "കരുവൻ തീരെ ഏകാന്തവാസിയായിരിക്കുമ്പോൾ അവന്റെ ഹൃദയത്തിൽ ചിന്തകൾ അങ്ങനെ കുന്നുകൂടുന്നു. ആരുമാകാം ആ കന്യക."

കരു നിമിഷനേരത്തേയ്ക്കു ലീകുനി എന്തോ ചിന്തിച്ചു; അനന്തരം അവൾ തിരക്കി: "എന്നെക്കാൾ അങ്ങു ഭാര്യയായി സ്വീകരിക്കുവാൻ ഇച്ഛിച്ചിരുന്ന മറ്റാരെങ്കിലും ഉണ്ടായിരുന്നോ?"

"ഇല്ല, ഉണ്ടായിരുന്നില്ല" അയാൾ മറുപടി പറഞ്ഞു.

അനന്തരം വീണ്ടും അവൾ അയാളുടെ തലപിടിച്ചുയർത്തി അയാളെ ചുംബിച്ചു. അയാൾ അവളുടെ കവിൾത്തടം കഴുത്തും മെല്ലെ തടവിക്കൊണ്ടിരുന്നു.

"ശരി, ഞാനും ഇനിയൊന്നു തല മായ്ക്കാം" എന്നു പറഞ്ഞുകൊണ്ടു ലീകുനി അവളുടെ മടിയിൽനിന്നും അയാളുടെ തലപിടിച്ചു മാറ്റി.

"അതെ, കിടന്നോളൂ" എന്നു പറഞ്ഞു യോട്ട് കരുവശത്തേയ്ക്കു കുറച്ചുകൂടി നീങ്ങിമാറി അവൾക്കു സ്ഥലം കൊടുത്തു. "കിടക്കാൻ പറ്റിയ കരു സ്ഥലമാണിത്." അയാൾ അവളുടെ തുവാല വീണ്ടും തന്റെ മുഖത്തു നിവർത്തിയിട്ടു. അയാളോടു തൊട്ടു പച്ചപ്പൊടിപ്പുകൾക്കിടയിൽ ലീകുനി കിടന്നു. എന്നാൽ അയാളുടെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടു കൊടുംകൈ കുത്തിയാണവൾ കിടന്നിരുന്നത്.

Digitized By Kerala Sahitya Akademi

"അങ്ങനെയൊരാൾ ഭ്രാന്തനായിരിക്കുന്നതു വിചിത്രമായിരിക്കുന്നു" അവൾ പറഞ്ഞു. കുഴിയുടെ ഭാഗത്തു് അയാളുടെ കൂപ്പായം തൂങ്ങിക്കിടന്നിരുന്നു. ബർച്ചുമരത്തിന്റെ ഒരു വലിയ വില്ലുകൊമ്പെടുത്തു് അവൾ അയാളുടെ മാറത്തും താടിക്കു കീഴേയും വയ്യെപ്പയ്യെ കുത്തിക്കിളിക്കൂട്ടി. യോട്ടു് അവളുടെ കൈയ്യിൽ കടന്നുപിടിച്ചു് ഒരു നിമിഷം അതിനെ തടഞ്ഞിട്ടാലോലിച്ചു. പക്ഷേ അയാൾ കണ്ണു തുറന്നില്ല.

"എന്താണു് അങ്ങയുടെ കുഴിയിൽക്കാണുന്ന ആ പാട്ടു്?" അവൾ ചോദിച്ചു. അവൾ തലകുലുക്കിച്ചു് അതിന്മേൽ ചുംബനം ചെയ്തു.

"നീയെന്നെ ഇക്കിളിക്കൂട്ടുന്നു," യോട്ടു് പറഞ്ഞു: "ഞാൻ വല്ലാതെ വിയർക്കുകയാണു്."

"അങ്ങയ്ക്കു കിടന്നിടത്തു് ഉറങ്ങരുതോ?"

"ആവാം, നീ അനങ്ങാതെ കുന്നടങ്ങിയൊതുങ്ങിയിരുന്നാൽ," യോട്ടു് ചിരിച്ചുകൊണ്ടു പറഞ്ഞു: "നീയും ഉറങ്ങാൻ പോവുകയാണെന്നു പറഞ്ഞുവെന്നാണു് ഞാൻ വിചാരിച്ചതു്."

"അങ്ങയ്ക്കു് അത്രമാത്രം ക്ഷീണം തോന്നുന്നുണ്ടോ?" ലീകുനി ചോദിച്ചു.

"ഉവ്വു്, വാസ്തവത്തിൽ എനിക്കു വല്ലാത്ത ക്ഷീണമുണ്ടു്" അയാൾ മറുപടി പറഞ്ഞു.

അതിനുശേഷം അവർ വീണ്ടും കിടപ്പായി. യോട്ടു് ഉറക്കംതുടങ്ങി. പക്ഷേ ലീകുനി അയാളുടെനേർക്കു നോക്കിക്കൊണ്ടു് അവിടെ എഴുന്നേറ്റിരുന്നു.

Digitized By Kerala Sahitya Akademi

മുപ്പത്

മലഞ്ചെരിവു ജന്മഗൃഹമാണെന്നാണ് പറയപ്പെട്ടിരുന്നത്. സ്കാമെഡാലിൽ പണിയെടുത്തിരുന്ന മിച്ച വേലക്കാരും, സിൽബന്തികളും മാത്രം അവിടെ പാപ്പുറപ്പിച്ചിരുന്നു. അവിടെനിന്നു കുറെ അകലെ തെക്കുമാറി സ്വർത്താബക്കേ എന്നു പേരായി മറൊരു കൃഷിസ്ഥലംകൂടിയുണ്ട്. ആസ്ബ്രാൻഡ് എന്ന കരാളുടെ വകയായിരുന്നു അത്. അയാൾ നിർധനനായിരുന്നതിനാൽ കുടുപജീവനമാർഗ്ഗമുണ്ടാക്കുന്നതിൽ വലിയ വിഷമതയുള്ളതായിക്കണ്ടു. പത്തുകുട്ടികളുണ്ടായിരുന്നു അയാൾക്ക്. എന്തെങ്കിലും സഹായത്തിനുതകത്തക്ക പ്രായം മൂത്തമകനേ ഉണ്ടായിരുന്നുള്ളു. അവന്റെ പേർ ഹാൽസ്റ്റീൻ എന്നാണ്. അയാൾ നല്ല തടിയനും, കുരുത്തുള്ളവനും, നല്ല കുതിര പണിക്കാരനും, തന്റെ പിതാവിനോടു വളരെ അലിവുള്ളവനുമായിരുന്നു; എന്നാൽ മറൊരുവശത്തു വഴക്കാളിയും, ശുണ്ഠിക്കാരനും, ശങ്കാലുവുമായിരുന്നു അയാൾ. പലപ്പോഴും അയാൾ യോട്ടുമായി വഴക്കിട്ടിട്ടുണ്ട്; എന്തെന്നാൽ, മറൊരാൾ ഉൽക്കർഷം പ്രാപിക്കുന്നതു് അയാൾക്കു സഹിക്കാൻ സാധിക്കില്ല—പക്ഷേ യോട്ടാകട്ടെ അയാളുമായി കഴിയുന്നതും അലോഹ്യമൊന്നുംകൂടാതെ കഴിച്ചുകൂട്ടാൻ നോക്കി. കുതിരചെക്കൻ പ്യൂന്നതിൽ കവിഞ്ഞ കുതിരപരിഗണനയും അയാൾ ഹാൽസ്റ്റീനു കൊടുത്തിരുന്നില്ല. അതിനാൽ ഏറ്റവും അയാൾ അറിയാത്ത ഭാവം നടിച്ചുകളയും. ആസ്ബ്രാൻഡിന്റെ നിർധനാവസ്ഥയും യോട്ടിന്റെ അനുകമ്പയെ സമുജ്ജീവിപ്പിച്ചിരുന്നു. അതിനാൽ

Digitized By Kerala Sahitya Akademi

വയ്ക്കാൽ ശേഖരിക്കുന്നതിലോ, മത്സ്യം പിടിക്കുന്നതിലോ, പുഴവക്കിൽനിന്നും മറ്റു സാധനങ്ങൾ പെറുക്കിയെടുക്കുന്നതിലോ, അയാൾക്കു ചെല്ലുണ്ട പങ്കിനേക്കാൾ കൂടുതൽ എടുത്താലും യോട്ട് അതിലെല്ലാം കണ്ണടയ്ക്കുകയാണ് പതിവ്.

സ്കാമെഡാലിൽക്കൂടി ഒഴുകിപ്പോകുന്ന നദിയുടെ പേർ 'സ്വർത്താ' എന്നാണ്. അതിന്റെ കരയ്ക്കു തീരെ വീതിയില്ല; ഇടയ്ക്കിടെ പടുകുണ്ടുകളും നീർച്ചുഴികളും നിറഞ്ഞ കയങ്ങളുമുണ്ട്. എന്നാൽ സ്കാമെഡാലിന്റെ തെക്കുഭാഗത്തു ചെല്ലുമ്പോൾ അതു വിസ്താരംവെച്ച് ഒരു ചെറിയ തടാകമായി കെട്ടിനിൽക്കുകയും അവിടെനിന്നും ഒരു ചാൽവഴി ഒഴുകി ഒരു വെള്ളച്ചാട്ടമായിപ്പരിണമിക്കുകയും ചെയ്യുന്നു. ജലപാതത്തിനു തൊട്ടുള്ള തടങ്ങളിലാണ് യോട്ടിന്റെ ധാന്യങ്ങൾ വിളയുന്ന ഏറ്റവും നല്ല വയലുകൾ. പക്ഷിപങ്കികളാൽ അകറ്റിനിർത്തപ്പെട്ടിരുന്നതിനാൽ മലഞ്ചെരുവിൽ വലിയ തോതിലുള്ള മഴയൊന്നും ഉണ്ടാകാറില്ല. അതുകൊണ്ട് അവിടെയുള്ള തന്റെ പുൽത്തകിടുകളും നിലങ്ങളും നനയ്ക്കുവാൻ സാധിക്കത്തക്ക വിധത്തിൽ പുഴയിൽ കാണകെട്ടണമെന്നു യോട്ടിന്റെ മനസ്സിലുണ്ടായിരുന്നു. വസന്തത്തിലെ വെള്ളപ്പൊക്കത്തിനു് ഒരു കൊല്ലം മുൻപു് അയാൾ അതിന്റെ ജോലി ആരംഭിക്കുകയും ചെയ്തു. ഹാൽസ്റ്റിനു് വലിയ കോപം വന്നു. സ്വർത്താബക്കേയിൽ അതുവഴ്ക്കു വലിയ നാശം ചെയ്യുമെന്നു് അയാൾ പറഞ്ഞു. യോട്ടിൽനിന്നും തനിക്കു അനുഭവിക്കുന്ന ഉപദ്രവങ്ങളെക്കുറിച്ചു് അയാൾ

Digitized By Kerala Sahitya Akademi

കണ്ണിൽ കണ്ട ആളുകളോടെല്ലാം നാട്ടുനീളെ പറഞ്ഞു നടന്നു. ഇതു യോട്ടിന്റെ ചെവിട്ടിലെത്തി. പക്ഷേ സരസ്വതീപ്രസാദംപോലെ അയാൾ ഇഷ്ടമുള്ളതൊക്കെപ്പറഞ്ഞുകൊള്ളട്ടെ എന്നു് അയാളുതു കൂട്ടിൽ ഏടുക്കുകയേ ചെയ്തുള്ളു.

ഒരു ദിവസം അവർ അണയിൽ പണിയെടുത്തുകൊണ്ടിരിക്കുമ്പോൾ പണി വിട്ടാൻ പറഞ്ഞുകൊണ്ടു ഹാൽസ്റ്റീൻ നേരെ യോട്ടിന്റെ അടുത്തയ്ക്കു വന്നു; താൻ കച്ചേരിയിൽ പരാതി കൊടുക്കാൻ പോവുകയാണെന്നും ദരിദ്രനായ ഒരു മനുഷ്യന്റെ കൃഷിസ്ഥലം നശിപ്പിക്കുവാൻവേണ്ടി ചെയ്യുന്ന ആ പ്രവൃത്തിക്കു യോട്ടിനു് ഒരവകാശമില്ലെന്നു് അപ്പോൾ കാണാമെന്നും പറഞ്ഞു് അയാൾ വഴക്കു കൂടി.

"കാഹോ, കോടതിയിലോ കച്ചേരിയിലോ എവിടെവേണമെങ്കിലും പൊയ്ക്കോളൂ, ഹാൽസ്റ്റീൻ," ഒരു പൊട്ടിച്ചിരിയോടുകൂടി യോട്ടു് പ്രസ്താവിച്ചു: "ഈ ചെയ്യുന്ന പണികൊണ്ടു് എനിക്കു് കിട്ടുന്നോടത്തോളം ഗ്രണംതന്നെ തനിക്കും കിട്ടുമെന്നു തന്റെ അച്ഛനറിയാം. എന്തുകൊണ്ടെന്നാൽ, എന്റെ അണയിലെ വെള്ളം അയാൾക്കു് ആവശ്യമുള്ളിടത്തോളം ഉപയോഗിക്കാനൊക്കും. എന്തായാലും താനിപ്പോൾ തന്റെ പാടു നോക്കി പോകൂ. താനുമായി ഇവിടെനിന്നു വർത്തമാനം പറയാൻ എനിക്കു സമയമില്ല."

"കാഹോ, നിങ്ങളിതൊരു മഹാകാര്യമായി കണക്കാക്കിരിക്കുകയാ," ഹാൽസ്റ്റീൻ തട്ടിവിട്ടു; "പിന്നല്ലാതെ

Digitized By Kerala Sahitya Akademi

വരുമോ, നിങ്ങളല്ലേ, ഈ പ്രദേശങ്ങളിലെ ഏറ്റവും വല്യേ ആൾ. പക്ഷേ വരട്ടെ, കാത്തിരുന്നോളൂ; നിങ്ങൾക്കു കാണാം. ഞങ്ങൾക്കുമുണ്ടു ചില ചാപ്പ്ക്കാരൊക്കെ; അവരതിനുവേണ്ട നടപടിയൊക്കെ നടത്തിക്കൊള്ളും. നിംങ്ങളെപ്പോലെത്തന്നെയുള്ളവരാണവരും."

"കാഹോ, അങ്ങനെയോ?" പൊട്ടിച്ചിരിച്ചുകൊണ്ടു യോട്ട് പറഞ്ഞു: "എന്നാൽ എളുപ്പം ഒന്നു പെന്നാഃട്ട ഹാൽസ്റ്റീൻ. എന്നിട്ടു ഞാൻ പറഞ്ഞയച്ചു എന്നവരോടു പറഞ്ഞേക്കൂ, അവരുമായി കണ്ടുമുട്ടാൻ എനിക്കു സന്തോഷമാണെന്ന്."

അപ്പോഴേയ്ക്കും ലീകനിയും അവിടെ വന്നെത്തിയിരുന്നു. രോമംകൊണ്ടുള്ള ഒരു മസ്ത്രം നനയ്ക്കുവാനായി അവൾ തടാകത്തിൽ വന്നതാണ്. അവൾ പറഞ്ഞു:

"കഴിഞ്ഞ ശീതകാലത്ത് അദ്ദേഹത്തിന്റെ ഒരു പെമ്മരിയാടു കാണാതെ പോയപ്പോൾ നിങ്ങൾ എല്ലാവരും അന്വേഷിച്ചു നടക്കുകയും നിങ്ങൾക്കാർക്കും കണ്ടെത്താൻ സാധിക്കാതെ വരികയും ചെയ്തല്ലോ; എന്നിട്ട് അദ്ദേഹവും ഞങ്ങളുംകൂടി പർവ്വതത്തിൽ പല ദിക്കിലും തിരക്കി അതിനെ പിടിച്ചുകൊണ്ടുവന്നു. അപ്പോഴും, പിന്നീട് അനേകം പ്രാവശ്യവും, യോട്ട് ഇക്കാണുന്നപോലൊക്കെത്തന്നെയാണെന്നും നിസ്സാരകാര്യങ്ങളിൽ കണ്ണടച്ചുകളയുന്ന പ്രകൃതക്കാരനാണെന്നും മനസ്സിലാക്കി ആസ് ബ്രാൻഡിനു് തികച്ചും സന്തോഷിക്കുവാൻ സാധിച്ചിട്ടുണ്ട്."

Digitized By Kerala Sahitya Akademi

ഫാൽസ്റ്റീൻ അഗ്നിതുല്യം അരുണോജ്ജ്വലനായി രൂപാന്തരപ്പെട്ടു; അയാൾ ഉച്ചത്തിൽ ഉദ്ഘോഷിച്ചു:

"നിങ്ങൾ മോഷണക്കുറ്റം ഞങ്ങളുടെ മേൽ ചുമത്തി ഞങ്ങളെ ശല്യപ്പെടുത്തുന്നോ, ലീകനി?"

"ഛേയ്, അല്ല," ലീകനി പ്രതിവദിച്ചു: "നിങ്ങൾക്കു കണ്ടുപിടിക്കാൻ കഴിയാഞ്ഞ മൊമ്മരിയാടിനെ യോട്ട് പിടിച്ചുകൊണ്ടുവന്നു. എന്നിട്ട് കുറ പ്രത്യേക രീതിയിൽ അതിനെ നമുക്കു വെട്ടിപ്പങ്കിട്ടു തന്നല്ലോ. ആ പങ്കിടലിൽ, ആ സമയത്ത്, ഈ വല്യേ ആളുടെ പേരിൽ നിങ്ങൾക്കു വലിയ മതിപ്പും തൃപ്തിയും തോന്നി. അന്ന് അങ്ങനെ ചെയ്യേണ്ട കാര്യം നിങ്ങൾക്കുണ്ടായിരുന്നു."

"നിങ്ങളുടെ ഭർത്താവിനെ നിങ്ങൾക്കിത്ര മതിപ്പുള്ളതേതായാലും നല്ലതുതന്നെ, ലീകനി. എന്തുകൊണ്ടെന്നാൽ, നിങ്ങൾ മറിച്ചുപറയാൻ നിവൃത്തിയില്ലാത്ത കുറ പതനത്തിലായിപ്പോയല്ലോ?"

ലീകനി അതിനു മറുപടി കൊടുക്കാൻ ഉന്നിയതാണ്; പക്ഷേ, യോട്ട് പറഞ്ഞു:

"ഈ ചെറുപ്പക്കാരി പറയുന്നതൊന്നും താനത്ര കണക്കാക്കരുത്. അയാളുമായി നിന്നു പോച്ചാൻ നമുക്കൊട്ടു സമയവുമില്ല, ലീകനി. അതുകൊണ്ട്, ഫാൽസ്റ്റീൻ, താൻ തന്റെ വഴിക്കു പോവൂ!"

അനന്തരം ഫാൽസ്റ്റീൻ അവിടെനിന്നും പോയി. പക്ഷേ അധികദൂരം ചെല്ലുന്നതിനു മുൻപ് അയാൾ തിരിഞ്ഞുനിന്നുച്ചത്തിൽ വിളിച്ചു പറഞ്ഞു:

Digitized By Kerala Sahitya Akademi

"നിങ്ങടെ കല്യാണം കഴിച്ചിട്ടുള്ളതു് ഏതായാലും നന്നായിട്ടാണു്, യോട്ടേ! ഈ സ്ത്രീയെ നിങ്ങടെ കിട്ടിയതും ഒരു നല്ല കായ്മതന്നെ!—കാരണം നിങ്ങടെ നിഡ റോസിൽവെച്ചു് ഒരു നോർവീജിയൻപെണ്ണിന്റെ പുറകേ പാട്ടനടന്നിരുന്ന എന്നും, നിങ്ങളുടെ പൗരുഷവും വീരസ്യവുമൊക്കെ തൃണംപോലെ കരുതി, നിങ്ങളുടെ കൺവെട്ടത്തുവെച്ചുതന്നെ അവടെ മറ്റൊരുത്തന്റെ പുറകേ പോയി എന്നും ഞാൻ കേട്ടിട്ടുണ്ടു്!"

അതു കേട്ടയുടൻ യോട്ടു് ഒന്നട്ടഹസിച്ചു. നിലത്തു കിടന്നിരുന്ന ഒരു കുന്തം കൈയിലെടുത്തു ഫാൽസ്റ്റിനെ ലക്ഷ്യമാക്കി അയാടം ഒരേറുകൊടുത്തു. അതു നേരേ ചെന്നു് അവന്റെ കണ്ണിൽത്തറക്കുകയും നിന്നിട്ടുതന്നെ അവൻ മരിച്ചുവീഴുകയും ചെയ്തു. താൻ ചെയ്ത കൊലയെക്കുറിച്ചു് അറിയുംകൊടുക്കാൻ യോട്ടു് സ്വത്താബാക്കയിലേയ്ക്കു് ഒരാളെ അയച്ചു. അനന്തരം അയാടം വീട്ടിലേയ്ക്കു പോയി. ലിങ്കനി അയാളെ അനുഗമിച്ചു. അന്നു പകൽ കുറെ വൈകിയിട്ടു് അവടം ചോദിച്ചു:

"ആ ഫാൽസ്റ്റിൻ എന്താ പറഞ്ഞതു്, നോർവേയിലുള്ള ഒരു സ്ത്രീയെക്കുറിച്ചു്?"

"ഓ അതൊരു പഴയ കഥയാണു്. അതിനെക്കുറിച്ചു നിനക്കു തല പുണ്ണാക്കേണ്ട ഒരു കായ്മയുമില്ല," യോട്ടു് പറഞ്ഞു: "പിന്നെ അതിനെക്കുറിച്ചു് എന്നോടൊന്നും സംസാരിക്കരുതു്—എന്തുകൊണ്ടെന്നാൽ, അതിനെക്കുറിച്ചു് എന്തെങ്കിലും പറയാൻ ഞാൻ ഭാവിച്ചിട്ടില്ല."

Digitized By Kerala Sahitya Akademi

മുപ്പത്തിയൊന്നു്

ഹാൽസ്റ്റീന്റെ മരണവാർത്ത കേട്ടു് ആസ്ബ്രാൻഡിനു സങ്കടംകൊണ്ടും ഭയംകൊണ്ടും വെളിവുകെട്ടുപോയി. അയാളുടെ അണികൊണ്ടും മറെറന്തുകൊണ്ടും യോട്ടു് തന്നെ മനഃപൂർവ്വം ദ്രോഹിക്കാൻ കരുതിക്കെട്ടിരിക്കയാണെന്നു് അയാഠം ദൃഢമായി വിശ്വസിച്ചു. അടുത്ത ദിവസം യോട്ടു് സ്വത്താബക്കേയിൽ വന്നു; ആ അവസരത്തിൽ ആസ്ബ്രാൻഡു് സഹായമപേക്ഷിക്കാൻ അയാളുടെ മാമ്പുക്കാരുടെ അടുത്തേയ്ക്കു പോയിരിക്കുകയായിരുന്നു. അയാഠം തന്റെ ഭാര്യയുടെ അകന്ന കരു മാമ്പുവഴിയിലുള്ള ബീനയുടെ പുത്രന്മാരെ കൊന്നു കണ്ടു കേസു നടത്തണമെന്നപേക്ഷിച്ചു. കൊലപാതകം സംബന്ധിക്കുന്ന കാര്യത്തിൽ നഷ്ടപരിഹാരമൊന്നും തന്നു രാജിയാകുന്ന പ്രകൃതക്കാരനല്ല യോട്ടു് എന്നു തനിക്കു നല്ല നിശ്ചയമുള്ളതായി കസ്റ്റു് പ്രസ്താവിച്ചു; നേരെ മറിച്ചു വരുന്നതു വരട്ടെ എന്നു കരുതി അയാഠം ഇതിനേക്കാഠം ഭയങ്കരമായി പലതും ചെയ്യുവാനാണു് എളുപ്പമെന്നു് അയാഠം താക്കീതു കൊടുത്തു; എന്നായാലും തനിക്കു നിയമപരിജ്ഞാനമുള്ളതുകൊണ്ടും കൂടുതികം സ്നേഹിതന്മാരുള്ളതിനാലും യോട്ടിനെ കൊന്നു മറ്റൊരു പഠിപ്പിക്കാൻ താനിഷ്ടപ്പെടുന്നുവെന്നും, അതിനാൽ കേസുനടത്തുന്ന ഭാരം കയ്യേല്ക്കുവാൻ തനിക്കു സമ്മതമാണെന്നും കസ്റ്റു് പ്രസ്താവിച്ചു. കോടതിയിൽ കേസുകൊടുക്കുവാനുള്ള ഘട്ടമാകുന്നതുവരെ ആസ്ബ്രാൻഡു് കസ്റ്റിനോടൊന്നിച്ചാണു് താമസിച്ചതു്.

Digitized By Kerala Sahitya Akademi

കോടതിയിൽ പൊകണമെന്ന യോട്ടിനുമുണ്ടായിരുന്ന ഉദ്ദേശം. ലിക്കറിക്കു് അയാളോടൊന്നിച്ചു പോകുവാൻ ആഗ്രഹമുണ്ടായി. അവൾ ഗർഭിണിയായതിനാലും, യാത്ര ദീഘവും ക്ലേശകരവുമായതുകൊണ്ടും വീട്ടിൽത്തന്നെ ഇരുന്നാൽ മതിയെന്ന യോട്ടു് നിർബ്ബന്ധം പിടിച്ചു. പക്ഷേ, കസ്റ്റംമായിട്ടുള്ള ഈ ഉരസിലിന്റെ അവസാനം എങ്ങനെയാണെന്നു കാണുന്നവരെ വീട്ടിൽത്തനിക്കു് ഒരു സമാധാനവും ഉണ്ടാകുന്നതല്ലെന്നു് അവൾ തേങ്ങിക്കരഞ്ഞുകൊണ്ടു് അയാളോടു പറഞ്ഞു. കടുവിൽ അവളും പോന്നുകൊള്ളട്ടെ എന്നു തീരുമാനിക്കപ്പെട്ടു. കൂടെ അവരുടെ മകനും ഉണ്ടായിരുന്നു. രണ്ടു വയസ്സു പ്രായമുള്ള അവന്റെ പേർ 'ലൈറ്റിംഗ്' എന്നാണു്. ഇക്കാരണങ്ങളാൽ വളരെ സാവധാനത്തിലാ അവർ യാത്ര ചെയ്തുള്ളു. കുറെ ദിവസം കഴിഞ്ഞാണു് അവർ കോടതിയിലെത്തിയതു്. അവർ അവിടെ വെറർലൈഡുമൊന്നിച്ചു താമസമാക്കി. അയാൾക്കവിടെ ഒരു കൊച്ചു വീടുണ്ടായിരുന്നു. ഗ്രന്ഥങ്ങളൊന്നിച്ചു് അയാൾ കോടതിയിൽ വരികയുംചെയ്തു.

യോട്ടു് വന്നതിന്റെ പിറേറദിവസം രാവിലെ അവിടെയുള്ള കടിലുകാരുടെയിടയിലൂടെ വൃദ്ധനായ ആസ് ബ്രാൻഡ് അങ്ങനെ നടന്നുപോകുമ്പോൾ ജെസ്റ്റ് കസ്റ്റ് ലീവ്സൺ എന്ന കരാളെ കണ്ടുമുട്ടുകയും അയാളുമായി സംഭാഷണത്തിലേർപ്പെടുകയും ചെയ്തു. താൻ ആരാണെന്നതിനെപ്പറ്റിയും യോട്ടുമായുള്ള തന്റെ കേസിനെക്കുറിച്ചും ആസ്ബ്രാൻഡ് അയാളോടു പറഞ്ഞു. അനന്തരം രം ജെസ്റ്റ് ഇംഗ്ലണ്ടിലെ പ്രസ്ഥാവിച്ചു.

Digitized By Kerala Sahitya Akademi

"ഹാൽസ്റ്റീനെ കൊന്ന് കാര്യം സമാധിയായിരുന്നിരുന്നപക്ഷം വേണ്ട നഷ്ടപരിഹാരമൊക്കെച്ചെയ്യാമെന്നായിരുന്ന യോട്ടിന്റെ ആദ്യത്തെ ഉദ്ദേശമെന്നും, കസ്റ്റ് ഇതിൽ ഇടപെട്ടതുകൊണ്ട് അയാളിപ്പോൾ 'രണ്ടും കല്പിച്ച്' തന്നെ ഇറങ്ങി പുറപ്പെട്ടിരിക്കയാണെന്നും, ഇനി അയാൾ കരിക്കലും വിട്ടുകൊടുക്കില്ലെന്നും ഞാൻ കേട്ടിരിക്കുന്നു."

അല്പനേരം ഇതു സംബന്ധിച്ചവർ തമ്മിൽ സംസാരിച്ചു. അനന്തരം ജെസ്റ്റ് അയാളെ വിട്ട തന്റെ വഴിക്കു പോയി. കുറെനേരം ഇതിനെക്കുറിച്ചു ചിന്തിച്ചുകൊണ്ട് അയാൾ തറിയെ അങ്ങുമിങ്ങും ചുറ്റിത്തിരിഞ്ഞു. തന്റെ പരാതിക്കാര്യം 'കസ്റ്റ്' തുമ്പില്ലാതെ കളഞ്ഞു കുളിച്ചേയ്ക്കുമെന്ന് ഇപ്പോൾ അയാൾ ഭയപ്പെട്ടു. ഉടൻതന്നെ അയാൾക്കൊരു യുക്തി തോന്നി. വെറാർലൈഡിന്റെ ഭവനത്തിൽ ചെന്നു യോട്ടിനെ തനിച്ചു കണ്ടു സംസാരിക്കുക!—അതാണ് നല്ലത്. അയാൾ അങ്ങനെതന്നെ പ്രവർത്തിക്കുകയും ചെയ്തു.

അവർ അപ്പോൾ ഉണർന്നേറ്റതേ ഉള്ളു. വെറാർലൈഡും യോട്ടും അവരെ കാണുവാനായിവന്ന പരിചയക്കാരുമൊന്നിച്ചിരുന്നു ഭക്ഷണം കഴിക്കുകയായിരുന്നു. ലീകനിയും ഗ്രന്ഥണും കൂടെയുണ്ട്. അവരെ കണ്ട ഉടൻ ആസ്ബ്രാൻഡ് തന്റെ തീരുമാനം മാറി വന്നവഴിയെ മടങ്ങിപ്പോകാൻ തുനിഞ്ഞു; പക്ഷേ യോട്ട് അയാളെ വിളിച്ച് ഇങ്ങനെ പ്രസ്താവിച്ചു:

'ഏ താണെടാ, ആസ്ബ്രാൻഡ്, തന്നെ താങ്ങാനുള്ളോരെ താനെന്തു ചെയ്തു? അതോ തന്റെ കേസിൽ

Digitized By Kerala Sahitya Akademi

മുഷിവുതോന്നി കസ്റ്റഡി അതു വലിച്ചു പള്ളയിലെറിഞ്ഞു എന്നുണ്ടോ?"

ആനി ബ്രാൻഡ് 'മുഖംകൊണ്ടു മഞ്ഞളുച്ചു'കൊണ്ടും കാരോന്നു മുറുമുറുത്തുകൊണ്ടും അവിടെ നിന്നു. കട്ടിൽ അയാഥം യോട്ടിനെ രഹസ്യമായി പുറത്തുവിളിച്ചു ഫാൽസ്റ്റിന്റെ മരണത്തിനു നഷ്ടപരിഹാരം കൊടുക്കുവാൻ അയാഥം സന്നദ്ധനാണോ എന്നു ചോദിക്കണമെന്നായിരുന്നു ആദ്യം തന്റെ ആശയെന്നും പിന്നീടാണു് കേസുകൊടുക്കാനൊരുമ്പെട്ടതെന്നും അറിയിച്ചു. അതു പറഞ്ഞുകൊണ്ടു് അയാഥം പൊട്ടിക്കരയാൻ തുടങ്ങി.

പിന്നീടു യോട്ടു് പറഞ്ഞു:

"നാം അയൽപക്കക്കാരാണു്; എന്നിട്ടും മരണംവരെ ഫാൽസ്റ്റീൻ എന്നെ കാരോന്നു പറഞ്ഞു സൈ്വരം കെടുത്തുക പതിവായിരുന്നു. പക്ഷേ, ഞാൻ എല്ലാം ക്ഷമയോടെ സഹിച്ചു. കടുവിൽ അടക്കാനാകാത്തവിധം അയാഥം എന്റെ കോപത്തെ മനഃപൂർവ്വം ഊതിക്കത്തിക്കുകയാണു് ചെയ്തതു്. അതിൽ ആക്ഷേപം അത്ഭുതത്തിനവകാശമില്ല. ഇങ്ങനെയെല്ലാമാണെങ്കിലും അയാളെ കൊന്നതിൽ എനിക്കു പശ്ചാത്താപമുണ്ടു്; എന്തുകൊണ്ടെന്നാൽ, തനിക്കു് ഏറ്റവും വലിയ സഹായിയായിരുന്ന അയാഥം ഏതുനു് എനിക്കു് അറിയാം; താനാകട്ടെ വൃദ്ധനും ദരിദ്രനുമാണു്. അതുകൊണ്ടു കൊലപ്പിഴയായി നല്ല കരുതുകതരിക്കു തരണമെന്നായിരുന്നു എന്റെ വിചാരം. അതു ഞാനിപ്പോഴും ചെയ്യാം. ഈ നിരീക്ഷത്തിനാത്തന്നെ താനതിനു് അനുകൂലിക്കുന്നപക്ഷം ഞാൻ വേണ്ടതുപോലൊ

Digitized By Kerala Sahitya Akademi

ക്കെ പ്രവർത്തിക്കാം. പക്ഷേ താൻ കസ്റ്റിന്റെ ഉപദേശം കേൾക്കാനാണ് ഇനിയും ഭാവിക്കുന്നതെങ്കിൽ മറ്റൊരാളുടെയും ഉപദേശം താൻ കേൾക്കുകയില്ല; തന്റെ ഇഷ്ടംപോലെ ചെയ്യുകയും ചെയ്യും. അതുകൊണ്ട് അയാൾക്ക് ഞാൻ ലേശമെങ്കിലും വഴങ്ങിക്കൊടുക്കുമെന്നു താൻ വിചാരിക്കേണ്ട. താൻ പൊരുത്തപ്പെടുന്നപക്ഷം ആളുകളെക്കൊണ്ടും തനിക്ക് വീട്ടിലാവശ്യമുള്ള സാധനസാമഗ്രികളെക്കൊണ്ടും മാറും തനിക്ക് എന്തൊക്കെ സഹായം വേണമെന്നാണെങ്കിലും അതൊക്കെ ഞാൻ ചെയ്യുന്നതാണ്; തനിക്കോ തന്റെ കുട്ടികൾക്കോ ഒരുപദ്രവവും ഉണ്ടാവുകയുമില്ല. ഇനി തനിക്ക് തന്റെ ഇഷ്ടംപോലെ ചെയ്യാം. പക്ഷേ ഒന്നു താൻ കാത്തോളൂ: താൻ ഒരൊറ്റ ആളുമായിട്ടുമാത്രമേ ഞാനിങ്ങനെ നഷ്ടപരിഹാരം തന്നു രാജിയാകാൻ ഈ ജീവിതത്തിൽ ഒരുമ്പെട്ടിട്ടുള്ളൂ."

ആസ്ബ്രാൻഡ് ആ നിർദ്ദേശം അവിടെവച്ചുതന്നെ സ്വീകരിച്ചു. വെറർലൈഡ് യോട്ടിനുവേണ്ടി വെള്ളിയെടുത്തു തൂക്കിനോക്കി. പിരിയുന്ന അവസരത്തിൽ വെറർലൈഡ് വെള്ളികൊണ്ടുള്ള ഒരു അരപ്പുട്ട ആസ്ബ്രാൻഡിനു കൊടുത്തു. ആ വൃദ്ധൻ സന്തുഷ്ടചിത്തനായി സപ്രഹത്തിലേയ്ക്കു മടങ്ങി. എന്നാൽ ഇതുകേട്ട് കസ്റ്റ് കോപാക്രാന്തനായിത്തീർന്നു. അയാൾ ആസ്ബ്രാൻഡിനെ കുട്ടുവളരെ ഭർത്സിച്ചു പറഞ്ഞയച്ചു.

ഈ കഥനിനക്കുറിച്ചു നാടെങ്ങും വലിയ സംസാരമുണ്ടായി കുറച്ചു നാളുകഴിഞ്ഞ് വെഗ്ഹോട്ട് വളരെ ശാന്തനായിത്തീർന്നിട്ടുണ്ടെന്നു ജനങ്ങൾക്കു തോന്നി. പക്ഷേ ലീകനി താൻ പറയുന്നതിൽ വെവിക്കൊടുക്കുന്നവരോടൊ

Digitized By Kerala Sahitya Akademi

ക്കെ യോട്ടിന്റെ ഉദാരാത്മതയെകുറിച്ചു പുകഴ്ത്തിപ്പറഞ്ഞു. അദ്ദേഹത്തോട് എതിർക്കാൻ ശക്തിയില്ലാത്ത വൃദ്ധനും ദരിദ്രനുമായ ഈ മനുഷ്യനോടല്ലാതെ അദ്ദേഹം ഇന്നോളം കരിക്കലും പൊരുത്തപ്പെടുകയുണ്ടായിട്ടില്ല. പക്ഷേ അവരെല്ലാം പൊട്ടിച്ചിരിച്ചുകൊണ്ട്, ശരിയാകട്ടെ, തെറ്റാകട്ടെ യോട്ട് തനിക്കു തോന്നുമ്പോലെ ചെയ്യുമെന്നും, എന്നിരുന്നാലും അയാൾ ചെയ്തത് ഉത്തമമായി എന്നും അയാളുടെ ഭാഗ്യം കരുതുമെന്നും അവളുടെ മുഖത്തുനോക്കി പരിഹസിച്ചു പറഞ്ഞു.

മുപ്പത്തിരണ്ട്

കോടതിക്കായ്യം അങ്ങനെ ശല്യംകൂടാതെ അവസാനിച്ചശേഷം യോട്ടും ലിങ്കനിയും ഹോൾട്ടാറിലേയ്ക്കു തിരിച്ചു; കുറച്ചുനാൾ അവർ അവിടെ താമസിക്കുകയും ചെയ്തു. വെറർലൈഡ് ആ പ്രദേശത്തു് ഒരു ദിക്കിൽ വളർത്തിയിരുന്ന ഒരു പന്തയക്കുതിരയെ പരിശോധിക്കുവാനായി യോട്ട് മൈതാനപ്പുറപ്പിൽക്കൂടി കുതിരപ്പുറത്തു പുറപ്പെട്ടു. വഴിക്കുവെച്ചു് അയാൾ ഒസ്റ്റ്ംബീനസണെ കാണാൻ ഇടയായി. അയാളുടെ കൂടെ ഒരു മനുഷ്യൻ അകമ്പടിയായിട്ടുപായിരുന്നു.

ഒസ്റ്റ് അയാളെ അഭിവാദ്യം ചെയ്തുകൊണ്ടു പറഞ്ഞു: "നാമേതായാലും ഒരേവഴിക്കാണല്ലോ. അതുകൊണ്ടു നമുക്കു കൂട്ടായിട്ടുപ്പാകാം. നിങ്ങൾ ആസ്ബ്രാൻഡുമായി കാര്യമെല്ലാം സമാധാനത്തിൽ കലാശിപ്പിച്ചതിനാൽ നമ്മുടെ സൗഹാർദ്ദത്തിനു് ഇനി യാതൊരു പ്രതിബന്ധവുമില്ല."

Digitized By Kerala Sahitya Akademi

കരുമിച്ചുള്ള യാത്ര കസ്തൂരിന് ഇഷ്ടപ്പെട്ടതുകൊണ്ട് എന്തായാലും അങ്ങനെതന്നെയാകാം എന്നു മാത്രം അയ്യാൾ മറുപടി പറഞ്ഞു: അനന്തരം ഹോൾട്ടാറിലുള്ളവരുടേയും, ലീകുനിയുടേയും വിശേഷം കസ്തൂ അയാളോടന്വേഷിച്ചു. അവക്കെല്ലാം സുഖംതന്നെ എന്നു യോട്ട് മറുപടി നൽകി.

അവർ കുതിരകളെ കാണുകയും നല്ലവണ്ണം അവയെ പരിശോധിക്കുകയും ചെയ്തു. അതുകഴിഞ്ഞു് അവൻ മലഞ്ചെരുവിലേയ്ക്കു കുതിരപ്പുറത്തു മടങ്ങിപ്പോന്നു. കസ്തൂരിന് കുറച്ചധികം സംസാരിക്കാനുണ്ടായിരുന്നു; അയ്യാൾ വലിയ സൗഹാർദ്ദം പ്രദർശിപ്പിച്ചു. യോട്ട് എല്ലാറ്റിനും അയ്യാൾക്കു തുരുമ്പിയ മറുപടി കൊടുത്തു. ഒടുവിൽ അവൻ കുതിരപ്പുറത്തുനിന്നും ഇറങ്ങി അവരുടെ കൈവശമുള്ള ആഹാരം കഴിക്കുവാനായി അവിടെ കരിടത്തിരുന്നു. അവർ അങ്ങനെ ഇരിക്കുമ്പോൾ കസ്തൂ പറഞ്ഞു:

"നിങ്ങൾ ഇത്ര യോലുവും ശാന്തനുമായ കുറു മനുഷ്യനായിരുന്നിട്ടും നിങ്ങളും ഹാൽസ്റ്റീനും തമ്മിൽ കുറു ശണ്ഠയുണ്ടായതെങ്ങനെ എന്നു് എത്ര ആലോചിച്ചിട്ടും എനിക്കു് കുറു പിടിയും കിട്ടുന്നില്ല, യോട്ട്! ആ പഴയ കുറു വിവാഹകാര്യത്തെക്കുറിച്ചെന്തോ പറഞ്ഞതു നിങ്ങൾക്കു സഹിക്കാൻ സാധിക്കാഞ്ഞതാണതിന്റെ കാരണമെന്നു ജനങ്ങൾ പറയുന്നതു ശരിയാണോ?"

"എന്റെ സൗഹാർദ്ദത്തിനുമേൽ നിങ്ങൾ അത്രമാത്രം കെട്ടിപ്പിടിക്കാൻ ഇഷ്ടപ്പെടുന്നുപോലെ തോന്നുന്നതുകൊണ്ടു ഞാൻ കുറച്ചു പറയാം," യോട്ട് മറുപടിയേകി: "നിങ്ങളും

Digitized By Kerala Sahitya Akademi

അക്കാര്യത്തിൽ തലയിടാതിരിക്കുന്നതാണു് നല്ലതു്. അല്ലെങ്കിൽ, ഈ സംസാരം ഇവിടെ, ഐസ്‌ലാൻഡു മുഴുവനും, പ്രചരിപ്പിക്കുന്ന മനുഷ്യൻ ഒരു പക്ഷേ, നിങ്ങളായിരിക്കാം.”

“നിങ്ങളൊരു പെണ്ണിനുവേണ്ടി പ്രാണൻ കളഞ്ഞുകൊണ്ടു നിഡറോസിൽ ഉഴന്നിരുന്ന കാലത്തു നിങ്ങളെ അവിടെ കണ്ടുമുട്ടിയ ജനങ്ങളിൽനിന്നാണു് ഞാൻ ഈ സംസാരം കേട്ടതു്!”

യോട്ടു് ചാടിയെഴുന്നേറ്റു് അയാളുടെ കൈക്കോടാലി വലിച്ചെടുത്തു; ഒട്ടും പെട്ടെന്നയന്റെ തന്റെ കുന്തമെടുത്തു് അയാളെ തടുത്തുകൊണ്ടു് അയാളുടെ മുൻപിൽ പരിച തള്ളിപ്പിടിച്ചു.

“അയ്യോ, കഷ്ടം, നിങ്ങളുടെ ചാപ്പ്ക്കാക്കു നിങ്ങളൊന്നും അവശേഷിച്ചിട്ടില്ലായിരുന്നു,” എന്നു പറഞ്ഞുകൊണ്ടു് യോട്ടു് ഒട്ടിംസന്റെ കുറുങ്കണ്ണു രണ്ടായി മുറിച്ചിട്ടു. “പക്ഷേ, നിങ്ങൾക്കു് അതിനു വലിയ വിഷമമുള്ളതുകൊണ്ടു് അല്പം വല്ലതും നിങ്ങൾക്കുവേണ്ടി എനിക്കു കണ്ടുപിടിക്കാൻ കഴിയും.” ഇങ്ങനെ പറഞ്ഞു അയാൾ ഒട്ടിന്റെ പരിച വെട്ടിപ്പിളർക്കുകയും, അടുത്തമാത്രയിൽ കോടാലി ഒട്ടിന്റെ തോളിൽ തറച്ചുതാഴ്ക്കയും ചെയ്തു; അങ്ങനെ മാരകമായ ഒരു മുറിവേറ്റുകൊണ്ടു് അയാൾ പിന്നോട്ടു മലച്ചു.

ഒട്ടിന്റെ കൂടെ ഉണ്ടായിരുന്ന ഭൃത്യൻ ചെറുപ്പക്കാരനും പേടിത്തൊണ്ടനുമായിരുന്നു. ഞൊടിക്കുള്ളിൽ അയാൾ അവിടെനിന്നും പാഞ്ഞു. യോട്ടു് ഹാൾട്ടാറിലെ

Digitized By Kerala Sahitya Akademi

യ്ക്കു കുതിരപ്പുറത്തു മടങ്ങിപ്പോയി. അവിടെച്ചെന്നു് അയാൾ നടന്നതെല്ലാം വിവരിച്ചു. അയാൾ ഇനി എന്താണു് ചെയ്യാൻ പോകുന്നതെന്നു വെറർലൈഡ് ചോദ്യമിട്ടു. കുന്നമില്ല, എന്നായിരുന്നു യോട്ടിന്റെ മറുപടി; പക്ഷേ, ഒഡ്ഡിന്റെ കേസു നടത്താൻ ഭാരമേല്പിക്കുന്നവർക്കു വലിയ സന്തോഷമായിരിക്കുമെന്നു് അയാൾ കരുതിയില്ല.

കുറച്ചുനേരം കഴിഞ്ഞു വെറർലൈഡ് വാൾ വിട്ടിറങ്ങിപ്പോയി. യോട്ട് ലീകുനിയോടൊന്നിച്ചു തനിച്ചാക്കപ്പെട്ടു; ആ രണ്ടാൺകുട്ടികൾ ആറ്റിലേയും ലൈട്ടിംഗ്രം മാത്രം ബെഞ്ചിനരികെ ഇരുന്നു കളിക്കുന്നുണ്ടു്. . യോട്ട് പെന്നു് അവരുടെ കിടക്കപ്പുറത്തു കമിഴ്ന്നടിച്ചു വീണു; അവർ ഹാളിൽ ഇട്ടിരുന്ന ചപ്പുചവറുകളെല്ലാം എടുത്തു കളഞ്ഞു വൃത്തിയാക്കുകയായിരുന്ന ലീകുനി. അങ്ങനെ ചെയ്തുകൊണ്ടിരിക്കെ അവൾ അയാളോടു കൊലയെക്കുറിച്ചു് കാരോ ചോദ്യംചെയ്തു. പക്ഷേ, അയാൾ നല്കിയ ഉത്തരങ്ങൾ അതിഹ്രസ്വങ്ങളായിരുന്നു.

അനന്തരം അവൾ പറഞ്ഞു:

"ഇങ്ങനെ ഒരു സംഗതിയിലേയ്ക്കു് അങ്ങയെ ആനയിക്കുമാറു നിങ്ങൾ ഇരുവരും തമ്മിൽ നടത്തിയ ആ വാക്കുത്തക്കം എന്താണെന്നു് അങ്ങു് എന്നോടു പറയുമെന്നു ഞാൻ ഉറപ്പു കരുതുന്നു."

"കാ, അത്ര പറയത്തക്ക മഹാകാര്യമൊന്നുമല്ലത്തു്," യോട്ട് പറഞ്ഞു: "പരമാർത്ഥം അതാണു്. ഞാനും നീയും തമ്മിൽ ഒത്തുചേർന്നതുമുതൽ ഒഡ്ഡിനു് എന്നോടു വലിയ പകയാണു്."

Digitized By Kerala Sahitya Akademi

"എനിക്കു നല്ല നിശ്ചയമുണ്ട്, എന്നെക്കുറിച്ചായിരുന്നില്ല നിങ്ങളുടെ സംസാരമെന്നു്," ലീകുനി ചുരുക്കിപ്പറഞ്ഞു.

"ആയിരുന്നില്ല," അയാഠം സമ്മതിച്ചു: "പക്ഷേ നീയായിരുന്നു അയാളുടെ മനസ്സിൽ."

ലീകുനി അങ്ങോട്ടു വന്നു കിടക്കയുടെ അരികിൽ ആസനസ്ഥയായി; അയാഠം യോട്ടിന്റെ മുഖത്തു ദൃഷ്ടിയുറപ്പിച്ചുകൊണ്ടു പറഞ്ഞു:

"അങ്ങു പറയുന്നതിൽ എനിക്കു വിശ്വാസമില്ല, യോട്ട്."

യോട്ട് തെല്ലൊന്നു നടുങ്ങിപ്പോയി. അവളോടു് അയാഠം സമാധാനം പറയാൻ ഒരുമ്പെട്ടതാണു്; പക്ഷേ, അയാഠം അയാളുടെ മാറിൽ കൈവെച്ചുകൊണ്ടു തുടർന്നു:—

"ഇത്രയും എനിക്കറിയാം; അങ്ങു നോർവേയിൽനിന്നു വന്നതുമുതൽ മൗനിയായും വിഷാദമഗ്നനായും കഴിഞ്ഞുകൂടിയതു് എനിക്കു വേണ്ടിയല്ല; അങ്ങു രാവും പകലും വിചാരപ്പെട്ടുകൊണ്ടിരിക്കുന്നതു് എന്നെക്കുറിച്ചുമല്ല. പക്ഷേ, അങ്ങയുടെ വിഷാദത്തിന്റെ കാരണം ലവലേശം എനിക്കറിഞ്ഞുകൂടാ. അതുപോലെതന്നെ അങ്ങയും കസ്തൂം തമ്മിലോ, അങ്ങയും മറാരെങ്കിലും തമ്മിലോ എന്താണുള്ളതെന്നും എനിക്കു് ഒരു വിവരവുമില്ല."

അയാഠം മറുപടി പറഞ്ഞു:

"നിന്റെ വിവാഹത്തിൽ നീ സംതൃപ്തയായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു, ലീകുനി. എന്റെ ആശയും നീ അങ്ങനെതന്നെ ആയിരിക്കണമെന്നാണു്. എ

Digitized By Kerala Sahitya Akademi

ന്നാൽ എല്ലാവരിൽനിന്നും ഞാൻ ഒളിച്ചുപിടിക്കുന്ന ഒരു മനോവ്യഥ എനിക്കുള്ളപക്ഷം, അതിന്റെ ദൃഷ്യം മുഴുവനും എനിക്കു മാത്രമാണെന്നു് കാക്കണം; അതുകൊണ്ടു യാതൊന്നും ഇനി ചോദിക്കാതെ നീയെന്നെ സൈരമായി വിട്ടു!"

മറുപടി പറയാൻ ആരംഭിച്ച അവസരത്തിൽ വിഗ്ഡിസ് വെറർലൈഡിനായി നിർമ്മിച്ച മേലങ്കി അവളുടെ കണ്ണിൽ പെട്ടു; കട്ടിലിന്റെ കാൽക്കലായി അതു കിടന്നിരുന്നു. അവഠം അതു വാരിയെടുത്തു നിലത്തു മറേ അറത്തേയ്ക്കു് കരേറുകൊടുത്തിട്ടു കണ്ണീരോടെ പ്രസ്താവിച്ചു:

"അങ്ങയെ സദാ സേവിച്ചും അങ്ങയുടെ നന്മയ്ക്കു വേണ്ടി പ്രാർത്ഥിച്ചും കഴിഞ്ഞുകൂടുന്ന ഏന്നോക്കാഠം പത്തിരട്ടി, അങ്ങയെ നിരസിച്ചുവെന്നു പറയപ്പെടുന്ന ആ നോർവേക്കാരിപ്പെണ്ണിനെ അങ്ങു സ്നേഹിക്കുകയും അവളെക്കുറിച്ചു ചിന്തിക്കുകയും ചെയ്യുന്നുണ്ടു്."

യോട്ടു് ചാടിയെഴുനേറ്റു മേലങ്കിയെടുക്കാൻ ഉദ്യമിച്ചു. പക്ഷേ, വേഗത അവഠംക്കായിരുന്നു. അവഠം ഞൊടികൊണ്ടതു കരസ്ഥമാക്കി. അതു തീയിലിടുവാനായി അവഠം അഗ്നികുണ്ഡത്തിനരികിലേയ്ക്കു് കാടി; അയാഠം പിന്നാലേയും. അയാഠം അതു തട്ടിപ്പറിക്കാൻ വളരെ ശ്രമിച്ചു. പക്ഷേ, ഇരുകൈകൊണ്ടും അവളതു നല്ലപോലെ മുറുക്കിപ്പിടിച്ചിരുന്നു. അനന്തരം ഒരു കൈകൊണ്ടു് അയാഠം അവളുടെ തോളിനു ചുറ്റിപ്പിടിച്ചു മറേ കൈകൊണ്ടു അവളുടെ മണിബന്ധം രണ്ടും കൂട്ടിപ്പിടിച്ചു

Digitized By Kerala Sahitya Akademi

ഞെരിക്കാൻ തുടങ്ങി. അവൾ കിടന്ന നിലവിളിക്കൂട്ടി. പക്ഷേ, അയാൾ മുഷ്ടിചുരുട്ടി അവളുടെ തോളത്തു നല്ല ഇടി കൊടുത്തതിൽപ്പിന്നീടല്ലാതെ അയാൾക്ക് അവളിൽനിന്ന് ആ മേലങ്കി കരസ്ഥമാക്കാൻ സാധിച്ചില്ല. അവൾ നിലത്തു കമിഴ്ന്നടിച്ചുവീണ് ഏങ്ങലടിച്ചു കരഞ്ഞു. പക്ഷേ യോട്ടാകട്ടെ മേലങ്കിയുംകൊണ്ട് ഒന്നും മിണ്ടാതെ വെളിയിലേയ്ക്കിറങ്ങിപ്പോയി.

ലീകുനി വെളിയിലേയ്ക്കുവന്ന് ഇറയത്തു ചെന്നിരുന്നു; അവൾ ഇരുകൈകളിലും തന്റെ മുഖം താഴ്ത്തിമറച്ചു; അവളുടെ അമ്മ അടുത്തുനില്ക്കുന്നതുപോലും അവളുടെ ശ്രദ്ധയിൽ പെട്ടില്ല. എന്താണവൾക്കു കുണ്ഠിതമെന്നു ഗ്രുഡ്രുൺ ചോദിച്ചു. കുന്നുമില്ലെന്ന് അവൾ മറുപടികൊടുത്തു; പക്ഷേ ആറ്റ്ലേ തിണ്ണയിലേയ്ക്കു പിടിച്ചുകയറിയിട്ട് ഇങ്ങനെ പറഞ്ഞു:

"ചേച്ചി നെലോളിക്കുകയാ, അമ്മേ! എന്താന്നോ പേട്ടൻ ചേമ്യേ തല്ലി. അടുപ്പിന്റെ അടുത്തുവെച്ചു പേട്ടൻ ചേച്ചിക്കു നല്ല രസികൻ പെട കൊടുത്തു."

"അതു നേരല്ല," ലീകുനി വേഗത്തിൽ പറഞ്ഞു. പക്ഷേ ഗ്രുഡ്രുൺ വീട്ടിനുള്ളിലേയ്ക്കു കടന്നുചെന്നപ്പോൾ, അച്ഛൻ അമ്മയോടു ക്രൂരമായി പെരുമാറിയതുകൊണ്ടു ലൈട്ടിംഗ് നിലത്തു കിടന്നു കരയുന്നതു കണ്ടു.

ഗ്രുഡ്രുൺ കലിവന്നു. അവൾ യോട്ടിനോട് സൗമ്യമായി കയർത്തു.

"എന്റെ മേൽ കൈവെയ്ക്കരുത് എന്നുള്ളതായിരുന്നു എന്റെ ആദ്യത്തെ ഭർത്താവിനു പഠിക്കേണ്ടിയിരുന്ന

Digitized By Kerala Sahitya Akademi

ഒരു സംഗതി," അവൾ ആരംഭിച്ചു: "എന്തുകൊണ്ടെന്നാൽ, അങ്ങനെ ചെയ്തപ്പോൾ ഞാൻ വീടുവിട്ടിറങ്ങിപ്പോയി. എന്റെ വസ്തുവകകൾ തിരിച്ചുതരാഞ്ഞതിനാൽ അയാൾക്കു തന്റെ ജീവനും നഷ്ടപ്പെടേണ്ടിവന്നു. അങ്ങനെയുള്ള ഒരു നിന്ദ്യകർമ്മം ചെയ്യാതിരിക്കത്തക്ക വിവേകം മറുള്ളവർക്കുണ്ടായിരുന്നു;—ജീവിച്ചിരുന്ന കാലത്തെ ലൈട്ടിംഗിനും, പിന്നീടു വെറർലൈഡിനും!"

ആ നിമിഷത്തിൽത്തന്നെ യോട്ട് പുറത്തേയ്ക്കു വന്നു. ഗ്രുഡ്രുൺ പറഞ്ഞതെല്ലാം അയാൾ ശ്രദ്ധിച്ചില്ല. പക്ഷേ അയാൾ കുനിഞ്ഞുനിന്നു ലീകുനിയോടു പറഞ്ഞു:

"ഞാൻ വളരെ ഹീനമായ തരത്തിൽ നിന്നോടു പെരുമാറി, എന്റെ ലീകുനി! നീ പറഞ്ഞതു ശരിയാണ്. സദാ നീ എന്നെ സേവിച്ചും എന്റെ നന്മക്കായി പ്രാർത്ഥിച്ചും കഴിഞ്ഞുകൂടിയവളായിരുന്നു."

ലീകുനിക്കു വീണ്ടും കണ്ണുനീർ തള്ളിപ്പുറപ്പെട്ടു; അവൾ തൂവാലയെടുത്തു മുഖത്തിട്ടു പിടച്ചെഴുന്നേറ്റു വീട്ടിനുള്ളിലേയ്ക്കു കടന്നുപോയി. യോട്ട് അവളെ അനുഗമിച്ചു. അധികനേരം കഴിയുന്നതിനു മുൻപു് അവർ വീണ്ടും വെളിയിലേയ്ക്കു വന്നു. പക്ഷേ അപ്പോൾ ലീകുനി ഒട്ടും കരഞ്ഞിരുന്നില്ല. അവൾ യോട്ടിന്റെ തോളിൽ ചാരിനില്ക്കുകയും പ്രസന്നയായി പ്രത്യക്ഷപ്പെടുകയും ചെയ്തു.

അടുത്ത ദിവസം അവർ സഭാഗൃഹത്തിലേയ്ക്കു മടങ്ങി. അവർ കുറച്ചുനാൾ കൂടി അവിടെത്താമസിക്കണമെന്നായിരുന്നു അതുവരെയുള്ള തീരുമാനം. പ്രസവം ക

Digitized By Kerala Sahitya Akademi

ഴിയുന്നതുവരെ ഗ്രീഷ്മകാലം മുഴുവനും, തന്റെ മകഠം അവിടെത്താമസിച്ചാൽ കൊള്ളാമെന്നു ഗ്രന്ഥണ്ഠ ആശയുണ്ടായിരുന്നു. കുറച്ചു കാലത്തേയ്ക്കു യോട്ട് അയാളുടെ ഭാര്യയിൽനിന്നും അകന്നു താമസിക്കുന്നതു പല കാരണങ്ങളാലും ഉത്തമമായിരിക്കുമെന്നു ഗ്രന്ഥണ തോന്നി. പക്ഷേ ഇപ്പോഠം അവരുടെ മനസ്സ് ഒന്നായിക്കഴിഞ്ഞു; അവർ ഉറപ്പിച്ചിരിക്കയാണ്, സ്റ്റോമെഡാലിലേയ്ക്കു പോകണമെന്ന്. ലൈട്ടിംഗിനെ, ഒരു വയസ്സിനല്പം പ്രായക്കൂടുതലുള്ള തങ്ങളുടെ മകൻ ആറ്റ്ലേയോടൊന്നിച്ച്, വളത്തിക്കൊള്ളാമെന്നു വെറർലൈഡും ഗ്രന്ഥണും അവരെ അറിയിച്ചു. യോട്ടിനും ലീകനിക്കും അതു സമ്മതമായി. അനന്തരം അവിടെനിന്നും അവർ യാത്ര തിരിച്ചു.

യാത്രാകാലത്ത് എല്ലാം ഭംഗിയായിത്തന്നെ കഴിഞ്ഞുകൂടി. ഒടുവിൽ ആ അവസാനത്തെ ദിവസം സമാഗതമായി. കുന്നകഠംക്കിടയിലുള്ള ഒരു തുരങ്കത്തിൽക്കൂടി അവർ കുതിരയോടിച്ചുപ്പോവുകയാണ്. അവരുടെ ആഠംക്കാർ അവരുടെ മുമ്പിൽ മുന്നോട്ടു നീങ്ങുന്നു. തുരങ്കത്തിൽക്കൂടി തുരഗത്തെ നയിച്ചുകൊണ്ടു കാൽനടയായിട്ടാണ് യോട്ടിന്റെ യാത്ര. അയാളുടെ സ്വന്തം കുതിര പിന്നാലെ നടന്നുപോന്നു. മാരനിറത്തിലുള്ള ഒരന്തരീക്ഷം; അസഹ്യമായ തണുപ്പും. അപ്പപ്പോഠം ഒരു മഞ്ഞിൻപാളി അവരുടെ മുഖത്തിനുനേക്ക് അടർന്നുവന്നു. അവർ ഈ രീതിയലിങ്ങനെ കീഴോട്ടിറങ്ങുമ്പോഠം അവഠം അയാളോടു പറഞ്ഞു:

"ഈ സമയം മുഴുവനും, അങ്ങു ഹോഠംട്ടാറിൽ വെച്ചു പറഞ്ഞതെല്ലാറ്റിനേയും പറ്റി ചിന്തിക്കയായിരുന്നു

Digitized By Kerala Sahitya Akademi

ഞാൻ. ആ കുട്ടർ അങ്ങയെ ആട്ടിപ്പായിച്ചതിനെക്കുറിച്ചാണു് അവൾ ഏറ്റവും കുണ്ഠിതപ്പെടുന്നതെന്നുവരികിൽ, ഞങ്ങൾ അങ്ങയുമായി നടത്തിയ ഈ ആദായക്കച്ചവടം തീച്ചയായും അങ്ങയ്ക്കു് ആശ്വാസകാരണമാകേണ്ടതാണു്. അങ്ങു നടത്തിയ വിവാഹം അത്യുത്തമമായിട്ടാണു് ജനങ്ങൾ കരുതിവന്നതു്. മാത്രമല്ല അങ്ങയ്ക്കു ലഭിച്ചതു് അനേകം വിവാഹാർത്ഥികളുണ്ടായിരുന്ന കരുവളെക്കൂടിയാണു്."

"ഞാൻ കുണ്ഠിതപ്പെടുന്നുവെന്നു പറയുന്നതു പരമാർത്ഥമല്ല." അയാൾ പ്രതിവചിച്ചു; "പക്ഷേ കന്നു നിനക്കു മനസ്സിലാക്കാം: ബീനേയുടെ പുത്രന്മാരും അവരുടെ സ്നേഹിതന്മാരുമാണു് ഈ കഥ നാടുനീളെ പരത്തുന്നതു്; അതോർക്കുമ്പോൾ എനിക്കു കലികൊള്ളുന്നു."

"എനിക്കു മനസ്സിലാകുന്നില്ല." അല്പം കഴിഞ്ഞു് അവൾ തുടർന്നു: "അങ്ങയ്ക്കു് അവളെക്കുറിച്ചു വിചാരമില്ലെങ്കിൽ അവൾ ഉണ്ടാക്കിയ മേലങ്കി എന്തിനാണിങ്ങനെ നിധിപോലെ സൂക്ഷിക്കുന്നതു്?"

"ഓ, അതെനിക്കു നന്നായി യോജിക്കുന്നുണ്ടു്; അതു കൊണ്ടുമാത്രം." അയാൾ മറുപടി പറഞ്ഞു.

മഞ്ഞു് അവരുടെ മുഖത്തു വല്ലാതെ അടിച്ചുവീണു കൊണ്ടിരുന്നു. അതുകൊണ്ടു കുറച്ചുനേരത്തേയ്ക്കു് അവരൊന്നും സംസാരിച്ചില്ല. അതിനുള്ളമൊരടക്കം കിട്ടിയ തോട്ടുകൂടി ലീകുനി വീണ്ടും ചോദിച്ചു!

"അവൾ എന്നേക്കാൾ സുന്ദരിയാണോ, ആ നോർവേക്കാരിപ്പെണ്ണു്?"

Digitized By Kerala Sahitya Akademi

"അല്ല," മഞ്ഞിനു നേരെ തിരിഞ്ഞു നോക്കിക്കൊണ്ട് അയാൾ പ്രതിവദിച്ചു.

"പിന്നെ—ആട്ടെ അവൾ എന്നേക്കാൾ പണക്കാരിയായിരുന്നോ?"

"കാ, അതൊക്കെ ഏതാണ്ടൊരുപോലെയാണെന്നാണെനിക്കു തോന്നുന്നത്." യോട്ട് മുൻപിലത്തെപ്പോലെത്തന്നെ പ്രതിവദിച്ചു.

"ആവട്ടെ, എന്നാലും നിങ്ങൾ അവളെ ഏറ്റവും ഇഷ്ടപ്പെട്ടിരുന്നു." വിഷാദപൂർണ്ണമായ ഒരു സ്വരത്തിൽ ലീകുനി ഉച്ചരിച്ചു. "ആട്ടെ, ഏതു നിലയിയാണ് അവൾക്ക് എന്നേക്കാൾ മേന്മയുണ്ടായിരുന്നത്?"

"കാ, എന്തെങ്കിലും അഥവാ ഉണ്ടായിരുന്നെങ്കിൽത്തന്നെ, ചോദ്യങ്ങൾ ചോദിക്കുന്നതിൽ അവൾക്ക് ഇതിന്റെ കരംശമെങ്കിലും താല്പര്യമുണ്ടായിരുന്നില്ല, എന്നുള്ളതിലാണ്." ഒരു ചെറിയ ചിരിയോടുകൂടി യോട്ട് പ്രസ്താവിച്ചു.

അയാളുടെ മുഖത്തേയ്ക്കു നോക്കുവാനായി ലീകുനി മുന്നോട്ടു ചാഞ്ഞു; ചുറ്റിലുമുള്ള പാറകളെപ്പോലെ ക്ഷാരവർണ്ണമായിരുന്ന അയാളുടെ മുഖം. ഏറെ നേരത്തേയ്ക്ക് അവരിരുവരും വീണ്ടും കന്നും മിണ്ടിയില്ല.

അവർ തുരങ്കത്തിനു വെളിയിൽ എത്തിയപ്പോഴേയ്ക്കും ഹിമപാതം നിലച്ചിരുന്നു. ഇപ്പോൾ തുണകണ്ടുങ്ങളോടുകൂടിയ ഒരു നീണ്ടുപരന്ന മൈതാനമാണ് അവരുടെ മുമ്പിൽ! കടിഞ്ഞാണകൾ ലീകുനിയുടെ കൈയിലേയ്ക്കു തിരിച്ചുകൊടുത്തിട്ട് അയാൾ കുതിരപ്പുറത്തു കയറാൻ

Digitized By Kerala Sahitya Akademi

ഭാവിച്ച അവസരത്തിൽ താണ സ്വരത്തിൽ അവൾ ഇങ്ങനെ പറഞ്ഞു:

"നാം തമ്മിൽ ഇനി ഇതിനെക്കുറിച്ച ശബ്ദിക്കാൻ ഒരിക്കലും ഇടയാവുകയില്ല. ഞാനിതു നിങ്ങളോടു ശപഥം ചെയ്യുന്നു. പക്ഷേ അങ്ങയോട് ഒരപേക്ഷയുണ്ട്: അവളുടെ പേർ അങ്ങ് എന്നോടു പറഞ്ഞാൽ കൊള്ളാം."

യോട്ട് കുതിരയുടെ പള്ളയ്ക്കു മാരിക്കൊണ്ടു നിശ്ചലനായി നിലകൊണ്ടു. ഏറെ നേരത്തേയ്ക്ക് അയാൾ ഒന്നും പറഞ്ഞില്ല. തന്റെ പത്നിയുടെ മുഖത്തുനിന്ന് അയാൾ തല തിരിച്ചുകളഞ്ഞു. ഒടുവിൽ വളരെ താഴ്ന്ന സ്വരത്തിൽ അവളുടെ പേർ അയാളുച്ചരിച്ചു: "ഫിഗ്ഡിസ്!"

അതു കഴിഞ്ഞ് അയാൾ കുതിരപ്പുറത്തുകയറി. വളരെ ദൂരം ഒന്നും മിണ്ടാതെ അവർ തൊട്ടുതൊട്ടു കുതിരയോടിച്ചുപോയി. വീട്ടിൽ വന്നതിനു ശേഷവും ലീകുനി നിശ്ശബ്ദയും ദുഃഖിതയുമായിരുന്നു. ഇല പൊഴിയുംകാലത്തിന്റെ അവസാനത്തോടുകൂടി അവൾ ഒരു മകനെ പ്രസവിക്കുന്നതുവരെ, അവളുടെ ഈ സ്ഥിതി ഒട്ടുംതന്നെ മാറ്റപ്പെടുകയുണ്ടായില്ല. കുട്ടിയുടെ മേൽ ജലതർപ്പണം കഴിച്ചിട്ടു യോട്ട് അവനു 'ഗിസ്സുർ' എന്നു പേരിട്ടു. അതിനു ശേഷം ലീകുനിക്ക് അല്പംകൂടി പ്രസാദമുണ്ടായി.

മുപ്പത്തിമൂന്ന്

അടുത്ത കൊല്ലത്തിലെ ഇലപൊഴിയും കാലത്ത് അവർ ചെമ്മരിയാടുകളെ വീട്ടിലേയ്ക്കു തെളിച്ചുകൊണ്ടു വരുംവഴി ഏതാനും കപ്പാസിട്ട മുട്ടനാടുകൾ കാണാതിരിക്കുന്ന

Digitized By Kerala Sahitya Akademi

തായി അവരുടെ കണ്ണിൽപ്പെട്ടു. വീട്ടുവേലക്കാരിൽ ഒരാളെ കൂടെ വിളിച്ചുകൊണ്ടു യോട്ട് തനിയെ അവയെ അന്വേഷിക്കാനായി പുറപ്പെട്ടു.

ഇതു കഴിഞ്ഞു മൂന്നാമത്തെ ദിവസം ലീകനി മുറ്റത്തു നിൽക്കുമ്പോൾ വീട്ടുവേലക്കാരൻ പെൺമരിയാടുകളെ തെളിച്ചുകൊണ്ടു വരുന്നതു കണ്ടു. യോട്ടിനെന്തു പറ്റിയെന്ന് അവൾ അന്വേഷിച്ചു. കുടിലിന്റെ ഭിത്തികൾ കേടുപാടു പോക്കുന്നതിനായി അയാൾ കൃഷിസ്ഥലത്തു തങ്ങിയിരിക്കുകയാണെന്ന് അവൻ മറുപടി പറഞ്ഞു.

ലീകനി ഉടൻതന്നെ വെളിയിലേയ്ക്കിറങ്ങി മൈതാനത്തിലേയ്ക്കു കണ്ണോടിച്ചു. അന്തരീക്ഷം അച്ഛുകോമളമായിരുന്നു. കുന്നിൻപുറങ്ങളെ ആവരണം ചെയ്തിരുന്ന പുതുമഞ്ഞിൽ ആദിത്യകാന്തി വർണ്ണശോഭ പരത്തി. കുറെക്കഴിഞ്ഞു്, യോട്ട് കുടിൽ കേടുപാടു നീക്കുവാൻ ഒരുങ്ങിയിട്ടുള്ളതുകൊണ്ടു പല കായ്കളും പറഞ്ഞു മൊയ്തീക്കേണ്ടതായി തനിക്കുണ്ടെന്നും അതിനാൽ താൻകൂടി കൃഷിസ്ഥലത്തേയ്ക്കു പോകുന്നതാണുത്തമമെന്നു താൻ കരുതുന്നുവെന്നും അവൾ വീട്ടിലുള്ള ആളുകളെ അറിയിച്ചു.

അവൾ ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കെ അവർ തമ്മിൽത്തമ്മിൽ നോക്കി അല്പം പുഞ്ചിരിയിട്ടു.

പക്ഷേ ലീകനി തന്റെ സംസാരം തുടർന്നുകൊണ്ടേയിരുന്നു. അവസാനം താൻ പോകുന്നുവെന്നു തന്നെ അവൾ ഉറപ്പിച്ചു. തന്നെ അനുഗമിക്കുവാനായി അവർ ബുദ്ധിമുട്ടേണ്ടതില്ലെന്ന് അവൾ അവരോടു പറഞ്ഞു. കുട്ടിക്കാലം മുതൽക്കേ അവളൊന്നിച്ചുണ്ടായിരുന്നതും എവി

Digitized By Kerala Sahitya Akademi

ടേയും എപ്പോഴും ഒരു നായിനെപ്പോലെ അവളെ അനുഗമിച്ചുകൊണ്ടിരുന്നതുമായ ഒരു കിഴവൻ പരിചാരകൻ അവശേഷിക്കുണ്ട്. അയാളെ മാത്രം കൂട്ടിക്കൊണ്ട് അവശേഷം യാത്ര തിരിച്ചു.

സൂര്യാസ്തമനത്തിനു മുൻപ് അവർ കുടിലിൽ എത്തിച്ചേർന്നു; പക്ഷേ യോട്ടിന്റെ പൊടിപോലും അവിടെ കണ്ടില്ല. എന്നിരുന്നാലും അന്ന് അയാശേഷം ചതുപ്പുനിലത്തുനിന്നു കളകശേഷം അറുത്തു കളഞ്ഞിട്ടുള്ളതു് അവർക്കു കാണാൻ കഴിഞ്ഞു; അയാളുടെ തുമ്പായും കട്ടാമ്പാരയും കുടിലിന്റെ ചുമരിൽ ചാരിവെച്ചിട്ടുമുണ്ട്. അവർ ഉള്ളിലേയ്ക്കു കടന്നു. അഗ്നികുണ്ഡത്തിൽ അപ്പോഴുമുണ്ട് കെടാത്ത തീക്കനലുകശേഷം. കൃഷ്ണപുര ആ നാട്ടിലെ സമ്പ്രദായമനുസരിച്ചു കല്ലുകെട്ടി പുറമേ മണ്ണു പൂശിയതാണു്. ഉള്ളിൽ ചുമരിനു ചുറ്റും അതുപോലെതന്നെ കല്ലുകെട്ടി മണ്ണുതേച്ചു ഒരിരിപ്പുതിണ്ണയുണ്ട്. രണ്ടുപേർക്കു തൊട്ടുതൊട്ടു കിടക്കത്തക്കവിധം വിസ്താരമുള്ള ഒരു ബെഞ്ചു്; അതിന്മേൽ ഒരു കിടക്ക വിരിച്ചു തയ്യാറാക്കിയിരിക്കുന്നു. വാതിൽക്കൽനിന്നുള്ള പുക, മഴച്ചീറ്റൽ ഇവയെ തടയുന്നതിനായി ബന്ധിച്ചിട്ടുള്ള ഒരു കനത്ത പലകയ്ക്കുമീതേ തോലുകളും കമ്പിളികളും തൂക്കിയിട്ടിരിക്കുന്നതു കാണാം.

ലീക്കുനി കുറച്ചുനേരം കാത്തുനിന്നു. പക്ഷേ യോട്ട് വന്നുചേർന്നില്ല. അനന്തരം, പശുക്കൾക്കുള്ള പുരയിൽപെന്നു കിടന്നുകൊള്ളുവാനായി അവശേഷം പരിചാരകനോടു പറഞ്ഞു. നല്ല തണുപ്പു്; വിറകാണെങ്കിൽ പറയത്തക്കവിധമൊന്നുമില്ല; യോട്ട് മടങ്ങിയെത്തുന്നതുവരെ തീയെ

Digitized By Kerala Sahitya Akademi

രിക്കാൻ സാധിക്കാതെ വരും; അതിനാൽ അവശം തണുപ്പിനെ തടുത്തുനിർത്തുവാനായി കമ്പിളിത്തിരകശം കെട്ടഴിച്ചിട്ടു കിടക്കപ്പുറത്തു കയറിക്കിടന്നു. നിമിഷത്തിനുള്ളിൽ അവശം ഉറക്കമായി.

രാത്രിയിൽ മുറിയിലുണ്ടായ ഒരു സ്വരധാരയാൽ അവശം ഉണർത്തപ്പെട്ടു. കമ്പിളികശംക്കിടയിൽക്കൂടി നോക്കിയപ്പോശം അവശം അഗ്നികുണ്ഡത്തിൽ തീയെരിയുന്നതായിക്കണ്ടു. നീളമുള്ള ഇരിപ്പുതിണ്ണയിൽ തനോടു വളരെ അടുത്തുതന്നെ യോട്ട് ഇരിക്കുന്നു; പക്ഷേ മുറിയിൽ വേറൊരാശംകൂടിയുണ്ട്; ആ മനുഷ്യനെറ സ്വരത്തിൽനിന്നു് അയാശം തനെറ രണ്ടാമച്ഛനാണെന്നവശംക്കു മനസ്സിലായി. എന്താണയാശം പറയുന്നതെന്നു് അവശം ചെവി വട്ടംപിടിച്ചു. "സിംഗർഡ് ബിനെസണം അയാളുടെ ബന്ധുക്കളുമായിട്ടുള്ള തനെറ വഴക്കു് ഇങ്ങനെ നിലവിലിരിക്കുമ്പോശം താൻ ഈ വനഭൂമിയിൽ തനിച്ചു താമസിക്കുനതു ബുദ്ധിപൂർവ്വമുള്ള ഒരു പെരുമാറമായിരിക്കുമെന്നു് എനിക്കു തോനുനന്നില്ല. തനെ നഷ്ടപ്പെടേണ്ടിവനാൽ എന്തൊരു മഹാദുഃഖമായിരിക്കും ലീകുനിക്കു്! തനെറ പുത്രന്മാരാണെങ്കിൽ ഇപ്പോഴും തീരെ കുഞ്ഞുങ്ങളും!".....

തല ചുമരിൽ ചാരിക്കൊണ്ടാണു് യോട്ടിനെറ ഇരിപ്പു്; അയാശം മറുപടി പറഞ്ഞു:

"അവക്കുവേണ്ടി അവരുടെ അടുത്തുനിന്നു പിടുമാറാതങ്ങനെ കഴിച്ചുകൂട്ടിയ തീരു എന്നു ഞാൻ കരുതുന്നില്ല. എനിക്കറിയാം, അവരിൽനിനാണിരിക്കില്ല എനെറ മരണം. എനിക്കു് ഏറവും ഹീനമായ ഒരു മൃത്യുവിനായി

Digitized By Kerala Sahitya Akademi

അത്യധികം ആശിക്കുന്നൊരാളെ എനിക്കറിയാം. പക്ഷേ അതിനു മുൻപു നമുക്കു തമ്മിൽ കാണാമെന്നു ഞാൻ വിശ്വസിക്കുന്നു."

"എന്തിനെക്കുറിച്ചാണു് താനീ സംസാരിക്കുന്നതു്?" വെറർലൈഡ് ചോദിച്ചു. പക്ഷേ യോട്ട് ഒന്നും മറുപടി പറഞ്ഞില്ല. കുറച്ചു കഴിഞ്ഞു് അയാൾ വീണ്ടും സംസാരിച്ചു.

"ലീകുനി ഒരു വിധവയായിത്തീരുന്നപക്ഷം, അതു് അവളുടെ പെറുപ്പത്തിൽത്തന്നെ സംഭവിക്കുന്നതായിരിക്കും കൂടുതൽ നന്നു്; എങ്കിൽ അവൾക്കു സ്വയം സമാധാനപ്പെടാൻ മാർഗ്ഗമുണ്ടായെയ്ക്കും."

"എന്നാൽ അവളുടെ മാനസ്ഥിതിയെക്കുറിച്ചു തനിക്കു് ഒരു ചുക്കുമറിഞ്ഞുകൂടാ," വെറർലൈഡ് പ്രതിവചിച്ചു: "തന്റെ കാലംകഴിഞ്ഞു് അവളിനി മറ്റൊരാളെ ഭർത്താവായി സ്വീകരിക്കുമെന്നു് എനിക്കു വിശ്വാസമില്ല. അവൾ സ്നേഹിക്കുന്ന ആളുകളെ അവൾക്കു് അത്ര വലിയ ബഹുമാനമാണു്."

യോട്ട് മുമ്പിലത്തെപ്പോലെ ഒന്നും മിണ്ടാതിരുന്നു. വെറർലൈഡ് തുടർന്നുപറഞ്ഞു: "ഈ ലോകം മുഴുവൻ തിരഞ്ഞുനടന്നാലും നിങ്ങൾക്കു കിട്ടിയപോലൊരു ഭാര്യയെ ഒരിക്കലും നിങ്ങൾക്കു കണ്ടെത്താൻ സാദ്ധ്യമല്ല; നിങ്ങൾക്കുതന്നെ അതു നന്നായറിയാമല്ലോ!"

"പരമാർത്ഥമാണതു്," യോട്ട് പറഞ്ഞു: "പക്ഷേ ലീകുനിയുടെ സൗന്ദര്യത്തെക്കാളും ഞാൻ സ്നേഹിക്കുന്നതു മറ്റവളുടെ മുലകൾക്കിടയിലുള്ള ആ കാക്കപ്പുള്ളി

Digitized By Kerala Sahitya Akademi

യെയാണു്. ലീകുനി അവളുടെ മൃദുലകരങ്ങൾ എന്റെ കഴുത്തിൽ ചുറ്റുമ്പോൾ അവളെ സ്നേഹിക്കുന്നതിനേക്കാൾ പതിന്മടങ്ങായി മറവചെ എന്റെ കഴുത്തിൽ അവളുടെ കത്തികൊണ്ടു വെട്ടിയപ്പോൾ ഞാൻ അവളെ സ്നേഹിച്ചുപോയി! എന്നെ സ്വീകരിക്കുവാനായി ലീകുനി ഞങ്ങളുടെ വാതിൽക്കൽ ഭയാമയങ്ങളായ മൊഴികളോടുകൂടി കാത്തുനിൽക്കുന്നുണ്ടെന്ന ബോധത്തോടെ സ്കൂമെഡാലിലേയ്ക്കു ഞാൻ കുതിരയോടിച്ചുപോരുന്ന അവസരങ്ങളിൽ എനിക്കുണ്ടാകുന്നതിനേക്കാൾ എത്രയോ കുറവായ മനോദുഃഖമേ മറവളുടെ ശാപോക്തികളെക്കുറിച്ചു ചിന്തിച്ചുകൊണ്ടു് അന്നാ ശീതകാലത്തു 'ടൊവ്രേ'യിൽക്കൂടി കുതിരപ്പുറത്തു പോന്നപ്പോൾ എനിക്കു തോന്നിയിരുന്നുള്ളു. ആ കാറെ അവളെ അവന്റെ മാറോടുചേർത്തു് ആശ്ലേഷിക്കുന്നതായി സങ്കല്പിക്കുന്നതിനേക്കാൾ വെള്ളക്കുരടിയുടെ അള്ളിത്തറഞ്ഞ നഖങ്ങളോടുകൂടിയ മുഷ്ടിയിൽ കിടന്നു ചോരയൊലിച്ചു പിടയ്ക്കുന്നതാണു് എനിക്കിഷ്ടം."

ഇതുകേട്ടു വൊറർലൈഡ് വളരെ കോപത്തോടെ പ്രസ്താവിച്ചു:

"തന്റെ പ്രവൃത്തി കുറ്റംതന്നെ നന്നായില്ല. തന്റെ വിവാഹകാര്യം ഉറപ്പിക്കുന്നതിനു മുൻപായി താനിതിനെക്കുറിച്ചു പറയാതിരുന്നതാണു് എല്ലാറ്റിലും വഷളായ കാര്യം."

"അതെ," യോട്ട് പറഞ്ഞു: "പക്ഷേ ഒരിക്കൽ വിവാഹം കഴിഞ്ഞാൽ അവളെ പാടേ വിസ്മരിക്കുവാൻ എനിക്കു സാധിക്കുമെന്നായിരുന്നു അന്നതെ എന്റെ വി

Digitized By Kerala Sahitya Akademi

ചാരം. അന്നു ഞാൻ അവളോടു ഹിനമായി പെരുമാറി! അതിന്റെ ഫലം ഞാൻ അനുഭവിച്ചേ കള്ളു എന്നു് ഇന്നെനിക്കു മനസ്സിലാകുന്നു. എന്തുകൊണ്ടെന്നാൽ, അതി സുന്ദരിയായ ആ കന്യകയെ കൈയിൽ കിട്ടിയിട്ടും അവൾ എനിക്കു നഷ്ടപ്പെട്ടു എന്ന ചിന്ത എന്റെ ജീവാവസാനം വരെ എന്നെ വേദനിപ്പിച്ചുകൊണ്ടിരിക്കും."

"ഗ്രന്നാറുടെ ഉദാരമായ അതിഥിസൽക്കാരത്തിനു പകരമായി താൻ കൊടുത്ത പ്രതിഫലം ഹീനമായിരുന്നുവെന്നു ഞാനിപ്പോൾ ഭയപ്പെടുന്നു." വെറർലൈഡ് ശങ്കാപൂർവ്വം പറഞ്ഞു.

"നിങ്ങൾ വിചാരിക്കുന്നതിനേക്കാൾ വളരെ വളരെ ഹീനമായിരുന്നു." യോട്ട് പറഞ്ഞു.

"വിഗ്ഡിസ്സും ഞാനുംകൂടി കാട്ടുപഴങ്ങൾ പറിച്ചു തിന്നുകൊണ്ടിരുന്നതാണു്, അവിടത്തെ എന്റെ ജീവിതത്തിലെ ഏറ്റവും ശോഭനമായ മുഹൂർത്തം. എന്റെ പിതാവിനെ വധിച്ച ഹാക്കെട്ടിൻഡിനെ എന്റെ കൂട്ടിക്കാലത്തു ഞാൻ കുത്തിക്കൊന്നപ്പോൾ ഉണ്ടായതിനേക്കാൾ പതിന്മടങ്ങാനന്ദമാണു് അന്നു് അവളോടു ചേർന്നു് ആ ബലിക്കാവിലെ പാറപ്പുറത്തിരിക്കുമ്പോൾ എനിക്കു് അനുഭവിക്കുവാൻ സാധിച്ചതു്. പക്ഷേ അവിടെവച്ചു ഞങ്ങളുടെ അവസാനത്തെ സന്ദർശനത്തിനുശേഷം, അവൾ വീട്ടിലേയ്ക്കു പോയതു സഹിക്കാൻ സാധിക്കാത്ത സങ്കടത്തോടുകൂടിയാണു്. എന്നാൽ അതിനേക്കാൾ ഉൽക്കടമായ കരുണ്യഹൃദയവ്യഥയാണു് എനിക്കനുഭവിക്കാനുള്ളതെന്നു ഞാൻ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു."

Digitized By Kerala Sahitya Akademi

വെറർലൈഡ് സകോപം പ്രസ്താവിച്ചു: "ഗ്രന്നാറുടെ മകളെ താൻ ബലംപ്രയോഗിച്ച് അവളുടെ പാരിത്രം അപഹരിച്ചിരിക്കും, ഇല്ലേ? എങ്കിൽ വെറുമൊരു ഭീരുവിന്റെ പ്രവൃത്തിയായിരുന്നു താനാ ചെയ്തത്. കഷ്ടം, താനിങ്ങനെ ചെയ്യുമെന്ന് ഒരിക്കലും ഞാൻ വിശ്വസിച്ചിരുന്നില്ല."

ഒരു ചെറിയ പിരിമുറുക്കത്തോടെ യോട്ട് പ്രതിവചിച്ചു. "ഞാനങ്ങനെ ചെയ്യുമെന്ന് എനിക്കുതന്നെ വിശ്വാസമില്ലായിരുന്നു."

വെറർലൈഡ് വീണ്ടും പറഞ്ഞു: "അത് അറുവഷളായ ഒരു കാര്യമായിപ്പോയി, അനിയാ."

യോട്ട് വീണ്ടും പിരിച്ചുകൊണ്ടു പ്രസ്താവിച്ചു: "അതെ, അതു നന്നായില്ല."

അതു കഴിഞ്ഞ് ഏറെനേരത്തേയ്ക്ക് അവർ ഒന്നുംതന്നെ ശബ്ദിച്ചില്ല. ഒടുവിൽ യോട്ട് എഴുന്നേറ്റ് ഉടുപ്പുകൾ ഊരിയിടാൻ ഒരുമ്പെട്ടു. വെറർലൈഡിനു് ഉറങ്ങാറായില്ലേ എന്ന് അയാൾ അന്വേഷണം നടത്തി. ലീക്കിനി പുമരിനോടുചേർന്നു പറിപ്പിടിച്ചു കിടന്നു. ആലിംഗനപോലെ വിറയ്ക്കുന്നുണ്ടായിരുന്നു അവൾ. പക്ഷേ അവൾ കണ്ണിറുക്കിയടച്ചു നല്ല ഉറക്കമാണെന്ന നാട്യത്തിൽ കിടക്കാൻ ശ്രമിച്ചു.

ഉടുപ്പുകളെല്ലാം ഊരിയിട്ടശേഷം തിര ഒരു വശത്തേയ്ക്കു നീക്കി കിടക്കാൻ ഭാവിച്ചപ്പോഴേയ്ക്കും അവൾ അയാളുടെ കണ്ണിൽപ്പെട്ടു. അഗ്നിജ്വാലപോലെ അരുണവർണ്ണനായിത്തീർന്ന അയാൾ കമ്പിളിത്തിര അതേപടിതന്നെ

Digitized By Kerala Sahitya Akademi

താഴോട്ട വീഴ്ത്തി. അനന്തരം അയാൾ മുന്നോട്ടുചാഞ്ഞു മൃദുലമായ സ്വരത്തിൽ അവളെ വിളിച്ചു. ലീകുനി വിളികേട്ടില്ല ഗാഢമായ നിദ്രയിലെന്നപോലെ അവൾ ശക്തിയായി ക്കൂക്കംവലിക്കാൻ തുടങ്ങി. യോട്ട് തിരിഞ്ഞു നിന്ന തന്റെ ബന്ധുക്കാരനോടു പറഞ്ഞു: "ആ നീളമുള്ള ഇരിപ്പുതണ്ണിൽ നിന്നാൽക്കു കിടക്ക വിരിക്കുവാൻ പറയുക. ഇതാ, ലീകുനി ഇവിടെ വീണുകിടക്കുന്നു."

വെറർലൈഡ് ആശയറ്റുഗർഭമായ കരു ഉൽസവോഷം നടത്തി; പക്ഷേ യോട്ട് നിർദ്ദേശത്തിനനുസരിച്ചു അയാളുടെ വാ പൊത്തിക്കളഞ്ഞു. "ഇന്നു വൈകുന്നേരം മുതൽ അവൾ നല്ലപോലെ ഉറങ്ങുകയാണെന്നു തോന്നുന്നു." അയാൾ വെറർലൈഡിനു കിടപ്പിനുള്ള വട്ടമെല്ലാം തയ്യാറാക്കിക്കൊടുത്തു. കുറേനേരം അയാൾ ശബ്ദിച്ചില്ല. അനന്തരം ലീകുനിയുടെ സമീപം കിടക്കാൻ ഭാവിച്ചപ്പോൾ അവൾ ഉറങ്ങുകയായിരുന്നോ എന്നറിയുവാനായി അയാൾ അവളുടെ മാറിൽ കൈവെച്ചുനോക്കി. വലയിൽപ്പെട്ട ഒരു മത്സ്യത്തെപ്പോലെ അവളുടെ ഹൃദയം അത്ര ശക്തിയായി പിടയ്ക്കുകയും പതറുകയും ചെയ്യുന്നതെന്തെന്നു അയാൾക്കു ഗ്രഹിക്കാൻ സാധിച്ചു.

എന്താണവളോടു പറയേണ്ടതെന്നു കൃത്യമായും പിടിയും കിട്ടാതെ അയാൾ അവിടെ മിഴിച്ചുകിടന്നു. അയാൾ കുറേനേരം പറഞ്ഞില്ല അന്നാരാത്രി അവർ രണ്ടുപേരും ഉറങ്ങിയില്ല; ഉറക്കം നടിച്ചുകിടക്കുള്ള പക്ഷേ ഇരുകൂട്ടർക്കും നല്ല നിശ്ചയമുണ്ടായിരുന്നു മറ്റെയാൾ ഉണർന്നു കിടക്കുകയാണെന്നു

Digitized By Kerala Sahitya Akademi

പ്രഭാതമായതോടെ അല്പനേരത്തേയ്ക്ക് അയാൾ കണ്ണടയ്ക്കുകയുണ്ടായി. അപ്പോഴേയ്ക്കും ലീക്കനി നിശ്ശബ്ദമായി പിങ്കിപിങ്കിക്കരയാൻ തുടങ്ങി; അങ്ങനെ കരഞ്ഞുകരഞ്ഞ് അവളും കിടന്നുറങ്ങിപ്പോയി. അവൾ ഉണർന്നപ്പോഴേയ്ക്കും പുരുഷന്മാർ എഴുന്നേറ്റു പ്രാതൽ തയ്യാറാക്കുകയായിരുന്നു. അവൾ വേഗത്തിൽ വസ്ത്രധാരണം നിർവ്വഹിച്ച് അവരെ അഭിവാദ്യം ചെയ്തു. എപ്പോഴാണവൾ വന്നതെന്നും, രാത്രിയിൽ അവരുടെ സംസാരം അവൾ കേട്ടോ എന്നും വെറർലൈഡ് അവളോടു ചോദിച്ചു. അതു കേട്ടയുടൻ തനിക്കു പോയി കുതിരകളുടെ കാര്യം നോക്കേണ്ടതായിട്ടുണ്ടെന്നു പറഞ്ഞു യോട്ട് തിടുക്കത്തിൽ പിടഞ്ഞെഴുന്നേറ്റു.

എന്താണ്ട് അത്താഴം കഴിക്കാറുള്ള സമയത്താണ് അവിടെ വന്നുചേർന്നതെന്നും, തന്റെ ഭർത്താവിനെ കാത്ത് ഏറെനേരം ഉറങ്ങാതെ കിടന്നുവെന്നും കടുവിൽ താനേ അങ്ങുറങ്ങിപ്പോകയും ഇതുവരെ കിടന്നുറങ്ങുകയും ചെയ്തു എന്നും ലീക്കനി മറുപടി പറഞ്ഞു.

"പക്ഷേ, നിങ്ങൾ ഇന്നലെ രാത്രി എവിടെയായിരുന്നു, യോട്ട്? എവിടെ നിന്നാണ് വെറർലൈഡ് ഇവിടെ വന്നുകൂടിയത്?"

താൻ വെച്ചിരുന്ന വലക്കൊറാലികൾ എങ്ങനെയിരിക്കുന്നുവെന്നു പരിശോധിക്കാൻ വെളിയിലേയ്ക്കു പോയതാണെന്നും, കിഴക്കു 'ഗല്ലെ'ചതുപ്പുനിലത്തിനടുത്തുവെച്ചു വെറർലൈഡിനെ കണ്ടുമുട്ടിയെന്നും യോട്ട് പറഞ്ഞു. അദ്ദേഹം സ്കാമെഡാലിലേയ്ക്കു വരികയായിരുന്നുവത്രെ!

Digitized By Kerala Sahitya Akademi

അദ്ദേഹത്തിന്റെ കൂടെയുള്ളവർ മുമ്പേ കുതിരയോടിച്ചു പോയിട്ടുണ്ട്. യോട്ട് വാതിൽക്കൽനിന്ന് ഇണയായ കരുജോടി കുളക്കോഴികളെ പുട്ടത്തു അവയെ തങ്ങളുടെ ഭക്ഷണത്തിനു പാകപ്പെടുത്തുവാൻ പറഞ്ഞു ലീകുനിയുടെ കൈയിലേയ്ക്കു കൊടുത്തു. അവഠം അങ്ങനെ ചെയ്തു. താനെന്തിനാണ് വന്നിട്ടുള്ളതെന്ന് അവഠം യോട്ടിനെ അറിയിച്ചു. അവഠക്കാവശ്യമുള്ള വിധത്തിൽ പുമരലമാരകഠം ഘടിപ്പിക്കാമെന്നും കൂടിൽസംബന്ധിച്ച് അവളുടെ ഉപദേശം സ്വീകരിക്കാമെന്നും അയ്യാഠം വാഗ്ദാനം ചെയ്തു. അതുകഴിഞ്ഞ് അവളും വൊറർലൈഡുംകൂടി വന്ന ചേന്ന ആളുകളുടെകൂടെ വേരുവാനായി മലഞ്ചെരുവിലേയ്ക്കു പോയി.

വൈകുന്നേരം വളരെ വൈകിയതിന്റെശേഷം യോട്ട് കുതിരയോടിച്ചു മുറത്തു വന്നുനിന്നു. വാതിൽക്കൽ നില്പായിരുന്ന ലീകുനി; പക്ഷേ അയാളെ കണ്ടതോടെ അവഠം വേഗത്തിൽ നെയ്ത്തുപുരയിലേയ്ക്കു പോയി. അയ്യാഠം പുറകേ എത്തി തന്നെറ നേരെ അവഠം നോക്കത്തക്കവിധത്തിൽ അയാളുടെ കൈ അവളുടെ തോളിൽവെച്ചു. കണ്ണീർക്കണങ്ങഠം അവളുടെ കണ്ണിൽനിന്നു തള്ളിപ്പുറപ്പെട്ട കവിളിൽക്കൂടി ധാരയായി ഒഴുകിക്കൊണ്ടിരുന്നു. അനന്തരം അയ്യാഠം അവളെ ചുംബിച്ചുകൊണ്ടു പറഞ്ഞു:

"നിനക്ക് എന്റെ പേരിലുള്ള സ്നേഹത്തിൽ ആനന്ദിക്കുവാൻ എനിക്കു സാധിച്ചിരുന്നെങ്കിൽ ഞാൻ എത്രമാത്രം ഭാഗ്യവാനാകുമായിരുന്നു എന്നു ഞാൻ നന്നായറിയുന്നു. നിന്നെപ്പോലെ നല്ലവളായി ആരുംതന്നെയില്ല."

Digitized By Kerala Sahitya Akademi

ലീകനി മറുപടി പറഞ്ഞു: "ഇന്നലെ രാത്രിയിലത്തെ നിങ്ങളുടെ സംസാരങ്ങളും നിങ്ങളും വിചാരിക്കുംപോലൊന്നും എന്നെ വേദനിപ്പിച്ചിട്ടില്ല. ഇവിടെയുള്ള മൈതാനത്തിൽവെച്ച് അന്നു നിങ്ങൾ അവളുടെ പേർ എന്നോടു പറഞ്ഞപ്പോൾ എനിക്കു കേൾക്കാവുന്നതിൽ ഏറ്റവും അസഹ്യമായതു ഞാൻ കേട്ടുകഴിഞ്ഞു."

"ഇതിനുശേഷം, എങ്ങനെയാണു് ഇനി നാം തമ്മിലുള്ള പെരുമാറ്റത്തിന്റെ നില?" അയാൾ ചോദിച്ചു.

ലീകനി മറുപടി പറഞ്ഞു: "അതെല്ലാം നിങ്ങളുടെ ഇഷ്ടംപോലെ! ഇനിപ്പോൾ നിങ്ങൾക്കുള്ളപോലെ ഉണർവും ജീവനും എപ്പോഴും നിങ്ങൾ എന്നോടെന്നിച്ചു കണ്ടെത്തും."

യോട്ട് മുഖം തിരിച്ചുകൊണ്ടു് ഒരു നിമിഷം അങ്ങനെ നിന്നു. അനന്തരം അയാൾ അവളെ വീണ്ടും ചുംബിച്ചിട്ടു വെളിയിലേയ്ക്കിറങ്ങിപ്പോയി.

മുപ്പത്തിനാലു്

കാലം എത്ര കടുത്ത സങ്കടത്തെയും മാച്ചുകളയുന്നു; എപ്പിടെയും ഇതിനു പറയത്തക്ക വ്യത്യാസമൊന്നുമില്ല; ഇവിടത്തെ കഥയും അങ്ങനെതന്നെ. കൊല്ലങ്ങൾ കാരോന്നായി കടന്നുപോകുന്നതിനൊപ്പം ഇവർക്കു രണ്ടുപേർക്കും—യോട്ടിനും—ലീകനിക്കും—മനസ്സിരുത്തേണ്ട മറുകായ്ക്കുള്ളിൽ കന്നിനുപുറകെ കന്നായി കുട്ടികളെ ഉണ്ടായിക്കൊണ്ടിരുന്നു. അങ്ങനെ ഈ മനോവ്യഥപോലും ക്രമേണ ആറിയടങ്ങി. മറുപ്രകാരത്തിൽ അവർ എപ്പോഴും

Digitized By Kerala Sahitya Akademi

നല്ല സുഹൃത്തുക്കളായിരുന്നു. ഏറിയ കൂറും സ്കൂളിലെ ഗ്രഹത്തിൽനിന്നു വെളിയിലിറങ്ങാതെയാണു് അവർ കഴിഞ്ഞിരുന്നതു്; അതിനാൽ ജനങ്ങൾക്കു തീരെ അപൂർവ്വമായി മാത്രമേ അവരെ കാണാൻ കഴുള്ളു.

യോട്ടിനും പീക്കിനുമിടയ്ക്കു മൂന്നു കുട്ടികളുണ്ടു്. മൂത്തവനാണു് ഷെട്ടിംഗ്; ഹോട്ടലിൽ അച്ഛനെ സഹായിക്കുന്നതു് അമ്മയാണു് അവനെ വളർത്തിക്കൊണ്ടുവന്നതു്. കുട്ടിക്കാലത്തുതന്നെ അവൻ അവിടെക്കിടന്നു മരിച്ചുപോയി. മറ്റുള്ളവരുടെ പേരുകൾ ഗിസ്സർ എന്നും സ്റ്റീരുവർ എന്നുമാണു്. തന്റെ കുഞ്ഞുവള്ളിയിൽ സ്റ്റീൻ പറിച്ചിടാറായിരുന്നതിനു് ഏറെ വിലയുണ്ടെന്നു് ഇവർ രണ്ടുപേരും ഒരുപോലെ കടത്തിൽപ്പെട്ടു മരിക്കാനിടയായി അതു സംഭവിച്ചതിങ്ങനെയാണു്:

വസന്തകാലത്തെ ഒരു സായാഹ്നത്തിൽ സ്കൂളിലെ കുട്ടികൾ വെള്ളിയിൽ കളിക്കുകയായിരുന്നു. കൃഷിസ്ഥലത്തു പണിയെടുക്കുന്നവരുടെ മറ്റു കുട്ടികളുമുണ്ടു് അവരോടൊന്നിച്ചു്. ഗിസ്സർ അവരുമൊന്നിച്ചു് ഒരു അടയാളത്തെ ലക്ഷ്യമാക്കി വില്ലു വലിച്ചു് എയ്യുകയാണു്. അവനു് ഏഴുവയസ്സു പ്രായമുണ്ടു്; സ്റ്റീരുവറിനു നാലും. കൃഷിസ്ഥലത്തെ വേലിക്കരികിൽക്കൂടി കിഴക്കോട്ടു സ്വൽത്താമിലയ്ക്കു പുളഞ്ഞൊഴുകിപ്പോകുന്ന അരുവിയുടെ വക്കിൽ തറിയിൽനിന്നു് അവർ കളിക്കുകയായിരുന്നു. വേനല്ക്കു വെള്ളം വറ്റിപ്പോകുന്നവിധം അത്ര ചെറുതായിരുന്നു ആ പുഴ. പക്ഷേ ഇപ്പോൾ വസന്തകാലമായതിനാൽ വെള്ളം കുറച്ചധികമുണ്ടു്. നദിയിൽ തങ്ങൾ കണ്ടിട്ടുള്ള

Digitized By Kerala Sahitya Akademi

പോലെ, കുട്ടികാം അതിൽ അണകാം കെട്ടിയിരുന്നു. അ തിനാൽ ഏറ്റവും താഴ്ചയുള്ളിടത്തു പൊക്കംകുറഞ്ഞ കരാ ളിന്റെ കാൽമുട്ടോളം എത്തുന്ന വെള്ളം അതിലൊരിട ത്തു കുളംപോലെ കെട്ടിനിന്നു.

തന്നത്താൻ കാരോന്നു പറഞ്ഞുകൊണ്ടു സ്റ്റീൻവർ അവിടെയങ്ങനെ കളിച്ചുകൊണ്ടു നില്ക്കുകയാണു്. ആ അവസരത്തിൽ പുഴയുടെ നഗ്നമായ മറുകരയിൽ സ ന്ധ്യാസൂര്യൻ മിന്നിത്തിളങ്ങുന്നതു് അവളുടെ കണ്ണിൽ പെട്ടു. വേനൽക്കാലത്തെ സ്പഷ്ടമായി കാണ്മിക്കാൻ, തീ രെ കൊച്ചുകുഞ്ഞായിരുന്നതിനാൽ, അവാകു കഴിഞ്ഞി രുന്നില്ല; പക്ഷേ ആ കരയിൽ പുഷ്പങ്ങളുണ്ടായിരിക്കണ മെന്നു് അവാകു തോന്നി; അതിനാൽ നദിയുടെ മേൽ ഭാഗത്തേയ്ക്കു കുറച്ചുദൂരം അവാ വെള്ളത്തിലൂടെ തത്തി തത്തിപ്പോയി; ഏറ്റവും ആഴംകുറഞ്ഞ ഭാഗമായിരുന്ന അതു്.

സൂര്യപ്രകാശത്താൽ നയനമോഹനമായ ആ അ രുവിക്കരയിൽ അവാകു് എന്തെന്നില്ലാത്ത ആഹ്ലാദം തോന്നി. കല്ലുകളും പായൽപ്പടികളും ശേഖരിച്ചു്, അ നേകം ചെമ്മരിയാടുകളും പശുക്കളും കുതിരകളുമുള്ള ഒരു കൃഷിപ്പുരപ്പണിയുവാൻ അവാ ഒരുക്കമായി.

കുറച്ചു കഴിഞ്ഞു മുതിർന്ന കുട്ടികളെല്ലാം അകത്തുപോ യി. ഗിസ്സുർ കുറെതിരിഞ്ഞു. അവൻ സഹോദരിയെ തി രക്കിത്തുടങ്ങി. അവാ എന്തു പണിത്തിരക്കിലാണു് ഏർപ്പെട്ടിരിക്കുന്നതെന്നു കാണുവാനായി അവൻ വെള്ള ത്തിൽക്കൂടി തത്തിപ്രാഞ്ചി മറുകരയിലേയ്ക്കു ചെന്നു.

Digitized By Kerala Sahitya Akademi

"ക, ഈ കുതിരകളെ എനിക്കു വീട്ടിലേയ്ക്കു തെളിച്ചു കൊണ്ടു പോണം," ഒരു പരുപ്പു മഞ്ഞക്കല്ലുകാരൻ അവനെ ചൂണ്ടിക്കാണിച്ചുകൊണ്ടു് അവൻ പറഞ്ഞു: "ഈ ഒരു കുതിരത്താനെ എന്തുചെയ്താട്ടും പറ്റണില്ല. അവൻ മഹാ കുസ്തിക്കാരനാ. അവനെ പിടിച്ചുകൊണ്ടുവരാൻ പേട്ടനോടിവരാമോ? എനിക്കൊക്കിണില്ല" എന്നുപറഞ്ഞുകൊണ്ടു് അവയിൽ ഏറ്റവും വലിയ കല്ലു് ദൂരേയ്ക്കു വലിച്ചെറിഞ്ഞിട്ടു് അവൻ അതിന്റെ പുറകേ ഓടി.

കളിയിൽ പങ്കുകൊള്ളാൻ തയ്യാറായിരുന്ന ഗിസ്സുർ. പക്ഷേ അവൻ തന്നത്താൻ പണിതുണ്ടാക്കിയ ആ കൃഷിപ്പുര തീരെ മോശമാണെന്നു് അവനു തോന്നി.

"ഞാനിപ്പോൻ നോർവേയ്ക്കു പോവും," അവൻ പറഞ്ഞു: "എന്നിട്ടു പെര പണിയാൻ ഒരു പാട്ടു മരം വാങ്ങിക്കും." അവളുടെ ഒരു കുഴിയൻ പെരുപ്പു് അവിടെ കിടന്നിരുന്നതു് അവന്റെ ദൃഷ്ടിയിൽ പെട്ടു. അതു നിറയെ ഉണങ്ങിയ പുഴക്കണ്ടൽച്ചുള്ളികൊൻ കൊടിച്ചിട്ടു കുളംപോലെ വെള്ളം കെട്ടിനിന്നിരുന്നിടത്തെയ്ക്കൊഴുക്കി. അനന്തരം അവർ കുസ്സുൽ കൃഷിപ്പുര പണിതുണ്ടാക്കി. പക്ഷേ എല്ലാം അവസാനിച്ചപ്പോഴേയ്ക്കും സൂര്യൻ അസ്തമിച്ചിട്ടു് ഏറെ നേരം കഴിഞ്ഞിരുന്നു. കുട്ടികൊൻ വല്ലാതെ നനയുകയും അവയ്ക്കു് അസഹ്യമായ തണുപ്പു തോന്നുകയും ചെയ്തു. അതിനാൽ വീട്ടിലേയ്ക്കു പോയി വല്ലതും വാങ്ങിക്കഴിക്കാമെന്നു് അവർ തീരുമാനിച്ചു: പക്ഷേ അപ്പോൻ സ്റ്റീൻവാറിന്റെ കുഴിയൻ പെരിപ്പു നഷ്ടപ്പെട്ടിരിക്കുന്നു. തണുത്ത വെള്ളത്തിൽക്കൂടി പോകാൻ വിഷമമാണെന്നു

Digitized By Kerala Sahitya Akademi

പറഞ്ഞു് അവൾ കരയാൻ തുടങ്ങി. "ഞാൻ നിന്നെ അക്കരെ ചൊമന്നോണ്ടേപോയി ആക്കാം, അനിത്തി," അവൻ പറഞ്ഞു. അവൻ അവളെ കരുവിധത്തിൽ വലിച്ചുവാരിയെടുത്തുകൊണ്ടു് അരുവിയിലേയ്ക്കു പ്രാഞ്ചിപ്രാഞ്ചിയിറങ്ങി.

"നോക്കു്, അതാ അച്ഛൻ വരണൊണ്ടു്," സ്റ്റീൻവർ ഉച്ചത്തിൽ പറഞ്ഞു. അവർ രണ്ടുപേരും അങ്ങോട്ടു നോക്കി. അയാളുടെ നേർക്കു കൈവീശിക്കാണിക്കാൻ അവർ തുനിഞ്ഞതാണു്. പക്ഷേ വെള്ളത്തിനടിയിൽ കാൽ വഴുതുന്ന മഞ്ഞുകട്ടയുണ്ടായിരുന്നു. ഗിസ്സുറിന്റെ കാൽ പെട്ടെന്നു തെറ്റിപ്പോയി അവളോടൊന്നിച്ചു് അവൻ വെള്ളത്തിൽ വീണു.

നദിയുടെ മറുകരയിൽ കന്നുകാലിച്ചുഴിയിൽക്കൂടിയോട്ടു് കുതിരപ്പുറത്തു വരുന്നുണ്ടായിരുന്നു. അയാൾ കുഞ്ഞുങ്ങളെ കാണുകയും അവരുടെ നേർക്കു കൈവീശി കാണിക്കുകയും ചെയ്തു. പിന്നിടു് അവർ വീഴുന്നതും വീണ്ടും എഴുന്നേൽക്കാത്തതും അയാൾ കണ്ടു. കുതിരപ്പുറത്തുനിന്നു ചാടിയിറങ്ങി അയാൾ കരുക്കുവഴിയെ അങ്ങോട്ടു പാഞ്ഞുപോയി. സ്വത്താ ഇറങ്ങിക്കടന്നപ്പോൾ ഒഴുക്കു് അയാളെ മിക്കവാറും എടുത്തുകൊണ്ടു പോവുകതന്നെ ചെയ്തു; പക്ഷേ അയാൾ കരുവിധത്തിൽ മറുകര പറ്റി. അവിടെനിന്നു വീണ്ടും അയാൾ അരുവിക്കരയിലേയ്ക്കു പറന്നു. കുട്ടികൾ വെള്ളം കെട്ടിനിന്ന സ്ഥലത്തു് അനക്കമില്ലാതെ കിടപ്പാണു്. അയാൾ അവരെ ഓരോരുത്തരെയെടുത്തു. ഗിസ്സുറിന്റെ നെറ്റി കരു പാറമേലടിക്കുകയും അവൻ ത

Digitized By Kerala Sahitya Akademi

ന്റെ സഹോദരിയെ ഇരുകൈകളിലും അത്രമാത്രം മുറുക്കിപ്പിടിച്ചിരുന്നതിനാൽ അവർ അവന്റെ കീഴെ ആയിപ്പോവുകയുമാണു് ഉണ്ടായതെന്നും അവർ രണ്ടുപേരും മുങ്ങിച്ചത്തുപോയി എന്നും അയാൾ കണ്ടു.

അവർ രണ്ടുപേരും മരിച്ചുകഴിഞ്ഞു എന്നയാൾക്കു മനസ്സിലായി; എന്നിരുന്നാലും അവരെ വാരിയെടുത്തുകൊണ്ടു് അയാൾ മിന്നൽവേഗത്തിൽ വീട്ടിലേയ്ക്കോടി. ചൂടുള്ള തോലുകളും ചുടുചുടുന്നതായുള്ള പാലും കുറെ തരുവാനായി അയാൾ വിളിച്ചു പറഞ്ഞു.

കുഞ്ഞുങ്ങളെ കണ്ട നിമിഷത്തിൽ ലീകുനി മരിച്ചപോലെ വിളർത്തുവെളുത്തുപോയി. പക്ഷേ അത്രമോശമായ നിലയിലായിക്കാണില്ലെന്നും വേഗത്തിൽ വീണ്ടും അവൾക്കു ജീവൻ വെയ്ക്കുമെന്നും അയാൾ പറഞ്ഞു. അവർ 'പഠിച്ചപണി പതിനെട്ടും' പയറ്റി നോക്കി. പക്ഷേ ആ അരുമക്കുഞ്ഞുങ്ങൾ മരിച്ചതന്നെ കിടന്നു. ഒടുവിൽ താടിക്കു കൈയും കൊടുത്തു് അഗ്നികുണ്ഡത്തിനരികെ ചെന്നു യോട്ടു് ഇരിപ്പായി. എന്നാൽ ലീകുനി വിടുന്നഭാവം കണ്ടില്ല. യാതൊരു പ്രയോജനവും ഇനിയുണ്ടാവുകയില്ലെന്നു മറ്റുള്ളവരെല്ലാം പറഞ്ഞു എങ്കിലും അയാൾ അവരുടെ വായിൽക്കൂടി പാൽ ഇറക്കിവിടാനും, രോമത്തുണികൊണ്ടു് അവരെ മാറിമാറിത്തിരുമ്മിത്തിരുമ്മി ചൂടുപിടിപ്പിക്കുവാനും ശ്രമിച്ചു.

അനന്തരം, അവസാനം, ആ രണ്ടു മൃതശരീരങ്ങളും വാരിയെടുത്തു മാറോടടുക്കിപ്പിടിച്ചുകൊണ്ടു് അയാൾ ഉച്ചത്തിൽ മുറവിളികൂട്ടി.

Digitized By Kerala Sahitya Akademi

"ഞാൻ അവക്കു ജീവനുണ്ടാക്കും; അവക്കു വീണ്ടും ജീവനുണ്ടാകുന്നതുവരെ ഞാൻ അവരുടെ മേൽ പതികിടക്കും."

അവരെ കിടക്കപ്പുറത്തു കിടത്തി അവരുടെമേൽ കമിഴ്ന്നുകിടന്നു് അവരുടെ വായിനുള്ളിലേയ്ക്കു അവൾ മുറയ്ക്കു ശ്വാസം വിട്ടു. യോട്ട് എഴുനേറ്റുപെന്നു് അവളുടെ തോളിൽക്കൂടി കൈ ചുറ്റിക്കൊണ്ടു പറഞ്ഞു:

"അവരെ അങ്ങനെതന്നെ സ്വസ്ഥമായി വിട്ടേയ്ക്കു. ശവശരീരങ്ങളോടു നീ അങ്ങനെ പെരുമാറിക്കൂടാ!"

അവൾ അയാളുടെ കരവലയത്തിൽനിന്നും കുതിറിമാറി, തടവില്ലാതെ കരഞ്ഞുകൊണ്ടിരുന്നു. തലയിൽനിന്നും തുവാല പിഴുതെടുത്തിട്ട് അവൾ തലമുടി വലിച്ചുപറിച്ചു. അനന്തരം അവൾ വാതില്ക്കലേയ്ക്കിരച്ചുപാഞ്ഞു നദിയിൽ പോയി ചാടാൻ ഒരുമ്പെട്ടു. പക്ഷേ യോട്ട് കാടിച്ചെന്നു് അവളെ വട്ടമെടുത്തുതാങ്ങി കൊണ്ടുവന്നു് അവരുടെ കിടക്കമേൽ കിടത്തി. വസ്ത്രങ്ങൾ മാറുന്നതിനും, കിടത്തുന്നതിനും അയാൾക്കു ബലം പ്രയോഗിക്കേണ്ടിവന്നു. അന്നുരാത്രി മുഴുവൻ അയാൾ അവളെ പിടിച്ചുകൊണ്ടിരുന്നു കഴിച്ചുകൂട്ടി; അവൾക്കു സ്വബോധം നഷ്ടപ്പെടുമെന്നുതന്നെ മിക്കവാറും അയാൾക്കു തോന്നിപ്പോയി.

പക്ഷേ നേരം പ്രഭാതമാകാറായതോടുകൂടി അവളുടെ പ്രകൃതം അല്പാല്പം ശാന്തമായി വന്നു. പകൽ ഉണർന്നുണ്ണീറാ അവസരത്തിൽ അവൾ വളരെ ശാന്തയായി കാ

Digitized By Kerala Sahitya Akademi

ണപ്പെട്ടു. അവർ പിന്നീടധികമൊന്നും കരഞ്ഞില്ല. എ
ന്നാൽ അവളുടെ മുഖഭാവം മരണശയ്യയിൽനിന്നെഴുന്നേ
റുവന്ന കരാളടേതായിരുന്നു.

മുപ്പത്തിയഞ്ചു്

സന്താപഗർഭമായിട്ടാണു് സ്ക്കാമെഡാലിൽ ഇ
പ്പോൾ സമയം നീങ്ങിക്കൊണ്ടിരുന്നതു്. കോടതി തുറ
പ്പുകാലം സമീപിച്ചു. യോട്ടിനു് അവിടെ പോയിട്ടു കു
റച്ചു കാര്യമുണ്ടായിരുന്നു. ലിക്കനിയെക്കൂടി തന്നോടൊ
ന്നിച്ചു കൊണ്ടുപോയാൽ കൊള്ളാമെന്നു് അയാൾ ആശി
ച്ചു. പക്ഷേ, അവൾക്കു പോകാൻ പറ്റിയ കരു സന്ദർഭമ
ല്ല എന്നു് അവൾ പറഞ്ഞു. അതിനാൽ അയാൾക്കു ത
നിയെ യാത്ര ചെയ്യേണ്ടിവന്നു.

അയാൾ മടങ്ങിയെത്തിയപ്പോൾ, കുറച്ചു രാത്രിക
ളായി താൻ നെയ്ത്തുപുരയിലാണു് കിടപ്പെന്നും കുറച്ചു
നാൾകൂടി അവിടെ തനിയെ കിടക്കുവാൻ തന്നെ അനു
വദിക്കണമെന്നും അവൾ യോട്ടിനെ അറിയിച്ചു. അതി
ലവൾക്കു് അത്രമേൽ ആശയുണ്ടെങ്കിൽ താനതു നിരസി
ക്കുന്നില്ലെന്നു് അയാൾ മറുപടി പറഞ്ഞു.

ഗ്രീഷ്മകാലം ഏതാണ്ടവസാനിച്ചു. അപ്പോഴും ലീ
കനി രാപ്പകൽ നെയ്ത്തുപുരയിൽത്തന്നെ കഴിച്ചുകൂട്ടി.
ഗൃഹഭരണകാര്യത്തിൽ അവൾക്കു കരു തിരക്കും തിടുക്ക
വും ഇല്ലാതായി. യാതൊന്നും ചെയ്യാതെ അതിനുള്ളിൽ
കയറി അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടു് അവൾ കഴി

Digitized By Kerala Sahitya Akademi

മുക്കുട്ടി. എല്ലാ സായാഹ്നത്തിലും അവൾ, വീടിരിക്കുന്ന പറമ്പിനു തൊട്ടുതന്നെ യോട്ട് പണികഴിപ്പിച്ചിരുന്ന പള്ളിയിൽ പോവുകയും രാത്രി വളരെ വൈകുന്നതുവരെ അതിനുള്ളിൽ മുട്ടുകുത്തിയിരുന്നു പ്രാർത്ഥിക്കയും ചെയ്തു പോന്നു.

പക്ഷേ ഒരു ദിവസം വൈകുന്നേരം അവൾ വെളിയിലേയ്ക്കു പോകാൻ ഭാവിക്കുമ്പോൾ യോട്ട് ഒനെയ്ത്തുപുരയിലേയ്ക്കു കടന്നുവന്നു. ഒരു നിമിഷം അവിടെ നിൽക്കേണമെന്നു് അയാൾ അവളോടു പറഞ്ഞു. "എന്റെ അടുക്കലേയ്ക്കു് എന്നു തിരിച്ചു വരാമെന്നാണു്, ലീകുനി, നീ വിചാരിച്ചിരിക്കുന്നതു്?"

ലീകുനി ഒന്നും ഉത്തരം പറഞ്ഞില്ല; അയാൾ തുടർന്നു: "നാമിങ്ങനെ നമ്മുടെ സങ്കടവും സഹിച്ചുകൊണ്ടു് അങ്ങിങ്ങു വേർപെട്ടു ജീവിക്കണമെന്നാണെങ്കിൽ നമുക്കിരുകൂട്ടർക്കും അതുകൊണ്ടെന്തെങ്കിലും മെച്ചമുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നല്ല നീ അകത്തുവന്നു ബാക്കിയുള്ള ഞങ്ങളോടുകൂടി ജീവിക്കുകയും നിന്റെ വീട്ടിലെ ഭരണകാര്യം ഏറ്റെടുക്കുകയുമാണു് വേണ്ടതു്. ഒരു പക്ഷേ അതു നിന്റെ ദുഃഖശാന്തി കൂടുതൽ എളുപ്പമാക്കിത്തീർത്തേയ്ക്കാം."

"ഗൃഹഭരണം കൈയേല്ക്കുവാനുള്ള കരുത്തില്ലെനിക്കു്," അവൾ പറഞ്ഞു: "എന്തോ കുന്നു ഞാൻ മറന്നിട്ടുള്ളതുപോലെ എനിക്കു സദാ തോന്നുന്നു. എന്തായിരിക്കാം അതെന്നു് ആലോചിക്കുമ്പോൾ, എന്റെ കുഞ്ഞു

Digitized By Kerala Sahitya Akademi

ങ്ങളാണതെന്നും അവക്ക മേലിൽ ഒരിക്കലും എന്നെ ആവശ്യമില്ലെന്നും ഉള്ള തോന്നൽ എന്നിലുണ്ടാകുന്നു.”

യോട്ട് മറുപടി പറഞ്ഞു:

“നിനക്ക വീട്ടിൽപ്പോയി നിന്റെ അമ്മയെ സന്ദർശിക്കണമെന്ന് ആഗ്രഹമുണ്ടോ? എങ്കിൽ, ഞാൻ നിന്നെ അങ്ങോട്ട കൊണ്ടുപോകാം.”

ലീകുനി ശാന്തമായി പറഞ്ഞു:

“എല്ലാറിലും ഉപരിയായി എനിക്ക് ഒരാഗ്രഹമുണ്ട്. അതങ്ങു സാധിച്ചു തരുമോ?”

“നീ എന്തുതന്നെ ചോദിച്ചാലും ഞാൻ നിരസിക്കയില്ല,” അയാൾ പറഞ്ഞു.

“അതായത്, മേലിലൊരിക്കലും അങ്ങയുടെ ഭാര്യയെന്ന നില എനിക്കുണ്ടാകരുത് എന്നുള്ളതാണ്,” ലീകുനി പറഞ്ഞു: “ഇവിടെനിന്നു പോകുവാനും, മറ്റു ക്രിസ്ത്രീയരാജ്യങ്ങളിലെ സ്ത്രീകൾ ചെയ്യുന്നതുപോലെ വ്രതാനുഷ്ഠാനങ്ങളോടുകൂടിയ ഒരു പരിശുദ്ധജീവിതം നയിക്കുവാനും എന്നെ അനുവദിക്കൂ!”

യോട്ട് മുഖം വീർപ്പിച്ചുകൊണ്ടു പറഞ്ഞു:

“എന്നോടൊന്നിച്ചുള്ള നിന്റെ ഇവിടത്തെ ജീവിതം അത്രയേറെ ആനന്ദപ്രദമായിരുന്നില്ലെന്ന് എനിക്കറിയാം. ഇങ്ങനെയൊക്കെയാണ് സംഭവിക്കുകയെന്നറിഞ്ഞിരുന്നെങ്കിൽ ഒരിക്കലും ഞാൻ നിന്നെ സ്കാമെഡാലിലേയ്ക്കു കൊണ്ടുവരില്ലായിരുന്നു. പക്ഷേ ഒരിക്കൽ ഞാൻ

Digitized By Kerala Sahitya Akademi

നിന്നോടു മോഷിക്കയുണ്ടായി, നാം തമ്മിലുള്ള പെരുമാറ്റം എങ്ങനെയാണു് വേണ്ടതെന്നു്. അപ്പോഠം എന്നോടൊന്നിച്ചു താമസിക്കുവാനാണു് നീ ഇഷ്ടപ്പെട്ടതു്. അതുമുതൽ നിന്നോടു് എത്രയും നല്ല രീതിയിൽ പെരുമാറണമെന്നു കരുതി ഞാൻ ഉറപ്പു ശ്രമിച്ചിട്ടുണ്ടു്. ആ ദിവസം മുതൽ ഇന്നോളം നാം തമ്മിൽ കോപം കലന്ന കരൊറ്റ വാക്കുപോലും ഉണ്ടായിട്ടില്ല. അന്നൊരു പ്രാവശ്യമല്ലാതെ പിന്നീടൊരിക്കലും ഞാൻ നിന്നെ കൈവെച്ചിട്ടുമില്ല. ഇവിടെ സകല കാര്യങ്ങളിലും എനിക്കുള്ള അധികാരം തന്നെ നിനക്കും ഉണ്ടായിരുന്നു. നിന്റെ പ്രവൃത്തികളിൽ കരിക്കലും ഞാൻ തലയിടാൻ വന്നിട്ടില്ല. മറ്റു സ്ത്രീകളുമായി ഞാൻ വിനോദിക്കയോ നിന്നിലല്ലാതെ മറ്റാരിലും എനിക്കു സന്താനങ്ങഠം ഉണ്ടാവുകയോ ചെയ്തിട്ടില്ല.”

“എന്നിലും നിങ്ങഠംക്കു സന്താനങ്ങളില്ലല്ലോ,” ലീകനി മറുപടി പറഞ്ഞു. അവഠം തന്റെ കൈകളിൽ മുഖംമറച്ചു വിങ്ങിവിങ്ങിക്കരയാൻ തുടങ്ങി.

“നിനക്കുള്ളതുപോലെതന്നെ എനിക്കും അതൊരു മഹാദുഃഖമാണു്,” അയാഠം പ്രസ്താവിച്ചു: “അതുകൊണ്ടു നമ്മുടെ യോജിച്ചുള്ള ജീവിതത്തെ നീ പിളക്കാൻ ആശിക്കുന്നതിൽ എനിക്കു് അത്ഭുതം തോന്നുന്നു.”

“നമ്മുടെ വിവാഹബന്ധം അവസാനിച്ചതായി അങ്ങു പ്രഖ്യാപിക്കുകതന്നെ വേണം. അങ്ങയുമൊന്നിച്ചു താമസിക്കുവാൻ എനിക്കു സമ്മതമില്ല എന്നുള്ളതു് അതിനു മതിയായ അടിസ്ഥാനമായിരിക്കും. അങ്ങയ്ക്കു പിന്നീടു വേറൊരു ഭാര്യയെ വിവാഹം കഴിക്കയും ഈ വന

Digitized By Kerala Sahitya Akademi

പ്രദേശം കൈവെടിയുകയും ചെയ്യാം. നാം ഒത്തൊരുമിച്ച് ഇവിടെ താമസിച്ച ഈ അനവധി കൊല്ലങ്ങൾക്കിടയിൽ ഒരൊറ്റദിവസമെങ്കിലും ഞാൻ അങ്ങയെ സന്തുഷ്ടചിത്തനായി കണ്ടിട്ടില്ല.”

അനന്തരം ഒരു താഴ്ന്ന സ്വരത്തിൽ യോട്ട് ചോദിച്ചു: “ഏതിനോടു സത്യം പറയൂ, ലീകനി, നീ ഏതായാലും ഈ സ്ഥലം വിട്ടുപോകാനാശിക്കുന്നു. അങ്ങനെയാണെങ്കിൽ ഇനിയൊരിക്കലും നിന്റെ മെത്തയുടെ ഒരു പങ്കുപറ്റാൻ നീയെന്നെ അനുവദിക്കുകയില്ലേ?”

അയാൾ ഇങ്ങനെ പറഞ്ഞുകൊണ്ട് ഇരുകൈകളും നീട്ടി അവളെ തനിക്കടുക്കിപ്പിടിച്ചു. അവൾ കിടുകിടാ വിറച്ചുകൊണ്ടിരുന്നതിനാൽ അവൾക്കൊന്നും സമാധാനം പറയാൻ സാധിച്ചില്ല. അയാൾ വീണ്ടും പറഞ്ഞു:

“എനിക്ക് ആവശ്യമുള്ള ഉണർവും ജീവനും എപ്പോഴും നിന്നോടൊത്തു ഞാൻ കണ്ടെത്തുമെന്ന് ഒരിക്കൽ നീ പറയുകയുണ്ടായി!”

ലീകനി കൈയുയർത്തി മുഖം മറച്ചുകൊണ്ടു കണ്ണീരോടുകൂടി മറുപടി പറഞ്ഞു:

“എന്റെ അടുത്തുനിന്ന് അങ്ങു പോകാനാഗ്രഹിക്കുന്നതായി എനിക്കു തോന്നി.”

“അതു വളരെക്കാലത്തിനുമുമ്പാണ്, ലീകനി. പക്ഷേ നിന്നെക്കൂടാതെ എനിക്കു ജീവിക്കാൻ സാദ്ധ്യമല്ലെന്നു ഞാനറിഞ്ഞില്ല.”

അന്നു വൈകുന്നേരം ലീകനി അയാളോടുകൂടി ഹാളിലേയ്ക്കു ചെല്ലുകയും പണ്ടത്തെപ്പോലെ അവളുടെ മേശ

Digitized By Kerala Sahitya Akademi

യ്ക്കുമുമ്പിൽ ഇരിക്കുകയും ചെയ്തു. കരു 'കന്യാസ്ത്രീ'യാകുവാനുള്ള അവളുടെ ആശയെക്കുറിച്ചു പിന്നീടൊരിക്കലും സംസാരമുണ്ടായിട്ടില്ല; പക്ഷേ വലിയ സ്നേഹത്തോടും ഐക്യത്തോടുംകൂടി അവർ യോട്ടുമൊന്നിച്ചു താമസിക്കുകയാണു് ചെയ്തതു്. എന്നിരുന്നാലും അവർ അപ്പോഴും തന്റെ കുഞ്ഞുങ്ങളെയോർത്തു സദാ സന്തപിച്ചിരുന്നു. പക്ഷേ ആരോടും അവർ അതിനെക്കുറിച്ചു് കുറുംതന്നെ ശബ്ദിച്ചില്ല.

കരു ദിവസം അവരെല്ലാവരുംകൂടി സ്നാനാലയത്തിലേയ്ക്കു പോയി. ലീകുനി തന്റെ ഈറൻതലമുടി ഉണങ്ങുവാനായി അഴിച്ചു നിവർത്തിയിട്ടിരുന്നു. യോട്ടു് അതു തന്റെ ഇരുകൈകളിലും വാരിയെടുത്തുകൊണ്ടു് ഇങ്ങനെ പറഞ്ഞു:

"നിന്റെ തലമുടി പണ്ടത്തേക്കാൾ മനോഹരവും കൂടുതൽ മൃദുലവുമാണെന്നു ഞാൻ വിശ്വസിക്കുന്നു, ലീകുനി."

അവർ അഗ്നിക്കുതുല്യം ശോണവർണ്ണമായി; പെട്ടെന്നവർ തലതിരിച്ചുകളഞ്ഞു. പക്ഷേ മഞ്ഞനിറത്തിലുള്ള മുടിയോളംതന്നെ ചാരനിറത്തിലുള്ളതും അതിലുണ്ടെന്നും പെന്നികാൾക്കുമേലെ അതു നിശ്ശ്ലേഷം വെളുത്തുപോയിരിക്കുന്നു എന്നും യോട്ടു് സൂക്ഷിക്കയുണ്ടായി.

മുപ്പത്തിയാറു്

കരു കൊല്ലംകൂടി കഴിഞ്ഞു. ലീകുനി മിക്കവാറും രാത്രിയിൽ ഉറങ്ങാതെ കിടന്നു വിങ്ങിക്കരയാറുള്ളതു യോട്ടു്

Digitized By Kerala Sahitya Akademi

മനസ്സിലാക്കി. എന്താണവളെ പീഡിപ്പിക്കുന്നതെന്നു് അയാൾ കാരുണ്യപൂർവ്വം അന്വേഷിച്ചു. പക്ഷേ അവൾ കരഞ്ഞതെന്നല്ലാതെ പറകയില്ല. ഒടുക്കൽ അയാൾ പറഞ്ഞു:

"ഇപ്പോൾ നീ ഉദരത്തിൽ ധരിച്ചിരിക്കുന്ന കുഞ്ഞിനെ പ്രസവിക്കുന്നതുവരെ യഥാർത്ഥമായ മനസ്സന്തുഷ്ടി നിനക്കു ലഭിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല." പക്ഷേ അതു കേട്ടു് അവൾ പൊട്ടിക്കരഞ്ഞുപോയി.

ഒരു ദിവസം അയാൾ കലവറപ്പുരയിൽ കടന്നുവന്നു. ഒരു വലിയ പെട്ടിയിലുള്ള സാധനങ്ങൾ എല്ലാം വൃത്തിയായി അടുക്കിവെച്ചുകൊണ്ടു കാൽമുട്ടുകളിൽ അവിടെ നില്ക്കുകയായിരുന്ന ലീകനി. അതിന്റെ ആവശ്യം താൻ കാണുന്നില്ലെന്നു പറഞ്ഞു്, അവൾ അങ്ങനെ ആയാസപ്പെടാതിരിക്കുവാൻ യോട്ടു് അവളോടപേക്ഷിച്ചു.

"അതെ," അവൾ മറുപടി പറഞ്ഞു: "ഞാൻ എന്റെ വീടു നല്ല അടുക്കോടുകൂടിത്തന്നെ വിട്ടിട്ടു പോകും. എന്നെക്കൊണ്ടു കഴിവുള്ള അവസരത്തിൽ എനിക്കതു ചെയ്തേ കഴിയൂ."

"അങ്ങനെ പറയാതിരിക്കൂ," പണിപ്പെട്ടുവരുത്തിയ ഒരു ചിരിയോടുകൂടി യോട്ടു് പറഞ്ഞു: "നീ പക്ഷേ മരിക്കാൻ പോവുകയാണെന്നു നിനക്കു വിചാരമുണ്ടായിരിക്കാം, അല്ലേ?"

പെട്ടിപ്പുറത്തു് അയാൾ അവളെ തന്നോടടുപ്പിച്ചു പിടിച്ചിരുത്തി. അനന്തരം അവൾ പ്രതിവദിച്ചു: "നി

Digitized By Kerala Sahitya Akademi

ത്യവും അവർ ഈ തറയിൽ അങ്ങുമിങ്ങും നടക്കുന്നു: ഗിസ്സറും സ്റ്റീൻവറും; എന്നിട്ട് അവർ നമ്മുടെ കിടക്കപ്പുറത്തേയ്ക്കു പിടിച്ചുകയറാൻ ശ്രമിക്കുന്നു. അവരുടെ ശരീരത്തിൽനിന്നു വെള്ളം ധാരധാരയായി നിലംപതിക്കുന്നു. ഞാൻ താഴെയിറങ്ങിച്ചെന്നു് അവരുടെകൂടെ കിടക്കുകയും അവരെ എന്റെ കൈയിലെടുക്കുകയും ചെയ്യണ്ടതാണു് അവരുടെ ആവശ്യം. എന്റെ വയറ്റിലുള്ള ഈ കുഞ്ഞു കാരണം എനിക്കതിനു നിവൃത്തിയില്ലെന്നു ഞാൻ അവരോടു പറയുന്നു. പക്ഷേ അവരുടെ എന്നോടുള്ള മറുപടി ഇതാണു്:

"ഈ ഞങ്ങളുടെ കൊച്ചനിയൻ ജനിച്ചു കഴിഞ്ഞാൽ അമ്മ ഞങ്ങളുടെ അടുത്തുവന്നു ഞങ്ങളെ മൂടിപിടിപ്പിക്കണം; കേട്ടോ, അമ്മേ!—എന്തുകൊണ്ടെന്നാൽ, അങ്ങനെ ചെയ്യാമെന്നു് അമ്മ ഞങ്ങളോടു വാക്കു പറഞ്ഞിട്ടുണ്ടു്...."

"നീയെന്തോ സ്വപ്നം കണ്ടതാണിതു്," യോട്ടു് പറഞ്ഞു: "നമ്മുടെ കുഞ്ഞുങ്ങൾ ദൈവസന്നിധിയിൽ എത്തിച്ചേർന്നുവെന്നു നിനക്കറിയാവുന്നതാണല്ലോ; വിഗ്രഹാരാധകന്മാരായ കാടന്മാർ മാത്രമേ അങ്ങനെ രാത്രി ഇറങ്ങിനടക്കൂ; അവരാകട്ടെ, മാമ്മോദീസ കഴിച്ചവരാണു്; ക്രൈസ്തവഭൂമിയിലാണു് അവർ വിശ്രമിക്കുന്നതും. അതുകൊണ്ടു നീ ഇങ്ങനെ പറയരുതു്; ഈ കരുചിന്തതന്നെ നിന്റെ മനസ്സിൽനിന്നു് ഉപേക്ഷിക്കൂ!" വീണ്ടും അയാൾ അവളോടു യാചിച്ചു.

"അങ്ങയെ ഇപ്പോളിങ്ങനെ കാണുംപോലെതന്നെ അത്ര സ്പഷ്ടമായിട്ടാണു് ഞാൻ അവരെ കാണുന്നതു്,"

Digitized By Kerala Sahitya Akademi

അവൾ മറുപടി പറഞ്ഞു: "അവർ രണ്ടുപേരും നടന്നു വന്നു് എന്റെ കാരോ കൈയ്യും കടന്നുപിടിച്ചു. അവരുടെ ദേഹമാസകലം മഞ്ഞുകട്ടപോലെ തണുത്തിരുന്നു; എന്റെ അസ്ഥിക്കുള്ളിലെ മജ്ജപോലും മരവിച്ചുപോയി."

"കാ, അതു തണുത്ത കാറാണു്," അവളെ മേത്തു പിടിച്ചുകൊണ്ടു യോട്ടു് പറഞ്ഞു: "കട്ടിലിനു പുറകിലുള്ള ചുമരിലെ വിടവു ഞാൻ അടച്ചിച്ചു ശരിയാക്കാം. പക്ഷേ മരിക്കുന്നതിനെക്കുറിച്ചുമാത്രം നീയിപ്പോൾ സംസാരിക്കരുതു്. കുട്ടികൾ അവർക്കെന്ന സ്ഥാനത്തു സുഖമായിരിക്കുന്നുണ്ടു്. അവരേക്കാൾ എനിക്കധികം ആവശ്യം നിന്നെക്കൊണ്ടാണു്."

ഈ സംഭാഷണം കഴിഞ്ഞു് ഏറെനാൾ കഴിയുന്നതിനുമുൻപു ലീകുനി കരാൺകുട്ടിയെ പ്രസവിച്ചു. എന്താണു് വിശേഷങ്ങളെന്നു യോട്ടു് കൂടെക്കൂടെ സൂതികർമ്മിണികളോടു തിരക്കിക്കൊണ്ടിരുന്നു. പ്രത്യേകിച്ചു പറയത്തക്ക വിശേഷമൊന്നുമില്ലെന്നും എല്ലാം അതിന്റെ മുറപോലെതന്നെ നടന്നുവരികയാണെന്നും അവർ മറുപടി കൊടുത്തു.

പക്ഷേ പ്രസവം കഴിഞ്ഞു് അവർ കുഞ്ഞിനെ അച്ഛന്റെ മുമ്പിൽ കൊണ്ടുവന്നപ്പോൾ, വല്ലാത്ത ക്ഷുദ്രമായ ഒരു ശിശുവായിട്ടാണു് പ്രത്യക്ഷപ്പെട്ടതു്. അയാൾ അതിനെ എവിടെയെങ്കിലും വെളിസ്ഥലത്തു കൊണ്ടുപോയി ഇട്ടിട്ടുപോരണം എന്നു് അവർ യോട്ടിനെ അറിയിച്ചു. "എന്തുകൊണ്ടെന്നാൽ, ഒരു മനുഷ്യന്റെ മട്ടൊ

Digitized By Kerala Sahitya Akademi

ന്നും അവനണ്ടാവുകയില്ല. ഒന്നിനും കഴിവില്ലാതെ, വെറും പുഴുവിനെത്തുല്യം ജീവിക്കേണ്ടിവരുന്ന ഒരു മുടന്തനായിരിക്കും അവൻ. തന്റെ ജീവിതത്തിൽ അവന് ആനന്ദമെന്താണെന്നറിയാൻ സാധിക്കയില്ല. എന്നതന്നെയല്ല ആ ശപ്തമായ ജീവിതം അവന് അസഹ്യമായ ഒരു ഭാരമായിത്തീരുകയും ചെയ്യും."

"ക്രിസ്തുമതാവലംബിയായ ഒരു മനുഷ്യനാണ്ഞാൻ; അതുകൊണ്ട് അങ്ങനെ ചെയ്യുന്നതു ഹീനമായ ഒരു കൃത്യമായിരിക്കും!" യോട്ട് പറഞ്ഞു: "ഞാൻ ഒരിക്കലും അതു ചെയ്യില്ല. അവനെ ഈശ്വരൻ സഹായിക്കും. അങ്ങനെ അവന്റെ കേടുപാടുകൾ മാറിക്കിട്ടും." അയാൾ അവനെ 'ജ്ഞാനസ്നാനം' ചെയ്യിച്ച് അവനു ടോർബ്ജോൺ എന്നു പേരുകൊടുത്തു.

ഇതു കേട്ടപ്പോൾ ലീകിനി പൊട്ടിക്കരഞ്ഞുപോയി; കുട്ടി വളർന്നുവരാതിരിക്കുന്നതാണ് ഭേദമെന്ന് അവളും വിചാരിച്ചിരുന്നു. അവന് ഒരു മുയൽച്ചുണ്ടുണ്ട്; വായിനാണെങ്കിൽ മേൽത്തട്ടില്ല; അവന്റെ വലതുകൈ തീരെ ചെറുതും, കരുത്തില്ലാത്തതും, കാണാൻ ബഹു വിചിത്രവുമായിരുന്നു. അവൾ അങ്ങനെ പ്രസ്താവിച്ചു; പക്ഷേ യോട്ട് പൊട്ടിച്ചിരിച്ചിട്ട് ഇടതുകൈയും അത്ര വലിയതാണെന്നു തനിക്കു തോന്നുന്നില്ലെന്നു മറുപടി പറഞ്ഞു.

ലീകിനിക്കു പറയത്തക്ക വിശേഷമൊന്നും ഉണ്ടായില്ല. പത്താംദിവസം അവൾ എഴുന്നേറ്റു. പക്ഷേ സായാഹ്നമായപ്പോഴേയ്ക്കും അവൾക്കൊരു പനിക്കോളുണ്ടാ

Digitized By Kerala Sahitya Akademi

യി. വീണ്ടും അവർക്കങ്ങനെ ശയ്യയെ ശരണം പ്രാപിക്കേണ്ടി വന്നുകൂടി. അടുത്ത ദിവസം അവർക്കു തീരെ സുഖമുണ്ടായിരുന്നില്ല. അന്നു വൈകീട്ടു യോട്ട് അവളോടൊന്നിച്ചിരുന്നു. അനന്തരം അവർ അയാളോടു പറഞ്ഞു:

"നാം തമ്മിൽ ഇപ്പോൾ വേർപെടരുതെന്നു ഞാൻ എപ്പോഴും പ്രാർത്ഥിക്കുന്നുണ്ടെങ്കിലും, അതുകൊണ്ടൊന്നും യാതൊരു ഫലവുമില്ലെന്നും, ഏറെനാളായി ഞാൻ ഭയപ്പെട്ടിരുന്നതുപോലെ അതു സംഭവിക്കാൻ പോവുകയാണെന്നും എനിക്കു ഭയം തോന്നുന്നു. രണ്ടു കാര്യങ്ങളിലാണ് എനിക്കു കുണ്ഠിതം: ഒന്ന്, ഈ പാവംപിടിച്ച രോഗിയായ കുട്ടി അങ്ങേയ്ക്കുണ്ടായതു്; പിന്നൊന്ന്, എന്റെ മരണത്തിൽ അങ്ങയ്ക്ക് അത്ര വലിയ കുണ്ഠിതമൊന്നും തോന്നാനിടയില്ലാതിരുന്ന കാലത്തു് ഇതു സംഭവിക്കാഞ്ഞതു്."

യോട്ട് അവളെ ചുംബിച്ചുകൊണ്ടു മറുപടി പറഞ്ഞു: "ഞാൻ നിന്റെ സ്വപ്നങ്ങളിലും സാങ്കല്പികദൃശ്യങ്ങളിലും ഒന്നും വിശ്വസിക്കുന്നില്ല. എന്തുതന്നെ സംഭവിക്കട്ടെ; ഒന്നു ഞാൻ തീർത്തുപറയാം. എനിക്കു സിദ്ധിച്ച ഏറ്റവും മഹത്തായ ആനന്ദം നാം ഒത്തൊരുമിച്ചു ജീവിച്ച നല്ലകാലത്താണു്."

ലീക്കനി കിടന്നുറങ്ങിപ്പോയി. രാത്രിമുഴുവനും അയാൾ അവളുടെ അടുത്തുതന്നെ കാത്തിരുന്നു. പ്രഭാതത്തോടടുപ്പിച്ചു പെട്ടെന്നവൾ ഞെട്ടിപ്പിടിച്ചു കിടക്കപ്പു

Digitized By Kerala Sahitya Akademi

ത്തെഴുന്നേറ്റിരുന്നിട്ടു രണ്ടു കൈകൊണ്ടും വാതിൽക്കലേ യ്ക്കു മൂണ്ടിക്കാണിച്ചു. അനന്തരം അവൾ തന്റെ കൈ കൾ അയാളുടെ കഴുത്തിൽ ചുറ്റി അയാളേയും വലിച്ചു കൊണ്ടു പിന്നോട്ടു മലന്നു. അടുത്തനിമിഷം അവളുടെ കൈകൾ താനേ വിട്ടുപോയി. നീണ്ടുനിവർന്ന് അവൾ കിടക്കമേൽ കിടന്നു. അവൾ മരിച്ചുകഴിഞ്ഞു.

യോട്ടിനു പത്നിയുടെ മരണം അസഹ്യമായിരുന്നു. പ ക്ഷേ പുരുഷോചിതമായ രീതിയിൽ ഒട്ടും ആവലാതിപ്പെ ടാതെ ആ കടുത്ത ദുഃഖം അയാൾ സധീരം സഹിച്ചുവെ ന്നു ജനങ്ങൾക്കു തോന്നി. ആ കുഞ്ഞിനെ അയാൾ എ ന്തെന്നില്ലാത്ത സ്നേഹത്തോടെ വളർത്തിക്കൊണ്ടുവന്നു. അ വന്റെ വൈകല്യങ്ങളും വൈരൂപ്യങ്ങളുമെല്ലാം മാറി അ വൻ മിടുമിടുക്കനായി വളർന്നു വരുമെന്നാണ് തന്റെ ഉഡുമായ വിശ്വാസമെന്ന് അയാൾ സദാ പ്രസ്താവി ച്ചു. പക്ഷേ മറ്റുള്ളവർ വിചാരിച്ചതും തമ്മിൽത്ത മ്മിൽ അഭിപ്രായപ്പെട്ടതും അവൻ മരിക്കുന്നതായി രിക്കും നല്ലതെന്നാണ്. ടോർബ്ജോൺ ശീതകാലം മുഴുവൻ കടന്നു പോയി. പക്ഷേ വസന്തം തിരുന്നതിനു മുൻപു ശ്വാസകോശങ്ങൾ അവനെ അപഹരിച്ചു ക ളഞ്ഞു.

തന്റെ വസ്തുവകകൾ എല്ലാം വിൽക്കാൻ പോകുന്ന തായി അയാൾ അക്കൊല്ലം ഒരു വിജ്ഞാപനം പുറപ്പെ ടുവിച്ചു. അയാൾ ഒരു കപ്പൽ വിലയ്ക്കു വാങ്ങി ആ ടി പ്രദേശങ്ങളോടു യാത്ര പറഞ്ഞു. നോർമാൻഡിയിൽ വെച്ച് അയാൾ തന്റെ കൂടെ വീട്ടിൽനിന്നും പോന്നിട്ടു

Digitized By Kerala Sahitya Akademi

ണ്ടായിരുന്ന ഐസ്‌ലാൻഡുകാരേയും വിട്ടുപിരിഞ്ഞു യാത്ര തുടർന്നു. അതിനുശേഷം അയാളെക്കുറിച്ച് ഒന്നുംതന്നെ ഐസ്‌ലാൻഡിൽ കേൾക്കുകയുണ്ടായില്ല.

മുപ്പത്തിയേഴ്

ഒളാവ്ട്രിഗ്വെസ്സൺ രാജാവിന്റെ പതനത്തിനുശേഷം, നല്ലവനായ ഇല്ല്യൂജ് ഓസ്‌ലോവിൽ എത്തി. ഇവിടെ ഈ വടക്കൻ പ്രദേശങ്ങളിൽ താമസിച്ചിരുന്ന ആ മനുഷ്യരത്നമായ നാടുവാഴിക്കു ശേഷം മറെറാരു നാടുവാഴിയേയും സേവിക്കാൻ അയാൾക്കു മനസ്സുവന്നില്ല. ഇനി ജീവിതം കുറച്ചുകാലമെങ്കിലും ഒരു പതിയെ സേവിക്കുവാനും ഇല്ല്യൂജ് മനസാ നിശ്ചയിച്ചു. അയാളുടെ അഭിലാഷഗതി വീണ്ടും വിഗ്ഡിസ്സിനു നേർക്കു തിരിഞ്ഞു. വിഗ്ഡിസ് അയാളെ സഹർഷം സ്വാഗതം ചെയ്തു. അയാളുടെ ബഹുമാനാർത്ഥം അവർ വമ്പിച്ച തോതിൽ ഒരു സല്ക്കാരം നടത്തി. അതിൽ പങ്കുകൊള്ളുവാനായി ഗ്രെഫ്സിനിലെ കാരാഹയെക്കൂടി അവർ ക്ഷണിച്ചിരുന്നു. ഈ രണ്ടുപേരോടും അവർ ഏറെറവും അധികം ബഹുമാനം പ്രദർശിപ്പിച്ചു.

ഒരു ദിവസം തന്നോടൊന്നിച്ച് അറപ്പുരയിലേയ്ക്കു വരുവാനായി അവർ അവർ രണ്ടുപേരോടും ആവശ്യപ്പെട്ടു. അവരുമായി തനിച്ച് അവർക്കെന്തോ സംസാരിക്കാനുണ്ടത്രേ. അനന്തരം അവർ പറഞ്ഞു:

"നിങ്ങൾ രണ്ടുപേരും എന്നെ വിവാഹം കഴിക്കാൻ ആവശ്യപ്പെട്ടവരാണ്; എനിക്കു പ്രതീക്ഷിക്കാവുന്നതിനേ

Digitized By Kerala Sahitya Akademi

ക്കാൾ എത്രയോ മഹത്തായ ഒരു ബഹുമതിയുമാണത്— ഇങ്ങനെയുള്ള യോഗ്യന്മാരായ രണ്ടു വീരപുരുഷന്മാർ എന്നെ ഭാര്യയാക്കാൻ ഉദ്ദേശിച്ചതെന്നു എന്നതു! പക്ഷേ ഞാൻ ഒരിക്കലും വിവാഹം കഴിക്കില്ല. എനിക്കു ഒരൊറ്റ ആശ മാത്രമേയുള്ളു: പിതാവിന്റെയും ബന്ധുക്കളുടേയും അഭാവം ഉൽക്കടമായ രീതിയിൽ ഹയേത്തെ സ്പർശിക്കാത്ത വിധത്തിലുള്ള ഒരു നിലയിൽ അവനെ എത്തിക്കുക! അവനു ധാരാളം സമ്പത്തുണ്ടാവുക. എന്നിൽ ശരിക്കുണ്ടായ കുഞ്ഞുങ്ങളുമായി എന്റെ വസ്തുവകകൾ പങ്കിടേണ്ടിവരുന്ന ഒരവസ്ഥ അവനുണ്ടാക്കാതിരിക്കുക—ഇതാണെന്റെ ആശയും ശപഥവും! നിങ്ങൾ രണ്ടുപേരും ഒരുപോലെ എന്നോടു സ്നേഹപൂർവ്വം പെരുമാറിയവരാണു; അങ്ങിനെയിരിക്കെ ഒരാളുടെ മുമ്പിൽ മറ്റൊരാളെ സ്വീകരിക്കുക എനിക്കു സാദ്ധ്യമല്ല. അതുകൊണ്ടു ഇതാണെന്റെ ഉപദേശം: കെട്ടോ, കാറെ, നിങ്ങളുടെ സഹോദരി ഹെൽഗയെ നിങ്ങൾ ഇല്ല്യൂജിനു വിവാഹം കഴിച്ചുകൊടുക്കണം; കുന്നിൻനിരകൾക്കപ്പുറമുള്ള 'ബാഗ്സ്റ്റഡിർ' ഇല്ല്യൂജ് വിലയ്ക്കു വാങ്ങിക്കും; പക്ഷേ കാറെ ഇന്നിവിടെ കണ്ട എന്റെ ചാച്ചിക്കാരിയായ റജ്നാ ഗ്രേ്യാട്ഗാർഡ്സ് ഡാറനേയും വിവാഹം കഴിക്കേണ്ടതായിട്ടുണ്ടു്. ഈ പ്രദേശങ്ങളിൽ ഉള്ളവരിൽ ഏറ്റവും സുന്ദരികളും ധനവതികളുമായ കന്യകകളാണിവർ; നിങ്ങൾ ഇരുവരും അങ്ങിനെയൊരു ബന്ധത്തിൽ ഏർപ്പെട്ടാൽ, അളിയന്മാരെന്ന നിലയിൽ, ഈ നാട്ടിൻപുറം മുഴുവനും നിങ്ങൾക്കു കീഴൊതുമിച്ചു് അടക്കി ഭരിക്കാനൊക്കും. എന്റെ ഈ ഉപദേശം സ്വീകരിക്കണമെന്നു ഞാൻ നിങ്ങളോടപേക്ഷി

Digitized By Kerala Sahitya Akademi

ക്കുന്നു. ഇനി നിങ്ങൾ എന്തു വിചാരിക്കുന്നുവെന്നു എന്നോടു പറയൂ!"

കാറെയാണു് ആദ്യം സംസാരിച്ചതു്.

"നിങ്ങൾ പറയുംപോലെ ഇല്ല ്യൂജ് പ്രവർത്തിക്കുന്നപക്ഷം അദ്ദേഹത്തെ എന്റെ സഹോദരീഭർത്താവായി ഞാൻ സന്തോഷപൂർവ്വം സ്വീകരിക്കുന്നതാണു്; ഈ സംഗതി നാം ഉറപ്പിക്കുന്നപക്ഷം ഞങ്ങൾക്കിരുകൂട്ടർക്കും അതു ഗുണകരമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ സഹോദരിയെ ഞാൻ വിവാഹം കഴിച്ചുകൊടുക്കുമ്പോൾ കരു പിശുക്കുന്നാണു് ഞാനെന്നു വന്നുകൂടല്ലോ!"

ഇല്ല ്യൂജ് മറുപടി പറഞ്ഞു:

"ഹെൽഗയുമായുള്ള എന്റെ കല്യാണനിശ്ചയത്തിനു സംതന്നെ നിങ്ങൾക്കു റെജ്നയുമായുള്ള വിവാഹവും നടത്താം."

കാറെ ഒന്നും മറുപടി പറഞ്ഞില്ല; പക്ഷേ വിഗ് ഡിസ് പറഞ്ഞു:

"എന്നെ വിശ്വസിക്കൂ; ഞാൻ ഒരിക്കലും വിവാഹം കഴിക്കുകയില്ല; നിങ്ങൾ ഇരുവരും തമ്മിൽ ബന്ധം സ്ഥാപിച്ചു നിങ്ങളുടെ സമ്പത്തും പ്രതാപവും വർദ്ധിപ്പിക്കൂ! നിങ്ങളിൽ ഒരാൾ ഒന്നുകൊണ്ടും മറ്റൊരാൾക്കു മീതെയല്ല. അതുകൊണ്ടു് ഒരാൾക്കു മറ്റേയാളെ ഇടിച്ചു താഴ്ത്താനും സാദ്ധ്യമല്ല. പക്ഷേ ഒന്നുണ്ടു്: നിങ്ങൾ കൈകോർത്തുനിന്നാൽ നിങ്ങൾ ഇരുവരുടേയും കരുത്തു നേരേ ഇരട്ടിയായിത്തീരും!"

Digitized By Kerala Sahitya Akademi

കാരെ അനന്തരം ഇല്ല്യൂജിനുനേക്കു തന്റെ കൈ നീട്ടി. അയാൾ അതു സസന്തോഷം സ്വീകരിച്ചു; പിന്നീട് അവർ അക്കാര്യംസംബന്ധിച്ചു സകലതും തീരുമാനിച്ചുറപ്പാക്കുകയും ചെയ്തു.

വിഗ്ഡിസ് കരുവശത്തേയ്ക്കുതിരിഞ്ഞു് കരുവലിയ യ പെട്ടി തുറന്നു; വിചപിടിച്ച കട്ടസംഖ്യം വസ്തുക്കൾ അതിൽ ഉണ്ടായിരുന്നു. അവർക്കിഷ്ടമുള്ളിടത്തോളം അതിൽനിന്നു് എടുത്തുകൊള്ളുവാൻ വിഗ്ഡിസ് അവരോടു പറഞ്ഞു.

"നിങ്ങൾ ഇരുവരുടേയും സ്നേഹത്തിനു പാത്രമായി ആനന്ദിക്കുവാൻമാത്രം എനിക്കു് അനുമതി തരൂ! മറെറാരനുഗ്രഹവുംകൂടി എനിക്കു നിങ്ങളോടു ചോദിക്കാനുണ്ടു്. അതിതാണു്: ആയുധവിദ്യകളിലും പുരുഷോചിതമായ സ്വഭാവത്രുപവൽക്കരണത്തിലും വേണ്ട പരിശീലനം നിങ്ങൾ ഉപചാരിനു കൊടുക്കുകയും അങ്ങനെ നിങ്ങളെപ്പോലെ കരു വീരപുരുഷനായി വളർന്നുവരാൻ അവനെ സഹായിക്കുകയും ചെയ്യണം."

അങ്ങനെ ചെയ്തുകൊള്ളാമെന്നു് അവർ വാക്കുകൊടുക്കുകയും അവളുടെ വിലപിടിച്ച സമ്മാനങ്ങൾക്കായി അവർ അവളോടു നന്ദിപറയുകയും ചെയ്തു. ഈ സൽക്കാരത്തിൽ പങ്കുകൊണ്ടവക്കെല്ലാം പോകുന്ന സമയത്തു് അവൾ വിലപിടിച്ച കാരോ സമ്മാനങ്ങൾ കൊടുത്തു. അങ്ങിനെ വലിയ ബഹുമതിയും ജനപ്രീതിയും സമ്പാദിക്കാൻ വിഗ ഡിസ്സിനു സാധിച്ചു.

Digitized By Kerala Sahitya Akademi

മുപ്പത്തിയെട്ട്

ആ നാട്ടിൽ വിഗ്ഡിസ് പണികഴിച്ച പള്ളിയിൽ 'ഫെയ്റിക്ക്' എന്ന പേരായി ഒരു പുരോഹിതനുണ്ടായിരുന്നു. ഡെൻമാക്കിൽനിന്നു വന്ന ഒരാളായിരുന്നു അദ്ദേഹം. വിഗ്ഡിസ് അദ്ദേഹത്തെ വളരെ ഇഷ്ടപ്പെട്ടു. അദ്ദേഹം കൂടെക്കൂടെ വാഡിനിൽ വരിക പതിവാണു്.

അദ്ദേഹം അവിടെ ഉണ്ടായിരുന്ന ഒരു ദിവസം രാത്രി അത്താഴമെല്ലാം കഴിഞ്ഞു് അവർ അഗ്നികുണ്ഡത്തിനു ചുറ്റുംകൂടി. അദ്ദേഹത്തിനു് അനവധി കഥകഥം അറിയാമായിരുന്നു. അതിനാൽ അവരെ ഒരു കഥ പറഞ്ഞു കേൾപ്പിക്കണമെന്നു വിഗ്ഡിസ് പുരോഹിതനോടു പറഞ്ഞു.

അനന്തരം പുരോഹിതൻ ആരംഭിച്ചു: "കരിക്കൽ 'ക്വാഡിൻസോ'വിൽ ഒരു സ്ത്രീയുണ്ടായിരുന്നു. അവളുടെ പേർ 'തോറാ' എന്നായിരുന്നു; അത്യന്തസുന്ദരിയുമായിരുന്നു അവൾ. ഒരു ദിവസം ബലംപ്രയോഗിച്ചു് ഒരാൾ അവളുടെ ചാരിത്രം കവർന്നെടുത്തു. തനിക്കു നേരിട്ട ദുരവസ്ഥ ഗോപനം ചെയ്യാനായി അവൾ തന്നിലുണ്ടായ കുഞ്ഞിനെ കടലിലെറിഞ്ഞു.

"അതുകഴിഞ്ഞു് അവൾ നല്ലനിലയിലുള്ള ഒരു വിവാഹബന്ധത്തിലേപ്പെട്ടു. അവളെ എല്ലാവരും ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്തു. അവൾക്കു് ഏറെ കുഞ്ഞുങ്ങളുണ്ടായി. അവരെല്ലാവരോടും അവൾക്കു വളരെ വാത്സല്യമായിരുന്നു. അങ്ങിനെയിരിക്കെ സങ്കടകര

Digitized By Kerala Sahitya Akademi

മായ ഒരു രോഗത്തിനവൾ ഇരയായി. അവൾ ബോധം കെട്ടു നിലംപതിച്ചു. മരിച്ച കരാളെപ്പോലെയായിരുന്ന അവളുടെ കിടപ്പു്. അങ്ങനെ കിടക്കുമ്പോൾ താൻ മരിച്ചുപോയി എന്നവൾക്കുതന്നെ തോന്നി. ആളുകൾ അവളെ വസ്ത്രങ്ങളും മറും ധരിപ്പിച്ചും പലതും അണിഞ്ഞു മോടിപിടിപ്പിച്ചും ശ്മശാനത്തിൽ കൊണ്ടുപോയി കുഴിയിൽ കിടത്തി; പക്ഷേ തന്റെ കുഞ്ഞുങ്ങൾ തനിക്കു വേണ്ടി വീട്ടിൽക്കിടന്നു നിലവിളിക്കുന്നതു് അവൾക്കു കേൾക്കാമായിരുന്നു; വീട്ടിൽപ്പോയി അവരെ സമാധാനിപ്പിക്കുവാൻ എന്തെങ്കിലും ഒരു നിവൃത്തിമാർഗ്ഗം കണ്ടെത്താൻ കഴിഞ്ഞെങ്കിൽ! എന്നവൾ തീഷ്ണമായാശിച്ചു പിന്നിടവൾക്കു തോന്നി, ആരോ ഒരാൾ കുഴിക്കരികിൽവന്നു നില്ക്കുന്നുണ്ടെന്നു്. അയാൾ ആപാദചൂഡം ഒരു സിതവസ്ത്രത്താൽ ആച്ഛാദനം ചെയ്യപ്പെട്ടവനായിരുന്നു. അയാൾ അവ്ളുടെ കൈയ്യ് കടന്നു പിടിച്ചുകൊണ്ടു പറഞ്ഞു: 'ഉം, എഴുനേൽക്കു, തോറേ! എഴുനേറ്റു് എന്റെകൂടെ വരൂ!' ഇപ്പോൾ അവൾക്കു നല്ലപോലെ ബോധപ്പെട്ടു താൻ മരിച്ചിട്ടില്ലെന്നു്. തനിക്കുവേണ്ടി തന്റെ കുഞ്ഞുങ്ങൾ കിടന്നു മുറവിളികൂട്ടുന്നതിനാൽ വീട്ടിലേയ്ക്കു തിരിച്ചുപോകാൻ തന്നെ അനുവദിക്കണമെന്നു് അവൾ കനിഞ്ഞപേക്ഷിച്ചു. അസിതാംബരനായ ആ മനുഷ്യൻ തലകുലുക്കിയിട്ടു് അവളെ നയിച്ചുകൊണ്ടുപോയി. 'പക്ഷേ, ഇതല്ലല്ലോ നമുക്കു പോകേണ്ട വഴി', തോറാ പറഞ്ഞു.

'അതെ, വഴി ഇതുതന്നെയാണു്,' ആ മനുഷ്യൻ പ്രതിവചിച്ചു.

Digitized By Kerala Sahitya Akademi

"ഏറെദൂരം അങ്ങനെ പോയപ്പോൾ അവർ അഗാധവും അന്ധകാരാവൃതവുമായ ഒരു മലയിടുക്കിലെത്തി; മലഞ്ചെരുവിന്റെ അടിയിൽക്കൂടി കറുത്തിരുണ്ട ഒരു നദി പുളച്ചൊഴുകിയിരുന്നു; ഒരു തടിച്ചയന്ന- പാറക്കെട്ട് ഒരു വശത്തു വെള്ളത്തിലേയ്ക്കിറങ്ങിനിന്നിരുന്നു; മറുവശത്തുമുണ്ടായിരുന്ന അതേപടിതന്നെ തടിച്ചയന്ന ഒരുക്കൻ പാറക്കെട്ട്. പക്ഷേ പർവ്വതത്തിന്റെ ശൃംഗത്തിൽ തനിത്തങ്കംകൊണ്ടു നിർമ്മിച്ച മനോഹരമായൊരു ഹർമ്മ്യം സമുല്ലസിച്ചു. അതു് ആദിത്യബിംബംപോലെ പ്രഭാപ്രസരത്തിൽ മിന്നിത്തിളങ്ങി. അതിനു വെളിയിലായി കനകകവചിതാംഗരായ പ്രഭുക്കന്മാർ കാവൽ നില്ക്കുന്നു. ഉള്ളിലോ ഹൃദയസ്പൃശകമായ ഗാനാലാപവും. ലളിതമധുരമായ വീണാവാദനവും അനുയോജ്യമായ രീതിയിൽ സമ്മേളിക്കുന്നു. അത്രയും ആകർഷകമായി ഒന്നുംതന്നെ ഈ ലോകത്തിലില്ലെന്നു് അപ്പോൾ അവൾക്കു തോന്നിപ്പോയി. ആ കനകഹർമ്മ്യത്തിന്റെ ഉടമസ്ഥൻ ആരാണെന്നവൾ ചോദിച്ചു.

'ഞാനാണവിടത്തെ അധിനായകൻ,' ആ മനുഷ്യൻ മറുപടി പറഞ്ഞു. 'എന്നോടൊന്നിച്ചുവന്നു് എന്റെ ഭവനം കണ്ടുകൊതോ തോറേ?'

അങ്ങനെതന്നെ, സന്തോഷപൂർവ്വം അവൾ വരുന്നതാണു്; പക്ഷേ അതുകഴിഞ്ഞു് അവൾ വീട്ടിലേയ്ക്കു്—അവളുടെ കുഞ്ഞുങ്ങളുടെ അടുക്കലേയ്ക്കു്—പോകും!

"അവർ പർവ്വതപ്രദേശത്തേയ്ക്കു പോകാൻ തുനിഞ്ഞു. അപ്പോൾ അവൾക്കു തോന്നി, ആ മലഞ്ചെരുവു നിറയെ

Digitized By Kerala Sahitya Akademi

വെളുത്ത കൊച്ചാട്ടിൻകുട്ടികളാണെന്നു്. കരാലയിലെന്നപോലെ തണ്ണിൽതുമ്പിൽ മുട്ടിമുട്ടിയാണു് അവയുടെ നില്പു്. മലയിടുക്കിന്റെ ഇരുവശങ്ങളിലും കയറിപ്പറവാനായി അവ നിരങ്ങുകയും തത്തിപ്പിടിച്ചു കയറുകയും ചെയ്തുകൊണ്ടിരുന്നു. പക്ഷേ അടുത്തുവന്നപ്പോൾ അവയെല്ലാം കൊച്ചുകുഞ്ഞുങ്ങളാണെന്നു് അവൾക്കു കണ്ടറിയാൻ കഴിഞ്ഞു. അനേകായിരം പേരുണ്ടവർ; എല്ലാവരും നഗ്നരാണു്; പിറന്നിട്ടധികമായില്ല; പക്ഷേ അവരുടെ മുഖം വാർദ്ധക്യപീഡിതർക്കാണു്. ചിലരുടെ ദേഹം മുഴുവൻ രക്തം പുരണ്ടിരിക്കുന്നു; മറ്റുചിലരുടെ ശരീരം ഭയങ്കരമായ രീതിയിൽ മുറിപ്പെട്ടിട്ടുണ്ടു്; വേറെ ചിലരുടെ ദേഹമാകട്ടെ, നനഞ്ഞു കുതിർന്നതാണു്. അവർ മലഞ്ചെരുവിൽനിന്നു വെളിയിലേയ്ക്കു കയറിപ്പോകുവാൻ പണിപ്പെട്ടു; പക്ഷേ നിമിഷത്തിനുള്ളിൽ ഉരുണ്ടുരുണ്ടു വീണ്ടും കീഴോട്ടുതന്നെ വീഴുകയാണുണ്ടായതു്. അവർ അത്രയ്ക്കു കുഞ്ഞുങ്ങളും അശക്തരുമായിരുന്നു. തോറായ്ക്കിതു് അതിഭയങ്കരീയവും അസഹനീയവുമായ ഒരു കാഴ്ചയായിത്തോന്നി. അവൾ കരയാൻ തുടങ്ങി. അതെന്താണെന്നും, പാവപ്പെട്ട ആ കൊച്ചുജീവികൾ എങ്ങനെയാണവിടെ വന്നുകൂടിയതെന്നും അവൾ അസിതാംബരനോടു ചോദിച്ചു. 'അവരുടെ അച്ഛനമ്മമാർ അവരെ ഇവിടെ വിട്ടു,' അയാൾ പറഞ്ഞു. 'അങ്ങനെ വേണമെന്നവർ നിശ്ചയിച്ചു.'

'എനിക്കു് ഒരിക്കലും അതു വിശ്വസിക്കുക സാദ്ധ്യമല്ല,' തോറാ പറഞ്ഞു.

സംസാരിക്കാനുള്ള കഴിവു് ആ കുഞ്ഞുങ്ങൾക്കുണ്ടായിരുന്നു; അവർ പറഞ്ഞു: 'കായ്മം പരമാർത്ഥമാണു്.

Digitized By Kerala Sahitya Akademi

ഞങ്ങൾക്ക് ഇവിടെത്തന്നെ കിടക്കേണ്ടിയിരിക്കുന്നു. സന്തോഷപൂർവ്വം മുകളിലേയ്ക്കുവന്ന ഞങ്ങൾ ലോകം കാണുമായിരുന്നു; അതുപോലെതന്നെ മലഞ്ചെരുവിനപ്പുറം അകലത്തുള്ള ആ ലോകവും ഞങ്ങൾ സസന്തോഷം വന്നു കാണുമായിരുന്നു; പക്ഷേ എന്തുചെയ്യാം? ഞങ്ങൾ തീരെ കൊച്ചുകുഞ്ഞുങ്ങളായിപ്പോയി. ഞങ്ങൾ ഇവിടെത്തന്നെ കഴിഞ്ഞുകൂടണം. എന്നാൽ ഇവിടെ വല്ലാത്ത വൃത്തികേടും നഗ്നതയുമാണ്. ഞങ്ങളാണെങ്കിൽ തണുത്തു മരവിക്കുകയും ചെയ്യുന്നു.'

അതുകേട്ടു തോറാ അവളുടെ മേലങ്കി അഴിച്ചെടുത്തു പല തുണ്ടുകളാക്കിക്കീറി; തനോടേറെയും അടുത്തു സ്ഥിതിചെയ്യുന്ന കുഞ്ഞുങ്ങളെ അവൾ അതിൽ പൊതിഞ്ഞു. അപ്പോൾ അവരെല്ലാവരും അവളുടെ ചുറ്റും തിങ്ങിക്കൂടി. അതിനാൽ അവൾ ഒരു വസ്ത്രംകൂടി അഴിച്ചെടുത്തു കുഞ്ഞുങ്ങൾക്കായി പങ്കിട്ടുകൊടുത്തു. അങ്ങനെ അവളുടെ വസ്ത്രങ്ങൾ മുഴുവനും അവസാനിച്ചു. ഒടുവിൽ അവൾ അവരെപ്പോലെതന്നെ നഗ്നശരീരത്തോടുകൂടിയവളായി. എന്നാൽ വസ്ത്രശകലം കിട്ടാത്ത കുട്ടികൾ കിട്ടിയവരേക്കാൾ പതിന്മടങ്ങായിരുന്നു. മലഞ്ചെരുവിൽ ആയിരമായിരക്കണക്കിലായിരുന്ന ശിശുക്കൾ. ഈ സമയമെല്ലാം അവർ മുന്നോട്ടുമുന്നോട്ടു തിക്കിക്കയറിക്കൊണ്ടിരുന്നു. തങ്ങളെ എടുത്തു മുകളിൽ കൊണ്ടുപോയി ലോകം എങ്ങനെയിരിക്കുന്നുവെന്നു കാണിച്ചുകൊടുക്കുവാൻ അപേക്ഷിച്ചുകൊണ്ട് അവർ അവൾക്കുചുറ്റും ഇരച്ചുകൂടി.

'കാ, ഒരു രസവുമില്ല അതു കാണാൻ,' അവൾ പറഞ്ഞു.

Digitized By Kerala Sahitya Akademi

'എന്നിരുന്നാലും ജീവിതം ഉപേക്ഷിക്കുന്ന കാര്യത്തിൽ വല്ലാത്ത മടിയും വൈമനസ്യവും ഉള്ളവരാണല്ലോ ഇവിടെവരുന്ന കുട്ടർ! അവർ എല്ലാവരും കുറുപോലെ മടങ്ങിപ്പോകാൻ ആഗ്രഹിക്കുന്നു—അതുപോലെതന്നെ നിങ്ങളും!'

'ഞാൻ എന്റെ വീട്ടിൽ എന്റെ കുഞ്ഞുങ്ങളുടെ അടുത്തേയ്ക്കു പോകാൻ മാത്രമേ ആഗ്രഹിക്കുന്നുള്ളൂ' തോറാ പറഞ്ഞു.

'ആ മനുഷ്യനും തോറായും ഇപ്പോഥം ജലത്തിനരികെ എത്തി. അതു നിറച്ചും കൊച്ചുകുഞ്ഞുങ്ങളായിരുന്നു. ഒരു മീൻപറ്റംപോലെ അങ്ങനെ തടിച്ചുകൂടി അവർ അവിടെ കഴുത്തുവരെ വെള്ളത്തിൽനിന്നു തണുത്തുവിറച്ചുകൊണ്ടിരുന്നു. തോറാ അവരുടെ ദൃഷ്ടിയിൽ പെട്ടു. അവഥക്കു് അവരുടെ പേരിൽ വലിയ സങ്കടം തോന്നി. അവഥം പൊട്ടിക്കരഞ്ഞുപോയി. എടുക്കാൻ കഴിയുന്നിടത്തോളം ശിശുക്കളെ അവഥം ഇരുകൈകളിലും വാരിയെടുത്തു. ആ സപ്ണഗ്രഹമ്മ്യത്തിലേയ്ക്കു തനിക്കവരെ കൂട്ടിക്കൊണ്ടു പോയിക്കൂടെ? എന്നവഥം ആ മനുഷ്യനോടു ചോദിച്ചു. തീച്ചയായും അവഥക്കങ്ങനെ ചെയ്യാമെന്നു് അയാഥം മറുപടി പറഞ്ഞു. ഇനി അവഥക്കു് ആരേയും എടുക്കാൻ നിവൃത്തിയില്ല. അതുകൊണ്ടു് അവരെ പൊതിഞ്ഞുകെട്ടി എടുത്തുകൊണ്ടുപോകാൻ ഒരു വസ്ത്രം കൊടുത്താൽ കൊള്ളാമെന്നു് അവഥം അയാളോടപേക്ഷിച്ചു. അയാഥം തന്റെ മേൽവസ്ത്രം അഴിച്ചെടുത്തു. അതിനിടയിൽ, സപ്ണനിർമ്മിതമായ ഒരു കവചം ദേഹത്തിലും,

Digitized By Kerala Sahitya Akademi

രത്നഖചിതമായ ഒരു കിരീടം ശിരസ്സിലും ആയാഠം ധരിച്ചിരിക്കുന്നതായി അവഠം കണ്ടു. എന്നാൽ അവയെക്കാളെല്ലാം പ്രഭാപൂർണ്ണമായിരുന്ന അയാളുടെ മുഖം. ഒരു പുരുഷൻ അത്രമാത്രം രാജതുല്യമായ ആഢംബരവും സൗന്ദര്യവും ഒത്തിണങ്ങിയവനാകാമെന്നു തോറാ ഒരിക്കലും ചിന്തിച്ചിട്ടുപോലുമില്ല.'

"അനന്തരം അയാഠം പറഞ്ഞു: 'കിഴക്കാംതൂക്കായ ഒരു മാടിചാണിചിടത്തേതു്. ഞാൻ നിന്നെ എടുത്തുകൊണ്ടുപോകാത്തപക്ഷം നിനക്കു മുകളിലേയ്ക്കു വരാൻ സാദ്ധ്യമല്ല. ആദ്യം ഞാൻ ആരെയാണു് എടുത്തുകൊണ്ടുപോകേണ്ടതു്—കുഞ്ഞുങ്ങളേയോ, നിന്നേയോ?'

'ആദ്യം കുഞ്ഞുങ്ങളെ കൊണ്ടുപോകൂ,' അവഠം പറഞ്ഞു: 'അവരെ എല്ലാവരേയും ഒന്നിച്ചു കൊണ്ടുപോകാൻ സാദ്ധ്യമല്ലെങ്കിൽ, കുറേശ്ശെ മതി. സകലരും അവിടെ എത്തുന്നതുവരെ ഞാനിവിടെ കാത്തിരുന്നുകൊള്ളാം.'

'അപ്പോഠം നേരം വളരെയെടുക്കും,' പ്രഭ പറഞ്ഞു: 'നോക്കൂ, ഇവിടെത്തന്നെ എത്രപേരുണ്ടെന്നു്—അതാ മുറ്റത്തുമായ്ക്കുങ്ങനെ വന്നുകൊണ്ടുമിരിക്കുന്നു. നീ എന്റെ സപ്തണ്ണഹത്ത്യം കാണാൻ ആശിച്ചതല്ലേ? അതു കഴിഞ്ഞു നിനക്കു പിട്ടിൽ നിന്റെ കുഞ്ഞുങ്ങളുടെ അടുത്തേയ്ക്കു പോവുകയും വേണ്ടേ? ഇവിടെ ഇരിക്കുനാപക്ഷം ലോകാവസാനംവരെ നിനക്കിവിടെ കാത്തിരിക്കേണ്ടിവരും. എങ്കിൽ മാത്രമേ ഈ കുഞ്ഞുങ്ങളെയെല്ലാം എനിക്കെന്റെ പീട്ടിൽ കൊണ്ടുപോയാക്കാൻ കഴിയൂ.'

Digitized By Kerala Sahitya Akademi

'എങ്കിൽ, എത്രനേരമെങ്കിലുമാകട്ടെ, എനിക്കു കാത്തിരിക്കണം,' അവൾ പറഞ്ഞു: 'ഈ പാവപ്പെട്ട കുഞ്ഞുങ്ങളെ ഇവിടെയിട്ടിട്ടു പോകാൻ എന്റെ മനസ്സനുവദിക്കുന്നില്ല. എന്റെ കുഞ്ഞുങ്ങൾ വീട്ടിൽ സുഖമായി കഴിഞ്ഞുകൂടുന്നുണ്ട്. നമ്മുടെ സഹായം കൂടുതൽ ആവശ്യം ഇവർക്കാണ്.'

"കനകകവചിതാംഗനായ മനുഷ്യൻ പറഞ്ഞു: 'നിന്റെ മാറോടു ചേർന്നുകിടക്കുന്ന കുഞ്ഞിന്റെ തൊട്ടടുത്തുള്ളതു നിന്റെ മൂത്ത മകനാണു്, തോറേ! ലോകത്തിൽ ജീവിച്ചു് എന്റെ ഭഗ്നത്തിലേയ്ക്കുള്ള വഴിയെന്നെ ഗ്രഹിക്കാൻ കഴിയുകിട്ടുന്നതിനു വളരെ മുമ്പുതന്നെ ജീവൻ കവന്നെടുക്കപ്പെട്ടവരാണു് ഈ കുഞ്ഞുങ്ങൾ മുഴുവനും.'

"തോറാ ചാടിച്ചു കിടുകിടുത്തു കാൽമുട്ടുകളിൽനിന്നു കൊണ്ടു ചോദിച്ചു: 'പ്രഭോ അങ്ങാരാണു്? എന്താണവിടത്തെ പേരു്?'

'ക്രിസ്റ്റ എന്നാണെന്റെ പേർ', രാജാവു് അരുളിച്ചെയ്തു. അടുത്ത നിമിഷത്തിൽ മലമുകളിൽ സൂര്യൻ ഉദിച്ചുയർന്നപോലെ മനോഹരമായ കരു പ്രകാശപൂരം ആ കുഞ്ഞുങ്ങളെ ചൂടുപിടിപ്പിച്ചുകൊണ്ടു് അദ്ദേഹത്തിൽനിന്നും വെളിയിലേയ്ക്കു പ്രസരിച്ചു. പക്ഷേ അതിന്റെ വിലാസതീഷ്ണതയിൽ തോറയ്ക്കു കണ്ണിറുക്കിയടയ്ക്കേണ്ടതായിവന്നുകൂടി. കുറച്ചുകഴിഞ്ഞു വീണ്ടും കണ്ണു തുറന്നപ്പോൾ വീട്ടിൽ തന്റെ കിടക്കയിൽ അവൾ കിടക്കുകയാണു്.

"ഉടൻതന്നെ അവൾ അമ്മയുടെ ഭർത്താവിനും ബന്ധുജനങ്ങൾക്കും ആളയച്ചു. തനിക്കുണ്ടായ സ്വപ്നദർശ

Digitized By Kerala Sahitya Akademi

നത്തെക്കുറിച്ച് അവഠം അവരോടു വിവരിച്ചു പറഞ്ഞു. തന്നിൽ തങ്ങിനിന്നിരുന്ന അപമാനവസ്തുത അവഠം പിന്നീടൊരിക്കലും മറച്ചുവെച്ചില്ല. താൻ ചെയ്ത ശിശുഹത്യയെക്കുറിച്ചും അവഠം സധീരം പ്രസ്താവിച്ചു. ഇതു കേട്ട് അവളുടെ ഭർത്താവിനു കലികയറി. സമയം അർദ്ധരാത്രിയായിരുന്നു; എങ്കിലും എഴുനേറ്റ് ആ നിമിഷംതന്നെ വീട്ടിൽനിന്നിറങ്ങിപ്പോകുവാൻ തുള്ളിചാടിച്ചുകൊണ്ട് അയാഠം ആജ്ഞാപിച്ചു.

"അവഠം നഗരത്തിൽക്കൂടി പാഞ്ഞുപോയി. പട്ടികഠ അവളുടെ നേർക്കു നോക്കി കുര തുടങ്ങി. താൻ അത്യന്തദുർഗയും മഹാപാപിനിയുമാകയാൽ ഈ ലോകത്തിൽ ജീവിക്കാൻ അർഹയല്ലെന്ന് അവഠംക്കു തോന്നി. അതിനാൽ അവഠം കടൽക്കരയിലേയ്ക്കു പോയി. വലിയ രണ്ടു ഉരുളൻകല്ലുകഠംക്കിടയിൽനിന്നും പുറപ്പെട്ട ഒരു തേങ്ങിക്കരച്ചിൽ അപ്പോഠം അവളുടെ ചെവിയിലെത്തി. ശബ്ദം വന്ന സ്ഥലത്തെ ലക്ഷ്യമാക്കി അവഠം നടന്നുപോയി. ഒടുവിൽ കടൽച്ചണ്ടികഠംക്കിടയിൽ പ്രസവിച്ചുപടിയുള്ള ഒരു പുരുഷപ്രജ കിടക്കുന്നതു് അവളുടെ കണ്ണിൽപ്പെട്ടു. അതിനപ്പോഴും ജീവനുണ്ടായിരുന്നു. തോറാ തന്റെ വസ്ത്രങ്ങളിൽ അവനെ പൊതിഞ്ഞെടുത്തു മാറോടടുക്കിപ്പിടിച്ച് അവനു് മുലകൊടുത്തു. ഈ കുഞ്ഞിനെ താനെടുത്തു വളർത്തുമെന്നു് അവഠം നിശ്ചയിച്ചുറച്ചു. അവനേയുംകൊണ്ടു് അവഠം നാടുവിട്ടു വളരെവളരെ അകലെപ്പോയി. ഒടുവിൽ തന്നെ ആരും അറിയാത്ത ഒരു വനമണ്ഡലത്തിൽ അവഠം എത്തിച്ചേർന്നു. അവഠം തന്നെ

Digitized By Kerala Sahitya Akademi

ത്താൻ ഒരു കുടിൽ വെച്ചുകെട്ടി ആ കുട്ടിയുമൊന്നിച്ചു് അവിടെ താമസമാക്കി. അതിനുശേഷം അവളുടെ വകയായുണ്ടായിരുന്ന വെള്ളിയും സ്വർണ്ണവുമെല്ലാം അവൾ ഭദ്രമായി സൂക്ഷിച്ചു വെയ്ക്കുകയും, മാതാപിതാക്കൾ ഉപേക്ഷിക്കുന്ന സകല ശിശുക്കളേയും താൻ പോറ്റിവളർത്തുന്നതാണെന്ന ശപഥം ചെയ്കയും ചെയ്തു. തന്റെ കൈവശമുണ്ടായിരുന്നതെല്ലാം വിറ്റു് അവൾ ആ കുഞ്ഞുങ്ങൾക്കു് ആഹാരം വാങ്ങി. എന്നാൽ അവളാകട്ടെ, ക്രിസ്തുവിനെ ധ്യാനിച്ചുകൊണ്ടു് മണ്ണിൽ കിളർത്തുനിന്ന പുൽക്കൊടികൾ മാത്രമേ ഭക്ഷിച്ചുള്ളൂ; അരുവികളിലെ ജലം മാത്രമാണു് അവൾ പാനംചെയ്തതും. പാതിരിമാർ ആ പ്രദേശത്തു വന്നു മതപ്രസംഗം നടത്തിയ കാലത്തു് അവളെ കണ്ടുമുട്ടി. ദൈവത്തിൽ വിശ്വസിക്കയും സ്വജീവിതം സ്രഷ്ടാവിന്റെ പേരിൽ ത്യാഗസുന്ദരമാക്കി സമർപ്പിക്കയുംചെയ്ത ആ മഹാമനസ്വനിയെക്കണ്ടു് അവർ ആശ്ചര്യഭരിതരായി. അനന്തരം അവർ അവളേയും അവളുടെ എല്ലാവളർത്തുമക്കളേയും 'മാമ്മോദീസാ' കഴിപ്പിച്ചു. അവളുടെ കാലശേഷം, ദിവ്യമായ അവളുടെ തപശ്ചര്യമൂലം അവൾ ഒരു പുണ്യവാളത്തിയായി വാഴ്ത്തപ്പെട്ടു."

ഈ കഥയ്ക്കുവേണ്ടി വിഗ്ഡിസ് പുരോഹിതനു നന്ദിപറഞ്ഞു. അതിനുശേഷം ഏറെനേരം അവൾ ചിന്താമഗ്നയായി കാണപ്പെട്ടു. കിടക്കാൻ സമയമായി. അവളുടെ ആട്ടുകട്ടിൽ വെളിയിലേയ്ക്കിറങ്ങി. അവൾ ഉറംവാറിനെ അടുത്തുവിളിച്ചു. അവനിപ്പോൾ പതിനെട്ടു വയസ്സു പ്രായമുണ്ടു്. അമ്മയോടു വലിയ സ്നേഹമാണു്. അ

Digitized By Kerala Sahitya Akademi

വൻ അവളുടെ മടിയിൽ ചെന്നു് ഇരുകൈകളും അവളുടെ കഴുത്തിൽ ചുറ്റിപ്പിടിച്ചുകൊണ്ടു് ഇരിപ്പുറപ്പിച്ചു.

"ആ മലഞ്ചെരുവിൽ ലോകാവസാനംവരെ എനിക്കുവേണ്ടി അമ്മ കാത്തിരിക്കുമായിരുന്നോ അമ്മേ?" അവൻ ചോദിച്ചു: "അമ്മ അങ്ങനെ ചെയ്യുമെന്നുതന്നെ മിക്കവാറും എനിക്കു തോന്നിപ്പോകുന്നു."

വിഗ്ഡിസ് അവളുടെ കൈകൾക്കുള്ളിൽ അവനെ അമർത്തിപ്പിടിച്ചുകൊണ്ടു പറഞ്ഞു:

"തോറായെപ്പോലെ ഒരു രാത്രി ഞാനും അതു മനസ്സിലാക്കിയിട്ടുണ്ടു്. നിനക്കു നിന്റെ മാതാവിന്റെ ആവശ്യം യഥാർത്ഥമായുണ്ടാകുമ്പോൾ നിന്നെ രക്ഷിക്കുവാനായി ലോകത്തിന്റെ അവസാനംവരെ ഞാനും പോകും."

കുട്ടി അവളെ ഉമ്മവെച്ചു തലോടിക്കൊണ്ടിരുന്നു. കുറച്ചു കഴിഞ്ഞു് അവൻ പറഞ്ഞു:

"ആരാണെന്റെ അച്ഛനെന്നു മാത്രം അമ്മ ഒരിക്കലും പറയുകയില്ലല്ലോ!"

"ഞാനിപ്പോൾ സന്തുഷ്ടയാണു്. നീ ആ ആളെക്കുറിച്ചുള്ള കാര്യം എന്നിൽ ഉണർത്തിക്കൂടാ!" അവന്റെ അമ്മ പറഞ്ഞു: "നീ ആ മനുഷ്യനെക്കുറിച്ചു് എന്നോടു യാതൊന്നും ചോദിക്കാൻ പാടില്ല!"

"ഞാൻ വളർന്നുവന്നു് എനിക്കു തക്കപ്രായമായിക്കഴിഞ്ഞാൽ ഞാൻ അദ്ദേഹത്തെ അന്വേഷിച്ചുപോയി, എവിടെ നിന്നെങ്കിലും തിരക്കിപ്പിടിക്കും; അപ്പോൾ അമ്മയെ വിവാഹം കഴിക്കാൻ അദ്ദേഹം നിർബ്ബന്ധിതനായി

Digitized By Kerala Sahitya Akademi

ത്തീരും. അങ്ങനെ ചെയ്യാത്തപക്ഷം അദ്ദേഹത്തിന് അതിനെക്കുറിച്ചു പശ്ചാത്തപിക്കാൻ ഇടയാകും.”

വിഗ്ഡിസ് ഒരു പുഞ്ചിരിയോടുകൂടി പറഞ്ഞു:

“നിനക്കു പോകാൻ തക്ക പ്രായമാകുന്നതിനു് ഇനിയും എത്രയോ കൊല്ലങ്ങൾ കഴിയേണ്ടിയിരിക്കുന്നു, എന്റെ മോനേ! അതു കഴിഞ്ഞു ഞാൻ നിന്നെ പോകാൻ അനുവദിക്കുന്നതിനു പിന്നെയും എത്രയോ കാലം കഴിയേണ്ടതായിട്ടുണ്ടു്! നമുക്കു് ആ ആളെക്കുറിച്ചു് ഒരിക്കലും യാതൊന്നും സംസാരിക്കേണ്ട. ആ ആളിന്റെ ദുഷ്ടികൾ നിന്നിൽ പതിയുവാനും, നിന്നെ ആ മനുഷ്യൻ ഉപദ്രവിക്കുവാനും ഒരിക്കലും സംഗതിയാകാതിരിക്കട്ടെ! നിനക്കായി എനിക്കു നൽകുവാൻ സാധിക്കുന്നതിൽ ഏറ്റവും ഉത്തമമായിട്ടുള്ളതു നിനക്കു ലഭിക്കുന്നതാണു്. ഞാനാണെങ്കിൽ—എനിക്കു് ഓർമ്മിക്കുവാൻ സാദ്ധ്യമല്ലാത്തതെന്തോ അതു ഞാൻ മറക്കുകയും ചെയ്തുകൊള്ളാം.”

മുപ്പത്തിയൊൻപതു്

ഉൾവാർ മിടുക്കനായി വളർന്നുവന്നു. സുമുഖനും നല്ല പ്രസരിപ്പുള്ളവനുമായിരുന്നു അവൻ. നല്ല ഉയരമുള്ള ശരീരമാണു് അവന്റേതു്; പക്ഷേ അതിനു ഘനം പോരാ; കൈകാലുകളും ശോഷിച്ചതാണു്. ഇടുങ്ങിയ ഒരു മുഖവും ഇളംനീലക്കണ്ണുകളും അല്പം അരുണിമ കലർന്ന ചെമ്പൻ തലമുടിയുമാണവനുള്ളതു്. വളരെ കാലേക്കൂട്ടിത്തന്നെ പൗരുഷദ്യോതകമായ ഒരു സ്വഭാവവിശേഷം അവൻ സമാർജ്ജിച്ചിരുന്നു. അതിനാൽ കുട്ടിക്കാലം മുതൽ

Digitized By Kerala Sahitya Akademi

ക്കേ കൃഷിപ്പണി സംബന്ധിച്ച കാര്യങ്ങളിലും മറ്റും അവൻറെ അമ്മ അവനുമായി ആലോചന നടത്തുകയും അവൻറെ ഉപദേശം ആവശ്യപ്പെടുകയും ചെയ്തിരുന്നു. തികച്ചും മുതിർന്ന വനിക്കു താങ്ങായി നിലകൊള്ളുവാൻ തക്ക ജ്ഞാനം അവനു സിദ്ധിച്ചിട്ടുണ്ടെന്നു നിലയിലായിരുന്നു അവനോടുള്ള അവളുടെ പെരുമാറ്റം. ഇതവനെ അല്പം ഗൗരവക്കാരനും മിതഭാഷിയുമാക്കി. എന്നാൽ കൃഷിസ്ഥലങ്ങളിലും മറ്റും അവൻ അവൻറെ സ്വന്തം രീതിയിൽ ശാന്തനും ഉദാരനുമായിരുന്നു. എല്ലാവരും അവനെ ഇഷ്ടപ്പെട്ടു. അവനും അവൻറെ അമ്മയും പരസ്പരം ഗാഢമായ സ്നേഹത്തോടുകൂടിയാണ് ജീവിച്ചുപോന്നത്.

എന്നാൽ തൻറെ അച്ഛനാരാണെന്നു പലപ്പോഴും അവൻ ചോദിച്ചിട്ടുണ്ടെങ്കിലും ഒരിക്കലും അവൾ അതിനു മറുപടി പറഞ്ഞിട്ടില്ല. ആ മനുഷ്യനെക്കുറിച്ചു നന്മയായിട്ടൊന്നുംതന്നെ തനിക്കു പറയാനില്ലെന്നും അയാളുടെ പേർ ഇനിയൊരിക്കലും ഉച്ചരിച്ചുകേൾക്കാൻ താൻ ഇഷ്ടപ്പെടുന്നില്ലെന്നും അവൾ അവനെ ധരിപ്പിച്ചു. അതിനുശേഷം അവൾ ചിന്താഭാരത്തോടുകൂടിയവളായി കാണപ്പെട്ടു. അതിനാൽ കൂടുതൽ കുത്തുംതന്നെ ചോദിക്കുവാൻ ഉൾവാർ ധൈര്യപ്പെട്ടില്ല.

കാറെയും, ഇല്ലുജ്ജും, വിഗ്ഡിസ്സും ഉറ്റ ബന്ധുക്കളായി കഴിഞ്ഞുകൂടി. എല്ലാകൊല്ലവും അവരിൽ കാരോ ആളും മറ്റുള്ളവക്കു കെങ്കേമമായി ഒരു വിരുന്നു കൊടുത്തു. ഉൾവാറിൻറെ കാര്യത്തിൽ അവർ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നു. പുരുഷോചിതമായ സർവ്വവിധ കാ

Digitized By Kerala Sahitya Akademi

യികാഭ്യാസങ്ങളിലും, കളികളിലും അവർ അവനു സമ ത്ഥമായ ശിക്ഷണം നൽകി. കൂടുതൽ അടുത്തായതുകൊ ണ്ട് അവൻ കട്ടുമുക്കാലും ഗ്രെഫ്സിനിൽതന്നെ ആയിരു ന്നു. എന്നാൽ ബാഗ്സ്റ്റഡിറിലെയ്ക്കു കുതിരയോടിച്ചു പോയി അവിടെയങ്ങനെ തങ്ങുന്നതിലായിരുന്നു അവന് അധികമിഷ്ടം; അതിനു പ്രത്യേകിച്ചു കാരണമുണ്ട്—ഇ ല്ല ്യൂജ് ലോകം കണ്ടവനാണ്. അയാൾക്ക് അന്തമറ വിധം അനുഭവങ്ങളുണ്ട്. അയാൾ പറയുന്ന വർത്തമാന ങ്ങൾ ചെവിക്കൊള്ളുവാൻ ഉൾവാർ അത്യധികം ഇഷ്ട പ്പെട്ടു.

ഒരു ദിവസം അവൻ ബാഗ്സ്റ്റഡിറിൽ ഇരിക്കു മ്പോൾ പുരോഹിതനായ എയ്റിക്ക അവിടെവന്നു. ചു മ്മാ നേരംപോകാൻ വല്ലതും പറയണമെന്ന് ഇല്ല ്യൂജ് പുരോഹിതനോടാവശ്യപ്പെട്ടു.

അനന്തരം എയ്റിക്ക കാംപെഡസ്സിൽവെച്ചു ചില കുള്ള പെരുമ്പാമ്പിനെ കൊന്ന ഗ്രിഗാറിയസ് പുണ്യവാ ളന്റെ കഥ അവരെ പറഞ്ഞുകേൾപ്പിച്ചു.

ഇല്ല ്യൂജ് പറഞ്ഞു:

"പിശാചിനെ കീഴടക്കിയ ക്രിസ്തുവിനുശേഷം, പൗ രുഷാത്മകമായ കായികശക്തിപ്രകടനത്തിനു മകടോഹ രണമായി നിൽക്കുന്ന ഒരു അത്ഭുതകൃത്യം ഇതാണ്. ഇ വയോടു താരതമ്യപ്പെടുത്താൻ രണ്ടേരണ്ടു സംഭവങ്ങളെ ഉള്ളൂ: സിഗേർഡ് സിഗ്മൺസ്സൺ 'ഫാഫ്നി' എ ന്ന സർപ്പത്തെ കൊന്നതും, ഒളാവ് ട്രിഗ്വെസ്സൺ 'സ്ലാ ഠ

Digitized By Kerala Sahitya Akademi

ഡിൽ' വെച്ചു മൂന്നു ശത്രുസൈന്യമുഹൂർത്തം ഒന്നിച്ചു നേർത്തിട്ടും കാടിളപ്പാകാതിരുന്നതും. പൈതിഹ്യങ്ങൾ ഘോഷിക്കുന്ന ആ വെള്ളത്തലമുടിക്കാരായ പിതാമഹന്മാരുടെ കാലം മുതൽ നോക്കിയാൽ അദ്ദേഹത്തെപ്പോലൊരാൾ ഉണ്ടായിട്ടില്ല; ഈ വടക്കൻ പ്രദേശങ്ങളിൽ കടൽത്തിരകൾ അലറിയടിക്കുന്നിടത്തോളം കാലം അങ്ങനെയൊരു പ്രഭു ഉണ്ടാവുകയുമില്ല."

ലോകത്തിന്റെ ആ ഭാഗത്തു് ഏറ്റവും വലിയ ഇടപ്രഭു ഒളാവ്തന്നെയാണെന്നു പുരോഹിതൻ സമ്മതിച്ചു. പക്ഷേ പരിശുദ്ധാത്മാക്കളായ രക്തസാക്ഷികളുടേയും ദക്ഷിണദേശങ്ങളിൽ അവർക്കു സ്വാമത്തിന്റെ പേരിൽ അനുഭവിക്കേണ്ടിവന്ന അന്തമറ്റ ദുരിതങ്ങളേയുംകുറിച്ചു പ്രസ്താവിക്കുവാനാണു് പുരോഹിതൻ പിന്നീടിഷ്ടപ്പെട്ടതു്. മതവിശ്വാസികളുടെ ക്രൂരം പുണ്യവും അവരെ കാണിക്കുവാനായി അദ്ദേഹം കരുപെറുപ്പക്കാരിയായ കന്യകയുടെ മനസ്ഥൈര്യത്തെക്കുറിച്ചു വിവരിക്കുവാൻ തുടങ്ങി.

ഇല്ലുഷ് പറഞ്ഞു:

"അതിമഹത്തായ കരുഹൃദയമുണ്ടു്, ആ കന്യകയ്ക്കു്; കരുകാലത്തും അവളുടെ പ്രശസ്തി വിസ്മൃതമാകയുമില്ല; എന്നാൽ ഇനി ഞാൻ എനിക്കറിവുള്ള ഏറ്റവും പരാക്രമശാലിനിയായ സ്ത്രീയെക്കുറിച്ചു പറയാം. ഉഥംവാർ, നീ ഈ കഥയുടെ ഏതാനും ചിലതു കേട്ടിരിക്കാം; പക്ഷേ മുഴുവൻ കേട്ടുകാണുകയില്ലെന്നു് എനിക്കു നിശ്ചയമുണ്ടു്."

Digitized By Kerala Sahitya Akademi

വാഡിൻ അഗ്നിക്കിരയായ ആ രാത്രി വനങ്ങളിൽക്കൂടിയുള്ള വിഗ ഡിസ്സിന്റെ യാത്രയെക്കുറിച്ച് അയാൾ അനന്തരം അവരെ വിസ്തരിച്ചു പറഞ്ഞുകേൾപ്പിച്ചു. അയാൾ അവളുടെ പേരുമാത്രം പറഞ്ഞില്ല. എല്ലാം പറഞ്ഞുകഴിഞ്ഞതിന്റെശേഷം അയാൾ ആ കുട്ടിയോടു ചോദിച്ചു:

"ആരെക്കുറിച്ചാണ് ഞാനിപ്പറയുന്നതെന്നു നിനക്കറിയാമോ? അല്ലെങ്കിൽ ഇടത്തുകൈയിലെ മൂന്നു വിരൽ മുറിഞ്ഞുപോയിട്ടുള്ള ഏതെങ്കിലും സ്ത്രീയെ നിനക്കു പരിചയമുണ്ടോ?"

ഉൾവാർ തലകുലുക്കിക്കൊണ്ടു മറോ ആളുടെ കൈയ്യുപിടിച്ചു. ഇല്ല്യൂജ് പറഞ്ഞു:

"നിന്റെ അമ്മയെ പിൻതുടരുന്നതാണു നിന്റെ പ്രകൃതമെങ്കിൽ നിന്നെക്കുറിച്ചൊരു കാലത്തു വലിയ വലിയ കാര്യങ്ങൾ ഞങ്ങൾക്കു കേൾക്കാൻ കഴിയും."

പിറേറദിവസം ഉൾവാർ സപ്തഹത്തിലേയ്ക്കു കുതിരയോടിച്ചു പോന്നു. മുറത്തെത്തിയപ്പോൾ വിഗ്ഡിസ് അവിടെയിരുന്ന കുതിരക്കുട്ടിക്കാരന് അപ്പം കൊടുത്തു തീറുന്നതു് അവൻ കണ്ടു കുതിരപ്പുറത്തുനിന്നു ചാടിയിറങ്ങി കൂടിച്ചെന്നു് അവൻ അവളെ കെട്ടിപ്പിടിച്ചു. അവൾ മിഴിച്ചുകൊണ്ടു് എന്താണവനു പറ്റിയതെന്നു ചോദിച്ചു.

"ഒന്നുമില്ല," അവൻ മറുപടി പറഞ്ഞു. "എന്റെ അമ്മ, അമ്മയ്ക്കു തുല്യമായി ആരുംതന്നെയില്ല എന്നു

Digitized By Kerala Sahitya Akademi

ഞാൻ വിശ്വസിക്കുന്നു; അതുമതി," എന്നു പറഞ്ഞുകൊണ്ട് അവൻ അവളുടെ ഇടതുകൈ പിടിച്ചുയർത്തി മുറിഞ്ഞുപോയ വിരലുകളുടെ അവശേഷിച്ച കുറ്റികളെ ഉമ്മവെച്ചു.

"ഇല്ല ഹൃജ് എന്തൊക്കെയാണിപ്പോൾ നിങ്ങൾ പറഞ്ഞുകൊണ്ടിരുന്നത്?" വീണ്ടും ചിരിച്ചുകൊണ്ട് അവന്റെ അമ്മ ചോദിച്ചു.

"അമ്മയ്ക്കറിയാമോ, എന്താണെന്റെ മനസ്സിലുള്ളതെന്ന്?"

ഉടനവർ തുടർന്നു: "കളാഡ് ട്രിഗ്വെസ്സനെ അമ്മ സ്വീകരിച്ചിരുന്നുവെങ്കിൽ നന്നായിരുന്നേനേ! നിങ്ങൾ രണ്ടുപേരും നല്ലപോലെ അന്യോന്യം യോജിപ്പുള്ളവരായിരുന്നു!"

വിഗ്ഡിസ്സിന്റെ മുഖം രക്തവർണ്ണമായി. അവൾ കണ്ണും മിഴിച്ചില്ല. അവൾ അവന്റെ കവിളിൽ ഉമ്മവെച്ചിട്ട് അകത്തുപോയി ഭക്ഷണം കഴിക്കാൻ അവനോടാവശ്യപ്പെട്ടു.

നാൽപതു്

കരുവിലം സായാഹ്നത്തിൽ ഐസ്ലാൻഡുകാരായ രണ്ടു വ്യാപാരികൾ ട്രൂൺസ്ബെർഗിലേയ്ക്കു പോകുംവഴി വാഡിനിൽ വരികയും കരുരാത്രി അവിടെ കഴിച്ചുകൂട്ടാൻ അനുവദിച്ചാൽ കൊള്ളാമെന്നു് അപേക്ഷിക്കുകയും ചെയ്തു. വിഗ്ഡിസ് അവരെ സന്തോഷപൂർവ്വം സ്വാഗ

Digitized By Kerala Sahitya Akademi

തം ചെയ്ത സമുദ്ധമായ രീതിയിൽ അവർക്ക വേണ്ട സൽക്കാരം നടത്തി. കുലീനരും മാന്യന്മാരുമായിരുന്ന അവർ. രാത്രി വളരെ ചൈകുന്നതുവരെ വിഗ്ഡിസ് അവരുമായി കാരോന്ന സംസാരിച്ചുകൊണ്ടിരുന്ന.

കടുവിൽ അവർ ചൈഗ_യോട്ട് എന്ന പേരോടുകൂടിയ ഒരു മനുഷ്യനെപ്പറ്റി വല്ലതും അവർക്കറിയാമോ എന്നും ആ മനുഷ്യൻ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടോ എന്നും അവരോടനേഷിച്ചു.

ഉവ്വ്, അവർ മറുപടി പറഞ്ഞു; 'റാഡസാൻഡിലെ ചൈഗ_യോട്ടിനെക്കുറിച്ച് അവർ കേട്ടിട്ടുണ്ട്; പക്ഷേ അവർക്ക പ്രായമാകുന്നതിനുമുൻപുതന്നെ അയാൾ കൊല്ലപ്പെട്ടിരുന്ന.

അതുയേറെക്കാലമൊന്നും ആയിട്ടില്ലെന്ന വിഗ്ഡിസ് പ്രസ്താവിച്ചു; "എന്തുകൊണ്ടെന്നാൽ, ആ മനുഷ്യൻ ഇവിടെ നോർവേയിൽ താമസിച്ചിരുന്നതു് എനിക്കോർമ്മയുണ്ടു്."

അനന്തരം ആ ചങ്ങാതികളിൽ ഒരാൾ മറെറാരാളോടു പറഞ്ഞു:

"തീരെ കുട്ടിപ്രായത്തിൽ, ചൈറേ_ടോർബ്ജോണിന്റെ പെൺമക്കളെ മേച്ചുകൊണ്ടു നടന്നകാലത്തു്, തന്റെ പിതാവിനെ വധിച്ച മനുഷ്യനെ വെട്ടിക്കൊന്ന സ്കാമെഡാലിലെ യോട്ട് ഗിസ്സർസണെയും അക്കാലത്തെല്ലാം അങ്ങനെയാണു് ആളുകൾ വിളിച്ചിരുന്നതു്."

Digitized By Kerala Sahitya Akademi

വിഗ്ഡിസ് പറഞ്ഞു:

"ഞാൻ പറയുന്ന ആളിന്റെ പേര് യൊട്ട് ഗിസ്സർ സൺ എന്നതന്നെയാണ്. ആ മനുഷ്യൻ ജീവിച്ചിരിപ്പുണ്ടോ എന്നു നിങ്ങൾക്കറിയാമോ?"

ഉംബാർ ബെഞ്ചിന്മൽ ഇരിക്കുകയായിരുന്നു; അവൻ മേശയ്ക്കുമീതെ കുനിഞ്ഞു കിടന്നുകൊണ്ട് അവരോടു പേക്ഷിച്ചു:

"കുഞ്ഞായിരുന്ന കാലത്ത് ആട്ടുമേച്ചുകൊണ്ടു നടക്കുമ്പോൾ, തന്റെ പിതാവിനെ വധിച്ചയാളെ വെട്ടിക്കൊന്നതിനെക്കുറിച്ച് — ആ മനുഷ്യനെക്കുറിച്ച് — ഞങ്ങളോടു പറയൂ!"

വിഗ്ഡിസ് സഹപുത്രന്റെ നേർക്കു കണ്ണയച്ചു. പക്ഷേ അവർ ഒന്നും പറഞ്ഞില്ല. അവരിൽ ഒരാൾ പ്രസ്താവിച്ചു.

"കെട്ടോ, ഹെൽജേ, ഗൃഹനായികയ്ക്ക് ആശയുള്ള പക്ഷം താനതു പറഞ്ഞുകേൾപ്പിക്കണം."

"തീച്ചയായും ഞങ്ങളതിഷ്ടപ്പെടുന്നു," കീഴോട്ടു നോക്കിക്കൊണ്ടു താണ സ്വരത്തിൽ വിഗ്ഡിസ് പറഞ്ഞു: "നിങ്ങൾക്കു ക്ഷീണമില്ലെങ്കിൽ, ആ കഥ നിങ്ങൾ ഞങ്ങളോടു പറയണം."

ഹെൽജേ ആരംഭിച്ചു: "ഗിസ്സുറിന്റെ ഏകപുത്രനായിരുന്നു ഇയ്യോട്ട്. 'ജിത്താബ്രാക്കോ'യിലെ ധനാഢ്യനായ ഗ്രന്നാറും അയാളുടെ ഭാര്യക്കാരുംകൂടി ഗിസ്സുറിനെ

Digitized By Kerala Sahitya Akademi

വധിച്ചു. ഗ്രന്ഥകാരനൊന്നിച്ച് ആറാളുകഥ ഉണ്ടായിരുന്നു; ആർനേ കോഥംസൺ ആയിരുന്നു അവരിലൊരാഥം; മറ്റാരേയുംകാഥം അയാളായിരുന്നു ആ കൊലയ്ക്കുത്തരവാദി. ഗിസ്സുറിനുവേണ്ടി അയാളുടെ ആളുകഥം വേണ്ടവിധത്തിൽ കേസുനടത്തി. ഗ്രന്ഥകാരൻ നഷ്ടപരിഹാരം നൽകി. ഗ്രന്ഥകാരിന്റേയും അയാളുടെ മാച്ചുക്കാരുടേയും നില നോക്കുമ്പോഥം അന്നു ഗിസ്സുറും അയാളുടെ ആളുകളും നിസ്സാരന്മാരായിരുന്നു. ആർനേയുടെ പേരിൽ കേസ്സു നടത്താൻ ആക്കും ധൈര്യമുണ്ടായില്ല. അന്നു രണ്ടോ മൂന്നോ വയസ്സു പ്രായംകാണും യോട്ടിനു'.

"ശീതകാലത്തിലെ ഒരു ദിവസം; യോട്ടിനന്നു പതിമൂന്നു വയസ്സു പ്രായം; മിലു കുട്ടികളുമൊന്നിച്ച് അവൻ പാറക്കെട്ടുകഥംക്കിടയിൽ ആലയിലെത്താഞ്ഞ ഒരു ചെമ്മരിയാടിനെ അന്വേഷിക്കുകയാണു്. കുട്ടികഥം ഒരു പാറക്കെട്ടിനടിയിൽ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ, കാരോരുത്തനും തനിക്കു ചെയ്യാൻ കഴിവുള്ള വീരപരാക്രമങ്ങളെക്കുറിച്ചു വമ്പുപറയാൻ തുടങ്ങി. ഒരിക്കലും ലക്ഷ്യം പിഴയ്ക്കാതെ കുറുങ്കുന്തം പ്രയോഗിക്കാൻ തനിക്കു വലിയ സാമർത്ഥ്യമുണ്ടെന്നു യോട്ട് അവകാശപ്പെട്ടു. അപ്പോഥം കുട്ടികളിൽ ഒരാഥം അകലേയ്ക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു: 'ഹാക്കെട്ടിൻഡിനു കീഴെയുള്ള മലഞ്ചെരുവിലൂടെ പുകളിലേയ്ക്കു കുതിരയോടിച്ചു പോകുന്ന ആ ജനസംഘത്തെ താൻ കാണുന്നോ? ആർനേ കോഥംസണും കൂട്ടരുമാണതെന്നു് എനിക്കു മനസ്സിലാക്കാം. അയാളെ ലക്ഷ്യമാക്കി താനൊരു ചാണ്ടു കൊടുത്താൽ, കെട്ടോ, യോട്ടേ, ത

Digitized By Kerala Sahitya Akademi

ന്റെ അച്ഛന്റെ മരണത്തിനു ഗ്രന്ഥകാരിന്റെ സ്വർണ്ണത്തേക്കാൾ വിലപ്പെട്ട ഒരു വിലയായിരിക്കും അതു്.'

"കുട്ടികളുടെ കൈവശം മൂന്നു കുറുങ്കുന്തങ്ങൾ ഉണ്ടായിരുന്നു. യോട്ടു് അവ മൂന്നും കൈക്കലാക്കിക്കൊണ്ടു പായൽപിടിഞ്ഞ പാറപ്പുറപ്പുകളിൽക്കൂടി വടക്കോട്ടു പാഞ്ഞു. പർവ്വതത്തിലെ നടപ്പാത മലഞ്ചെരുവിലെത്തുമ്പോൾ കരിങ്കല്ലിയ വഴിത്താരയായിത്തീരുന്നു; അതിന്റെ ഏറാവും ഇടുങ്ങിയ സ്ഥാനത്തു കുറെ നടപ്പടികളിൽക്കൂടിയാണു് അതിന്റെ ഗതി. ഒരുവശത്തു മൂന്നു നാലാൾ പൊക്കമുള്ള ഒരു മതിലുണ്ടു്; മറുവശത്തു പെങ്കുത്തായി കിടക്കുന്ന ഒരു പാറക്കെട്ടും. യോട്ടു് അവിടെ പെന്നുപാറി ഒരു വലിയ പാറക്കല്ലിനുപിറകിൽ ഒളിച്ചിരുന്നു. ആർനേ ഈ പ്പോൾ നടപ്പടികളിൽ . എത്തിയിരിക്കയാണു്. അയാളോടുകൂടി നാലുപേർ കൂടിയുണ്ടു്. വഴിത്താര കുന്നിൻമുകളിലേയ്ക്കു കുത്തനെ കയറിപ്പോകുന്നതാണു്. താൻ ഇരിക്കുന്നതിനു നേരെ കീഴിലായി ആളുകൾ എത്തിയപ്പോൾ യോട്ടു് പാറപ്പുറത്തു ചാടിക്കയറി ആദ്യത്തെ കുന്തം മറെറാരുകൊടുത്തു. ആർനേയോടു തൊട്ടടുത്തു കൂടിയരയോടിച്ചെന്നുപോയിരുന്ന ആളുടെമേൽ അതു തറച്ചു. യോട്ടു് വീണ്ടും ചാടിയിറങ്ങി പാഞ്ഞുപിന്നിൽ ഒളിച്ചിരിപ്പായി. ആരാണു് കുന്തം എറിഞ്ഞതെന്നു് അവർ ആരും കണ്ടിരുന്നില്ല. അവർ അവിടെനിന്നിട്ടു ചുറ്റുപാടും നോക്കിത്തുടങ്ങി. യോട്ടു് പിന്നേയും പാറപ്പുറത്തു ചാടിക്കയറി മാറുരണ്ടു കുന്തങ്ങളും പ്രയോഗിച്ചു; അവയിൽ ഒന്നു ലക്ഷ്യം പിഴച്ചുപോയി; പക്ഷേ മറേറതു് ആർനേയുടെ മുമ്പിൽനി

Digitized By Kerala Sahitya Akademi

നിന്നിരുന്ന മനുഷ്യന്റെ തലയും കൂത്തിയെടുത്തുകൊണ്ട് അ ല്ലിമകലെത്തെറിച്ചുവീണു.

"യോട്ട്" ഇങ്ങനെ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: 'എ ടോ ആർനേ, എന്റെ അച്ഛനേക്കാൾ കൂടുതൽ ഭേദമോ യ നിലയാണ് എന്നേറുത്. എന്തെന്നാൽ അദ്ദേഹത്തി നോടെതിരിടാൻ എട്ടുപേരായിരുന്നു നിന്നിരുന്നത്. പക്ഷേ ഇപ്പോൾ നിങ്ങളിൽ മൂന്നുപേരേ എന്നോടെതിരിടാനുള്ളൂ. ചുണയുണ്ടെങ്കിൽ വന്നോ, നോക്കാം.' ആർനേ ആ പാ റയ്ക്കരികിലേയ്ക്കു വിരങ്ങിവിരങ്ങിക്കയറിച്ചെന്നു. തന്റെ അരപ്പട്ടയിൽ തൂങ്ങിക്കിടന്ന കൈക്കോടാലിയെടുത്ത് അ യാൾ മേലോട്ടു കയറിവരുമ്പോൾ മുകളിൽനിന്നുകൊണ്ടു ശരിക്കു നിവുകന്തലയ്ക്കുതന്നെ യോട്ട് ആഞ്ഞൊരു വെട്ടു കൊടുത്തു. അതിന്റെ വായ്ത്തല ഇറങ്ങിച്ചെന്നു് ആ മനുഷ്യന്റെ വായ്ക്കിഴിൽത്തറച്ചു. ഉടൻതന്നെ കരുവൻ ഒരു വലിയ കുന്തമെടുത്തു് അവന്റെ നേർക്കു ചാഞ്ഞി. പ ക്ഷേ അവനതു് ആകാശത്തുവെച്ചുതന്നെ കൈകൊണ്ടു പിടിച്ചുകളഞ്ഞു. അനന്തരം അവൻ അവരുടെ കണ്ണിൽ പ്പെടാതെ പാറകളുടെ പിന്നിൽക്കൂടി ശിലാപംക്തിയുടെ അടുത്തേയ്ക്കു പാഞ്ഞുകയറി. അറ്റത്തെത്തിയ പ്പോൾ അവൻ കുന്തം നിലത്തു താച്ചു് അതിന്മൽപിടി ച്ചു് കുറുട്ടംകൊടുത്തു. അങ്ങനെ അവിടെയുണ്ടായിരുന്ന പാറപ്പിളപ്പിനപ്പുറത്തെത്തി—അവിടെനിന്നു് അവൻ കു ന്നിൻനിരകളുടെ അരികെക്കൂടി വേഗത്തിൽ കാടി തുരങ്ക ത്തിനു വെളിയിലെത്തി. അവിടെ യജമാനന്മാരില്ലാത്ത കതിരകൾ വെറുതെ വിളയുന്നതവനു ദൃഷ്ടിയിൽപ്പെട്ടു.

Digitized By Kerala Sahitya Akademi

കന്നിന്റെ കടിഞ്ഞാണിനു കടന്നുപിടിച്ചു്, അതിന്റെ പുറത്തു ചാടിക്കയറി, താനപ്പോഠം താമസിച്ചിരുന്ന 'എയ്റേ'യിലേയ്ക്കു യോട്ടു് അതിവേഗത്തിൽ ഓടിച്ചുപോയി.

"ഒരു കുട്ടി നിഗ്രഹിച്ചിട്ടുള്ളവയിൽവെച്ചു് ഏറ്റവും മഹത്തായ ഒരു വീര്യപ്രകടനമാണിതെന്നു ജനങ്ങളെല്ലാവരും കരുതി. അവൻ ഒന്നാംതരം ഒരു പടയാളിയായിത്തീരുമെന്നു് അനേകംപേർ ദീർഘദർശനംചെയ്തു. അതിനാൽ അവർ നേരംപോക്കായി അവനെ വൈഗ_യോട്ടു് എന്നു വിളിച്ചുപോന്നു."

കുറച്ചുകഴിഞ്ഞു വിഗ്ഡിസ് ചോദിച്ചു: "അതിനു ശേഷം ആ മനുഷ്യനെന്തു സംഭവിച്ചു എന്നു നിങ്ങഠംക്കറിയാമോ, ഹെൽജേ?"

"ഓ," ഹെൽജേ പറഞ്ഞു: "ഈ അടുത്ത കുറെ വർഷങ്ങളായി അയാളെക്കുറിച്ചു് ഒന്നുംതന്നെ അങ്ങനെ കേഠംക്കാറില്ല. അയാളുടെ വിവാഹത്തിനുശേഷം അയാഠം വളരെ ശാന്തപ്രകൃതക്കാരനായിത്തീർന്നുവെന്നാണു് കേഠംവി."

"ആ മനുഷ്യനിപ്പോഠം വിവാഹിതനാണോ?" ഒരു താഴ്ന്ന സ്വരത്തിൽ വിഗ്ഡിസ് ചോദിച്ചു:

"അതെ," ഹെൽജേ മറുപടി പറഞ്ഞു.

"നിങ്ങഠം ആ മനുഷ്യന്റെ ഭാര്യയെ അറിയുമോ?" അവഠം വീണ്ടും ചോദിച്ചു.

"ഞാൻ അവളെ കണ്ടിട്ടുണ്ടു്—അതിൽക്കൂടുതൽ പരിചയമൊന്നുമില്ല," ഹെൽജേ പറഞ്ഞു: "ആ പ്രദേശങ്ങ

Digitized By Kerala Sahitya Akademi

ളിലെ ഏറ്റവും സുന്ദരിയും, സമ്പന്നയും, യോഗ്യതിയുമാ യ ഒരു സ്ത്രീയായിട്ടാണ് അവൻ എണ്ണപ്പെട്ടിരുന്നത്. അ തുകൊണ്ട് അവളെ ഭാര്യയായി കിട്ടിയശേഷം അയാൻ കൃഷിപ്പണികൾ നടത്തിച്ചുകൊണ്ടു വീട്ടിൽത്തന്നെ സുഖ മായി ഇരിപ്പാണ്."

കുറച്ചുനേരത്തേയ്ക്കു വിഗ്ഡിസ് മൗനമായിരുന്നു. "ആ മനുഷ്യനു കുട്ടികൾ വല്ലതുമുണ്ടോ എന്നു നിങ്ങൾക്കറിയാമോ?" പിന്നീടവൻ ചോദിച്ചു.

"ഉവ്വ്, അവൾക്കു മൂന്നോ നാലോ ഉണ്ടെന്നാണ് ഞാൻ കേട്ടിട്ടുള്ളതു്," ഹെൽജേ മറുപടി കൊടുത്തു.

വിഗ്ഡിസ് പിന്നൊ ന്നുംതന്നെ പറഞ്ഞില്ല.

പക്ഷേ ഐസ്ലാൻഡുകാർ കിടക്കാൻപോയതി ന്റെശേഷം വിഗ്ഡിസ് അഗ്നികുണ്ഡത്തിനരികെ എരി യുന്ന കനലുകളേയും പറക്കുന്ന തീപ്പൊരികളേയും ശൂന്യ മായ ഒരു ഭാവത്തിൽ മിഴിച്ചുനോക്കിക്കൊണ്ട് അനങ്ങാ തെ നിലകൊണ്ടു. ഉഠംവാർ ബെഞ്ചിന്മേൽ ഇരിക്കുകയാ യിരുന്നു. അനന്തരം, അവന്റെനേരെ നോക്കാതെ അ വൻ പറഞ്ഞു:

"ഈ മനുഷ്യൻ പറയാനുണ്ടായിരുന്നതു മുഴുവൻ നീ ശ്രദ്ധിച്ചോ? എങ്കിൽ ഇപ്പോൾ നിന്റെ അച്ഛനെക്കുറിച്ചു ള്ള വർത്തമാനങ്ങൾ നീ കേട്ടുകഴിഞ്ഞിരിക്കുന്നു."

ഉഠംവാർ ചാടിയെഴുന്നേറ്റു. അവൻ ഉൽഘോഷി ച്ചു: "അദ്ദേഹമാണോ എന്റെ അച്ഛൻ? ഇന്നു് എനി ക്കുള്ളതിനേക്കാൾ കൂടുതൽ പ്രായമില്ലാതിരുന്ന കാലത്തു

Digitized By Kerala Sahitya Akademi

പർവ്വതപ്പാതയിൽവെച്ചു മൂന്നുപേരെ തനിച്ചു കൊന്നിട്ട ആ വീരൻ?"

"അതെ, അതായിരുന്ന നിന്റെ അച്ഛൻ—ഇന്ന സുന്ദരിയായ ഭാര്യയുള്ള ആ മനുഷ്യൻ!" വിഗ്ഡിസ് മറുപടി പറഞ്ഞു.

ഉഠംവാർ പ്രസ്താവിച്ചു: "അദ്ദേഹം അമ്മയോട് എ ന്തൊക്കെച്ചെയ്തിരുന്നാലും, കെട്ടോ അമ്മേ, നല്ല പൗരുഷ മുള്ള ഒരു മനുഷ്യനായിരിക്കണം അദ്ദേഹം; ഒരു ദിവസം അദ്ദേഹത്തെ ഒന്നു കാണാൻ സാധിച്ചാൽ!—ഹാ, എന്തി ക്കെന്താനന്ദമായിരിക്കും! അപ്പോഠം അദ്ദേഹത്തിനെപ്പോ ലെതന്നെ ഉള്ള ഒരു മകൻ അദ്ദേഹത്തിനുണ്ടെന്നു മന സ്സിലാകും."

വിഗ്ഡിസ് പറഞ്ഞു: "നീ അദ്ദേഹത്തെപ്പോലെ തന്നെ ഉള്ള ഒരു മകനാണെങ്കിൽ, നീയെന്റെ മകനാ ണെങ്കിൽ, ഞാൻ ഒന്നു നിന്നോടു പറയുന്നു: നിങ്ങഠം ഇരു വരുടേയും ആ സന്ദർശനത്തിന്റെ അവസാനഭാഗം ഇതാ യിരിക്കണം—നീ വൈഗ_യോട്ടിന്റെ തല വെട്ടിയെടു ത്തുകൊണ്ട് എന്റെ മടിയിൽ വെയ്ക്കുക!"

ഉഠംവാർ വിളർത്തുപോയി; പിന്നീട് അവൻ പറ ഞ്ഞു: "ഒരു പുത്രൻ ഒരു പിതാവിനെ കൊല്ലുക!—അ ങ്ങനെയൊരു കാര്യം ഇന്നുവരെ കേട്ടുകേഠംവിപോലുമില്ല."

വിഗ്ഡിസ് ഇരുകൈകളും പൊക്കി അവളുടെ മാ റിൽ ചേർത്തുപിടിച്ചു; അവഠം പ്രതിവദിച്ചു: "ഞാൻ എ ന്റെ അച്ഛനുവേണ്ടി പ്രതികാരം ചെയ്ത പോലെ നീ എ

Digitized By Kerala Sahitya Akademi

നിക്കുവേണ്ടി പ്രതികാരം ചെയ്യുകയില്ലേ? നീ നല്ലപോലെ മനസ്സിലാക്കിക്കോ!—ആ മനുഷ്യൻ ഒരാൾമൂലം അസഹ്യമായ അനേകദുരിതങ്ങൾ എനിക്കനുഭവിക്കേണ്ടിവന്നു. ആ മനുഷ്യൻ എന്നോടു പെരുമാറിയതിനെക്കുറിച്ചു ഞാനിന്നു നിന്നോടു പറഞ്ഞാൽ, ആ മനുഷ്യന്റെ കഥ കഴിച്ചതിനുശേഷമല്ലാതെ നിനക്കു സമാധാനമുണ്ടാവുകയില്ല; അങ്ങനെ സംഭവിച്ചില്ലെങ്കിൽ അതിനർത്ഥം ഞാൻ വിചാരിച്ചതിലും വളരെ വളരെ കുറവായേ നീ എന്നെ സ്നേഹിക്കുന്നുള്ളുവെന്നാണു്. പക്ഷേ അരുതു്, അതിനെക്കുറിച്ചു് ഇനിയുമുള്ള സംസാരം എനിക്കു സഹിക്കാൻ സാദ്ധ്യമല്ല."

ഉൾവാർ മുന്നോട്ടു വന്നു് അമ്മയെ കെട്ടിപ്പിടിച്ചു. അവൾ ബെഞ്ചിന്മേൽ തലവായ്ച്ചു വിങ്ങിവിങ്ങിക്കരഞ്ഞു. അവളുടെ ഇഷ്ടം എങ്ങനെയോ അങ്ങനെതന്നെ എപ്പോഴും താൻ പ്രവർത്തിക്കുന്നതാണെന്നു് അവൾക്കുറപ്പു കൊടുത്താമെന്നു് ആ കുട്ടി അനന്തരം അവളോടു പറഞ്ഞു.

നാല്പത്തിയൊന്നു്

കാലം മുറ്റുപോയ്ക്കൊണ്ടിരുന്നു; യോട്ടിനിന്നു വയസ്സു പതിനേഴായി. വിദേശങ്ങളിൽ ചുറ്റിസ്സഞ്ചരിക്കുവാനും ലോകം കാണുവാനും തനിക്കു് അമിതമായ ആഗ്രഹമുണ്ടെന്നു് അവൻ ഒരു ദിവസം തന്റെ മാതാവിനോടു പറഞ്ഞു.

അവന്റെ ആഗ്രഹം ന്യായമാണെന്നു വിഗ്ഡിസ്സിനു തോന്നി. അവനു് അനുയോജ്യമായ രീതിയിൽ ഒരു വലിയ കപ്പൽ ഉണ്ടാക്കിച്ചുകൊടുക്കാമെന്നു് അവൾ അ

Digitized By Kerala Sahitya Akademi

വന്നു വാക്കുകൊടുത്തു. പക്ഷേ കൂടുതൽ പ്രായവും ലോക പരിചയവുമുള്ള ആളുകളുടെകൂടെ അവൻ പോകുന്നതിലേ അവർക്കിഷ്ടമുണ്ടായിരുന്നുള്ളൂ.

ഇതു കേട്ടപ്പോൾ ഇല്ല്യൂജിനു വളരെ സന്തോഷം തോന്നി. തന്റെ പത്നി പരലോകം പ്രാപിച്ചതിനാലും അതിനെക്കുറിച്ച് കൂടുധികം സംസാരമുള്ളതിനാലും വീണ്ടും കടലിൽപ്പോകുന്നതിനു താൻ ഇഷ്ടപ്പെടുന്നതായി ഇല്ല്യൂജ് പ്രസ്താവിച്ചു.

ശീതകാലാവസാനത്തോടുകൂടി ഒരു ദിവസം ഇല്ല്യൂജ് വാഡിനിലെത്തി. ഹാളിൽ അവളും അയാളും തനിച്ച് ഏറെനേരം സംസാരിച്ചുകൊണ്ടിരുന്നു. ഇവരുടെ ഉപദേശങ്ങളും ആലോചനകളും എന്തെല്ലാമാണെന്ന് അവൾ അയാളോടു തിരക്കി.

ഇല്ല്യൂജ് പറഞ്ഞു: "നിനക്കറിയാമല്ലോ, ആര്യമായി ഉഥംവാർ യാത്രതിരിക്കുന്നതു്; എനിക്കു സംശയമില്ല, ഐസ്‌ലാൻഡിലേയ്ക്കായിരിക്കും."

വിഗ്ഡിസ് ഒന്നും മറുപടി പറഞ്ഞില്ല. ഇല്ല്യൂജ് തുടർന്നു: "ഞാൻ ധൈര്യമായിത്തന്നെ പറയട്ടേ, എന്താണവനെ ആ നാട്ടിലേയ്ക്കാകർഷിക്കുന്നതെന്നു നിനക്കുതന്നെ ഊഹിക്കാം. പക്ഷേ അവനോടൊന്നിച്ച് ഈ യാത്രയിൽ പങ്കുകൊള്ളുവാൻ എനിക്കത്ര ഇഷ്ടമില്ലെന്നു ഞാൻ പറയുമ്പോൾ നിനക്ക് അത്ഭുതം തോന്നാൻ വഴിയില്ല."

വിഗ്ഡിസ് അമർത്തിയ ഒരു സ്വരത്തിൽ പറഞ്ഞു: "ഉഥംവാർ അധികസമയവും നിങ്ങളൊന്നിച്ചായിരുന്നു;

Digitized By Kerala Sahitya Akademi

അവൻ അനേകമനേകം കായ്ങ്ങൾ നിങ്ങളോടു പറഞ്ഞിട്ടുണ്ട്—അവന്റെ അച്ഛനെക്കുറിച്ച് എന്തെങ്കിലും അവൻ നിങ്ങളോടു സംസാരിച്ചിട്ടുണ്ടോ?"

"പല പ്രാവശ്യവും," ഇല്ല്യൂജ് മറുപടി പറഞ്ഞു: "അദ്ദേഹം ഏതുതരത്തിലുള്ള ഒരു മനുഷ്യനാണെന്നു കാണാൻ അദ്ദേഹത്തെ സന്ദർശിക്കണമെന്നുള്ളതിലാണ് അവന്റെ മനസ്സു മുഴുവൻ ഉന്നിയിരിക്കുന്നതെന്നു തോന്നുന്നു. ആട്ടെ, നീ എന്തു വിചാരിക്കുന്നു ഇതിനെപ്പറ്റി? ഇതു സംബന്ധിച്ചു നീ എന്തെങ്കിലും അവനെ ഉപദേശിച്ചിട്ടുണ്ടോ?"

"ഇല്ല," അവൾ പറഞ്ഞു: ഒരു നിമിഷം കഴിഞ്ഞു വീണ്ടും അവൾ സംസാരം തുടർന്നു: "എനിക്കൊരു കുട്ടിയുണ്ടെന്നു യോട്ടിനറിഞ്ഞുകൂടാ. അവൻ ഈ യാത്ര ഉപേക്ഷിച്ചെങ്കിൽ എന്നു ഞാനാശിക്കുന്നു."

ആ നിമിഷത്തിൽ ഉൾവാർ വാതിൽക്കലൂടെ കടന്നു പോവുകയായിരുന്നു. ഇല്ല്യൂജ് അവനെ കൈകാട്ടി വിളിച്ചു. അവൻ അകത്തു വന്നപ്പോൾ അയാൾ പറഞ്ഞു:

"നിന്റെ ഐസ്‌ലാൻഡ്‌യാത്രയെക്കുറിച്ചു ഞങ്ങൾ സംസാരിക്കുകയാണ്; നിന്റെ അമ്മയും ഞാനും."

ഉൾവാറിന്റെ മുഖം രക്തവർണമായി; അവൻ തിടുക്കത്തിൽ പറഞ്ഞു:

"അമ്മ കുറ്റംതന്നെ അത്ഭുതപ്പെടേണ്ടതായിട്ടില്ല. എന്റെ ജന്മത്തിനു ഹേതുഭൂതനായ ആ ആളെ പെണ്ണു

Digitized By Kerala Sahitya Akademi

കാണുവാൻ ഞാനാശിക്കുന്നു. എനിക്കറിയണം എങ്ങനെയാണു് അദ്ദേഹം എന്നെ സ്വീകരിക്കുന്നതെന്നു്!"

"അദ്ദേഹം ഒരിക്കലും നമ്മുടെ വർത്തമാനങ്ങൾ അന്വേഷിച്ചിട്ടില്ല," അവൾ കോപത്തോടുകൂടി പറഞ്ഞു: "പോരെങ്കിൽ സ്വന്തം നാട്ടിൽ അദ്ദേഹത്തിനു് ഒരു ഭാര്യയും കുട്ടികളുമുണ്ടു്. അദ്ദേഹത്തെ നീ കണ്ടെത്തിയാൽത്തന്നെ ദുർമ്മുഖവും അധിക്ഷേപവും മാത്രമേ നിനക്കു പ്രതിഫലമായി ലഭിക്കൂ!"

"എങ്കിൽ ഞാൻ അമ്മയുടെ മകനാകാൻ നിവൃത്തിയില്ലാ," ഉഗ്രവീർ രോഷത്തോടുകൂടി പ്രസ്താവിച്ചു: "എന്റെ നേരെ ദുർമ്മുഖം കാട്ടുവാനും എന്നെ അധിക്ഷേപിക്കുവാനും അനുവദിച്ചുകൊണ്ടു തടിപോലെ നിൽക്കുന്ന ഒരുത്തനാണു് ഞാനെങ്കിൽ! ഇതിനു മുൻപു് അമ്മ എന്നിൽനിന്നു പ്രതികാരം ആവശ്യപ്പെട്ടു; ഒരിക്കൽ സകലത്തിനും ഒരു പരിഹാരമുണ്ടാകുമെന്നു് അമ്മ പറയുകയുണ്ടായി—ഞാൻ വൈഗ—യോട്ടിന്റെ തലയറുത്തുകൊണ്ടുവന്നു് അമ്മയുടെ മടിയിൽ കാഴ്ചവച്ചാൽ!"

ഇത്രയും പറഞ്ഞുകൊണ്ടു് അവൻ പുറത്തേയ്ക്കിറങ്ങിപ്പോയി. വിഗ്ഡിസ് ശ്രുണിപിടിച്ചു പറഞ്ഞു:

"ഛായ്! ആ മനുഷ്യന്റെ പേർ ഒരിക്കലും എനിക്കു കേൾക്കാതിരിക്കാൻ കഴിഞ്ഞെങ്കിൽ!"

ഇല്ല്യൂജ് അവളുടെ മുഖത്തേയ്ക്കു നോക്കി; അയാൾ പ്രതിവചിച്ചു:

Digitized By Kerala Sahitya Akademi

"യോട്ടിനെ ഇന്നും നീ ഇത്ര ഭയങ്കരമായ രീതിയിൽ പെറുക്കുന്നതുകൊണ്ട് അത്യഗാധമായിരുന്നിരിക്കണം നിനക്ക് അയാളോടുണ്ടായിരുന്ന സ്നേഹം. എനിക്കു മിക്കവാറും തോന്നിപ്പോകുന്നു, ഇപ്പോഴും നീ അയാളെ സ്നേഹിക്കുന്നുണ്ടെന്ന്."

"പനത്തിലെ പെന്നായ്ക്കളെ എങ്ങനെ ഞാൻ ഇഷ്ടപ്പെടുന്നോ അത്ര കായ്മയായി ആ മനുഷ്യനേയും ഞാൻ സ്നേഹിക്കുന്നു," വിഗ്ഡിസ് മറുപടി പറഞ്ഞു: "ഞങ്ങളം എന്നെങ്കിലും ഒരിക്കൽ ഇനി കണ്ടുമുട്ടാനിടയാകുന്ന പക്ഷം, ഞങ്ങളം രണ്ടുപേരിൽ ഒരാളുടെ മരണമായിരിക്കും അന്ന്."

ഇല്ല്യൂജ് പ്രതിവചിച്ചു:

"കാഹോ, അങ്ങനെയോ? യോട്ടിനോടു പ്രതികാരം ചെയ്യുന്നതു നിനക്കു സന്തോഷമാണോ?"

"അങ്ങനെതന്നെ," അവൾ പറഞ്ഞു.

പിന്നീട് ഇല്ല്യൂജ് പ്രസ്താവിച്ചു:

"ഞാൻ ഐസ്ലാൻഡിലേയ്ക്ക് ഉൾവാറിനോടൊന്നിച്ചു പോകാം. എന്റെ സ്വന്തം പുത്രനെപ്പോലെ അവനെ ഞാൻ നോക്കിക്കൊള്ളാം. പക്ഷേ ഞങ്ങൾ മടങ്ങിവന്നതിന്റെശേഷം എന്നെ നീ വിവാഹം കഴിക്കേണമെന്നു ഞാൻ നിന്നോടു വീണ്ടും അഭ്യർത്ഥിക്കും."

വിഗ്ഡിസ് പെട്ടെന്നു മറുപടി പറഞ്ഞില്ല. ഇല്ല്യൂജ് തുടർന്നു:

Digitized By Kerala Sahitya Akademi

"ഈ മനുഷ്യന്റെ വഞ്ചനയിൽ മനം മോഹിച്ചുകൊണ്ട് എന്തൊരാപത്തിനാണ് നീയൊരു വിധവയായിക്കഴിച്ചുകൂട്ടുകയാണെങ്കായതെന്നു നിനക്കു വിചാരമില്ലല്ലോ? നിനക്കിന്നും ചെറുപ്പമാണു്; നീ ഇന്നും സുന്ദരിയും! സൗഭാഗ്യസാന്ദ്രങ്ങളായ ദിവസങ്ങളാണു് ആയിരക്കണക്കിനു നിനക്കിനിയുമുണ്ടാകാം. ഞാൻ നിന്നോടു സ്നേഹത്തോടെ പെരുമാറുമെന്നും എന്റെ സമ്പത്തുകളും വിനിയോഗിച്ചു നിന്റെ പുത്രനെ സഹായിക്കുമെന്നും പ്രത്യേകിച്ചു പറയാതെതന്നെ നിനക്കറിവുള്ളതാണല്ലോ!"

വിഗ്ഡിസ് അനന്തരം അയാളുടെ നേർക്ക് അവളുടെ കൈ നീട്ടി. അയാൾ അവളെ ചുംബിച്ചു. അവരുടെ വിവാഹത്തിനു വേണ്ടതെല്ലാം തീരുമാനിച്ചുറപ്പിക്കപ്പെട്ടു. അവൾ ഇതിനെക്കുറിച്ചു് ഉൾവാറിനോടു പറഞ്ഞു. അമ്മയുടെ കാര്യം അമ്മതന്നെ തീരുമാനിക്കേണ്ടതാണെന്നു് അവൻ പ്രസ്താവിച്ചു.

നാല്പത്തിരണ്ടു്

ഉൾവാർ ഐസ്ലാൻഡിൽ എത്തിച്ചേർന്നില്ല; അങ്ങനെയാണു് സംഭവിച്ചതു്. വടക്കൻകടലിൽ കനത്ത മൂടൽമഞ്ഞിനേറയും തലക്കാറുകളുടേയും ശല്യം അവരെ വല്ലാതലട്ടി; അതു കഴിഞ്ഞു് അതിഭയങ്കരമായ കരു കൊടുങ്കാറും! ജീവൻ രക്ഷിക്കണമെന്നുണ്ടെങ്കിൽ കപ്പലിനകത്തുള്ള അവരുടെ സാമാനങ്ങളിൽ കട്ടുമുക്കാലും കടലിലെടുത്തെറിയണമെന്ന ഘട്ടത്തിലായി. കടുവിൽ അവർ അങ്ങനെ ചെയ്തു. കപ്പലിന്റെ ചുക്കാൻ കടിഞ്ഞു തകർന്നു് അവൻ പ്രസ്താവിച്ചു.

Digitized By Kerala Sahitya Akademi

പ്രതികൂലമായ കാലാവസ്ഥമൂലം നിശ്ചിതമായ ഒരു പ
സ്ഥാവിൽക്കൂടി കപ്പൽ കൊണ്ടുപോകുവാൻ അവക്കു സാ
ധിക്കാതെ വന്നുകൂടി. അതിനാൽ കാറിനനുകൂലമായ
ദിക്കിൽക്കൂടി പതുക്കെപ്പതുക്കെ മുന്നോട്ടു കൊണ്ടുപോയി
കടവിൽ പാറപ്പടപ്പുകൾ നിറഞ്ഞ ഒരു തീരത്തിൽ കപ്പല
ടുപ്പിക്കുവാൻ അവർ ഉറച്ചു. അതു സ്കോട്ലാൻഡായി
രിക്കണമെന്നു് ഇല്ല്യൂജു് പറഞ്ഞു. അനന്തരം അവർ
ഏതാനും കാറുപായകൾ നിവർത്തിക്കെട്ടി തണ്ടുവെച്ചു തു
ഴഞ്ഞു തുടങ്ങി. അങ്ങനെ അവിടുത്തെ ചെറിയ ചെറി
യ ദ്വീപുകളുടെ ഇടയ്ക്കു് അവർ നുഴഞ്ഞുകയറി. അവി
ടെ കാറിന്റെയും തിരമാലകളുടേയും ഉപദ്രവം സാരമി
ല്ലായിരുന്നു. സായാഹ്നത്തോടുകൂടി അവർ ഒരുൾക്കടലിൽ,
മണൽത്തിട്ടോടുകൂടിയ ഒരു നദീമുഖത്തു്, നങ്കൂരമിട്ടു. ചു
റ്റും പൊക്കമുള്ള കുന്നുകളായിരുന്നു. ഒരൊറ്റ വീടുപോ
ലും സമീപത്തെങ്ങും അവക്കു കാണാൻ സാധിച്ചില്ല.

രാത്രി കാറിന്റെ ശക്തി വർദ്ധിച്ചു; നങ്കൂരവും പറി
ച്ചെടുത്തുകൊണ്ടു കപ്പൽ മുന്നോട്ടു പാഞ്ഞു. കുഴമണലിൽ
ചെന്നു തറഞ്ഞുപൂണ്ടു; പക്ഷേ കപ്പലിലുണ്ടായിരുന്നവക്കു്
ആപത്തൊന്നും കൂടാതെ കരയ്ക്കു കയറി രക്ഷ പ്രാപിക്കാൻ
പറ്റി. കടൽത്തീരത്തു് അവകാശമുള്ള ആളുകൾ വന്നൊ
ത്തുന്ന പക്ഷം തങ്ങളെ അവർ കൊന്നുകളയുമെന്നു് ഇ
ല്ല്യൂജു് അഭിപ്രായപ്പെട്ടു. അതുകൊണ്ടു് എങ്ങനെയെങ്കി
ലും കപ്പൽ കുഴമണലിൽനിന്നു് ഇളക്കി ധാരാളം വെള്ള
മുള്ളിടത്തേയ്ക്കു മാറ്റി കഴിയുന്നതും വേഗത്തിൽ അവിടെ
നിന്നു പോകണമെന്നായിരുന്നു ഇല്ല്യൂജിന്റെ ഉപദേശം.

Digitized By Kerala Sahitya Akademi

പകൽ മുഴുവൻ അവർ ഇതിലേയ്ക്കായി പാടുപെട്ട പണിയെടുത്തു; വൈകുന്നേരത്തോടുകൂടി അവക്കു കടലിലേയ്ക്കിറങ്ങാൻ സാദ്ധ്യമായ ഒരു ഘട്ടത്തിലെത്തി. പക്ഷേ കപ്പലിൽ അവക്കു വളരെ കമ്മിയായേയ ആഹാരസാധനങ്ങളുള്ളൂ. അതിനാൽ കരയ്ക്കിറങ്ങി ഉള്ളിലേയ്ക്കുപോയി ഒരു കവച്ചു ചെയ്യാമെന്നായിരുന്നു ഉഥംവാറിന്റെ അഭിപ്രായം. ഉഥംക്കടലിൽനിന്നും കുറെയകലെ ജനവാസമുള്ള ഒരു മലഞ്ചെരിവുണ്ട്. അവർ അങ്ങോട്ടു തിരിച്ചു. ആദ്യം കണ്ണിൽപ്പെട്ട വലിയ ഒരു കൃഷിസ്ഥലത്തു് അവർ നിന്നു. അവിടെയുള്ളവരെയെല്ലാം ആട്ടി വെളിക്കോടിച്ചിട്ടു് അവക്കാവശ്യമുള്ളിടത്തോളം വസ്ത്രങ്ങളും ആഹാരപദാർത്ഥങ്ങളും അവർ അവിടെനിന്നു കവന്നെടുത്തു. അവരെ എതിർക്കാൻ കരൊറ്റ ആത്മംപോലുമുണ്ടായില്ല.

പക്ഷേ അവർ കടൽക്കരയിൽ തിരിച്ചു വന്നപ്പോഥം കപ്പലിൽ മുഴുക്കെ ആളുകഥം നിറഞ്ഞിരിക്കുന്നതായിട്ടാണു് കണ്ടതു്! അവർ മറേറതോ കുറുക്കുവഴിക്കു് അവിടെ എത്തിച്ചേർന്ന സ്കോട്ലാൻഡുകാരാണെന്നും കപ്പൽ സൂക്ഷിക്കാൻ നിർത്തിയിരുന്ന ആളുകളെ അടിപ്പെടുത്തി അവർ ഉള്ളിൽ തള്ളിക്കയറിയതാണെന്നും ഇല്ല്യൂജ് പ്രസ്താവിച്ചു. ആ നിമിഷം ഏതാനും അശ്വാരൂഢന്മാരുടെ ഒരു സംഘം, അവർ ഇപ്പോഥംവന്ന മലഞ്ചെരുവിലെ വഴിയിൽക്കൂടി അതിവേഗത്തിൽ പാഞ്ഞുവരുന്നതു് അവക്കു കാണാറായി. ഇല്ല്യൂജ് ചോദിച്ചു:

"ഈ സവാരി എങ്ങനെയിരിക്കുന്നു, ഉഥംവാർ?"

Digitized By Kerala Sahitya Akademi

"കടലിൽ കിടന്നു കുതിന്നു വിറയ്ക്കുന്നതിനേക്കാൾ എത്രയോ രസകരമായ ഒരു വിനോദമാണിത്!" ഒരു ചിരിയോടുകൂടി ഉൾവാർ ഉത്തരം പറഞ്ഞു: "ഈ കൂട്ടുന്ന കരുത്തന്മാരായ ആളുകളുടെ സംഘം നമ്മെ ആക്രമിക്കുന്നതിനു മുൻപു് എങ്ങനെയെങ്കിലും നമുക്കു കപ്പലിനുള്ളിൽ കടന്നുപറ്റി, അതിലുള്ളവരെ പിടിച്ചു വെള്ളത്തിലെറിയണം."

ആദ്യംതന്നെ മലഞ്ചെരുവിൽക്കൂടിവരുന്ന സ്കോട്ടുകളെ തുരത്തുന്നതാണു് കപ്പലിൽ കടന്നുകൂട്ടുന്നതിനേക്കാൾ എത്രയും എളുപ്പമെന്നു് ഇല്ലുഗ്രേജ് അഭിപ്രായപ്പെട്ടു.

"എന്തുകൊണ്ടെന്നാൽ, നാം കപ്പലിലേയ്ക്കു പിടിച്ചു പിടിച്ചു കയറുവാൻ ഉത്സാഹിക്കുമ്പോൾ അവർ നമ്മുടെ കൈ കൊത്തിനുറുക്കിക്കളയും! — എന്നാൽ ഈ കുതിരപ്പുറത്തുള്ള മനുഷ്യർ നമ്മേക്കാൾ എണ്ണത്തിൽ വളരെ അധികമുണ്ടെങ്കിലും നാം അത്ര വിഷമിക്കേണ്ടതായിട്ടില്ല."

"എനിക്കവരെ ഭയമൊന്നുമില്ല," ഉൾവാർ പറഞ്ഞു: "പക്ഷേ അവർ നമ്മുടെ കപ്പൽ കാടിച്ചുകൊണ്ടു കടന്നുകളയുകയാണെങ്കിൽ നാം ചുറ്റിപ്പോകും. കായ്മ്പം വല്ലാതെ വഷളായിത്തീരും. കുരുക്കിൽപ്പെട്ട കുറുക്കന്റെ രീതിയിൽ നാം ഇവിടെ അകപ്പെട്ടു വലയും."

അയാളും അയാളുടെ പരിവാരങ്ങളിൽ ഭൂരിഭാഗവും വെള്ളത്തിലേയ്ക്കു കുതിച്ചുചാടി; കപ്പലിൽനിന്നുവരുന്ന അസ്ത്രങ്ങൾ തടുക്കുവാനായി അവർ തങ്ങളുടെ പരിചകൾ ഒരു കൈയിൽ ഉയർത്തിപ്പിടിച്ചു. മറുകൈകൊണ്ടു തുഴ

Digitized By Kerala Sahitya Akademi

ഞ്ഞു തുഴഞ്ഞു് അവർ കപ്പലിനടുത്തേയ്ക്കു നീങ്ങിനീങ്ങി. പക്ഷേ കപ്പലിനകത്തു പറിക്കൂടുന്നതു് അത്ര എളുപ്പമുള്ള പണിയല്ലെന്നു് ഉഥംവാറിനു് ഉടൻതന്നെ ബോധപ്പെട്ടു—എന്തുകൊണ്ടെന്നാൽ, സ്കോട്ടുകാരുടെ മുകളിൽനിന്നുകൊണ്ടു് അവരെ വാരിനീട്ടി വെട്ടുവാനും, കുന്തംകൊണ്ടു കുത്തുവാനും, വില്ലു കുലയ്ക്കുവാനും നിഷ്പ്രയാസം സാധിച്ചിരുന്നു. നോർസുകാരുടെ സൈന്യം മുന്നോട്ടുതന്നെ പോവുകയും, അവരുടെനേർക്കു് എറിയപ്പെട്ട കുന്തങ്ങളെ ചാടിപ്പിടിച്ചു നിമിഷത്തിനുള്ളിൽ തിരിച്ചെറിയുകയും ചെയ്തുവെങ്കിലും അവർക്കു ശരിക്കുനിന്നു പൊരുതുവാൻ തീരെ ഇടമുണ്ടായിരുന്നില്ല. പോരെങ്കിൽ അശ്വാരൂഢന്മാരായ സ്കോട്ട്ലാൻഡുകാർ നേരെ വെള്ളത്തിലേയ്ക്കു കുതിരയോടിച്ചുവരികയും ചെയ്തു. അങ്ങിനെ ചുറ്റിലും അവർ ശത്രുക്കളാൽ ആക്രമിക്കപ്പെട്ടു; മാറിനിൽക്കുവാൻ വെള്ളത്തിലാണു് അവരുടെ നിലയും!—വല്ലാത്ത ഒരു ദുഷ്ടസ്ഥിതി!

ഉഥംവാർ ഇപ്പോൾ ഇല്ലുജിനോടു പറഞ്ഞു: "അങ്ങയുടെ ഉപദേശമായിരുന്നു ഉത്തമം, പോറച്ചു!"

"നീ ഒരാൾ രണ്ടുപേരുടെ ഫലം ചെയ്യുന്നവനാണു്, ഉഥംവാർ." ഇല്ലുജ് പറഞ്ഞു: "അങ്ങനെയുള്ള ഒരു പുരുൻ വിഗ്ഡിസ്സിനു നഷ്ടമാകുന്നതു വലിയ കഷ്ടമാണു്."

ഇങ്ങനെ പറഞ്ഞുകൊണ്ടു് അയാൾ തക്കംനോക്കി കപ്പലിന്റെ ഒരു വശംചേർന്നു പൊടുന്നനെ ഉള്ളിലേയ്ക്കു ചാടിക്കയറി.

കപ്പലിന്റെ കൊത്തളത്തിൽ ചുവന്ന തലമുടിയോടുകൂടിയ ഉയരമുള്ള ഒരു മനുഷ്യൻ നിൽപ്പുണ്ടു്; സ്കോട്ടുക

Digitized By Kerala Sahitya Akademi

ടുടെ നായകനാണയാൾ. ഇല്ല്യൂജ് തന്റെ ഹരിച വലിച്ചു ദൂരത്തെറിഞ്ഞിട്ട് ഒരൊറ്റക്കുതിക്കു നായകന്റെ സമീപത്തെത്തി; അയാളുടെ കാലിന്മേൽ കടന്നു പിടിക്കുടി; പക്ഷേ അയാൾ അങ്ങനെ ചെയ്ത അവസരത്തിൽ മറ്റേയാൾ സർവ്വശക്തിയുമെടുത്ത് അയാളുടെ തലയ്ക്കോരടി കൊടുത്തു. രണ്ടുപേരുംകൂടി വെള്ളത്തിൽ വീണു. നിമിഷത്തിനുള്ളിൽ ഉൾവാർ ആ സ്കോട്ടിനെ വെട്ടിക്കൊന്നു. അയാളുടെ അനുചരന്മാരിൽ ആദ്യം ഇതു കുറെ സംഭ്രാന്തിയുളവാക്കി. ചിലർ കൊത്തളത്തിൽനിന്നൊഴിഞ്ഞുമാറി. പക്ഷേ മറ്റു ചിലർ തങ്ങളുടെ നായകന്റെ സ്ഥാനത്തേയ്ക്കു ധൈര്യപൂർവ്വം ചാടിക്കയറി. ഈ ബഹളത്തിനിടയിൽ നോർസുകാരിൽ അനേകംപേർക്കു കപ്പലിൽ കടന്നുകൂടുവാൻ തരപ്പെട്ടു.

എല്ലാറ്റിലും കടുവിൽ കപ്പലിൽ കയറിയതു് ഉൾവാറാണു്. വെള്ളത്തിൽനിന്നു കയറുവാൻ അയാൾ ഇല്ല്യൂജിനെ സഹായിക്കാനൊരുമ്പെട്ടു. പക്ഷേ ഇല്ല്യൂജ് പറഞ്ഞു:

"ഇതുകൊണ്ടു പ്രയോജനമൊന്നുമില്ല. നീ ഏതായാലും സ്വയം രക്ഷപ്രാപിക്കാൻ നോക്കിക്കോളൂ. എന്തുകൊണ്ടെന്നാൽ, നീയൊരാശംസയുമായി നിന്റെ അമ്മയുടെ അടുത്തേയ്ക്കു പോകണമെന്നു ഞാനാശിക്കുന്നു; എന്റെ അന്ത്യഘട്ടത്തെ എങ്ങനെയാണു് ഞാൻ അഭിമുഖീകരിച്ചതെന്നു് അവർക്കങ്ങനെ അറിയാനും ഇടയാകുമല്ലോ!"

"അങ്ങില്ലാതെ ഞാൻ തനിയെ വീട്ടിൽ മടങ്ങിച്ചെന്നാൽ അമ്മയ്ക്കു യാതൊരു സന്തോഷവും ഉണ്ടാവുകയി

Digitized By Kerala Sahitya Akademi

ല്ല," ഉഠവാർ മറുപടി പറഞ്ഞു. അയാഠം കൊത്തള ത്തിലേയ്ക്കു മെന്നു. അവക്കിപ്പോഠം ഇല്ല്യൂജിനെ കപ്പ ലിനകത്തു വലിച്ചിടുവാൻ സാധിച്ചു. പക്ഷേ അടുത്ത നിമിഷത്തിൽ അയാഠം മുന്നോട്ടു ചാഞ്ഞു കപ്പൽത്തട്ടിൽ മരിച്ചുവീണു.

ഉഠവാർ ഇപ്പോഠം തന്റെ കപ്പലിന്റെ മുകഠംത്ത ട്ടിൽ നിൽക്കുകയാണു്. ഇപ്പോഴും അയാളുടെ അനുചര ന്മാരിൽ പതിമൂന്നുപേരുണ്ടു്. പക്ഷേ പരുക്കു പറ്റാത്ത ഒരൊറ്റ ആഠംപോലുമില്ലായിരുന്നു. അൻപതിലധികമു ണ്ടു് സ്കോട്ടുകഠം; അവർ കപ്പലിൽ തിങ്ങിക്കൂടി. ചിലർ കപ്പലിന്റെ പള്ളയ്ക്കു കോടാലികൊണ്ടു വെട്ടി അകത്തേ യ്ക്കു വെള്ളം കയറുകയും ആ അവസരത്തിൽ അവരുടെ കൂട്ടുകാർ അവരുടെമീതെ പരിച പിടിക്കുകയും, നോർസു കാരുടെ നേക്കു് ഒന്നിനുപുറകേ മറ്റൊന്നായി തുരുതുരെ അസ്ത്രമയയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു.

അങ്ങിനെയിരിക്കെ ടോപുകഠംക്കുള്ളിലായി ഒരു വ ലിയ കപ്പൽ അവരുടെനേക്കു വരുന്നതു് ഉഠവാറിന്റെ കണ്ണിൽപ്പെട്ടു. ഉഠവാർ അയാളുടെ ആളുകളോടു് ഇങ്ങ നെ വിളിച്ചുപറഞ്ഞു:

"നമ്മുടെ ഈ യാത്ര തീരെ ചെറുതായിരുന്നു; പ ക്ഷേ വൈകുന്നേരത്തെ നമ്മുടെ ജോലി നമുക്കു തികച്ചും സന്തോഷകരമായിരിക്കുന്നു; എന്തുകൊണ്ടെന്നാൽ, സ്കോ ട്ടുകഠംക്കു ഭയങ്കരമായ നഷ്ടം നേരിട്ടു."

അത്ഭുതകരമായ ആ കപ്പൽ ഈ അവസരത്തിൽ നങ്കൂരമുറപ്പിക്കയുണ്ടായി. അതിലെ ആളുകഠം വെള്ള

Digitized By Kerala Sahitya Akademi

ത്തിലേയ്ക്കു ചാടി ഉഠംവാറിന്റെ അടുത്തേയ്ക്കു് ഇരച്ചു നീന്തിവന്നു. അവരിൽ ഏറ്റവും പ്രധാനി ഇരുണ്ട വർണ്ണമുള്ള ഉയരംകൂടിയ ഒരു മനുഷ്യനായിരുന്നു. അയാൾ നീളമുള്ള ഒരുടക്കുകമ്പി കപ്പലിന്റെ കൊത്തളത്തിൽ അടിച്ചുതറച്ചു് അരിശത്തൽ തുള്ളിക്കിടന്ന മുകളിൽ കപ്പലിലേയ്ക്കു് ഒരു കുട്ടിക്കരണം മറിഞ്ഞു. അയാൾ പാമരത്തിലേയ്ക്കു് ഓടിച്ചെന്നു; ഉഠംവാർ നിന്നിരുന്നതു് അവിടെയാണു്. അയാൾ നോർസ്ഭാഷയിൽ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു:

"ഹേ, തലവനായ പെരുപ്പക്കാരാ, നിങ്ങൾ ധീരമായി പോരടിച്ചു! ഇങ്ങനെയുള്ള ധീരന്മാരെ സഹായിക്കാൻ സാധിച്ചതിൽ ഞങ്ങൾ ഭാഗ്യവാന്മാരാണു്."

ഒരു നിമിഷത്തിനുള്ളിൽ കപ്പൽ നിറയെ അയാളുടെ ആൾക്കാർവന്നു തിങ്ങിക്കൂടി. അങ്ങനെ യുദ്ധന്തിന്റെ ഗതി സ്കോട്ടുകൾക്കു പ്രതികൂലമായി മാറി. അവർ തുരുതുരെ കടലിലേയ്ക്കെടുത്തുചാടി ജീവനുംകൊണ്ടു കരപറ്റാൻ ആവതും പണിപ്പെട്ടു. പക്ഷേ അവരിൽ അധികംപേരൊന്നും കരയ്ക്കെത്തുകയുണ്ടായില്ല.

യുദ്ധം അവസാനിച്ചു. മുറിവേറ്റു കപ്പലിനുള്ളിൽ വീണ സ്കോട്ടുകാരെ ആ അപരിചിതനെടുത്തു കടലിലെറിഞ്ഞു. അനന്തരം ഉഠംവാറിന്റെ കപ്പൽ കഴുക്കോലിട്ടു കുത്തിനീക്കി അയാളുടെ കപ്പലിനോടു ചേർത്തുകെട്ടി. അതിനു വല്ലാതെ കേടു പറ്റിയിട്ടുണ്ടെന്നും അതിൽ കാടിച്ചു പോകാൻ തരപ്പെട്ടുകയില്ലെന്നും അവൾക്കു ബോധപ്പെട്ടു. അതിനാൽ അയാളേയും അയാളുടെ അനുഗാമികളേയും

Digitized By Kerala Sahitya Akademi

ആ അപരിമിതൻ തന്റെ കപ്പലിലേയ്ക്കു ക്ഷണിച്ചു. അതിന്റെ കാറ്റുപായകളെല്ലാം നിവർത്തി നിബന്ധിച്ചു കടലിലേയ്ക്കിറങ്ങുവാൻ അവർ തയ്യാറായി നിലകൊണ്ടു. അനുകൂലവും ശാന്തവുമായ ഒരു കാറ്റ് അവക്കിപ്പോൾ ലഭിക്കയുണ്ടായി. കൊടുങ്കാറ്റൊല്ലാം ശമിച്ചുകഴിഞ്ഞിരുന്നു. ഉഠം വാറിന്റേയും കൂട്ടരുടേയും ശരീരത്തിലേറ്റ മുറിവുകളെല്ലാം അപരിമിതൻ ശരിയായിവെച്ചുകെട്ടി. അനന്തരം അവരുടെ സമരകഥ മുഴുവൻ അയാഠം സന്തോഷപൂർവ്വം കേട്ടു. 'ഉസ്പാക്' * എന്നാണ് തന്റെ പേരെന്ന് അയാഠം അവരെ അറിയിച്ചു. തന്റെ നാട്ട് ഐസ്ലാൻഡ് ആണെന്നും പക്ഷേ നോത്തംബെർലാൻഡിലാണ് താൻ താമസിച്ചിരുന്നതെന്നും ആ നാട്ടിൽനിന്നുമുള്ള നോർസുകാരും ഡെയിൻകാരുമടങ്ങിയതാണ് തന്റെ നാവികസംഘമെന്നും അയാഠം പറഞ്ഞു.

അന്ധകാരമായതോടെ അവർ ശാന്തമായ ഒരിടത്തു നങ്കൂരമുറപ്പിച്ചു, വിശ്രമിക്കാൻ ഒരുമ്പെട്ടു. കപ്പലിന്റെ അടിത്തട്ടിൽ ഒരേ കട്ടിലിലും കിടക്കയിലുമാണ് ഉസ്പാക്കും ഉഠംവാറും പങ്കുകൂടിയതു്. ഉഠംവാർ ഉറങ്ങാതെ കിടന്നു; എന്തുകൊണ്ടെന്നാൽ, അയാളുടെ മുറിവ് അയാളെ കൂടെ വേദനിപ്പിച്ചു. അതിനാൽ ഉസ്പാക് അയാളോടു് ഓരോന്നു സംസാരിക്കാൻ തുടങ്ങി.

അയാഠം പറഞ്ഞു: "നിങ്ങഠം ഇന്നു വളർന്ന തന്റേടമെത്തിയ ഒരു പുരുഷനെപ്പോലെ നിന്നു പോരാടി, ഉഠംവാർ! നിശ്ചയമായും ഒരു നല്ല കുടുംബത്തിലെ അംഗമാ

* ഈ പദത്തിന്റെ അർത്ഥം 'അവിവേകി' എന്നാണു്.

Digitized By Kerala Sahitya Akademi

ണ്ട് നിങ്ങൾ; നോർവേയിൽ എവിടെയാണ് നിങ്ങളുടെ വീട്ട്? നിങ്ങളുടെ അച്ഛനാരാണ്?"

ഉൾവാർ ഉത്തരം നൽകി: "വിൻഗ്രൽമാക്കിലാണ് എന്റെ വീട്ട്; എന്റെ കുടുംബപ്പേർ ഫോൾഡനിലെ 'വാഡിൻ' എന്നുമാണ്."

ഉസ്പാക് പെട്ടെന്ന് അയാളുടെനേർക്ക് തിരിഞ്ഞു ചോദിച്ചു: "നിങ്ങളുടെ അച്ഛനോ, ഉൾവാർ? എന്താണ് നിങ്ങളുടെ അച്ഛന്റെ പേര്?"

"ഹേ, തലവൻ, ഞാനതേതായാലും നിങ്ങളിൽനിന്നും മറച്ചുവെയ്ക്കുന്നില്ല. യഥാർത്ഥമായ വിവാഹത്തിൽനിന്നും ജനിച്ചവനല്ലാ ഞാൻ," ഉൾവാർ പറഞ്ഞു: "അതുകൊണ്ട് എന്റെ അമ്മയുടെ താവഴിപ്രകാരം എന്നെ വിളിച്ചുവരുന്നത് ഉൾവാർ വിഗ്ഡിസ്സൺ എന്നാണ്."

ഏറെനേരത്തേയ്ക്ക് ഉസ്പാക് നിശ്ശബ്ദനായിപ്പോയി. ഒന്നിൽക്കൂടുതൽ തവണ അയാൾ എന്തോ പറയാൻ നാക്കെടുത്തതാണ്. പക്ഷേ അയാൾക്ക് വാക്കു കിട്ടുന്നില്ല. എന്നാൽ ഇതു് ഉൾവാറിന്റെ ശ്രദ്ധയിൽ പെട്ടില്ല. ഒടുവിൽ മറേറയാൾ ചോദിച്ചു:

"നിങ്ങൾക്കെന്തു പ്രായമുണ്ട്, ഉൾവാർ വിഗ്ഡിസ്സൺ?"

"മദ്ധ്യവേനൽ കഴിഞ്ഞു് എനിക്കു പതിനെട്ടാകും," അയാൾ മറുപടി പറഞ്ഞു.

അപരിചിതൻ വീണ്ടും കിടന്നു; ഏറെനേരത്തേയ്ക്ക് അയാൾ കന്നംതിന്നൊ ശബ്ദിച്ചില്ല. അനന്തരം അയാൾ വീണ്ടും സംസാരിച്ചു:

Digitized By Kerala Sahitya Akademi

"നിങ്ങളുടെ അമ്മ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടോ? അതുപോലെ അവർ ഇപ്പോഴും അവിവാഹിതയായിത്തന്നെ ജീവിക്കയാണോ—വാഡിനിലെ വിഗ്ഡിസ്?"

അങ്ങനെതന്നെയാണെന്ന് ഉഥംവാർ പ്രതിവചിച്ചു.

ഉസ്പാക പറഞ്ഞു: "നിങ്ങളുടെ അമ്മയെക്കുറിച്ചു കൂടുതൽ കേൾക്കുന്നതിൽ എനിക്കു സന്തോഷമുണ്ട്. പരസഹായംകൂടാതെ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യന്റെ നിലയിലെത്തിക്കുവാൻ പാടുപെട്ട്, അഭിനന്ദനാർഹമായ രീതിയിൽ നിങ്ങളെ വളർത്തിക്കൊണ്ടുവന്ന അവർ നിശ്ചയമായും പ്രഗത്ഭമതിയായ ഒരു സ്ത്രീരത്നംതന്നെ ആയിരിക്കണം. നിങ്ങളുടെ അമ്മയ്ക്കു നിങ്ങളെ ഇഷ്ടമാണോ?"

ഉഥംവാർ പറഞ്ഞു: "എനിക്കു പതിനഞ്ചു വയസ്സായപ്പോൾ വാഡിനും അമ്മയുടെ മറ്റു സ്വത്തുക്കളിൽ പകുതിയും എന്റെ സ്വന്തമായി വിട്ടുതന്നു. പിഴച്ചുണ്ടായ വനാകയാൽ എന്റെ മുഖത്തുനോക്കി മറ്റുള്ളവർക്ക് എന്റെ ദാരിദ്ര്യത്തെ അപഹസിക്കുവാൻ ഇടയാകരുതെന്നുള്ളതായിരുന്നു അമ്മയുടെ മുഖ്യമായ ഉദ്ദേശം. അമ്മയുടെ ആവശ്യത്തിലേയ്ക്കായി കാട്ടിൽ വടക്കു മാറി ഒരു കൃഷിസ്ഥലം അമ്മ വിലയ്ക്കു വാങ്ങി. ബെർഗ് എന്നാണതിന്റെ പേര്; പക്ഷേ അമ്മയുടെ താമസം വാഡിനിൽത്തന്നെയാണ്. ശരിയാണല്ലു പറഞ്ഞതു്; സ്ത്രീകളിൽ ഏറ്റവും പ്രഗത്ഭമതിതന്നെയാണ് എന്റെ അമ്മ. അമ്മയ്ക്കുതുല്യമായി മാറ്റാരെങ്കിലും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനാൽ എന്റെ അച്ഛനെ അറിയാത്തതു

Digitized By Kerala Sahitya Akademi

കൊണ്ടു യാതൊന്നും എനിക്കു നഷ്ടപ്പെട്ടിട്ടില്ല എന്നതു നെ ഞാൻ വിശ്വസിക്കുന്നു."

അനന്തരം ഉഥ്മാർ തന്റെ മാതാവിന്റെ കഥ അയാളെ പറഞ്ഞുകേൾപ്പിച്ചു. അധികമധികം പറയും തോറും അയാൾ കൂടുതൽ കൂടുതൽ ചോദ്യങ്ങൾ ചോദിക്കുവാൻ തുടങ്ങി; അങ്ങനെ ഗ്രന്നാറിന്റെ മരണം, വിഗ് ഡിസ്സിന്റെ പ്രതികാരം, അനന്തരസംഭവങ്ങൾ ഇവയെക്കുറിച്ചെല്ലാം അയാൾ കേട്ടു. രാത്രി ഒട്ടുമുക്കാലും ഈ വിത്തമാനത്തിൽത്തന്നെ കഴിച്ചുകൂട്ടി. ഉഥ്മാർ പറഞ്ഞവസാനിച്ചശേഷം ഉസ്പാക് പ്രസ്താവിച്ചു:

"നിങ്ങളുടെ മാതാവിനോടു നിങ്ങൾക്ക് അതിരറ്റ കടപ്പാടുണ്ട്. നിങ്ങളിൽനിന്നും ഏറ്റവും മഹത്തായ സ്നേഹവും ബഹുമാനവും അർഹിക്കുന്നവരാണവർ. ധൈര്യത്തിനും ബുദ്ധിസാമർത്ഥ്യത്തിനും അവർക്കു കിടയായിട്ടാരുമില്ലെന്നു നിസ്സങ്കോചം പറയാം. ലോകത്തിൽ ഒരു സ്ത്രീയും തന്റെ പുത്രനെ അവരേക്കാൾ അധികമായി സ്നേഹിച്ചുകാണുകയില്ല."

"അതു പരമാർത്ഥമാണ്," ഉഥ്മാർ പ്രതിവചിച്ചു. "അമ്മയുടെ നന്മയ്ക്ക് എന്തെങ്കിലും പ്രതിഫലം എന്നെങ്കിലും എനിക്കു കൊടുക്കാൻ സാധിക്കുമെന്നാണ് എന്റെ ആഗ്രഹം."

ഉസ്പാക് പറഞ്ഞു: "നിങ്ങൾക്കിപ്പോൾ നിങ്ങളുടെ കപ്പലും സാമാനങ്ങളും നഷ്ടമായി. പക്ഷേ ഈ വേനൽക്കാലം നിങ്ങൾ എന്നോടൊന്നിച്ചു കഴിച്ചുകൂട്ടിയാൽ,

Digitized By Kerala Sahitya Akademi

ഇലപൊഴിയുന്നകാലത്ത് ഒരു ദരിദ്രനായി നിങ്ങൾക്കു നോർവേയിൽ മടങ്ങിച്ചെല്ലേണ്ടിവരില്ല. എന്നോടൊന്നിച്ച് ഈ കപ്പലിലെ നായകസ്ഥാനത്തിൽ നിങ്ങൾക്കു പങ്കുകൂടാം. നായകനുള്ള ആദായത്തിൽ നേർപകുതി നിങ്ങളുടേതായിരിക്കും.”

ഉൾവാർ ഹൃദയപൂർവ്വം അയാളോടു നന്ദിപറഞ്ഞു. കുറച്ചുകഴിഞ്ഞ് അയാൾ പ്രസ്താവിച്ചു, ആദ്യത്തെ തന്റെ നിശ്ചയം ഐസ്‌ലാൻഡിലേയ്ക്കു പോകണമെന്നായിരുന്നു എന്ന്. അവിടെ അയാൾക്ക് എന്തെങ്കിലും ഇടപാടുണ്ടോ എന്ന് ഉസ്പാക്ക ചോദിച്ചു.

ഉൾവാർ പറഞ്ഞു: “ഉസ്പാക്ക, നിങ്ങൾ ഐസ്‌ലാൻഡിൽനിന്നുവരുന്ന ആളാണല്ലോ; സ്കാമെഡാലിലെ ഖൈഗ-യോട്ട് ഗിസ്സുഴ്സൺ എന്നു വിളിച്ചുവരുന്ന കരാളെ നിങ്ങൾ അറിയുമോ?”

“എന്താ, അയാളോടു നിങ്ങൾക്കു വല്ലതും പറഞ്ഞയയ്ക്കാനുണ്ടോ?” അല്പനേരത്തെ മൗനത്തിനുശേഷം ഉസ്പാക്ക ചോദിച്ചു.

“ചിലപ്പോൾ ഉണ്ടായേയ്ക്കാം,” ഉൾവാർ പറഞ്ഞു.

“കരുപക്ഷേ അയാൾ നിങ്ങളുടെ അമ്മയുടെ കരു സ്നേഹിതനായിരിക്കാം, അല്ലേ?” പ്രായക്കൂടുതലുള്ള മനുഷ്യൻ ചോദിച്ചു.

“കരു സ്നേഹിതൻ—അതല്ല,” ഉൾവാർ മറുപടി പറഞ്ഞു: “അദ്ദേഹത്തിൽനിന്നു കരു നന്മയും ഞങ്ങൾ പ്രതീക്ഷിക്കുന്നുമില്ല. പക്ഷേ ഏതു രീതിയിലുള്ള കരു സഹാ

Digitized By Kerala Sahitya Akademi

കരണമായിരിക്കും അദ്ദേഹം എനിക്കു നൽകുന്നതെന്നു കാണാൻ എനിക്കു വലിയ ആശയുണ്ട്—എന്തുകൊണ്ടെന്നാൽ, അദ്ദേഹമാണ് എന്റെ പിതാവെന്നതു ഞാൻ പറഞ്ഞുകേട്ടിട്ടുള്ളതു്."

"അയാൾ വിചിത്രരീതിയിലുള്ള ഒരു മനുഷ്യനായിരിക്കണം," ഒരു ചെറിയ ചിരിയോടുകൂടി ഉസ്പാക പറഞ്ഞു: "നിങ്ങളെപ്പോലെ മിടുമിടുക്കനും പൗരുഷത്തിന്റെ മൂർത്തീകരണവുമായ ഒരു കൊച്ചുമകനെ ഹൃദയപൂർവ്വം സ്വാഗതംചെയ്യാൻ ഇഷ്ടപ്പെടുന്നില്ലെങ്കിൽ!— അതുപോലെ നിങ്ങളുടെ അമ്മയെപ്പോലുള്ള ഒരു സ്ത്രീയെ അയാൾ മറന്നിരിക്കാനും വഴിയില്ല."

"ഞങ്ങളുടെ വിശേഷങ്ങളൊന്നും ഒരിക്കലും അദ്ദേഹം അന്വേഷിച്ചിട്ടില്ല," ഉൾവാർ മറുപടിപറഞ്ഞു: "ഐസ്ലാൻഡിൽ അദ്ദേഹത്തിനു ഭാര്യയും കുട്ടികളുമുണ്ടെന്നു് എനിക്കറിയാം."

"പക്ഷേ, മൃദുലമായ രീതിയിൽ ബലം പ്രയോഗിച്ചു ചാരിത്രം കവർന്നെടുത്തശേഷം അമ്മയെ അന്ധകാരഗർത്തത്തിലേയ്ക്കു് അടിച്ചാഴ്ത്തിയ അദ്ദേഹത്തിനു് അമ്മയുടെ ഒരു സന്ദേശം എനിക്കു കൊണ്ടുപോയി കൊടുക്കേണ്ടതായിട്ടുണ്ടു്."

തെല്ലുനേരത്തെ മൗനത്തിനുശേഷം ഉസ്പാക പറഞ്ഞു: "അയാൾ ഏറെക്കാലമായി ഐസ്ലാൻഡിൽ ഇല്ല—യോട്ട്. അനവധി കൊല്ലങ്ങളായി അയാൾ ആനാടു വിട്ടുപോയിട്ടെന്നാണു് കേൾവി; അയാളുടെ ഭാര്യയും കുട്ടികളും മരിച്ചുപോയി."

Digitized By Kerala Sahitya Akademi

"അദ്ദേഹം നിങ്ങളുടെ ഒരു സ്നേഹിതനായിരുന്നോ?" ഉഥംവാർ ചോദിച്ചു.

"അല്ല," ഉസ്പാക പറഞ്ഞു: "ഒരു സ്നേഹിതൻ എന്ന നില നിങ്ങളുടെ മാതാവിനോടുണ്ടായിരുന്നതിനേക്കാൾ ഭേദപ്പെട്ട രീതിയിൽ അയാൾക്കു ഞാനുമായി ഉണ്ടായിരുന്നില്ല."

ഉഥംവാർ അനന്തരം അനങ്ങാതെ കിടന്നു് ഉറങ്ങാൻ ശ്രമിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ ഇതരൻ തന്നെ സ്പർശിച്ചു എന്നും, അയാൾ കൈയുയർത്തി തന്റെ മുഖത്തിനു മീതേക്കൂടി കൊണ്ടുപോയി എന്നും അയാൾക്കു തോന്നി. ഉഥംവാർ കണ്ണു തുറന്നു. മറേറ ആൾ അപ്പോഴേയ്ക്കും കപ്പലിലെ അരവാതിലിലൊന്നു തുറന്നിരുന്നു. അതിനാൽ പ്രഭാതകാന്തി അയാളുടെ മുഖത്തു പതിച്ചു. അയാളുടെ മീതെ കുനിഞ്ഞുകൊണ്ടു് ഉസ്പാക അവിടെ ഇരിക്കുകയാണു്.

"നിങ്ങൾ ഉറക്കത്തിൽ കിടന്നുവിറച്ചു, ഉഥംവാർ," അയാൾ പറഞ്ഞു; "നിങ്ങളുടെ ഹേതുവിൽ ചൂടെങ്ങിനെയെന്നു നോക്കുകയായിരുന്നു ഞാൻ; പക്ഷേ സാരമില്ല, കിടന്നുകൊള്ളൂ; കിടന്നു സുഖമായി ഉറങ്ങൂ."

നാല്പത്തിമൂന്നു്

ഇല പൊഴിയുന്ന കാലത്തിന്റെ ഏതാണ്ടവസാനം വരെ ഉസ്പാക്കിനോടൊന്നിച്ചുതന്നെയായിരുന്നു ഉഥംവാർ; ഡെൻമാർക്കുകാരായ വൈക്കിംഗ്വഴുക്കാരുമൊത്തു്,

Digitized By Kerala Sahitya Akademi

ഇംഗ്ലണ്ട്, കിൻമേർലാൻഡ് *, ഫ്രാൻസ് എന്നീ രാജ്യങ്ങളിലെ കടൽത്തീരങ്ങളിൽ അവർ കൊള്ളനടത്തി ഒട്ടധികം സാധനസാമഗ്രികൾ സമാഹരിക്കയുണ്ടായി. ഉഥവാർ വിഗ്ഡിസ്സൺ വലിയ ധൈര്യം പ്രകടിപ്പിക്കുകയും അങ്ങനെ ഖ്യാതി സമ്പാദിക്കുകയും ചെയ്തു.

ഇല പൊഴിയുന്ന കാലത്ത് ഉസ്പാക്കും ഉഥവാറും, നോർത്തംബെർലാൻഡിലെ സിഗ്വാർഡ് ഇടപ്രഭുവുമൊന്നിച്ചാണ് താമസിച്ചത്; അദ്ദേഹം ഉസ്പാക്കിന്റെ സ്നേഹിതനായിരുന്നു. അദ്ദേഹം ഉഥവാറിനെ ഹാർദ്ദമായി സ്വീകരിക്കുകയും അയാൾക്കു വിലപിടിച്ച പല സമ്മാനങ്ങൾ കൊടുക്കുകയും ചെയ്തു.

ഒരു ദിവസം സായാഹ്നത്തിൽ രണ്ടുപേരുംകൂടി ഉസ്പാക്കിന്റെ വസതിയിൽ കടിച്ചുകൊണ്ടിരിക്കയാണ്.

അപ്പോൾ ഉസ്പാക് ചോദിച്ചു:

"ആട്ടെ, ഉഥവാർ, നിനക്കു നിന്റെ അച്ഛനെ കണ്ടെത്തുന്നതു സന്തോഷമാണോ?"

"ഞാൻ വീട്ടിൽ താമസിച്ചിരുന്ന കാലത്ത്," ഉഥവാർ മറുപടി പറഞ്ഞു, "എന്റെ ഏറ്റവും വലിയ ആശയായിരുന്നു അത്; ഞാൻ പിഴച്ചുണ്ടായ ഒരുവനാണെന്ന ചിന്ത സദാ എന്നെ പീഡിപ്പിച്ചുകൊണ്ടിരുന്നു; ഒരച്ഛൻ തനിക്കുണ്ടെന്ന് അഭിമാനിക്കാൻ കഴിവുള്ള എല്ലാവരേക്കാളും എത്രയും വിലകുറഞ്ഞവനായിരിക്കണം ഞാനെന്ന് എനിക്കു തോന്നി. അദ്ദേഹത്തെ എങ്ങനെയെ

* കിൻമർലാൻഡ്—ഹോളൻഡ്.

Digitized By Kerala Sahitya Akademi

ങ്കിലും കണ്ടു പിടിക്കുമെന്നും, എന്റെ അമ്മയോടും എ
ന്നോടും അദ്ദേഹം ചെയ്തിട്ടുള്ള അപരാധങ്ങൾക്കും എ
ന്റെ അമ്മയ്ക്കനുഭവിക്കേണ്ടിവന്ന സമസ്തദുരിതങ്ങൾക്കും
ആവശ്യമായ ഉപശാന്തി അദ്ദേഹത്തിൽനിന്നും സമാഹരി
ക്കുമെന്നും സദാ ഞാൻ മനോരാജ്യം വിചാരിച്ചുകൊണ്ടി
രുന്നു."

"നിങ്ങൾ ആ മനുഷ്യനെ കണ്ടെത്തിയെന്നിരിക്ക
ട്ടെ," ഉസ്പാക് താണ കരുസ്വരത്തിൽ പറഞ്ഞു: "ഇ
ങ്ങനെയൊരു പുരുൻ തനിക്കുണ്ടെന്നു ബോധത്താൽ അ
ഹ്ലാദഭരിതനായിത്തീർന്നു് അയാൾ നിങ്ങളെ അതിരറ
വാത്സല്യത്തോടുകൂടി സ്വീകരിക്കുന്നുവെന്നും വിചാരിക്ക
ക—അപ്പോൾ നിങ്ങളെന്തു ചെയ്യും?"

"തനിക്കൊരു വലിയ ബഹുമതിയായി അദ്ദേഹം
അതു കണക്കാക്കുമെന്നു തോന്നുന്നില്ല," ഉൾവാർ ഉത്ത
രം നൽകി. "അതിനുവേണ്ടി നന്ദിപറയാൻ എനിക്കു
സാദ്ധ്യമല്ല. എന്റെ ഈ നഗ്നജീവിതത്തേക്കാളുപരിയാ
യി മറ്റൊന്നിലും എനിക്കദ്ദേഹത്തോടു് ഒരു കടപ്പാടുമി
ല്ല. ഇവിടെ ഈ വിദൂരവിദേശത്തു് അദ്ദേഹത്തിന്റെ സ
ഹായമൊന്നുമില്ലാതെതന്നെ ഞാൻ സുഖമായിക്കഴിഞ്ഞു
കൂടുന്നുണ്ടു്. പ്രധാനമായി എനിക്കുള്ള കടപ്പാടു നിങ്ങ
ളോടാണു്, ഉസ്പാക്! എന്റെ പിതാവിനെ എനിക്കാ
വശ്യമില്ല; അദ്ദേഹത്തിന്റെ സ്നേഹവും എനിക്കു വേണ്ട;
അദ്ദേഹം ഒരു ഭിരുവോ, മറ്റാരെങ്കിലുമോ ആയിക്കൊള്ള
ട്ടെ; അതൊന്നും എന്റെ മനസ്സിനെ ലേശമെങ്കിലും സ്പ
ർശിക്കുന്നതുമല്ല."

Digitized By Kerala Sahitya Akademi

കൈയിൽ ശിരസ്സു ചായ്ച്ചു് ഉസ്പാക എല്ലാം ശ്രദ്ധിച്ചു കേട്ടുകൊണ്ടിരിക്കുകയാണു്. കുറച്ചു കഴിഞ്ഞു് അയാൾ ചോദിച്ചു: "നിങ്ങളുടെ മാതാവോ? അയാൾ നിങ്ങളെക്കുറിച്ചു കേട്ടു് അങ്ങോട്ടു വന്നു വിഗ്ഡിസ്സിനെ വിവാഹം കഴിക്കണമെന്നാവശ്യപ്പെട്ടാലോ?"

"സത്യം പറയുകയാണെങ്കിൽ," ഉഥവാർ പ്രതിവചിച്ചു: "ആ ഉപദ്രവങ്ങളൊക്കെയും അദ്ദേഹം ഉദ്യമിക്കില്ലെന്നാണു് എന്റെ ഉത്തമവിശ്വാസം. എന്റെ അമ്മ കടിക്കൽ പറയുകയുണ്ടായിട്ടുണ്ടു്, അവരുടെ മനോവ്യഥയ്ക്കു വലിയ ശമനം കിട്ടും ആ മനുഷ്യന്റെ രക്തം പുരണ്ട ശിരസ്സു് അവരുടെ കൈയിലെടുത്തു് അമ്മാനയാടാൻ സാധിച്ചാലെന്നു്! മിക്ക അവസരങ്ങളിലും അദ്ദേഹത്തെക്കുറിച്ചു ശബ്ദിക്കുന്നതുതന്നെ അമ്മയ്ക്കു വലിയ വെറുപ്പാണു്; എന്തെങ്കിലും പറഞ്ഞാൽ ഏറെ നേരത്തേയ്ക്കു് അവർ പിന്നെ ഉന്മേഷരഹിതയായി മാറിപ്പോകും—എപ്പോഴും ഇങ്ങനെയാണു് കണ്ടു വരുന്നതു്. അദ്ദേഹത്തെ കണ്ടുപിടിക്കുവാനായി ഞാൻ ഐസ്ചാൻഡിലയ്ക്കു പുറപ്പെട്ടതുതന്നെ അവക്കു് അല്പമെങ്കിലും ഇഷ്ടമായിട്ടല്ല."

ഉസ്പാക മുമ്പിലത്തെപ്പോലെ ഇരിപ്പായി. കുട്ടിയിൽ അയാൾ പറഞ്ഞു:

"അതു കുറെ കടുത്ത മൊഴിയായിപ്പോയി, ഉഥവാർ!"

ഉഥവാർ മറുപടി പറഞ്ഞു: "അതുപോലെതന്നെ കുറച്ചു കടുത്ത വിധിയാണു് എന്റെ യുവതിയായ മാതാവി

Digitized By Kerala Sahitya Akademi

ന്ന് ആ മനുഷ്യൻ കല്പിച്ചുകൂട്ടി വരുത്തിവെച്ചതും! നിഷ്കള ങ്കയായ ഒരു കന്യകയെ ഗർഭിണിയായിത്തള്ളിയിട്ട് അദ്ദേ ഹം തന്റെ നാട്ടിലേയ്ക്കു കപ്പൽകയറി. അതിനുശേഷം, എന്നാൽ, അവളെക്കുറിച്ച് ഒന്നെങ്കിലുമൊന്നന്വേഷി ക്കുകയെങ്കിലും ചെയ്യുക—ഇല്ലാ അതുപോലും അദ്ദേഹം ചെയ്തില്ല!"

"അതിനുശേഷം അയാൾ അവളെക്കുറിച്ച് അന്വേ ഷിച്ചിട്ടില്ലെന്നു നിശ്ചയമുണ്ടോ?" ഉസ്പാക ചോദിച്ചു.

"അമ്മ എന്നോടു പലപ്പോഴും പറഞ്ഞിട്ടുണ്ട്," ഉഠംവാർ മറുപടി പറഞ്ഞു: "മനുഷ്യരിൽവെച്ച് ഏറ വും നികൃഷ്ടനും ഹൃദയശൂന്യനുമായ ഒരാളാണദ്ദേഹമെന്നു!"

"ഒരു പുത്രനിൽനിന്ന്, ഏറ്റവും പരുഷമായ വാ ക്കുകളാണിതു്, ഉഠംവാർ!" ഒരു നെടുവീർപ്പോടുകൂടി ഉസ് പാക വീണ്ടും പ്രസ്താവിച്ചു.

"ഇതിനേക്കാൾ നല്ലതായിട്ടൊന്നും അദ്ദേഹം എ ന്നെ വന്നു പഠിപ്പിച്ചില്ല," ഒരു ചിരിയോടുകൂടി ഉഠംവാർ ഉൽഘോഷിച്ചു: "എന്തു ചെയ്യാട്ടെ, എനിക്കും അദ്ദേഹ ത്തിന്റെതന്നെ പ്രകൃതമല്ലേ കിട്ടുകയുള്ളൂ!"

ഉസ്പാക അയാളുടെ മുഖത്തേയ്ക്കു നോക്കി; പക്ഷേ ഒന്നും അതിനു സമാധാനം പറഞ്ഞില്ല. ഇതിനെക്കുറി ച്ചു പിന്നീടൊരിക്കലും തന്നെ അവർ ശബ്ദിച്ചിട്ടില്ല. അന്നു രാത്രി ഉസ്പാക മൗനിയും ചിന്താമഗ്നനുമായി കാണ പ്പെട്ടു.

Digitized By Kerala Sahitya Akademi

അവർ കിടക്കാൻ പോകുന്നതിന്നുമുൻപായി, സ്വർണ്ണക്കസവുകഠാരകൊണ്ടും പട്ടുനൂലുകഠാരകൊണ്ടും കമനീയമായ രീതിയിൽ ചിത്രപ്പണിചെയ്തിരുന്ന ഒരു മേലങ്കിതന്റെ പെട്ടിയിൽനിന്നും പുറത്തെടുത്ത് അയാഠം ഉഠംവാറിന്റെ കൈയിൽ കൊടുത്തു. ഈ സമ്മാനം അയാഠം സ്വീകരിക്കേണമെന്ന് ഉസ്പാക്ക് ആവശ്യപ്പെട്ടു. ഉഠംവാർ അയാളോടു നന്ദിപറഞ്ഞു.

ഇല പൊഴിയുന്നകാലത്ത് വീട്ടിലേയ്ക്കു മടങ്ങുവാൻ സന്നദ്ധനായപ്പോഠം നിറയെ സാധനസാമഗ്രികഠം സംഭരിച്ച ഒരു കപ്പൽ ഉസ്പാക് അയാഠംക്ക് കൊടുത്തു; അതിന്നു പുറമേ വളരെ വിലപിടിച്ച പല സമ്മാനങ്ങളും!— ഉരുക്കുകൊണ്ടുള്ള ഒന്നാംതരമൊരു കവചം; സ്വർണ്ണനിർമ്മിതമായ ഒരു ശിരസ്ത്രം; ഹിമധവളവർണ്ണത്തിലുള്ള രണ്ടു പ്രാപ്പിടിയന്മാർ; മൂന്നു പ്രാവശ്യം നിറം കാച്ചിയ ഒരരപ്പട്ട; ഒടുവിൽ ഒരു സ്വർണ്ണക്കൊളുത്തോടുകൂടിയതും ഉള്ളിൽ വിലപിടിച്ച കമ്പിളിവെച്ചു തയ്പിച്ചിട്ടുള്ളതുമായ ഒരു പച്ചപ്പട്ടുമേലങ്കിയും! ഇവയിൽ സൗഹൃദചിഹ്നമായി ആ അരപ്പട്ടമാത്രം അയാളുടെ മാതാവിന്നു കൊടുക്കേണമെന്നും ഉസ്പാക് നിർദ്ദേശിച്ചു. പക്ഷേ അതിനുശേഷം അയാഠം ഉഠംവാറിനോട് ആ പുവന്ന മേലങ്കി തിരിച്ചയാഠംക്ക് കൊടുക്കണമെന്നാവശ്യപ്പെട്ടു; അതു പുതിയതല്ലാത്തതിനാൽ ഒരു സമ്മാനത്തിനുചിതമായ വസ്തുവാണതെന്നു താൻ വിചാരിക്കുന്നില്ലെന്ന് അയാഠം പറഞ്ഞു.

തനിക്കു ചെയ്തുതന്നിട്ടുള്ള സകല സഹായങ്ങഠംക്കും തന്നോടു കാണിച്ച വാത്സല്യത്തിന്നും ഉഠംവാർ അയാ

Digitized By Kerala Sahitya Akademi

ളോട് നന്ദി പ്രകാശിപ്പിച്ചു. ഗ്രീഷ്മയാത്രയിൽ തനിക്കു ലഭിച്ച കൊള്ളയിൽനിന്നു് അയാൾക്കിഷ്ടമുള്ളതെല്ലാം തിരഞ്ഞെടുത്തുകൊള്ളുവാൻ ഉൾവാർ അയാളോടു പറഞ്ഞു.

"എനിക്കാവശ്യമുള്ളതിൽ കൂടുതൽ സാധനങ്ങൾ എന്റെ പക്കലുണ്ടു്," ഉസ്പാക പ്രതിവദിച്ചു: "എന്നാൽ നിങ്ങൾക്കിഷ്ടമുള്ളപക്ഷം നിങ്ങളുടെ ഇടതുകൈയിൽ കിടക്കുന്ന ആ മോതിരം നിങ്ങളുടെ ഒരോർമ്മയ്ക്കായി എനിക്കു തന്നാൽ വലിയ സന്തോഷമായിരിക്കും."

ഉൾവാർ മോതിരം ഊരിയെടുത്തു് ഉസ്പാക്കിനു കൊടുത്തിട്ടു പറഞ്ഞു:

"അതത്രയേറെ വിലപ്പെട്ടതൊന്നുമല്ല. ഇതു് അമ്മയുടെ അമ്മ അമ്മയ്ക്കു കൊടുത്തതാണു്. അതെനിക്കു് എൻറമ്മ തന്നതുകൊണ്ടു ഞാനതു ധരിക്കുന്നു എന്നേയുള്ളു. തുച്ഛമായ ഒരു സമ്മാനമാണു് അതു്; കാഴ്ചക്കുടി ഭേദപ്പെട്ടതു വല്ലതും എന്നോടു ചോദിക്കൂ!"

"വേറൊന്നുംതന്നെ എനിക്കു വേണ്ട," മറേയാൾ അതു കൈയിൽ തടവിക്കൊണ്ടു പറഞ്ഞു; "എന്തുകൊണ്ടെന്നാൽ, ഞാൻ ഇതിഷ്ടപ്പെടുന്നു. സ്കോട്ടുകളുമായി കടലിടുക്കിൽ കിടന്നു നിങ്ങൾ പോരാടിയതും അവരുടെ ആക്രമണത്തെ തടുത്തുനിർത്തിയതും ഇതു കൈയിൽ ധരിച്ചുകൊണ്ടാണല്ലോ; അതിനാൽ എനിക്കിതു പ്രത്യേകിച്ചും പ്രിയപ്പെട്ടതാണു്."

ഉൾവാർ അനന്തരം പ്രസ്താവിച്ചു:

Digitized By Kerala Sahitya Akademi

"പാഡിനിൽ ഇവിടത്തെ ഇടപ്രഭുവിൻറതുപോലു ള്ള വീടൊന്നും ഞങ്ങൾക്കില്ല. പക്ഷേ അങ്ങ് ഒരിക്കൽ എൻെറ അമ്മയുടെ വീട്ടിൽ വന്ന് എന്നെ സന്ദർശിക്കു വാൻ കനിയുമെങ്കിൽ അതു ഞങ്ങൾക്ക് ഏറ്റവും സ ന്തോഷമായിരിക്കും."

"തീർച്ചയായും ഞാനങ്ങനെ ചെയ്യാം," ഉസ്പാക് പറഞ്ഞു: "അധികം താമസിയാതെതന്നെ നമുക്കു വീണ്ടും കാണാം. എന്തുകൊണ്ടെന്നാൽ, നിങ്ങൾ എന്നോടു പറ ഞ്ഞില്ലെങ്കിൽത്തന്നെ ഞാൻ അവിടെ വരുമായിരുന്നു."

അയാൾ ഉൾവാറിനെ കെട്ടിപ്പിടിച്ച് അയാളുടെ ചുണ്ടിലും നെറ്റിയിലും തുരുതുരെ ചുംബിച്ചിട്ട് അയാളെ യാത്രയാക്കി. അനന്തരം ഉൾവാർ നോർവേയിലേയ്ക്കു കപ്പലോടിച്ചുപോയി. നാലാംദിവസം അയാൾ ഫോൾ ഡെനിൽ അടുത്തു കരയ്ക്കിറങ്ങി.

നാല്പത്തിനാല്

അതിരറ്റ സന്തോഷത്തോടുകൂടി വിഗ്ഡിസ് അ വളുടെ പുത്രനെ സ്വീകരിച്ചു. അയാളുടെ പ്രവൃത്തിക ളെക്കുറിച്ചു പറഞ്ഞുകേൾക്കുന്നതിൽ അവൾക്ക് അശേ ഷം മുഷിവു തോന്നിയില്ല. മനുഷ്യരിൽവെച്ച് ഏറ്റവും മഹാനും സ്നേഹിതന്മാരിൽവെച്ച് ഏറ്റവും നല്ലവനുമെ ന്നു തനിക്കു തോന്നിയിരുന്ന ഉസ്പാക്കിനെക്കുറിച്ചാണ് എല്ലാറ്റിലും ഉപരിയായി ഉൾവാറിനു പറയാനുണ്ടായി രുന്നത്. തൻെറ പുത്രൻെറ ജീവനെ രക്ഷിക്കുകയും അ വനോട് അതിരറ്റ കാരുണ്യം കാണിക്കുകയും ചെയ്ത ആ

Digitized By Kerala Sahitya Akademi

മഹാനുഭാവനോടു പൂർണ്ണമായും കൃതജ്ഞത പ്രകാശിപ്പിക്കാൻ തനിക്കൊരിക്കലും സാദ്ധ്യമല്ലെങ്കിലും അദ്ദേഹത്തെ സഹായത്തിൽ സഹികരിക്കുവാൻ സാധിക്കുമെങ്കിൽ അതു തനിക്കു് അവാച്യമായ ആനന്ദമായിരിക്കുമെന്നു വിഗ്ഡിസ് പറഞ്ഞു.

ഇല്ല ൃജിന്റെ മരണത്തിൽ അവഠംക്കു് അസഹ്യമായ സങ്കടം തോന്നി; അയാളുടെ സ്മരണയ്ക്കായി അവഠം കരു സദ്യ നടത്തി. അയാളുടെ കുഞ്ഞുങ്ങഠം, കളാവിനേയും, ഇൻഗെബ് ജോർഗിനേയും, സഹൃം കുട്ടികളേപ്പോലെ താൻ വളത്തിക്കൊള്ളാമെന്നു് അവഠം ഭാരമേറു. അതിനുശേഷം വാഡിനിലായിരുന്ന അവരുടെ താമസം.

കൊല്ലം അവസാനിക്കാറായി. 'യൂഠം' ആഘോഷകാലം അടുത്തുതുടങ്ങി. നമ്മുടെ കത്താവു മനുഷ്യപുത്രനായി പിറവിയെടുക്കാൻ കനിഞ്ഞു പ്രസാദിച്ച ആ രാത്രിയിൽ എല്ലാ നാട്ടിൽനിന്നും ആളുകഠം പള്ളിയിൽവരുന്ന കുമ്പിനകൊള്ളുവാനായി തടിച്ചുകൂടി. വാഡിനിൽനിന്നും ഉഠംവാരും വന്പിച്ച കരനുചരസംഘത്തോടുകൂടി പുറപ്പെട്ടു. അക്കൊല്ലം 'യൂഠം'പ്പെരുനാളിനു മുൻപുതന്നെ വല്ലാത്ത ഹിമപാതമുണ്ടായി. പുണ്യദിനങ്ങഠം പൂർണ്ണചന്ദ്രനോടുകൂടിയതും തണുപ്പുള്ളതുമായിരുന്നു.

വിശുദ്ധചിത്രഹങ്ങളുടെ മുൻപിൽ മെഴുകുതിരികഠം വരിവരിയായി മിന്നിത്തിളങ്ങിയിരുന്നുവെങ്കിലും, തന്റെ പുത്രനോടുകൂടി ഇറയത്തേയ്ക്കു കയറിയ അവസരത്തിൽ, ചാന്ദ്രിക അത്രനാത്രം പ്രകാശപൂർണ്ണമായിരുന്നതി

Digitized By Kerala Sahitya Akademi

നാൽ പള്ളിക്കകത്ത് ഇരുട്ടടച്ചിരിക്കയാണെന്നു വിഗ്ഡിസ്സിനു തോന്നിപ്പോയി. ആരാധനാവേദികയുടെ മുന്നിൽ നിന്നുകൊണ്ടു പുരോഹിതൻ മധുരമായി ഗാനാലാപം ചെയ്തു. ഗായകസംഘത്തിൽപ്പെട്ട കുട്ടികൾ പരിമളം പരത്തിക്കൊണ്ടു ധൂപതാലം വീശി. പള്ളിയിൽ കടന്നവർ കടന്നവർ മുട്ടുകുത്തി പരിശുദ്ധതീർത്ഥംകൊണ്ടു ശരീരത്തിൽ കുരിശുതളിച്ചു പ്രാർത്ഥനതുടങ്ങി.

വിഗ്ഡിസ് മുഖമുയർത്തി എഴുനേറ്റ അവസരത്തിൽ തൊട്ടടുത്തുള്ള വാതിൽപ്പടിൽ ഒരാൾ നിൽക്കുന്നതായിക്കണ്ടു. താടിക്കു കീഴെവെച്ചു് അരികുകൾ കൂട്ടിപ്പിച്ചുത്തു കുക്കിട്ട ഒരിരുണ്ട മേലങ്കിയാണയാൾ ധരിച്ചിരുന്നതു്. അയാളുടെ ശിരസ്സു മുന്നോട്ടു് അല്പമൊന്നു വാഞ്ഞിരുന്നു; അതിനാൽ നെറ്റിമേൽ ഉതിർന്നുവീണ ഇരുണ്ട പുരികംമുടികൾക്കിടയിലുള്ള കണ്ണുകളല്ലാതെ മുഖത്തു മറ്റൊന്നുംതന്നെ അവൾക്കു കാണാൻ സാധിച്ചിരുന്നില്ല. എന്നാലും ആ നിമിഷത്തിൽത്തന്നെ അവൾക്കു മനസ്സിലായി, അതു യോട്ടാണെന്നു്! അയാൾ അവളെ തുറിച്ചുനോക്കി. അവളുടെ കണ്ണുകളുമായി അയാളുടെ നോട്ടം ഇടഞ്ഞപ്പോൾ അയാളുടെ കൈകൾ വിറയ്ക്കാൻ തുടങ്ങിയതും അതിനാൽ അയാൾ അവ കീഴോട്ടു തൂക്കിയിട്ടതും അവൾ കണ്ടു; പിന്നീടയാൾ മരിച്ച ഒരു മനുഷ്യനെപ്പോലെ വിളറിപ്പോയി.

വിഗ്ഡിസ്സും വിറയ്ക്കുകയായിരുന്നു. അതിനാൽ അവൾക്കു വാതിൽക്കട്ടിലമേൽ ചാരേണ്ടതായി വന്നുകൂടി. തന്റെ കൺമുമ്പിൽ തറ അങ്ങോട്ടുമിങ്ങോട്ടും ആടിക്കൊ

Digitized By Kerala Sahitya Akademi

ന്തിരിക്കയാണെന്നവഠംക്കു തോന്നി—അത് ആ നിമിഷം മുതൽ ഒരിക്കലും ഒരു തറയായിരുന്നില്ല; പുരുഷന്മാരുടെയും സ്ത്രീകളുടേയും ഇടയിൽക്കൂടി പുളഞ്ഞൊഴുകിപ്പോകുന്ന ഒരു ചുവന്ന പുഴ; ആരാധനാവേദിക്കു മുൻപിൽ കാണുന്നതോ, ഒരു ഘോരത്തടാകം! ആ അവസരത്തിൽ ഉഠംവാർ എഴുന്നേല്ക്കുകയും അപരിചിതനെ ശിരസ്സു നമിച്ചു വന്ദിക്കുകയും സന്തോഷത്താൽ പുഞ്ചിരിയിട്ടുകൊണ്ട് അയാളുടെ നേക്കു തന്റെ കൈ നീട്ടുകയും ചെയ്തു. ഇപ്പോഠം ഉസ്പാക്കു എന്ന പേർ സ്വയം കൈക്കൊണ്ടിരുന്ന ആഠം ആരാണെന്നു് അവഠംക്കു് ഊഹിക്കാൻ കഴിഞ്ഞു. അനന്തരം അവഠം മുന്നോട്ടു പോകാൻ ശ്രമിച്ചു. പക്ഷേ നടപ്പാതവരെ നടന്നുചെല്ലാനുള്ള കെല്പു് അവഠംക്കുണ്ടായില്ല; അവഠം നിരയോടൊട്ടിച്ചെന്നു പലകകളിന്മേൽ കൈയൂന്നി വീഴാതെ നോക്കിക്കൊണ്ടു മുന്നോട്ടു നീങ്ങി. അങ്ങനെ അവഠം ഒരു മൂലയിൽ വന്നെത്തി. അവിടെ അവഠം മുട്ടുകുത്താൻ ഭാവിച്ചതാണു്; പക്ഷേ ആരാധനാവേദിക്കരികിലെത്തുവാൻ സാധിക്കുമാറു്, അവിടെ നിന്നിരുന്ന സ്ത്രീകഠം അവഠംക്കു വഴി മാറിക്കൊടുത്തു. അവഠം പുറകും ഒന്നു തല തിരിച്ചുനോക്കി. അവളിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു യോട്ടു് അവിടെ ആ വാതില്പ്പുൽത്തന്നെ, നില്പുണ്ടു്. ആരാധനാവേദിക്കതിരിട്ടിരുന്ന അഴിക്കമ്പികഠംക്കു സമീപം ചെന്നു് അവഠം മുട്ടുകുത്തി, അവഠം മുഖം തന്റെ കൈകളിൽ മറച്ചു.

അവഠംക്കുചുറും ഗാനാലാപത്തിന്റെ ആരോഹാവരോഹത്തിനനുസൃതമായി മഞ്ഞിന്റെയും തീയിന്റെ

Digitized By Kerala Sahitya Akademi

യും തിരകഥംകൊണ്ടെന്നപോലെ അവഥംക്കു് ആപാദചൂ
ഡം പുളകമുണ്ടായി. ഈ കൂടിക്കാഴ്ചയിൽ അവഥം പേടി
ച്ചു വിറച്ചു. അവർ ആദ്യമായിക്കണ്ടുമുട്ടിയതും, അവർ ത
മ്മിൽ പിന്നീടു സംഭവിച്ചതു മുഴുവനും, ഇന്നലെ കഴിഞ്ഞ
പോലെ അവഥംക്കു തോന്നി. കരു മലയിടിഞ്ഞു നിലം
പതിക്കുമ്പോഥം അതു പാശ്വപ്രദേശങ്ങളിലുള്ള വൃക്ഷങ്ങ
ളേയും വനപ്പടപ്പുകളേയും എല്ലാം കനോടെ പിഴുതടിച്ചു
വെറും മൊട്ടപ്പാറക്കെട്ടിനെമാത്രം അവശേഷിപ്പിക്കുന്നതു
പോലെ, സംവത്സരങ്ങളോടൊപ്പം വളർന്നുവന്നതെല്ലാം
അവളിൽനിന്നും വഴുതിപ്പോയി; അവർ തമ്മിൽ അവസാ
നമായി ആടിത്തീരേണ്ട രംഗത്തിനുവേണ്ടി മാത്രമായിരു
ന്നു താൻ ഈ അനേകകൊല്ലങ്ങളായി കാത്തുകാത്തിരു
ന്നതെന്നു് അവഥംക്കു തോന്നി.

അധികമധികനേരം അവിടെ മുട്ടുകുത്തിയിരിക്കും
തോറും അധികമധികം പേടി തോന്നിത്തുടങ്ങി, അ
വഥംക്കു യോട്ടുമായി സംസാരിക്കാൻ. അവഥം മുട്ടുകുത്തി
യിരിക്കുന്നിടത്തു ചുമരിന്റെ അടിഭാഗത്തായി, അവിടെ
യുണ്ടായിരുന്ന മരപ്പിരടയെടുത്തു മാറ്റിയിരുന്നതിനാൽ,
കരു വിടവുണ്ടായിരുന്നു. അതിൽക്കൂടി വെളിയിൽ ഹിമ
പടലം മിന്നിമിന്നിത്തിളങ്ങുന്നതു് അവളുടെ ദൃഷ്ടിയിൽ
പ്പെട്ടു. സമീപത്തുതന്നെ കുതിരകഥം ചിനയ്ക്കുന്നതും അ
വയുടെ കടിഞ്ഞാണുകളിൽ കടിച്ചു കിലുകിലുക്കമുണ്ടാക്കു
ന്നതും അവഥം കേട്ടു. അനന്തരം കുബ്ബാനയുടെ പകുതി
ക്കുവെച്ചു പിടച്ചെഴുനേറ്റു് അവഥം പള്ളിയിൽനിന്നു പ
റപറന്നു.

Digitized By Kerala Sahitya Akademi

വെളിയിൽ ആകാശത്തിന്റെ മദ്ധ്യത്തിലായി പൂർണ്ണചന്ദ്രൻ പ്രകാശിച്ചു. കുതിരകളെ തളച്ചിരുന്നിടത്തേയ്ക്കു മഞ്ഞിൽക്കൂടി അവധം ഓടിച്ചെന്നു. അവധം തന്റെ കുതിരയെ അഴിച്ചുമാറ്റി പള്ളിവേലിക്കലേയ്ക്കു നടത്തിക്കൊണ്ടുപോയി. ആ അവസരത്തിൽ രണ്ടുപേർ തിടുക്കം നിമിത്തം പള്ളിവാതിൽ തുറന്നപടിതന്നെ മലർത്തിയിട്ടിട്ട്, അവളുടെ പിന്നാലെ ദ്രുതഗതിയിൽ നടന്നുവന്നു. അവർക്കു പുറകേ മെഴുകുതിരിവെളിച്ചവും ഗാനധാരയും അങ്ങോട്ടൊഴുകിയെത്തി. അവധം കുതിരയെ കാടിക്കുവാൻ ഭാവിച്ചപ്പോഴേയ്ക്കും യോട്ട് അതിന്റെ കടിഞ്ഞാണിൽ കടന്നുപിടിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: "നിന്നോടു സംസാരിക്കുവാനായി എനിക്കനുമതി തരൂ, വിഗ്ഡിസ്—"

അവധം അയാളുടെ മുഖത്തേയ്ക്ക് ഉറുനോക്കിക്കൊണ്ടു പ്രതിവചിച്ചു:

"നിങ്ങളുടെ ശരിക്കുള്ള പേരുപോലും മറച്ചുവെയ്ക്കാതെ വിവൃത്തിയില്ലെന്നുള്ള പതനത്തിൽ എത്തത്തക്കവിധം നിങ്ങളുടെ കുത്സിതപ്രവൃത്തികൾ അത്രയ്ക്കു സംഖ്യമായിപ്പോയി, അല്ലേ, യോട്ട്?"

അയാൾക്കു മറുപടി പറയാനിടകിട്ടുന്നതിനു മുമ്പുതന്നെ അവധം കുതിരയെ കന്നിളക്കിവിട്ടു; കടിഞ്ഞാൺ അയാളുടെ കൈയിൽനിന്നു തെറിച്ചുപോയി. കുതിരയ്ക്കു കുതിക്കുവാൻ സാധ്യമുള്ളിടത്തോളം വേഗത്തിൽ അവധം വടക്കോട്ട് കാടിച്ചുപോയി. യാഡിനിൽ വന്നിട്ടും അവധം കുതിരയെ നിർത്തിയില്ല; പക്ഷേ അതിന്റെ ഗതി

Digitized By Kerala Sahitya Akademi

തിരിച്ചു നേരെ ബെർഗിലേയ്ക്കു പുറപ്പെട്ടു. ഏതാനും വേലക്കാരന്മാരും, ഒരു സൂക്ഷിപ്പുകാരനും അയാളുടെ ഭാര്യയുമല്ലാതെ മറ്റാരും അവിടെ താമസിച്ചിരുന്നില്ല. വിഗ് ഡിസ് ഹാളിലേയ്ക്കു കടന്നുചെന്നു; കെട്ടിടങ്ങളെല്ലാം വളരെ പുത്തനായിരുന്നതിനാൽ, അവിടം മിക്കവാറും വിജനമായിരുന്നു. ചുമരിനുചുറ്റും വെറും ബെഞ്ചുകളും ഒരു മേശയുമല്ലാതൊന്നുംതന്നെ അവിടെ ഉണ്ടായിരുന്നില്ല. അഗ്നികുണ്ഡത്തിൽ തീ കൂട്ടുവാനുള്ള ഏർപ്പാടുകഠം ചെയ്തശേഷം വാതിലടച്ചു കുറ്റിയിടുവാൻ അവഠം ആജ്ഞാപിച്ചു. അങ്ങനെ ആ 'യൂഠം'രാത്രിയിൽ അവഠം അവിടെ തനിച്ചിരുന്നു കഴിച്ചുകൂട്ടി.

നാല്പത്തിയഞ്ചു്

വിഗ്ഡിസ് കുതിരയോടിച്ചുപോയശേഷം, അവളുടെ പിന്നാലെ കണ്ണയച്ചുകൊണ്ടു യോട്ടം ഉഠംവാറും അവിടെത്തന്നെ നിലകൊണ്ടു. അനന്തരം ഉഠംവാറിന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചു് ഉമ്മവെച്ചുകൊണ്ടു് യോട്ടു് പറഞ്ഞു:

"ഈശ്വരൻ നിന്നെ അനുഗ്രഹിക്കട്ടെ, എന്റെ പ്രിയപ്പെട്ട മകനേ, നാം തമ്മിൽ ഇനി കണ്ടുമുട്ടുമോ എന്നു് എനിക്കിപ്പോളറിഞ്ഞുകൂടാ."

ഉഠംവാർ അയാളുടെ കൈ പിടിച്ചുയത്തി അതിന്മേൽ ചുംബിച്ചുകൊണ്ടു പ്രസ്താവിച്ചു: "അങ്ങു് എന്താണു് പറയുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല; പക്ഷേ അങ്ങാണു് എന്റെ പിതാവെന്ന കാര്യം സത്യമാണെ

Digitized By Kerala Sahitya Akademi

ങ്കിൽ അങ്ങു് ഇപ്പോഠം ഞങ്ങളെവിട്ടു പോവുകയില്ല, ഉവ്വോ?"

യോട്ടു് മറുപടി നൽകി: "നിന്റെ മാതാവുമായി സംസാരിക്കുവാൻ എനിക്കു സാദ്ധ്യമല്ല: നീ കരിക്കൽ നിന്റെ അച്ഛനെക്കുറിച്ചുച്ചരിച്ച വാക്കുകഠം അത്രയേറെ പരുഷമല്ലെന്നു് ഇപ്പോഠം ഞാനും പറയുന്നു. അന്നു രാത്രി ഞാൻ നിഷ്കാരുണ്യം പറയുകയായിരുന്നു ഞാൻ ആരാണെന്നു്; പക്ഷേ നിന്നെ ഞാൻ എന്റെ മകൻ എന്നു വിളിക്കുന്നതിനുമുമ്പു് കരിക്കൽക്കല്ലുടി വിഗ്ഡിസ്സുമായി സംസാരിക്കേണ്ടതാണെന്ന വിചാരം എന്റെ മനസ്സിൽ കടന്നുകൂടി. കരുകാര്യം എനിക്കു നിഷ്കാരുണ്യം പറയേണ്ടിയിരിക്കുന്നു: അവളെ നീ നിന്റെ അമ്മ എന്നു വിളിക്കുന്നതുവരെ ഞാൻ നിന്നെക്കുറിച്ചു യാതൊന്നും അറിഞ്ഞിരുന്നില്ല—ഇങ്ങനെ കരാഠം ഉണ്ടെന്നുപോലും! എനിക്കു നിന്നെ നഷ്ടപ്പെടേണ്ടിവന്നാൽ അവഠംകൊടുന്നാടു ചെയ്യാവുന്ന ഏറ്റവും വലിയ പ്രതികാരമായിരിക്കും അതെന്നു വിഗ്ഡിസ്സിനെ അറിയിച്ചുകൂടുക്കു!—അതുപോലെതന്നെ അവളും ഞാനും തമ്മിൽ അവസാനമായി കണ്ടുപിരിഞ്ഞ ആ നിമിഷം മുതൽ മനസ്സന്തോഷം എന്താണെന്നു ഞാൻ അറിഞ്ഞിട്ടില്ലെന്നും അവളോടു പറഞ്ഞയയ്ക്കുക!"

അനന്തരം അയാളെ ആലിംഗനംചെയ്തുകൊണ്ടു്, അയാഠം വാഡിനിലേയ്ക്കു മരണമെന്നു് ഉഠംവാർ കിഴിഞ്ഞപേക്ഷിച്ചു. തന്റെ ജീവനെ രക്ഷിക്കുകയും മഹത്തായ പല സഹായങ്ങളും തനിക്കു ചെയ്തുതരികയും ചെയ്ത മനുഷ്യനെ വിഗ്ഡിസ് മറക്കുകയില്ല. കടുവിൽ അയാഠം

Digitized By Kerala Sahitya Akademi

സമ്മതിച്ചു. ഇരുവരും വാഡിഗിലേയ്ക്കു കുതിരയോടിച്ചു പോയി. പക്ഷേ വിഗ്ഡിസ് അവിടെയില്ല. യോട്ട് അപ്പോഠം കുതിരയുടെ കഴുത്തിലേയ്ക്കു ചാഞ്ഞുകൊണ്ടു പറഞ്ഞു:

"ഇതാ കണ്ടില്ലേ, ഉഠംവാർ? ഒരു പ്രയോജനവും ഉണ്ടാവുകയില്ല. ഞാൻ 'ഉസ്പാക്' ആയിരിക്കുന്നതുതന്നെയാണു് നല്ലതു്; എന്തുകൊണ്ടെന്നാൽ, ഇത്ര വിവേകമില്ലാത്ത ഒരു പ്രവൃത്തി ഞാൻ ഒരുത്തനല്ലാതെ മറാരും തന്നെ ഒരിക്കലും ചെയ്തിട്ടുണ്ടാകില്ല."

ഉഠംവാർ കുതിരപ്പുറത്തുനിന്നു ചാടിയിറങ്ങിയിട്ടു് അയാളോടകത്തു വരുവാൻ അഭ്യർത്ഥിച്ചു.

"അമ്മ ബെർഗിലേയ്ക്കു പോയിട്ടുണ്ടാകും; പക്ഷേ അകത്തു വടന്നുവരൂ! എന്തെങ്കിലും ഭക്ഷണം കഴിച്ചു വിശ്രമിക്കൂ!"

യോട്ട് വല്ലാത്ത ഒരു വിഷമസ്ഥിതിയിലായി. ഉഠംവാർ അയാളുടെ കൈയ്ക്കുപിടിച്ചു വലിച്ചു് അകത്തു കൊണ്ടുവന്നു് ഉന്നതമായ പീഠത്തിൽ ഇരുത്തി. യോട്ടാകട്ടെ ഒരക്ഷരം മിണ്ടാതെ, കൊണ്ടുവന്ന ഭക്ഷണം ഒന്നു തൊട്ടുനോക്കിയെന്നു വരുത്തി. പിറേറന്നാഠം പകൽ, താൻ പോയി അമ്മയുമായി സംസാരിക്കാമെന്നു പറഞ്ഞു് ഉഠംവാർ ബെർഗിലേയ്ക്കു പുറപ്പെട്ടു. യോട്ട് വാഡിനിൽത്തന്നെ തങ്ങിനില്ക്കുവാനുറച്ചു.

പക്ഷേ യോട്ട് പെട്ടെന്നൊഴുനേറു് ഇങ്ങനെ പറഞ്ഞു: "ഇന്നേതായാലും ഇക്കാര്യം അവസാനിപ്പിക്കണം;

Digitized By Kerala Sahitya Akademi

വിധിപോലെ വരട്ടെ. രണ്ടിലൊന്ന് അറിഞ്ഞേ കുള്ളൂ. അതുകൊണ്ട് ഞാൻതന്നെ അവളുമായി സംസാരിച്ചുകളയാം. ഈ പതിനേഴു കൊല്ലക്കാലമായി അതൊന്നു മാത്രമായിരുന്നു എന്റെ ആശ.”

അയാൾ പുറത്തേയ്ക്കിറങ്ങി അയാളുടെ കുതിരപ്പുറത്തുകയറി. അവർ ഇരുവരുമൊന്നിച്ചു കഴിയുന്നതും വേഗത്തിൽ ബെർഗിലേയ്ക്ക് ഓടിച്ചുപോയി.

അവിടെ വാതിൽ അകത്തുനിന്നു കുറ്റിയിട്ടിരിക്കുന്നതവർ കണ്ടു. പക്ഷേ ഉഥംവാർ കയറിച്ചെന്നു. അതിന്മേൽ തട്ടിക്കൊണ്ടു വിളിച്ചുപറഞ്ഞു: “തുറക്കൂ, അമ്മേ, എനിക്കു ഗൗരവമുള്ള പലതും സംസാരിക്കാനുണ്ട്.”

“നീ തനിച്ചാണോ?” ഒരു നിമിഷം കഴിഞ്ഞു വിഗ്ഡിസ് അകത്തുനിന്നു വിളിച്ചുചോദിച്ചു.

“എന്റെ അച്ഛനുംകൂടിയുണ്ട്, എന്റെ കൂടെ” ഉഥംവാർ മറുപടിയേകി.

“ഞാൻ ആ മനുഷ്യനോടു മിണ്ടുകയില്ല,” അയാളുടെ അമ്മ വീണ്ടും പറഞ്ഞു.

അനന്തരം ഉഥംവാർ ഉൽഘോഷണം ചെയ്തു: “അമ്മേ, അച്ഛനോടും അദ്ദേഹത്തോടും എനിക്കു നേരിട്ടു ചോദിച്ചു മനസ്സിലാക്കേണ്ടിയിരിക്കുന്നു, എന്തുകൊണ്ടാണ് ഞാൻ അച്ഛനില്ലാത്തവനായതെന്നു്. അമ്മ വാതിൽ തുറക്കുന്നതുവരെ ഞാനിവിടെനിന്നിളകുകയോ, അദ്ദേഹം ഈ സ്ഥലം വിടുകയോ ചെയ്യുന്നതല്ല.

Digitized By Kerala Sahitya Akademi

വിഗ്ഡിസ് അനന്തരം വാതിലിന്റെ സാക്ഷ മാറി. അവർ രണ്ടുപേരും അകത്തുകടന്നു. അവർ രണ്ടു പേരുടേയും മുഖത്തേയ്ക്ക് ഉഠവാർ മാറിമാറി നോക്കി. അയാഠ പ്രസ്താവിച്ചു:

"എന്റെ അച്ഛൻ ഇന്നിപ്പോഠം ഒരു വൃദ്ധനാണ്. അമ്മയ്ക്കും മുഖത്ത്—പ്രത്യേകിച്ചു കണ്ണിനുകീഴിൽ—പ്രായാധിക്യം തോന്നിക്കും. നിങ്ങഠം രണ്ടുപേരും അവസാനമായി കണ്ടുമുട്ടി പിരിഞ്ഞതിന്റെശേഷം എന്തെന്നില്ലാത്ത ഒരു മാറഠം നിങ്ങഠം ഇരുവരേയും ഒന്നുപോലെ ബാധിച്ചിട്ടുണ്ട്; എന്തെങ്കിലും തെറ്റു ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതൊക്കെ പറഞ്ഞുതീർക്കേണ്ട ഒരു ഘട്ടമാണിത്; എനിക്കായിരിക്കും അതിൽ ഏറ്റവും സന്തോഷം; എന്തുകൊണ്ടെന്നാൽ, എനിക്കു നിങ്ങഠം രണ്ടുപേരോടും അതിരറ്റ സ്നേഹമുണ്ട്."

വിഗ്ഡിസ് മുഖമുയർത്തി. അവഠം പറഞ്ഞു: "കരഞ്ഞുകരഞ്ഞാണ് എന്റെ കണ്ണുകഠംക്കു പ്രായാധിക്യം ബാധിച്ചതു; ഈ ലോകത്തിൽ നിങ്ങഠം കരുണയില്ലാതെ എന്നെ ഇത്രത്തോളം നരകയാതന അനുഭവിപ്പിച്ചിട്ടില്ല, യോട്ട്!"

അയാഠം മറുപടി പറഞ്ഞു: "എങ്കിലും നിന്റെ നിലയായിരുന്ന വാസ്തവത്തിൽ ഭേദം, വിഗ്ഡിസ്സ്! നീ നിന്റെ കൊച്ചുമകനുമൊന്നിച്ചാണ് ഇവിടെ ജീവിച്ചുപോന്നതു്. നിന്നോടുള്ള എന്റെ പെരുമാറ്റം അത്ര ഹീനമായിരുന്നതിനാൽ നിനക്കെന്നെ സ്നേഹിക്കാൻ സാദ്ധ്യമല്ലെന്നു ഞാൻ ഇന്നു മനസ്സിലാക്കുന്നു. പക്ഷേ എന്റെ

Digitized By Kerala Sahitya Akademi

അസാന്നിദ്ധ്യത്തിൽ നിനക്കൊട്ടും കണ്ണിതമുണ്ടായിട്ടില്ല; നിന്റെ ഹൃദയത്തെ അതൊന്നു സ്പർശിക്കപോലും ചെയ്തിട്ടില്ല. എന്റെ അനുഭവമാകട്ടെ, മറിച്ചായിരുന്നു. എന്റെ ജീവിതഗതിയിലെ ഓരോ കാൽവെപ്പിലും, അതു് അധികമധികം എന്നെ നിന്റെ സമീപത്തേയ്ക്കു് അടുപ്പിക്കാതിരുന്നതിനാൽ, എനിക്കു് അസഹ്യമായ മനോവേദനയുണ്ടായി."

പരുഷമായ ഒരു ചിരി ചിരിച്ചുകൊണ്ടു വിഗ്ഡിസ് പറഞ്ഞു: "നിങ്ങളുടെ ഭാര്യയോ? അവക്കിതിഷ്ടമാണോ? —നിങ്ങളുടെ സ്ത്രീകളെ സന്ദർശിക്കുവാനായിട്ടുള്ള ഈ വിദേശയാത്ര?—"

"സൽഗുണസമ്പൂർണ്ണയായ ഒരു സ്ത്രീയായിരുന്നു അവൾ. ഏറ്റവും മഹത്തായ സ്നേഹത്തിനു് അവൾ അർഹയായിരുന്നു" യോട്ട് പറഞ്ഞു: "ഇന്നിപ്പോൾ അവൾ മരിച്ചിരിക്കുന്നു. ഞങ്ങൾ കന്നിച്ചു ജീവിച്ചിരുന്ന കാലം അവൾക്കൊട്ടും സന്തോഷപ്രദമായിരുന്നില്ല; സദാ എന്റെ ചിന്തകളിൽ തത്തിനിന്നിരുന്നതു നീയാണു്. അവളോടു ഞാൻ സ്നേഹം കാണിച്ചിട്ടുണ്ടെന്നുപോലും പറഞ്ഞുകൂടാ. മറെറല്ലാറിനേക്കാളും ഉപരിയായി അവൾ എന്റെ മനസ്സിൽ കനത്ത ഒരു ഭാരമായി തൂങ്ങിനിൽക്കുന്നു; എന്തുകൊണ്ടെന്നാൽ, ഒരു തരത്തിലും കുറ്റപരാധവും ചെയ്യാത്ത ആ സാധുവിനു സന്തോഷമെന്താണെന്നുപോലും മരണംവരെ അറിയുവാൻ സാധിച്ചിട്ടില്ല. അതുപോട്ടെ; നിന്നോടു പ്രവർത്തിച്ചതിന്റെ പ്രതിഫലം പതിന്മടങ്ങായി എനിക്കു തിരിച്ചുകിട്ടി; നിനക്കതിൽ തികച്ചും സന്തോഷി

Digitized By Kerala Sahitya Akademi

ക്കാൻ വകയുണ്ട്. വെറും ഭാഗ്യദോഷംകൊണ്ടുമാത്രം എന്റെ കാമനക്കുഞ്ഞുങ്ങൾ എന്റെ കൺമുമ്പിൽക്കിടന്നു മരിക്കുന്ന ആ ദയനീയമായ കാഴ്ച എനിക്കു കാണേണ്ടിവന്നു. ഞാൻ ഇതൊക്കെ അനുഭവിക്കണമെന്നുള്ള നിന്റെ പ്രാർത്ഥനപോലെതന്നെ എല്ലാം വന്നുകൂടി. എന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങൾ സകലരും—കണ്ണൊഴിയാതെ—എനിക്കു നഷ്ടപ്പെട്ടു!"

ഇതുകേട്ടു രണ്ടു കൈകൊണ്ടും വിഗ്ഡിസ് തന്റെ മേലുടുപ്പിൽ ശക്തിയായി ഇറുക്കിപ്പിടിച്ചു. അതിനാൽ അവളുടെ മാറോടുമ്മിനുള്ള അതിന്റെ ബന്ധസൂത്രം തരിതരിപ്പണമായി നുറുങ്ങിപ്പോയി.

അവൾ ആക്രോശിച്ചു: "നിങ്ങൾ എങ്ങനെയാണറിഞ്ഞതു് യോട്ടേ, എന്റെ കോപം എത്രമാത്രം കടുത്തതായിരുന്നെന്നു്? അല്ലെങ്കിൽ നീ പറ!—എടാ, എന്റെ മോനേ, എത്ര ഹൃദയവേദനയോടുകൂടിയാണു് ഞാൻ പ്രതികാരത്തിനായി കൊതിച്ചുകൊതിച്ചു കഴിഞ്ഞുകൂടിയതെന്നു നിനക്കറിയാമോ? ലോകത്തിൽ ഇന്നുവരെ ഒരു സ്ത്രീയും ഒരു പുരുഷനെ ബലാല്ക്കാരം ചെയ്തതായി കേട്ടിട്ടില്ല. മെയ്ക്കരുത്തിന്റെ കുറവുകൊണ്ടുമാത്രം ഒരു പുരുഷന്റെ ആക്രമണത്തിൽ എനിക്കു നിസ്സഹായയായിത്തീരേണ്ടിവരിക!—കാട്ടുകുതിരകൾ കാൽക്കുളമ്പുകൾകൊണ്ടു് അങ്ങനെ മെതിച്ചുമെതിച്ചു് ആരുടെ ശരീരം ചിന്നിച്ചിതറുന്ന കാഴ്ചയാണോ കൺകുളിക്കെ കാണുവാൻ ഞാനാശിച്ചതു് ആ ഹീനമനുഷ്യന്റെ ബീജം ഉദരത്തിൽ രൂപം കൈക്കൊണ്ടു വളർന്നുവരുന്നു എന്ന ബോധം സദാ ഹൃദയത്തെ

Digitized By Kerala Sahitya Akademi

നീറിക്കൊണ്ടിരിക്കുക!—അയ്യോ, അതെത്ര ദുസ്സഹമാണെന്നു നിനക്കറിയാമോ, മോനേ? കൊറാക്കൊറിരുട്ടടഞ്ഞ ആ ശീതകാലരാത്രിയിൽ, അപമാനഭാരത്തിൽനിന്നും ആത്മാവിന്റെ നീറലിൽനിന്നും രക്ഷപ്പെടുവാൻ, അതൊന്നല്ലാതെ മറ്റു യാതൊരു മാർഗ്ഗവും കാണാതെ അശരണയായി, ഏകാകിനിയായി ഞാൻ വേച്ചും വിറച്ചും നടന്നുപോയപ്പോൾ, ഹേ, യോട്ട്, നിങ്ങളല്ലാ ആ നദി കണ്ടുപിടിക്കാൻ പാടുപെട്ടതു്! മോനേ ഈ മനുഷ്യനു നിന്നോടു വലിയ സ്നേഹമുണ്ടെന്നു നീ വിചാരിക്കുന്നുണ്ടോ?—ഹേയ്, യോട്ട്, പെരുങ്കാട്ടിൽ, പാതിരയ്ക്കു് കരു പാറപ്പുറപ്പിൽ ഞാൻ പെറ്റിട്ട കുട്ടിയാണു് ഈ കുട്ടി. ഞാൻ അസഹ്യമായ വേദനയെടുത്തു പുളഞ്ഞു മൂളുമ്പോൾ, എന്റെ വരണ്ടുവിളറുന്ന തൊണ്ടയിൽ കരുതുള്ളി വെള്ളം തുളിച്ചുതരാൻ ഒരാളുണ്ടായിരുന്നില്ല. നിങ്ങൾ മുക്കാൻ പിടിച്ചുകൊണ്ടു് ആഹ്ലാദമത്തനായി കപ്പലോടിച്ചുപോയി; ഛേഷ്, അതുകഴിഞ്ഞു നിങ്ങൾക്കു ദുഃഖംവന്നു; നിങ്ങൾ എനിക്കുവേണ്ടി ആശിച്ചു. എന്റെ പ്രിയപ്പെട്ട അച്ഛനെ—നിങ്ങളെ ഇവിടെ സ്നേഹപൂർവ്വം സല്ക്കരിച്ചു താമസിപ്പിച്ച ഗ്രന്നാറിനെ—രക്തത്തിൽ കുളിച്ചുമട്ടിൽ അവരിവിടെ എടുത്തുകൊണ്ടുവന്നപ്പോൾ—തള്ളിത്തള്ളി ചോരവരുന്ന ആ മാരകമായ മുറിവു മാറിലും, എന്റെ മനോനിശ്ചയത്തിനു വിരുദ്ധമായ രീതിയിൽ അദ്ദേഹത്തിന്റെ മുഖത്തെറിയപ്പെട്ട ആക്ഷേപവാക്കുകളിൽ ക്ഷുഭിതനായിത്തീർന്ന ആ ദുക്ഷഭാവം മുണ്ടിലും വഹിച്ചുകൊണ്ടു് എന്റെ അച്ഛനിവിടെ ആസന്നമരണനായിക്കിടന്നപ്പോൾ—നിങ്ങൾ എനിക്കുവേണ്ടി ആശിച്ചു! അതെനി

Digitized By Kerala Sahitya Akademi

ക്കു് കരിക്കലും മറക്കാൻ സാധിക്കാത്ത കരു മഹാസഹാ യംതന്നെ ആയിരുന്നു! അതുപോലെതന്നെ അവർ—നി ങ്ങൾ കൂട്ടുപിടിച്ച ആ രാക്ഷസന്മാർ—എന്റെ അച്ഛനേ യും ഈ വാഡിനേയും ചുട്ടെരിക്കുകയും, ഇവനേയും ചുമ ലിൽ എടുത്തുകൊണ്ടു് കരു സ്കിസ്സിൽക്കയറി അനന്തമറ പെരുങ്കാട്ടിൽക്കൂടി ഞാൻ പറപറക്കുകയും, കൊള്ളക്കാരു ടെ കരു ഗ്രഹയിലേയ്ക്കു പെന്നായ്ക്കൾ ഞങ്ങളെ കാടിച്ചുകയ റുകയും ചെയ്തപ്പോൾ നിങ്ങളുടെ പ്രേമം ഞങ്ങൾക്കു വ മ്പിച്ച സഹായം ചെയ്തയുണ്ടായി—നിങ്ങളുടെ കൂട്ടിക്കും എനിക്കും.

"കുറെക്കാലംകഴിഞ്ഞു നിങ്ങൾ തിരിച്ചുവരികയും എന്നെ നിങ്ങളോടൊന്നിച്ചു ഐസ്ലാൻഡിലേയ്ക്കു കൊ ണ്ടുപോകാമെന്നു് അതിരറ്റ കാരുണ്യം പ്രദർശിപ്പിച്ചുകൊ ണ്ടു പറയുകയും ചെയ്തപ്പോൾ നിങ്ങളുടെ അപരാധം പ രിപൂർണ്ണമായി പരിഹരിക്കപ്പെട്ടുവെന്നു പക്ഷേ നിങ്ങൾ വിചാരിക്കുന്നുണ്ടാകും! നന്ദിപറഞ്ഞുകൊണ്ടു ഞാൻ ആ അനുഗ്രഹം സ്വീകരിക്കാതിരുന്നപ്പോൾ നിങ്ങൾക്കാവശ്യ മുള്ളിടത്തോളം സുന്ദരിയും പ്രണക്കാരിയുമായ മറെറാരു സ്ത്രീയെ നിങ്ങൾ വിവാഹം കഴിച്ചു. എന്നിട്ടു് അവ ളെ അലട്ടിയലട്ടിക്കൊന്നു; ആ അവസരത്തിൽ എ ന്റെ അച്ഛന്റെ കുത്തിക്കുത്തിയുള്ള ചോദ്യങ്ങൾക്കും, ത ന്റെ അച്ഛനെപ്പററിയുള്ള എന്റെ കുഞ്ഞിന്റെ അലട്ടി ക്കൊണ്ടുള്ള അനേപ്ഷണങ്ങൾക്കും സമാധാനം പറയാൻ സാധിക്കാതെ ഞാനിവിടെയിരുന്നു ഒഹിക്കുകയായിരുന്നു. എന്തുകൊണ്ടെന്നാൽ, നിങ്ങളുടെ ആ മുഗീയമായ പെരു

Digitized By Kerala Sahitya Akademi

മാറന്നതെന്നക്കുറിച്ചു ശബ്ദിക്കാൻപോലും ഞാൻ ധൈര്യപ്പെട്ടില്ല. നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ ദ്രോഹിക്കുകയേ ചെയ്തു! അതുമല്ല, യോട്ടേ, യഥാർത്ഥത്തിൽ നിങ്ങളെപ്പോലെ ഭോഷനും നിചനുമായ ഒരു മനുഷ്യൻ ഈ ലോകത്തിൽ ജീവിക്കുന്നില്ല."

യോട്ടിന്റെ മുഖം തെന്നി നീങ്ങുന്ന ഹിമഫലകംപോലെ വിളർത്തുപോയി; അയാൾ മറുപടി പറഞ്ഞു:

"നാം അവസാനമായി ഒത്തുചേർന്നു സംസാരിച്ചുകൊണ്ടിരുന്ന ദിവസം എന്നെ കുത്തി മുറിപ്പെടുത്തിയ ആ കൊടുംകത്തിയേക്കാൾ ക്രൂക്ഷമായി മുറിപ്പെടുത്തുന്നതാണു് നിന്റെ നാക്കു്! നിന്നെ അതു് ആശ്വസിപ്പിക്കുമെങ്കിൽ ഞാനിന്നു സന്തോഷപൂർവ്വം എന്റെ ജീവനെ പരിത്യജിക്കാം. പക്ഷേ, ഇപ്പോഴും ഞാൻ പറയുന്നു, വിഗ്ഡിസ്സ്, നിന്റെ ദുഃഖംപോലെതന്നെ കനത്തതായിരുന്നു എന്റെ ദുഃഖവും; എന്തുകൊണ്ടെന്നാൽ, തന്റെ പ്രിയതമയ്ക്കുവേണ്ടി ആശിച്ചാശിച്ചു കഴിഞ്ഞുകൂടുന്ന ഒരുവന്റെ ജീവിതം എത്ര നരകയാതന നിറഞ്ഞതാണെന്നു നിനക്കറിഞ്ഞുകൂടാ."

"അതു പരമാർത്ഥമാണു്" അവൾ പറഞ്ഞു: "അന്നു വൈകുന്നേരം നിങ്ങൾ ആ ബലിക്കാവിൽവെച്ചു് എന്നെ പഠിപ്പിച്ചതിൽ കവിഞ്ഞു പ്രേമത്തെക്കുറിച്ചു് ഒന്നും തന്നെ എനിക്കറിഞ്ഞുകൂടാ! അതിനുശേഷം എന്റെ വിവാഹാർത്ഥിയായി വന്ന ഓരോ മനുഷ്യനേയും എനിക്കു ഭയമായിരുന്നു."

Digitized By Kerala Sahitya Akademi

ഉഥംവാർ ഇപ്പോഥം ഒരു വാക്ക് അവതരിപ്പിച്ചു. "കാലക്കേടാണ് നിന്നെ തമ്മിൽ കൂട്ടിമുട്ടിച്ചതു്; പക്ഷേ അമ്മ ഒരു കാര്യം മനസ്സിലാക്കണം: അദ്ദേഹം എന്റെ ജീവനെ രക്ഷിച്ചു. അദ്ദേഹം എനോടു കാണിച്ചതിനേക്കാഥം മഹത്തായ ഒരു വാത്സല്യം ഒരു പിതാവും ഒരു പുത്രനോടു കാണിച്ചിരിക്കയില്ല." ഇങ്ങനെ പറഞ്ഞുകൊണ്ടു് അവൻ പെട്ടെന്നു പൊട്ടിക്കരഞ്ഞു.

വിഗ്ഡിസ് തന്റെ പുത്രന്റെ മുഖത്തു നോക്കിക്കൊണ്ടു ചോദിച്ചു: "എനിക്കുവേണ്ടിയുള്ള പ്രതികാരം നീ തന്നെ നിവ്വഹിച്ചുകൊള്ളാമെന്നു് ഒരിക്കൽ എനോടു വാക്കു പറഞ്ഞതു നിനക്കു് ഓർമ്മയുണ്ടോ?"

അനന്തരം യോട്ട് പറഞ്ഞു: "ഉഥംവാറിനുവേണ്ടി നാം തമ്മിൽ പൊരുത്തപ്പെടുമെന്നാണു് ഞാൻ വിചാരിച്ചിരുന്നതു്; പക്ഷേ എനോടു ക്ഷമിക്കാൻ നിനക്കു സാദ്ധ്യമല്ലെന്നു ഞാൻ മനസ്സിലാക്കുന്നു. ക്ഷന്തവ്യമല്ലാത്ത രീതിയിൽ ഞാൻ നിനോടപരാധം പ്രവത്തിച്ചിട്ടുമുണ്ടു്. ഈ നിലയിൽ എനിക്കൊനേ ചെയ്യാനുള്ളു; ഞാൻ വന്ന സ്ഥലത്തേയ്ക്കുതന്നെ തിരിച്ചു പോവുക!—പക്ഷേ എനിക്കുള്ളതെല്ലാം ഉഥംവാറിനായിരിക്കും!"

വിഗ്ഡിസ് ആക്രോശിച്ചു:

"ഒരിക്കൽ നിങ്ങഥം എനിക്കുള്ളതെല്ലാം എന്നിൽ നിന്നു കവന്നെടുത്തു; ഇതാ തിരിച്ചു വന്നു് ഇപ്പോഥം വീണ്ടും നിങ്ങഥം എന്നെ കൊള്ളചെയ്യുകയാണു്. ഉദരത്തിൽ വഹിക്കുവാൻ എന്നെ നിങ്ങഥം നിബ്ബന്ധിതയാ

Digitized By Kerala Sahitya Akademi

ക്കിയ ആ ശിശുവിനെ ചെന്നായ്ക്കൾക്കും കഴുകന്മാർക്കും ആഹാരമാകുമാറു് ഞാൻ പാറപ്പുറത്തു മലത്തിയിട്ടിട്ടു പോയതാണു്. ഞങ്ങളുടെ വേലക്കാർ അതിനെ കാണുകയും എടുത്തു വളർത്തുകയും ചെയ്തു. കുറെക്കാലം കഴിഞ്ഞപ്പോൾ എനിക്കവനിൽ അനുകമ്പ തോന്നിത്തുടങ്ങി. എന്തുകൊണ്ടെന്നാൽ, നിങ്ങളുടെ മുൻപിൽ ഞാൻ എത്ര മാത്രം നിസ്സഹായയായിരുന്നോ അതുപോലെതന്നെ നിസ്സഹായനായിരുന്ന ആ പാവം. ഞാൻ അവനെ രക്ഷിച്ചു. അതിൽ എനിക്കു് അംഗഭംഗംപോലും നേരിട്ടു. ഇക്കഴിഞ്ഞ പതിനെട്ടു കൊല്ലങ്ങളായി ഞാൻ അവനെ എന്റെ പ്രാണനെപ്പോലെ സ്നേഹിച്ചു വളർത്തിക്കൊണ്ടുവരികയാണു്. ഇപ്പോൾ നിങ്ങൾ ഇവിടെ വന്നു് അവനെ എന്നിൽനിന്നു കൊണ്ടുപോകുംപോലും!"

"നിന്റെ അടുത്തുനിന്നു ഞാൻ അവനെ കൊണ്ടുപോവുകയില്ല." യോട്ടു് പറഞ്ഞു: "അവൻ നിന്നെ അനുഗമിക്കുകയും അനുസരിക്കുകയും ചെയ്യും; എന്തുകൊണ്ടെന്നാൽ, എനിക്കവന്റെ പേരിൽ കരുണകാശവുമില്ല. പക്ഷേ ഞാനുംകൂടി അവനെ സ്നേഹിക്കുന്നതിൽ, അല്ലെങ്കിൽ എന്നാൽ കഴിവുള്ള എന്തെങ്കിലും നന്മ ഞാൻ അവനുവേണ്ടി ചെയ്യുന്നതിൽ, നിനക്കെന്നോടു തീവ്രയായും പകതോന്നേണ്ടതില്ല—ഞാൻ ഇനി ഒരിക്കലും അവനെ കാണുകയുമില്ല."

"ഞാൻ യാതൊന്നും നിങ്ങളുമായി പങ്കുപറുകയില്ല," അവൾ വിരൽമുറിഞ്ഞുപോയ തന്റെ കൈ ഉയർത്തിക്കൊണ്ടു പറഞ്ഞു: "നിങ്ങളുടെ ഒരു കുഞ്ഞു് എനിക്കുണ്ടാ

Digitized By Kerala Sahitya Akademi

യുകയുമില്ല. ഉഠംവാർ, നീ ഞങ്ങളിൽ ആരുടേതായിരിക്കുമെന്നു നീ തന്നെ തീരുമാനിച്ചുകൊള്ളൂ!"

"എനിക്കു തീരുമാനിക്കാൻ സാദ്ധ്യമല്ല," ഉഠംവാർ കണ്ണീരോടുകൂടി പറഞ്ഞു.

"എങ്കിൽ അതിന്റെ അർത്ഥം നീ യോട്ടിന്റെയാണെന്നാണു്," വാതിൽക്കലേയ്ക്കു നടന്നുകൊണ്ടു് അയാളുടെ അമ്മ പറഞ്ഞു. ഉഠംവാർ ഓടിച്ചെന്നു് അവളുടെ കഴുത്തിൽ കെട്ടിപ്പിടിച്ചു.

"അമ്മ എവിടെപ്പോകുന്നു, അമ്മേ?"

അവഠം മറുപടി പറഞ്ഞു: "എനിക്കറിഞ്ഞുകൂടാ. സർവ്വശക്തിയും ക്ഷയിച്ചു വാർദ്ധക്യം പ്രാപിച്ചു ഞാനിവിടെത്തനിച്ചു കഴിച്ചുകൂട്ടുക; നീ എന്നെ വിട്ടുപിരിഞ്ഞു് കരപരിമിതന്റെ കൂടെ ഇറങ്ങിപ്പോകുന്നതു കണ്ടുകൊണ്ടിരിക്കുക—ഇതിനേക്കാഠം എത്രയോ ഭേദമായിരുന്നു അന്നു രാത്രി ആ കൊടുങ്കാട്ടിൽ നമുക്കിരുവർക്കും നമ്മുടെ ജീവനെ രക്ഷിക്കാൻ സാധിക്കാതിരുന്നെങ്കിൽ! വാസ്തവത്തിൽ നീ നിന്റെ അച്ഛന്റെ അതേ പ്രകൃതംതന്നെ കിട്ടിയിട്ടുള്ളവനാണു്; നീ ആ മനുഷ്യനോടു് കൂട്ടിച്ചേർന്നതിൽ കഷ്ടം അത്ഭുതമില്ല."

"അമ്മേ," അവളുടെ മകൻ കരഞ്ഞു; "എന്നെക്കൊണ്ടു് എന്തൊക്കെ വേണമെന്നു് എന്റെ അമ്മയ്ക്കാഗ്രഹമുണ്ടോ അതെല്ലാം ഞാൻ തീർച്ചയായും ചെയ്യുമെന്നു് അമ്മയ്ക്കു നന്നായറിയാമല്ലോ. അദ്ദേഹത്തെ ഇനി കരിക്കലും ഞാൻ കാണുകയില്ല."

Digitized By Kerala Sahitya Akademi

"ഞാൻ നിന്റെ അമ്മയാണോ എന്ന് എനിക്കറിഞ്ഞുകൂടാ," അയാൾ പ്രതിവചിച്ചു; പകയോടും കോപത്തോടുംകൂടി ഞാൻ എന്റെ ഉദരത്തിൽ വഹിച്ചിരുന്ന കുട്ടി കരിക്കലും നിന്റെ പ്രകൃതം കാണിക്കുവായിരുന്നില്ല നീ ഏറിയകൂറും ഈസായേയും അടിമവർഗ്ഗത്തെയുംപോലെയുള്ള ഒരു മട്ടുകാരനാണ്;—നിന്നെക്കാൾ കരുത്തുള്ള കരാളുടെ മുൻപിൽ നിശ്ചിഷ്ടനിരുള്ളിൽ നി വഴങ്ങിപ്പോകുന്നു."

ആ അവസരത്തിൽ യോട്ട് അവരുടെ സമീപത്തേയ്ക്കു വന്നു. ഇടറിയ സ്വരത്തിൽ അയാൾ ഇങ്ങനെ പ്രസ്താവിച്ചു:

"ഇവൻ എന്റെ മകനോ അതോ ഗ്രെഫ്സിനിലെ കാറെയുടെ മകനോ എന്നെനിക്കറിഞ്ഞുകൂടാ; പക്ഷേ, ഉഥംവാർ, നി നിന്റെ അമ്മയുടെ ആഗ്രഹംപോലെതന്നെ പ്രവർത്തിക്കൂ!"

വിഗ്ഡിസ് യോട്ടിന്റെ നേർക്കു തിരിഞ്ഞു. പക്ഷേ അയാൾ ഉഥംവാറിന്റെ കൈയ്യിൽ കടന്നു പിടിച്ച് അവനേയുംകൊണ്ടു തിടുക്കത്തിൽ പുറത്തേയ്ക്കിറങ്ങിപ്പോയി.

നാല്പത്തിയാറ്

യോട്ടും ഉഥംവാറും കൂടി കാട്ടിൽക്കൂടി കുതിരയോടിച്ചു പോയി. അവർ മുഖത്തോടുമുഖം നോക്കുകയോ എന്തെങ്കിലും ശബ്ദിക്കുകയോ ചെയ്തില്ല. കടുവിൽ ഉഥംവാർ പറഞ്ഞു:

Digitized By Kerala Sahitya Akademi

"എത്രയും ലജ്ജാവഹമായ രീതിയിൽ കരിക്കൽ എന്റെ അമ്മയെ ഒരു പെരുമാറിയതിന്റെ ശേഷവും അങ്ങു വീണ്ടും എന്റെ അമ്മയെ ഹൃദയഭേദകമായ രീതിയിൽ അപമാനിച്ചുകൊണ്ടു വേർപെട്ടു പോരുമെന്നു കരിക്കലും ഞാൻ വിചാരിച്ചിരുന്നില്ല."

"കാ, അവളോടങ്ങനെതന്നെ വേണം; അവൾ അർഹിക്കുന്നതാണതു്." യോട്ടു് മറുപടി പറഞ്ഞു: "അവൾ അവളുടെ തറവഴി കാണിച്ചതിനു് അതു തികച്ചും ഉചിതമാണു്."

ഇങ്ങനെ പറഞ്ഞുകൊണ്ടു് അയാൾ മാടിയിറങ്ങി കുതിരയെ ഒരു മരത്തിന്മേൽ ബന്ധിച്ചു. അനന്തരം അയാൾ തന്റെ വാളും പരിചയും ഊരി കൈയിലെടുത്തു; ഉൾവാറിനോടും അപ്രകാരം ചെയ്യാൻ അയാൾ നിർദ്ദേശിച്ചു. 'ബലിക്കാവു്' അവിടെയടുത്താണെന്നും അവിടെ ഒരുവിധത്തിലുള്ള ശല്യവും അവർക്കുണ്ടാവുകയില്ലെന്നും അതിനാൽ അങ്ങോട്ടു പോകാമെന്നും യോട്ടു് അഭിപ്രായപ്പെട്ടു. ഉൾവാർ ഒന്നും മറുപടി പറഞ്ഞില്ല; നിശ്ശബ്ദനായി അയാൾ തന്റെ പിതാവിന്റെ പുറകേ പോയി; മഞ്ഞിൽക്കൂടി അവർ കുറച്ചു ദൂരം നടന്നു

അവർ കുന്നിന്റെ മുകളിലുള്ള ആ ബലിക്കാവിലെത്തി യുദ്ധംചെയ്യാൻ പറ്റിയ ഒരു സ്ഥലം തിരഞ്ഞുപിടിച്ചു. യോട്ടു് ആദ്യംതന്നെ ഉൾവാറിനെ ആഞ്ഞൊരു വെട്ടുവെട്ടി. അതു് അയാളുടെ പരിചമേൽ പതിച്ചു അപ്പോൾ ഉൾവാർ പറഞ്ഞു:

Digitized By Kerala Sahitya Akademi

"അങ്ങു് അതിനേക്കാൾ എത്രയോ നന്നായി ചെയ്യുന്നതു ഞാൻ കണ്ടിട്ടുള്ളതാണല്ലോ, അച്ഛാ!"

"എനിക്കു വല്ലാത്ത ക്ഷീണമുണ്ടു്; പോരെങ്കിൽ രണ്ടുമൂന്നു ദിവസമായി ശരിക്കാഹാരവും കഴിച്ചിട്ടില്ലല്ലോ," അയാൾ മറുപടി പറഞ്ഞു; "പക്ഷേ നിനക്കു നന്നേ ചെറുപ്പമാണു്; കരാളോടു മാത്രമായി എതിരിടുന്നതിൽ നിനക്കു തഴക്കവും പരിചയിച്ചിട്ടില്ല; അതിനാൽ സമശക്തിയോടുകൂടിയ ഒരു സമരമാണിതെന്നു പറയാം നിന്റെ സർവ്വശക്തിയും പ്രയോഗിച്ചു് എന്നെ ആഞ്ഞുവെട്ടിക്കൊള്ളൂ; എന്തുകൊണ്ടെന്നാൽ, ഞാൻ നിന്നെ ദ്രോഹിച്ചതായാലും എന്തെങ്കിലും ദാക്ഷിണ്യം നിന്നോടു കാണിക്കാനോ ഉദ്ദേശിച്ചിട്ടില്ല. ഭിഗ്ഡിഗു് വരുത്തിക്കൂട്ടിയ ഈ യുദ്ധം അവളെ സന്തോഷിപ്പിക്കട്ടെ!"

അനന്തരം ഉഗ്രവാർ അയാളെ ഒരു പ്രാവശ്യം നിരീക്ഷിച്ചതിൽ യോദ്ധാവു് അയാളുടെ പരിച താഴ്ത്തിടുകയും, രണ്ടു കൈകൊണ്ടും അയാളുടെ വാളിന്മേൽ മുറുക്കിപ്പിടിക്കുകയും ചെയ്തു; ഉഗ്രവാറിന്റെ വെട്ടു ശരിക്കു് അയാളുടെ ഇടത്തെ തോളിൽ പതിച്ചു; അയാളുടെ കൈ മുറിഞ്ഞാരുവശത്തേയ്ക്കു തൂങ്ങി; അയാൾ വേച്ചുവേച്ചു് പുറകോട്ടു നീങ്ങി ഒരു മരത്തിന്മേൽ തല ചായ്ച്ചു കുഴഞ്ഞുനിന്നു. അയാൾക്കു പറ്റിയ മുറിവിൽനിന്നും രക്തം ധാരധാരയായി ഒഴുകിപ്പോഞ്ഞു. ഉഗ്രവാർ വാളും പരിചയും നിലത്തിട്ടു. അയാളുടെ മുഖം നിർദ്ദാക്ഷിണ്യം വിളറിപ്പോയി.

അയാൾ പറഞ്ഞു:

Digitized By Kerala Sahitya Akademi

"അതുമതി. ഞാൻ അങ്ങുമായി ഇനി യുദ്ധം ചെയ്യില്ല."

"കാ, ഇതു മതിയായില്ല," കീഴോട്ടിഴകി മുട്ടിന്മേൽ നിന്നുകൊണ്ടു യോട്ട് പ്രതിവചിച്ചു. ഉഠംവാർ തിരിയുകയും സൂര്യപ്രഭ അയാളുടെ മുഖത്തു പതിക്കുകയും ചെയ്തതിനാൽ പിന്നിടെന്താണു് സംഭവിച്ചതെന്നു് അയാഠംക്കു ശരിക്കു കാണാൻ കഴിഞ്ഞില്ല. പക്ഷേ യോട്ട് അയാളുടെ വാഠം കൈയിലെടുത്തു് അതിന്റെ പിടി കരു കല്ലിന്മേൽ ഉരച്ചുപിച്ചു പിടിപ്പിച്ചിട്ടു് അലകു് അയാളുടെ മാറിനെതിരെ നിവത്തിപിടിച്ചു; അനന്തരം അയാഠം ഊക്കോടുകൂടി മുന്നോട്ടായുകയും മണ്ണിൽ പള്ളയടിച്ചു വീണുരുളുകയും ചെയ്തു.

ഉഠംവാർ മുന്നോട്ടു ചാടി; അയാഠം കുനിഞ്ഞുനിന്നു യോട്ടിനെ പിടിച്ചുയത്തി; അവശമായ രീതിയിൽ അയാഠം കരു കല്ലിലമ്മൽ പാരിയിരുന്നു.

അനന്തരം ഉഠംവാർ പറഞ്ഞു:

"അങ്ങു് ഗ്രേഹ്സിനിലെ കാരെയെക്കുറിച്ചു് അതു പറഞ്ഞില്ലായിരുന്നു എങ്കിൽ കരിക്കലും ഞാൻ അങ്ങയുടെ നേരേ ആയുധമെടുക്കുകയില്ലായിരുന്നു."

യോട്ട് മരണാങ്കിതമായ കരു പുഞ്ചിരിയാടുകൂടി പ്രതിവചിച്ചു:

"എനിക്കങ്ങനെ തോന്നി; അതുകൊണ്ടു ഞാനതു പറഞ്ഞു. പക്ഷേ ഇതോർത്തു നി കണ്ണിതപ്പെടരുതു്; എന്തുകൊണ്ടെന്നാൽ, ഇതെന്റെ സ്വന്തം പ്രവൃത്തിയാണു്;

Digitized By Kerala Sahitya Akademi

ഇങ്ങനെതന്നെ വേണം ഇതിന്റെ അവസാനം; ഇശ്വരൻ നിന്നെ രക്ഷിക്കട്ടെ! ഇറിയിപ്പോൾ നീ നിന്റെ അമ്മയുടെ ആഗ്രഹം നിറവേറ്റിക്കൊടുക്കൂ! ഏറെക്കാലമായി ഞാനാഗ്രഹിച്ചുകൊണ്ടിരിക്കയാണു് എന്റെ ശിരസ്സു് അവളുടെ മടിയിൽ സ്ഥിതിചെയ്യണമെന്നു്."

അടുത്ത നിമിഷത്തിൽ അയാളുടെ ശരീരം ആപാദമൂർദ്ധം കനത്ത മൂടുകയും അയാൾ മൂർച്ഛയടയുകയും ചെയ്തു.

നാലുത്തിരുയഴ്ച

ഡിഗ്ഡിഗ് ഹാളിൽ അങ്ങോട്ടുമിങ്ങോട്ടും അസ്വസ്ഥചിത്തയായി ഉലാത്തിക്കൊണ്ടിരുന്നു. കടുത്ത തണുപ്പു്; മഞ്ഞുതുള്ളികൾ ചുമരുകളിൽ മിന്നിത്തിളങ്ങുകയാണു്; അവൾ മേലുടുപ്പെടുത്തു ധരിക്കുവാനൊരുമ്പെട്ടു; പക്ഷേ വീണ്ടും വീണ്ടും അവൾ എഴുന്നേറ്റു വാതിൽക്കലേയ്ക്കുപോയി. കടുവിൽ ഹിമപടലാച്ഛാദിതമായ അന്തരീക്ഷത്തിൽ അസ്ഥമനസൂര്യൻ രക്തകാന്തി കലർത്തി മെല്ലെമെല്ലെത്താണുകൊണ്ടിരിക്കെ, അവൾ വെളിയിലേയ്ക്കു നോക്കിക്കൊണ്ടു വാതിൽക്കൽ നിശ്ചലയായി നിലകൊണ്ടു.

കുറെനേരം കഴിഞ്ഞപ്പോൾ കാട്ടിൽക്കൂടി ഒരാൾ കുതിരയോടിച്ചു വരുന്നതു് അവളുടെ കണ്ണിൽപ്പെട്ടു; അതു് ഉഗ്രവാരാണെന്നു് അവൾക്കു മനസ്സിലായി. അയാൾ തനിച്ചു ഉള്ളു; വളരെ സാവധാനത്തിലാണു് വരവു്. അവളുടെ കാലുകൾ കിലുകിലാ വിറച്ചു. അവൾ വീണ്ടും ചെന്നു് അഗ്നികുണ്ഡത്തിനരികെ ഇരുന്നു.

Digitized By Kerala Sahitya Akademi

ഉഠംവാർ വാതിൽ തള്ളിത്തുറന്നു. തല ഉയർത്തി നോക്കാൻ അവഠംക്കു ധൈര്യം വന്നില്ല. അയാളുടെ കൈയിൽ ഒരു ഭാണ്ഡമുണ്ട്. അയാഠം നേരേ നടന്നുവന്നു് അതവളുടെ മടിയിലിട്ടിട്ടു്, അവളോടൊരക്ഷരം മിണ്ടാതെ നേരേ കിടപ്പുറയിലേയ്ക്കു പോയി. ചുവന്ന ഒരു പട്ടുമേലുടുപ്പിലാണു് അതു പൊതിഞ്ഞിരുന്നതു്; ഭാണ്ഡത്തിനു നല്ല ഘനമുണ്ടു്; ആ മേലുടുപ്പു് ഏതാണെന്നു ക്ഷണത്തിലവഠംക്കു മനസ്സിലായി; അതു് അനേകസംവത്സരങ്ങഠംക്കപ്പുറം താൻ തുന്നിയുണ്ടാക്കിയതും വെറർലൈഡ്ഗ്രംസ്സിനു സമ്മാനിച്ചതുമാണു്. മരവിച്ചു കട്ടപിടിച്ച മട്ടായിരുന്നു ആ ഭാണ്ഡം. അതഴിക്കുവാനായി അവഠം വസ്ത്രത്തിന്റെ തുമ്പുകളിൽ പിടിച്ചപ്പോഠം അന്തിനകത്തു് ഒരു 'കടകട' ശബ്ദമുണ്ടായി. അവഠം അതഴിക്കാതെ മുൻപിലത്തെപ്പോലെ അനങ്ങാതിരുന്നു. പക്ഷേ അല്പനേരം കഴിഞ്ഞപ്പോഠം ഭാണ്ഡത്തിൽനിന്നു രക്തവും വെള്ളവും പുറത്തേയ്ക്കൊലിച്ചു് അവളുടെ മടിത്തടം നനഞ്ഞുതുടങ്ങി. വിഗ്ഡിസ് അതിവേഗത്തിൽ ആ പൊതിഞ്ഞിരുന്ന വസ്ത്രം അഴിച്ചുമാറ്റി! യോട്ടിന്റെ ശിരസ്സു്! —അവഠം കൈയിൽ അതു വഹിച്ചിരിക്കയാണു്!

ആദ്യം അവളുടെ ദൃഷ്ടിയിൽ പെട്ടതു് കഴുത്തിലെ മുറിത്തഴമ്പാണു്. പിന്നീടു് അവളതു മറിച്ചുപിടിച്ചു; ഇപ്പോഠം മുഖം മേലോട്ടായി. തലമുടി മുന്നോട്ടുവിണ്ണതൊലിയോടൊട്ടിപ്പിടിച്ചിരിക്കുന്നു. അവഠം അതു വേർപെടുത്തി വകഞ്ഞുമാറ്റി. മേലുടുപ്പിന്റെ തുമ്പുകൊണ്ടു് അവഠം രക്തത്തിന്റെ പാടുകളെല്ലാം മുഖത്തുനിന്നു തുടച്ചു

Digitized By Kerala Sahitya Akademi

കളഞ്ഞു. ഒരു പ്രാവശ്യം അവഠം ആ ചുണ്ടുകളിൽ വിര ലമത്തി; ചാരനിറമായ മുഖത്തു് അവ വിളറിയും, ചുക്കി ക്കല്ലിച്ചും, നീലനിറം കലർന്നും വികൃതമായി പ്രത്യക്ഷപ്പെട്ടു. അവഠം കൺപോളകഠം വിടുത്തി അയാളുടെ കണ്ണുകളി ലേയ്ക്കു് ഉറുനോക്കി; അവ നിജ്ജീവങ്ങളും ഭാവശൂന്യങ്ങ ളുമായിരുന്നു—അവയെ അവഠം വീണ്ടും അടച്ചു.

എയോഠംവ് ആർനേസൺന്റെ മുമ്പിൽ താൻ നി ന്നിരുന്ന ആ ഘട്ടം അവളുടെ സ്മൃതിപഥത്തിലെത്തി. തന്റെ വേദനാമയമായ ഹൃദയത്തിനു് ആശ്വാസം നല്കു വാൻ ശക്തിയുള്ള ആ മധുരമായ രക്തപാനം അന്നവഠം ആസ്വദിക്കയുണ്ടായി. പക്ഷേ യോട്ടിന്റെ മുഖത്തേയ്ക്കു പിന്നേയും പിന്നേയും നോക്കുംതോറും അവളുടെ ഹൃദയ ത്തിൽ അസഹ്യമായ ദുഃഖം ഉറഞ്ഞുറഞ്ഞു വരികയാണു്! —എന്തുകൊണ്ടെന്നാൽ, വാർദ്ധക്യപീഡിതവും വേദനാ ദ്യോതകവുമായിരുന്ന ആ മുഖം! അതിഭാരുണമായ ആ പാവപ്പെട്ട നരച്ച തല തന്റെ ദുരിതങ്ങൾക്കു് കരിക്കലും പ്രശമനോപകരണമല്ലെന്നു് അവഠംക്കു തോന്നി. ത ന്റെ പിതാവിന്റെ മരണത്തിനുശേഷമുള്ള നീണ്ട സംവ ത്സരങ്ങഠം മുഴുവനും ഈ ദുർഭൂതത്തിന്റെ ഉദയത്തിനുവേ ണ്ടിയാണു് താൻ ഉദ്യമിക്കയും പാടുപെടുകയും ചെയ്തിട്ടുള്ള തെന്നു പറയുന്നതുപോലും യഥാർത്ഥത്തിൽ നികൃഷ്ടമാണു്.

വിഗ്ഡിസ് വീണ്ടും ആ മുഖം മേലുടുപ്പുകൊണ്ടു മൂ ടി അവളുടെ കാല്ക്കലായി നിലത്തുവെച്ചു. അവഠം പി ന്നീടു് എഴുനേറ്റു് ഉഠവാറിന്റെ മുറിയുടെ വാതിൽക്ക ലേയ്ക്കു പോയി; അതു് അകത്തുനിന്നു ബന്ധിച്ചിരുന്നു. അ

Digitized By Kerala Sahitya Akademi

ഖഠം ഉറക്കെ മുട്ടിവിളിച്ചു; കരു മറുപടിയുമില്ല. കുറച്ചു നേരം അഖഠം മിണ്ടാതെ കാത്തുനിന്നു; എന്നിട്ടു വീണ്ടും വിളിച്ചു; അതും നിഷ്പ്രയോജനമായി. അഖഠം മടങ്ങിപ്പോയി രക്തപങ്കിലമായ തന്റെ മടിയിൽ കൈയും വെച്ചു കൊണ്ടു ചിന്തയിലാണ്ടിരുന്നു.

രാത്രിയുടെ വലിയ കരു ഭാഗം അങ്ങനെ കഴിഞ്ഞു പോയി. ഉഠംവാർ വാതിൽ തുടന്നു ഹാളിൽക്കൂടി നടന്നു വന്നു വെളിയിലേയ്ക്കിറങ്ങി. അഗ്നികുണ്ഡത്തിൽ തീയൊട്ടുമുക്കാലും കെട്ടിരുന്നതിനാൽ അയാഠംക്കു തന്റെ മാതാവിനെ കാണ്മാൻ കഴിഞ്ഞില്ല. കരു യാത്രയ്ക്കുള്ള വേഷമാണയാളുടേതു്; അയാഠം മുറിയിലെത്തി. വിഗ്ഡിസ് എഴുനേറ്റു് അയാളെ അനുഗമിച്ചു. ഉഠംവാർ ലായത്തിൽ ചെന്നു തന്റെ കുതിരയെ അഴിച്ചു നടത്തിക്കൊണ്ടുവന്നിട്ടു് അതിനെ ജീനിബന്ധം ചെയ്തു. വിഗ്ഡിസ് മുന്നോട്ടുവന്നു.

മന്ദ്രൻ ഉജ്ജ്വലശോഭയോടെ പ്രകാശിച്ചു; അവനെ ഇപ്പോഠം കണ്ടപ്പോഴത്തെപ്പോലെ, വൈഗ_യോട്ടിന്റെ അത്രത്തോളം കുത്തപ്രതിച്ഛായയായി മുൻപൊരിക്കലും താനവനെ കണ്ടിട്ടില്ലെന്നു വിഗ്ഡിസ്സിനു തോന്നി; അവന്റെ മൃതനായ പിതാവിന്റെ മുഖംപോലെ അത്ര വിളറിയതും ഭയാനകവുമായിരുന്നു അവന്റേയും മുഖം. യുദ്ധത്തെക്കുറിച്ചു് അഖഠം അവനോടു മോഷിക്കുമായിരുന്നു; പക്ഷേ അഖഠംക്കതിനു ധൈര്യം വന്നില്ല.

"നീ കുതിരയോടിച്ചു പോവുകയാണോ?"

Digitized By Kerala Sahitya Akademi

"അതെ; എനിക്കു പോണം," അവളുടെ പുത്രൻ ഉത്തരം കൊടുത്തു.

"നീ ഖാഡിനിലേയ്ക്കാണോ പോകുന്നത്?" അയാളുടെ മാതാവു ചോദിച്ചു.

"ഇന്നതെ; പക്ഷേ നാളെ രാവിലെ ഞാൻ അവിടംവിട്ടു വളരെ അകലെപ്പോകും. ഈ ഭാഗങ്ങളിൽ താമസിക്കുവാൻ എനിക്കാശയില്ല," അയാൾ പറഞ്ഞു.

വിഗ്ഡിസ് അയാളുടെ മുഖത്തേയ്ക്കു നോക്കി. അവൾ ഒരിക്കൽക്കൂടി ചോദിച്ചു:

"നീ എന്നോടൊന്നിച്ച് ഇനിമേൽ താമസിക്കുകയില്ലെന്നാണോ അതിനർത്ഥം?"

"അമ്മേ, അമ്മ ഒരിക്കൽ എന്നോടു പറഞ്ഞിരുന്നതുപോലെതന്നെ അമ്മയ്ക്കെന്നോടുള്ള വാത്സല്യത്തിനു തികച്ചും സമുചിതമായ പ്രതിഫലം ഞാൻ ഇന്നമ്മയ്ക്കു നല്കിയിരിക്കുന്നു," ഉൾവാർ പ്രതിവചിച്ചു: "എന്നിൽനിന്ന് ഇനി എന്തൊരാനന്ദമാണ് അമ്മയ്ക്കുണ്ടാവുന്നതെന്ന് എനിക്കറിഞ്ഞുകൂടാ; അതുകൊണ്ട് അമ്മ എന്നെ ഇപ്പോൾ പോകാനനുവദിക്കൂ!"

"അങ്ങനെ പറയാതിരി, മോനേ," അയാളുടെ മാതാവ് അയാളോടു യാചിച്ചു. കുറച്ചുകഴിഞ്ഞു് അവൾ വീണ്ടും പറഞ്ഞു: "നിനക്കെന്നെ കാണുന്നതിഷ്ടമല്ലെങ്കിൽ, എത്രകാലം ഇവിടെ താമസിക്കണമോ, നിന്റെ ഇഷ്ടംപോലെ അത്രയുംകാലം ഇവിടെ, ബെർഗിൽ, ഞാൻ

Digitized By Kerala Sahitya Akademi

താമസിച്ചുകൊള്ളാം. പക്ഷേ ഇപ്പോഠം, ഈ ശീതകാല ത്തിന്റെ കത്തനടുവിൽ നീ ഇവിടംവിട്ടു പോകരുതു്!"

"എനിക്കിനി ഇവിടെയുള്ള താമസം സഹിക്കാൻ സാദ്ധ്യമല്ല." ഉഠവാർ പറഞ്ഞു: "ഈ പ്രദേശത്തിന്റെ സവ്വഭയങ്കരതകളിലും പൈശാചികതപങ്ങളിലുമാണു് എ ന്റെ ഹൃയമിപ്പോഠം പതിയിരിക്കുന്നതു്; അതിനാൽ ഇ നി കരിക്കലും എ ികിവിടെ സന്തോഷമോ സമാധാന മോ ഉണ്ടാവുകയില്ലെന്നുള്ളതു നിശ്ചയമാണു്."

വിഗ്ഡിസ് കുതിരയുടെ കഴുത്തിൽ കൈ ചുറ്റി ക്കൊണ്ടു് അതിന്റെ മേൽ പാരിനിന്നു അവിടെ താമ സിക്കണമെന്നു് ഉഠവാറിനെ നിബ്ബന്ധിക്കുവാനുള്ള മന ക്കരുത്തു് അവഠംക്കുണ്ടായില്ല. ഭാരമുള്ള കരു കല്ലുപോലെ അവളുടെ ഹൃദയം അവളിൽ താണുകൊണ്ടിരുന്നു. അയാ ളുടെ ഈ നിശ്ചയത്തിൽനിന്നും അയാളെ വ്യതിചലിപ്പി ക്കുക സാദ്ധ്യമല്ലെന്നു് അവഠംക്കുറപ്പുണ്ടു്. അവഠം കുതി രയുടെ മേൽ കൈ മുറുക്കെപ്പിടിച്ചു; താൻ തന്റെ കുഞ്ഞി നെ പ്രസവിച്ച ആ രാത്രിയും, തനിക്കു ഭാരാനുഭവമായിരു ന്ന ഏകജീവിയായ ആ കുതിരയും പെട്ടെന്നവളുടെ കാമ്മ യിലെത്തി.

"നിനക്കു് ഇനിമേൽ എന്നോടിഷ്ടമില്ലേ, മോനേ?" താഴ്ന്ന കരു സ്വരത്തിൽ അവഠം ചോദിച്ചു.

"തീച്ചയായും ഞാൻ അമ്മയെ സ്നേഹിക്കുന്നു," ഉഠം വാർ മറുപടി നൽകി. "പക്ഷേ അമ്മ ഇപ്പോഠം എന്നെ പോകാനനുവദിക്കണം." അല്പനേരത്തെ മൗനത്തിനുശേ

Digitized By Kerala Sahitya Akademi

ഷം അയാഠം പറഞ്ഞു: "അമ്മ എനിക്കുവേണ്ടി യോട്ടിന്റെ മൃതശരീരം മാനമായ രീതിയിൽ മറവു ചെയ്യേണമെന്നു ഞാൻ അമ്മയോടു യാചിക്കുന്നു."

"ഞാൻ അങ്ങനെ ചെയ്യാം," വിഗ്ഡിസ് മറുപടി പറഞ്ഞു.

ഉഠംവാർ വീണ്ടും പ്രസ്താവിച്ചു: "അദ്ദേഹത്തിന്റെ മരണത്തിനുവേണ്ടി അമ്മയ്ക്കുനോടു നന്ദി പറയേണ്ടതായിട്ടില്ല. അദ്ദേഹത്തെ കൊന്നത് അദ്ദേഹംതന്നെയാണ്."

കതിരയുടെ കടിബന്ധസൂത്രങ്ങളിൽ കടന്നു പിടിച്ചുകൊണ്ട് അയാഠം പൊട്ടനനെ ചോദിച്ചു:

"എന്റെ ചോദ്യത്തിനു് അമ്മ സത്യമായ സമാധാനം പറയണം: അമ്മേ, അമ്മ എപ്പോഴെങ്കിലും വൈഗ_യോട്ടിനെ സ്നേഹിച്ചിരുന്നോ?"

അയാഠം പൊട്ടിക്കരഞ്ഞുകൊണ്ടു കതിരയുടെ കഴുത്തിൽ മുഖം മറച്ചുവെച്ച് ഇങ്ങനെ മറുപടി പറഞ്ഞു:

"എനിക്കുണ്ടായ ഏറ്റവും കടുത്ത നിർഭാഗ്യമാണല്ലോ അതു്. അദ്ദേഹത്തെ ഞാൻ ഏറ്റവും ഗാഢമായി സ്നേഹിച്ചിരുന്നു; അദ്ദേഹത്തോടു് എനിക്കു് ഏറ്റവും കടുത്ത വെറുപ്പുണ്ടായതും അതുകൊണ്ടാണു്."

ഉഠംവാർ കതിരയുടെ ജീനിമേൽ കൂടുതൽ ചാഞ്ഞുകൊണ്ടു്, അവളുടെ മുഖം പിടിച്ചുയർത്തി അവളുടെ ചുണ്ടുകളിൽ ചുംബിച്ചു.

Digitized By Kerala Sahitya Akademi

അപ്പോഠം അവന്റെ അമ്മ തിരക്കി: "എന്നെങ്കിലും കരിക്കൽ നീ എന്റെ അടുത്തു തിരിച്ചുവരുമോ?"

"ഞാൻ ജീവിച്ചിരിക്കുന്നെങ്കിൽ," ഉഠവാർ മറുപടി പറഞ്ഞു, "ഞാൻ തീച്ചയായും എന്നെങ്കിലും കരിക്കൽ മടങ്ങിയെത്താം. എന്നാൽ ഇപ്പോഠം ഞാൻ പോട്ടെ, അമ്മേ!"

വിഗ്ഡിസ് കുതിരയുടെ കഴുത്തിൽനിന്നു കൈയെടുത്തു. ഉഠവാർ അതിവേഗത്തിൽ അവിടെനിന്നും കുതിരയോടിച്ചു പോയി.

നാല്പത്തിയെട്ട്

ഇതിനുശേഷം ബെർഗിലായിരുന്ന വിഗ്ഡിസ് ഹ്രുന്നാഴ്സ്ഡാറിന്റെ താമസം. താൻ പണി കഴിപ്പിച്ച പള്ളിക്കു വെളിയിൽ അവഠം യോട്ട് ഗിസ്സ്ലെഴ്സനെ സംസ്കരിപ്പിച്ചു. അവഠം പത്തുകൊല്ലംകൂടി ജീവിച്ചിരുന്നു. അവഠം ഏകാകിനിയായിട്ടാണ് കഴിഞ്ഞുകൂടിയതു്; ആരേയും അവഠം കാണാൻ ഇഷ്ടപ്പെട്ടില്ല, കണ്ടുമില്ല. കടുവിലത്തെ കൊല്ലത്തിൽ, അവഠം ദീനംപിടിച്ചു കിടപ്പായപ്പോഠം ഇല്ലുജ് ഇൻഗെബ്ജോർഗ് ബെർഗിൽ വന്നു താമസിക്കുകയും അവളുടെ മരണംവരെ അവളെ പരിചരിച്ചുകൊണ്ടു് അവിടെ കഴിച്ചുകൂട്ടുകയും ചെയ്തു. അവളുടെ കാലശേഷം വാഡിൻ ഒളാവിനും ഇൻഗെബ്ജോർഗിനുമായിക്കിട്ടി; അവഠം തന്റെ മരണപത്രത്തിൽ അങ്ങനെയാണ് വ്യവസ്ഥ ചെയ്തിരുന്നതു്; പക്ഷേ ഉഠവാർ ഏതു കാലത്തെങ്കിലും തിരിച്ചു വരി

Digitized By Kerala Sahitya Akademi

കയാണെങ്കിൽ അയാൾക്കോ, അയാളുടെ നിയമാനുസൃത മുള്ള അവകാശികൾക്കോ അതു തിരിച്ചു കൊടുക്കേണ്ടിയി രുന്നു.

എന്നാൽ കാസ്റ്റിലോ രാജ്യത്തിൽ ഉൾവാർ യോട്ട് സണെക്കുറിച്ചു യാതൊരു വർത്തമാനവും കരിക്കലും എ ത്തിച്ചേരുകയുണ്ടായില്ല. തന്റെ മാതാവിനോടു വാക്കു പറഞ്ഞിരുന്നപോലെ അയാൾ മടങ്ങി വരികയോ, അ യാൾ പോയതിന്റെ ശേഷം ആരെങ്കിലും അയാളെക്കു റിച്ചു വല്ലതുമൊന്നറിയാൻ ഇടയാവുകയോ ചെയ്യാഞ്ഞ തിനാൽ ഏതെങ്കിലും വിദേശത്ത്, ലോകത്തിന്റെ ഏ തെങ്കിലും ഒരു ഭാഗത്ത്, അയാൾ കിടന്നു മരിച്ചിരിക്കു മെന്ന് എല്ലാവരും വിശ്വസിച്ചു. അങ്ങനെ, കളാവും ഇൻഗെബ്ജോർഗ്രുംകൂടി വാഡിനിൽ ഭരണം നടത്തി. മരംകൊണ്ടുള്ള കൊച്ചുപള്ളി കത്തിപ്പോയശേഷം ഫ്രൈ സ്ജാനദിയുടെ തീരത്തിൽ പണികഴിപ്പിച്ചിരുന്നതും, 'പെരുംതടാക'ത്തിന്റെ വടക്കു മാറി നിർമ്മിച്ചിരുന്നതു മായ കല്ലുപള്ളികൾക്ക് അവർ ധാരാളം സ്വത്തുകൊ ടുത്തു. മാർഗ്ഗററാ പുണ്യവാളത്തിയുടെ പേരിലായിരുന്നു അതിന്റെ സമർപ്പണം; അതിനാൽ അതുമുതൽ ഈ തടാ കത്തിനടുത്തുള്ള മലഞ്ചരിവിനു മാർഗ്ഗ്രെററാഡൽ എന്ന പേർ കിട്ടി. ആ പള്ളിക്കരികെ വിഗ്ഡിസ് ഗ്രന്നാ ഴ്സ്ഡാററർ മൺമറഞ്ഞു കിടക്കുന്നു!

Digitized By Kerala Sahitya Akademi